# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

### 2018 ഫെബ്രുവരി 27, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171- നമ്പർ 2

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 ഫെബ്രുവരി 27, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി . ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നിറാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

493/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*


**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....15

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....15
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....78

**II തിരുത്തിയ ഉത്തരം**
നക്ഷത്രചിഹ്നമിടാത്ത 2301, 694, 2469 എന്നീ
ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം ....408

**III ശ്രദ്ധ ക്ഷണിക്കൽ**

മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പാക്കേജ്

-ശ്രീ. ജോൺ ഫെർണാണ്ടസ് …408

**IV മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം
അനുസരിച്ചുള്ള കടലാസുകൾ … 410

**V നിയമനിർമ്മാണകാര്യം**

1. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും …421

(I m) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ .... 421

(ii) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ .... 422

2. 2018-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും
അനന്തരഘട്ടങ്ങളും .... 423

**അനുബന്ധം** .... 426

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 ഫെബ്രുവരി 27, ചൊവ്വ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2018 ഫെബ്രുവരി മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ....... ചോദ്യം നമ്പർ (*31)

(മട്ടന്നൂർ ബ്ലോക്ക് യൂത്ത് കോൺഗ്രസ് സെക്രട്ടറി ഷുഹൈബിന്റെയും മധു എന്ന ആദിവാസി യുവാവിന്റെയും കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.) .......... (ബഹളം)......

പ്ലീസ്... ഇത് ചോദ്യോത്തരവേളയാണ്. ദയവായി ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്.

(പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നതിനാൽ *31, *32 എന്നീ നമ്പർ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടില്ല.)

ചോദ്യം നമ്പർ (*33)

### വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ മേഖലകൾ

1(*33) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. വി.അബ്ദുൾ ഖാദർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ മേഖലകളിൽ ഈ വാർഷിക പദ്ധതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഊർജ്ജ സംരക്ഷണത്തിനും വൈദ്യുതി ദുർവ്യയം കുറയ്ക്കുന്നതിനും നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി വൈദ്യുതി വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളും അതിനായി കണക്കാക്കുന്ന ചെലവും അറിയിക്കാമോ; പദ്ധതിയുടെ സാമ്പത്തിക അതിജീവന സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം.എം. മണി</u>): സർ,

(എ) വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ മേഖലകളിൽ 2018-19 സാമ്പത്തികവർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വാർഷിക പദ്ധതിയിൽ ഉല്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിൽ യഥാക്രമം 721 കോടി, 467 കോടി, 1034 കോടി രൂപയുടെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസരണ മേഖലയിൽ KIIFB-യുടെ സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 1327 കോടി രൂപയുടെ പദ്ധതികളും 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉത്പാദനമേഖലയിൽ നിർമ്മാണം നടന്നുവരുന്നതും 2018-2020 കാലയളവിൽ പൂർത്തിയാക്കാനുദ്ദേശിക്കുന്നതുമായ ഭൂതത്താൻകെട്ട് (24 മെഗാവാട്ട്), ചാത്തൻകോട്ടുനട (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്), ചെങ്കുളം ആഗ്മെന്റേഷൻ (85 ദശലക്ഷം യൂണിറ്റ്), പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), പൊരിങ്ങൽകുത്ത് SHEP (24 മെഗാവാട്ട്), അപ്പർ കല്ലാർ (2 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്) എന്നീ പദ്ധതികൾക്ക് 253.50 കോടി രൂപ മുതൽമുടക്ക് നടത്തുന്നതാണ്.

2020-നുശേഷം പൂർത്തിയാക്കാനുദ്ദേശിക്കുന്ന മറ്റ് ജലവൈദ്യുത പദ്ധതികൾക്കായി 97.59 കോടി രൂപ സ്ഥലമെടുപ്പ്, ടെണ്ടർ നടപടികൾ, ഇൻവെസ്റ്റിഗേഷൻ എന്നീ പ്രാരംഭപ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്തിയിരിക്കുന്നു.

പരിഗണനയിലുള്ള മറ്റു ജലവൈദ്യുത പദ്ധതികളുടെ സർവ്വേ, പരിസ്ഥിതി പഠനം എന്നിവയ്ക്കായി 1.5 കോടി രൂപയും നിലവിലുള്ള ഉത്പാദന നിലയങ്ങളായ ഷോളയാർ, ഇടുക്കി, പൊരിങ്ങൽകുത്ത്, ചെങ്കുളം പമ്പ് ഹൗസ് തുടങ്ങിയവയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 120.11 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

കാറ്റ്, സൗരോർജ്ജം പദ്ധതികൾക്കായി 36 കോടിയും ഡാമുകളുടെ പുനരുദ്ധാരണത്തിനായി 40 കോടിയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാറ്റാടി നിലയങ്ങളിൽനിന്നും പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് നടപടി സ്വീകരിച്ചുവരുന്നു.

പ്രസരണമേഖലയിൽ 33 കെ.വി, 66 കെ.വി, 110 കെ.വി, 220 കെ.വി വോൾട്ടതയിലുള്ള 25 സബ്സ്റ്റേഷനുകൾ, മേൽപ്പറഞ്ഞ വോൾട്ടതയിലുള്ള 725 സർക്യൂട്ട് കിലോമീറ്റർ പ്രസരണ ലൈനുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനും പ്രസരണ ശൃംഖലയുടെ ശേഷി 635 MVA വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതികൾക്കായി 450 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് 2.0 ഒന്നാംഘട്ട പദ്ധതിയിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകൾക്കും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകൾക്കും അനുബന്ധ ജോലികൾക്കുമായി 1327 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിതരണ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ IPDS, DDUGJY, R-APDRP part A & SCADA പദ്ധതികളും 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണ മേഖലയിൽ 2018-19 സാമ്പത്തികവർഷം ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

- 11 KV ലൈൻ നിർമ്മാണം.
- LT ലൈൻ നിർമ്മാണം.
- വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ.
- സിംഗിൾ ഫേസ് ലൈനുകളെ ത്രീഫേസ് ലൈനുകളാക്കൽ.
- 11 KV ലൈനുകളുടെയും LT ലൈനുകളുടെയും ചാലകങ്ങൾ മാറ്റി പ്രതിരോധം കുറഞ്ഞവ സ്ഥാപിക്കുക.
- കേടായ മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുക.
- ട്രാൻസ്ഫോർമറുകളിൽ മീറ്ററുകൾ സ്ഥാപിക്കുക.
- ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകളുടെ പരിധിയിൽ ബോർഡർ മീറ്ററുകൾ സ്ഥാപിച്ച് റിംഗ് ഫെൻസിംഗ് ചെയ്യുക.
- AB സ്വിച്ചുകൾ, ഫാൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ തുടങ്ങിയവ സ്ഥാപിക്കുക.
- UG കേബിളുകൾ, ABC തുടങ്ങിയവ സ്ഥാപിക്കുക.
- സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.
- സർവ്വീസ് കണക്ഷനുകൾ നല്കുക.

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ആദ്യനടപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കിക്കഴിഞ്ഞു. 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഇതിൽ 2018-19 സാമ്പത്തികവർഷത്തിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾക്കായി ഏകദേശം 750 കോടി രൂപയുടെ മുതൽമുടക്ക് അധികമായി വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

എനർജി മാനേജ്മെന്റ് സെന്ററിന്റെ 2018-19 വാർഷിക പദ്ധതിയിൽ വൈദ്യുതി ഉല്പാദന മേഖലയിൽ ചെറിയ നീരൊഴുക്കുകളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള പദ്ധതി നടപ്പിലാക്കുന്നതിനും വിദൂര ഗ്രാമ പ്രദേശത്ത് ഹൈബ്രിഡ് മൈക്രോഗ്രിഡ് സംവിധാനം വഴി വൈദ്യുതീകരിക്കുന്ന ഒരു മാതൃകാ പദ്ധതിക്കും ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) ഊർജ്ജ സംരക്ഷണത്തിനും വൈദ്യുതി ദുർവ്യയം കുറയ്ക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം വിതരണം ചെയ്യുന്ന പദ്ധതി നടന്നുവരുന്നു.

2. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തി.

3. വൈദ്യുതി ബോർഡിന്റെ കെട്ടിടത്തിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലക്കിവരുന്നു.

4. സംസ്ഥാനത്ത് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിനും കെ.എസ്.ഇ.ബി.എൽ.-ന്റെ 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക്ക് ഗീസറുകൾ മാറ്റി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

5. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

6. സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ./സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുന്നു.

7. ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് ഉപഭോക്താക്കളെ ബോധവാൻ മാരാക്കുന്നതിനായി എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി എന്ന പദ്ധതി നടപ്പിലാക്കി.

8. കെ.എസ്.ഇ.ബി.എൽ.-ന്റെ സബ്ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

9. വിതരണ മേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം നടത്തിവരുന്നു.

10. സബ്സ്റ്റേഷന്റെ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 220 കെ.വി. സബ്സ്റ്റേഷൻ വർക്കുകൾ പൂർത്തീകരിച്ചു.

11. പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് എച്ച്.വി.ഡി.എസ്. പദ്ധതി മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തലും ഊർജ്ജ സംരക്ഷണവും നടത്തിവരുന്നു.

ഊർജ്ജ സംരക്ഷണത്തിനും വൈദ്യുതി ദുർവ്യയം കുറയ്ക്കുന്നതിനും എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി സ്ത്രീകൾക്കായി നടപ്പിലാക്കുന്ന ഊർജ്ജ ക്ലിനിക്, പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.-കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്നുള്ള ഊർജ്ജ കിരൺ പരിപാടി, വിദ്യാഭ്യാസ മേഖലയിൽ നടത്തിവരുന്ന സ്മാർട്ട് എനർജി പ്രോഗ്രാം എന്നിവയും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വീടുകളിൽ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളടങ്ങിയ സന്ദേശങ്ങൾ എത്തിക്കുന്ന പരിപാടികളും നടപ്പിലാക്കിവരുന്നു.

വ്യവസായങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജോപയോഗം കൂടിയ വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഓഡിറ്റ് ഫലപ്രദമായി നടത്തുന്നതിന് ഇ.എം.സി.യുടെ നേതൃത്വത്തിൽ ഓഡിറ്റ് നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയെ എംപാനൽ ചെയ്ത് ലിസ്റ്റ് ഇ.എം.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ എംപാനൽ ചെയ്ത 43 ഓഡിറ്റർമാർ മുഖേന 142 വ്യവസായങ്ങളിൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഇ.എം.സി.യിൽ നൽകിയിട്ടുണ്ട്. വ്യവസായങ്ങളിൽ പ്രാഥമിക ഓഡിറ്റ് നടത്തുന്നതിന് ഇ.എം.സി. മുഖാന്തിരം കുറഞ്ഞ തോതിൽ സബ്സിഡി നൽകിവരുന്നുണ്ട്.

കെട്ടിടങ്ങൾ ഊർജ്ജകാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജ സംരക്ഷണ നിയമമനുസരിച്ച് സംസ്ഥാന ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങൾ പണിയുന്നതിനായി ബിൽഡിംഗ് കോഡനുസരിച്ചുള്ള ഡിസൈനുകൾ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആയിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങൾ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിന് സിവിൽ സ്റ്റേഷനുകൾ, ഹോസ്പിറ്റലുകൾ മറ്റ് കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് നടപ്പിലാക്കിവരുന്നു.

മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്തുകൾ എന്ന ആശയത്തോടുകൂടി തെരഞ്ഞെടുത്ത പഞ്ചായത്തുകൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡുകൾ നൽകുന്നുണ്ട്.

(സി) വൈദ്യുതി വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ രണ്ട് ഇലക്ട്രിക് കാർ വീതം വാങ്ങിയിട്ടുണ്ട്. അവ അതിവേഗം ചാർജ് ചെയ്യുന്നതിനുള്ള സ്റ്റേഷനുകൾ തിരുവനന്തപുരത്ത് വൈദ്യുതി ഭവനിലും ടെക്നോപാർക്കിലും എറണാകുളത്ത് ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിലും കോഴിക്കോട് വൈദ്യുതി ഭവനിലും ഒരോന്നുവീതം നിർമ്മിക്കുന്നതിന് വേണ്ട ദർഘാസ് നടപടികൾ നടന്നുവരുന്നു.

നടപ്പുസാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുടനീളം ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി 845 ലക്ഷം രൂപ 2017-18 വർഷത്തെ ബജറ്റിൽ നിന്നുകൂടി പുനർവിന്യസിച്ച് ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. .... (ബഹളം)........

മി. സ്പീക്കർ: ദയവായി നിങ്ങൾ സീറ്റിലേയ്ക്ക് പോകണം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കഴിഞ്ഞ വർഷം പവർകട്ടോ, ലോഡ് ഷെഡ്ഡിംഗോ ഉണ്ടായില്ല. ഇപ്രാവശ്യം വരൾച്ച കടുത്തുവരുന്നതായി കാണുന്നുണ്ട്. ഇത്തവണ പവർക്കട്ടോ, ലോഡ് ഷെഡ്ഡിംഗോ ഉണ്ടാകുമോ?

ശ്രീ. എം. എം. മണി: സർ, ഇത്തവണ പവർകട്ടോ, ലോഡ് ഷെഡ്ഡിംഗോ ഉണ്ടാകില്ല. അതിനുള്ള മുന്നൊരുക്കങ്ങളാണ് ഗവൺമെന്റും ബോർഡും സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത്; പള്ളിവാസൽ, തോട്ടിയാർ ഉൾപ്പെടെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം.എം. മണി: സർ, പള്ളിവാസൽ അടക്കമുള്ള മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അത് പുനരാരംഭിക്കുകയെന്നുള്ളത് ബോർഡിന്റെയും ഗവൺമെന്റിന്റെയും നയമാണ്. അതോടൊപ്പം ഊർജ്ജ ഉല്പാദന രംഗത്ത് പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നാണ് ബോർഡും ഗവൺമെന്റും ഉദ്ദേശിക്കുന്നത്. ചെറുകിട ജലവൈദ്യുത പദ്ധതിയിൽക്കൂടി പരമാവധി ഉല്പാദനം നടത്തുകയെന്ന ലക്ഷ്യമാണ് ഗവൺമെന്റിനും ബോർഡിനുമുള്ളത്. അതിനുള്ള കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. സോളാർ സംവിധാനമുപയോഗിച്ച് പരമാവധി ഊർജ്ജമുണ്ടാക്കുന്നതിനുള്ള ആലോചനകളും നടന്നുവരുന്നു. ഇപ്പോൾത്തന്നെ 100 മെഗാവാട്ട് വൈദ്യുതി സോളാറിൽനിന്നും ഉല്പാദിപ്പിക്കുന്നുണ്ടെന്ന കാര്യവും ഞാൻ ഈ അവസരത്തിൽ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കാറ്റിൽനിന്നുള്ള വൈദ്യുതി ഉല്പാദനത്തിനുള്ള മാർഗ്ഗങ്ങളും സ്വീകരിക്കുന്നുണ്ട്. വിവിധ രംഗങ്ങളിൽ ഊർജ്ജ ഉല്പാദനത്തിന്റെ പുതിയ മാർഗ്ഗങ്ങൾ സ്വീകരിച്ച് ഊർജ്ജ പ്രതിസന്ധിയ്ക്ക് പരിഹാരം ഉണ്ടാക്കുകയെന്ന നയമാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പ്രസരണ സംവിധാനം മെച്ചപ്പെടു ത്തുന്നതിനുവേണ്ടി ഗ്രാമീണ മേഖലയിൽ കണ്ടെയ്നർ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്നതിനെക്കുറിച്ച് അറിയിക്കാമോ?

ശ്രീ. എം. എം. മണി: സർ, പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നൂതനമായ മാർഗ്ഗങ്ങൾ ഗവൺമെന്റിന്റെയും ബോർഡിന്റെയും പരിഗണനയിലുണ്ട്. അതിനാവശ്യമായ എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കാം. അതുപോലെ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പ്രസരണ നഷ്ടം കുറയ്ക്കുകയെന്നതും ബോർഡിന്റെ ലക്ഷ്യമാണ്. ... (ബഹളം)...

മി. സ്പീക്കർ: പ്ലീസ്... പ്രതിഷേധം പ്രകടിപ്പിച്ചല്ലോ. പ്ലീസ്..... ചോദ്യോത്തരവേള തുടർച്ചയായി തടസ്സപ്പെടുത്തുന്നത് ശരിയല്ല. സമൂഹത്തിലെ നിർണ്ണായകമായ പല പ്രശ്നങ്ങളും ഉയർന്നുവരേണ്ട അവസരമാണ് ചോദ്യോത്തരവേള. നിങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കാൻ അവസരമുണ്ട്.

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതിവൽക്കരിക്കപ്പെട്ട സംസ്ഥാനമായി കേരളത്തെ ഉയർത്തിയതിന് ഗവൺമെന്റിനെയും വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. 2016-17 വർഷത്തിൽ മൊത്തം സ്ഥാപിതശേഷിയിൽ 55.3 മെഗാവാട്ട് കൂടുതൽ ഉൽപ്പാദിപ്പിച്ചെന്ന റിപ്പോർട്ടും നല്ല കാര്യമാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഉല്പാദന മേഖലയിലും വിതരണ മേഖലയിലും വനം വകുപ്പിൽനിന്നും എന്തെങ്കിലും തടസ്സം അനുഭവപ്പെടുന്നുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അത് മാറ്റുന്നതിന് എന്തെല്ലാം നടപടിയാണ് ഗവൺമെന്റ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എം. എം. മണി: സർ, സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയതിന് ബഹുമാനപ്പെട്ട മെമ്പർ അഭിനന്ദിച്ചതിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം വനം വകുപ്പിന്റെ തടസ്സങ്ങളും ഉണ്ടായിട്ടുണ്ട്. വയനാട്, ഇടുക്കി ജില്ലകളിൽ വനപ്രദേശത്തുള്ള, പ്രത്യേകിച്ച് ആദിവാസി വിഭാഗങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിന് വനം വകുപ്പ് വലിയ രീതിയിൽ തടസ്സമുണ്ടാക്കിയിട്ടുണ്ട്.

ശ്രീ. പി. വി. അൻവർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഇന്നുവരെ പവർകട്ട് ഇല്ലാതിരുന്നത് കേരള ജനതയ്ക്ക് ആശ്വാസമായി. അതിന് വൈദ്യുതി ബോർഡിനെ നയിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കേരളത്തിൽ ധാരാളം ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കത്തക്ക രീതിയിലുള്ള ജലസ്രോതസ്സുകളെക്കുറിച്ച് വ്യക്തമായ ഒരു പഠനം നടത്തി, ഗ്രാമീണ മേഖലയിലെ പഞ്ചായത്തുകളുമായി സഹകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. എം. എം. മണി: സർ, ചെറുകിട പദ്ധതികൾ പരമാവധി പ്രാവർത്തികമാക്കുകയെന്നതാണ് ഗവൺമെന്റിന്റെയും ബോർഡിന്റെയും ലക്ഷ്യം. പുതിയ ഏത് ചെറിയ ജലസ്രോതസ് ഉണ്ടെങ്കിലും അത് ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദനത്തിനുള്ള പരിപാടി തയ്യാറാക്കും. അത്തരത്തിൽ ഏതെങ്കിലും പ്രദേശത്തുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചാൽ അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, പ്രസരണനഷ്ടം കുറയ്ക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇപ്പോഴത്തെ നഷ്ടം എത്ര ശതമാനമെന്ന് പറയാൻ കഴിയുമോ?

ശ്രീ. എം. എം. മണി: സർ, പ്രസരണനഷ്ടം ഏതാണ്ട് 14 ശതമാനത്തിലധികം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ അതിന് ആധുനിക രീതിയിലുള്ള കേബിൾ സമ്പ്രദായവും മറ്റും നടപ്പിലാക്കിക്കൊണ്ടും നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ചും പ്രസരണനഷ്ടം കുറയ്ക്കുകയെന്നുള്ളത് ഗവൺമെന്റിന്റെയും ബോർഡിന്റെയും ലക്ഷ്യമാണെന്ന കാര്യവും ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. .......(ബഹളം).....

മി. സ്പീക്കർ: ഇതെന്താണ്? എല്ലാ ദിവസവും ചോദ്യോത്തരവേള തടസ്സപ്പെടുത്തി നിങ്ങൾ കാണിക്കുന്നത് ലോകം മുഴുവനും കാണുന്നുണ്ട്. ശ്രീ. അനിൽ അക്കര, ശ്രീ. അൻവർ സാദത്ത്, ശ്രീ. റോജി എം. ജോൺ..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ഇതെന്താണ്? കേട്ടുകേൾവി പോലുമില്ലാത്ത

രീതിയാണിത്. ചെയറിൽ ആര് ഇരിക്കുന്നു എന്നതല്ല പ്രശ്നം. ചെയറിനോട് ഒരു മാന്യത കാണിക്കണ്ടേ? നിങ്ങളെ ബഹുജനം വിലയിരുത്തുന്നുണ്ട്. സഭയിൽ മറ്റുള്ളവർക്ക് ചോദ്യം ചോദിക്കണ്ടേ? .......(ബഹളം)..... ആ വിഷയം ചർച്ച ചെയ്യാൻ ഇവിടെ അവസരമുണ്ട്. ജനങ്ങളുടെ പലതരം പ്രശ്നങ്ങൾ ഉന്നയിക്കുന്ന വേളയാണിത്. സഭയിൽ പാലിക്കേണ്ട സാമാന്യ മര്യാദ കാണിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിശബ്ദനായിരിക്കുന്നത് ശരിയല്ല. നിങ്ങൾക്ക് പ്രതിഷേധം പ്രകടിപ്പിക്കാം, വെല്ലിൽ ഇറങ്ങാം, മുദ്രാവാക്യം വിളിക്കാം. അതിനൊന്നും ചെയർ എതിരല്ല. .......(ബഹളം)..... കേട്ടുകേൾവി ഇല്ലാത്ത കാര്യം നിങ്ങൾ മൂന്നുനാലുപേരാണ് തുടർച്ചയായി ചെയ്തുകൊണ്ടിരിക്കുന്നത്. ജനാധിപത്യത്തോടും നിയമസഭയോടും ബഹുമാനമുണ്ടെങ്കിൽ ജനപ്രതിനിധികളായ നിങ്ങൾ അനുസരിക്കണം. പ്ലീസ്..... ദയവായി നിങ്ങൾ അനുസരിക്കണം. സഭയുടെ നടപടിക്രമങ്ങളോടും ജനാധിപത്യത്തോടും മിനിമം ബഹുമാനമുണ്ടെങ്കിൽ ഈ രീതി നിങ്ങൾ അവസാനിപ്പിക്കണം. ബാക്കി എന്തും നിങ്ങൾക്ക് ചെയ്യാം. ചെയറിന്റെ മുഖം മറയ്ക്കുന്നത് നിങ്ങൾ അവസാനിപ്പിക്കണം. ചെയർ ആവർത്തിച്ച് നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ഇതൊഴിച്ച് ഏത് പ്രതിഷേധവും നിങ്ങൾക്ക് പ്രകടിപ്പിക്കാം. ബഹുജനം വിലയിരുത്തട്ടെ. പ്ലീസ്...... ചോദ്യോത്തരവേള താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 8.43-ന് ചോദ്യോത്തരവേള താൽക്കാലികമായി നിർത്തിവയ്ക്കുകയും 9.20-ന് പുനരാരംഭിക്കുകയും ചെയ്തു.)

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേള പുനരാരംഭിക്കുകയാണ്. ദയവായി അംഗങ്ങൾ സഹകരിക്കണം. ചോദ്യം നമ്പർ (*34.)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽനിന്ന് ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേള തടസ്സപ്പെടുത്തരുതെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്. ദയവായി അംഗങ്ങൾ സീറ്റിൽ പോയി ഇരിക്കണം.

## കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ബാധിക്കുന്ന നിർദ്ദേശങ്ങൾ

2 (*34) ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. എൽദോ എബ്രഹാം :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ കേന്ദ്ര ബജറ്റ് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പെട്രോളിനും ഡീസലിനും പ്രത്യേക റോഡ്-പശ്ചാത്തല സൗകര്യ സെസ്സ് ഏർപ്പെടുത്തിയതിലൂടെ സംസ്ഥാനങ്ങൾക്ക് ഉണ്ടായിരുന്ന വരുമാനം നഷ്ടപ്പെടുത്തി കേന്ദ്ര സർക്കാരിന് വരുമാന വർദ്ധനവ് ഉറപ്പാക്കിയെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കാർഷിക മേഖലയിൽ വിലസ്ഥിരതാനിധിയുടെ വിഹിതം 3500 കോടി രൂപയിൽനിന്ന് 1500 കോടി രൂപയായി കുറച്ചും വിപണി ഇടപെടൽ വിഹിതം കുറച്ചും സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ഏതൊക്കെ തരത്തിൽ ദോഷകരമായി ബാധിച്ചുവെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) നോട്ട് നിരോധനത്തിന്റെയും വികലമായ സാമ്പത്തിക നയങ്ങളുടെയും ഫലമായി തകർന്നടിഞ്ഞ സമ്പദ്‌വ്യവസ്ഥയിലെ കാർഷിക, പരമ്പരാഗത, വ്യവസായം, മത്സ്യബന്ധനം, വിനോദസഞ്ചാരം അടക്കമുള്ള പ്രധാന മേഖലകളെ പുനരുജ്ജീവിപ്പിക്കുന്നതിനോ സംസ്ഥാനം പ്രതീക്ഷയോടെ കാത്തിരുന്ന വൻകിട പദ്ധതികൾ അനുവദിക്കുന്നതിനോ കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനോ പര്യാപ്തമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബജറ്റിൽ ഉണ്ടായിരുന്നില്ലെന്നത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം നിരാശാജനകമാണ്.

പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2017-18 വർഷത്തേയ്ക്കുള്ള സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ കുറവുവന്നിട്ടുണ്ട്. 2018-19-ലെ കേന്ദ്ര നികുതി വിഹിതം (2016-17-ലെ അഡ്ജസ്റ്റ്മെന്റ് ഭാഗം കഴിച്ച്) 19210.32 കോടി രൂപയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള അടങ്കൽ 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റിലും 2018-19-ലെ ബജറ്റ് എസ്റ്റിമേറ്റിലും വർദ്ധനവ്

വരുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെയുള്ള അനുഭവത്തിൽ പ്രസ്തുത പദ്ധതികൾക്കുള്ള ഫണ്ട് വിതരണത്തിന് കേന്ദ്രം ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾ സ്റ്റേറ്റ് സ്പെസിഫിക് അല്ലാത്തതിനാൽ സംസ്ഥാനത്തിന് ഈ ഇനത്തിൽ ലഭിക്കുവാനുള്ള തുക സംസ്ഥാന ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ കുറയുവാൻ സാദ്ധ്യതയുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2017-18-ലെ ധനക്കമ്മി-ആഭ്യന്തര ഉല്പാദന അനുപാതം 3.5% ആണ്. അതേസമയം 2018-19-ൽ ഇത് 3.3% ആയി നിജപ്പെടുത്തുവാനാണ് കേന്ദ്രസർക്കാർ ബജറ്റിലൂടെ ശ്രമിച്ചിരിക്കുന്നത്. തൽഫലമായി ടി ലക്ഷ്യം കൈവരിക്കുന്നതിന് കേന്ദ്രസർക്കാർ ചെലവുചുരുക്കുവാൻ നിർബന്ധിതമായേക്കും. അത്തരം സാഹചര്യത്തിൽ ആയതിൽ കേന്ദ്രത്തിൽനിന്നും സംസ്ഥാനങ്ങൾക്കുള്ള കൈമാറ്റത്തിൽ ഇടിവ് സൃഷ്ടിക്കുവാനുള്ള സാദ്ധ്യതയുണ്ട്.

ഉല്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി താങ്ങുവില നിശ്ചയിക്കുവാൻ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചുവെങ്കിലും ആയത് നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഇനിയും ഉരുത്തിരിയേണ്ട പശ്ചാത്തലത്തിൽ ടി സഹായം കേരളത്തിലെ കർഷകർക്ക് എത്രത്തോളം പ്രയോജനപ്രദമാകുമെന്ന് ഇപ്പോൾ വിലയിരുത്തുക അസാദ്ധ്യമാണ്. കൂടാതെ പ്രസ്തുത ആനുകൂല്യം ഖാരിഫ് വിളകൾക്കാണ് ബാധകമാക്കിയിരിക്കുന്നത്. കേരളത്തിലെ കാർഷിക വിളകളിൽ ഭൂരിഭാഗവും പ്രതിനിധാനം ചെയ്യുന്നത് നാണ്യവിളകളാണ്. ആയത് ഖാരിഫ് വിളകളിൽ പ്പെടാത്തതിനാൽ ഇക്കാര്യത്തിൽ ആശങ്ക അവശേഷിക്കുന്നു. റബ്ബറിന്റെ വിലയിടിവ് കേരളത്തിലെ കാർഷികമേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. എന്നാൽ ആയത് പരിഹരിക്കുന്നതിനായി റബ്ബറടക്കമുള്ള തോട്ടവിളകൾക്കോ നാണ്യവിളകൾക്കോ പ്രത്യേക പാക്കേജുകളൊന്നും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭക്ഷ്യ സബ്സിഡിക്കുള്ള വിഹിതം 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റിൽ കുറച്ചതും മണ്ണെണ്ണ സബ്സിഡി, വിവിധ ഇനം പലിശ സബ്സിഡികൾ, മറ്റ് ചില സബ്സിഡികൾ എന്നിവയിൽ 2018-19-ൽ വരുത്തിയിട്ടുള്ള ഗണ്യമായ വെട്ടിച്ചുരുക്കലുകളും സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കുകയും വിലക്കയറ്റം രൂക്ഷമാക്കുകയും ചെയ്യും.

പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് ഡ്യൂട്ടിയിൽ കുറവ് വരുത്തിയെങ്കിലും റോഡ് പശ്ചാത്തല സൗകര്യ സെസ്സ് ഏർപ്പെടുത്തിയതുവഴി മേൽ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭിക്കാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് വിലക്കയറ്റത്തിൽ സമീപകാലത്ത് ശമനം പ്രതീക്ഷിക്കുവാനാവില്ല.

സംസ്ഥാനം കാലങ്ങളായി ആവശ്യപ്പെട്ടുവന്നിരുന്നതും മുൻ ബജറ്റിൽ പ്രഖ്യാപിച്ചതടക്കമുള്ള പാലക്കാട് കോച്ച് ഫാക്ടറി, റെയിൽവേ സോൺ, ശബരി റെയിൽപ്പാത, പാത ഇരട്ടിപ്പിക്കൽ എന്നിവ ബജറ്റിൽ ഇടം നേടാത്തതും അല്ലെങ്കിൽ ആവശ്യമായ വിഹിതം ലഭ്യമാക്കാത്തതും സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തെ പ്രതികൂലമായി ബാധിക്കും.

(ബി) പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയിരുന്ന എക്സൈസ് തീരുവയിൽ ഇളവുവരുത്തി പകരം റോഡ് പശ്ചാത്തല സൗകര്യ സെസ്സ് ഏർപ്പെടുത്തുവാൻ ബജറ്റിലൂടെ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സെസ്സിലൂടെ സമാഹരിക്കുന്ന തുക സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ട നികുതിയുടെ പൊതുഫണ്ടിൽ ഉൾപ്പെടാത്തതിനാൽ ടി വരുമാനം പൂർണ്ണമായും കേന്ദ്ര സർക്കാരിന് ലഭിക്കും. തത്ഫലമായി മേൽ ചരക്കുകളിൽനിന്നും കേന്ദ്ര സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരവിൽ വൻവർദ്ധനവ് ലഭിക്കും. 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിൽ കുറവുവരുത്തിയപ്പോൾ ടി വിഹിതം കഴിച്ചുള്ള കേന്ദ്രത്തിന്റെ നികുതിവരുമാനത്തിൽ 42000 കോടി രൂപയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്. കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തിന് എതിരായ ഇത്തരം നടപടികൾ, ചരക്ക് സേവന നികുതിയുടെ വരവോടുകൂടി നികുതി ചുമത്തുവാനുള്ള അവകാശം നഷ്ടപ്പെട്ട സംസ്ഥാന സർക്കാരിന്റെ നികുതി അടിത്തറയെ പ്രതികൂലമായി ബാധിക്കും.

(സി) വിപണി ഇടപെടലിനും പ്രൈസ് സപ്പോർട്ടിനുമുള്ള വിഹിതത്തിൽ 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 79% കുറവ് 2018-19-ലെ ബജറ്റിൽ വരുത്തിയിട്ടുണ്ട്. കൂടാതെ വിലസ്ഥിരതാനിധിക്കുള്ള തുക 3500 കോടി രൂപയിൽനിന്നും അടുത്ത സാമ്പത്തിക വർഷം 1500 കോടി രൂപയായി വെട്ടിക്കുറച്ചിട്ടുമുണ്ട്. മേൽ നടപടികളുടെ ഫലമായി ഇപ്പോൾത്തന്നെ ഗുരുതര പ്രതിസന്ധി നേരിടുന്ന കാർഷിക മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകും. വിലക്കയറ്റവും നാണയപ്പെരുപ്പവും വർദ്ധിക്കുകയും ഇത് അടിസ്ഥാന മദ്ധ്യവർഗ്ഗക്കാരുടെ ജീവിതത്തെ വളരെ ദോഷകരമായി ബാധിക്കുകയും ചെയ്യും..... (ബഹളം)......

<u>മി. സ്പീക്കർ:</u> ദയവായി അംഗങ്ങൾ സീറ്റുകളിലേയ്ക്ക് പോകണം. പ്ലീസ്...

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, വിലസ്ഥിരതാനിധിയുടെ വിഹിതം 3500 കോടി രൂപയിൽനിന്ന് 1500 കോടി രൂപയായി കുറച്ചതും വിപണി ഇടപെടൽ വിഹിതം കുറച്ചതും വിലക്കയറ്റവും നാണയപ്പെരുപ്പവും വർദ്ധിക്കുകയും ചെയ്തത് കേരളത്തിലെ കാർഷിക മേഖലയെ ഏതെല്ലാം തരത്തിലാണ് ബാധിക്കുന്നത് ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് കേരളത്തെ പ്രതികൂലമായി ബാധിക്കും. വിപണി ഇടപെടലിനുള്ള തുക കുറച്ചിട്ടുണ്ടെങ്കിലും വലിയ കേമത്തമായി ഈ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നത് ഉല്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി താങ്ങുവില നിശ്ചയിക്കുമെന്നാണ്. എന്നാൽ ബജറ്റ് രേഖകൾ പരിശോധിക്കുമ്പോൾ ഇതെങ്ങനെയാണ് ചെയ്യാൻ പോകുന്നത് എന്നതിനെക്കുറിച്ച് യാതൊരു വ്യക്തതയുമില്ല. എന്നുമാത്രമല്ല ഖാരിഫ് വിളകൾക്കുമാത്രമാണ് ഇത് ബാധകം. കേരളത്തിലുള്ളത് നാണ്യവിളകളാണ്. അതുകൊണ്ട് നാണ്യവിളകൾക്ക് ഇതിൽനിന്ന് ഒരു സഹായവും കിട്ടില്ല. റബ്ബറിനും മറ്റും വില 200 രൂപയാക്കി വർദ്ധിപ്പിച്ചത് കേന്ദ്ര ധനസഹായം കിട്ടുന്നതിനുള്ള സാദ്ധ്യത ഉണ്ടാക്കുമെന്നൊക്കെ പറയുമെങ്കിലും അതിനുള്ള പണം വെട്ടിക്കുറച്ചിരിക്കുകയാണ്. ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ നിരാശാജനകമാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റിൽ കുറച്ച മണ്ണെണ്ണ സബ്സിഡി, വിവിധ ഇനം പലിശ സബ്സിഡികൾ, മറ്റ് ഇതര സബ്സിഡികൾ എന്നിവയിൽ 2018-19-ൽ വരുത്തിയിട്ടുള്ള ഗണ്യമായ വെട്ടിച്ചുരുക്കലുകളും സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കുന്ന ഈ സമയത്ത് പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് ഡ്യൂട്ടിയുടെ കുറവ്, റോഡ് പശ്ചാത്തല സൗകര്യ സെസ്സ് ഏർപ്പെടുത്തുക എന്നിവ വിലക്കയറ്റത്തെ എത്രമാത്രം ബാധിക്കുമെന്ന് വിശദീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, മണ്ണെണ്ണ സബ്സിഡി ഗണ്യമായി വെട്ടിക്കുറച്ചത് മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി നൽകുന്നതിനുള്ള പരിശ്രമങ്ങൾക്ക് വലിയ വിഘാതമായിരിക്കും. ഇതിനായി 25 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ ഇതിനേക്കാൾ വലിയ തുക നമുക്ക് നൽകേണ്ടിവരും. എക്സൈസ് നികുതി കുറച്ചിട്ടുണ്ടെങ്കിലും പകരം റോഡ് സെസ്സ് വർദ്ധിപ്പിക്കുന്നതുകൊണ്ട് പെട്രോളിന്റെ വില കുറയാൻ പോകുന്നില്ല. അതേസമയം പഴയ എക്സൈസ് ഡ്യൂട്ടി ആയിരുന്നുവെങ്കിൽ അതിന്റെ വിഹിതം സംസ്ഥാനത്തിന് ലഭിക്കുമായിരുന്നു. എന്നാൽ റോഡ് സെസ്സ് ഡിവിസിബിൾ പൂളിൽ വരുകയില്ല. സംസ്ഥാനത്തിന് നൽകേണ്ട വിഹിതം കുറയ്ക്കുന്നതിനുള്ള ഒരു ഉപായമാണ് എക്സൈസ് നികുതി കുറച്ചുകൊണ്ട് റോഡ് സെസ്സ് വർദ്ധിപ്പിക്കുന്നതിലൂടെ ഉണ്ടായിട്ടുള്ളത്. .... (ബഹളം)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ചോദ്യോത്തരവേള സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ചെയറിന്റെ മുഖം മറയ്ക്കുകയാണ്. ഈ സാഹചര്യത്തിൽ ചെയറിന് തുടർനടപടികളിലേയ്ക്ക് പോകേണ്ടി വരും. ചോദ്യോത്തരവേള സസ്പെൻഡ് ചെയ്യുന്നു. തുടർ നടപടികളിലേയ്ക്ക് കടക്കുന്നു.

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇ-വേ ബിൽ പദ്ധതി

3 (*31) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവനനികുതിയുടെ ഭാഗമായിട്ടുള്ള ഇ-വേ ബിൽ പദ്ധതി 2018 ഫെബ്രുവരി 1 മുതൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് സാങ്കേതിക പ്രശ്നത്തെത്തുടർന്നാണ് പ്രസ്തുത പദ്ധതി ദീർഘിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ കടന്നുവരുന്ന ചരക്ക് വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായി ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും എവിടെയൊക്കെയാണ് പ്രസ്തുത ക്യാമറകൾ സ്ഥാപിക്കുന്നതെന്നും വിശദമാക്കാമോ;

(സി) ഇ-വേ ബില്ലുകളുമായി പ്രസ്തുത ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; ഇതുമൂലമുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചരക്ക് സേവന നികുതിയുടെ ഭാഗമായി അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് 2018 ഫെബ്രുവരി 1 മുതൽ ഇ-വേ ബിൽ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇ-വേ ബില്ലിന്റെ സോഫ്റ്റ്വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്ര സർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2-ന് പുറപ്പെടുവിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ എടുക്കുന്നതിനുള്ള അവസരം ഇപ്പോൾ നിലവിലുണ്ട്.

(ബി) കള്ളക്കടത്തും നികുതിവെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്.

(സി) ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണ ക്യാമറകളിൽനിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി. നെറ്റ്‌വർക്ക് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ തത്സമയംതന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. കേന്ദ്ര സർക്കാർ ആർ.എഫ്.ഐ.ഡി. സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയം പ്രവർത്തനക്ഷമമായി മാറുകയും ചെയ്യും.

## സഹകരണ റിസ്ക് ഫണ്ട് പദ്ധതി

4 (*32) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം വൈകുന്നതായുള്ള ആക്ഷേപം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പ്രതിസന്ധി ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ കാലതാമസം ഒഴിവാക്കി, ആശ്വാസ ധനസഹായം വായ്പക്കാരുടെ കൈകളിൽ എത്തിക്കുന്നതിനും പലിശയിനത്തിൽ വരുന്ന സ്വാഭാവിക വർദ്ധനവുമൂലം ആശ്രിതർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഇപ്പോഴത്തെ ഭരണസമിതി നിലവിൽവരുന്ന സമയത്ത് ഉണ്ടായിരുന്ന 13000 അപേക്ഷകളും ഓരോ മാസവും ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളും അടക്കം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് തീരുമാനം എടുത്തശേഷം മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ധനസഹായം നൽകിവരുന്നു.

2016 സെപ്റ്റംബർ 6 മുതൽ 2018 ജനുവരി വരെ 9525 ഗുണഭോക്താക്കൾക്കായി 75,44,50,188 രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകൾ പലതും മാനദണ്ഡങ്ങൾ പ്രകാരം അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ആയത് നിയമപരമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്.

(ബി) റിസ്ക് ഫണ്ട് ധനസഹായത്തിന് ഇപ്പോൾ പ്രതിസന്ധി ഇല്ല.

(സി) റിസ്ക് ഫണ്ട് ധനസഹായ പദ്ധതി കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സ്വീകരിച്ചുവരുന്നു. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള അർഹതയുള്ള അപേക്ഷകൾ മാത്രം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഓഫീസിലേയ്ക്ക് ലഭ്യമാക്കിയാൽ മതിയെന്ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

2017-18 പദ്ധതി വിഹിതത്തിൽ 3 കോടി രൂപ റിസ്ക് ഫണ്ടിന്റെ കോർപ്പസ് ഫണ്ടിനായി വകയിരുത്തിയിട്ടുണ്ട്. 2018-19-ൽ കൂടുതൽ തുക ആവശ്യപ്പെട്ട് സബ്ജക്റ്റ് കമ്മിറ്റി ശിപാർശ നൽകിയിട്ടുണ്ട്.

## വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

5(*35) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കണമെന്നും നിത്യവരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ പാടില്ലെന്നുമുള്ള നിബന്ധന കമ്മീഷൻ നൽകിയിട്ടുണ്ടോ;

(ബി) വിവിധ കാറ്റഗറിയിലുള്ള ജീവനക്കാരുടെ എണ്ണവും ജോലിഭാരവും അവലോകനം ചെയ്ത് ആവശ്യമെങ്കിൽ പുനർവിന്യാസം നടത്താൻ വേണ്ട നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ബോർഡിന്റെ സാമ്പത്തിക സുസ്ഥിരതയ്ക്കും പെൻഷൻകാരുടെ ഇടയിൽ പരത്തിയിരിക്കുന്ന ആശങ്ക പരിഹരിക്കുന്നതിനും നടപടിയുണ്ടാകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം.എം. മണി): (എ) 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ (Central Act 36 of 2003) വിവിധ സെക്ഷനുകൾ പ്രധാനമായും 61, 62, 63, 86, 181 എന്നീ വകുപ്പുകൾ പ്രകാരം കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തങ്ങളും പ്രവർത്തനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.* കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറക്കണമെന്നോ നിത്യവരുമാനത്തിൽ നിന്ന് പെൻഷൻ നൽകാൻ പാടില്ലെന്നോയുള്ള നിബന്ധന കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് നൽകിയിട്ടില്ല. എന്നാൽ 2008-2009-ൽ കെ.എസ്.ഇ.ബി.-യിൽ ഉണ്ടായിരുന്ന 27175 ജീവനക്കാരിൽ കൂടുതലുള്ള ജീവനക്കാരുടെ ശമ്പളവും അലവൻസുകളും കമ്മീഷൻ ഇതുവരെ അനുവദിച്ച് നൽകിയിട്ടില്ല. 17-4-2017-ലെ താരിഫ് ഉത്തരവുപ്രകാരം പെൻഷൻ നൽകുന്നതിനായി മാസ്റ്റർ ട്രസ്റ്റിന്റെ രൂപീകരണം പൂർത്തിയാക്കണ മെന്നും പ്രസ്തുത ട്രസ്റ്റിലേയ്ക്കുള്ള പലിശ വരുമാനം മാസംതോറും ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഭരണ നിർവ്വഹണ ചെലവ് അധികമാണെന്നും കമ്മീഷന്റെ നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സേവന നിലവാരം മെച്ചപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിച്ച് കാര്യപ്രാപ്തിയിൽ എത്തിക്കുന്നതിനും വിവിധ കാറ്റഗറിയിലുള്ള ജീവനക്കാരുടെ എണ്ണവും ജോലി ഭാരവും അവലോകനം ചെയ്ത് ആവശ്യമെങ്കിൽ പുനർവിന്യാസം നടത്തുന്നതിനുവേണ്ടി ഒരു പഠനം നടത്തുവാൻ 13-3-2014-ൽ 57,57,326 രൂപ മൊത്തം ചെലവിൽ ഐ.ഐ.എം. കോഴിക്കോടുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കരാറിൽ ഏർപ്പെട്ടു. ഇതുസംബന്ധിച്ച് ഐ.ഐ.എം. കോഴിക്കോട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ മേൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഉന്നതാധികാര സമിതി ബോർഡിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് ഇപ്പോൾ ബോർഡിന്റെ വിശദമായ പഠനത്തിലും പരിഗണനയിലുമാണ്.

(സി) ബോർഡിന്റെ സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. മുൻകാലങ്ങളിലെ പോലെ ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശനിരക്കിലുള്ള വായ്പകൾ എടുക്കുക.

2. ബോർഡിന്റെ വിവിധ ചെലവുകൾ നിയന്ത്രിച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം കൂട്ടുക.

3. കേന്ദ്ര സർക്കാർ പദ്ധതിയായ ഉദയ് നടപ്പിലാക്കുന്നത് വഴി AT&C നഷ്ടവും റവന്യൂ ഗ്യാപ്പും ഗണ്യമായി കുറയ്ക്കുക.

4. കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുക.

വൈദ്യുതി ബോർഡിൽനിന്ന് റിട്ടയർ ചെയ്ത മുഴുവൻ പേർക്കും നൽകേണ്ടുന്ന പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നുണ്ട്. പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് നൽകേണ്ടുന്ന തുകയിൽ വന്നിട്ടുള്ള കുടിശ്ശിക ബോർഡിന്റെ സാമ്പത്തിക കാര്യക്ഷമത വർദ്ധിപ്പിച്ച് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല.

## കേന്ദ്ര സാമ്പത്തികനയം സാധാരണക്കാരെ ബാധിക്കാതിരിക്കാനായി ഇടപെടൽ

6(*36) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ സാമ്പത്തിക വളർച്ചയിൽ ഇടിവുണ്ടാകുമ്പോഴും സമ്പന്നരുടെ എണ്ണത്തിൽ വർദ്ധനവിന് കാരണമാകുന്ന കേന്ദ്ര സർക്കാരിന്റെ മുതലാളിത്ത വികസന നയത്തിന്റെ ദോഷഫലം സംസ്ഥാനത്തെ സാധാരണക്കാരെ ബാധിക്കാതിരിക്കാനായി ആവിഷ്ക്കരിച്ചിട്ടുള്ള വികസന തന്ത്രം വിശദമാക്കാമോ;

(ബി) കേന്ദ്ര നയങ്ങൾ സംസ്ഥാന നികുതി വരുമാനത്തിൽ ഇടിവുണ്ടാക്കിയ സാഹചര്യത്തിൽ, സാമൂഹികക്ഷേമ രംഗത്തും മൂലധന ചെലവിലും പുരോഗതി കൈവരിക്കാനായി നടത്തുന്ന ഇടപെടൽ അറിയിക്കാമോ;

(സി) നാണ്യവിളകളുടെ വിലത്തകർച്ചയും മദ്ധ്യ-പൂർവേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള പണത്തിന്റെ ഒഴുക്ക് കുറയാനിടയുള്ള സാഹചര്യവും സാമ്പത്തിക മുരടിപ്പിന് ഇടയാക്കാതിരിക്കാൻ ആസൂത്രണം ചെയ്യുന്ന പരിപാടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ) സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പുവരുത്തുന്ന സമഗ്ര വികസനത്തിലൂടെ ഒരു നവകേരളം സൃഷ്ടിക്കുവാനുള്ള ഉദ്യമത്തിലാണ് സർക്കാർ വ്യാപൃതമായിരിക്കുന്നത്. ഇതിനനുയോജ്യമായ പദ്ധതികളാണ് നിലവിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ 29,150 കോടി രൂപയുടെ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കാർഷിക മേഖല, പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തൽ, ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം മുതലായ മേഖലകൾക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. പാവങ്ങളുടെ ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും മുൻഗണന നൽകുന്ന സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാപദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ അർഹരായവർക്ക് ക്ഷേമ പെൻഷനുകൾ കൃത്യമായി നൽകുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്.

(ബി) സാമൂഹ്യക്ഷേമ രംഗത്തും മൂലധന ചെലവിലും പുരോഗതി കൈവരിക്കാനായി സംസ്ഥാന സർക്കാർ പല ഇടപെടലുകളും നടത്തുന്നുണ്ട്. അതിലേയ്ക്കായി ക്ഷേമ പെൻഷനുകൾ അർഹരായവർക്ക് നൽകുകയും കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗക്കാർ, ന്യൂനപക്ഷങ്ങൾ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്കുള്ള പദ്ധതികൾക്ക് അർഹമായ വിഹിതം മാറ്റി വച്ചിട്ടുമുണ്ട്.

മൂലധന ചെലവിന്റെ ഭാഗമായി ഉൽപ്പാദനപരമായ മേഖലകൾക്ക് ഉദാ. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം മുതലായവയ്ക്ക് ആവശ്യമുള്ള തുക 2018-19 വാർഷിക ബജറ്റിൽ ഉൾപ്പെടുത്തുകയും കൂടാതെ ആസ്തി വർദ്ധിപ്പിക്കുന്ന മേഖലകളായ പൊതുമരാമത്ത് (റോഡ്, കെട്ടിടം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ) എന്നിവയ്ക്കും വേണ്ട പരിഗണന നൽകിയിട്ടുണ്ട്.

(സി) ആഗോള മാന്ദ്യത്തിന്റേയും കൂടാതെ വിദേശ രാജ്യങ്ങൾ ഏർപ്പെടുത്തുന്ന സ്വദേശിവൽക്കരണത്തിന്റേയും ഭാഗമായി ഗൾഫ് കോ-ഓപ്പറേറ്റീവ് കൗൺസിൽ രാഷ്ട്രങ്ങളിൽ കുടിയേറി തൊഴിൽ ചെയ്തുവരുന്ന പ്രവാസി മലയാളികൾക്ക് വൻതോതിൽ തൊഴിൽ സുരക്ഷിതത്വമില്ലായ്മ നേരിടേണ്ടി വരുന്നു. ഇതിനുപുറമേ ഇത്തരം രാഷ്ട്രങ്ങളിലെ സാമൂഹ്യ-രാഷ്ട്രീയ സംഭവ വികാസങ്ങൾ പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ കാരണം മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മൂലധനത്തിലും അതിന്റെ പലിശയിലും ഇളവ് അനുവദിച്ചുകൊണ്ട് മടങ്ങിയെത്തുന്ന മലയാളികളുടെ പുനരധിവാസം (NDPREM) എന്ന പദ്ധതി നോർക്ക വകുപ്പ്

മുഖേന നടത്തി വരുന്നു. കൂടാതെ അന്തർദ്ദേശീയ സാമ്പത്തിക സാഹചര്യങ്ങൾ ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെക്കാളും പ്രധാനമായും ബാധിക്കുന്നത് കേരളത്തെയാണ്. കേരളത്തിലെ കാർഷിക അടിത്തറയാകുന്ന പ്രധാന വിളകൾ കയറ്റുമതിയുമായി ബന്ധപ്പെട്ടതായതിനാൽ ആഗോള സമ്പദ്ഘടനയിൽ ഇവയ്ക്കുണ്ടാകുന്ന വില വ്യത്യാസങ്ങൾ നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്നു.

പരമാവധി ഉൽപ്പാദന ക്ഷമത, ലാഭം, പാരിസ്ഥിതിക സന്തുലിതാവസ്ഥ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനത്തിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. ആയതിനാൽ ആഭ്യന്തര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ നയങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിച്ചു വരുന്നു. നാണ്യവിളകളുടെ വിലത്തകർച്ചയും സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നതിന്റെ ഭാഗമായി ഭക്ഷ്യവിളകൾക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ നെല്ല്, പച്ചക്കറി, പയർ/കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വിളകൾക്കായി പ്രത്യേക കാർഷിക മേഖലകൾ രൂപീകരിച്ചിട്ടുണ്ട്.

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന നടപടി

7 (*37) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലാളിത്ത അനുകൂലനയങ്ങളുടെ ഭാഗമായി, ലാഭത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നീതി ആയോഗിനെ ഉപയോഗിച്ച് സ്വകാര്യ മുതലാളിമാർക്ക് തുച്ഛവിലയ്ക്ക് വിറ്റഴിക്കുന്നത് സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തെയും പൊതു വികസനത്തെയും ദുർബ്ബലപ്പെടുത്താനിടയുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) അൻപത് വർഷത്തിലേറെയായി നിരന്തരം ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതും ഉല്പാദന - ആരോഗ്യ -സേവന മേഖലകളിൽ പ്രമുഖ പങ്കുവഹിക്കുന്നതുമായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് വിറ്റഴിക്കാനുള്ള നീക്കത്തിൽ നിന്നും പിൻമാറണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) സംസ്ഥാനത്തിന് പുതിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും അനുവദിക്കാതിരിക്കുകയും ഫാക്ട്, കൊച്ചി കപ്പൽശാല, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് തുടങ്ങി കേരളത്തിന്റെ മുഖമുദ്രകളായിത്തീർന്ന സ്ഥാപനങ്ങൾ സ്വകാര്യ മുതലാളിമാർക്ക് വിറ്റഴിക്കുന്നതുമായ സമീപനം തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ; അത്തരം സ്ഥാപനങ്ങൾ വിറ്റഴിക്കാൻ അനുവദിക്കാതെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ഓഹരി വിറ്റഴിക്കൽ തീരുമാനം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ച വരുന്ന ജീവനക്കാരുടെ തൊഴിലിനും അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള പിന്മാറ്റം സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയുടെ വളർച്ചയ്ക്ക് വിലങ്ങുതടിയാകുകയും രാജ്യത്തെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടുപോകുന്നതിനും ഇടയാകുകയും ചെയ്യും.

(ബി) ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിനെ പൊതുമേഖലയിൽ നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, 15-1-2018-ലെ കേന്ദ്ര സർക്കാരിന്റെ കത്തിൽ നീതി ആയോഗിന്റെ നിർദ്ദേശപ്രകാരം ഓഹരി വിറ്റഴിക്കൽ നടപടികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ 'ഓഹരി വിറ്റഴിക്കൽ' നടപടികൾക്കെതിരെ അതാതു സന്ദർഭങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും അപേക്ഷയും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്ട്, എച്ച്.ഒ.സി.എൽ, ബി.ഇ.എം.എൽ, എച്ച്.എൻ.എൽ, കൊച്ചിൻ കപ്പൽ നിർമ്മാണശാല തുടങ്ങിയ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും കൂടുതൽ കേന്ദ്ര നിക്ഷേപം ഉറപ്പുവരുത്തുന്നതിനും സർക്കാർ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ട് 2017 മാർച്ച് 13-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിന് കഴിയാവുന്ന എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിരുന്നതാണ്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് ഏറ്റെടുക്കാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നത സമിതി കേന്ദ്ര സർക്കാരുമായി നടത്തുന്ന ചർച്ച പൂർത്തിയായി വരുന്നു.

9-1-2018-ലെ കേന്ദ്ര സർക്കാരിന്റെ കത്തിൽ എച്ച്.എൻ.എൽ.-ന്റെ ഓഹരികൾ വിറ്റഴിക്കൽ നടപടികൾ തുടരുകയാണെന്നും ഇത് 'ഓപ്പൺ ബിഡ്ഡിംഗ്' വഴി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും സംസ്ഥാന സർക്കാരിനെ ബിഡ് പ്രോസസ്സിംഗിനായി ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

Kerala Electrical & Allied Engg.Co Ltd-ഉം Bharat Heavy Electricals Ltd (BHEL)-മായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd) എന്ന കമ്പനിയിലെ ഭെല്ലിന്റെ 51% ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നു. ഈ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ജി.എസ്.ടി. സംവിധാനത്തിലെ അപര്യാപ്തതകൾ

8 (*38) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വേണ്ടത്ര അവധാനതയില്ലാതെ നടപ്പാക്കിയ ജി.എസ്.ടി. സംവിധാനം സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതെങ്ങനെയാണെന്ന് വിശദമാക്കാമോ ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതോടെ ചെക്ക്പോസ്റ്റുകൾ ഇല്ലാതായത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വരുത്തിയ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ചെക്ക്പോസ്റ്റ് പരിശോധനയ്ക്ക് പകരമായി നിർദ്ദേശിച്ച ഇ-വേ ബിൽ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ചെക്ക്പോസ്റ്റുകൾക്ക് നിയമപ്രാബല്യമില്ലാതായതോടെ നിയമാനുസൃതമായ ബില്ലുകളില്ലാതെ ചരക്കുകൾ കേരളത്തിലേയ്ക്ക് എത്തുന്ന സ്ഥിതി ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് ഇ-ഡിക്ലറേഷൻ സമ്പ്രദായം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചരക്ക് സേവന നികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മ പരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ജി.എസ്.ടി.എൻ. സോഫ്റ്റ്‍വെയർ പൂർണ്ണമായി

പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് പ്രതീക്ഷിച്ച നികുതി വരുമാനം ലഭ്യമാകാത്തതിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നുണ്ട്. 2017-18-ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ദ്വൈമാസ ജി.എസ്.ടി. പിരിവ് 3644 കോടി ലഭിച്ചില്ലെങ്കിൽ ബാക്കി തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. ഈ സാഹചര്യത്തിൽ കേവലമായി നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

(ബി&സി) ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് ചെക്ക്പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി. നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസം, ചെക്ക്പോസ്റ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിലുള്ള കടുത്ത ആശങ്ക കേരളത്തെ പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും അതിനെ തുടർന്ന് 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്ക നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം പുറപ്പെടുവിക്കുകയും ചെയ്തു. (Notification No.74/2017). കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇ-വേ ബിൽ സോഫ്റ്റ് വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്ര സർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2-ന് പുറപ്പെടുവിച്ചു. (Notification No. 11/2018). എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ എടുക്കുന്നതിനുള്ള അവസരം ഇപ്പോഴും നിലവിലുണ്ട്.

(ഡി) സാങ്കേതിക പ്രശ്നങ്ങൾമൂലം ഇ-വേ ബിൽ സമ്പ്രദായം താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ടെങ്കിലും കേരളത്തിൽ ചരക്ക്സേവന നികുതി ചട്ടം 138 അനുസരിച്ചുള്ള ഡിക്ലറേഷനുകൾ തുടരുന്നുണ്ട്.

## സ്റ്റാർട്ടപ്പ് കമ്പനികളുടെ പ്രവർത്തനം

9 (*39) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്റ്റാർട്ടപ്പ് കമ്പനികൾക്ക് അംഗീകാരവും പ്രവർത്തനാനുമതിയും നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) സ്റ്റാർട്ടപ്പ് കമ്പനികൾക്ക് അംഗീകാരം നല്കുന്നതിനായി ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; ഇവയുടെ പ്രവർത്തനം എങ്ങനെയാണ് മുന്നോട്ട് കൊണ്ടുപോകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്റ്റാർട്ടപ്പ് കമ്പനികൾക്ക് സാമ്പത്തിക സഹായം നല്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഡി) സമൂഹത്തിലെ എല്ലാ തട്ടിലെ ജനങ്ങളെയും സംരംഭകരാക്കാൻ സർക്കാർ ചെയ്യുന്നതും ചെയ്യാനുദ്ദേശിക്കുന്നതുമായ കാര്യങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ-ബി) കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ (സ്റ്റാർട്ടപ്പ് ഇന്ത്യ) ആണ് സർക്കാർ തലത്തിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് അംഗീകാരം നൽകുന്നത്. നൂതനമായ ആശയങ്ങളുമായി വരുന്ന യുവ സംരംഭങ്ങൾ/സ്റ്റാർട്ടപ്പ് കമ്പനികൾക്കാണ് അംഗീകാരം നൽകി വരുന്നത്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ സഹായത്തിൽ പ്രവർത്തിക്കുന്ന എട്ടോളം സംരംഭങ്ങൾക്ക് സ്റ്റാർട്ടപ്പ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്താൽ പ്രവർത്തിക്കുന്ന എൺപതോളം സംരംഭങ്ങൾ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കൂടാതെ വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ അധീനതയിലുള്ള 200-ഓളം സാങ്കേതിക സ്റ്റാർട്ടപ്പ് കമ്പനികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി&ഡി) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എഴുപത്തിരണ്ടോളം യുവ സംരംഭങ്ങൾക്ക് പ്രാഥമിക മൂലധനസഹായം (സീഡ് ഫണ്ട് സഹായം) നൽകിയിട്ടുണ്ട്. നൂതനമായ യുവ സംരംഭങ്ങൾക്ക് ഇരുപത്തഞ്ച് ലക്ഷം രൂപവരെ മൂലധനസഹായവും ഇൻക്യുബേഷൻ സൗകര്യങ്ങളും മറ്റു മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തി വരുന്നു. കൂടാതെ വിവരസാങ്കേതിക വിദ്യാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തികം ഉൾപ്പെടെ സ്റ്റാർട്ടപ്പുകളെ സൃഷ്ടിക്കുന്നതിനും സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനുമുള്ള യുവ സംരംഭകത്വ വികസന പദ്ധതിയിലൂടെ താഴെപ്പറയുന്ന രീതിയിൽ സാമ്പത്തിക സഹായം നൽകി വരുന്നു.

1. ഐഡിയ ഡേ

നൂതനമായ ആശയങ്ങളെ ഉല്പന്നമാക്കി മാറ്റുന്നതിനും അത് വിപണിയിലെത്തിക്കുന്നതിനുമായി സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ, ഇന്നവേറ്റർമാർ എന്നിവർക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച പദ്ധതി.

2. സീഡ് സപ്പോർട്ട് സ്കീം

സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ആദ്യകാല പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ലഭിക്കുന്നതിനുള്ള പരിമിതി പരിഹരിക്കുന്നതിനായി ഉദാരവ്യവസ്ഥയിൽ ചുരുങ്ങിയ പലിശ ഈടാക്കി വായ്പ നൽകുന്ന പദ്ധതി.

3. പേറ്റന്റ് സപ്പോർട്ട് സ്കീം

പേറ്റന്റിന് അപേക്ഷിക്കുന്ന സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ എന്നിവയ്ക്ക് അതിന് ചെലവായ തുക തിരികെ നൽകുന്ന പദ്ധതി.

4. മാർക്കറ്റിംഗ് സപ്പോർട്ട്

ഉല്പന്നം വികസിപ്പിച്ചശേഷം അതിന്റെ വിപണനത്തിന് സഹായം ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം അഞ്ച് ലക്ഷം എന്ന പരിധിക്ക് വിധേയമായി സ്റ്റാർട്ടപ്പ് കമ്പനികൾക്ക് മാർക്കറ്റിംഗ് സഹായം നൽകും.

5. അന്തർദ്ദേശീയ വിനിമയ പദ്ധതി

സിലിക്കൺവാലിപോലെ അന്തർദ്ദേശീയതലത്തിൽ പ്രശസ്തമായ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയും ബിസിനസ്സ് ലക്ഷ്യങ്ങളും സന്ദർശിച്ച് അവ മനസ്സിലാക്കുന്നതിനും വിപണനത്തിനുമായി വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കുമായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

6. ദേശീയ തലത്തിലെ ബന്ധപ്പെട്ട പരിപാടികളിൽ പങ്കെടുക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

7. ഉല്പന്ന വികസനത്തിനാവശ്യമായ സോഫ്റ്റ്‌വെയറുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്റ്റാർട്ടപ്പ് കമ്പനികൾക്ക് വാങ്ങി നൽകുന്ന പദ്ധതി.

8. സ്റ്റാർട്ടപ്പ് കമ്പനികൾക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട SEBI അംഗീകാരമുള്ള നിക്ഷേപകർക്ക് നൽകുന്ന തുകയുടെ ഇരട്ടി കേരള സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തണമെന്ന വ്യവസ്ഥയിൽ തുക നൽകുന്ന പദ്ധതി.

## വ്യവസായ മേഖല കൈവരിച്ച പുരോഗതി

10 (*40) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം എത്രയായിരുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിലായിരുന്ന ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് പിന്നിട്ട ഇരുപത് മാസംകൊണ്ട് ലാഭത്തിലാക്കുന്നതിന് കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സർക്കാരിന്റെ വ്യവസായ നയവും കാര്യക്ഷമമായ ഇടപെടലുംമൂലം 2017-18 സാമ്പത്തിക വർഷത്തിൽ വ്യവസായ മേഖല കൈവരിച്ച പുരോഗതി വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 22655.06 ലക്ഷം രൂപ ആയിരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) നഷ്ടത്തിലായിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്നീ വ്യവസായ സ്ഥാപനങ്ങൾ ഇക്കാലയളവിൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന അഞ്ച് സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു. 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടി രൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടി രൂപയായി കുറയ്ക്കുവാൻ സാധിച്ചു. ടെക്സ്റ്റൈൽ മേഖലയിലും പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾ 15 കോടി രൂപയുടെ അധിക ധനസഹായം 2016-17-ൽ നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമേഖലയെ സംരക്ഷിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെയും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിനെയും സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ കിൻഫ്രയുടെ വിവിധ പാർക്കുകളിലായി നാളിതുവരെ 88 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 66 കോടി രൂപയുടെ നിക്ഷേപവും 574 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ ഒരു വർഷക്കാലത്തെ സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയിൽ പുതുതായി 12459 യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു. ഇതുവഴി സംസ്ഥാനത്ത് ചെറുകിട വ്യവസായ രംഗത്ത് 98 കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാകുകയും അതുവഴി പുതുതായി 40470 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കരകൗശല കൈത്തൊഴിൽ വ്യവസായ മേഖലയിൽ ആർട്ടിസാന്മാരെ സംരംഭകരാക്കി മാറ്റുന്നതിന് നാന്ദികുറിച്ചിട്ടുണ്ട്.

കേരള സർക്കാരിന്റെ ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി പ്രകാരം തറി സൗജന്യമായി നൽകി ഹാൻവീവ് തുടർച്ചയായി ജോലിയും വേതനവും നൽകി വരുന്ന പദ്ധതി വളരെ വിജയകരമായി നടപ്പിലാക്കി. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ 3500-ൽ അധികം നെയ്ത്തുകാർക്കും അവരുടെ ഇരട്ടിയോളം വരുന്ന അനുബന്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നൂതനമായ ആശയങ്ങളുമായി വന്ന ഇരുപതോളം യുവ സംരംഭങ്ങൾക്ക് 6 കോടിയോളം രൂപ പ്രാഥമിക മൂലധനസഹായമായി നൽകിയിട്ടുണ്ട്. നിലവിൽ കെ.എസ്.ഐ.ഡി.സി.യുടെ മൂലധനസഹായം സ്വീകരിക്കുന്ന സംരംഭങ്ങളും ഇൻകുബേറ്റ് ചെയ്തിട്ടുള്ള യുവ സംരംഭങ്ങളും കൂടി 600-ൽപ്പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും മൂലധനനിക്ഷേപമായി 30 കോടിയിലധികം തുക സംസ്ഥാനത്ത് നിക്ഷേപിക്കുകയുമുണ്ടായി.

2017-18 സാമ്പത്തിക വർഷത്തിൽ കെ.ഐ.എസ്.ഡി.സി 179.68 കോടി രൂപ മൂലധന നിക്ഷേപമുള്ള പദ്ധതികൾക്ക് 87.86 കോടി രൂപ നേരിട്ടുള്ള വായ്പ സഹായമായും 3 കോടി രൂപ ഓഹരിയായും നൽകുകയും 1100 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ നൽകുകയും ചെയ്തു.

**സഹകരണ നയം**

11 (*41) ശ്രീ. എം. നൗഷാദ് :

ശ്രീ. രാജു എബ്രഹാം :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിനായി കൂടുതൽ കാര്യക്ഷമവും ജനകീയവുമായ രീതിയിൽ സഹകരണ പ്രസ്ഥാനത്തെ പ്രാപ്തമാക്കുന്നതിന് ആവിഷ്കരിക്കാനുദ്ദേശിക്കുന്ന സഹകരണ നയത്തിലെ സുപ്രധാന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വേണ്ട സംരംഭങ്ങൾ ആരംഭിച്ച് തൊഴിലും വരുമാനവും വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുന്ന രീതിയിൽ സഹകരണ സംഘങ്ങളെ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കാനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സഹകരണനയത്തിന്റെ കരട് തയ്യാറാക്കി സഹകരണ കോൺഗ്രസ്സിൽ അവതരിപ്പിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കാർഷിക മേഖലയിൽ സഹകരണ സംഘങ്ങളിലൂടെ നെല്ല് സംഭരണം, ജൈവ കൃഷി പ്രോത്സാഹനം എന്നിവ സ്വീകരിച്ചു വരുന്നു.

(സി) ഓഡിറ്റ് മാന്വൽ പരിഷ്കരണം, CBS നടപ്പാക്കൽ, ജീവനക്കാർക്ക് പരിശീലനം, പ്രൊഫഷണൽ സമീപനം എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു.

**സഹകരണ ബാങ്കുകളുടെ പ്രവർത്തനം പരിഷ്കരിക്കാൻ നടപടി**

12 (*42) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ സഹകരണ ബാങ്കുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനും ബാങ്കുകളുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനും ഉതകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽ ആധുനിക പരിഷ്കാരങ്ങൾ സമയബന്ധിതമായി നടപ്പാക്കി അവയെ ന്യൂജനറേഷൻ ബാങ്കുകളുടെ നിലവാരത്തിൽ എത്തിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുമോ;വിശദമാക്കാമോ;

(സി) സേവനം മെച്ചപ്പെടത്തക്കവിധം സഹകരണബാങ്കുകളിലെയും സഹകരണ സ്ഥാപനങ്ങളിലെയും ക്രയവിക്രയങ്ങൾ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനായി 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനേയും യോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും ഒരു ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനും ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനേയും ഒരു കോമൺ സോഫ്റ്റ്വെയറിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ സർക്കാർ ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് സഹകരണ മേഖലകളിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പരിപാടി-നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 നടപ്പിലാക്കിയിട്ടുണ്ട്.

കാർഷിക വായ്പാ വിതരണത്തിനായി കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകൾ റുപേ കിസാൻ കാർഡുകളാക്കി മാറ്റുന്നതിന്മേൽ നടപടി പുരോഗമിച്ചു വരുന്നു.

വായ്പാ സഹകരണ സംഘങ്ങൾ വായ്പ നൽകുന്നതിനായുള്ള വിഭവങ്ങൾ ശേഖരിക്കുന്നത് മുഖ്യമായും നിക്ഷേപം സ്വീകരിച്ചാണ്. വായ്പാ സഹകരണ സംഘങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തമാക്കുന്നതിനായി നിക്ഷേപ സമാഹരണ യജ്ഞങ്ങൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കാറുണ്ട്.

സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി മാതൃകാ സഹകരണ സംഘങ്ങൾ (മികച്ച സംഘങ്ങൾക്കുള്ള ധനസഹായം), സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം (നഷ്ടത്തിൽ പ്രവർത്തിക്കുന്ന പുരോഗതി കൈവരിക്കാൻ കഴിയുന്ന സംഘങ്ങൾക്കുള്ള ധനസഹായം), വികസനവും വൈവിദ്ധ്യവൽക്കരണവും (സഹകരണ സംഘങ്ങളുടെ നിലവിലെ പ്രവർത്തനം വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും) എന്നിങ്ങനെ സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾക്ക് പുരോഗതി കൈവരിക്കാനുതകുന്ന പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നു.

സംസ്ഥാന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ടൂറിസം വികസനങ്ങളുടെ ഭാഗമായി വികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സർക്കാർ ഓഹരി 6.67 ലക്ഷം രൂപയും സബ്സിഡി 13.33 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപയുടെ ധനസഹായം സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ നിന്നും നൽകി വരുന്നു. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 1 ലക്ഷം രൂപ വരെ ഓഹരി ഇനത്തിൽ നൽകി വരുന്നു. 10 വർഷത്തെ പ്രവർത്തന പരിചയവും ബാങ്കിന്റെ അറ്റനഷ്ടം സ്വന്തം ഫണ്ടിനേക്കാൾ അധികരിക്കാത്തതുമായ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ സഹായമായി ഓഹരി, വായ്പ, സബ്സിഡി എന്നിങ്ങനെ പരമാവധി 20 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു.

സംസ്ഥാനത്തെ ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ സഹകരണ ബാങ്കുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനും ബാങ്കുകളുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനും സംസ്ഥാന പദ്ധതി പ്രകാരം എൻ.സി.ഡി.സി. പദ്ധതി പ്രകാരവും വിവിധ സ്കീമുകളിലൂടെ ഏകീകൃത സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള ആധുനികവൽക്കരണം, സർക്കാർ ഓഹരി മൂലധനം, കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി നിക്ഷേപ ഉറപ്പ്, നെൽ കൃഷി വായ്പക്കുള്ള പ്രോത്സാഹനം, മാതൃകാ സഹകരണ സംഘങ്ങളുടെ നൂതന കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രായോഗിക വാണിജ്യ പദ്ധതികൾ ഏറ്റെടുപ്പിക്കുക, കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, ആർ.റ്റി.ജി.എസ്, ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിലെ സഹകരണ സംവിധാനത്തിൽ കാർഷിക വായ്പകൾ കൂടുതലായും നേരിട്ട് കർഷകർക്ക് നൽകുന്നത് പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേനയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന് മാന്വൽ പരിഷ്കരണം ഉൾപ്പെടെ നടന്നുവരുന്നു.

### ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത

13 (*43) ശ്രീ. എം. സ്വരാജ് :
ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക-ഗാർഹികേതര ആവശ്യങ്ങൾക്കായി വേണ്ടി വരുന്ന വൈദ്യുതിയുടെ എത്ര ശതമാനം ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യമായി വരുന്ന ബാക്കി വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ പ്രകടനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) 2018 ഫെബ്രുവരി 19-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 67.76 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉൽപ്പാദനം 11.57 ദശലക്ഷം യൂണിറ്റാണ് (17.07%). ജലവൈദ്യുതി നിലയങ്ങളിൽ നിന്നും 10.87 ദശലക്ഷം യൂണിറ്റും കാറ്റാടിപ്പാടങ്ങളിൽനിന്നും 0.1959 ദശലക്ഷം യൂണിറ്റും സൗരോർജ്ജത്തിൽ നിന്ന് 0.3063 ദശലക്ഷം യൂണിറ്റും ചെറുകിട വൈദ്യുതി നിലയങ്ങളിൽ നിന്ന് 0.0818 ദശലക്ഷം യൂണിറ്റും കോ-ജനറേഷൻ നിലയങ്ങളിൽ നിന്ന് 0.1188 ദശലക്ഷം യൂണിറ്റുമാണ് ഉൽപ്പാദിപ്പിക്കുന്നത്.

(ബി) കേരളത്തിനാവശ്യമായ അധിക വൈദ്യുതി സംസ്ഥാനത്തിന് പുറത്തു നിന്ന് കേന്ദ്ര വിഹിതമായും മറ്റ് ഊർജ്ജ ഉൽപ്പാദകരിൽനിന്ന് ഓപ്പൺ ടെണ്ടറിൽ കൂടി ന്യായമായ വിലയ്ക്ക് ദീർഘകാല കരാറുകളിലൂടെയും ലഭ്യമാക്കുന്നുണ്ട്. കൂടാതെ പവർ എക്സ്ചേഞ്ചുകൾവഴി ഏറ്റവും ആദായകരമായ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്.

(സി) നിർമ്മാണത്തിലിരിക്കുന്ന പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിലൊന്നായ ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി, തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. പദ്ധതികളുടെ നിർമ്മാണ പുരോഗതി ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി 11-12-2017-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

നിർമ്മാണത്തിലിരിക്കുന്ന പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി അവ പൂർത്തിയാക്കുന്നതിനുംവേണ്ടി സർക്കാരും വൈദ്യുതി ബോർഡും വിവിധ തലങ്ങളിൽ സസൂക്ഷ്മമായി പദ്ധതി പുരോഗതി വിലയിരുത്തുകയും എവിടെയെങ്കിലും പാളിച്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ പെട്ടെന്ന് തന്നെ അവ പരിഹരിച്ച് മുന്നോട്ട് പോകാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതിന് മേൽനോട്ടം വഹിക്കാൻ വൈദ്യുതി ബോർഡിൽ ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ടീം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വൈദ്യുതി ബോർഡിലെ ഒരു ഡയറക്ടർക്ക് ഈ പദ്ധതികളുടെ ചുമതലയും നൽകിയിട്ടുണ്ട്.

നിർമ്മാണ പ്രവർത്തനം നടന്നു വരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പദ്ധതി പ്രവർത്തനത്തിന് നേരിടുന്ന തടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ഉന്നതതല യോഗങ്ങൾ നടത്തി വരുന്നുണ്ട്.

ഇതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും മറ്റ് വകുപ്പ് തലവന്മാർ അംഗങ്ങളായുള്ള ഒരു ഹൈലെവൽ കമ്മിറ്റി നിലവിലുണ്ട്. സംസ്ഥാനത്ത് സോളാർ വൈദ്യുതോത്പാദനം വർദ്ധിപ്പിക്കാൻ അനെർട്ട് പല പദ്ധതികളും ആവിഷ്ക്കരിച്ചു വരുന്നുണ്ട്. അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ അസ്ഥിരമായ വൈദ്യുതോത്പാദനം സംബന്ധിച്ച ആശങ്കകൾക്ക് പരിഹാരമാകുമെന്ന രീതിയിൽ ഒരു റിസർച്ച്-ഡെമോൺസ്ട്രേഷൻ പ്രോജക്ടായി ഒരു ഹൈബ്രിഡ് സോളാർ പ്രോജക്ട് അനെർട്ട് രാമക്കൽമേട്ടിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. 3 മെഗാവാട്ട് സൗര വൈദ്യുതോത്പാദന സംവിധാനമാണ് ഈ പദ്ധതിയിലൂടെ 2017-18 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കും കെൽട്രോണുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ വർഷം ഇതിനായി 16.65 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരു മെഗാവാട്ട് സൗര വൈദ്യുതോത്പാദന സംവിധാനം 2018 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കാനും 2 മെഗാവാട്ട് 2018 സെപ്റ്റംബർ 30-ന് മുമ്പ് പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് സമയബന്ധിതമായി തന്നെ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ഡി) ഊർജ്ജോൽപ്പാദന രംഗത്ത് കേരളത്തിൽ സ്വയംപര്യാപ്തത നേടുകയെന്നത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. നിലവിൽ കേരളത്തിന് ആവശ്യമായ വൈദ്യുതിയുടെ 70 ശതമാനത്തോളം കേരളത്തിന് പുറത്തു നിന്ന് വാങ്ങി വിതരണം നടത്തുകയാണ് ചെയ്യുന്നത്. എന്നിരുന്നാലും സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാദ്ധ്യതയുള്ള എല്ലാ മേഖലകളിലും സ്രോതസ്സുകളിലും ഉൽപ്പാദിപ്പിക്കാവുന്നതിന്റെ പരമാവധി കെ.എസ്.ഇ.ബി. ലിമിറ്റഡും മറ്റ് സർക്കാർ ഏജൻസികളായ അനെർട്ടും എനർജി മാനേജ്മെന്റ് സെന്ററും ചേർന്ന് ഉൽപ്പാദിപ്പിക്കാൻ ശ്രമിക്കുന്നതാണ്.

## വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ പദ്ധതി

14 (*44) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായത്തിനെന്ന പേരിൽ ഏറ്റെടുത്തിട്ട് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിവരം വ്യവസായ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി പ്രത്യേക സംവിധാനം രൂപീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ-സി) വ്യവസായ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് കിൻഫ്ര, കെ.എസ്.ഐ.ഡി.സി, സിഡ്കോ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തുടങ്ങിയ ഏജൻസികളാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള 2443.53 ഏക്കറിൽ 153.7 ഏക്കർ ഭൂമി സംരംഭകർക്കായി അനുവദിച്ചു നൽകുവാനുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സിഡ്കോയുടെ കീഴിൽ വ്യവസായത്തിനെന്ന പേരിൽ ഏറ്റെടുത്തിട്ട് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഇല്ല.

കിൻഫ്ര ഏറ്റെടുത്തിട്ടുള്ള 2753.44 ഏക്കർ ഭൂമിയിൽ 269.49 ഏക്കർ ഭൂമി അലോട്ട് ചെയ്യുന്നതിന് ബാക്കിയുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വ്യാവസായിക പാർക്കുകൾ സ്ഥാപിക്കുന്നതടക്കമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുത്തിട്ടുള്ള 1294.05 ഏക്കർ ഭൂമിയിൽ 559.33 ഏക്കർ ഭൂമിയാണ് ഇനിയും അനുവദിച്ചു നൽകുവാനുള്ളത്. ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## സൗരോർജ്ജോത്പാദനം

15 (*45) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതോല്പാദനത്തിനായി പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 200 മെഗാവാട്ടിന്റെ ബൃഹദ് സോളാർ പദ്ധതിയുടെ പണി ആരംഭിക്കാൻ സാധ്യമായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഴുവൻ വൈദ്യുതിയും വാങ്ങുമെങ്കിൽ സോളാർ പദ്ധതി ആരംഭിക്കാമെന്ന എൻ.ടി.പി.സി.-യുടെ വാഗ്ദാനം പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) വീടുകളുടെയും സർക്കാർ ഓഫീസുകളുടെയും മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഊർജ്ജോത്പാദനം നടത്താനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;പ്രാരംഭ ചെലവും ബാറ്ററിക്കായി വൻ തോതിൽ ആവർത്തനചെലവും കാരണം ഓഫ് ഗ്രിഡ് പദ്ധതി സാമ്പത്തികമായി വിജയകരമല്ലാത്ത സാഹചര്യത്തിൽ ഗ്രിഡിലേക്ക് ബന്ധിപ്പിച്ച് പദ്ധതി വിജയകരമായി നടത്താൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) വൈദ്യുതോല്പാദനത്തിനായി പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അനെർട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) സോളാർ ശൃംഖലാബന്ധിത പദ്ധതി (സോളാർ കണക്ട്)

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗം കഴിഞ്ഞ് അധികം വരുന്നത് വൈദ്യുത വിതരണ കമ്പനികളുടെ ലൈനിലേക്ക് നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ ഇതുവരെ 8 മെഗാവാട്ടിൽ അധികം സ്ഥാപിതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

(2) സോളാർ സ്മാർട്ട്

വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്ത, മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് സ്വയം ഉപയോഗിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി 13 മെഗാവാട്ട് സ്ഥാപിതശേഷി ഇതുവരെ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

അനെർട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ

അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ അസ്ഥിരമായ വൈദ്യുതോത്പാദനം സംബന്ധിച്ച ആശങ്കകൾക്ക് പരിഹാരമാകുമെന്ന രീതിയിൽ ഒരു റിസർച്ച്-ഡെമോൺസ്ട്രേഷൻ പ്രോജക്ടായി ഒരു ഹൈബ്രിഡ് സോളാർ പ്രോജക്ട് അനെർട്ട് രാമക്കൽമേട്ടിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 3 മെഗാവാട്ട് സൗരവൈദ്യുതോത്പാദന സംവിധാനമാണ് ഈ പദ്ധതിയിലൂടെ 2017-18 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർപ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 11.87 കോടി രൂപയുടെ പദ്ധതി പ്രവർത്തനം തുടങ്ങി കഴിഞ്ഞു.

കേരളത്തിൽ കൂടുതൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-ക്ക് പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് 8 മെഗാവാട്ട് കാറ്റാടിപ്പാടം സ്ഥാപിക്കുവാനായി സ.ഉ (എം.എസ്.) നമ്പർ 24/2017/ഊ.വ. തീയതി 7-12-2017 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇത് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

വൈദ്യുതോല്പാദനത്തിനായി പുനരുപയോഗ സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് സൗരോർജ്ജം വഴി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ട് കാസർഗോഡ് ജില്ലയിൽ വിഭാവനം ചെയ്ത 200 മെഗാവാട്ടിന്റെ സൗരോർജ്ജ പാർക്കിൽ ഉൾപ്പെടുത്തി അമ്പലത്തറയിൽ സ്ഥാപിച്ച 50 മെഗാവാട്ട് സൗരോർജ്ജ നിലയം പൂർത്തിയാക്കപ്പെട്ട് 14-9-2017 മുതൽ വൈദ്യുതി നൽകി വരുന്നു. വൈദ്യുതോല്പാദനത്തിനായി പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) നടപ്പിലാക്കേണ്ട പദ്ധതികൾ

| | | |
|---|---|---|
| 1. | കക്കയം | 3 MW |
| 2. | ഭൂതത്താൻ കെട്ട് | 24 MW |
| 3. | പെരിങ്ങൽകുത്ത് | 24 MW |
| 4. | അപ്പർ കല്ലാർ | 2 MW |
| 5. | ചാത്തൻകോട്ടു നട-II | 6 MW |
| 6. | പഴശ്ശി സാഗർ | 7.5 MW |
| | ആകെ | 66.5 MW |

(2) നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| 1. | പെരുവണ്ണാമൂഴി | 6 MW |
| 2. | ചിന്നാർ | 24MW |
| 3. | അപ്പർ ചെങ്കുളം | 24 MW |
| 4. | ലാഡ്രം | 3.5 MW |
| 5. | ഒലിക്കൽ | 5 MW |
| 6. | പൂവാരം തോട് | 3 MW |
| 7. | മാർമ്മല | 7 MW |
| 8. | ചെമ്പുക്കടവ്-III | 7.5 MW |
| 9. | പീച്ചാട് | 3 MW |
| 10. | വെസ്റ്റേൺ കല്ലാർ | 5MW |
| 11. | മരിപ്പുഴ | 6 MW |
| 12. | വാളന്തോട് | 7.5 MW |
| 13. | ആനക്കയം | 7.5 MW |
| | ആകെ | 109 MW |

(ബി) കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് സൗരോർജ്ജ പദ്ധതി സ്ഥാപിക്കാൻ സർക്കാർ 1086 ഏക്കർ തരിശ്ശുഭൂമി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയിരുന്നു. എന്നാൽ ഹോസ്ദുർഗ് താലൂക്കിലെ അമ്പലത്തറ വില്ലേജിൽ 250 ഏക്കറോളം ഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്തി സോളാർ പാർക്ക് സ്ഥാപിക്കണമെന്ന് 24-10-2017-ലെ സ.ഉ. (കൈ) 353/2017/റ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. അമ്പലത്തറ വില്ലേജിൽ 250 ഏക്കറിൽ 50 മെഗാവാട്ടിന്റെ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് 14-9-2017 മുതൽ വൈദ്യുതി ഉത്പാദിപ്പിച്ചുവരുന്നു. ആയതിനാൽ ബാക്കി വരുന്ന 150 MW സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പരിശോധിച്ചിരുന്നു. എൻ.റ്റി.പി.സി ലിമിറ്റഡ് കായംകുളത്ത് സ്ഥാപിക്കുവാൻ താല്പര്യപ്പെട്ട 170 മെഗാവാട്ട് സോളാർ പ്ലാന്റിൽനിന്നും നിബന്ധനകൾക്ക് വിധേയമായി വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) <u>അനെർട്ട്</u>

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതോത്പാദനം നടത്തുന്നതിന് 3 പദ്ധതികളാണ് അനെർട്ട് നടത്തി വരുന്നത്.

1. <u>സോളാർ കണക്ട് (വൈദ്യുത ശൃംഖലാബന്ധിതം)</u>

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗം കഴിഞ്ഞ് അധികം വരുന്നത് വൈദ്യുത വിതരണ കമ്പനികളുടെ ലൈനിലേക്ക് നൽകുന്ന പദ്ധതിയാണിത്. ഇത് ഗാർഹികവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡിയോടുകൂടിയും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് സബ്സിഡിയില്ലാതെയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 8 മെഗാവാട്ടിൽ അധികം സ്ഥാപിതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 10 മെഗാവാട്ടിനുള്ള അനുമതി ലഭിച്ചതിനനുസരിച്ച് നാളിതുവരെ ഏകദേശം 2 മെഗാവാട്ട് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുവാനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടന്നു വരികയാണ്.

2. സോളാർ ഓഫ്ഗ്രിഡ് പ്രോഗ്രാം (ബാറ്ററി ബാക്ക് അപ്പോടുകൂടിയത്)

വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്ത, മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ബാറ്ററി ശേഷിയോടുകൂടി ഉപയോഗിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി 13 മെഗാവാട്ട്

സ്ഥാപിതശേഷി ഇതുവരെ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 6.4 മെഗാവാട്ടാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ ഏകദേശം 4 മെഗാവാട്ട് ഇൻസ്റ്റാൾ ചെയ്യുവാനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടപടികൾ നടന്നു വരികയാണ്.

3. RESCO (റിന്യൂവബിൾ എനർജി സർവ്വീസ് കമ്പനി) മോഡൽ

വൈദ്യുത പവർപ്ലാന്റ് മേൽക്കൂരയിൽ സ്ഥാപിച്ച് കുറഞ്ഞ നിരക്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കുവാനുള്ള ഒരുക്കങ്ങൾ നടന്നു വരുന്നു. ജ്യോതിസ് എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര/സംസ്ഥാന സർക്കാർ കെട്ടിടങ്ങൾക്ക് മുതൽമുടക്കില്ലാതെ SECI എംപാനൽ ചെയ്തിരിക്കുന്ന ഏജൻസികൾ മുഖേന 50 കിലോവാട്ട് മുതൽ സോളാർ പാനലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

<u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്</u>

സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഊർജ്ജോല്പാദനം നടത്തുവാനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വീടുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് പ്രത്യേക പദ്ധതികൾ ഒന്നും തന്നെയില്ല. എന്നിരുന്നാലും ഇവ സ്ഥാപിക്കുന്നതിനായി ഉപഭോക്താക്കൾ സമീപിച്ചാൽ ആവശ്യമായ സാങ്കേതിക സഹായം കെ.എസ്.ഇ.ബി. നൽകുന്നതായിരിക്കും.

## പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണം

16 (*46) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണം എത്രത്തോളം നടന്നുവെന്ന് വിശദമാക്കുമോ;

(ബി) ഹിന്ദുസ്ഥാൻ ലാറ്റക്സ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, ഫാക്ട് എന്നിവ വിൽക്കുന്ന കേന്ദ്രനയം സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ഹാനികരമായി ബാധിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇത്തരത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരത്തെ അതിജീവിച്ചുകൊണ്ട് സ്ഥാപനങ്ങളെ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

ഉൽപ്പാദന സംവിധാനങ്ങളുടേയും സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു കഴിഞ്ഞു. ഇതിനായി ബജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. മുൻ സാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകി വരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കി വരുന്നു. ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം റിയാബ് മുഖേന എല്ലാ മാസവും അവലോകനം ചെയ്തുവരുന്നു. കൂടാതെ സർക്കാർ തലത്തിൽ പ്രത്യേക അവലോകനങ്ങൾ നടത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാനും വളരെയധികം സാധിച്ചിട്ടുണ്ട്.

കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിന്റെ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടു വരുന്നതിനും സാധിച്ചു.

2016-17 സാമ്പത്തിക വർഷാവസാനം പ്രവർത്തനാവലോകനത്തിനായി പരിഗണിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു. 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTPL, TCCL, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു. 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടി രൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടി രൂപയായി കുറയ്ക്കുവാൻ സാധിച്ചു. 2017-18 സാമ്പത്തിക വർഷം മൂന്നാം പാദത്തിലെ (ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിലെ) ആഡിറ്റിനുമുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 34.30 കോടി രൂപയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ ഓഹരി വിറ്റഴിക്കൽ തീരുമാനം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരുന്ന ജീവനക്കാരുടെ തൊഴിലിനേയും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയുടെ വളർച്ചയ്ക്കും കൂടുതൽ വൈദഗ്ദ്ധ്യമുള്ള മേഖലകളിലെ തൊഴിൽ ലഭ്യതയുടെ വളർച്ചയ്ക്കും വിലങ്ങുതടിയാകും. കൂടാതെ രാജ്യത്തെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടു പോകുന്നതിനും ഇടയാകും.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ഓഹരി വിറ്റഴിക്കൽ നടപടികൾക്കെതിരെ അതാത് സന്ദർഭങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും അപേക്ഷയും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ട് 2017 മാർച്ച് 13-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി അത് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. പാലക്കാട്ടെ കേന്ദ്ര പൊതു മേഖലാസ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കാസർഗോട്ടെ BHEL-EML എന്നിവയെ പൊതുമേഖലയിൽതന്നെ നിലനിർത്തി പ്രവർത്തിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## വൈദ്യുത പദ്ധതികൾ

17 (*47) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. മുകേഷ് :
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനം മുടങ്ങി ക്കിടന്നിരുന്ന ഏതെല്ലാം വൈദ്യുത പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് പുനരാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി, നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW) ചാത്തൻകോട്ടുനട-II (6MW) തോട്ടിയാർ (40MW) എന്നീ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടന്നിരുന്നതും ഈ സർക്കാരിന്റെ കാലത്ത് പുനരാരംഭിച്ചിട്ടുള്ളതുമായ പ്രസരണ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. 110 കെ. വി. മന്നം-ചെറായി ലൈൻ നിർമ്മാണം

2. 110 കെ. വി. ചെട്ട്യാർമേട്-പരപ്പനങ്ങാടി ലൈൻ നിർമ്മാണം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ താഴെ പറയുന്ന ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്:

| | | | |
|---|---|---|---|
| 1. | വെള്ളത്തൂവൽ | 3.6 MW | 12.17 ദശലക്ഷം യൂണിറ്റ് |
| 2. | പെരുന്തേനരുവി | 6.0 MW | 25.77 ദശലക്ഷം യൂണിറ്റ് |
| | ആകെ | 9.6 MW | 37.94 ദശലക്ഷം യൂണിറ്റ് |

സ്വകാര്യ മേഖലയിൽ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ അനുവദിച്ച രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ (i) 4.5 MW ന്റെ കാരിക്കയം (രണ്ടാം ഘട്ടം) (ii) 8 MW പാതംകയം എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(സി) നിർമ്മാണ പ്രവർത്തനം നടന്നു വരുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി രൂപീകരിച്ച പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ കൂടുകയും പുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഗണിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും പദ്ധതികളുടെ നിർമ്മാണ പുരോഗതി ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുകയും പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും വിലയിരുത്തുന്നതിനായി രൂപീകരിച്ച പ്രോജക്ട് മോണിറ്ററിംഗ് സെൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുക എന്നിവയാണ് ഉദ്ദേശിക്കുന്നത്.

നിർമ്മാണത്തിലിരിക്കുന്ന പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് വിവിധ തലങ്ങളിൽ അവലോകനയോഗം നടത്തി വരുന്നുണ്ട്.

**വിനോദസഞ്ചാര വിപണന സംരംഭങ്ങൾ**

18 (*48) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന വിനോദസഞ്ചാര വിപണനത്തിന് എന്തെല്ലാം സംരംഭങ്ങളാണ് ഒരുക്കിയിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) സ്വദേശ വിദേശ വിപണികളിൽ കേരള ടൂറിസം നൂതനവും പുതുമയുള്ളതുമായ എന്തെല്ലാം വിപണന പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി അന്തർദ്ദേശീയ വ്യാപാര മേളകളിലും റോഡ് ഷോകളിലും കേരളം പങ്കെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ടൂറിസം മാർക്കറ്റിംഗിനായി നടപ്പു ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക കൂടുതൽ ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന വിനോദസഞ്ചാര വിപണനത്തിനായി വിനോദസഞ്ചാര വകുപ്പ് രാജ്യത്തിനകത്തും വിദേശത്തുമുള്ള ടൂറിസം ഫെയറുകളിൽ പങ്കെടുക്കുകയും B2B മീറ്റുകൾ സംഘടിപ്പിക്കുകയും മാർക്കറ്റിംഗ് ക്യാമ്പയിനുകൾ നടപ്പാക്കി വരികയും ചെയ്യുന്നു.

(ബി) സ്വദേശ വിദേശ വിപണികളിൽ കേരള ടൂറിസം നൂതനമായതും പുതുമയുള്ളതുമായ വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഡെസ് ക്യൂബർ ട്രാവൽഷോ എന്ന നൂതനമായ പ്രചരണ പരിപാടി വഴി വിദേശ ചാനലുകളിൽ കേരള ടൂറിസം മികച്ച ഡെസ്റ്റിനേഷനുകൾ കാണിക്കുന്നുണ്ട്. ഹോളിഡേ ഐക്യൂ/ട്രിപ്പ് അഡ്വൈസർ/ഭാരത് മാട്രിമോണി എന്നിവയും കേരള ടൂറിസം പ്രചാരണത്തിനായി വകുപ്പ് ഉപയോഗിക്കുന്നുണ്ട്. കേരള ബ്ലോഗ് എക്സ്പ്രസ് എന്ന നൂതനാശയം വകുപ്പ് വിജയകരമായി നടപ്പാക്കി വരുന്നുണ്ട്. ഈ വർഷം ലണ്ടനിലെ ബസ്സുകളിൽ കേരള ടൂറിസം ബ്രാന്റിംഗ് നടത്തുകയും പാരീസിൽ ഡ്രാമ തീയേറ്ററുകളിൽ പരസ്യങ്ങൾ കാണിക്കുകയും വഴി വിദേശത്ത് ശക്തമായ പ്രചാരണമാണ് നടത്തുന്നത്. ഔട്ട് ഓഫ് ഹോം പരിപാടികളും കൺസ്യൂമർ ട്രാവൽ ഈവന്റും വകുപ്പ് നൂതനാശയങ്ങൾവഴി കൂടുതൽ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്.

(സി) ഉണ്ട്. 2017-18 വർഷം Vakantiebeurs (Utrecht, Netherlands), Fitur (Madrid, Spain), New York City Times Travel Show, Bit Milan (Italy), ITB (Germany), Salmon Mondial du Tourism (Paris), Destination Fair (London), PATA Travel Mart (China), Otdykh (Russia), JATA Expo (Japan), IFTM Top Reza (France), CITM (China), ITB Asia (Singapore), WTM (London) എന്നീ വിദേശ ട്രേഡ് ഫെയറുകളിൽ വകുപ്പ് പങ്കെടുത്തു. ഇതിന് പുറമെ റഷ്യ, മലേഷ്യ, ചൈന, ഓസ്ട്രേലിയ, ശ്രീലങ്ക, യു.കെ, യു.എസ്.എ, മിഡിൽ ഈസ്റ്റ്, സ്പെയിൻ, ജർമ്മനി എന്നിവിടങ്ങളിൽ ഇന്റർനാഷണൽ ബി 2 ബി ട്രേഡ് മീറ്റുകളും സംഘടിപ്പിച്ചു.

(ഡി)

- ആഗോളതലത്തിൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- രാജ്യാന്തര പ്രസക്തിയുള്ള വ്യക്തിയെ ബ്രാൻഡ് അംബാസഡറാക്കി രാജ്യത്തിനകത്തും പുറത്തും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
- നിലവിലുള്ള വിപണന തന്ത്രങ്ങൾ അവലോകനത്തിന് വിധേയമായി കാലോചിതമായി പരിഷ്കരിച്ച് പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുക.
- നിലവിലുള്ള പ്രധാന സ്രോതസ്സായ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ടൂറിസം വിപണി ശക്തിപ്പെടുത്തുന്നതോടൊപ്പം സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വടക്കേ അമേരിക്ക, പശ്ചിമ ഏഷ്യ, കിഴക്കൻ ഏഷ്യ മേഖലയിൽ നിന്നുമുള്ള ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, കേരളത്തിലേയ്ക്ക് നേരിട്ട് വിമാന സർവ്വീസ് ലഭ്യമായതിനാൽ പശ്ചിമേഷ്യ, കിഴക്കനേഷ്യൻ രാജ്യങ്ങളിൽ നിന്നും ടൂറിസം വിപണി ശക്തിപ്പെടുത്താൻ പ്രത്യേക നടപടികൾ സ്വീകരിക്കുക.
- ഇന്റർനെറ്റ് വഴിയുള്ള വിപണന തന്ത്രങ്ങൾ ശക്തിപ്പെടുത്തുക.
- അന്താരാഷ്ട്ര ടൂറിസം മേളകളിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം ഉയർത്തുന്നതിനോടൊപ്പം സ്വകാര്യ മേഖലയ്ക്ക് ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിനുള്ള ഉചിതമായ പ്രോത്സാഹനം നൽകുക.
- കേരള ടൂറിസം വെബ്സൈറ്റും കേരള ടൂറിസം മൊബൈൽ ആപ്പും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.

**സഹകരണ സ്ഥാപനങ്ങളുടെ പ്രതിസന്ധി**

19 (*49) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. ഒ. ആർ. കേളു :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും ഇടപെടലിന്റെ ഫലമായി സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിച്ചുവന്നിരുന്ന നിരവധി സഹകരണ സ്ഥാപനങ്ങൾ നഷ്ടത്തിലായതായി ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ, ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ സഹകരണ സ്ഥാപനങ്ങളെ കരകയറ്റാനായി ഏതെല്ലാം വിധത്തിൽ ഇടപെടാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര നയത്തിന്റെ ഫലമായുണ്ടായ സാമ്പത്തിക തകർച്ച സഹകരണ സ്ഥാപനങ്ങളുടെ കിട്ടാക്കടത്തിന്റെ തോത് വർദ്ധിപ്പിച്ചിരിയ്ക്കുന്ന സാഹചര്യത്തിൽ വായ്പ എടുത്തവരെ പാപ്പരാക്കാതെ പ്രതിസന്ധി പരിഹരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പരമാവധി സാധാരണക്കാരിലേക്ക് ബാങ്കിംഗ് സേവനം അതിവേഗതയിൽ അഴിമതിരഹിതമായും സുതാര്യമായും എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനത്തിൽ നിരവധി ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനംമൂലം ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി സഹകരണ മേഖലയ്ക്ക് തിരിച്ചടിയായി. 2016 ഡിസംബർ 10 മുതൽ 2017 ജനവരി 10 വരെ സഹകരണ മേഖല സംരക്ഷണ പ്രചരണം സംഘടിപ്പിച്ചു. ഡിസംബർ 18-ന സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരം ഒന്നിലധികം സംസ്ഥാനങ്ങളിൽ പ്രവർത്തന പരിധിയുള്ള നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തന പരിധി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സംസ്ഥാനങ്ങളിലെ രജിസ്ട്രാർമാരുടെ എൻ.ഒ.സി. ആവശ്യമില്ലായെന്ന കേന്ദ്ര സഹകരണ രജിസ്ട്രാറുടെ ഉത്തരവ് കേരളത്തിലെ സഹകരണ മേഖലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ആയത് പരിഹരിക്കുന്നതിനായി സംസ്ഥാന സഹകരണ വകുപ്പ് പ്രസ്തുത വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ പുരോഗതിക്ക് താഴെ പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

1. ഓഹരി മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനിക വത്ക്കരണത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കി വരുന്നു.

3. കേരള എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയൂർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റുകൾ ലഭിച്ച ആയുർവേദ മരുന്നുകളുടെ ഉത്പാദനം വിപുല പ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.

4. സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.

5. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുവേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

6. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമ പഞ്ചായത്തു കളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കു ന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.

7. കക്കാ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തി 3.00 കോടി രൂപ നൽകിയിട്ടുണ്ട്.

8. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., RTGS, NEFT തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

9. സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അഭ്യർത്ഥനയനുസരിച്ച് വിവിധ ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

10. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

11. കർഷക സേവന കേന്ദ്രം നടത്തുന്നതിന് 2016-17 വർഷം എൻ.സി.ഡി.സി ധനസഹായ പ്രകാരം സർക്കാർ ഓഹരിയായി 29 പ്രാഥമിക സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

12. 2016-17 -ൽ ദുർബ്ബല സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായ പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനങ്ങളിലായി ധനസഹായം അനുവദിച്ചു വരുന്നു.

13. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിപണന സഹകരണ സംഘങ്ങൾക്ക് ഓഹരി, വായ്പ, സബ്സിഡി എന്നീ ഇനങ്ങളിലായി തുക അനുവദിച്ചുവരുന്നു.

14. കാർഷിക സംസ്കരണ യൂണിറ്റുകളുടെ നവീകരണത്തിനുള്ള എൻ.സി.ഡി.സി. പദ്ധതിയിൽ 2016-17-ൽ തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘത്തിന് 734.40 ലക്ഷം രൂപ ധനസഹായം അംഗീകാരം നൽകിയിട്ടുണ്ട്.

15. റെയ്ഡ്കോയുടെ വികസനത്തിനുവേണ്ടി എൻ.സി.ഡി.സി.-യുടെ ധനസഹായത്തോടെ 2016-17 വർഷത്തിൽ 15 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് നടപ്പിലാക്കി വരുന്നു.

16. കൺസ്യൂമർ ഫെഡിൽ സുതാര്യത കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റ്

ആരംഭിക്കുന്നതിനും ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുമായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്നതിനുമായി ത്രിവേണികൾ ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിനും നടപടികൾ ആരംഭിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി ഔട്ട്ലെറ്റും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നഷ്ടത്തിനും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മ സ്റ്റോറുകൾ നിർത്തലാക്കി ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി ക്രമീകരിക്കുകയും അധികമുള്ളവരെ പുനർവിന്യസിപ്പിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2016-ലെ താൽക്കാലിക ബാക്കി പത്രം പ്രകാരം സഞ്ചിത നഷ്ടം 418.11 കോടി രൂപയായിരുന്നു. എന്നാൽ 2017 ഡിസംബറിലെ കണക്ക് പ്രകാരം ഫെഡറേഷന് 51 കോടി രൂപയുടെ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സബ്സിഡി ഇനത്തിൽ നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുകയിൽ 50 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2016 റംസാൻ വിപണിക്ക് 5 കോടിയും 2017 ഓണം വിപണിക്ക് 40 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) നോട്ട് നിരോധനത്തിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ കിട്ടാകടം കൂടിയിട്ടുണ്ട്. നോട്ട് പ്രതിസന്ധിമൂലം വലഞ്ഞ ജനത്തിന് ആശ്വാസമേകാൻ വായ്പകൾക്ക് മേലുള്ള ജപ്തി നടപടികൾക്ക് 2017 മാർച്ച് 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചു. വായ്പയെടുത്തവരെ കടക്കെണിയിൽ ആക്കാതെ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2018 നടപ്പിലാക്കി വരുന്നു.

(സി) പ്രാഥമിക സഹകരണ സംഘങ്ങളിൽ ആധുനികവൽക്കരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഏകീകൃത സോഫ്റ്റ്വെയർ/ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കാർഷിക വായ്പകൾ റുപേ കാർഡ് മുഖാന്തിരം നൽകുന്നതിന് തീരുമാനിച്ചു.

സഹകരണ മേഖലയിൽ പൂർണ്ണമായും ആധുനിക മേഖലയിലുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനായി കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി

20 (*50) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. എം. ഉമ്മർ :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ചെയർമാൻ സംഘടനാ നേതാക്കൾക്ക് കത്ത് അയച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിലേക്കുള്ള വിഹിതം അടയ്ക്കാത്തത് ഭാവിയിൽ പെൻഷൻ നൽകുന്നതിനെ ബാധിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഒഴിവാക്കി കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ&ബി) ഇതുസംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിന്ന് റിട്ടയർ ചെയ്ത മുഴുവൻ പേർക്കും മുടക്കംകൂടാതെ പെൻഷൻ നൽകി വരുന്നുണ്ട്. പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് നൽകേണ്ടുന്ന കുടിശ്ശിക ബോർഡിന്റെ സാമ്പത്തിക കാര്യക്ഷമത വർദ്ധിപ്പിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല.

(സി) വൈദ്യുതി സാമ്പത്തിക കാര്യക്ഷമത വർദ്ധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ബോർഡിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് താരിഫ് പരിഷ്കരണം ആവശ്യമുണ്ടോ എന്നത് തീരുമാനിക്കേണ്ടത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്.

## നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

21 (*51) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. കെ. സി.ജോസഫ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. എൽദോസ്. പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുള്ള വളർച്ച 2017-18 -ൽ പ്രതീക്ഷിച്ചത് എത്ര ശതമാനമായിരുന്നു; പ്രസ്തുത വളർച്ച കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്;

(ബി) വർദ്ധിച്ചുവരുന്ന അഴിമതിയും സർക്കാർ സ്റ്റേകളും നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) നികുതി ചോർച്ച തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിന് കൊണ്ടുവന്ന പദ്ധതി വിജയകരമായിരുന്നോ;

(ഇ) അപ്പീൽ കേസ്സുകളും കോടതി വ്യവഹാരങ്ങളും വേഗത്തിൽ തീർപ്പാക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുള്ള വളർച്ച 2017-18-ൽ പ്രതീക്ഷിച്ചത് 25 ശതമാനമായിരുന്നു. പ്രസ്തുത വളർച്ച കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. 31-1-2018 വരെയുള്ള കണക്കനുസരിച്ച് 10 ശതമാനം വളർച്ച മാത്രമേ കൈവരിക്കാൻ സാധിച്ചിട്ടുള്ളൂ. നവംബർ, ഡിസംബർ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ ഇതുവരെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

1-7-2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വരുമാനം ഗണ്യമായി വർദ്ധിക്കുമെന്നാണ് കരുതിയത്. എന്നാൽ ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതുകൊണ്ട് മുഴുവൻ വ്യാപാരികൾക്കും റിട്ടേൺ സമർപ്പിക്കുവാൻ

സാധിച്ചിട്ടില്ല. ജൂലൈ മുതലുള്ള റിട്ടേൺ ഫയൽ ചെയ്യുന്നതിന് 31-3-2018 വരെ സമയം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. മുഴുവൻ വ്യാപാരികളും റിട്ടേൺ ഫയൽ ചെയ്യുമ്പോൾ പ്രതീക്ഷിക്കുന്ന നികുതി പിരിച്ചെടുക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 1-7-2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചുവെങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർസംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി. എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന ജി.എസ്.ടി.എൻ. സോഫ്റ്റ്‌വെയർ പൂർണ്ണമായിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ ചരക്കുകളുടേയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാകും. ജി.എസ്.ടി. നിയമ പ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അതെ.

(ഇ) അപ്പീൽ കേസ്സുകളും കോടതി വ്യവഹാരങ്ങളും വേഗത്തിൽ തീർപ്പാക്കുന്നതിന് 4 ഡെപ്യൂട്ടി കമ്മീഷണർമാരുടെ തസ്തികയും 12 അസിസ്റ്റന്റ് കമ്മീഷണർമാരുടെ തസ്തികയും കൂടുതലായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ അപ്പീൽ ഡെപ്യൂട്ടി കമ്മീഷണർമാരുടേയും ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരുടേയും മീറ്റിംഗുകൾ വിളിച്ചു കൂട്ടി അപ്പീൽ കേസ്സുകളുടേയും കോടതി വ്യവഹാരങ്ങളുടേയും തീർപ്പാക്കൽ വേഗത്തിൽ നടപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

## വിനോദസഞ്ചാര നയം

22 (*52) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിനോദസഞ്ചാര നയം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയെ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അതോറിറ്റി രൂപീകരിക്കുന്നതിന് നീക്കമുണ്ടോ;

(സി) പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംസ്ഥാനത്തിന്റെ സമഗ്ര ടൂറിസം വികസനം ലക്ഷ്യമാക്കിയുള്ളതാണ് പുതിയ ടൂറിസ നയം.

- ടൂറിസ്റ്റുകളുടെ പ്രത്യേകത മനസ്സിലാക്കി കേരളത്തിന്റെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള കാഴ്ചപ്പാട് ആവിഷ്കരിക്കുക.
- കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉത്പന്നങ്ങളായി അവതരിപ്പിക്കുക.
- ആരോഗ്യരംഗം, ഇക്കോ ടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസവും വികസിപ്പിക്കുക.
- വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാകേന്ദ്രങ്ങളുടെ നിലവാരം ഉറപ്പാക്കുക.
- ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
- ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുക.
- സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യുക.

- ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. അതുവഴി പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികളേയും സ്ഥാപനങ്ങളേയും ടൂറിസം മേഖലയിൽ മുതൽമുടക്കുന്നതിന് പ്രോത്സാഹനം നൽകുക.
- പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക.
- കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക
- കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുക
- തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.
- കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസഡറെ നിയമിക്കുക.
- മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യപദ്ധതിയുടെ ഭാഗമാക്കുക.
- കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയം നടപ്പാക്കുക.
- ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം നടപ്പാക്കുക.
- ഹരിത പെരുമാറ്റചട്ടം അനുസരിച്ച് മാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കുക.
- പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-2022 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കുക എന്നിവയാണ് സർക്കാരിന്റെ പുതിയ വിനോദസഞ്ചാര നയത്തിന്റെ കാതൽ.

(ബി&സി) ഉണ്ട്. ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണ രഹിതവുമാക്കുകയെന്നതാണ് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണം വഴി വിഭാവനം ചെയ്യുന്നത്. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളേയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി ഇത് പ്രവർത്തിക്കും. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകും. വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകും.

## കേരള ബാങ്ക് രൂപീകരണം

23 (*53) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) ഇതിന് ജില്ലാ സഹകരണ ബാങ്കുകളുടെ അംഗീകാരം ആവശ്യമാണോ;

(സി) എങ്കിൽ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ ഈ നിർദ്ദേശത്തെ അംഗീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

- കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും ചേർത്ത് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലേയ്ക്കുള്ള അനുമതിക്കായുള്ള പ്രാഥമിക അപേക്ഷ ഭാരതീയ റിസർവ് ബാങ്കിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

- ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി "Software Integration" -ന് വേണ്ടിയുള്ള RFP അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച് ലീഗൽ സെൽ സമർപ്പിച്ച കരട് ഭേദഗതി നിർദ്ദേശങ്ങളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടാൻ നടപടി സ്വീകരിച്ചു വരുന്നു.
- 14 ജില്ലാ സഹകരണ ബാങ്കുകളുടേയും ബാക്കി പത്രശുദ്ധീകരണത്തിന്റെ ഭാഗമായുള്ള ബാങ്ക് തിരിച്ചുള്ള പ്രത്യേക യോഗങ്ങൾ 3 ഘട്ടം പൂർത്തിയായി കഴിഞ്ഞു.
- 15 ബാങ്കുകളുടേയും Asset Valuation, Audit എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- മനുഷ്യവിഭവശേഷി സംയോജിപ്പിക്കുന്നതിന് വേണ്ട പ്രാഥമിക നടപടി സ്വീകരിച്ചു വരുന്നു.
- ജില്ലാ/സംസ്ഥാന ബാങ്കുകളുടെ നിഷ്ക്രിയാസ്തി കുറയ്ക്കുന്നതിനും നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന് മൂലധന പര്യാപ്തത കൈവരിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നു.
- കേരള ബാങ്കിലേക്കുള്ള ഉൽപ്പന്നങ്ങൾ, സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ച പഠനം പുരോഗമിക്കുന്നു.

(ബി&സി) നിലവിലുള്ള നിയമവ്യവസ്ഥ പ്രകാരം സഹകരണ ബാങ്കുകളെ സംയോജിപ്പിക്കുന്നതിന് ടി ബാങ്കുകളുടെ അംഗീകാരം ആവശ്യമാണ്. ജില്ലാ സഹകരണ ബാങ്കുകൾ ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടതായിട്ടുള്ള ഘട്ടം ആയിട്ടില്ല.

(ഡി) കേരള സഹകരണ ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതിന് പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

24 (*54) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത നടപടികൾമൂലം ആ മേഖലയിൽ എന്തുമാത്രം ഉണർവുണ്ടാക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാർ നടപ്പിലാക്കിയ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, ഇൻകം സപ്പോർട്ട് സ്കീം എന്നിവ പ്രസ്തുത മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും പുതിയ തൊഴിലാളികളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാനും സഹായകമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്കൂൾ കുട്ടികൾക്ക് ഏർപ്പെടുത്തിയ സൗജന്യ കൈത്തറി യൂണിഫോം ഈ മേഖലയിലെ മുരടിപ്പ് മാറ്റുന്നതിന് എത്രമാത്രം സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കൈത്തറി ഉല്പന്നങ്ങൾക്ക് വിദേശവിപണി നേടുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഇ) സർക്കാർ ആശുപത്രികളിലും ഹോസ്റ്റലുകളിലും കൈത്തറിത്തുണി മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധന കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ തന്നെ ആദ്യ ബജറ്റ് പ്രസംഗത്തിൽ കേരളത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 2 സെറ്റ് കൈത്തറി യൂണിഫോം സൗജന്യമായി നൽകുമെന്ന് പ്രഖ്യാപിച്ചു.

പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്കൂളുകളിലെ ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെയുള്ള 220148 കുട്ടികൾക്ക് രണ്ട് ജോഡി യൂണിഫോം വീതം 2017 അദ്ധ്യയന വർഷത്തിൽ വിതരണം ചെയ്തു. 2018 അദ്ധ്യയന വർഷത്തേക്ക് ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം നൽകുന്നതിന് നടപടി ആരംഭിച്ചു. കൂടാതെ പരമ്പരാഗത വ്യവസായമായ കൈത്തറിയുടെ പ്രോത്സാഹനത്തിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(1) പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

(2) ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം

(3) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

(4) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

(5) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ, ബാലരാമപുരം ഹാന്റക്സിനും ഹാന്റ്വീവിനും ഓരോ ഡിസൈൻ സെന്ററുകൾ.

(6) നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം.

(7) കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള അംശദാന സമ്പാദ്യ പദ്ധതി.

(8) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന).

(9) വിപണന കയറ്റുമതി പ്രോത്സാഹനം.

(10) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.

(11) ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി.

(12) പരിശീലനം, നൈപുണ്യം, ശേഷി വികസനം.

(13) കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.

കൈത്തറി മേഖലയിലെ വ്യവസായങ്ങളുടേയും തൊഴിലാളികളുടേയും സംരക്ഷണത്തിനായി 2016-17 വർഷം മുതൽ നടപ്പിലാക്കി വരുന്ന സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി വഴി നെയ്ത്ത് തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷയും കൂലിയും ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. ഈ പദ്ധതി നിലവിൽ വന്നതിനുശേഷം കൂടുതൽ നെയ്ത്തു തൊഴിലാളികൾ ഇതിൽ അംഗങ്ങളാകുകയും പുതിയ അംഗങ്ങളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുവാനും നാളിതുവരെ സാധിച്ചിട്ടുണ്ട്. കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് സമ്മാനിച്ചിരിക്കുകയാണ് പ്രസ്തുത പദ്ധതി.

(ബി) കൈത്തറി മേഖലയിലെ തൊഴിലാളികൾക്കായി സർക്കാർ നടപ്പിലാക്കി വരുന്ന രണ്ട് പദ്ധതികളാണ് പ്രൊഡക്ഷൻ ഇൻസെന്റീവ് അഥവാ പ്രചോദന പരിപാടിയും ഇൻകം സപ്പോർട്ട് സ്കീം അഥവാ സാമ്പത്തിക താങ്ങൽ പദ്ധതിയും.

1) <u>പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം അഥവാ പ്രചോദന പരിപാടി</u>

അംഗീകൃത നിബന്ധനകളനുസരിച്ച് ശാസ്ത്രീയമായ വർക്ക് അസെസ്സ്മെന്റ് നടത്തി ഉൽപാദനത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത അളവിന് മുകളിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധിക ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടേയും അനുബന്ധ ജോലിക്കാരുടേയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്ന പദ്ധതിയാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പുതിയ പദ്ധതിയായ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലും പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുവാൻ വ്യവസ്ഥയുണ്ട്. ഇത് കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിച്ചിട്ടുണ്ട്.

2) <u>ഇൻകം സപ്പോർട്ട് സ്കീം</u>

കൈത്തറി തൊഴിലാളികൾക്കായി സർക്കാർ നടപ്പിലാക്കിവരുന്ന മറ്റൊരു പദ്ധതിയായ ഇൻകം സപ്പോർട്ട് സ്കീം കുറഞ്ഞ വേതനം പറ്റുന്ന അവശത അനുഭവിക്കുന്ന കൈത്തറി തൊഴിലാളികൾക്ക് സഹായമായ ഒന്നാണ്. ഇതുവഴി നിശ്ചിതകൂലിയിലും കുറവ് കൂലി ലഭിക്കുന്ന തൊഴിലാളികൾക്ക് നിശ്ചിതവരുമാനം ഉറപ്പ് വരുത്തുന്നതിന് ഈ പദ്ധതി വഴി സർക്കാർ നൽകുന്ന ധനസഹായത്തോടെ കഴിയുന്നുണ്ട്.

(സി) കൈത്തറി മേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനും നെയ്ത്ത് തൊഴിലെടുക്കുന്നവരെ പരമാവധി സഹായിക്കുന്നതിനും അവർക്ക് ഒരു സ്ഥിര വരുമാനം ലക്ഷ്യമിട്ടുമാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിയിൽ ഏകദേശം 3500 നെയ്ത്ത് തൊഴിലാളികൾ പങ്കെടുക്കുകയും അവർക്ക് സ്ഥിരവരുമാനവും കൂടുതൽ തൊഴിൽദിനങ്ങളും ലഭ്യമാക്കുകയും ചെയ്തു. കൂടാതെ പൂട്ടി കിടന്നിരുന്ന പല നെയ്ത്തുശാലകളേയും തറികളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും തറികൾ നന്നാക്കുന്നതിനുള്ള ധനസഹായം നൽകുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. ഈ പദ്ധതി നിലവിൽ വന്നതിനുശേഷം കൂടുതൽ നെയ്ത്ത് തൊഴിലാളികൾ ഇതിൽ അംഗങ്ങളാകുകയും പുതിയ അംഗങ്ങളെ

കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുവാനും നാളിതുവരെ സാധിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിലൂടെ ആവശ്യമായ നൂൽ വിതരണം നടത്തുന്നതിലൂടെ ആ മേഖലയിലെ തൊഴിലാളികൾക്കും തുണിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലും വിതരണം നടത്തുന്നതിലുൾപ്പെടെ നിരവധിപേർക്ക് ജോലി ഉറപ്പാക്കാൻ കഴിഞ്ഞു. കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് സമ്മാനിച്ചിരിക്കുകയാണ് പ്രസ്തുത പദ്ധതി.

(ഡി) സംസ്ഥാനത്തുള്ള പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ കൈത്തറി ഉൽപ്പന്നങ്ങൾ വിദേശത്തേക്ക് കയറ്റുമതി നടത്തുന്നുണ്ട്. കയറ്റുമതി പ്രോത്സാഹനത്തിനായി സംഘങ്ങൾക്ക് അവർ കയറ്റി അയയ്ക്കുന്ന കൈത്തറി ഉൽപന്നങ്ങളുടെ ആകെ വിറ്റുവരവിന്റെ 20% എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവായി നൽകി വരുന്നു. 2017-18 വർഷത്തിൽ കണ്ണൂർ ജില്ലയിലുള്ള ഇരിണാവ് വീവേഴ്സ്, കാഞ്ഞിരോട് വീവേഴ്സ് എന്ന കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് ആകെ 10 ലക്ഷം രൂപ എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ നൽകിയിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## വിനോദസഞ്ചാര മേഖലയുടെ പ്രോത്സാഹനവും പ്രചരണവും

25 (*55) ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ പ്രോത്സാഹനത്തിനും പ്രചരണത്തിനുമായി എന്തെല്ലാം നൂതന സംരംഭങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനൊപ്പം വിനോദസഞ്ചാരികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വിനോദസഞ്ചാര മേളകളിലാണ് കഴിഞ്ഞ വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാലയളവിൽ കേരള ടൂറിസത്തിന് ദേശീയ-അന്തർദ്ദേശീയ തലത്തിൽ ലഭിച്ച പുരസ്കാരങ്ങളും നേട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) രാജ്യത്തിനകത്തും വിദേശത്തുമുള്ള ടൂറിസം ഫെയറുകളിലെ പങ്കാളിത്തവും ബി 2 ബി മീറ്റുകളുടെ സംഘാടനവും മാർക്കറ്റിംഗ് ക്യാമ്പയിനുകളും സംസ്ഥാനത്തിന്റെ ടൂറിസം മേഖലയുടെ പ്രോത്സാഹനത്തിനായി നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനും സഞ്ചാരികൾക്ക് പുതിയ അനുഭവങ്ങൾ നൽകുന്ന രീതിയിലുമുള്ള പദ്ധതികൾക്കാണ് വകുപ്പ് പ്രാധാന്യം നൽകി വരുന്നത്. വകുപ്പ് നേരിട്ടും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യ സംരംഭകരിലൂടെ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു:

- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ഗ്രാമീണ മേഖലയിലെ പ്രാദേശിക ടൂറിസം വികസനത്തിനായി ആർ.ടി. മിഷൻ
- ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- പൈതൃക ഗ്രാമ പദ്ധതികൾ
- ജഡായു പാറ ടൂറിസം പദ്ധതി

(ബി) കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. വകുപ്പ് നേരിട്ടും പൊതു സ്വകാര്യ സംരംഭകരിലൂടെയുമാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നത്. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- കേന്ദ്ര ടൂറിസം മന്ത്രാലയം വിഭാവനം ചെയ്തിട്ടുള്ള പ്രസാദ് എന്ന പദ്ധതിയിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തി.
- പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ടൂറിസം പദ്ധതികൾക്കും വകുപ്പ് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്.
- കിഫ്ബിയുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടേയും സർക്യൂട്ടുകളുടേയും വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.

- കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളേയും കായലുകളേയും ഉൾപ്പെടുത്തിക്കൊണ്ട് 325 കോടി രൂപയുടെ 'മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്റ്റ് എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.
- ഉത്തരവാദിത്ത ടൂറിസത്തിനായി പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുണ്ട്.
- പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.
- ബേക്കലിൽ എയർസ്ട്രിപ്പിന് നടപടി, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനത്തിന് തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്.
- ഡി.റ്റി.പി.സി.കളുടേയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടേയും ശാസ്ത്രീയമായ പുനഃസംഘടനയ്ക്ക് നടപടി സ്വീകരിച്ചു വരുന്നു.
- ഗസ്റ്റ് ഹൗസുകളുടെ നവീകരണം.
- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയവയ്ക്ക് ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- പൈതൃക ഗ്രാമ സംരക്ഷണം
- 'ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' പദ്ധതി
- മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ.
- സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന 'ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി. ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതിയ്ക്ക് സർക്കാർ അനുമതി ലഭ്യമാക്കുകയും നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.
- തീർത്ഥാടക പൈതൃക ടൂറിസം പദ്ധതി.

ടൂറിസം കേന്ദ്ര സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലൈഫ് ഗാർഡുകളേയും ടൂറിസം പോലീസിന്റേയും സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ശ്രദ്ധ വേണ്ടി വരുന്ന മേഖലകളിൽ പരിശോധിച്ച് ആവശ്യമായ ശ്രദ്ധ നൽകുന്നതാണ്. പ്രധാനപ്പെട്ട ബീച്ചുകളിലും കായൽ മേഖലകളിലും സഞ്ചാരികൾക്കാവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ലൈഫ് ഗാർഡുകൾ, ടൂറിസം പോലീസ് എന്നിവരുടെ സാന്നിദ്ധ്യവും ഉറപ്പാക്കി വരുന്നു.

(സി) നാഷണൽ മേളകൾ

എ.ബി.പി. കൊൽക്കത്ത, ടി.ടി.എഫ്. ഹൈദരാബാദ്, കൊൽക്കത്ത, അഹമ്മദാബാദ്, മുംബൈ, ചെന്നെ, ഐ.ഐ.ടി.എം.-ചെന്നൈ, കൊച്ചി, ബാംഗ്ലൂർ, ഡൽഹി ഗുർഗാപോൺ സ്കാൽ എക്സ്പൊ-ഹൈദരാബാദ്, ഐ.ഐ.ടി.ഇ.-ഇൻഡോർ, ഐ.റ്റി.എം.-ലക്നോ, ജയ്പൂർ, ഹോളിഡേ എക്സ്പോ-കോയമ്പത്തൂർ, ഐ.ഐ.റ്റി.ഇ-മധുരൈ, ഐ.എ.റ്റി.ഒ-ഭുവനേശ്വർ എന്നിവയിലും കേരള വ്യാപാരമേള ബാംഗ്ലൂർ, ഡൽഹി എന്നിവയിലും കഴിഞ്ഞ വർഷം കേരള ടൂറിസം പങ്കെടുത്തു.

വിദേശ മേളകൾ

2017-18 സാമ്പത്തിക വർഷത്തിൽ കേരള ടൂറിസം ചുവടെ ചേർക്കുന്ന വിദേശ വിനോദസഞ്ചാര മേളകളിൽ പങ്കെടുത്തു.

1. പാറ്റ ട്രാവൽ മാർട്ട്, മക്കാവു
2. ഒഡീക്ക് ലീഷർ, റഷ്യ
3. ജാട്ട ടൂറിസം എക്സ്പോ, മലേഷ്യ
4. ഐ.എഫ്.റ്റി.എം. ടോപ് റീസ, ഫ്രാൻസ്
5. സി.ഐ.റ്റി.എം.-ചൈന
6. ഐ.റ്റി.ബി. ഏഷ്യ, സിംഗപ്പൂർ
7. ഡബ്ള്യു.റ്റി.എം. ലണ്ടൻ, യു.കെ
8. വാക്കന്റിബ്യൂർ, നെതർലാന്റ്
9. ഫിറ്റൂർ, സ്പെയിൻ
10. ന്യൂയോർക്ക് ടൈംസ് ട്രാവൽ ഷോ, യു.എസ്.എ.
11. ബി.ഐ.റ്റി., ഇറ്റലി

(ഡി) 2017-ൽ കേരള ടൂറിസത്തിന് ദേശീയ അന്തർദ്ദേശീയ തലത്തിൽ ലഭിച്ച അവാർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഡബ്ള്യു.റ്റി.എം. റെസ്പോൺസിബിൾ ടൂറിസം അവാർഡ് 2017

2. നാഷണൽ ടൂറിസം അവാർഡ്സ് 2017

- മികച്ച ടൂറിസം പ്രൊമോഷൻ പബ്ലിസിറ്റി മെറ്റീരിയൽ
- ഇംഗ്ലീഷ് അല്ലാത്ത വിദേശ ഭാഷയിലെ മികച്ച പ്രസിദ്ധീകരണം
- മികച്ച റെസ്പോൺസിബിൾ ടൂറിസം പദ്ധതി/സംരംഭം
- ടൂറിസം മേഖലയിൽ സമഗ്രമായ വളർച്ച കാഴ്ചവച്ച സ്റ്റേറ്റ് മൂന്നാം സമ്മാനം
- മികച്ച സിവിക് മാനേജ്മെന്റ് ടൂറിസം ഡെസ്റ്റിനേഷൻ (സരോവരം ബയോപാർക്ക്, കേരളം)
- ഹാൾ ഓഫ് ഫെയിം അവാർഡ്-നൂതനമായ രീതിയിൽ ഐ.റ്റി./സോഷ്യൽ മീഡിയ/മൊബൈൽ ആപ്പ് എന്നിവയുടെ ഉപയോഗം

3. പാറ്റാ ഗോൾഡ് അവാർഡ് 2017

4. ലോൺലി പ്ലാനറ്റ് അവാർഡ് 2017-റൊമാൻസിന് ഉതകുന്ന മികച്ച ഡെസ്റ്റിനേഷൻ-മൂന്നാർ, കേരളം ഇന്ത്യ

5. ബെറ്റർ ഹോളിഡേ അവാർഡ് 2017-ഇന്ത്യയിലെ ഏറ്റവും ഹൃദ്യമായ നദീതടപ്രദേശം

6. ഔട്ട്‌ലുക്ക് ട്രാവലർ അവാർഡ് 2017 -ആത്മീയതയ്ക്കും സൗഖ്യത്തിനും ഉതകുന്ന മികച്ച ഡെസ്റ്റിനേഷൻ

## സഹകരണ ബാങ്കുകളുടെ ആധുനികവൽക്കരണം

26 (*56) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> :
<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് രംഗത്ത് നടപ്പിലാക്കി വരുന്ന ആധുനികവൽക്കരണം സഹകരണ ബാങ്കുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; .

(ബി) സഹകരണ ബാങ്കുകളിൽ നിലവിലുള്ള വായ്പാനയം കാലാനുസൃതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിൽ സഹകരണ ബാങ്കുകളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സഹകരണ ബാങ്കുകളിൽ ആർ.ടി.ജി.എസ്., മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഉണ്ട്.

(ബി) ഓരോ പ്രദേശത്തേയും ജനങ്ങളുടേയും സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടേയും ആവശ്യകതയ്ക്കനുസൃതമായ വായ്പാ പദ്ധതികളാണ് അതതു സഹകരണ സംഘങ്ങൾ/ ബാങ്കുകൾ നടപ്പിലാക്കി വരുന്നത്.

(സി) നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സ്വന്തം നിലയിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും 45 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്ക് പ്രോജക്ട് ചെലവിന്റെ 90% അല്ലെങ്കിൽ 10 ലക്ഷം രൂപ ഏതാണോ കുറവ് ടി തുക കോർ ബാങ്കിംഗ് സർക്കാർ ധനസഹായമായി അനുവദിക്കുന്നുണ്ട്. മൊത്തം ധനസഹായത്തിന്റെ 50% വായ്പയായും 20% ഓഹരിയായും 20% സബ്സിഡിയുമായിട്ടാണ് തുക അനുവദിക്കുന്നത്.

2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 58 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിലേക്കായി 132.754 ലക്ഷം രൂപ ഓഹരിയായും 132.48 ലക്ഷം രൂപ സബ്സിഡിയായും 285.6875 ലക്ഷം രൂപ വായ്പയായും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സഹകരണ ബാങ്കിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും ആർ.ടി.ജി.എസ്, NEFT സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇടുക്കി, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകളിൽ മൊബൈൽ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിച്ചതിന് ശേഷം പ്രസ്തുത ബാങ്കിന് എല്ലാവിധ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ലഭിക്കുന്നതിനുവേണ്ട മുന്നൊരുക്കങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്.

## കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധന വ്യവസായവും

27 (*57) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനവ് കാരണം നിർമ്മാണമേഖലയാകെ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നിലവിൽ വന്ന ശേഷം നികുതി 5% ആയി കുറഞ്ഞിട്ടും കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില അമിതമായി വർദ്ധിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ക്വാറി, ക്രഷർ ഉല്പന്നങ്ങളുടെ വില ഏകീകരിക്കാനും ന്യായവില ഉറപ്പാക്കുന്നതിനുമായി കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): (എ) ക്വാറി ഉൽപന്നങ്ങളുടെ ദൗർലഭ്യംമൂലം കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വിലവർദ്ധനവുണ്ടായിട്ടുള്ളതായും തൻമൂലം നിർമ്മാണ മേഖലയിൽ പ്രതിസന്ധിയുണ്ടായിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജി.എസ്.ടി. നിലവിൽ വന്നതോടെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കൂടിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2-12-2016-ലെ ബഹു. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള ലൈസൻസുകൾ നിർബന്ധമാക്കിയ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന ക്വാറികൾക്കും ഖനനം നിർത്തേണ്ടി വന്നു. ചെങ്കൽ ക്വാറികൾക്കും ടി നിബന്ധനകൾ ബാധകമായതിനാൽ ഇത്തരം ക്വാറികളും പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ക്വാറി ഉൽപ്പന്നങ്ങൾ, മണൽ, ഇഷ്ടിക എന്നിവയുടെ ഇപ്രകാരമുള്ള ദൗർലഭ്യംമൂലം കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് നേരിയ വിലവർദ്ധനവുണ്ടായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ നിർബന്ധമായ സാഹചര്യത്തിൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങൾക്ക് നേരിയ വില വർദ്ധനവുണ്ടായിട്ടുണ്ട്. ഓരോ ജില്ലയിലേയും വില വ്യത്യസ്തമാണ്. ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് നേരിടുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്:

1. 5-ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടേയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.
2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ. (പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തി.
4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയ ബന്ധിതമായി തീരുമാനമെടുക്കാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.
5. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു.

കൂടാതെ ക്വാറി ഉൽപ്പന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ കരസ്ഥമാക്കി ക്വാറികൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ കരിങ്കൽ ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിച്ച് വില നിയന്ത്രിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## നിർമ്മാണ പ്രവർത്തനം നടന്നു വരുന്ന ജലവൈദ്യുത പദ്ധതികൾ

28 (*58) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. കെ. ശശി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യമായ തോതിലും ഗുണത്തിലും വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ നിർമ്മാണം നടന്നുവരുന്ന പ്രധാന ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന പദ്ധതികളുടെ ആകെ ഉല്പാദന ശേഷി എത്രയാണെന്ന് അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) സംസ്ഥാനത്ത് ആവശ്യമായ തോതിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനായി നിർമ്മാണം നടന്നു വരുന്ന 9 ജലവൈദ്യുത പദ്ധതികൾ (ആകെ 166.5 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ ആകെ 53 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 3 പദ്ധതികൾ ഈ വർഷം തന്നെ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. ബാക്കി 6 പദ്ധതികൾ 2020-2021 -ഓടുകൂടി പൂർത്തിയാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ ആകെ 149 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 15 പുതിയ ജലവൈദ്യുത പദ്ധതികൾമൂലം പ്രതിവർഷം 906 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പദിപ്പിക്കാൻ സാധിക്കും.

2018 ഫെബ്രുവരി 19-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 67.76 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉൽപ്പാദനം 11.57 ദശലക്ഷം യൂണിറ്റാണ്. കേരളത്തിനാവശ്യമായ അധിക വൈദ്യുതി സംസ്ഥാനത്തിന് പുറത്തു നിന്നും കേന്ദ്ര വിഹിതമായും ദീർഘകാല കരാർ വഴിയുമാണ് ലഭ്യമാക്കുന്നത്.

സ്വകാര്യമേഖലയുടെ സഹായത്തോടെ 'BOOT' അടിസ്ഥാനത്തിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ 30 വർഷത്തേയ്ക്ക് അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഈ 20 പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതോത്പാദനം നടത്തുന്നതിന് 3 പദ്ധതികളാണ് അനെർട്ട് നടത്തിവരുന്നത്.

1. സോളാർ കണക്ട് (വൈദ്യുത ശൃംഖലാബന്ധിതം)

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗം കഴിഞ്ഞ് അധികം വരുന്നത് വൈദ്യുത വിതരണ കമ്പനികളുടെ ലൈനിലേക്ക് നൽകുന്ന പദ്ധതിയാണിത്. ഇത് ഗാർഹികവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡിയോടുകൂടിയും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് സബ്സിഡിയില്ലാതെയും നടത്തി വരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 8 മെഗാവാട്ടിൽ അധികം സ്ഥാപിതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 10 മെഗാവാട്ടിനുള്ള അനുമതി ലഭിച്ചതനുസരിച്ച് നാളിതുവരെ ഏകദേശം 2 മെഗാവാട്ട് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുവാനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടന്നുവരികയാണ്.

2. സോളാർ ഓഫ്ഗ്രിഡ് പ്രോഗ്രാം (ബാറ്ററി ബാക്ക് അപ് ഓടുകൂടിയത്) വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്ത മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ബാറ്ററിശേഷിയോടുകൂടി ഉപയോഗിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി 13 മെഗാവാട്ട് സ്ഥാപിതശേഷി ഇതുവരെ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 6.4 മെഗാവാട്ടാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ ഏകദേശം 4 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടപടികൾ നടന്നുവരികയാണ്.

3. RESCO (Renewable Energy Service Company) Model

വൈദ്യുത പവർപ്ലാന്റ് മേൽക്കൂരയിൽ സ്ഥാപിച്ച് കുറഞ്ഞ നിരക്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കുവാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

ജ്യോതിസ് എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര/ സംസ്ഥാന സർക്കാർ കെട്ടിടങ്ങൾക്ക് മുതൽമുടക്കില്ലാതെ SECI എംപാനൽ ചെയ്തിരിക്കുന്ന ഏജൻസികൾ മുഖേന 50 കിലോവാട്ട് മുതൽ സോളാർ പാനലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

വൈദ്യുത ഉത്പാദനത്തിന് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പദ്ധതികൾ അനെർട്ട് നടപ്പിലാക്കി വരുന്നു. കെ.എസ്.ഇ.ബി.എൽ. വഴി സർക്കാർ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള ഒരു പദ്ധതിക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്.

(ബി&സി) നിർമ്മാണം നടന്നുവരുന്ന കെ.എസ്.ഇ.ബി. ജലവൈദ്യുത പദ്ധതികളും അവ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന തീയതികളും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതികൾ | സ്ഥാപിതശേഷി (മെഗാവാട്ട്) | ഉൽപ്പാദനശേഷി (ദശലക്ഷം യൂണിറ്റ്) | പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന തീയതി |
|---|---|---|---|---|
| 1. | കക്കയം | 3 | 10.39 | 3/18 |
| 2. | ഭൂതത്താൻ കെട്ട് | 24 | 83.50 | 12/2018 |
| 3. | പെരിങ്ങൽകുത്ത് | 24 | 45.02 | 12/2018 |
| 4. | അപ്പർ കല്ലാർ | 2 | 5.14 | 12/2018 |
| 5. | ചാത്തൻകോട്ടുനട-2 | 6 | 14.76 | 11/2019 |
| 6. | ചെങ്കുളം ഓഗ്മെന്റേഷൻ | - | 85 | 12/2020 |
| 7. | തോട്ടിയാർ | 40 | 99 | 6/2020 |
| 8. | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 | 12/2020 |
| 9. | പഴശ്ശിസാഗർ | 7.5 | 25.16 | 4/2020 |
| | | 166.5 | 521.87 | |

സ്വകാര്യ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളും അവ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന തീയതിയും ചുവടെ ചേർക്കുന്നു:

(1) 8 MW -ന്റെ ആനക്കാംപൊയിൽ പദ്ധതി (കോഴിക്കോട് ജില്ല)- 2018 ഒക്ടോബർ

(2) 4.5 MW -ന്റെ അരിപ്പാറ പദ്ധതി (കോഴിക്കോട് ജില്ല)-2018 ഡിസംബർ

(3) 20 KW -ന്റെ കാട്ടുവെട്ടി മൈക്രോ ജലവൈദ്യുത പദ്ധതി-2018 മേയ്

(ഡി) നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന കെ.എസ്.ഇ.ബി. പദ്ധതികളുടെ ആകെ ഉല്പാദനശേഷി 166.5 മെഗാവാട്ട് -521.87 ദശലക്ഷം യൂണിറ്റ്.

നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന സ്വകാര്യമേഖലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ആകെ ഉല്പാദനശേഷി 12.52MW

## 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയമം

29 (*59) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; അത് പൂർണ്ണ തോതിൽ പാലിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിയമ പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനമായി കുറച്ച് കൊണ്ടുവരണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്; പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് സാധിച്ചിരുന്നോ;

(സി) റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; തനത് നികുതി വരുമാനം വർദ്ധിപ്പിച്ച് കൊണ്ട് റവന്യൂ കമ്മി പടിപടിയായി കുറച്ചുകൊണ്ടുവരിക എന്ന സമീപനം വിജയപ്രദമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനങ്ങളുടെ ഡെബ്റ്റ് സസ്റ്റൈനബിലിറ്റി അടിസ്ഥാനമാക്കി ധനകമ്മിയുടെ ലക്ഷ്യം നിശ്ചയിക്കണമെന്നും അതിലൂടെ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ വായ്പ എടുക്കുന്നതിനായി സംസ്ഥാന സർക്കാരുകളെ അനുവദിക്കണമെന്നുമുള്ള ആവശ്യം കേന്ദ്രത്തിന് മുമ്പിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്രത്തിന്റെ പ്രതികരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുസരിച്ചുള്ള പ്രധാന വ്യവസ്ഥകളും കൈവരിച്ച നേട്ടവും ചുവടെ ചേർക്കുന്നു.

(ശതമാനത്തിൽ)

| ധനസൂചകങ്ങൾ | | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|---|
| റവന്യൂ കമ്മി/ ജി.എസ്.ഡി. പി | ലക്ഷ്യം | 1.4 | 0.9 | 0.5 | 0 |
| | നേട്ടം | 2.61 | 2.68 | 2.44 | 2.65 |
| ധനകമ്മി/ജി.എസ്.ഡി.പി | ലക്ഷ്യം | 3.5 | 3.5 | 3.0 | 3.0 |
| | നേട്ടം | 4.16 | 4.29 | 3.66 | 3.59 |
| കടബാദ്ധ്യത/ജി.എസ്.ഡി.പി | ലക്ഷ്യം | 32.3 | 31.7 | 30.7 | 29.8 |
| | നേട്ടം | 29.04 | 29.64 | 26.71 | 26.05 |

സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ച വരുന്ന റവന്യൂ ചെലവും കാരണമാണ് ധന ഉത്തരവാദിത്ത നിയമത്തിൽ അനുശാസിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് സാധിക്കാതിരിക്കുന്നത്. എന്നാൽ കടം/ജി.എസ്.ഡി.പി. അനുപാതം ലക്ഷ്യത്തിനുള്ളിൽതന്നെ നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

(സി) സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്. ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും റവന്യൂ കമ്മി കുറയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ജി.എസ്.ടി.-യുടെ ഭാഗമായി ഫെബ്രുവരി 1 മുതൽ ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതുവഴി ജി.എസ്.ടി.യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എക്സൈസ് രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണ വിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു.

അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനുപുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടുവരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവ് ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുപകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാച്ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണമേർപ്പെടുത്തും.

സംസ്ഥാന തനത് നികുതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവുമാണ് റവന്യൂകമ്മി നിയന്ത്രിക്കുന്നതിന് തടസ്സമായ കാരണങ്ങൾ. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17-ൽ റവന്യൂ കമ്മി 2.5 ശതമാനമായിരുന്നു. 2017-18 -ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19-ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) നിലവിലുള്ള നിശ്ചിത സംഖ്യാടിസ്ഥാനത്തിലുള്ള ധനകമ്മി/ജി.എസ്.ഡി.പി. ലക്ഷ്യം 4 മുതൽ 6 വരെയുള്ള പരിധിക്കുള്ളിൽ നിജപ്പെടുത്തണമെന്നും സമ്പദ്ഘടനയുടെ വളർച്ചയെ ബന്ധപ്പെടുത്തി ധനകമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കണമെന്നും കേന്ദ്രസർക്കാർ നിയമിച്ച എഫ്.ആർ.ബി.എം. കമ്മിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല. നിലവിൽ അനുവദിച്ചിട്ടുള്ള കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.യുടെ 3% ആണ്. ഇത് അപര്യാപ്തമായതിനാൽ 2018-19 വർഷത്തിൽ പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.യുടെ 3.5 ശതമാനമായി ഉയർത്തണമെന്ന് കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## നോട്ട് നിരോധനം

30 (*60) ശ്രീ. കെ. രാജൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം ഒരു വർഷം പിന്നിടുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ ആയത് എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) നോട്ട് നിരോധനംമൂലം സംസ്ഥാനത്തിന് ഏതൊക്കെ മേഖലകളിലാണ് പ്രതീക്ഷിത വരുമാനം ലഭിക്കാത്തതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥിതി മറികടക്കുന്നതിന് ഏതൊക്കെ മാർഗ്ഗങ്ങൾ അവലംബിച്ചുവെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ എത്രത്തോളം പ്രതികൂലമായി ബാധിച്ചുവെന്ന കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും 2016-17 ബജറ്റിൽ സംസ്ഥാനത്തിന്റെ തനതുനികുതി വരുമാനമായി പ്രതീക്ഷിച്ചിരുന്നത് 47,613.61 കോടി രൂപയായിരുന്നു. എന്നാൽ നോട്ടുനിരോധനം നടപ്പിലാക്കിയ ടി സാമ്പത്തിക വർഷത്തിൽ 42,176.43 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചത്.

(ബി) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പല മേഖലകളിലും കറൻസി വഴിയുള്ള വിനിമയം വൻതോതിൽ നിലനിൽക്കുന്നു. തന്മൂലം അസംഘടിത മേഖലകളിലേയും പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ചു കഴിയുന്ന ലക്ഷകണക്കിനാളുകളെ നോട്ട് നിരോധനം നേരിട്ട് ബാധിച്ചു. സംസ്ഥാനത്ത് 25 ലക്ഷത്തിൽപരം ഇതര സംസ്ഥാന തൊഴിലാളികൾ വേലയെടുക്കുന്നുണ്ട്. ഇതിൽ നല്ലൊരു വിഭാഗത്തിന് മേൽ തീരുമാനംമൂലം ജോലി നഷ്ടപ്പെട്ടു.

സംസ്ഥാനത്തിന്റെ ഉല്പാദന-സർവ്വീസ് മേഖലകൾക്ക് ശക്തമായ പിന്തുണ നൽകുന്ന സഹകരണ ബാങ്കിംഗ് സംവിധാനത്തിന് കറൻസി ക്ഷാമം ഏൽപ്പിച്ച ആഘാതം മേൽ മേഖലകളിൽ നിന്നുള്ള വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ടൂറിസം മേഖലയിൽ കറൻസിക്ഷാമയുള്ള നെട്ടോട്ടം ഇടിവാണ് സൃഷ്ടിച്ചത്. പുറംവരുമാനം

കേരള സമ്പദ് വ്യവസ്ഥയുടെ ഒരു പ്രധാന ഭാഗമാണ്. ഇപ്പോൾ അടിച്ചേൽപ്പിക്കപ്പെട്ടിട്ടുള്ള സാമ്പത്തിക നിയന്ത്രണങ്ങൾ പുറംവരുമാനത്തിന്റെ വരവിനെ ബാധിച്ചിരിക്കുന്നു. ഇക്കാരണങ്ങളാൽ നോട്ട് റദ്ദാക്കൽ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കും ജനങ്ങൾക്കും കനത്ത ആഘാതമേൽപ്പിച്ചിരിക്കുന്നു.

(സി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളേയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായിരുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിരുന്നു. പക്ഷേ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾമൂലം ട്രഷറിയിലെ ക്രയവിക്രയങ്ങൾക്ക് തടസ്സം നേരിട്ടു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിരുന്നു. എന്നിരുന്നാലും ടി പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടത്.

<u>ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ</u>

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി.എസ്.ബി അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

<u>ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ</u>

1. കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

2. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. ട്രഷറി സേവിംഗ്സ് ബാങ്കിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ ഉപകരിക്കുന്ന 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ-ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുംകൂടി വരും വർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇ-വേ ബിൽ സംവിധാനം

1 (330) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ- വേ ബിൽ സംവിധാനം എന്ന് മുതൽ നടപ്പിലാക്കി തുടങ്ങിയെന്ന് അറിയിക്കുമോ;

(ബി) ഇ-വേ ബിൽ സംവിധാനം നടപ്പിലാക്കി തുടങ്ങിയത് മുതൽ നാളിതുവരെ പിഴ ഇനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എത്ര തുകയിൽ കൂടുതൽ മൂല്യമുള്ള ഉത്പന്നങ്ങൾക്കാണ് ഇ- വേ ബിൽ ആവശ്യമുള്ളത് ; നിർദിഷ്ട തുകയിൽ കുറഞ്ഞ മൂല്യമുള്ള ഉത്പന്നങ്ങൾ പല തവണയായി കടത്താനുള്ള സാധ്യതയും പരിഹാര മാർഗ്ഗങ്ങളും ജി. എസ്. ടി. വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചരക്ക് സേവന നികുതിയുടെ ഭാഗമായി അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് 2018 ഫെബ്രുവരി 1 മുതൽ ഇ-വേ ബിൽ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇ-വേ ബിൽ സോഫ്റ്റ്‌വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്രസർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2-ന് പുറപ്പെടുവിച്ചു. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ എടുക്കുന്നതിനുള്ള അവസരം ഇപ്പോഴും നിലവിലുണ്ട്.

(സി) ഇ-വേ ബിൽ സമ്പ്രദായത്തിൽ 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള പ്രത്യേകമായി ഒഴിവാക്കിയിട്ടില്ലാത്ത ചരക്കുകളുടെ കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. ട്രാൻസ്പോർട്ടറെ സംബന്ധിച്ചിടത്തോളം ഒരു ബില്ലിൽ 50,000 രൂപ എന്ന പരിധി ബാധകമല്ല. ഒരു വാഹനത്തിൽ മൊത്തം 50,000 രൂപയ്ക്ക് മുകളിലുള്ള ചരക്കുകളുണ്ടെങ്കിലും ഇ-വേ ബിൽ എടുക്കേണ്ടതുണ്ട്. അതിനാൽ ഇത്തരത്തിലുള്ള വെട്ടിപ്പിനുള്ള സാധ്യത കുറവാണ്.

**ദുരന്തനിവാരണ ഫണ്ടിൽനിന്നും ചെലവഴിച്ച തുക**

2 (331) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫ്. -ൽ നിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ചെലവഴിച്ചെന്നും ഇനിയെത്ര മിച്ചമുണ്ടെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും 133 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി)
1. 2245-01-101-99-D-Agri Crop Loss
2. 2245-01-101-98-D-Food & Clothing
3. 2245-01-102-99-D-Drinking Water Supply
4. 2245-02-101-98-F-Food & Clothing
5. 2245-02-101-96-F-Supply of Medicines
6. 2245-02-101-95-F-Agri Crop Loss
7. 2245-02-101-94-F-Other Items
8. 2245-02-102-99-F-Drinking Water Supply
9. 2245-02-105-99-F-Veterinary Care
10. 2245-02-106-99-F- Restoration of Damaged Roads
11. 2245-02-107-99-F- Repairs to Govt. Office Building
12. 2245-02-110-99-F-Repairs of damaged water supply schemes
13. 2245-02-111-99-Ex-gratia to bereaved families
14. 2245-02-112-99-F- Evacuation of population
15. 2245-02-113-99-F- Repair to Damaged Houses

16. 2245-02-115-99-F- Assistance to Farmers to Clear Salt/ Silt
17. 2245-02-118-99-00-00-00-F- Repair and Replacement of damaged Fishing Boats
18. 2245-02-114-99-F- Assistance to farmers to Purchase Agri inputs
19. 2245-02-119-99-F- Assistance for Artisans for repair/ replacement of damaged tools
20. 2245-02-122-99-F- Repair/Replacement of damaged irrigation works
21. 2245-80-800-80-Other Miscellaneous Relief Expenditure
22. 2245-01-105-99-D-Veterinary care
23. 2245-02-800-96-F- Exgratia to injured persons

(സി) 2016-17 സാമ്പത്തികവർഷം 15,23,30,22,734 രൂപ ചെലവാക്കുകയുണ്ടായി. 2017-18 സാമ്പത്തികവർഷം 2,43,65,50,463 രൂപ വിവിധ ശീർഷകങ്ങളിലായി ബന്ധപ്പെട്ട കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിലവിൽ 35,79,00,537 രൂപയും (കളക്ടർമാരുടെ കൈവശമുള്ള തുക കിഴിച്ചിട്ടുള്ള തുക) ബാക്കിയുണ്ട്.

**നോട്ട് നിരോധനം**

3 (332) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനത്തെ തുടർന്ന് കനത്ത തിരിച്ചടി നേരിട്ട ചില്ലറ വ്യാപാരരംഗത്ത് ജി.എസ്.ടി. ഉണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഒറ്റ ബ്രാൻഡ് ചില്ലറ വ്യാപാരത്തിൽ 100 ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം കേന്ദ്ര സർക്കാർ അനുവദിച്ചത് സംസ്ഥാനത്തെ ചില്ലറ വ്യാപാരരംഗത്ത് തിരിച്ചടിയുണ്ടാക്കാതിരിക്കാനായി എന്തെങ്കിലും മാർഗം ആലോചിക്കുന്നുണ്ടോ;

(സി) ഈ പശ്ചാത്തലത്തിൽ ഇ-കോമേഴ്സ് വ്യാപകമാക്കുന്നത് ചെറുകിട വ്യാപാരികളെയും നിർമ്മാതാക്കളെയും കൂടുതൽ പ്രതിസന്ധിയിലാക്കാതെ സംരക്ഷണം സാധ്യമാകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പ് ഒന്നരക്കോടി രൂപവരെ വിറ്റുവരവുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളെ എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ജി.എസ്.ടി.-യിൽ 20 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള എല്ലാവർക്കും ചരക്ക്സേവന നികുതി ബാധകമാണ്. ഇത് വൻകിടക്കാരുമായുള്ള മത്സരത്തിൽ ചെറുകിട വ്യവസായികളെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ചെറുകിട വ്യവസായികൾക്കും വ്യാപാരികൾക്കും കുറഞ്ഞ നിരക്കിൽ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നതിനുള്ള പരിധി രണ്ട് കോടി രൂപയായി ഉയർത്തണമെന്ന് കേരളവും ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് തത്വത്തിൽ ജി.എസ്.ടി. കൗൺസിൽ അംഗീകരിക്കുകയും ഇതിനനുസൃതമായി നിയമഭേദഗതി ഉൾപ്പെടുത്തിയുള്ള ശിപാർശ ജി.എസ്.ടി. കൗൺസിലിൽ ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു. ഇത് ഒരു പരിധിവരെ ചെറുകിട വ്യവസായ വ്യാപാര മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആധുനിക രംഗത്ത് ഏറ്റവുമധികം വളർച്ചയുണ്ടാകുന്ന മേഖലയാണ് ഇ-കോമേഴ്സ്. ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് ഏതെങ്കിലും ഒരു സംസ്ഥാനത്തിന് മാത്രമായി ഇ-കോമേഴ്സ് മേഖലയിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഭരണഘടനാപരമായി അധികാരമില്ല.

**കാൻസർ രോഗികളുടെ പെൻഷൻ സംബന്ധിച്ച്**

4 (333) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാൻസർ രോഗികളുടെ പെൻഷൻ എത്ര മാസം വരെ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കാമോ; ആയതിന് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എത്രയാളുകൾക്ക് ഈ പെൻഷൻ നൽകുന്നുവെന്നും ഇതിനുവേണ്ടി എത്ര രൂപ ചെലവാകുന്നുവെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പെൻഷൻ അനുവദിക്കുന്നതിനുള്ള മനദണ്ഡം വ്യക്തമാക്കാമോ; ഏത് വകുപ്പുവഴിയാണ് പെൻഷന് അപേക്ഷ നൽകേണ്ടത്; ആയതിന് പ്രത്യേക അപേക്ഷ ഫാറം ഉണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനം

5 (334) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിന് 2016-2017 ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് 2016-2017-ലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇൻകൽ തയ്യാറാക്കി നൽകിയ ഡി.പി.ആർ-ന്റെ അംഗീകാരവുമായി ബന്ധപ്പെട്ട് Kerala Infrastructure Investment Fund Board (കെ. ഐ.ഐ. എഫ്. ബി) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഡി.പി.ആറിന് ഭരണാനുമതി ലഭ്യമാക്കുമോ;വിശദ വിവരം ലഭ്യമാക്കുമോ ?

### ഉത്തരം

(എ-സി) 21-2-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 596/2018/ ആ.കു.വ. പ്രകാരം മാവേലിക്കര ജില്ലാ ആശുപത്രിയുടെ സമഗ്രവികസനം കെ.ഐ.ഐ.എഫ്.ബി. മുഖാന്തരം നടപ്പാക്കുന്നതിലേയ്ക്കായി M/s INKEL Limited-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. M/s INKEL Limited വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ആരോഗ്യവും കുടുംബക്ഷേമവും (പി) വകുപ്പ് അറിയിച്ചിട്ടുണ്ട്.

## ചെലവ് ചുരുക്കൽ

6 (335) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മോശമായ ധനസ്ഥിതി കണക്കിലെടുത്ത് ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനായി ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ തരം ചെലവുകൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിലേയ്ക്കായി ചെലവുകൾ നിയന്ത്രിച്ചുകൊണ്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. കൂടാതെ മേൽ പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ മറികടക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കമ്മിറ്റ്മെന്റ് ചാർജ്ജായി നൽകിയ തുക**

7 (336) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2017-ൽ വകയിരുത്തലുകൾക്കുപരിയായി വിനിയോഗിച്ച അധിക ചെലവുകളുടെ വിവരങ്ങൾ നല്കാമോ; ലോക ബാങ്ക്, എ.ഡി.ബി തുടങ്ങിയ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര രൂപയാണ് കമ്മിറ്റ്മെന്റ് ചാർജ്ജായി സർക്കാർ നല്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**ജനസാന്ത്വനം പദ്ധതി**

8 (T 337) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി മുഖേന ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുവാൻ സാധിച്ചിട്ടുണ്ട് ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നറിയാൻ പൊതുജനങ്ങൾക്ക് സാധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. ജനസാന്ത്വനം പദ്ധതിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അതാത് ജില്ലാ കളക്ടർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ജനസാന്ത്വനം പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചശേഷം അപേക്ഷകളിന്മേൽ തീർപ്പ് ഉണ്ടാകുന്നതാണ്.

(ബി-ഡി) ജനസാന്ത്വനം പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചശേഷം അപേക്ഷകളിന്മേൽ തീർപ്പ് ഉണ്ടാകുന്നതാണ്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക**

9 (338) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യസുരക്ഷാ പെൻഷൻകാർക്ക് നല്കുവാനുള്ള പെൻഷൻ കുടിശ്ശിക എത്രയായിരുന്നു എന്നും ആയത് ഈ സർക്കാർ വിതരണം ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക വിതരണത്തിനുശേഷം ഈ സർക്കാർ കാലയളവിൽ സാമൂഹ്യസുരക്ഷാ പെൻഷൻകാരുടെ എന്നു വരെയുള്ള പെൻഷൻ നല്കിയെന്ന വിശദാംശം ലഭ്യമാക്കുമോ;

(സി) ഒന്നിൽ കൂടുതൽ സാമൂഹ്യസുരക്ഷാ പെൻഷൻ നല്കുവാൻ നിലവിൽ വ്യവസ്ഥകളുണ്ടോയെന്നും അപ്രകാരമില്ലെങ്കിൽ ഇത്തരക്കാരുടെ പേരിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ പെൻഷൻ വാങ്ങുന്നവരായി എത്ര പേരുണ്ടെന്നും, അറിവില്ലായ്മമൂലം വാങ്ങിയവരുണ്ടെങ്കിൽ അവരെ നടപടികളിൽ നിന്നും ഒഴിവാക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്ക് നൽകുവാനുണ്ടായിരുന്ന കുടിശ്ശിക 1525.34 കോടി രൂപയായിരുന്നു. പ്രസ്തുത തുക അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ബി) കുടിശ്ശിക വിതരണത്തിന് ശേഷം 2017 നവംബർ വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള വ്യവസ്ഥ പ്രകാരം 6-2-2017-ന് മുമ്പ് ഒന്നിലധികം പെൻഷൻ വാങ്ങിവന്നിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. 6-2-2017-ന് ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ പുതിയതായി അനുവദിക്കുന്നതല്ല. അനർഹമായി വാങ്ങിയ പെൻഷൻ തുക തിരിച്ചടപ്പിക്കുന്നതും ഇത്തരത്തിൽ അനർഹമായി പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

(ഡി) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അനർഹമായി പെൻഷൻ വാങ്ങുന്നവരെ കണ്ടെത്താനായി സർക്കാർ ഒരു സർവ്വേ നടത്തുന്നതാണ്. അനർഹമായി പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് സ്വമേധയാ പെൻഷൻ ഉപേക്ഷിക്കുന്നതിന് 2018 മാർച്ച് 31 വരെ സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. അതിന് ശേഷവും പെൻഷൻ ഉപേക്ഷിക്കാത്തവരിൽനിന്ന് അനർഹമായി അധികമായി വാങ്ങിയ പെൻഷൻ തുക തിരിച്ച് പിടിക്കുന്നതാണ്.

## 2017-18 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

10 (339) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പുതുതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം;

(ബി) ഇവയിൽ നാളിതുവരെ ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയവ എത്ര;

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## നികുതിയേതര വരുമാനം

11 (340) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ സംസ്ഥാനത്തിന് ലഭിച്ച നികുതിയേതര വരുമാനം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നികുതിയേതര വരുമാനത്തിൽ എത്ര വർദ്ധനവാണ് ഉണ്ടായിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നികുതിയേതര വരുമാനം സംബന്ധിച്ച് 2017 ഡിസംബർ വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറൽ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് പ്രകാരം 61,73,36,70,372 രൂപയാണ് നികുതിയേതര വരുമാനമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പുവർഷം ഡിസംബർ 31 വരെ നികുതിയേതര വരുമാനത്തിൽ 895,82,81,183 രൂപയുടെ വർദ്ധനവ് (16.97%) ഉണ്ടായിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ വിദ്യാഭ്യാസ വായ്പ

12 (341) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവിന് ബാങ്കുകളുമായി ചേർന്ന് സർക്കാർ നടപ്പിലാക്കിയ സഹായ പദ്ധതിക്ക് ആലത്തൂർ മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം അനുവദിച്ച തുക സഹിതം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ബാങ്ക് ബ്രാഞ്ചുകൾ അടിസ്ഥാനമാക്കി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പോർട്ടലിൽ ഏർപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സർക്കാർ വായ്പ എടുത്ത തുകയുടെ വിനിയോഗം

13 (342) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സർക്കാർ വായ്പ എടുത്ത തുക കടബാധ്യതകൾ തീർക്കുന്നതിനുവേണ്ടി ചെലവഴിക്കുകയുണ്ടായോ; എങ്കിൽ എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി; വിശദമാക്കാമോ;

(ബി) ഈ സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിട്ടുണ്ടായിരുന്നുവോ;

(സി) എങ്കിൽ ധവളപത്രത്തിലൂടെ മുൻസർക്കാരിനെതിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുക പ്രധാനമായും പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ 2016-17-ൽ 22,813.25 കോടി രൂപയും 2017-18 നവംബർ 30 വരെ 10,728.06 കോടി രൂപയും പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി&സി) ധവളപത്രം ഇത്തരം സാഹചര്യങ്ങളുടെ വിലയിരുത്തലാണ്.

## റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

14 (343) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് അറിയിക്കുമോ; അതിലൂടെ റവന്യൂവരുമാനത്തിൽ എന്ത് വർദ്ധനവാണ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് വിജയപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സാമ്പത്തികമായി ബുദ്ധിമുട്ടുന്ന അവസരത്തിൽ രാഷ്ട്രീയ പാർട്ടി നേതാക്കളുടെ പേരിൽ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനും മ്യൂസിയം നിർമ്മിക്കുന്നതിനും സ്റ്റഡി സെന്ററുകൾ സ്ഥാപിക്കുന്നതിനും ഖജനാവിൽ നിന്നും പണം വിനിയോഗിക്കുന്നത് ഒഴിവാക്കുമോ;

(ഡി) അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനവകുപ്പ്, ട്രഷറി എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടുള്ള വിവിധ ഡാറ്റാ ബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റവും ഇന്റലിജന്റ് ഫോർകാസ്റ്റിംഗ് ഉപാധികൾ ഉൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ്മെന്റ് സിസ്റ്റവും തയ്യാറാക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്. ജി.എസ്.ടി.-യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതുവഴി ജി.എസ്.ടി.-യിൽനിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എക്സൈസ്, രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽനിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു.

സർക്കാരിന് കൂടുതൽ വരുമാനം എത്തിക്കുന്ന പ്രധാന വകുപ്പുകളുടെ വരുമാനം പ്രതിമാസാടിസ്ഥാനത്തിൽ പരിശോധിക്കുകയും വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ 9.53% അധിക വരുമാനം ലഭിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ധനവിനിമയ ഉത്തരവുകൾ കർശനമായി പാലിച്ചു കൊണ്ടും ധൂർത്ത് ഒഴിവാക്കിയും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയും അനാവശ്യ ചെലവുകൾ വലിയൊരളവ് വരെ നിയന്ത്രിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

(സി) ഒരു നാടിനും അതിന്റെ ചരിത്രം വിസ്മരിച്ചുകൊണ്ടോ തിരസ്കരിച്ചു കൊണ്ടോ മുന്നേറാനാകില്ല. നമ്മുടെ നാട് ഇന്നത്തെ നിലയിലെത്തിയ വഴികൾ പുതുതലമുറയെ ഓർമ്മിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം വർത്തമാനകാല സ്ഥിതിവിശേഷങ്ങൾ അടിവരയിടുന്നുണ്ട്. ഈ ചരിത്രത്തിന്റെ പ്രതീകങ്ങൾ ആവിഷ്കരിച്ച് അവതരിപ്പിക്കുന്നതിനും പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള ചെലവ് അനാവശ്യച്ചെലവല്ല, അനിവാര്യച്ചെലവാണ്.

(ഡി) അക്കൗണ്ടന്റ് ജനറൽ ആഫീസ്, ധനവകുപ്പ്, ട്രഷറി എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടുള്ള വിവിധ ഡാറ്റാബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇന്റലിജന്റ് ഫോർകാസ്റ്റിംഗ് ഉപാധികൾ ഉൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ്മെന്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുവേണ്ട സോഫ്റ്റ്വെയർ ഡെവലപ്മെന്റ് നടപടികൾ പുരോഗമിക്കുന്നു.

## ഇ-വേ ബിൽ സമ്പ്രദായം

15 (344) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വേ ബിൽ സമ്പ്രദായം പ്രാവർത്തികമാവാത്തതുകൊണ്ടും ജി.എസ്.ടി സ്ക്വാഡുകളുടെ പരിശോധന നാമമാത്രമാവുകയും ചെയ്തതോടെയും സംസ്ഥാനത്ത് നികുതി വെട്ടിപ്പ് വർദ്ധിച്ചതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതരസംസ്ഥാനങ്ങൾ ജി.എസ്.ടി.യെ തുടർന്ന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ എണ്ണം ഇരട്ടിയാക്കിയപ്പോൾ കേരളത്തിൽ ഇതുണ്ടായില്ലെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) സ്ക്വാഡുകളുടെ എണ്ണത്തിലുള്ള കുറവ് പരിശോധനകൾ പരിമിതപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് വൻതോതിൽ കുതിച്ചുയരുന്നതിനും കാരണമായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക്പോസ്റ്റ് നിർത്തലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതി വെട്ടിപ്പും തടയുന്നതിനുവേണ്ടി ചെക്ക്പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് ചെക്ക്പോസ്റ്റുകൾ ഇല്ലാതായതോടെ പല സംസ്ഥാനങ്ങളിലും ഉദ്യോഗസ്ഥരുടെ പുനർവിന്യാസം നടന്നിട്ടുണ്ട്. അപ്രകാരം കേരളത്തിലും പുനർവിന്യാസം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഇ-വേ ബിൽ പൂർണ്ണമായും നടപ്പാക്കാത്തതുകൊണ്ടും സാങ്കേതിക പ്രശ്നങ്ങൾമൂലം റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെടാത്തതുകൊണ്ടും അന്തർസംസ്ഥാന ചരക്കുനീക്കത്തിൽ വെട്ടിപ്പുകൾ ഉണ്ടാകുന്നുവെന്ന് സംശയം ബലപ്പെട്ടതിനെത്തുടർന്ന് പ്രധാന അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് വാഹനപരിശോധന കർശനമാക്കുന്നതിന് സ്ക്വാഡുകളുടെ പുനർവിന്യാസം നടത്തുന്നതിന് സംസ്ഥാനതല ഉദ്യോഗസ്ഥരുടെ മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് അന്തർസംസ്ഥാന ചരക്കുനീക്കത്തിലുണ്ടാകുന്ന നികുതി വെട്ടിപ്പുകൾ ഒരു പരിധിവരെ തടയാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ജി.എസ്.ടി. നഷ്ടപരിഹാരം

16 (345) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നടപ്പിലാക്കിയ ഇനത്തിൽ കേരളത്തിന് നഷ്ടപരിഹാരമായി എത്ര തുക ലഭിച്ചു; വിശദവിവരം ലഭ്യമാക്കുമോ;

(ബി) വാറ്റിന്റെ പരിധിയിൽ ഉൾപ്പെട്ട എത്ര തുക ഇനിയും പിരിച്ചെടുക്കാനുണ്ട്; വിശദവിവരം നൽകുമോ; ഇത് പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയ ഇനത്തിൽ കേരളത്തിന് നഷ്ടപരിഹാരമായി ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| മാസം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| ജൂലൈ, ആഗസ്റ്റ് 2017 മാസങ്ങളിലേത് | 810 |
| സെപ്റ്റംബർ, ഒക്ടോബർ 2017 മാസങ്ങളിലേത് | 395 |

(ബി) 31-3-2017-ലെ കണക്കനുസരിച്ച് വാറ്റിന്റെ പരിധിയിൽ ഉൾപ്പെട്ട 6478.48 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. ഇത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

വാറ്റ് നികുതി സംബന്ധമായ അസസ്സ്മെന്റുകളും റീ-അസസ്സ്മെന്റുകളും പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നികുതി കുടിശ്ശികകൾ പരമാവധി പിരിച്ചെടുക്കുന്നതിനായി പലിശ, പിഴ, പിഴപ്പലിശ എന്നിവയിൽ ഇളവ് നൽകിക്കൊണ്ടുള്ള 2010-11 വർഷം വരെയുള്ള നികുതി നിർണ്ണയങ്ങൾക്ക് ആംനസ്റ്റി പദ്ധതിയും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

ആംനസ്റ്റി പദ്ധതി കൂടാതെ, മുൻസർക്കാരിന്റെ കാലത്ത് നൽകിയിരുന്ന എല്ലാ സർക്കാർ സ്റ്റേകളും റദ്ദാക്കുകയും അപ്പലേറ്റ് അധികാരിയുടെ മുമ്പാകെ ഫയൽ ചെയ്യപ്പെട്ട അപ്പീലുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായി അത്തരം അപ്പലേറ്റ് അധികാരികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുന്നതിനായി ധനകാര്യമന്ത്രി എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ച് കൂട്ടുകയും ടി മീറ്റിംഗുകളിൽ നൽകിയ നിർദ്ദേശത്തിന്റെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും തുടർന്നുവരുന്നു. ജില്ലകൾതോറും ഇതിനായി ഉദ്യോഗസ്ഥരുടെ പ്രത്യേക ടീമുകളെയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ആംനസ്റ്റി പദ്ധതി 2018-19 സാമ്പത്തിക വർഷത്തിലേയ്ക്കും തുടരുന്നതിന് അനുവാദം നൽകുമെന്ന് 2018-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**ജി. എസ്. ടി.**

17 (346) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി നടപ്പിലായതിനുശേഷം ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്കും വ്യാപാരികൾക്കും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ജി.എസ്.ടി.-യിലൂടെ നികുതിക്കുമേൽ നികുതി ഒഴിവാക്കി. അന്തർസംസ്ഥാന വാങ്ങലിന് ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്ക്സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉൽപ്പന്നങ്ങൾക്ക് പൊതുവെ വിലക്കുറവുണ്ടാകേണ്ടതാണ്. നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉൽപ്പാദകരും മൊത്തവ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ലെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. താമസംവിനാ തുടർനടപടികൾ ഉണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ജി.എസ്.ടി. നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം. ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും സജ്ജമാകുന്നതിന് മുമ്പ് ജി.എസ്.ടി. നടപ്പിലാക്കിയതും വ്യാപാരമേഖലയിൽ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്.

**ചരക്ക് സേവന നികുതി ശൃംഖല**

18 (347) <u>ശ്രീ. അടൂർ പ്രകാശ്</u> :

<u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി ശൃംഖല പൂർണ്ണമായും സജ്ജമായിട്ടുണ്ടോ; നിലവിൽ എത്ര ശതമാനം വ്യാപാരികൾ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നതിന് ജി.എസ്.ടി. പിരിക്കുവാൻ പാടില്ലായെന്ന വ്യവസ്ഥയും കോമ്പൗണ്ടിംഗ് വ്യാപാരിയാണെന്ന് നെയിം ബോർഡ് പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥയും പല വ്യാപാരികളും പാലിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ഫെസിലിറ്റേഷൻ സെന്റർ മാത്രമായി പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പിനുള്ള മാർഗ്ഗം അടയ്ക്കുന്നത് എപ്രകാരമാണെന്ന് വിശദീകരിക്കുമോ;

(ഡി) ഇ-വേ ബിൽ സമ്പ്രദായം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിലുണ്ടായിട്ടുള്ള പ്രതിബന്ധം എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) ഇ-വേ ബിൽ സമ്പ്രദായം പ്രാവർത്തികമാകുമ്പോൾ നികുതി വെട്ടിപ്പ് പൂർണ്ണമായും തടയുവാൻ കഴിയുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യാനുള്ള സോഫ്റ്റ്‌വെയർ ഇതുവരെയും സജ്ജമായിട്ടില്ല. സംസ്ഥാനത്ത് 3,07,988 വ്യാപാരികൾ ഇതിനകം ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്.

(ബി) കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്തിട്ടുള്ള വ്യാപാരികൾക്ക് നികുതി പിരിക്കാൻ അധികാരമില്ല. ജി.എസ്.ടി.-യുടെ തുടക്ക സമയത്ത് കോമ്പോസിഷൻ രീതി സ്വീകരിച്ചിട്ടുള്ള ചില വ്യാപാരികൾ നികുതി പിരിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. നിയമമനുസരിച്ച് കോമ്പൗണ്ടിംഗ് വ്യാപാരിയാണെന്ന നെയിം ബോർഡുകൾ വ്യാപാര സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതുണ്ട്. നിയമവിരുദ്ധമായി നികുതി പിരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി തുടർ പരിശോധന നടത്തുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സംസ്ഥാന മൊട്ടാകെയുള്ള കടകളിൽനിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശമില്ലെന്ന ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവൽക്കരണം നടത്തുന്നുണ്ട്. നിയമപരമായി ഇത്തരം കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാര പരിമിതികളുണ്ട്. സാമൂഹിക ബോധവൽക്കരണത്തിലൂടെ മാത്രമേ ഇത് തടയാൻ സാധിക്കുകയുള്ളൂ.

(സി-ഇ) ജി.എസ്.ടി. നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നെങ്കിലും ഇ-വേ ബിൽ സോഫ്റ്റ്‌വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്ര സർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2-ന് പുറപ്പെടുവിച്ചു. ഇ-വേ ബിൽ സമ്പ്രദായം നിർബന്ധമാകുന്നതോടെ നികുതി വെട്ടിപ്പുകൾ പരമാവധി ഇല്ലാതാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**നികുതി വരുമാനം**

19 (348) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി പിരിവ് എത്ര ശതമാനമാണ് ലക്ഷ്യമിട്ടിരുന്നത്; അതിൽ എത്ര ശതമാനം ലക്ഷ്യം നേടി എന്നറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നേടിയ 81.63% എന്ന ലക്ഷ്യത്തിന് മുകളിൽ എത്ര ശതമാനം ഉയർത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്;

(സി) നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയും അഴിമതിയുമാണ് നികുതി പിരിവിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയാത്തതെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ നികുതി പിരിവ് വർദ്ധിപ്പിക്കാൻ കഴിയാത്തതിന്റെ അടിസ്ഥാന കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ)

| വർഷം | ലക്ഷ്യമിട്ടത് (ശതമാനത്തിൽ) | നേടിയത് (ശതമാനത്തിൽ) |
|---|---|---|
| 2016-17 | 19 | 9 |
| 2017-18 | 25 | 10 (30-01-2018 വരെ) |

(ബി) മുൻസർക്കാരിന്റെ കാലത്ത് ലക്ഷ്യമിട്ടതും നേടിയതുമായ ശതമാനം ചുവടെ ചേർക്കുന്നു:

| വർഷം | ലക്ഷ്യമിട്ടത് (ശതമാനത്തിൽ) | നേടിയത് (ശതമാനത്തിൽ) |
|---|---|---|
| 2011-12 | 20 | 20 |
| 2012-13 | 22 | 19 |
| 2013-14 | 24 | 11 |
| 2014-15 | 26 | 10 |
| 2015-16 | 25 | 12 |

(സി) ഇല്ല.

(ഡി) 2016 നവംബർ മുതൽ നോട്ട് നിരോധനം വന്നതും 1-7-2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയതും സംസ്ഥാനത്തെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. 1-7-2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും അത്തരത്തിലുള്ള വർദ്ധനവുണ്ടായില്ല.1-7-2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചത് പ്രകാരമുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനമായി നിശ്ചയിച്ചുവെങ്കിലും ഭൂരിഭാഗം ചരക്കുകൾക്കും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന ജി.എസ്.ടി.എൻ. സോഫ്റ്റ്‌വെയർ പൂർണ്ണമായിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

## നികുതി ചുമത്തിയതിൽ കുറവ്

20 (349) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013-14-ലും 2014-2015-ലും കോമ്പൗണ്ടിംഗ് രീതി സ്വീകരിച്ച വ്യാപാരികളെ പരിശോധിച്ചതിൽ വാങ്ങൽ നികുതി ചുമത്താതിരുന്നതുകാരണം നികുതിചുമത്തിയതിലുണ്ടായ കുറവ് പലിശയുൾപ്പെടെയുള്ള 2,475.55 കോടി രൂപയിൽ ഇതുവരെ ഈടാക്കിയ തുക എത്രയാണ് ഇതിനുശേഷമുള്ള സാമ്പത്തിക വർഷങ്ങളിലും ഇത്തരത്തിലുള്ള കുറവുകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ നൽകുമോ?

### ഉത്തരം

ഇതുവരെ ഈടാക്കിയ തുകയുടെ വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. 2017-ലെ ധനകാര്യ നിയമ പ്രകാരം കോമ്പൗണ്ടിംഗ് രീതി സ്വീകരിച്ച വ്യാപാരികൾക്ക് വാങ്ങൽ നികുതി 2013 ഏപ്രിൽ 1 മുതൽ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

**പെട്രോൾ, ഡീസൽ ഇന്ധനങ്ങൾക്കുള്ള നികുതി**

21 (350) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ ഇന്ധനങ്ങൾക്ക് സംസ്ഥാന സർക്കാർ നിലവിൽ ചുമത്തുന്ന നികുതി എത്ര വീതമാണ് എന്നറിയിക്കുമോ;

(ബി) ഈ നികുതിയിൽ റോഡ് സെസ്സ് ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മത്സ്യബന്ധന ബോട്ടുകൾ ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ വിലയിൽ റോഡ് സെസ്സ് ഈടാക്കുന്നത് അനീതിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിൽ ചെയ്യുന്നപോലെ മത്സ്യബന്ധന മേഖലയിൽ നൽകുന്ന ഡീസലിന് സബ്സിഡി നൽകുമോ?

**ഉത്തരം**

(എ) പെട്രോളിനും ഡീസലിനും സംസ്ഥാന സർക്കാർ ചുമത്തുന്ന വിൽപ്പന നികുതിയുടെ നിരക്കുകൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവുമാണ്. ഇതിന് പുറമെ പെട്രോൾ, ഡീസൽ എന്നിവയ്ക്കുമേൽ ലിറ്ററിന് ഓരോ രൂപ അഡീഷണൽ സെയിൽസ് ടാക്സ് ഇനത്തിലും നികുതിയുടെ ഓരോ ശതമാനം വീതം സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിലും ഈടാക്കുന്നുണ്ട്.

(ബി) പെട്രോളിനും ഡീസലിനും മേൽ ചുമത്തുന്ന നികുതിയിൽ റോഡ് സെസ്സ് ഉൾപ്പെട്ടിട്ടില്ല.

(സി) മത്സ്യബന്ധന ബോട്ടുകൾ ഉപയോഗിക്കുന്ന ഡീസലിന്റെ വിലയിൽ റോഡ് സെസ്സ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനത്തിന്റെ ധനവരുമാനം**

22 (351) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 വർഷത്തെ അപേക്ഷിച്ച് 2016-2017 വർഷത്തിൽ സംസ്ഥാനത്തിന്റെ ധനവരുമാനത്തിന്റെ വർദ്ധന സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ വരുമാനത്തിന്റെ വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാന ധനവരുമാനത്തിന്റെ വളർച്ച 2016-2017 -ൽ എത്രയാണെന്ന് ശതമാനകണക്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2015-16, 2016-17 വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

(കോടിയിൽ)

| | 2015-16 | 2016-17 | വളർച്ചാ നിരക്ക് |
|---|---|---|---|
| റവന്യൂ വരുമാനം | 69032.66 | 75611.72 | 9.53 |

(ബി) സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്. ജി.എസ്.ടി.-യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതുവഴി ജി.എസ്.ടി.-യിൽനിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽനിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കി ക്കഴിഞ്ഞു.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ ജി.ഡി.പി.-യുടെ വളർച്ചാ നിരക്കായ 7.1 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ഡി.പി. 2016-17 സാമ്പത്തിക വർഷത്തിൽ 7.41 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.

**ഭൂനികുതിയിനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം**

23 (352) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൻ ഭൂനികുതിയിനത്തിൽ സംസ്ഥാനത്തിന് എത്ര വരുമാനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ ഭൂനികുതിയിനത്തിൽ സംസ്ഥാനത്തിന് എത്ര വരുമാനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ ഭൂനികുതിയിനത്തിൽ വരുമാനത്തിൽ എത്ര വർദ്ധനവുണ്ടായി എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2016-17, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഭൂനികുതി യിനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം യഥാക്രമം 124.15 കോടി രൂപയും 182.28 കോടി രൂപയുമായിരുന്നു.

**സാമ്പത്തിക പ്രതിസന്ധി**

24 (353) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയാണോ; വിശദാംശം നൽകുമോ;

(ബി) സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി സമാഹരിച്ച വായ്പാത്തുക നിത്യചെലവുകൾക്കായി വിനിയോഗിക്കേണ്ട സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ നിലവിലെ റവന്യൂകമ്മി എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം പുറപ്പെടുവിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം.

(സി) വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുക പ്രധാനമായും പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ 2016-17-ൽ 22,813.25 കോടി രൂപയും (78.44%) 2017-18 നവംബർ 30 വരെ 10,728.06 കോടി രൂപയും (50.49%) പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ നവംബർ 30 വരെയുള്ള കാലയളവിലെ റവന്യൂ കമ്മി 15,952.61 കോടി രൂപയാണ്.

(ഇ) ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## റവന്യൂ കമ്മി

25 (354) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനകാര്യകമ്മീഷന്റെ നിർദ്ദേശപ്രകാരം 2017-2018 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ റവന്യൂകമ്മി ഇല്ലാതാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) റവന്യൂകമ്മി കുറയ്ക്കുന്ന കാര്യത്തിൽ സാമ്പത്തിക രംഗത്ത് മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മുൻ സർക്കാരിൽ നിന്നും അധികാരം ഏറ്റെടുക്കുമ്പോൾ റവന്യൂകമ്മി എത്ര രൂപയായിരുന്നുവെന്നും നിലവിലെ റവന്യൂകമ്മി എത്രയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ഇല്ലാതാക്കാൻ തീരുമാനിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) നോട്ട് നിരോധനവും GST നടപ്പാക്കിയതിലെ പ്രശ്നങ്ങളും കാരണം നികുതി വരുമാനത്തിലുണ്ടായ കുറവും അതേ സമയം വർദ്ധിച്ചുവരുന്ന പദ്ധതി, പദ്ധതിയേതര ചെലവുകളും കാരണം റവന്യൂ കമ്മി കുറയ്ക്കുന്ന കാര്യത്തിൽ കാര്യമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) മുൻ സർക്കാരിൽ നിന്നും അധികാരം ഏറ്റെടുക്കുമ്പോൾ റവന്യൂ കമ്മി (2015-16-ലെ AG-യുടെ കണക്ക് പ്രകാരം) 9656.81 കോടി രൂപയായിരുന്നു. നിലവിലെ റവന്യൂ കമ്മി (2017-18 RE പ്രകാരം) 13079.64 കോടി രൂപയാണ്.

**സാമ്പത്തിക മാന്ദ്യം**

26 (355) ശ്രീ. എസ്. ശർമ്മ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യം അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ പരിണിത ഫലമായി സംസ്ഥാനങ്ങൾക്കുണ്ടാകുന്ന ആഘാതം ലഘൂകരിക്കുന്നതിനായി തൊഴിൽ, കാർഷിക- വ്യാവസായിക ഉല്പാദനം, ജനങ്ങളുടെ ക്രയശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വികസന രൂപരേഖ അറിയിക്കാമോ;

(ബി) നോട്ട് നിരോധനവും ജി.എസ്.ടി.-യും സൃഷ്ടിച്ച സാമ്പത്തിക അരാജകത്വം സംസ്ഥാനത്ത് ധനപ്രതിസന്ധിയായി മാറാതിരിക്കാൻ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ഇത്തരം സാഹചര്യത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെയും വാർഷിക പദ്ധതിയുടെയും ആസൂത്രണത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും നടപ്പാക്കിയ കാര്യങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) രാജ്യം അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ പരിണിത ഫലമായി സംസ്ഥാനത്തും പല വിപരീത ഫലങ്ങൾ ഉടലെടുക്കുന്നുണ്ട്. ഇതിനെ അതിജീവിക്കുന്നതിന് സംസ്ഥാന സർക്കാർ 2018-19 വാർഷിക ബജറ്റിൽ വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ കൃഷിയും അനുബന്ധ മേഖലകൾക്കായുമുള്ള വിവിധ ഉപമേഖലകളിലെ സ്കീമുകൾക്കായി 1750.80 കോടി രൂപയും തൊഴിൽ മേഖലയ്ക്ക് 722.67 കോടി രൂപയും വ്യവസായ മേഖലയ്ക്ക് (ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം എന്നിവ ഉൾപ്പെടെയുള്ളവ) 979.81 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഭവനനിർമ്മാണം, വിദ്യാഭ്യാസം, പൊതുവിതരണം, ആരോഗ്യം എന്നീ മേഖലകൾക്കും അർഹമായ വിഹിതം 2018-19 വാർഷിക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ കൃഷി, വ്യവസായം, സ്കൂൾ വിദ്യാഭ്യാസം, സുരക്ഷിത ഭവനം, തൊഴിൽ ഉപജീവന സുരക്ഷ, നൈപുണ്യ വികസനം, ജനകീയ ആസൂത്രണ പ്രക്രിയ തദ്ദേശ സ്ഥാപനങ്ങളിലൂടെ വിപുലമാക്കൽ, സാമൂഹ്യ സുരക്ഷിതത്വം വ്യാപിപ്പിക്കുക എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

(ബി) നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലമുണ്ടായ റവന്യൂ ശോഷണവും കാരണം സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ കുറവുണ്ടാകുകയും ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കാവശ്യമായ പണം കണ്ടെത്താൻ കഴിയാത്ത അവസ്ഥ സംജാതമാകുകയും ചെയ്തു. കൂടാതെ വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിക്കുന്നതിനായി വർഷാവസാനം വകുപ്പുകൾക്കുള്ള പദ്ധതി പണം ചെലവായി കണക്കിലെഴുതിയശേഷം ട്രഷറി സേവിംഗ്സ് ബാങ്കുകളിൽ സൂക്ഷിക്കുന്ന നടപടി പബ്ലിക് അക്കൗണ്ടിൽ പണം

കുന്നുകൂടുന്നതിന് ഇടയാക്കുകയും ഇത് പബ്ലിക് അക്കൗണ്ടിൽനിന്നുള്ള വായ്പയായി കണക്കാക്കി അനുവദനീയമായ കമ്പോള വായ്പയിൽ കുറവ് വരുത്തുമെന്ന കേന്ദ്രസർക്കാരിന്റെ നിലപാടും തിരിച്ചടിയായി. ഇത് കടമെടുപ്പിനെ പ്രതികൂലമായി ബാധിക്കുകയും ദൈനംദിന ചെലവുകൾക്ക് പണം തികയാതെ വരികയും ട്രഷറി നിയന്ത്രണമേർപ്പെടുത്താൻ നിർബന്ധിതമാകുകയും ചെയ്തു. ഇത് ധന പ്രതിസന്ധിയായി മാറാതിരിക്കാൻ ട്രഷറി അക്കൗണ്ടിൽ പണം കുന്നുകൂടുന്നത് കർശനമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ട്രഷറി അക്കൗണ്ടിൽനിന്നും 3338 കോടി രൂപ നീക്കം ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ വായ്പയെടുക്കാനുള്ള അവകാശം പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ടെങ്കിലും വരുമാനവും ചെലവും തമ്മിലുള്ള അന്തരം നിലനിൽക്കുകയാണ്. ഇത് പരിഹരിക്കാൻ കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും 2018-19-ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറച്ചുകൊണ്ടുവരാനും ധനകമ്മി അനുവദനീയമായ 3 ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) 2017-18, 2018-19 വാർഷിക പദ്ധതിയിൽ ജനങ്ങൾ നിരന്തരം ഇടപെടുന്ന മേഖലകളായ കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമീണ വികസനം, പഞ്ചായത്ത്, പരമ്പരാഗത വ്യവസായം, പൊതുവിതരണ സമ്പ്രദായം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നീ മേഖലകൾ മെച്ചപ്പെടുത്താനും, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18, 2018-19 വാർഷിക പദ്ധതികളിൽ പൊതുവായ വികസനത്തിന് അർഹമായ വിഹിതം നീക്കിവച്ചിട്ടുണ്ട്.

കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ മേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം കൊടുക്കുകയും അതിന്റെ ശിപാർശകൾ വാർഷിക പദ്ധതികളിലൂടെയും മറ്റും നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. 'ജനങ്ങളിൽ നിക്ഷേപിക്കുന്ന കേരളം' എന്ന സങ്കൽപ്പത്തിൽ ഊന്നി കേരളത്തിന്റെ ദേശീയ, അന്തർദ്ദേശീയ പ്രശസ്തിയുടെ അടിസ്ഥാനം മാനുഷിക വികസനമാണ് എന്ന സങ്കൽപ്പത്തിലൂടെ എല്ലാ മേഖലകളിലും സുസ്ഥിരമായ നേട്ടം കൈവരിക്കാനുതകുന്ന നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## സംസ്ഥാനത്തെ പൊതുധനസ്ഥിതി

27 (356) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു ധനസ്ഥിതിയെന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) ധനസ്ഥിതി മോശമാകാനുള്ള സാഹചര്യങ്ങൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 28,409.12 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മോട്ടോർ വാഹന നികുതി ഇതേ കാലയളവിൽ 21.18%-ഉം സ്റ്റാമ്പ് & രജിസ്ട്രേഷൻ നികുതി 8.48%-ഉം വളർച്ച രേഖപ്പെടുത്തിയപ്പോൾ ജി.എസ്.ടി/വാറ്റ് അടക്കം വിൽപ്പന നികുതിയിലെ വർദ്ധനവ് 3.65% ആയി കുറയുകയുണ്ടായി. ടി കാരണംകൊണ്ട് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലെ വിൽപ്പന നികുതി (ജി.എസ്.ടി./വാറ്റ്) ഒഴികെയുള്ള നികുതികൾ 11.42% വളർച്ച നേടിയപ്പോൾ വിൽപ്പന നികുതിക്ക് (വാറ്റ്/ജി.എസ്.ടി. അടക്കം) 5.26% വർദ്ധനവ് മാത്രമേ കൈവരിക്കുവാൻ സാധിച്ചുള്ളൂ. ഈ കാലയളവിലെ തനത് നികുതിയേതര വരുമാനമായി 5817.60 കോടി രൂപ സംസ്ഥാനം സമാഹരിച്ചിട്ടുണ്ട്. ഈ ഇനത്തിലെ വളർച്ച 16.86% ആണ്. അതേസമയം കേന്ദ്ര സർക്കാരിൽനിന്നുള്ള ഗ്രാന്റിൽ 927.40 കോടി രൂപയുടെ ഇടിവുണ്ടായിട്ടുണ്ട്. നിർദ്ദിഷ്ട കാലയളവിൽ പദ്ധതി ചെലവിൽ 20.35%-ന്റെയും പദ്ധതിയേതര ചെലവിൽ 22.16%-ന്റെയും മൂലധന ചെലവിൽ 8.34%-ന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി&സി) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം.

**സംസ്ഥാനത്തിന്റെ ധനകമ്മി**

28 (357) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17-ലെ ധനകമ്മി എത്ര ശതമാനം വർദ്ധിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ധനകമ്മിയിൽ ഉണ്ടായിരിക്കുന്ന ക്രമാതീതമായ വളർച്ച സാമ്പത്തിക അച്ചടക്കമില്ലായ്മയുടെ സൂചനയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ ധനകമ്മി എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തികവർഷത്തെ ധനകമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.18 ശതമാനമായിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഇത് 4.28 ശതമാനമായി മാറിയിട്ടുണ്ട്.

(ബി) പത്താം ശമ്പളപരിഷ്കരണം നടപ്പിൽ വരുത്തിയതുമൂലമുണ്ടായ അധികബാധ്യതയും സാമൂഹ്യക്ഷേമ പെൻഷനുകൾ കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്തതും, 14-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം റവന്യൂ കമ്മി നികത്താൻ നിശ്ചയിക്കപ്പെട്ട കേന്ദ്ര ധനസഹായത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായ കുറവും സാമ്പത്തികമാന്ദ്യം കാരണം നികുതി വരുമാനത്തിലുണ്ടായ കുറവുമാണ് ധനകമ്മി കൂടാനുണ്ടായ പ്രധാനപ്പെട്ട കാരണങ്ങളായി വിലയിരുത്തപ്പെടുന്നത്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2018 ജനുവരി മാസം വരെയുള്ള ധനകമ്മി 23717.22 കോടി രൂപയാണ്.

**സംസ്ഥാനത്തിന്റെ ധനകമ്മി**

29 (358) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച വിശദാംശം 2011 മുതൽ 2017 വരെയുള്ള വർഷങ്ങളിലേത് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിന്റെ പൊതുകടം എത്രയായിരുന്നുവെന്ന് അറിയിക്കുമോ; 2018 ജനുവരി 31-ലെ കണക്ക് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2011 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ കണക്ക് വാർഷികാടിസ്ഥാനത്തിൽ ഓരോ നികുതിയും ഇനം തിരിച്ച് നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച് 2011 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ വിശദാംശം ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | ധനകമ്മി |
|---|---|
| 2011-12 | 12814.77 |
| 2012-13 | 15002.46 |
| 2013-14 | 16944.13 |
| 2014-15 | 18641.73 |
| 2015-16 | 17818.39 |
| 2016-17 | 26448.35 |
| 2017-18 അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം | 23717.22* |

*(ജനുവരി വരെ)

(ബി) 2016 മാർച്ച് 31-ന് സർക്കാരിന്റെ പൊതുകടം 109730.97 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2018 ജനുവരി 31-ന് സർക്കാരിന്റെ പൊതുകടം 138426.83 കോടി രൂപയാണ്.

(സി) സംസ്ഥാന വരുമാനത്തിന്റെ മുഖ്യസ്രോതസ്സ് വിൽപ്പന നികുതിയും മൂല്യവർദ്ധിത നികുതിയുമായിരുന്നു. എന്നാൽ ചരക്ക് സേവന നികുതി സംവിധാനം നിലവിൽ വന്നതോടുകൂടി നികുതി സമാഹരണത്തിന്മേൽ ഇടപെടാനുള്ള സംസ്ഥാനത്തിന്റെ അധികാരപരിധി പരിമിതമാക്കപ്പെട്ടു. ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റേതായിട്ടുള്ള ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ചരക്ക് സേവന നികുതി സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി അന്തർസംസ്ഥാന വ്യാപാരത്തിന്മേലുള്ള നികുതി ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽനിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവസമാഹരണ യജ്ഞങ്ങൾ നടത്തിവരുന്നു. വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നീ ആക്ടുകൾ പ്രകാരമുള്ള അസസ്മെന്റുകളിൽ വന്നിട്ടുള്ള നികുതി കുടിശ്ശികയ്ക്ക് ആംനസ്റ്റി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹന ഉടമകൾ സംസ്ഥാനത്ത് അടയ്ക്കേണ്ടതായ നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ സംസ്ഥാനത്തിന്റെ ധനസ്ഥിതി സംതുലിതമാക്കുന്നതിന്റെ ഭാഗമായി അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

(ഡി) 2011 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ വാർഷികാടിസ്ഥാനത്തിലുള്ള ഇനം തിരിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പ്രതിമാസ വരവ് ചെലവ്

30 (359) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രതിമാസ ചെലവും വരവും എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) 2017-2018 വാർഷിക പദ്ധതിക്കുവേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾ നേരിടാൻ വേണ്ടി വകമാറ്റേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രതിമാസ റവന്യൂ ചെലവ് 7836.71 കോടി രൂപയും പ്രതിമാസ റവന്യൂ വരവ് 6133.19 കോടി രൂപയുമാണ്.

(ബി) വായ്പയായി എടുക്കുന്ന തുക പ്രധാനമായും പദ്ധതി/വികസന ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. എന്നാൽ വായ്പയായി എടുക്കുന്ന തുകയുടെ ഒരു ഭാഗം പദ്ധതിയേതര റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരാറുണ്ട്.

## സംസ്ഥാനത്തിന്റെ കടബാധ്യത

31 (360) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17-ൽ സംസ്ഥാനത്തിന്റെ മൊത്തം കടം എത്ര ശതമാനം വർദ്ധിച്ചുവെന്ന് അറിയിക്കുമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ സംസ്ഥാനത്തിന്റെ മൊത്തം കടം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17-ൽ സംസ്ഥാനത്തിന്റെ മൊത്തം കടം (തനി) 18.48 ശതമാനം വർദ്ധിച്ചിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 31-1-2018 വരെ സംസ്ഥാനത്തിന്റെ മൊത്തം കടം (തനി) 22832.20 കോടി രൂപയാണ്.

## കിഫ്ബി വഴി അംഗീകാരം നൽകിയ പദ്ധതികൾ

32 (361) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇതുവരെയായി കിഫ്ബി വഴി എത്രകോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; ഓരോ വകുപ്പുകൾക്കും എത്ര കോടി രൂപ വീതമുള്ള പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ ?

ഉത്തരം

സംസ്ഥാനത്ത് ഇതുവരെയായി കിഫ്ബി വഴി 19940.15 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. അവയുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബി വഴി അംഗീകാരം നൽകുന്ന പദ്ധതികൾ

33 (362) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് കിഫ്ബി വഴി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദവിവരം വ്യക്തമാക്കാമോ;

(ബി) ഇറിഗേഷൻ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവിടങ്ങളിൽ നിന്നും നൽകുന്ന പ്രൊപ്പോസലുകൾ കിഫ്ബിയിൽ പാസ്സാക്കുവാൻ കാലതാമസം നേരിടുന്ന കാര്യം പരിശോധിക്കുമോ;

(സി) ഡി.പി.ആർ. തയ്യാറാക്കുന്നതും പുനഃപരിശോധന നടത്തുന്നതും ആരാണ്;

(ഡി) കിഫ്ബി വഴി അംഗീകാരം ലഭിച്ച പദ്ധതികൾക്കുള്ള അടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വാർഷിക ബജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതും സർക്കാർ നിർദ്ദേശിക്കുന്നതുമായ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കിവരുന്നത്. ഇത് സംബന്ധിച്ച മാർഗ്ഗരേഖ 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന. ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനാവശ്യമായ ഭരണാനുമതി പദ്ധതി നിർവ്വഹണ ഏജൻസിയുടെ വിശദാംശങ്ങളുൾപ്പെടെ ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിക്കുന്നു. തുടർന്ന് വിശദമായ പദ്ധതിരേഖ, വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ച്ചർ എന്നിവയുൾപ്പെടെ കിഫ്ബിയുടെ വെബ്സൈറ്റിൽ ഓൺലൈനായി സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി.-യാണ്. ഈ വിശദാംശങ്ങൾ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി ന്യൂനതകളില്ലാത്തപക്ഷം തുടർന്നുള്ള യോഗത്തിൽ കിഫ്ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ന്യൂനതകൾ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ട ഭരണ വകുപ്പ്/എസ്.പി.വി.-യോട് അവ പരിഹരിച്ച് പുനഃസമർപ്പിക്കാൻ നിർദ്ദേശിക്കുന്നു. കിഫ് ബോർഡ് അംഗീകാരം നൽകുന്ന മുറയ്ക്ക് ബന്ധപ്പെട്ട എസ്.പി.വി. സാങ്കേതികാനുമതി, ടെണ്ടർ നടപടി എന്നിവയെ തുടർന്ന് പദ്ധതി നിർവ്വഹണം ആരംഭിച്ച് സമർപ്പിക്കുന്ന ബില്ലുകൾക്കനുസൃതമായ തുക കിഫ്ബിയുടെ അക്കൗണ്ടിൽനിന്നും നേരിട്ട് കോൺട്രാക്ടറുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കപ്പെടുന്നു.

(ബി) പിരിവ് (എ)-ക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ള വിവിധ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസലുകൾ അംഗീകരിക്കുന്നതിൽ കിഫ്ബിയിൽ കാലതാമസം നേരിട്ടിട്ടില്ല.

(സി) ബന്ധപ്പെട്ട ഭരണ വകുപ്പ് പദ്ധതികളുടെ നടത്തിപ്പിനായി നിയമിക്കുന്ന എസ്.പി.വി.-കൾക്കാണ് ഒരു പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ചുമതല. കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെടുന്ന ഡി.പി.ആർ. കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും യോഗ്യമാണെന്ന് കാണുന്നപക്ഷം കിഫ്ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതുമാണ്.

(ഡി) കിഫ്ബോർഡിന്റെ അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾക്കാവശ്യമായ തുടർനടപടികളായ സാങ്കേതികാനുമതിയും ടെണ്ടറും ഉൾപ്പെടെയുള്ള നിർവ്വഹണ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട ബില്ലുകൾക്കനുസൃതമായ ഇൻവോയിസ് കിഫ്ബിയിൽ എസ്.പി.വി. സമർപ്പിക്കേണ്ടതുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി തുക നൽകിത്തുടങ്ങുന്നു.

## കിഫ്ബി അംഗീകാരം ലഭിച്ച പദ്ധതികൾ

34 (363) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി വഴി ഇതുവരെ എത്ര രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) അംഗീകാരം നല്കിയ പദ്ധതികളുടെ വിവരങ്ങൾ ജില്ല അടിസ്ഥാനത്തിൽ വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ആകെ 19940.15 കോടി രൂപയുടെ പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. അവയുടെ ജില്ലാടിസ്ഥാനത്തിലും വർഷം തിരിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബി പദ്ധതികളുടെ പരിശോധനകൾക്ക് സംവിധാനം

35 (364) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കിഫ്ബി' മുഖാന്തരമുള്ള പദ്ധതികൾ സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) ഇതുവരെ എത്ര കോടി രൂപയുടെ പദ്ധതികൾക്ക് നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്;

(സി) ജനറൽ ഒബ്ലിഗേഷൻ ബോണ്ട് പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) ഇതിന് പുറമേ റവന്യൂ ബോണ്ട്, ലാന്റ് ബോണ്ട്, തുടങ്ങിയ ബോണ്ടുകൾ ഉൾപ്പെടുത്തി വിഭവസമാഹരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പരിശോധന നടത്തുന്നതിനായി കിഫ്ബിയിൽ ഇൻസ്പെക്ഷൻ അതോറിറ്റി വിഭാഗം രൂപീകരിച്ചിട്ടുണ്ട്. 14-2-2017-ലെ സ.ഉ. (കൈ) നമ്പർ 77/2017/ധന. ഉത്തരവ് പ്രകാരം ഈ വിഭാഗത്തിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളിൽ ബന്ധപ്പെട്ട മേഖലകളിൽ അഭികാമ്യ യോഗ്യതയുള്ള ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത്. കിഫ്ബി പദ്ധതികളുടെ ടെണ്ടർ നടപടിക്രമങ്ങൾ, കരാർ ബില്ലുകൾ, ഭൗതിക പുരോഗതി, പദ്ധതി നിർവ്വഹണ ഏജൻസികളുടെ യഥാവിധിയുള്ള ധനവിനിയോഗം എന്നിവയിന്മേലുള്ള ആധികാരികത പരിശോധിക്കുന്നതിനായി ഈ വിഭാഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിംഗും പദ്ധതികളുടെ സാങ്കേതികാനുമതി, ക്രമപ്രകാരമുള്ള നടത്തിപ്പ്, വിവിധ ഇനങ്ങളുടെ ക്രമപ്രകാരമുള്ള അളവും ഗുണമേന്മയും ആവശ്യമനുസരിച്ച് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നൽകേണ്ട നിർദ്ദേശവും ഉപദേശവും എന്നിവ കൈകാര്യം ചെയ്യുന്നതിനായി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗും പ്രവർത്തിക്കുന്നു. ഈ രണ്ട് വിഭാഗങ്ങളുടെയും റിപ്പോർട്ട് ഏകീകൃതമായി തയ്യാറാക്കി ആവശ്യമായ നടപടികൾ സ്വീകരിച്ച് ന്യൂനതകളില്ലാതെ പദ്ധതികൾ നടപ്പിലാക്കുക എന്നതും കിഫ്ബിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ ഒന്നാണ്.

(ബി) സംസ്ഥാനത്ത് ഇതുവരെയായി കിഫ്ബിവഴി ആകെ 19940.15 കോടി രൂപയുള്ള പദ്ധതികൾക്ക് നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ, ലാന്റ് ബോണ്ടുകൾ തുടങ്ങി സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണങ്ങൾ അവലംബിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പണം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ട്. നിലവിൽ 3500 കോടി രൂപയുടെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് കിഫ്ബി ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ICRA, CRISIL എന്നീ റേറ്റിംഗ് ഏജൻസികളെ നിയമിക്കുകയും കിഫ്ബിക്ക് A+ റേറ്റിംഗ് ലഭിക്കുകയും ചെയ്തു. ഇതിന്റെ തുടർനടപടികൾ പുരോഗമിക്കുന്നു. അടുത്തതായി യു.കെ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും ഉദ്ദേശ്യമുണ്ട്. കൂടാതെ കിഫ്ബി പദ്ധതികൾക്കാവശ്യമായ തുക കെ.എസ്.എഫ്.ഇ. എൻ.ആർ.ഐ. ചിട്ടിയിലൂടെ ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് പ്രത്യേക ബോണ്ടുകൾവഴി സമാഹരിക്കുന്നതിനുള്ള നൂതന സംരംഭവും സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. മലയാളികളായ പ്രവാസികളുടെ സഹകരണത്തോടെ ഇതുവഴി 12000 കോടി രൂപയുടെ വിഭവ സമാഹരണം നടത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കിഫ്ബിയിൽ ചീഫ് പ്രോജക്ട് എക്സാമിനറുടെ തസ്തിക

36 (365) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനപ്രതിസന്ധിയുള്ളതിനാൽ ശമ്പളം, പെൻഷൻ ചെലവുകൾ ഉയരുന്നത് സർക്കാരിന് താങ്ങുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യം നേരിടുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കിഫ്ബിയിൽ ചീഫ് പ്രോജക്ട് എക്സാമിനറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികയ്ക്ക് പ്രതിമാസം എത്ര രൂപയാണ് ശമ്പളമായി നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) ഈ തസ്തികയ്ക്ക് പ്രതിവർഷ ഇൻക്രിമെന്റ് എത്രയായി ആണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഇ) ആരെയാണ് പ്രസ്തുത തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്; അദ്ദേഹത്തിന്റെ യോഗ്യത എന്താണ്; കിഫ്ബിയുടെ നിയമന ചട്ടപ്രകാരം സുപ്രധാന പദവികളിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തണമെന്ന് വ്യവസ്ഥയുള്ളപ്പോൾ ചീഫ് പ്രോജക്ട് എക്സാമിനറുടെ തസ്തികയിൽ കരാർ നിയമനം നടത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സർക്കാരിന്റെ വരവിന്റെയും ചെലവിന്റെയും നിരക്കിന്റെ അന്തരം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. തത്ഫലമായി 2017-18-ൽ ചെറിയ തോതിലെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. എന്നിരുന്നാലും സർക്കാർ കൈക്കൊണ്ട ക്രിയാത്മകമായ നടപടികളിലൂടെ ശമ്പളം, പെൻഷൻ അടക്കമുള്ള ഒഴിച്ചുകൂടാനാകാത്ത ബാദ്ധ്യതകളും സാമൂഹ്യക്ഷേമ, വികസന പദ്ധതി ചെലവുകളും ഭംഗം കൂടാതെ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വരുമാനം വർദ്ധിപ്പിക്കേണ്ടതോടൊപ്പം പദ്ധതിയിതര ചെലവുകൾ ചുരുക്കേണ്ടതുമുള്ളതിനാൽ അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. പുനർവിന്യാസം കൊണ്ട് പരിഹരിക്കുവാൻ സാധിക്കുമെങ്കിൽ അതിന്റെ സാധ്യത പ്രയോജനപ്പെടുത്തും.

(സി) ഉണ്ട്. രൂപ 85000-1,17,600 ആണ് ഇതിന്റെ ശമ്പളസ്കെയിലായി ഡെപ്യൂട്ടേഷൻ നിയമനത്തിന് 14-2-2017-ലെ സ.ഉ. (കൈ) നമ്പർ 77/2017/ ധന. ഉത്തരവിൽ നിശ്ചയിച്ചിരുന്നത്. എന്നാൽ 10-10-2017-ലെ സ.ഉ. (സാധാ) നമ്പർ 7601/2017/ധന. ഉത്തരവ് പ്രകാരം പ്രതിമാസ കൺസോളിഡേറ്റഡ് ശമ്പളമായി 2.30 ലക്ഷം (രണ്ട് ലക്ഷത്തി മുപ്പതിനായിരം രൂപ) രൂപയാണ് കരാർ വ്യവസ്ഥയിലുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) നിലവിലെ കരാർ വ്യവസ്ഥയിലുള്ള നിയമനത്തിന് പ്രതിവർഷം 10% ആണ് ഇൻക്രിമെന്റായി നിശ്ചയിച്ചിട്ടുള്ളത്.

(ഇ) കേന്ദ്രസർക്കാർ സ്ഥാപനമായ ബി.എസ്.എൻ.എൽ.-ൽനിന്നും സ്വയം വിരമിക്കൽ പദ്ധതി പ്രകാരം വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ.എസ്. ജെ. വിജയദാസിനെയാണ് കിഫ്ബിയിൽ ചീഫ് പ്രോജക്ട് എഞ്ചിനീയറുടെ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. എം.ബി.എ. (മാനേജ്മെന്റ്), എം.ടെക് (സിവിൽ) എന്നിവയാണ് അപേക്ഷപ്രകാരമുള്ള അദ്ദേഹത്തിന്റെ യോഗ്യതകൾ.

കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിയിൽ ചീഫ് പ്രോജക്ട് എക്സാമിനർ തസ്തിക ഡെപ്യൂട്ടേഷൻ മുഖേന നികത്താനാണ് 14-02-2017-ലെ സ.ഉ. (കൈ.) നമ്പർ 77/2017/ധന. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിലോ കേന്ദ്ര പൊതുമേഖലാസ്ഥാപനത്തിലോ 20 വർഷമെങ്കിലും സേവനപരിചയമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിലുള്ളവരെയാണ് ടി തസ്തികയിലേയ്ക്ക് നിശ്ചയിച്ചത്. എന്നാൽ പത്രപരസ്യത്തിലൂടെ ലഭിച്ച അപേക്ഷകളിൽ യോഗ്യമായത് ശ്രീ. എസ്. ജെ. വിജയദാസിന്റേതുമാത്രമാണ്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അധിക ചുമതല ഉൾപ്പെടെ സംസ്ഥാന ധനകാര്യ വകുപ്പിൻ കീഴിൽ അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മുൻ കാലയളവിൽ ശ്രീ. എസ്. ജെ. വിജയദാസ് സേവനമനുഷ്ഠിച്ചിട്ടുള്ളതിനാൽ അദ്ദേഹത്തിന്റെ മാതൃവകുപ്പായ ബി.എസ്.എൻ.എൽ. വീണ്ടും ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനത്തിനുള്ള അപേക്ഷ നിരസിച്ചു. ഡെപ്യൂട്ടേഷൻ നിയമനം അസാധ്യമായതിനാൽ സ്വയം വിരമിക്കൽ പദ്ധതിയിലൂടെ ബി.എസ്.എൻ.എൽ.ൽ നിന്നും വിരമിച്ച് കിഫ്ബിയിൽ 2.50 ലക്ഷം രൂപ (രണ്ടുലക്ഷത്തി അമ്പതിനായിരം രൂപ ) ശമ്പളത്തോടെ ജോലി ചെയ്യാൻ താല്പര്യപ്പെട്ട് ശ്രീ. എസ്. ജെ. വിജയദാസ് അപേക്ഷ സമർപ്പിച്ചു. ചീഫ് പ്രോജക്ട് എക്സാമിനറുടെ നിയമനം തന്ത്രപ്രധാനമായതിനാലും പല കിഫ്ബി പദ്ധതികളുടെയും നിർവ്വഹണ പ്രക്രിയകൾ ആരംഭിച്ചതിനാൽ നിയമനം അടിയന്തരമായി നടത്തേണ്ട സാഹചര്യത്തിലും അദ്ദേഹത്തെപ്പോലെ അനുഭവസമ്പത്തുള്ള ഒരാളുടെ സേവനം

ഏറ്റവും അഭികാമ്യമായതിനാലും പ്രസ്തുത അപേക്ഷ പരിഗണിക്കുവാൻ ബോർഡ് തീരുമാനിച്ചു. എന്നാൽ 14-2-2017-ലെ ഉത്തരവിന്റെ വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ചുള്ള നിയമനമായതിനാൽ ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും മന്ത്രിസഭായോഗം ഇത് അംഗീകരിക്കുകയും ചെയ്തു. മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 10-10-2017-ലെ സ.ഉ. (സാധാ) നമ്പർ 7601/2017/ ധന. പ്രകാരം ശ്രീ. എസ്. ജെ. വിജയദാസിനെ 2.30 ലക്ഷം രൂപ (രണ്ട് ലക്ഷത്തി മുപ്പതിനായിരം രൂപ) പ്രതിമാസ ശമ്പളത്തിൽ 10% വാർഷിക ഇൻക്രിമെന്റോടുകൂടി കിഫ്ബിയിലെ ഇൻസ്പെക്ഷൻ അതോറിറ്റിയിൽ ചീഫ് പ്രോജക്ട് എക്സാമിനറായി മൂന്നുവർഷ കരാർ വ്യവസ്ഥയിൽ നിയമനം നൽകുകയും ബി.എസ്.എൻ.എൽ.-ൽ നിന്നും സ്വയം വിരമിക്കൽ പദ്ധതി പ്രകാരം വിരമിച്ച് 2-11-2017-ൽ ശ്രീ. എസ്. ജെ. വിജയദാസ് കിഫ്ബിയിൽ ചുമതലയേൽക്കുകയും ചെയ്തു.

## പാലക്കാട് ജില്ലയിലെ കിഫ്ബി പദ്ധതികൾ

37 (366) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ആരംഭിക്കാനായി അനുമതി നൽകിയ ഏതെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കിയ പദ്ധതികളുടെ വിശദമായ വിവരവും അവയുടെ പുരോഗതിയും (ടെണ്ടർ നടപടി പൂർത്തിയായത് ഉൾപ്പെടെ) അനുബന്ധമായി ചേർക്കുന്നു.*

(സി) കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കിയ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആണ്. ടി നടപടികൾ പൂർത്തിയാക്കി ബന്ധപ്പെട്ട ബില്ലുകൾ കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി തുക നൽകിത്തുടങ്ങുന്നു. ടി നടപടികളിൽ ഇതുവരെ കാലതാമസം നേരിട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പദ്ധതികൾക്ക് കിഫ്ബി അനുമതി**

38 (367) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ (കുറ്റിപ്പുറം) ഭാരതപ്പുഴയിൽ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയ കങ്കാക്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ കം ബ്രിഡ്ജിന് (RCB) കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) ജലവിഭവ വകുപ്പ് ഇത് സംബന്ധിച്ച് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ;

(സി) എടയൂർ പഞ്ചായത്തിലേക്ക് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ കുടിവെള്ള പദ്ധതിയ്ക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ രണ്ട് പദ്ധതികൾക്കും കിഫ്ബിയുടെ അനുവാദം നൽകി പദ്ധതി ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നു അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴയിൽ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയ കങ്കാക്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ കം ബ്രിഡ്ജിന് (RCB) എന്ന പദ്ധതിക്ക് ഇതുവരെ കിഫ്ബി അനുമതി നൽകിയിട്ടില്ല.

(ബി) ജലവിഭവ വകുപ്പ് ടി പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ഇതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

(സി) എടയൂർ പഞ്ചായത്തിലേയ്ക്ക് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ കുടിവെള്ള പദ്ധതിക്ക് ഇതുവരെ കിഫ്ബി അനുമതി നൽകിയിട്ടില്ല. ടി പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ഇപ്പോൾ കിഫ്ബിയിൽ പരിശോധനയിലാണ്.

(ഡി) ബന്ധപ്പെട്ട ഭരണ വകുപ്പും സ്പെഷ്യൽ പർപ്പസ് വെഹിക്കിളും കിഫ്ബി അനുശാസിക്കുന്ന നിബന്ധനകൾ തൃപ്തികരമായി പാലിച്ച് പദ്ധതി രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി നിർവ്വഹണ അനുമതി നൽകുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

39 (368) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി മണലൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി മണലൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത പദ്ധതികളുടെയും അവയിൽ കിഫ്ബി അംഗീകാരം നൽകിയതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മണലൂർ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതികൾ**

40 (369) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ 2015-16 വർഷത്തെ ആസ്തി വികസന ഫണ്ടിലേക്കായി ആകെ എത്ര പദ്ധതികൾ നിർദ്ദേശിച്ചിരുന്നു; ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് അടക്കമുള്ള വിശദാംശം നൽകാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികളുടെ ഡി.പി.ആർ. ധനകാര്യ വകുപ്പിന് ലഭിക്കുകയുണ്ടായി;

(സി) 2015-16 -ലെ പദ്ധതികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായി; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മണലൂർ എം.എൽ.എ.-യായിരുന്ന ശ്രീ. പി. എ. മാധവൻ 2015-16 വർഷത്തെ ആസ്തി വികസന ഫണ്ടിലേയ്ക്കായി ധനകാര്യ വകുപ്പിൽ നൽകിയിട്ടുള്ള ശിപാർശകളുടെ വിശദാംശങ്ങൾ അനുബന്ധം 'എ' ആയി നൽകിയിട്ടുണ്ട്.*

(ബി) അനുബന്ധം 'എ'-യിൽ നൽകിയിട്ടുള്ള പ്രവൃത്തികളിൽ 2 പ്രവൃത്തികളുടെ ഡി.പി.ആർ. ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. (അനുബന്ധം എ-സീരിയൽ നമ്പർ 6,7)

(സി) 2015-16-ലെ പദ്ധതികളിൽ ധനകാര്യ വകുപ്പിൽ ഡി.പി.ആർ. ലഭ്യമാക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുള്ള 2 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 'ബി'-യിൽ നൽകിയിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

41 (370) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-2013, 2013-2014, 2014-2015, 2015-2016, 2016-2017 എന്നീ സാമ്പത്തിക വർഷങ്ങളിൽ കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്താൻ എത്ര പ്രൊപ്പോസലുകൾ ഉണ്ടായിരുന്നു എന്ന് വർഷം തിരിച്ചും പ്രവൃത്തികളുടെ പേരുകളും അനുവദിച്ച തുകയും സഹിതം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്കെല്ലാം ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കാത്ത പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൊപ്പോസലുകൾക്ക് ഭരണാനുമതി ലഭിക്കാതെ പോയത് എന്തു കൊണ്ടാണെന്നും ഇനി ഭരണാനുമതി നൽകുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ആറന്മുള മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

42(371) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആറന്മുള നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആറന്മുള നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിൽ ഫൂട്ട് ഓവർ ബ്രിഡ്ജ്

43 (372) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും റെയിൽവേ ലൈനിന് കുറുകെ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പ്രത്യേക അനുമതിക്കായി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

എം.എൽ.എ.-യുടെ 24-1-2018-ലെ അപേക്ഷ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരത്തോടെ എൽ.എ.സി.-എ.ഡി.എസ്. മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവ് വരുത്തി ഈ പ്രവൃത്തിക്ക് 50 ലക്ഷം രൂപ പ്രത്യേക അനുമതി നൽകി അനുവദിക്കുന്നതിന്മേൽ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## നിലമ്പൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

44 (373) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ മുൻ സർക്കാരിന്റെ കാലത്ത് എം.എൽ.എ.യുടെ ആസ്തി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാമാണ് പൂർത്തീകരിക്കാനുള്ളതെന്നും ഏതെല്ലാമാണ് മുടങ്ങികിടക്കുന്ന തെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) 2016-2017, 2017-2018 എന്നീ വർഷങ്ങളിൽ നിലമ്പൂർ മണ്ഡലത്തിൽ ആസ്തി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളത് ഏതെല്ലാമാണെന്നും മുടങ്ങി കിടക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) മണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 4-7-2017-ലെ സ.ഉ. (അച്ചടി) നമ്പർ 86/2017/ധന. നമ്പർ ഉത്തരവിലെ ഖണ്ഡിക 3-ൽ പ്രവൃത്തികളുടെ ഭരണാനുമതിയും നിർവ്വഹണവും സംബന്ധിച്ച നിർദ്ദേശങ്ങളും അനുബന്ധം 3-ൽ* ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധിയും നിശ്ചയിച്ചുകൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇടക്കൊച്ചി വില്ലേജിലെ മധുര കമ്പനി പാലത്തിന്റെ നിർമ്മാണം

45 (374) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിലെ മധുര കമ്പനി പാലത്തിന്റെ നിർമ്മാണത്തിനായി 1 കോടി 80 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടും പ്രസ്തുത പ്രൊപ്പോസലിന് അനുമതി ലഭ്യമാകുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് എന്നത്തേയ്ക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ. (നോമിനേറ്റഡ്)-യുടെ 2017-18 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൻകീഴിൽ ശിപാർശ ചെയ്ത 1.80 കോടി രൂപ അടങ്കൽ തുകയുള്ള 'Construction of corrugated steel arch bridge across Pashnithode near Madhura company at Edakochi' എന്ന പ്രവൃത്തി ധനകാര്യ വകുപ്പിന്റെ അനുമതിക്കായി എറണാകുളം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ധനകാര്യ പരിശോധന (സാങ്കേതികം) വിഭാഗം പരിശോധിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആസ്തി വികസന ഫണ്ടിൽനിന്നുള്ള തുക വിനിയോഗം

46 (375) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തിവികസനഫണ്ടിൽ നിന്നും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഏതെല്ലാം പ്രവൃത്തികൾക്ക് തുക വിനിയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഏതെല്ലാം ഗവൺമെന്റ് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പ്രവൃത്തികൾക്ക് പരമാവധി എത്ര രൂപ വരെ അനുവദിക്കുമെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 12-5-2017-ലെ സ.ഉ.(അ)നമ്പർ 63/2017/ധന., 28-5-2017-ലെ സ.ഉ. (അ) നമ്പർ 75/2017/ധന. എന്നിവ പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ്ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 18-8-2017-ലെ സ.ഉ. (അ) നമ്പർ 109/2017/ധന. പ്രകാരം എയ്ഡഡ് സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട് പദ്ധതിക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം നടപ്പാക്കാവുന്ന പ്രവൃത്തികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന കരട് ഉത്തരവ് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ആസ്തി വികസന പദ്ധതിയിലെ മറ്റ് പ്രവൃത്തികൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ തന്നെയാണ് എയ്ഡഡ് സ്കൂളുകളിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയ സർക്കാർ എഞ്ചിനീയറിംഗ് വിഭാഗങ്ങളെയോ സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികളെയോ സമീപിക്കാവുന്നതാണ്.

(സി) 28-5-2017-ലെ സ.ഉ. (അ) നമ്പർ 75/2017/ധന. പ്രകാരം ഒരു എയ്ഡഡ് സ്കൂളിൽ പാചകപ്പുരയും ടോയ്ലെറ്റും നിർമ്മിക്കുന്നതിനായി ആസ്തി വികസന ഫണ്ടിൽനിന്നും പരമാവധി 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. ചലഞ്ച് ഫണ്ട് പദ്ധതിയിൽ വിനിയോഗിക്കാവുന്ന ആസ്തി വികസന ഫണ്ടിന്റെ വിഹിതം സംബന്ധിച്ച വിവരം ഇതിനായി പുറപ്പെടുവിക്കുന്ന വിശദമായ ഉത്തരവിൽ ഉൾപ്പെടുത്തുന്നതാണ്.

## പട്ടാമ്പി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ

47 (376) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന ഫയർ സ്റ്റേഷന് വേണ്ടി കെട്ടിടം പുതുക്കി പണിയുന്നതിന് എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക ചെലവാക്കുന്നതിന് പ്രത്യേക അനുമതി ലഭിക്കുന്നതിനായി നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഫയർ സ്റ്റേഷൻ നിർമ്മിക്കാനുള്ള പ്രത്യേക അനുമതി എത്രയും പെട്ടെന്ന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) 9-2-2018-ലെ സ.ഉ. (സാധാ) നമ്പർ 1037/2018/ധന. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)* പ്രകാരം പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വൃദ്ധജന പകൽ വിശ്രമ കേന്ദ്രത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് ശ്രീ. മുഹമ്മദ് മുഹസിൻ പി. എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽനിന്നും 9,50,000 രൂപ വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സ്കൂളുകളിലേയ്ക്ക് ബസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

48 (377) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽ നിന്നും സർക്കാർ സ്കൂളുകളിലേക്ക് ബസ്സുകൾ വാങ്ങുമ്പോൾ പ്രൊപ്പോസൽ സമർപ്പിക്കുന്നത് മുതൽ ബസ് വാങ്ങുന്നത് വരെയുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ബസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലളിതമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ ബസ് വാങ്ങുന്നതിന് അനുമതി നൽകിയിരിക്കുന്നത് 9-12-2016-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നമ്പർ 178/2016/ധന. പ്രകാരമാണ്. പ്രസ്തുത ഉത്തരവനുസരിച്ച് ബന്ധപ്പെട്ട ജില്ലാ പൊതുവിദ്യാഭ്യാസ ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നീ നിബന്ധനകളോടുംകൂടി സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ ബസ് വാങ്ങുന്നതിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായുള്ള ചെലവ് വഹിക്കേണ്ടത് പൊതുവിദ്യാഭ്യാസ വകുപ്പിനായി ആസ്തി വികസന പദ്ധതിയിൻകീഴിൽ നിർദ്ദേശിച്ചിട്ടുള്ള '4202-01-800-88-Projects under LAC ADS (NP)' എന്ന ശീർഷകത്തിൽനിന്നാണ്. ആസ്തി വികസന ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനായുള്ള ശിപാർശകൾ എം.എൽ.എ.-മാർ അതത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കുകയും ജില്ലാ കളക്ടർമാർ ആയത് പരിശോധിച്ച് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ്. ബസ് വാങ്ങുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം ആയതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മേൽ ശീർഷകത്തിൽനിന്നും ഫണ്ട് അനുവദിച്ച് നൽകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എം.എൽ.എ. ഫണ്ട് വിനിയോഗ മാനദണ്ഡങ്ങൾ**

49 (378) <u>ശ്രീ. എ. എം. ആരിഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് പഠനോപകരണങ്ങൾ, കമ്പ്യൂട്ടർ, സ്മാർട്ട് ക്ലാസ്സ് റൂം ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിനായി ആയതിന്റെ മാനദണ്ഡത്തിലും മാർഗ്ഗനിർദ്ദേശങ്ങളിലും ആവശ്യമായ ഭേദഗതികളോ കൂട്ടിച്ചേർക്കലുകളോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സത്യസന്ധമായ നിലയിൽ നന്നായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശിപാർശയുണ്ടെങ്കിൽ പരിഗണിക്കുന്നതിന് മാനദണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി (MLA SDF) ഉപയോഗിച്ച് സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡലങ്ങളിൽ മൂലധന സ്വഭാവമുള്ള സ്ഥിരം ആസ്തികളുടെ സൃഷ്ടിയ്ക്കായാണ് ആസ്തി വികസന പദ്ധതി (LAC ADS) വിഭാവനം ചെയ്തത്. എന്നാൽ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിക്കാനും അനുമതി നൽകിയിട്ടുണ്ട്. അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് പ്രസ്തുത ഫണ്ടുകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല. ആയതിലേയ്ക്കായി മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല.

## കേന്ദ്ര ബജറ്റിലെ സംസ്ഥാന വിഹിതം

50 (379) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേന്ദ്ര ബജറ്റ് പ്രകാരം കേരളത്തിന് ലഭിക്കുമെന്ന് കരുതുന്ന തുക എത്രവീതമാണെന്ന് ഇനംതിരിച്ച് വിശദമാക്കുമോ;

(ബി) കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2018-19-ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം എത്ര കോടി രൂപ വീതമായിരിക്കുമെന്ന് ഇനംതിരിച്ച് വിശദമാക്കുമോ;

(സി) 2018-19-ൽ സംസ്ഥാനം കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിച്ചിരുന്ന തുക ഓരോ ഇനത്തിലും എത്രയായിരുന്നുവെന്നും അവയിൽ കുറവ് വന്നതും കൂടിയതും ഏതെല്ലാം ഇനങ്ങളിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2018-19-ൽ സംസ്ഥാന വിഹിതമായി നികുതിയിനത്തിൽ 19703.01 കോടി രൂപയും ഗ്രാന്റ്-ഇൻ-എയ്ഡായി 1932.56 കോടി രൂപയും (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1739.56 കോടി രൂപയും സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന് 193 കോടി രൂപയും) പ്രതീക്ഷിക്കുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

## സിവിൽ സപ്ലൈസ് വകുപ്പിൽനിന്നുളള ഡെപ്യൂട്ടേഷൻ നിയമനം

51 (380) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും 1295 ജീവനക്കാരെ സപ്ലൈകോയിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുള്ളത് ധനകാര്യ വകുപ്പിന്റെ അനുമതിയോടെയാണോ;

(ബി) അതെ, പ്രസ്തുത വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ ഒഴിവുണ്ടാകുന്ന തസ്തികയിൽ പുതിയ ആളെ നിയമിക്കുന്ന വിവരം ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രപേരെ ഇത്തരത്തിൽ അധികമായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സിവിൽ സപ്ലൈസ് വകുപ്പിൽ ആവശ്യമുള്ള തസ്തികയുടെ ഇരട്ടി ജീവനക്കാരെ നിയമിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും സപ്ലൈകോയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ തസ്തികകൾ 1255 ആണ്. മേൽ തസ്തികകളിലേയ്ക്ക് നിലവിൽ 1090 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഇല്ല. ആയത് സംബന്ധിച്ച ശിപാർശകൾ ഒന്നുംതന്നെ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല.

## സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ

52 (381) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള എച്ച്.ബി.എ.(ഭവന നിർമ്മാണ വായ്പ ) 2017-2018 സാമ്പത്തിക വർഷത്തിൽ എത്രപേർക്കാണ് ഇതുവരെ നൽകിയിട്ടുള്ളത്;

(ബി) ഇക്കൊല്ലം ആകെ എത്ര പേർക്കാണ് വായ്പ അനുവദിക്കുന്നത്; എണ്ണം സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഇതിനായി കഴിഞ്ഞ ബജറ്റിൽ ആകെ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) ഇനിയും വായ്പ ലഭിക്കാനുള്ളവർക്ക് എപ്പോൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിതരണം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 344 അപേക്ഷകളിൽ ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിന് ഇതുവരെ സർക്കാർ ഫണ്ട് അലോട്ട് ചെയ്തുകഴിഞ്ഞു.

(ബി) 2017-18 സംസ്ഥാനതല സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ ആകെ 2889 അപേക്ഷകളാണുള്ളത്. അതിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിനുള്ള ഫണ്ട് (50 കോടി രൂപ) അലോട്ട് ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്നത് 2545 അപേക്ഷകളാണ്. ടി അപേക്ഷകളിന്മേൽ വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2017-18-ലെ ബജറ്റിൽ ആകെ 231 കോടി രൂപയാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയ്ക്ക് വകയിരുത്തിയിട്ടുള്ളത്.

(ഡി) ഇനിയും വായ്പ ലഭിക്കാനുള്ളവർക്ക് വായ്പ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

53 (T382) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികൾ വഴിയാണ് നടപ്പിലാക്കുന്നതെന്നും എങ്ങനെയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) കേരളത്തിനകത്തും പുറത്തുമുള്ള ഏതെല്ലാം ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയുമാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങളെയാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത രോഗങ്ങൾ ഉണ്ടെങ്കിൽ അവ ഏതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥരിൽ നിന്നും പെൻഷൻകാരിൽ നിന്നും എത്ര തുക വീതമാണ് പിടിക്കുന്നതെന്നും ഒരു വർഷത്തിൽ ചികിത്സയ്ക്കുള്ള ഇൻഷ്വറൻസ് പരിധി എത്രയാണെന്നും വെളിപ്പെടുത്താമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിലുള്ള ചർച്ചകൾ, പഠനം എന്നിവയ്ക്കുശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കുന്നതിനുവേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, കവറേജ്, എംപാനൽഡ് ആശുപത്രികൾ, രോഗങ്ങൾ, ജീവനക്കാരുടെയും പെൻഷൻകാരുടെയും വിഹിതം എന്നിവയെക്കുറിച്ചുള്ള വിവരം ലഭ്യമാകുകയുള്ളൂ.

## സ്പാർക്ക് ഡാറ്റാബേസിലെ വിവരങ്ങളുടെ ചോർച്ച

54 (383) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം തയ്യാറാക്കുന്ന സ്പാർക്ക് സോഫ്റ്റ്‌വെയറിന്റെ ഡാറ്റാബേസിൽനിന്നും വിവരങ്ങൾ ചോർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജീവനക്കാരുടെ ഏതൊക്കെ വിവരങ്ങളാണ് ചോർന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സുരക്ഷാ വീഴ്ചയിൻമേൽ അന്വേഷണം നടത്തി ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഓരോ സർക്കാർ ഓഫീസിലെയും ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ അതാത് ഓഫീസിൽ സ്പാർക്ക് കൈകാര്യം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ കാണുവാൻ കഴിയുകയുള്ളൂ. ഇത്തരം വിവരങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടുന്നതും സംരക്ഷിക്കേണ്ടതും ഈ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. സർക്കാർ ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ സ്പാർക്കിൽനിന്നും നേരിട്ട് ചോരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഡി.ഡി.ഒ.-മാർ വഴി ചില ഓഫീസിലെ വിവരങ്ങൾ പുറത്തുള്ളവർക്ക് ലഭിച്ചുവെന്ന തരത്തിലുള്ള പത്രവാർത്തകൾ ശ്രദ്ധയിൽവന്നിരുന്നു. ഡി.ഡി.ഒ.-മാർ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ആവർത്തിച്ച് മുന്നറിയിപ്പുകൾ നൽകുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

## കോതമംഗലം മണ്ഡലത്തിലെ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

55 (384) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി പ്രകാരം ഇതുവരെ എത്ര പേർക്ക് ആനുകൂല്യങ്ങൾ നല്കിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ എത്ര പേർക്ക് ആനുകൂല്യം നല്കിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാനായി നിശ്ചയിച്ചിരുന്ന അവസാന തീയതി 31-1-2018 ആയിരുന്നു. ഇതനുസരിച്ച് 75409 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചുവരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) ബാങ്ക് ബ്രാഞ്ചുകൾ അടിസ്ഥാനമാക്കി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പോർട്ടലിൽ ഏർപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ പദ്ധതികൾ

56 (385) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-2019 വർഷത്തെ ബജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ ആണ് ഉള്ളതെന്നും ഓരോ പ്രവൃത്തിക്കും എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേയ്ക്കായി നിയോജകമണ്ഡലം - ആസ്തി വികസന പദ്ധതിയുടെ കീഴിൽ (LAC-ADS) തലശ്ശേരി നിയോജകമണ്ഡലത്തിനായി 5 കോടി രൂപ 2018-19 -ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നിയോജക മണ്ഡലത്തിന്റെ പ്രത്യേക വികസന പദ്ധതിക്കായി ഒരു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2018-19-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പ്രവൃത്തികൾ സംബന്ധിച്ച് വിവിധ ഭരണവകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വാഴിച്ചൽ മണ്ഡപത്തിൻകടവ്-മുകുന്ദറ-മൈലക്കര റോഡ്**

57 (386) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ പാറശ്ശാല-പനച്ചമൂട് റോഡിന് പകരമായി വാഴിച്ചൽ മണ്ഡപത്തിൻകടവ്-മുകുന്ദറ-മൈലക്കര, നിലമാമൂട്- അഞ്ചുമരംകാല റോഡ് ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയുടെ തൽസ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അംഗീകരിക്കുന്നതിനും ഡി പി ആർ., മറ്റ് അനുബന്ധ നടപടികൾ എന്നിവ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ പാറശ്ശാല-പനച്ചമൂട് റോഡ് നവീകരിക്കുന്നതിനായി 15 കോടി രൂപ കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പാക്കുന്നതിനും നിരത്തുകളും പാലങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ എസ്.പി.വി. ആക്കിയും തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പരാമർശ റോഡിന് പകരം 2017-18 വർഷത്തെ സംസ്ഥാന ബജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിരിക്കുന്ന വാഴിച്ചാൽ-മണ്ഡപത്തിൻകടവ്-മുകുന്ദറ-മൈലക്കര റിംഗ് റോഡ്- 9 കോടി, നിലമാമൂട്-അഞ്ചുമരംകാല റോഡ്- 6 കോടി എന്നീ പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി ഒറ്റപ്രവൃത്തിയായി ചെയ്ത് പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന ബഹു. എം.എൽ.എ. ശ്രീ. സി. കെ. ഹരീന്ദ്രന്റെ നിർദ്ദേശ പ്രകാരം ഭരണ വകുപ്പ് ഫയൽ സമർപ്പിച്ചിട്ടുണ്ട്.

2016-17, 2017-18 വർഷങ്ങളിൽ 20,000 കോടി രൂപയുടെ വീതം കിഫ്ബി പദ്ധതികൾ നടപ്പാക്കുമെന്നാണ് ടി സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ഏകദേശം 50,000 കോടി രൂപയിൽ കവിഞ്ഞ അടങ്കലുള്ള പദ്ധതികളാണ് നാളിതുവരെ കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 19940.15 കോടി രൂപയുടെ പദ്ധതികൾ കിഫ് ബോർഡ് അംഗീകരിച്ച് കഴിഞ്ഞു. ഈ സാഹചര്യത്തിൽ പ്രഖ്യാപിത പദ്ധതികൾക്ക് പുറമെ നിന്നും ഇനിയും പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നത് കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പുതിയ പദ്ധതികളും ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ളതുമായ പദ്ധതികൾ, നിലവിൽ കിഫ്ബി ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതുവരെ പരിഗണിക്കേണ്ടതി ല്ലായെന്നതിനാൽ പ്രസ്തുത പ്രവൃത്തികൾ നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ നിർവ്വാഹമില്ല.

## ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ

58 (388) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും 2017-2018-ലെ ബജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ ഭരണാനുമതി നൽകിയവ, പൂർത്തീകരിച്ചവ എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രഖ്യാപിച്ച എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും ഇനി എപ്പോൾ ഭരണാനുമതി ലഭ്യമാകുമെന്നും വ്യക്തമാക്കാമോ;

(ഡി) 2016-2017 -ലെയും 2017-2018 -ലെയും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## പട്ടാമ്പി മണ്ഡലത്തിന് അനുവദിച്ചിട്ടുള്ള പദ്ധതികൾ

59 (389) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിന് 2018-2019 വർഷത്തെ സംസ്ഥാന ബജറ്റിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിന് 2016-2017, 2017-2018 എന്നീ വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള പദ്ധതികളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേയ്ക്കായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ (LAC-ADS) 5 കോടി രൂപ വീതവും നിയോജകമണ്ഡലത്തിന്റെ പ്രത്യേക വികസന പദ്ധതിക്കായി ഒരു കോടി രൂപ വീതവും 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2018-19-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പ്രവൃത്തികൾ സംബന്ധിച്ച് വിവിധ ഭരണ വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.* 2016-17, 2017-18 എന്നീ വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള പദ്ധതികളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും യഥാക്രമം അനുബന്ധം 2,3 എന്നിവയിൽ ചേർക്കുന്നു.* കിഫ്ബി പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 4-ൽ ചേർക്കുന്നു.* എം.എൽ.എ. മാരുടെ പ്രത്യേക വികസന ഫണ്ടിനുകീഴിലുള്ള പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 5-ൽ ചേർക്കുന്നു.*

### ബജറ്റിൽ വകയിരുത്തിയതിൽ ചെലവഴിക്കാത്ത തുക

60 (390) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 ബജറ്റിൽ വകയിരുത്തുകയും എന്നാൽ ചെലവഴിക്കാത്തതുമായ തുകകൾ എത്രയാണ്; ഹെഡ് തിരിച്ച് വിവരങ്ങൾ നൽകുമോ ;

(ബി) 2016-2017 സാമ്പത്തിക വർഷത്തിൽ സപ്ലിമെന്ററി ഗ്രാന്റായും അഡീഷണൽ ഓതറൈസേഷൻ വഴിയും തുക ലഭ്യമാക്കുകയും അതിനുശേഷം ചെലവഴിക്കാതെ എല്ലാ വകുപ്പുകളും തിരികെ അടച്ച തുകകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 ബജറ്റിൽ വകയിരുത്തുകയും എന്നാൽ ചെലവഴിക്കാത്തതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സപ്ലിമെന്ററി ഗ്രാന്റായും അഡീഷണൽ ഓതറൈസേഷൻ വഴിയും അനുവദിച്ച തുകയിൽ ചെലവഴിക്കാതെ പോയ തുക വേർതിരിച്ച് തിട്ടപ്പെടുത്തിയിട്ടില്ല.

### 2018-19-ലെ ബജറ്റ് എസ്റ്റിമേറ്റ്

61 (391) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019 -ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ എം.എൽ.എ.-മാർ ശിപാർശ നൽകിയ പ്രവൃത്തികളാണോ ടോക്കൺ പ്രൊവിഷനോടുകൂടി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അനുബന്ധം II-ൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയുടെ 20% ചില മണ്ഡലങ്ങളിൽ 2018-2019 വർഷത്തേയ്ക്കുള്ള എസ്റ്റിമേറ്റ് തുകയായി വകയിരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ നൽകുവാനുണ്ടായ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(സി) ഇപ്രകാരം 20% തുക വകയിരുത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളുടെ പേരും അവ ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളും ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) എം.എൽ.എ.-മാർ ശിപാർശ ചെയ്തത് അടക്കമുള്ള പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്. ടോക്കൺ പ്രൊവിഷൻ വെച്ചിട്ടുള്ള മറ്റ് പ്രവൃത്തികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ബജറ്റ് അവതരണവേളയിൽ മുൻകാലങ്ങളിൽ സ്വീകരിച്ചിട്ടുള്ള രീതികൾ പിൻതുടർന്നാണ് ഇപ്പോഴും വകയിരുത്തൽ നടത്തിയിട്ടുള്ളത്.

(സി) വിശദാംശങ്ങൾ അനുബന്ധം-എ യിൽ നൽകിയിരിക്കുന്നു.*

## 2018-2019 ലെ മൂലധന ചെലവ്

62 (392) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019-ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്ന മൂലധന ചെലവ് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണ്;

(ബി) 2015-2016-ലെ സാമ്പത്തിക വർഷത്തെ യഥാർത്ഥ മൂലധന ചെലവ് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമായിരുന്നെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-2019-ലെ ബജറ്റ് പ്രകാരം മൂലധനച്ചെലവ് സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-യുടെ 1.5% ആയിരിക്കുമെന്നാണ് കണക്കാക്കുന്നത്.

(ബി) 2015-16 സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് ജി.എസ്.ഡി.പി.-യുടെ 1.5% ആയിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ക്ഷേമ പെൻഷൻ**

63 (393) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നല്കി വരുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമ പെൻഷനുകളിൽ ഓരോന്നിലും ആകെ എത്ര രൂപ വീതമാണ് പ്രതിമാസം നല്കി വരുന്നതെന്നും എത്ര പേർക്കെന്നും വ്യക്തമാക്കാമോ;

(സി) ക്ഷേമ പെൻഷനുകൾ പുതുതായി ലഭിക്കുന്നതിന് എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) പുതിയ അപേക്ഷകർക്ക് അടിയന്തരമായി ക്ഷേമ പെൻഷൻ അനുവദിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കർഷകത്തൊഴിലാളി പെൻഷൻ
2. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
3. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ
4 ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ
5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ

മറ്റ് ക്ഷേമ പെൻഷനുകളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | - | 483244 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | - | 2084738 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | - | 357684 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - | 1237455 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | - | 77748 |

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനാവശ്യമായ ആകെ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | - | 53,15,68,400 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | - | 248,39,76,600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | - | 39,34,52,400 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - | 136,12,00,500 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | - | 8,55,22,800 |

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ പുതുതായി ലഭിക്കുന്നതിന് 15-9-2017 തീയതി വരെ 337193 അപേക്ഷകൾ പ്രാദേശിക സർക്കാരുകളിൽ ലഭിച്ചിട്ടുണ്ട്.

മറ്റ് ക്ഷേമ പെൻഷനുകളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) അർഹരായ വികലാംഗ പെൻഷൻ അപേക്ഷകർക്ക് ഡാറ്റാ എൻട്രി ചെയ്യുന്നതിന് സൈറ്റ് ഉടൻ തുറന്ന് നൽകുന്നതാണ്. അനർഹരായി നിരവധിപേർ പെൻഷൻ കൈപ്പറ്റുന്നുവെന്ന സി.എ.ജി കണ്ടെത്തലിന്റെകൂടി അടിസ്ഥാനത്തിൽ പ്രായോഗികമായി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഒരു പഠനം നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അർഹതാ മാനദണ്ഡങ്ങൾ സംബന്ധിച്ച് അവസാന തീരുമാനമെടുത്ത് താമസംവിനാ മറ്റുള്ളവർക്കും ഡാറ്റാ എൻട്രിക്കുള്ള അനുമതി നൽകുന്നതാണ്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

64 (394) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപ സാമൂഹ്യ സുരക്ഷാ പെൻഷനായി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള കുടിശ്ശിക പെൻഷൻ അനുവദിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 ഡിസംബർ, 2018 ജനുവരി മാസങ്ങളിലെ പെൻഷൻ കുടിശ്ശികയുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8389,60,81,225 രൂപ സാമൂഹ്യ സുരക്ഷാ പെൻഷനായി വിതരണം ചെയ്തിട്ടുണ്ട്

(സി) നിലവിൽ നൽകുവാനുള്ള കുടിശ്ശിക അടുത്ത പ്രാവശ്യം നൽകുന്ന പെൻഷനോടൊപ്പം നൽകുന്നതാണ്.

## അഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്

65 (395) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത റിപ്പോർട്ട് എന്നാണ് സഭയിൽ സമർപ്പിച്ചത്; ഇത് സമർപ്പിക്കുന്നതിന് രണ്ട് വർഷത്തിലധികം കാലതാമസം ഉണ്ടായതിന്റെ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര ധനകാര്യകമ്മീഷന്റെ മാതൃകയിൽ വ്യക്തമായ മാനദണ്ഡങ്ങളോടെ സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഭജിക്കണമെന്ന് കമ്മീഷൻ ശിപാർശ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത ശിപാർശ അംഗീകരിക്കാതിരുന്നത് എന്തുകൊണ്ടാണ്; ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന നികുതി വിഹിതത്തിൽ എത്ര ശതമാനം കുറവുണ്ടായിട്ടുണ്ട്;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെ ഇത് ദോഷകരമായി ബാധിക്കുമോ;

(ഇ) കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടായത് കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട നികുതി വിഹിതവും ഗ്രാന്റും 2016-17-ലും 2017-18-ലും ലഭിക്കാതെ പോയ സാഹചര്യം കണക്കിലെടുക്കുമോ;

(എഫ്) നഗരസഭകളുടെ പെൻഷൻ വിതരണം സൃഷ്ടിച്ച ധനപ്രതിസന്ധി പരിഹരിക്കുവാൻ അഞ്ചാം ധനകാര്യ കമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

(ജി) പ്രസ്തുത നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ?

## ഉത്തരം

(എ) സംസ്ഥാന തനത് നികുതി വരുമാനം സംബന്ധിച്ച് കമ്മീഷൻ നടത്തിയിട്ടുള്ള പ്രക്ഷേപണം അടിസ്ഥാനമാക്കി ധനവിന്യാസം നടത്താൻ കമ്മീഷൻ ശിപാർശ ചെയ്തു. സംസ്ഥാനത്തിന്റെ വാർഷിക അറ്റ തനത് വരുമാനത്തിന്റെ 20% മുതൽ 24% വരെ തുക ടി അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ കൈമാറ്റം ചെയ്യണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുമുള്ള ശിപാർശകളും കമ്മീഷൻ പ്രധാനമായും നൽകിയിട്ടുണ്ട്. നിയമങ്ങൾ, ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ലളിതമാക്കുന്നതിനും പ്രാദേശിക സർക്കാരിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) 7-2-2018. ഭരണപരമായ കാലതാമസം മാത്രമാണ് ഉണ്ടായത്.

(സി) ഉണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകൾ അതേപടി സ്വീകരിക്കണമെന്നില്ല. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. അത്തരത്തിലുള്ള മാറ്റങ്ങൾ മാത്രമാണ് വരുത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ന്യായമായ വിഹിതം ലഭിച്ചിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

(ഇ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് 2016-17 -ലും 2017-18 -ലും പ്രാദേശിക സർക്കാരുകൾക്ക് ധനവിന്യാസം നൽകിയത്. പ്രാദേശിക സർക്കാരുകൾക്ക് അർഹതപ്പെട്ട വിഹിതം ആ കാലയളവിൽ ലഭിച്ചിട്ടുണ്ട്.

(എഫ്) നഗരസഭകളിലെ പെൻഷൻ വിതരണം സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

1. ആദ്യമായി നഗരകാര്യ ഡയറക്ടർ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും നൽകേണ്ട തുക തിട്ടപ്പെടുത്തേണ്ടതും നഗരസഭകൾ നൽകേണ്ട തുക തട്ടിക്കിഴിച്ച് പെൻഷൻ ഫണ്ടിലേയ്ക്ക് നൽകേണ്ട ബാക്കി തുകയുടെ വിവരം ധനവകുപ്പിനെ അറിയിക്കേണ്ടതുമാണ്.

2. ഇപ്രകാരം കുടിശ്ശിക നിൽക്കുന്ന തുക ധനവകുപ്പ് 2016-17 സാമ്പത്തിക വർഷം നാല് ത്രൈമാസ ഗഡുക്കളായി നഗരകാര്യ ഡയറക്ടർക്ക് നൽകേണ്ടതും ആയത് നഗരസഭകൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

3. ആയുർദൈർഘ്യത്തിലുണ്ടായ വർദ്ധനവനുസരിച്ച് സർക്കാരിന്റെയും പ്രാദേശിക സർക്കാരുകളുടെയും വിഹിതങ്ങൾ പുനർനിശ്ചയിക്കേണ്ടതാണ്.

4. മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും കൃത്യമായും പെൻഷൻ വിഹിതം നഗരകാര്യ ഡയറക്ടറുടെ അധീനതയിലുള്ള പെൻഷൻ ഫണ്ടിൽ നൽകേണ്ടതാണ്. ഇക്കാര്യത്തിലുള്ള വീഴ്ചയ്ക്ക് നഗരസഭ സെക്രട്ടറി ഉത്തരവാദിയായിരിക്കും.

5. വാർഷിക പെൻഷൻ ബാധ്യത നഗരകാര്യ ഡയറക്ടർ മുൻകൂട്ടി കണക്കാക്കേണ്ടതും ധനവകുപ്പിന് നൽകുന്ന ബജറ്റ് എസ്റ്റിമേറ്റിൽ ഇത് ഉൾപ്പെടുത്തുകയും ചെയ്യേണ്ടതുമാണ്.

6. നഗരകാര്യ ഡയറക്ടറുടെ ശിപാർശ പ്രകാരമുള്ള തുക ധനകാര്യ വകുപ്പ് എല്ലാ വർഷവും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

7. നഗരകാര്യ ഡയറക്ടറുടെ അധീനതയിലുള്ള പെൻഷൻ ഫണ്ടും പെൻഷൻ ഇനത്തിലുള്ള യഥാർത്ഥ സാമ്പത്തിക ബാധ്യതയും തമ്മിലുള്ള എന്തെങ്കിലും വിടവ് ഉണ്ടാകുന്ന സാഹചര്യത്തിൽ മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും സർക്കാരും ഇത് തുല്യമായി വീതിക്കേണ്ടതാണ്. ഇതിലേയ്ക്കായി ഒരു ഉചിതമായ സംവിധാനം നഗരസഭകളുമായി കൂടിയാലോചിച്ച് നഗരകാര്യ ഡയറക്ടർ രൂപപ്പെടുത്തേണ്ടതാണ്.

8. ഇനിമുതൽ വിരമിക്കുന്ന മുനിസിപ്പൽ ജീവനക്കാരുടെ പെൻഷനും റിട്ടയർമെന്റ് ആനുകൂല്യങ്ങളും അവർ സർവ്വീസിൽ ഏറ്റവും കൂടുതൽ കാലം ജോലി ചെയ്തിരുന്ന നഗരസഭയിൽനിന്നും നൽകേണ്ടതാണ്.

9. പെൻഷൻ ഫണ്ടിലേയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നതിനും യഥാസമയം റിലീസ് ചെയ്യുന്നതിനുമുള്ള ഉത്തരവാദിത്വം ധനകാര്യ വകുപ്പ് സെക്രട്ടറിക്കും നഗരകാര്യ ഡയറക്ടർക്കും ആയിരിക്കും.

(ജി) കൂടുതൽ പരിശോധനയ്ക്കായി മാറ്റിവച്ചു. സർക്കാർ ഇക്കാര്യത്തിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതാണ്.

## പാംഓയിൽ ഇറക്കുമതി

66 (396) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരത്തിനും വ്യവസായത്തിനും വേണ്ട പാംഓയിൽ കേരളത്തിന് പുറത്തുള്ള തുറമുഖങ്ങളിൽ ഇറക്കുമതി ചെയ്ത് ആവശ്യാനുസരണം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര ടൺ പാംഓയിൽ പ്രതിവർഷം കേരളത്തിൽ വിൽപ്പന നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ സംസ്ഥാനങ്ങളിലെ തുറമുഖങ്ങളിലൂടെ പാംഓയിൽ കേരളത്തിൽ എത്തുന്നത് നിയന്ത്രിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ യെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## സിനിമാ തിയേറ്റർ മുഖേന ലഭിച്ചിരുന്ന നികുതി

67(397) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സിനിമാതിയേറ്ററുകൾ മുഖേന ലഭിച്ചു കൊണ്ടിരുന്ന നികുതി ജി. എസ്. ടി. നിലവിൽ വന്നതോടെ ഇല്ലാതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടായ ഈ നികുതി വരുമാന കുറവ് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2015-16-ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും പിരിച്ച വിനോദ നികുതിക്ക് ആനുപാതികമായി നഷ്ടപരിഹാരം അനുവദിക്കുന്നതിന് 2017-18-ലെ നഷ്ടപരിഹാരമായി 133 കോടി രൂപ 2018-19-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ജി.എസ്.ടി.ആശയക്കുഴപ്പം നീക്കുന്നതിന് നടപടികൾ

68 (398) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ പല ഉല്പന്നങ്ങളുടെയും വില കുറയുമെന്ന സർക്കാർ വാദത്തിന് വിരുദ്ധമായി ഭൂരിപക്ഷം സാധനങ്ങളുടെയും വില കുതിച്ചുയർന്നതിനുള്ള കാരണം എന്താണ്;

(ബി) ചരക്ക് സേവന നികുതി നിലവിൽ വന്നപ്പോൾ, നികുതി കുറഞ്ഞതും ഒഴിവാക്കപ്പെട്ടതുമായ പല സാധനങ്ങൾക്കും വില വർദ്ധിച്ചത് എന്തുകൊണ്ടാണ്;

(സി) ഇതു പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചത്; വ്യാപാരി വ്യവസായി സംഘടനകളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിരുന്നോ;

(ഡി) ജി.എസ്.ടി. നിലവിൽ വന്നപ്പോൾ വ്യാപാര മേഖലയിൽ ഉണ്ടായ ആശയക്കുഴപ്പം നീക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലാക്കിയതെങ്കിലും ഭൂരിപക്ഷം ഉൽപ്പാദകരും മൊത്തവ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ലായെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി. നടപ്പിലായ ആദ്യ മാസത്തിൽതന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകംതന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉൽപ്പാദകരുടെയും വിൽപ്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിവഴി കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. അടുത്തപടിയായി 15-11-2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. ഇന്ധനത്തിന്റെ ദിവസേനയുള്ള വിലവർദ്ധനവും ഉത്പന്നങ്ങളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. ഉത്പന്നങ്ങളുടെ വിലനിയന്ത്രണത്തിൽ സംസ്ഥാന സർക്കാരിനുള്ള അധികാരം പരിമിതമാണ്.

(ഡി) ജി.എസ്.ടി.യുമായി ബന്ധപ്പെട്ട ആശയക്കുഴപ്പം പരിഹരിക്കുന്നതിന് വ്യാപാരികൾക്കും വ്യാപാരസംഘടനകൾക്കും കേരളമൊട്ടാകെ വിവിധ തരത്തിലുള്ള പഠന ക്ലാസ്സുകൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. വ്യാപാരികളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ എല്ലാ ജില്ലകളിലും വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പൊതുജനങ്ങളുടെ ബോധവത്കരണത്തിനായുള്ള പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ വിവിധ വ്യാപാരി വ്യവസായി സംഘടനകളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ജി.എസ്.ടി. ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വ്യാപാരികൾക്കും വ്യാപാര സമൂഹത്തിനുമുണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കുന്നതിന് സംസ്ഥാന ജില്ലാ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ഈ കമ്മിറ്റിക്ക് സാധിച്ചിട്ടുണ്ട്. സാധനങ്ങളുടെ വിലവർദ്ധനവുൾപ്പെടെയുള്ള വിഷയങ്ങൾ വിവിധ വ്യാപാരി വ്യവസായി സംഘടനകൾ അംഗങ്ങളായ ഫെസിലിറ്റേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുണ്ട്.

## ജി.എസ്.ടി. നടപ്പിലാക്കിയതുമൂലമുണ്ടായ ഗുണദോഷങ്ങൾ

69 (399) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയതുമൂലം ഉണ്ടായ ഗുണ ദോഷങ്ങളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയതുമൂലം സാമ്പത്തിക സ്ഥിതിയിൽ വന്നിട്ടുള്ള ദോഷകരമായ സംഗതികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം നികുതിക്കുമേൽ നികുതി ഒഴിവായി. അന്തർ സംസ്ഥാന വാങ്ങലിന് ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്ക് സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉത്പന്നങ്ങൾക്ക് പൊതുവെ വിലക്കുറവുണ്ടാകേണ്ടതാണ്. ചരക്ക് സേവന നികുതി നിയമനിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമനിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ

ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്. അമിത ലാഭം ഈടാക്കുന്നതിന് പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. താമസംവിനാ തുടർ നടപടികൾ ഉണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ജി.എസ്.ടി. നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം. ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിനെ ബാധിച്ചിട്ടുണ്ട്. പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. അതിനാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

## ജി.എസ്.ടി.-യും സാമ്പത്തിക ഞെരുക്കവും

70(400) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ ഉണ്ടായ മാറ്റം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയത് ധനസ്ഥിതിയെ ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം മറികടക്കുന്നതിന് സ്വീകരിച്ചിരുന്ന മുന്നൊരുക്കങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ സംസ്ഥാനം സ്വീകരിച്ച ഏതെങ്കിലും നടപടികളിലെ അപാകതകൾ സാമ്പത്തിക ഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് നിലവിലെ സാമ്പത്തിക ഞെരുക്കത്തിന് കാരണമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതു പോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്.

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അഞ്ച് വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 കേരളത്തിന്റെ ദ്വൈമാസ അർഹത തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ടതായ നഷ്ടപരിഹാരം ലഭിക്കുന്നതിൽ കാലവിളംബം ഉണ്ടായിട്ടില്ല. ആയതിനാൽ നികുതിനഷ്ടം ഉണ്ടായതായി കണക്കാക്കാൻ കഴിയില്ല. എന്നാൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

(സി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ സംസ്ഥാനം സ്വീകരിച്ച നടപടികളിൽ അപാകതകളൊന്നും ഉണ്ടായിട്ടില്ലാത്തതിനാൽ അപ്രകാരം നിലവിൽ സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടില്ല. മാസാദ്യം ലഭിക്കേണ്ട കേന്ദ്ര നികുതി വിഹിതം മാസത്തിന്റെ പകുതിയിലേയ്ക്ക് മാറ്റിയതും ജി.എസ്.ടി. നഷ്ടപരിഹാരത്തുക ദ്വൈമാസികമായിട്ടാണ് ലഭിക്കുന്നത് എന്നതും ഞെരുക്കത്തിന് കാരണമായി. സംസ്ഥാന സർക്കാരിന്റെ പബ്ലിക്ക് അക്കൗണ്ട് കണക്കുകൾ അനുവദനീയ വായ്പാ പരിധിയിൽപ്പെടുത്തുകയും സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ കമ്പോള വായ്പ അനുവദിക്കാൻ കഴിയില്ലായെന്ന് ചരിത്രത്തിൽ ആദ്യമായി കേന്ദ്ര സർക്കാർ നിലപാടെടുത്തതും വലിയ ആശങ്ക ജനിപ്പിച്ചിരുന്നു. യഥാസമയം നടപടികൾ സ്വീകരിച്ച് ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

## ചരക്ക് സേവന നികുതി വകുപ്പിലെ ഡ്രൈവർ തസ്തിക

71(401) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി വകുപ്പിന് കീഴിലെ വിവിധ ഓഫീസുകളിലായി എത്ര വാഹനങ്ങളാണ് വയനാട് ജില്ലയിൽ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ വാഹനങ്ങൾ ഓടിക്കുന്നതിനായി എത്ര ഡ്രൈവർമാരെ നിയോഗിച്ചിട്ടുണ്ടെന്നും ഇവരെ എപ്രകാരം നിയമിച്ചതാണെന്നും ഇവർ ഓരോരുത്തരും എത്ര കാലമായി ജോലിയിൽ തുടരുന്നു എന്ന വിവരവും അറിയിക്കാമോ;

(സി) താൽക്കാലിക/ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡ്രൈവർമാർക്ക് എത്ര കാലത്തേക്കാണ് നിയമനം നൽകുന്നതെന്ന വിവരം കാണിച്ചുകൊണ്ട് നിയമന ഉത്തരവ് നൽകുന്ന രീതി ചരക്ക് സേവന നികുതി വകുപ്പിൽ നിലവിലുണ്ടോ;

(ഡി) ഡ്രൈവർ തസ്തികയിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 11 വാഹനങ്ങൾ

(ബി)

| ക്രമ നമ്പർ | ഡ്രൈവർമാരുടെ എണ്ണം | നിയമനം | ജോലിയിൽ തുടരുന്ന കാലയളവ് |
|---|---|---|---|
| 1 | 1 | പി.എസ്.സി. സ്ഥിരം നിയമനം | 14-3-2011 മുതൽ തുടരുന്നു. |
| 2 | 1 | പി.എസ്.സി. സ്ഥിരം നിയമനം | 21-3-2011 മുതൽ തുടരുന്നു. |
| 3 | 1 | പി.എസ്.സി. സ്ഥിരം നിയമനം | 4-2-2015 മുതൽ തുടരുന്നു. |
| 4 | 1 | പി.എസ്.സി. സ്ഥിരം നിയമനം | 23-2-2006 മുതൽ തുടരുന്നു. |
| 5 | 1 | ദിവസ വേതനം | 2013 മുതൽ തുടരുന്നു. |
| 6 | 2 | ദിവസ വേതനം | 2008 മുതൽ തുടരുന്നു. |
| 7 | 1 | ദിവസ വേതനം | 2016 മുതൽ തുടരുന്നു. |
| 8 | 1 | ദിവസ വേതനം | 2017 മുതൽ തുടരുന്നു. |

(സി) ഇല്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജി.എസ്.ടി.

72 (402) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എങ്ങനെയാണ് ജി.എസ്.ടി. നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ? ഇവയിൽ ഏതു തരത്തിലാണ് ജി.എസ്.ടി. ബാധകമാകുന്നത് എന്നറിയിക്കാമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതായ ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇൻവോയ്സ് റൂൾസ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇതര സേവനങ്ങൾക്കും, നിശ്ചിത ഫോറങ്ങൾ നിർബന്ധമാണോയെന്ന് അറിയിക്കാമോ;

### ഉത്തരം

(എ) ജി.എസ്.ടി.-യിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സർക്കാർ സ്ഥാപനങ്ങളായി കണക്കാക്കുന്നു. സർക്കാർ സേവനങ്ങൾ മിക്കതും നികുതി വിമുക്തമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ തനതു വിൽപനയ്ക്ക് സാധാരണ വ്യാപാരികളെപ്പോലെ ഇൻവോയ്സ് നൽകേണ്ടതാണ്. ടി.ഡി.എസ്. നിരക്ക് 2% (1% എസ്.ജി.എസ്.ടി. + 1% സി.ജി.എസ്.ടി.) ആണ്. 31-3-2018 വരെ ടി.ഡി.എസ്. ബാധകമല്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് റിവേഴ്സ് ചാർജ്ജ് ഇല്ല. പഴയ സാധനങ്ങൾ, സ്ക്രാപ്പ് എന്നിവയുടെ വിൽപ്പനയ്ക്ക് വാങ്ങുന്നയാൾ റിവേഴ്സ് ചാർജ്ജ് അടയ്ക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ കരാർ പണികൾക്ക് തുടക്കത്തിൽ ഉണ്ടായിരുന്ന 18% നികുതിനിരക്ക് 12% ആയി കുറച്ചിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യങ്ങൾക്കുപയോഗിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് 18% നികുതിനിരക്ക് തുടരുന്നു. ജി.എസ്.ടി. നടപ്പിലാകുന്നതിന് മുമ്പ് ഏറ്റെടുത്ത കരാറുകൾ വാറ്റ് നിരക്കിൽ കരാറുറപ്പിച്ചതിനാൽ ചിലതരം പ്രവൃത്തികൾക്ക് കരാർ തുക പരമാവധി 5% വരെ ഉയർത്തി തദ്ദേശഭരണ വകുപ്പ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി സപ്ലൈ ഉണ്ടെങ്കിൽ സാധാരണ വ്യാപാരികളുടേതുപോലെ ജി.എസ്.ടി. രജിസ്ട്രേഷനെടുത്ത് ജി.എസ്.ടി. പിരിച്ച് അടയ്ക്കാനുള്ള ബാധ്യതയുണ്ട്. എന്നാൽ ഇവർക്ക് ഉപയോഗിച്ച സാധനങ്ങളുടെ വിൽപ്പന മാത്രമാണുള്ളതെങ്കിൽ രജിസ്ട്രേഷൻ ബാധ്യതയില്ല. സാധനങ്ങൾ വാങ്ങുന്നയാൾ റിവേഴ്സ് ചാർജ്ജായി നികുതി അടയ്ക്കണം. ഇതുകൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന കരാർ പ്രവൃത്തികൾക്ക് ജി.എസ്.ടി. നിയമം വകുപ്പ് 51 പ്രകാരം ടി.ഡി.എസ്. പിടിക്കുന്നതിനായി രജിസ്ട്രേഷൻ

എടുക്കേണ്ടതുണ്ട്. ടി.ഡി.എസ്. 31-3-2018 വരെ നിർത്തിവച്ചിട്ടുണ്ടെങ്കിലും ടി.ഡി.എസ്.-നുവേണ്ടി രജിസ്ട്രേഷൻ എടുക്കാനുള്ള ബാധ്യതയുണ്ട്. ഇത്തരം രജിസ്ട്രേഷന് പാൻ നിർബന്ധമില്ല. തനതു വില്പനയുണ്ടെങ്കിൽ മാത്രം നോർമൽ രജിസ്ട്രേഷനെടുത്താൽ മതിയാകും.

(സി) ഭൂരിഭാഗം സർക്കാർ സേവനങ്ങളും ജി.എസ്.ടി. യിൽ നികുതി വിമുക്തമാണ്. വാറ്റ് നിയമത്തിലുണ്ടായിരുന്നതുപോലെ ജി.എസ്.ടി. യിൽ ഇൻവോയ്സിന് പ്രത്യേക ഫോർമാറ്റ് നിശ്ചയിച്ചിട്ടില്ല. ജി.എസ്.ടി. -ചട്ടം 46 ൽ ഏതെല്ലാം വിശദാംശങ്ങൾ ടാക്സ് ഇൻവോയിസിൽ ഉൾപ്പെടുത്തണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. അവ നിർബന്ധമായും ഇൻവോയിസിൽ ഉണ്ടാകേണ്ടതാണ്.

## ഇ-വേ ബിൽ സമ്പ്രദായം

73 (403) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഫെബ്രുവരി ഒന്നിന് നടപ്പാക്കേണ്ടിയിരുന്ന ഇ-വേ ബിൽ സമ്പ്രദായം ഇനിയും സംസ്ഥാനത്ത് പ്രാവർത്തികമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിർത്തി ചെക്ക്പോസ്റ്റുകളിലും മറ്റും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓട്ടോമാറ്റിക് നമ്പർപ്ലേറ്റ് ക്യാമറകളുമായി ഇ-വേ ബില്ലുകളെ ബന്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതി എന്നത്തേയ്ക്ക് നടപ്പാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചരക്ക് സേവന നികുതിയുടെ ഭാഗമായി അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് 2018 ഫെബ്രുവരി ഒന്നുമുതൽ ഇ-വേ ബിൽ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇ-വേ ബിൽ സോഫ്റ്റ്വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്രസർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി രണ്ടിന് പുറപ്പെടുവിച്ചു. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ എടുക്കുന്നതിനുള്ള അവസരം ഇപ്പോഴും നിലവിലുണ്ട്.

(ബി&സി) ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്.

## നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നത് തടയാൻ നടപടി

74 (404) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിലച്ചതോടെ, സാധനങ്ങൾ വൻതോതിൽ നികുതി വെട്ടിച്ച് സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണത തടയുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) വ്യാജ ജി.എസ്.ടി. ബില്ലുകൾ തിരിച്ചറിയാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കത്തിനുവേണ്ടി നടപ്പാക്കേണ്ട ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷൻ നടപ്പാക്കുന്നതിനുണ്ടായ കാലതാമസം ഒരുപരിധിവരെ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ട്.

(ബി&സി) ഈ പ്രവണത തടയുന്നതിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയും. ഇത് ഒരുപരിധിവരെ ചെക്ക്പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന ആവശ്യമായി വരും. ആയതിനുവേണ്ടി ചെക്ക്പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-വേ ബിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ഇ-വേ എടുക്കുന്നതിന് ആദ്യം ഇ-വേ ബിൽ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പ്രധാന മേന്മ ചരക്കുനീക്കം തുടങ്ങുമ്പോൾതന്നെ ഇ-വേ ബിൽ എടുക്കേണ്ടതുണ്ട് എന്നതാണ്. ഇതിനാൽ ചരക്കുനീക്കം ആരംഭിക്കുമ്പോൾത്തന്നെ അതിനെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമാകും.

**വാമഞ്ചൂരിൽ വെറുതെ കിടക്കുന്ന ഒമ്പത് ഏക്കർ സർക്കാർ ഭൂമി**

75 (405) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ ഹൊസങ്കടിക്ക് സമീപം വാമഞ്ചൂരിൽ ദേശീയപാതയ്ക്ക് അരികിലായി വാണിജ്യനികുതി ഓഫീസിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് വാങ്ങിയ ഒൻപത് ഏക്കർ സ്ഥലം വെറുതെ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവിടെ തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എൻ.എച്ച്-66 നോട് ചേർന്ന് കിടക്കുന്ന ഈ സ്ഥലം എന്ത് ചെയ്യാനാണ് അലോചിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ബങ്കറ മഞ്ചേശ്വരം വില്ലേജിൽ സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കുവാനായി 9.33 ഏക്കർ സ്ഥലം ഏറ്റെടുത്തിരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മറ്റ് വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് ബങ്കറ മഞ്ചേശ്വരത്ത് സംയോജിത ചെക്ക്പോസ്റ്റ് നിർമ്മിക്കുന്നതിലേയ്ക്കായി ബി.എസ്.എൻ.എൽ. എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ബി.എസ്.എൻ.എൽ. സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസിയല്ലായിരുന്നതിനാൽ സംയോജിത ചെക്ക്പോസ്റ്റ് നിർമ്മിക്കുന്നതിലേയ്ക്കായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി നാറ്റ്പാക് -നെ ഏൽപ്പിക്കുകയും ചെയ്തു. നാറ്റ്പാക്-ന്റെ കൺസൾട്ടൻസി ചാർജ്ജായ 58.15 ലക്ഷം രൂപ കൂടുതലായിരുന്നതിനാൽ മറ്റ് ഏജൻസികൾക്കുകൂടി പ്രോജക്ട് പ്രൊപ്പോസൽ നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

(സി) 26-8-2016-ലെ സർക്കാർ ഉത്തരവ് ജി.ഒ.(കൈ)നമ്പർ 85/2016/TD പ്രകാരം മഞ്ചേശ്വരത്ത് വാണിജ്യ നികുതി വകുപ്പുൾപ്പെടെ ആറ് വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിലേയ്ക്കായി വാണിജ്യ നികുതി വകുപ്പിനെ നോഡൽ ഡിപ്പാർട്ട്മെന്റായി ചുമതലപ്പെടുത്തിയിരിക്കുന്നു. എന്നാൽ 1-7-2017 മുതൽ ചരക്ക് സേവന നികുതി (ജി.എസ്.ടി.) നിലവിൽ വന്നതിനാൽ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ ആവശ്യമില്ലാതാവുകയും തുടർന്ന് 20-5-2017-ലെ ജി.ഒ.(കൈ) നമ്പർ 36/2017/TD പ്രകാരം സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിലേയ്ക്കായി നോഡൽ വകുപ്പിന്റെ ചുമതല എക്സൈസ് വകുപ്പിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## സംസ്ഥാന സർക്കാരിന്റെ നികുതി-നികുതിയേതര വരുമാനം

76 (406) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷം പിരിച്ചെടുക്കാൻ തീരുമാനിച്ച നികുതി /നികുതിയേതര വരുമാനം എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ 2018 ജനുവരി വരെ ഓരോവിഭാഗത്തിൽ നിന്നും പിരിഞ്ഞുകിട്ടിയ തുകയെത്ര; പിരിച്ചെടുക്കേണ്ട തുകയിൽ കുറവ് / കൂടുതൽ ഏതു മേഖലകളിൽ നിന്നും ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് എപ്പോൾ ലഭിക്കുമെന്നും സംസ്ഥാനം അതിനായി സമർപ്പിച്ച കണക്ക് പട്ടിക എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ നടപടികൾ സംസ്ഥാനത്തെ ധനവരുമാനം ലഭിക്കുന്നതിൽ എന്തെങ്കിലും തടസ്സം സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം നികുതിയിനത്തിൽ 53,411.49 കോടി രൂപയും നികുതിയേതര ഇനത്തിൽ 12,037.78 കോടി രൂപയുമാണ് പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നികുതി നികുതിയേതര വരുമാനം സംബന്ധിച്ച് 2017 ഡിസംബർ മാസം വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറൽ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടുള്ളത്. ഇതുപ്രകാരം ഓരോ വിഭാഗത്തിൽനിന്നും 2017 ഡിസംബർ മാസം വരെ പിരിഞ്ഞുകിട്ടിയ തുക സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.* നടപ്പ് സാമ്പത്തിക വർഷം പൂർത്തിയായശേഷം അക്കൗണ്ടന്റ് ജനറൽ ഔദ്യോഗികമായി കണക്കുകൾ പൂർണ്ണമായി പുറപ്പെടുവിച്ചാൽ മാത്രമേ പിരിച്ചെടുക്കാനുള്ള തുകയിൽ വന്നിട്ടുള്ള കുറവ്/കൂടുതൽ വിലയിരുത്താനാവുകയുള്ളൂ.

(സി) വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട അതത് മാസത്തെ കണക്കുകൾ ട്രഷറികളിൽനിന്ന് അക്കൗണ്ടന്റ് ജനറലിന് നൽകുകയാണ് ചെയ്യുന്നത്. സാമ്പത്തിക വർഷം പൂർത്തിയായശേഷം ജൂലൈ അവസാനത്തോടു കൂടി പ്രാഥമിക കണക്കുകളും ഡിസംബർ/ജനുവരി മാസത്തോടെ അന്തിമ കണക്കുകളും (Finance Accounts) അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിച്ചുവരുന്നു.

(ഡി) നോട്ട് നിരോധനവും ചരക്ക് സേവന നികുതി ഏർപ്പെടുത്തിയതുമൂലവും സാമ്പത്തിക മേഖലയിൽ പൊതുവിൽ ഉണ്ടായിട്ടുള്ള മാന്ദ്യം സർക്കാരിന്റെ പ്രതീക്ഷിത വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മലപ്പുറം ജില്ലാ ട്രഷറി**

77(407) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ട്രഷറിയോടനുബന്ധിച്ച് ഒരു പെൻഷൻ ട്രഷറി സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ജില്ലാ ട്രഷറിയിലെ ഭൗതിക സൗകര്യങ്ങളും കമ്പ്യൂട്ടർ സംവിധാനങ്ങളും കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജില്ലാ ട്രഷറിയുടെ കീഴിൽ കൂടുതൽ ഓഫീസുകൾ വരുന്നതിനാൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും 1:1 അനുപാതത്തിൽ ഓപ്പറേറ്റിംഗ് ജീവനക്കാർക്ക് കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്. കാലാവധി കഴിഞ്ഞതും കേടായതുമായ യു.പി.എസ്. ബാറ്ററികൾ മാറ്റി പുതിയത് സ്ഥാപിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ട്രഷറികളിലെ കേടായ 46 മോണിറ്ററുകൾക്ക് പകരം പുതിയത് വാങ്ങുന്നതിനുവേണ്ടിയുള്ള സപ്ലൈ ഓർഡർ കെൽട്രോണിന് നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സ്പാർക്കിൽനിന്നും വിവര ചോർച്ച**

78 (408) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് വഴി ശമ്പളം വാങ്ങി നൽകേണ്ട ചില ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ, ഈ ജോലി ചില ഏജൻസികൾക്ക് കൈമാറിയതിനാൽ സർക്കാർ ജീവനക്കാരുടെ വ്യക്തിവിവരങ്ങൾ ചോർത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) പ്രസ്തുത വിവരങ്ങൾ പുറത്താകുന്നത് തടയാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതാതു ഓഫീസിലെ മേലധികാരികൾ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഫോറത്തിന്റെ അടിസ്ഥാനത്തിൽ ഡി.ഡി.ഒ. -മാർക്കും അവർ ചുമതലപ്പെടുത്തുന്ന ചുരുക്കം ചില ഉദ്യോഗസ്ഥർക്കും മാത്രമാണ് സ്പാർക്കിൽനിന്നും യൂസർ കോഡ്, പാസ്സ്‌വേർഡ് എന്നിവ നൽകിവരുന്നത്. ആദ്യം നൽകുന്ന പാസ്സ്‌വേർഡ് തുടക്കത്തിൽത്തന്നെ ഉദ്യോഗസ്ഥർ മാറ്റിയാൽ മാത്രമേ സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ. തുടർന്നുള്ള ഓരോ 60 ദിവസത്തിലൊരിക്കൽ ഇത് പുനഃക്രമീകരിക്കുകയും വേണം. കാലാകാലങ്ങളായി നടത്തിവരുന്ന സുരക്ഷാ പുനരവലോകനത്തിന്റെ ഭാഗമായി പാസ്സ്‌വേർഡ് പുനഃക്രമീകരിക്കുന്നതിനുള്ള സമയക്രമം 60 ദിവസത്തിൽനിന്നും 30 ദിവസമായി കുറയ്ക്കുന്നതിനും ആധാർ അധിഷ്ഠിതമായി പാസ്സ്‌വേർഡ് പുനഃക്രമീകരിക്കുന്നതിനുള്ള സംവിധാനം സ്പാർക്കിൽ നടപ്പിലാക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ പരിഗണനയിലാണ്.

**ചെറുതുരുത്തി ആസ്ഥാനമായി ലോട്ടറി വകുപ്പിന്റെ സബ് ആഫീസ്**

79 (409) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ വള്ളത്തോൾ നഗര പഞ്ചായത്തിലെ ചെറുതുരുത്തി ആസ്ഥാനമായി ലോട്ടറി വകുപ്പിന്റെ സബ് ഓഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നൽകിയ കത്തിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) വലിയ തോതിൽ ടിക്കറ്റ് വില്പനയുള്ള ഈ മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലെയും സമീപ പഞ്ചായത്തുകളിലെയും ലോട്ടറി വില്പന ഏജന്റുമാരുടെ സൗകര്യം കണക്കിലെടുത്ത് ചെറുതുരുത്തി ആസ്ഥാനമായി ലോട്ടറി വകുപ്പ് സബ് ആഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചെറുതുരുത്തി ആസ്ഥാനമായി ലോട്ടറി വകുപ്പിന്റെ സബ് ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ലോട്ടറി നികുതി ഇനത്തിൽ ലഭിച്ച തുക**

80 (410) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലോട്ടറി നികുതി ഇനത്തിൽ എത്ര രൂപ ലഭിച്ചുവെന്ന് അറിയിക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ ലോട്ടറി നികുതി ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയത് ലോട്ടറി വിൽപ്പനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2016-17 191.50 കോടി രൂപ.

2017-18 46.50 കോടി രൂപ (2017 ആഗസ്റ്റ് മാസത്തെ നറുക്കെടുപ്പുകൾ വരെയുള്ള മുൻകൂർ നികുതി).

ചരക്ക് സേവന നികുതി നിലവിൽ വന്ന 2017 ജൂലൈ 1 മുതൽ 2018 ജനുവരി 31 വരെ ലോട്ടറി വിൽപ്പനയിന്മേലുള്ള ജി.എസ്.ടി. ഇനത്തിൽ 658,16,10,526 രൂപ ജി.എസ്.ടി. പോർട്ടലിൽ ഒടുക്കിയിട്ടുണ്ട്. ഇതിൽ CGST 329,08,05,263 രൂപയും SGST 329,08,05,263 രൂപയുമാണ്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് നറുക്കെടുപ്പിന്മേലുള്ള നികുതിയിനത്തിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2011-12 | 54.25 കോടി രൂപ |
| 2012-13 | 94.25 കോടി രൂപ |
| 2013-14 | 115.35 കോടി രൂപ |
| 2014-15 | 198.10 കോടി രൂപ |
| 2015-16 | 186.52 കോടി രൂപ |

(സി) സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 1-7-2017 മുതൽ 12% ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി, ഇതിന്റെ 12% ജി.എസ്.ടി. കൂടി ചേർത്ത് പരമാവധി വിൽപ്പനവില 30 രൂപയാക്കിക്കൊണ്ടും, 50% മുകളിൽ സമ്മാനത്തുക അനുവദിച്ചും മൂന്ന് സ്ലാബുകളിലായി 24%, 25%, 25.25% എന്നിങ്ങനെ ഡിസ്കൗണ്ട് നൽകിക്കൊണ്ടും 15-7-2017-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. ജി.എസ്.ടി. തുടങ്ങിയ ഘട്ടത്തിൽ ടിക്കറ്റ് വിൽപ്പനയിൽ കുറവുണ്ടാക്കിയിട്ടില്ല.

## ലോട്ടറി തട്ടിപ്പ് തടയുന്നതിന് നടപടി

81 (411) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ലോട്ടറി വിൽപ്പന സുതാര്യവും വിശ്വസ്തവുമായി മുന്നേറുമ്പോൾ ഇതിനെ തുരങ്കം വയ്ക്കുന്ന തരത്തിൽ എഴുത്ത് ലോട്ടറി എന്ന തട്ടിപ്പ് ഗ്രാമങ്ങളിലടക്കം സുലഭമായി നടക്കുന്നതും ഇതുമൂലം സർക്കാരിന് വലിയ നഷ്ടം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഴുത്ത് ലോട്ടറി തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) എഴുത്ത് ലോട്ടറി തട്ടിപ്പ് നിയന്ത്രിക്കുന്നതിനും തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുണ്ടോ;

(ഇ) ലോട്ടറി തട്ടിപ്പിനെതിരെ കൂടുതൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ പത്ത് ജില്ലകളിലായി 216 കേസ്സുകൾ സംസ്ഥാനത്തിനകത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 3 |
| 2 | ആലപ്പുഴ | 6 |
| 3 | കോട്ടയം | 1 |
| 4 | തൃശ്ശൂർ | 4 |
| 5 | പാലക്കാട് | 3 |
| 6 | മലപ്പുറം | 91 |
| 7 | കോഴിക്കോട് | 42 |

| (1) | (2) | (3) |
|---|---|---|
| 8 | വയനാട് | 2 |
| 9 | കണ്ണൂർ | 59 |
| 10 | കാസർഗോഡ് | 5 |
| | ആകെ | 216 |

(സി) എഴുത്ത് ലോട്ടറി തട്ടിപ്പ് നിയന്ത്രിക്കുന്നതിനും തടയുന്നതിനും വകുപ്പുതലത്തിലും പോലീസ് മുഖേനയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഴുത്ത് ലോട്ടറി നിയന്ത്രിക്കുന്നതിലേയ്ക്കായി പോലീസ് വകുപ്പിന്റെ 12-5-2017-ലെ D3-186147/2016/PHQ നമ്പർ ഉത്തരവ് പ്രകാരം നിയമവിധേയമായ ലോട്ടറി നടത്തിപ്പ് ലക്ഷ്യമിട്ട് രൂപീകൃതമായ മോണിറ്ററിംഗ് സെല്ലുകൾ DGP (Crimes)-ന്റെ നേതൃത്വത്തിൽ സോണൽതലത്തിൽ പുനഃസംഘടിപ്പിക്കുകയുണ്ടായി. എഴുത്ത് ലോട്ടറി നടത്തിപ്പ് സംബന്ധിച്ച് ഭാഗ്യക്കുറി വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാകുന്ന പരാതികളും മാധ്യമ വാർത്തകളും ക്രോഡീകരിച്ച് ലോട്ടറി ആക്റ്റിലേയും റൂളിലേയും വ്യവസ്ഥകൾ ചേർത്ത് കേസെടുക്കുന്നതിനായി യഥാസമയം IGP (Crimes) -ന് നൽകിവരുന്നു. 29-1-2018-ന് സംസ്ഥാന വ്യാപകമായി എഴുത്ത് ലോട്ടറിക്കെതിരെ നടന്ന റെയ്ഡിൽ 49 കേസ്സുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഴുത്ത് ലോട്ടറിയുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ ഉൾപ്പെടുന്ന ഏജന്റുമാരുടെ പേരിലും ഏജന്റുമാരല്ലാത്ത വിൽപ്പനക്കാർ ഉൾപ്പെടുന്ന പക്ഷം ഇത്തരം വിൽപ്പനക്കാർക്ക് ടിക്കറ്റുകൾ നൽകുന്ന ഏജന്റുമാർക്കെതിരെയും നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ലോട്ടറി നടത്തിപ്പിൽ ഉൾപ്പെടുന്നവർ പിഴശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാകുമെന്ന് പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിവരുന്നു.

(ഡി) തട്ടിപ്പ് സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ലാത്തതിനാൽ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടില്ല.

(ഇ) സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വ്യാജമായി പ്രിന്റ് ചെയ്യൽ, ലോട്ടറി ടിക്കറ്റുകളുടെ കളർ ഫോട്ടോസ്റ്റാറ്റ്, ടിക്കറ്റുകളുടെ നമ്പർ തിരുത്തൽ എന്നീ പ്രവൃത്തികളിലൂടെ സമ്മാനത്തുക തട്ടിയെടുക്കാൻ നടത്തുന്ന ശ്രമം തടയുന്നതിലേയ്ക്കായി ടിക്കറ്റുകളുടെ അച്ചടിയിൽ അഞ്ചോളം സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും മേൽ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ജില്ലാതലത്തിൽ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എഴുത്ത് ലോട്ടറി വിപത്തിനെക്കുറിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികൾക്ക് ഇതിനകം ബോധവത്കരണ മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരം തട്ടിപ്പുകൾക്കെതിരെ ജാഗ്രത

പാലിക്കാൻ നിർദ്ദേശം നൽകിക്കൊണ്ടുള്ള നോട്ടീസുകൾ എല്ലാ ഭാഗ്യക്കുറി ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

## ലോട്ടറി കേന്ദ്രീകരിച്ച് നടക്കുന്ന തട്ടിപ്പുകൾ

82 (412) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഴുത്ത് ലോട്ടറി വ്യാപകമാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) സംസ്ഥാന ലോട്ടറിയെ തകർക്കുന്ന തരത്തിലുള്ള ഇത്തരം മാഫിയകളെ തുടക്കത്തിൽ തന്നെ തടയാൻ കഴിയാത്തതിന് കാരണമെന്താണ് ;

(സി) ലോട്ടറി കേന്ദ്രീകരിച്ച് നടക്കുന്ന വിവിധ തട്ടിപ്പുകളും നിയമപരമല്ലാത്ത മറ്റ് പ്രവണതകളും തടയുന്നതിന് ഏതെങ്കിലും തരത്തിലുള്ള സ്ഥിരം പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരമൊരു സംവിധാനം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എഴുത്ത് ലോട്ടറി തട്ടിപ്പ് നിയന്ത്രിക്കുന്നതിനും തടയുന്നതിനും വകുപ്പുതലത്തിലും പോലീസ് മുഖേനയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഴുത്ത് ലോട്ടറി നിയന്ത്രിക്കുന്നതിലേയ്ക്കായി പോലീസ് വകുപ്പിന്റെ 12-5-2017-ലെ D3-186147/2016/PHQ നമ്പർ ഉത്തരവ് പ്രകാരം നിയമവിധേയമായ ലോട്ടറി നടത്തിപ്പ് ലക്ഷ്യമിട്ട് രൂപീകൃതമായ മോണിറ്ററിംഗ് സെല്ലുകൾ DGP (Crimes)-ന്റെ നേതൃത്വത്തിൽ സോണൽ തലത്തിൽ പുനഃസംഘടിപ്പിക്കുകയുണ്ടായി. എഴുത്ത് ലോട്ടറി നടത്തിപ്പ് സംബന്ധിച്ച് ഭാഗ്യക്കുറി വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാകുന്ന പരാതികളും മാധ്യമ വാർത്തകളും ക്രോഡീകരിച്ച് ലോട്ടറി ആക്റ്റിലേയും റൂളിലേയും വ്യവസ്ഥകൾ ചേർത്ത് കേസെടുക്കുന്നതിനായി യഥാസമയം IGP (Crimes) -ന് നൽകിവരുന്നു. 29-1-2018-ന് സംസ്ഥാന വ്യാപകമായി എഴുത്ത് ലോട്ടറിക്കെതിരെ നടന്ന റെയ്ഡിൽ 49 കേസുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഴുത്ത് ലോട്ടറിയുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഉൾപ്പെടുന്ന ഏജന്റുമാരുടെ പേരിലും ഏജന്റുമാരല്ലാത്ത വിൽപ്പനക്കാർ ഉൾപ്പെടുന്നപക്ഷം ഇത്തരം വിൽപ്പനക്കാർക്ക് ടിക്കറ്റുകൾ നൽകുന്ന ഏജന്റുമാർക്കെതിരെയും നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ലോട്ടറി നടത്തിപ്പിൽ ഉൾപ്പെടുന്നവർ പിഴശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാകുമെന്ന് പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിവരുന്നു.

(ബി) നിയമാനുസൃതമല്ലാത്ത അന്യസംസ്ഥാന ലോട്ടറി നടത്തിപ്പ് ആരംഭിക്കാൻ ലക്ഷ്യമിട്ട ലോട്ടറി മാഫിയയുടെ അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ സംസ്ഥാനത്ത് എത്തിയപ്പോൾതന്നെ പിടിച്ചെടുത്ത് പ്രസ്തുത ഏജൻസിക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഴുത്ത് ലോട്ടറി മാഫിയയെ നിയന്ത്രിക്കുന്നതിലേയ്ക്കായി സംസ്ഥാന വ്യാപകമായി റെയ്ഡ് നടത്തി ഇവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. 12-5-2017-ലെ പോലീസ് വകുപ്പിന്റെ D3-186147/2016/PHQ നമ്പർ ഉത്തരവ് പ്രകാരം എഴുത്ത് ലോട്ടറി നടത്തിപ്പ് നിരീക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കേസ്സുകൾ അന്വേഷിക്കുന്നതിനും സംസ്ഥാനതലത്തിൽ ADGP (Crimes) ന്റെ നേതൃത്വത്തിലും സോണൽ തലത്തിൽ IGP (Crimes) മാരുടെ നിയന്ത്രണത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ ലോട്ടറി ഓഫീസർ, സൂപ്രണ്ട് ഓഫ് പോലീസ്, ചരക്ക് സേവന നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായി ജില്ലാതല മോണിറ്ററിംഗ് സമിതികളും രൂപീകരിച്ചിട്ടുണ്ട്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ഭേദഗതി**

83 (413) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ജൂലൈ 30 -ന് മുൻപ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്താൻ ഉത്തരവായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ജൂലൈ 30-ന് വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചാൽ മതിയെന്നിരിക്കെ, അതിനു മുൻപ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തുന്നത് സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണോ; ഈ പരിശോധനാ രീതി വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) 2017-18 സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് 2018 ഫെബ്രുവരി മാസം ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടത്തുന്ന ഓഡിറ്റിന് ഉത്തരവ് നൽകിയിട്ടുണ്ടോ; പദ്ധതി നിർവ്വഹണത്തിന്റെ അവസാന ഘട്ടത്തിൽ നടത്തുന്ന ഓഡിറ്റ് പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കർ നിലവിൽ വന്നതിനുശേഷം 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ഭേദഗതി ചെയ്തിട്ടില്ല.

(ബി) ജൂലൈ 30-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്താൻ ഉത്തരവായിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് തുടങ്ങിയിട്ടില്ല.

(ഡി) സമകാലീന ഓഡിറ്റ് രീതി നിലവിലുള്ള നഗരസഭകളിലും ജില്ലാ പഞ്ചായത്തുകളിലും തുടർ ഓഡിറ്റ് നടത്തുന്നതിന് പ്രത്യേക ഉത്തരവ് ആവശ്യമില്ലാത്തതിനാൽ ഉത്തരവ് നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിന് ശേഷമാണ് പൂർണ്ണമായി ഓഡിറ്റ് നടത്തുന്നത് എന്നിരിക്കെ ഓഡിറ്റ് പദ്ധതി നിർവ്വഹണത്തെ ബാധിക്കുന്നുമില്ല.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികൾ

84 (414) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ പ്രവാസി ചിട്ടികളിൽ നിലവിൽ എത്ര പ്രവാസികൾ ചേർന്നിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കെ.എസ്.എഫ്.ഇ. നടത്തിയ ബോധവൽക്കരണ പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രവാസി ചിട്ടികളിൽ ചേർന്നവരുടെ ഫണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ എത്ര പ്രവാസികൾ കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെന്ന വിവരം വിശദമാക്കുമോ?

(ഇ) കെ.എസ്.എഫ്.ഇ.-യിലെ ഇത്തരത്തിലുള്ള നിക്ഷേപം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്കുകൂടി പ്രയോജനപ്രദമാകുന്ന പദ്ധതി തയ്യാറാക്കുമോ;

(എഫ്) കെ.എസ്.എഫ്.ഇ.-യുടെ ചിട്ടിയിൽ ചേർന്നവർക്ക് ചിട്ടിപ്പണം ലഭിക്കുവാൻ സഹകരണ ബാങ്കുകളിലേക്ക് ചെക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസി ചിട്ടികൾ ആരംഭിച്ചിട്ടില്ല. ഇതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് നിരവധി തരത്തിലുള്ള ബോധവത്കരണ പരിപാടികൾ കമ്പനിയ്ക്കകത്തും പുറത്തും കെ.എസ്.എഫ്.ഇ. നടത്തുകയുണ്ടായി. 2017 ഓക്ടോബർ 12, 13 തീയതികളിൽ തിരുവനന്തപുരം ടെക്നോ പാർക്കിൽവെച്ച് കെ.എസ്.എഫ്.ഇ. ജീവനക്കാർക്കായി ഒരു സംസ്ഥാനതല വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ജീവനക്കാർക്കിടയിൽ പ്രവാസി ചിട്ടിയെക്കുറിച്ചും അതിന്റെ വിവിധ വശങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി 2017 ഒക്ടോബർ 30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലശ്ശേരിയിൽവച്ച് പ്രവാസി ബന്ധു സംഗമങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. തുടർന്ന് എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങൾ ഉൾപ്പെടെ 160 ഓളം കേന്ദ്രങ്ങളിൽ വച്ച് പ്രവാസി ബന്ധു സംഗമങ്ങൾ നടത്തുകയുണ്ടായി. കേരളത്തിൽ താമസിക്കുന്ന പ്രവാസി ബന്ധുക്കളോട് പ്രവാസി ചിട്ടിയെക്കുറിച്ച് വിശദീകരിക്കുവാനും അതിലൂടെ കെ.എസ്.എഫ്.ഇ. സ്വരൂപിക്കുന്ന പണം നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് എങ്ങനെ ഉപയുക്തമാക്കാമെന്ന് ബോധവത്കരണം നടത്താനും ഏകദേശം 25000 പ്രവാസികളുടെ വിശദ വിവരങ്ങൾ ശേഖരിക്കുവാനും കഴിഞ്ഞു. പ്രവാസി ചിട്ടിയെക്കുറിച്ച് അറിയാൻവേണ്ടി 0471 2737888 എന്ന ഉപഭോക്തൃ സേവന ഫോൺ നമ്പറും www.Pravasi.ksfe.com എന്ന വെബ്സൈറ്റും തുടർച്ചയായി പ്രവർത്തിച്ചുവരുന്നു. പ്രവാസി ചിട്ടിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് സഹായകമായ പരസ്യങ്ങൾ ഗൾഫ് രാജ്യങ്ങളിൽ നൽകുകയും കെ.എസ്. എഫ്.ഇ.-യുടെയും കിഫ്ബിയുടെയും പ്രതിനിധികൾ പ്രസ്തുത രാജ്യങ്ങൾ സന്ദർശിച്ച് വിവിധ മലയാളി സമൂഹവുമായി ആശയവിനിമയം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) പ്രവാസി ചിട്ടികളിൽ അടയ്ക്കുന്ന തുക കിഫ്ബിയിലേയ്ക്ക് ഉപയുക്തമാകുന്ന തരത്തിലാണ് പ്രസ്തുത ചിട്ടി രൂപകല്പന ചെയ്തിട്ടുള്ളത്.

(ഡി) പ്രവാസി ചിട്ടി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ഇ) ഈ പദ്ധതി രൂപവത്കരിച്ചിട്ടുള്ളത് ഇതിൽ അടയ്ക്കുന്ന പണം കിഫ്ബിയുമായി ചേർന്ന് സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന സൗകര്യത്തിന് ഉപയുക്തമാക്കാനാണ്. ഇതിന്റെ രൂപകൽപ്പന പൂർത്തീകരിച്ച് പ്രായോഗിക പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലായതിനാൽ സഹകരണ ബാങ്കുകളെ ഈ പ്രവർത്തനത്തിൽ കണ്ണി ചേർക്കുക ഈ ഘട്ടത്തിൽ അപ്രായോഗികമാണ്.

(എഫ്) കെ.എസ്.എഫ്.ഇ.-യുടെ ശാഖകൾ സ്വതന്ത്രമായാണ് അവരുടെ അക്കൗണ്ടുകൾ തുറക്കുന്നത്. ഷെഡ്യൂൾഡ്/നാഷണലൈസ്ഡ് ബാങ്കുകൾക്ക് പുറമേ ഇപ്പോൾത്തന്നെ ജില്ലാ സഹകരണ ബാങ്കുകളിലും അക്കൗണ്ടുകളുള്ള ശാഖകൾ നിലവിലുണ്ട്.

## കെ.എസ്.എഫ്.ഇ.-യുടെ സാമ്പത്തിക സ്ഥിതി

85 (415) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര കോടി രൂപ റിസർവ് മണിയായും ട്രഷറി നിക്ഷേപമായും ബാങ്ക് നിക്ഷേപമായും മറ്റ് നീക്കിയിരിപ്പുകളുമായി കെ.എസ്.എഫ്.ഇ.-യിൽ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഈ നിക്ഷേപങ്ങളിൽ എത്ര കോടി രൂപ സർക്കാർ ഖജനാവിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്;

(ബി) അധിക നിക്ഷേപം സർക്കാർ ഖജനാവിലേക്ക് നിക്ഷേപിച്ചത് കാരണം കെ.എസ്.എഫ്.ഇ. -യുടെ വായ്പകൾ നല്കുന്നതിലേക്കായി മറ്റ് ബാങ്കുകളെ സമീപിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ വിവിധ കാലഘട്ടങ്ങളിൽ സ്വരൂപിച്ച നിക്ഷേപങ്ങൾ കെ.എസ്.എഫ്.ഇ.-യുടെ ആവശ്യങ്ങൾക്കല്ലാതെ വിനിയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യുടെ 31-3-2016-ലെ വാർഷിക കണക്ക് പ്രകാരമുള്ള നിക്ഷേപത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.:

(കോടി രൂപയിൽ)

| | | |
|---|---|---|
| 1. | ട്രഷറി നിക്ഷേപം (ചിട്ടി സെക്യൂരിറ്റി നിക്ഷേപം) | 1590 |
| 2. | ട്രഷറി നിക്ഷേപം (മറ്റുള്ളവ) | 1306 |
| 3. | ബാങ്ക് നിക്ഷേപം | 106 |

ബാങ്ക് നിക്ഷേപം ഒഴികെയുള്ള നിക്ഷേപമായ 2896 കോടി രൂപ സർക്കാർ ട്രഷറിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ഉണ്ട്. കെ.എസ്.എഫ്.ഇ. വിവിധ കാലഘട്ടത്തിൽ സ്വരൂപിച്ച നിക്ഷേപങ്ങൾ ജാമ്യമായി നൽകി വിവിധ ബാങ്കുകളിൽ നിന്നായി 2016-17-ൽ 370 കോടി രൂപയും 2017-18 ൽ 1705 കോടി രൂപയും കടമെടുത്തിട്ടുണ്ട്. ഇതിൽ 370 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്.

## ഗ്രാമീണമേഖലയിൽ കെ.എസ്.എഫ്.ഇ-യുടെ സേവനം

86 (416) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.-യുടെ എത്ര ശാഖകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇതിലൂടെ എത്ര കോടി രൂപയുടെ ചിട്ടി ഇടപാടുകളാണ് നിലവിൽ നടത്തിവരുന്നത് ;

(സി) കെ.എസ്.എഫ്.ഇ.-യുടെ 2016-17 -ലെ ലാഭം എത്ര കോടി രൂപയാണ്;

(ഡി) കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം ഗ്രാമപ്രദേശങ്ങളിലേക്ക് കൂടുതൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 581 ശാഖകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ബി) 31-1-2018-ന്റെ കണക്കനുസരിച്ച് ആകെ 1622.13 കോടി രൂപ പ്രതിമാസ സലയുള്ള ചിട്ടി നടത്തിവരുന്നു.

(സി) ഓഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് 2016-17-ൽ നികുതി അടയ്ക്കുന്നതിന് മുമ്പുള്ള ലാഭം 234 കോടി രൂപയാണ്.

(ഡി) കേരളത്തിലെ പ്രധാനപ്പെട്ട ഗ്രാമ, നഗര, അർദ്ധ നഗര പ്രദേശങ്ങളിൽ ഭൂരിഭാഗം പ്രദേശത്തും കെ.എസ്.എഫ്.ഇ. പ്രവർത്തിച്ചുവരുന്നുണ്ട്.

## ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസി നമ്പർ ഏകീകരണം

87 (417) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് കീഴിൽ എത്ര ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസി അംഗങ്ങൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവരുടെ പോളിസി നമ്പരുകൾ ഒരേ രീതിയിൽ ആക്കുന്നതിലേക്കായി 12 അക്ക പോളിസി നമ്പരുകൾ അനുവദിക്കുന്ന നടപടിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(സി) പ്രസ്തുത നടപടി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുള്ള ജി.ഐ.എസ്. അക്കൗണ്ടുകളുടെ എണ്ണം 512345

(ബി) ജി.ഐ.എസ്. 12 അക്ക നമ്പരുകളാക്കിയ അക്കൗണ്ടുകളുടെ എണ്ണം 301040 (മേൽ പറഞ്ഞ കണക്കുകൾ വകുപ്പിന്റെ ഡാറ്റാബേസ് പ്രകാരമുള്ളതാണ്) ഡിജിറ്റലൈസേഷൻ പൂർത്തിയായാൽ മാത്രമേ കൃത്യമായ കണക്ക് ലഭ്യമാകൂ.

(സി) ജി.ഐ.എസ്. അക്കൗണ്ട് ഉടമകളായ ജീവനക്കാർക്ക് അവരുടെ നിലവിലുള്ള അക്കൗണ്ട് നമ്പർ ഓൺലൈനായി 12 അക്ക നമ്പരാക്കി മാറ്റുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. ഈ സൗകര്യം നിലവിൽ ലഭ്യമാണ്. ടി പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം അവസാനത്തോടെ പൂർത്തിയാക്കാൻ സാധിക്കും.

## എസ്.എൽ.ഐ.പോളിസി ക്ലെയിമുകൾ

88 (418) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ എസ്.എൽ.ഐ. പോളിസി ക്ലെയിമുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലതാമസത്തിന്റെ കാരണമെന്തെന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിൽ എത്ര ക്ലെയിം അപേക്ഷകൾ തീർപ്പാകാതെ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കുമോ;

(ഡി) ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനനുസരിച്ച് സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി തുക ഉയർത്തി നിശ്ചയിക്കാറുണ്ട്. സർവ്വീസ് ചട്ടങ്ങൾ പ്രകാരം മിനിമം പ്രീമിയം നിർബന്ധമായതിനാൽ ജീവനക്കാർ ഒന്നടങ്കം പുതിയ എസ്.എൽ.ഐ. പോളിസികൾക്കായി വകുപ്പിനെ സമീപിക്കുന്നു. ഇത് വകുപ്പ് സാധാരണ രീതിയിൽ കൈകാര്യം ചെയ്യുന്ന അപേക്ഷകളുടെ എണ്ണത്തിനും അഞ്ച് മടങ്ങോളം അപേക്ഷകൾ ഉണ്ടാകും. കൂടാതെ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയോഗിച്ചതിനാൽ ക്ലെയിമുകൾ നൽകുന്നതിൽ താൽക്കാലികമായ കാലതാമസമുണ്ടായി. കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമാകുന്ന മുറയ്ക്ക് ഈ കാലതാമസം ഒഴിവാകുന്നതാണ്.

(സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ജില്ലാ ആഫീസുകളിൽ എസ്.എൽ.ഐ. ക്ലെയിം അപേക്ഷകൾ തീർപ്പാക്കാത്തത് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1509 |
| കൊല്ലം | 1476 |
| പത്തനംതിട്ട | 383 |
| ആലപ്പുഴ | 826 |
| കോട്ടയം | 580 |
| ഇടുക്കി | 812 |
| എറണാകുളം | 2039 |
| തൃശ്ശൂർ | 1470 |
| പാലക്കാട് | 122 |
| മലപ്പുറം | 1027 |
| കോഴിക്കോട് | 3955 |
| വയനാട് | 78 |
| കണ്ണൂർ | 866 |
| കാസർഗോഡ് | 264 |

(ഡി) എസ്.എൽ.ഐ. പോളിസി ക്ലെയിമുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം താൽക്കാലികമാണ്. കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി കഴിയുമ്പോൾ ഈ കാലതാമസം ഒഴിവാകുന്നതാണ്.

(ഇ) വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തി സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്.

**എസ്.എൽ.ഐ.പോളിസികളും പാസ്സ് ബുക്കും വിതരണം ചെയ്യാൻ നടപടി**

89 (419) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് കീഴിൽ നിലവിൽ എത്ര എസ്.എൽ.ഐ. പോളിസികൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) എസ്.എൽ.ഐ പോളിസികളിൽ ആദ്യ പ്രീമിയം ഒടുക്കിയിട്ട് നാളിതുവരെ പോളിസി സർട്ടിഫിക്കറ്റും പാസ്സ് ബുക്കും നൽകാത്ത എത്ര പോളിസികളുണ്ട് ;

(സി) സമയബന്ധിതമായി ഈ പോളിസികളും പാസ്സ് ബുക്കും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് ഇത് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ;

(ഇ) പ്രീമിയം ഒടുക്കുന്ന ദിവസം തന്നെ പോളിസികളും പാസ്സ് ബുക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് കീഴിൽ നിലവിൽ 9,51,260 എസ്.എൽ.ഐ. പോളിസികൾ നിലവിലുണ്ട്.

(ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനുകീഴിൽ നിലവിൽ എസ്.എൽ.ഐ. പോളിസികളിൽ പ്രീമിയം ഒടുക്കിയിട്ട് പോളിസി സർട്ടിഫിക്കറ്റും പാസ്സ് ബുക്കും നൽകാത്ത 145449 പോളിസികളുണ്ട്.

(സി) പുതിയ പോളിസികൾ എടുക്കുന്നവരുടെ എണ്ണത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവും കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള ജീവനക്കാരെത്തന്നെ നിയോഗിക്കേണ്ടിവന്നതും എസ്.എൽ.ഐ. പോളിസി സർട്ടിഫിക്കറ്റും പാസ്സ് ബുക്കും നൽകുന്നതിൽ കാലതാമസ മുണ്ടാക്കിയിട്ടുണ്ട്. വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തി പാസ്സ് ബുക്കും പോളിസി സർട്ടിഫിക്കറ്റുകളും പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമാകുന്ന മുറയ്ക്ക് ഈ കാലതാമസം ഒഴിവാകുന്നതാണ്.

(ഇ) വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ പൂർത്തിയാകുന്നതോടെ പ്രീമിയം ഒടുക്കുന്ന ദിവസംതന്നെ പാസ്സ് ബുക്കും പോളിസി സർട്ടിഫിക്കറ്റുകളും പ്രിന്റ് ചെയ്ത് നൽകുവാൻ സാധിക്കും.

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരണം

90 (420) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി പോളിസികളുടെയും പ്രീമിയം ഒടുക്കിയതിന്റെയും വിവരങ്ങൾ അതത് വകുപ്പ് ഡി.ഡി.ഒ.-മാർ വഴി ശേഖരിക്കുന്ന പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ ;

(ബി) ഈ പ്രവർത്തനങ്ങളിൽ സഹകരിക്കാത്ത ഏതെങ്കിലും വകുപ്പുകൾ/ഡി.ഡി.ഒ.-മാർ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാനുദ്ദേശിക്കുന്നു;

(സി) സ്പാർക്ക് (SPARK) മുഖേനയല്ലാതെ ശമ്പളം വാങ്ങുന്നവരുടെ പ്രസ്തുത വിവര ശേഖരണത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി പോളിസികളുടെയും പ്രീമിയം ഒടുക്കിയതിന്റെയും വിവരങ്ങൾ അതത് വകുപ്പ് ഡി.ഡി.ഒ.-മാർ വഴി ശേഖരിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു:

| | |
|---|---|
| ആകെ ചേർത്ത എസ്.എൽ.ഐ. പാസ്സ് ബുക്കുകൾ | 4,78,420 |
| ആകെ ചേർത്ത ജി.ഐ.എസ്. പാസ്സ് ബുക്കുകൾ | 2,37,820 |
| ആകെ | 7,16,240 |
| പ്രീമിയം അടവ് വിവരങ്ങൾ സമർപ്പിച്ച എസ്.എൽ.ഐ പാസ്സ് ബുക്കുകൾ | 2,68,949 |
| പ്രീമിയം അടവ് വിവരങ്ങൾ സമർപ്പിച്ച ജി.ഐ.എസ്. പാസ്സ് ബുക്കുകൾ | 1,49,162 |
| ആകെ | 4,18,111 |
| ടി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ഡി.ഡി.ഒ.-മാർ | 6,429 |

(ബി) പ്രീമിയം വിവരങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പുരോഗതി അവലോകനം ചെയ്തശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) സ്പാർക്ക് മുഖേനയല്ലാതെ ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ വിവര ശേഖരണം ഓൺലൈനായി നടത്തുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

## മലപ്പുറം ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ധനകാര്യ സെക്രട്ടറിക്ക് അയച്ച കത്ത് (ഗ്രൂപ്പ് ഇൻഷ്വറൻസ്)

91 (421) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വെണ്ടല്ലൂർ വി.പി.എ.യു.പി. സ്കൂളിലെ അറബിക് അദ്ധ്യാപകൻ അബൂബക്കറിന്റെ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (ജി.ഐ.എസ്.) (അക്കൗണ്ട് നമ്പർ 10051014) സംബന്ധിച്ച് മലപ്പുറം ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ധനകാര്യ വകുപ്പ് സെക്രട്ടറിയ്ക്ക് അയച്ച കത്ത് ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) അദ്ദേഹം എൽ. ഡബ്ളിയു. എ. ആയിരുന്ന 1994 മുതൽ 2002 വരെ കാലയളവിൽ ജി.ഐ.എസ്. അടയ്ക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഈ അദ്ധ്യാപകന്റെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. അബൂബക്കറിന്റെ ജി.ഐ.എസ്. അംഗത്വം പുതുക്കുന്നതിനായി മലപ്പുറം ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ 24-11-2017-ലെ ജി.ഇ.ഒ./ എം.പി.എം./ഗ്രൂപ്പ്/എം.2/080/17 നമ്പർ പ്രകാരമുള്ള കത്ത് ലഭിച്ചിട്ടുണ്ട്.

(ബി) 1994 മുതൽ 2002 വരെ കാലയളവിൽ ശൂന്യവേതന അവധിയിൽ ആയിരുന്നതിനാൽ നഷ്ടപ്പെട്ട ജി.ഐ.എസ്. അംഗത്വം പുനഃസ്ഥാപിക്കുന്നതിന് 22-2-2018-ലെ സ.ഉ.(സാധാ) നമ്പർ 1342/2018/ധന. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) മേൽ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ടവർക്ക് അയച്ചിട്ടുണ്ട്.

## ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ

92 (422) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഈ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ പ്രധാന സേവനങ്ങളായ എസ്.എൽ.ഐ./ജി.ഐ.എസ്. എന്നീ പദ്ധതികളിലെ പോളിസി അംഗത്വം അനുവദിക്കൽ, വിരമിക്കൽ/മരണാനന്തര ക്ലെയിം തുക അനുവദിക്കൽ എന്നീ പ്രവർത്തനങ്ങളും ജനറൽ ഇൻഷ്വറൻസിലെ മോട്ടോർ/പോളിസി അനുവദിക്കൽ എന്നിവയും വകുപ്പിന്റെ സോഫ്റ്റ്‌വെയറായ 'വിശ്വാസ്' ' വഴിയാണ് നൽകിവരുന്നത്. ഇവയിൽ ജി.ഐ.എസ്. അംഗത്വം നൽകൽ, ക്ലെയിം അനുവദിക്കൽ എന്നീ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലാണ് നൽകിവരുന്നത്. എസ്.എൽ.ഐ./ജി.ഐ.എസ്. എന്നീ പദ്ധതികളിലെ മുൻകാല പ്രീമിയം അടവ് വിവരങ്ങൾ ഡി.ഡി.ഒ.-മാരിൽ നിന്നും ഓൺലൈനായി ശേഖരിക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. വകുപ്പിലെ പത്ത് ലക്ഷത്തോളം വരുന്ന എസ്.എൽ.ഐ.പോളിസി ഫയലുകൾ സ്കാൻ ചെയ്ത് സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. വകുപ്പിലെ എല്ലാ ഓഫീസുകളിലെയും നെറ്റ്‌വർക്ക് സംവിധാനം ഓപ്റ്റിക്കൽ ഫൈബർ വഴി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി. വകുപ്പിന്റെ പ്രവർത്തനങ്ങൾ സ്പാർക്കുമായും ട്രഷറി BIMS സംവിധാനവുമായും ബന്ധിപ്പിക്കുന്നതിനും വെബ്സൈറ്റ് നവീകരിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) കമ്പ്യൂട്ടറൈസേഷന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ 2017-18 സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ 2018-19 സാമ്പത്തിക വർഷാരംഭത്തോടെ ആരംഭിച്ച് ടി വർഷം പകുതിയോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മുദ്രപത്രങ്ങൾക്ക് ക്ഷാമം**

93 (423) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറഞ്ഞ വിലയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ത്രിതല പഞ്ചായത്തുകൾ വഴി ആനുകൂല്യങ്ങൾ ലഭിക്കേണ്ട നിർധനർ ഇക്കാരണത്താൽ വില കൂടിയ മുദ്രപ്പത്രം വാങ്ങേണ്ടി വരുന്ന സാഹചര്യം പരിഗണനാ വിഷയമായിട്ടുണ്ടോ;

(സി) എങ്കിൽ പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചെറിയ ഡിനോമിനേഷൻ മുദ്രപ്പത്രങ്ങളായ 50, 100 എന്നിവയ്ക്ക് ചില ജില്ലകളിൽ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് അധികമായി സ്റ്റോക്കുള്ള ഒരു രൂപ മുതൽ അഞ്ച് രൂപവരെയുള്ള നോൺ ജൂഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ അമ്പത് രൂപ മൂല്യമുള്ളവയായും ഏഴ് മുതൽ പത്ത് രൂപ വരെ മൂല്യമുള്ളവയെ 100 രൂപയുടെ സ്റ്റാമ്പ് പേപ്പറായും പുനർമൂല്യനിർണ്ണയം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ഫെബ്രുവരി അവസാന വാരം ഇവ ട്രഷറികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 50, 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും ഒട്ടും സ്റ്റോക്കില്ലാത്ത ട്രഷറികളിലേയ്ക്ക് നൽകുന്നതിന് നടപടി എടുത്തിട്ടുണ്ട്. ടി ഇനം മുദ്രപ്പത്രങ്ങൾക്ക് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

31-3-2018 വരെ ആവശ്യം വരുന്ന മുദ്രപ്പത്രങ്ങൾ അച്ചടിക്കുന്നതിനുള്ള ഇൻഡന്റ് നാസിക് പ്രസ്സ് അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30-9-2017 വരെയുള്ള ഇൻഡന്റിന്റെ 30% മുൻകൂർ തുക പ്രസ്സിന് നൽകിയിട്ടുണ്ട്. 1-4-2017 മുതൽ 30-9-2017 വരെയുള്ള കാലയളവിലേയ്ക്ക് ഇൻഡന്റ് നൽകിയതും അച്ചടി പൂർത്തിയായതുമായ മുദ്രപ്പത്രങ്ങൾ നാസിക്കിൽനിന്നും കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഹൈദരാബാദ് സെക്യൂരിറ്റി പ്രസ്സിൽനിന്നും അച്ചടി പൂർത്തിയായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും കൈപ്പറ്റി കൊണ്ടുവരുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**മൂല്യം കുറഞ്ഞ മുദ്രപ്പത്രങ്ങളുടെ ക്ഷാമം**

94 (424) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യം കുറഞ്ഞ മുദ്രപ്പത്രങ്ങളുടെ ക്ഷാമംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിവിധ ആനുകൂല്യങ്ങൾ ഉൾപ്പെടെ ലഭിക്കുന്നതിന് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത മുദ്രപ്പത്രങ്ങളുടെ ശരാശരി ആവശ്യം തിട്ടപ്പെടുത്തി മുൻകൂറായി അവ ലഭ്യമാക്കാൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കു ന്നതിനായി സംസ്ഥാനത്ത് അധികമായി സ്റ്റോക്കുള്ള ഒരു രൂപ മുതൽ അഞ്ച് രൂപവരെയുള്ള നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ അമ്പത് രൂപ മൂല്യമുള്ളവയായും ഏഴ് മുതൽ പത്ത് രൂപ വരെ മൂല്യമുള്ളവയെ 100 രൂപയുടെ സ്റ്റാമ്പ് പേപ്പറായും പുനർമൂല്യനിർണ്ണയം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ഫെബ്രുവരി അവസാന വാരം ഇവ ട്രഷറികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 50, 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും ഒട്ടും സ്റ്റോക്കില്ലാത്ത ട്രഷറികളിലേയ്ക്ക് നൽകുന്നതിന് നടപടി എടുത്തിട്ടുണ്ട്. ടി ഇനം മുദ്രപ്പത്രങ്ങൾക്ക് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 31-3-2018 വരെ ആവശ്യം വരുന്ന മുദ്രപ്പത്രങ്ങൾ അച്ചടിക്കുന്നതിനുള്ള ഇൻഡന്റ് നാസിക് പ്രസ്സ് അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30-9-2017 വരെയുള്ള ഇൻഡന്റിന്റെ 30% മുൻകൂർ തുക പ്രസ്സിന് നൽകിയിട്ടുണ്ട്. 1-4-2017 മുതൽ 30-9-2017 വരെയുള്ള കാലയളവിലേയ്ക്ക് ഇൻഡന്റ് നൽകിയതും അച്ചടി പൂർത്തിയായതുമായ മുദ്രപ്പത്രങ്ങൾ നാസിക്കിൽനിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഹൈദരാബാദ് സെക്യൂരിറ്റി പ്രസ്സിൽനിന്നും അച്ചടി പൂർത്തിയായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും കൈപ്പറ്റി കൊണ്ടുവരുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും ആവശ്യകത യഥാസമയം വിലയിരുത്തി വർഷത്തിൽ രണ്ട് അർദ്ധ വാർഷിക ഇൻഡന്റ് (ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും ഒക്ടോബർ മുതൽ മാർച്ച് വരെയും) യഥാക്രമം മാർച്ചിലും സെപ്റ്റംബറിലും തയ്യാറാക്കി നാസിക്കിലെയും ഹൈദരാബാദിലെയും സെക്യൂരിറ്റി പ്രസ്സുകളിൽ ലഭ്യമാക്കി വരുന്നുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം

95 (425) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 50, 100 രൂപയുടെ മുദ്രപ്പത്രങ്ങൾ ലഭിക്കാത്തത് മൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) മുദ്രപ്പത്രക്ഷാമത്തിന്റെ മറവിൽ വലിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ മാത്രം വിൽപ്പന നടത്തി, ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ പൂഴ്ത്തിവെയ്ക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

(സി) സാധാരണക്കാർക്ക് ആവശ്യമുള്ള ചെറിയ തുകയുടെ മുദ്രപ്പത്രങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ചില ജില്ലകളിൽ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ വെണ്ടർമാർ പൂഴ്ത്തിവച്ച് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാനായി കർശനനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) മുദ്രപ്പത്രങ്ങൾ റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കുന്നതിനായി തയ്യാറാക്കിവരികയും ഫെബ്രുവരി അവസാനവാരം ഇവ ട്രഷറികളിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 50, 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും ഒട്ടും സ്റ്റോക്കില്ലാത്ത ട്രഷറികളിലേയ്ക്ക് നൽകുന്നതിന് നടപടി എടുത്തിട്ടുണ്ട്.

31-3-2018 വരെ ആവശ്യം വരുന്ന മുദ്രപ്പത്രങ്ങൾ അച്ചടിക്കുന്നതിനുള്ള ഇൻഡന്റ് നാസിക് പ്രസ്സ് അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30-9-2017 വരെയുള്ള ഇൻഡന്റിന്റെ 30% മുൻകൂർ തുക പ്രസ്സിന് നൽകിയിട്ടുണ്ട്. 1-4-2017 മുതൽ30-9-2017 വരെയുള്ള കാലയളവിലേയ്ക്ക് ഇൻഡന്റ് നൽകിയതും അച്ചടി പൂർത്തിയായതുമായ മുദ്രപ്പത്രങ്ങൾ നാസിക്കിൽനിന്നും കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഹൈദരാബാദ് സെക്യൂരിറ്റി പ്രസ്സിൽനിന്നും അച്ചടി പൂർത്തിയായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും കൈപ്പറ്റി കൊണ്ടുവരുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## പരമ്പരാഗത കയർ വ്യവസായം

96 (426) ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത കയർ വ്യവസായത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പർച്ചേയ്സ് പ്രൈസ് സ്റ്റബിലൈസേഷൻ സ്കീം (PPSS) പ്രകാരം കയർ കോർപ്പറേഷനും കയർ ഫെഡിനും തുക നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വലപ്പായ (ജിയോ ടെക്സ്റ്റൈൽ) നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) പരമ്പരാഗത വ്യവസായമായ കയർ മേഖല അതിജീവനത്തിനും പുരോഗതിക്കും വെല്ലുവിളികൾ നേരിടുന്നുണ്ട്. എന്നിരുന്നാലും പ്രസ്തുത മേഖലയിലുണ്ടാകുന്ന പ്രശ്നങ്ങൾ കണ്ടെത്തി അപ്പപ്പോൾതന്നെ അതിനുവേണ്ട പരിഹാരമാർഗ്ഗങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്നു. കയർ മേഖലയുടെ ഉന്നമനത്തിനായി സർക്കാർ ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു:

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുനഃസംഘടന വഴി ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന യാഥാർത്ഥ്യമാക്കുന്നത്.

പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2017-ലെ കയർ കേരളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് കയർ വകുപ്പിന്റെ പ്രോജക്റ്റ് ഓഫീസർമാർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ പദ്ധതി നടപ്പിലായി കഴിഞ്ഞു. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. എന്നാൽ കേരളം ചകിരി ലഭ്യതയ്ക്ക് തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. ചകിരി വില ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നു. സബ്സിഡി നൽകി കയർഫെഡുവഴി സംഘങ്ങൾക്ക് സർക്കാർ ചകിരി ലഭ്യമാക്കി വരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതിപ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്.

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 12 കോടി രൂപ പ്രവർത്തനമൂലധനം നൽകുന്നതിനായി ഈ വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 254 കയർ സഹകരണ സംഘങ്ങൾക്ക് 6.66 കോടി രൂപ പ്രവർത്തനമൂലധനമായി നൽകി. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചിട്ടുണ്ട്.

കയർ വ്യവസായത്തെ ആധുനികവൽക്കരിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10 HP യുടെ 60 ഡി.എഫ്. മെഷീനുകൾ കയർ മെഷീനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപ കയർ മെഷീനറി ഫാക്ടറിക്ക് അനുവദിച്ചു. 15 HP -യുടെ 65 ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപയും കയർ മെഷീനറി ഫാക്ടറിക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും കയർ മെഷീനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള രണ്ട് ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽവരുന്ന അമ്മാനപാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017 -ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

തൊണ്ട് സംഭരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു. ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുമാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു.

കയർ തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻവേണ്ട തരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.

2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.

3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.

4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.

5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകിവരുന്നു.

6. കയർ വ്യവസായത്തിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

9. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.

12. പരമ്പരാഗത കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പാക്കിവരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു

14. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

15. 2017-ലെ ഓണക്കാലത്ത് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 -ഓളം സ്റ്റാളുകളിലൂടെ കയർ ഉല്പ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിപണനം നടത്തുകയും 12.32 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ അപ്രകാരം വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്.

16. ഇതിനുപുറമെ മാനേജീരിയൽ സബ്സിഡി സ്കീമും നടപ്പാക്കി വരുന്നു.

(ബി) പർച്ചേയ്സ് പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം (PPSS) പ്രകാരം കയർ കോർപ്പറേഷനും കയർ ഫെഡിനും തുക നൽകിയിട്ടുണ്ട്. നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| സ്ഥാപനം | വർഷം | തുക |
|---|---|---|
| കയർഫെഡ് | 2017-18 | 25,40,71,758 |
| കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | 23,29,28,242 |
| ആകെ | | 48,70,00,000 |

(സി) വലപ്പായ (ജിയോ ടെക്സ്റ്റൈയിൽ അഥവാ കയർ ഭൂവസ്ത്രം) നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ്/ജല/സംരക്ഷണ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നുണ്ട്. ഇതിനാവശ്യമായ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിന് കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവരാണ് കൃഷി, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മണ്ണ്-ജല-സംരക്ഷണ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും വിശദമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കയർ കേരള 2017-ൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിതരണത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

## മൂന്നാറിൽ കയർ വകുപ്പിന്റെ സ്ഥാപനങ്ങൾ

97 (427) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയായ മൂന്നാറിൽ കയർ വകുപ്പിന്റെ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മൂന്നാറിൽ ഒരു പ്രദർശന വിൽപ്പനശാല നേരിട്ടോ ഫ്രാഞ്ചൈസി വ്യവസ്ഥയിലോ നടത്തുന്നതിന് കയർഫെഡ് ശ്രമിച്ചിരുന്നെങ്കിലും ആയതിന് അനുയോജ്യമായ വ്യക്തികളെയോ സ്ഥലമോ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല.

(സി) പരിശോധിക്കുന്നതാണ്.

## കയർ ഭൂവസ്ത്രം ഉപയോഗിച്ച് കരകളുടെ സംരക്ഷണം

98 (428) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കര തകർന്ന് ഗതിമാറി ഒഴുകുന്ന പുഴകളെ സംരക്ഷിക്കുന്നതിനും വൻതോതിലുള്ള കരയിടിച്ചിൽ തടയുന്നതിനും കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗപ്പെടുത്തി കരകൾ സംരക്ഷിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

കര തകർന്ന് ഗതിമാറി ഒഴുകുന്ന പുഴകളെ സംരക്ഷിക്കുന്നതിനും വൻതോതിലുള്ള കരയിടിച്ചിൽ തടയുന്നതിനും കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗപ്പെടുത്തി കരകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ്/ജല/സംരക്ഷണ പ്രോജക്ടുകളിലാണ് കരയിടിച്ചിൽ തടയുന്നതിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നത് കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവരാണ്. കൃഷി, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മണ്ണ്-ജല-സംരക്ഷണ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## കയർ മേഖലയിൽ സ്വീകരിച്ച നടപടികൾ

99 (429) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് എത്രമാത്രം വിജയം കൈവരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ചകിരി ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കുടുംബശ്രീ വഴി തൊണ്ട് സംഭരിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) നാളികേരകൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) പ്രവർത്തനരഹിതമായി കിടക്കുന്ന ചകിരിമില്ലുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; എത്ര ചകിരി മില്ലുകൾ ഇപ്രകാരം പ്രവർത്തനസജ്ജമായെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ട് സമ്പൂർണ്ണ ആധുനികവൽക്കരണം രണ്ടാം പുനഃസംഘടനയിലൂടെ കയർ മേഖലയിൽ ലക്ഷ്യമിടുന്നു.

പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. 2017-ലെ കയർ കേരളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിപണനത്തിന് കയർ വകുപ്പിന്റെ പ്രോജക്ട് ഓഫീസർമാർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരും ചേർന്ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ സാമ്പത്തിക

വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. വരുമാനം ഉറപ്പാക്കൽ പദ്ധതിപ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ നടപടികളെല്ലാം 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്.

പരമ്പരാഗത കയർ മേഖലയിലെ തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിക്കാൻ പരമ്പരാഗത കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിന് തൊണ്ടിന്റെ തദ്ദേശീയമായ സംഭരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം കാര്യക്ഷമമായി നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും ഭൂമിയും സംരക്ഷിച്ചുകൊണ്ടുമാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ, നാളികേര ഉൽപ്പാദക കമ്പനികൾ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തും. തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ചകിരിക്കാവശ്യമായ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കയർഫെഡിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, അഗ്രോ ഫാർമേഴ്സ് സൊസൈറ്റികൾ, നാളികേര കർഷകർ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും ചകിരി വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കുടുംബശ്രീയുടെ സഹായത്തോടെ തൊണ്ട് സംഭരിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) നാളികേര കൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ

ആഭിമുഖ്യത്തിൽ 30000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽവരുന്ന അമ്മാനപാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഇ) പ്രവർത്തനരഹിതമായി കിടക്കുന്ന ചകിരി മില്ലുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് പദ്ധതികളൊന്നും പുതുതായി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ശേഷികൂടിയതും കാര്യക്ഷമതയുള്ളതുമായ 1000 പുതിയ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിന്റെ ഭാഗമായി 2017-18 വർഷം 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം**

100 (430) ശ്രീ. കെ. ദാസൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തെ ആധുനികവൽക്കരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ലഭ്യമായ തൊണ്ടിന്റെ അഞ്ച് ശതമാനം മാത്രമേ ചകിരിയാക്കാൻ സാധിക്കുന്നുള്ളൂവെന്നതും അതേസമയം കയർ വ്യവസായത്തിന് ആവശ്യമായ ചകിരി വൻതോതിൽ ഇറക്കുമതി ചെയ്യേണ്ടിവരുന്നുവെന്നതും പരിഹരിക്കാനായി ചെയ്തിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഏറെ ആവശ്യക്കാരുള്ള കയർ ഭൂവസ്ത്രം കൂടുതൽ പ്രചരിപ്പിക്കുന്നതിനും അതോടൊപ്പംതന്നെ പരമ്പരാഗത തറികളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിനും ന്യായമായ വാങ്ങൽ വില ഉറപ്പാക്കുന്നതിനും നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർ വ്യവസായത്തെ ആധുനികവൽക്കരിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ,

നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദനം നടത്തുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുനഃസംഘടന വഴി ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 10 HP -യുടെ 60 ഡി.എഫ്. മെഷീനുകൾ കയർ മെഷീനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപ കയർ മെഷീനറി ഫാക്ടറിക്ക് അനുവദിച്ചു. 15 HP -യുടെ 65 ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപയും കയർ മെഷീനറി ഫാക്ടറിക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും കയർ മെഷീനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള രണ്ട് ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചുകഴിഞ്ഞു. കണ്ണൂർ പ്രോജക്ട് പരിധിയിൽവരുന്ന അമ്മാനപാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയർഫെഡിന്റെ കീഴിൽ മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുമാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു.

(ബി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി തദ്ദേശീയമായ തൊണ്ട് സംഭരണം ഊർജ്ജിതമാക്കാനും സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം ശരിയായി നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുമാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ, നാളികേര ഉൽപ്പാദക കമ്പനികൾ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം നടത്തും. തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു.

ചകിരിക്കാവശ്യമായ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കയർഫെഡിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, അഗ്രോ ഫാർമേഴ്സ് സൊസൈറ്റികൾ, നാളികേര കർഷകർ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും ചകിരി വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഏറെ ആവശ്യക്കാരുള്ള കയർ ഭൂവസ്ത്രം പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ്/ ജല/സംരക്ഷണ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നുണ്ട്. ഇതിനാവശ്യമായ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നത് കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം

മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവരാണ്. കൃഷി, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മണ്ണ്-ജല-സംരക്ഷണ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കയർ കേരള 2017-ൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിതരണത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾ വഴി പരമ്പരാഗത തറികളിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുവാനും ന്യായമായ വാങ്ങൽ വില ഉറപ്പാക്കുവാനും ക്രയവില സ്ഥിരതാ പദ്ധതി നടപ്പാക്കുന്നുണ്ട്. കയർ ഉൽപ്പന്ന സഹകരണ സംഘങ്ങൾ, മാറ്റ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും കയർ പിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറും കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ ഏജൻസികൾ ന്യായവില നൽകി സംഭരിക്കുന്നു. 2016-17 വർഷത്തിൽ 77 കോടി രൂപയും 2017-18 വർഷത്തിൽ 48.7 കോടി രൂപയും ഈ പദ്ധതി നടപ്പാക്കാനായി വിനിയോഗിച്ചിട്ടുണ്ട്.

### കയർ വ്യവസായത്തിലെ പ്രതിസന്ധി

101 (431) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നാളികേര ഉത്പാദനത്തിന്റെ എത്ര ശതമാനമാണ് ചകിരി വേർതിരിക്കുന്നതിന് ഉപയോഗിച്ചുവരുന്നത്; തൊണ്ട് സംഭരണത്തിലെ അപാകതകളാണ് സംസ്ഥാനത്തിന്റെ കയർ വ്യവസായത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നത് എന്ന് കരുതുന്നുണ്ടോ;

(ബി) ചകിരി ഇറക്കുമതി ചെയ്യേണ്ട സ്ഥിതിവിശേഷം നിലവിലുണ്ടോ; ഇല്ലെങ്കിൽ കേരളത്തിന്റെ കയർ വ്യവസായത്തിന്റെ നിലനിൽപ്പിനാവശ്യമായ ചകിരി മുഴുവൻ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തിന് കഴിയുന്നുണ്ടോ ;

(സി) സംസ്ഥാനത്ത് തൊണ്ട് സംഭരണം വർദ്ധിപ്പിക്കുന്നതിനും കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് മാറ്റമാണ് ഈ രംഗത്ത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ നാളികേര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനമാണ് ചകിരി വേർതിരിക്കുന്നതിന് ഉപയോഗിച്ചുവരുന്നതെന്ന് കണക്കാക്കപ്പെടുന്നു.

തൊണ്ട് സംഭരണത്തിലെ അപാകതകൾക്ക് പരിഹാരം കാണുന്ന തരത്തിലാണ് നിലവിൽ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശീയമായി തൊണ്ട് സംഭരണം ഊർജ്ജിതമാക്കാനും സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം ശരിയായി നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ, നാളികേര ഉൽപ്പാദക കമ്പനികൾ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള ഘട്ടങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിച്ചിട്ടുള്ളത്.

തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കയർഫെഡിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, അഗ്രോ ഫാർമേഴ്സ് സൊസൈറ്റികൾ, നാളികേര കർഷകർ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും ചകിരി വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ചകിരി ഇറക്കുമതി ചെയ്യേണ്ട സ്ഥിതിവിശേഷം നിലവിലുണ്ട്. കേരളത്തിന്റെ കയർ വ്യവസായത്തിനാവശ്യമായ ചകിരി പരമാവധി തദ്ദേശീയമായി ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ പ്രാപ്തമാക്കുന്ന പ്രവർത്തനം രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ, നാളികേര ഉൽപ്പാദക കമ്പനികൾ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തും. 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സർക്കാർ ലക്ഷ്യം വയ്ക്കുന്നു.

(സി) നാളികേര കൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് തൊണ്ട് ശേഖരണം നടത്തി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിനായി കയർഫെഡിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, അഗ്രോ ഫാർമേഴ്സ് സൊസൈറ്റികൾ, നാളികേര കർഷകർ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും ചകിരി വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ

ആഭിമുഖ്യത്തിൽ 30000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള ഒരു ഡി.എഫ്. മെഷീൻ സ്ഥാപിക്കുകയും തദ്ദേശീയമായി ശേഖരിച്ച തൊണ്ടുൾപ്പെടെ ചകിരിയാക്കി മാറ്റുകയും ചെയ്യുന്നു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും 8000-ത്തോളം ഇലക്ട്രോണിക് റാട്ടുകളും ആവശ്യമായ മറ്റ് യന്ത്രങ്ങളും സ്ഥാപിച്ചുകൊണ്ട് കയർപിരി മേഖല പൂർണ്ണമായി യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

കയർ മേഖലയുടെ വികസനത്തിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ സർക്കാർ നടപ്പാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) <u>കയർ ഭൂവസ്ത്ര വികസന പരിപാടി</u>

ഹരിത കേരളം പരിപാടിയുടെ ഭാഗമായി കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ജല സംരക്ഷണം, മണ്ണ് സംരക്ഷണം, കൃഷി, റോഡ് നിർമ്മാണം, തോടുകളുടെയും കുളങ്ങളുടെയും ഭിത്തി സംരക്ഷണം എന്നിവ നടപ്പിലാക്കുന്നതിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനായി 120 കോടി രൂപയുടെ ധാരണാപത്രം ആലപ്പുഴയിൽ നടന്ന കയർ കേരള 2017-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവയ്ക്കുകയുണ്ടായി. ജിയോ ടെക്സ്റ്റൈൽസ് വിരിക്കുന്ന പദ്ധതി കേരളത്തിലുടനീളം ആരംഭിച്ചു കഴിഞ്ഞു. ഇതുവഴി കയർ യാണിന്റെ ഡിമാന്റ് കൂടാനും കയർ പിരി തൊഴിലാളികൾക്ക് ജോലിയോടൊപ്പം മാന്യമായ വേതനം ഉറപ്പാക്കാനും കഴിയും.

(2) <u>കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം</u>

പ്രവർത്തന മൂലധനത്തിന്റെ അഭാവമാണ് മറ്റേതൊരു മേഖലയിലുള്ള സഹകരണ സംഘങ്ങളെയുംപോലെ കയർ സഹകരണ സംഘങ്ങളും നേരിടുന്ന പ്രധാന വെല്ലുവിളി. കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും ധനകാര്യ സ്ഥാപനത്തിൽനിന്നും വായ്പയെടുത്ത് ആധുനികവൽക്കരണം നടപ്പാക്കുന്നതിന് കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം എന്ന പദ്ധതി നടപ്പിലാക്കി. 2017-18 സാമ്പത്തിക വർഷം 12 കോടി രൂപ ഇതിനായി വകയിരുത്തുകയും ടി തുകയിൽ 6.66 കോടി രൂപ 253 സംഘങ്ങൾക്ക് ഇതുവരെ പ്രവർത്തന മൂലധനമായി അനുവദിക്കുകയും ചെയ്തു.

(3) <u>മാനേജീരിയൽ സബ്സിഡി</u>

കയർ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംഘങ്ങളിൽ നടപ്പാക്കേണ്ട ചുമതലയുള്ള സംഘം സെക്രട്ടറിമാർക്ക് സംഘത്തിന്റെ സാമ്പത്തിക പരാധീനത കാരണം വളരെ തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ആയതിനാൽ കയർപിരി സംഘങ്ങളിലെയും കയർ മാറ്റ്സ് സംഘങ്ങളിലെയും സെക്രട്ടറി, മാനേജ്മെന്റ് തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ എന്നിവരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു ഭാഗമെങ്കിലും ഒരു നിശ്ചിത കാലയളവിലേയ്ക്ക് സർക്കാർ മുഖാന്തരം നൽകി സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പിലാക്കുകയും അതിലൂടെ സംഘങ്ങളെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനുമായി മാനേജീരിയൽ സബ്സിഡി പദ്ധതി മാർഗ്ഗരേഖ അംഗീകരിക്കുകയും മൂന്ന് കോടി രൂപ എസ്.ഡി.ജി. വഴി നൽകുകയുമുണ്ടായി. 10 പ്രോജക്ടുകളിലായി ആകെ 412 ജീവനക്കാർക്ക് 2016 ജൂൺ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിലെ മാനേജീരിയൽ സബ്സിഡി നൽകുന്നതിനായി 2,07,15,000 രൂപയുടെ ഭരണാനുമതി നൽകുകയുമുണ്ടായി. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിക്കുകയുണ്ടായി.

(4) <u>എൻ.സി.ഡി.സി പദ്ധതി</u>

കയർ മേഖലയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം എന്നിവ ലക്ഷ്യമിട്ട് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും തുക കണ്ടെത്തുന്നതിന് സർക്കാർ മുന്നോട്ടുവച്ച പദ്ധതിയാണിത്.

കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും ലഭ്യമാക്കുന്നതിന് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചു. ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കയർ മേഖലയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം, ഡീഫൈബറിംഗ്, സ്പിന്നിംഗ് & വീവിംഗ് മെഷീനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, കൂടാതെ വിപണി വികസനത്തിന് ധനസഹായം നൽകുക.

2. വിലസ്ഥിരതയ്ക്കും വരുമാന സ്ഥിരതയ്ക്കും പ്രാധാന്യം നൽകി സബ്സിഡി അനുവദിച്ച് കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അതിലൂടെ കയർ സഹകരണ സംഘങ്ങളുടെ പുരോഗതി ഉറപ്പാക്കുക.

മേൽപ്പറഞ്ഞ പദ്ധതികൾക്കുപുറമേ ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും കേരള സംസ്ഥാന കയർ കോർപ്പറേഷനും കയർ വിപണിയിൽ ഇടപെട്ട് യാൺ ഉൽപ്പന്നങ്ങൾക്ക് ന്യായവില നൽകി സംഭരിക്കുന്നതിന് ഈ വർഷം 48.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എം.ഡി.എ. പദ്ധതി പ്രകാരം 880 ലക്ഷം രൂപയും പി.എം.ഐ. പദ്ധതി പ്രകാരം 550 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കയർ തൊഴിലാളി പെൻഷൻ ഉൾപ്പെടെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന കയർ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2016-17 -ൽ 86.57 കോടി രൂപയും 2017-18-ൽ 86.33 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ നടപ്പാക്കുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിവരുന്നു.
6. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
8. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.
9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
10. പരമ്പരാഗത കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.
11. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.
12. 2017 -ലെ ഓണക്കാലത്ത് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118-ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിപണനം നടത്തുകയും 12.32 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ അപ്രകാരം വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്.

## പരിസ്ഥിതി സൗഹൃദരീതിയിൽ നിക്ഷേപക സംസ്ഥാനമാക്കുന്നതിന് നടപടി

102 (432) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ പരിസ്ഥിതി സൗഹൃദരീതിയിൽ നിക്ഷേപക സംസ്ഥാനമാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പ്രത്യേക നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഒരു ഏകീകൃത നിയമനിർമ്മാണം ഇതുമായി ബന്ധപ്പെട്ട് സാധ്യമാണോ എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പരിസ്ഥിതിക്ക് സൗഹൃദരീതിയിൽ വ്യാവസായിക പുരോഗതി കൈവരുത്തുന്നതിനും അഭ്യസ്തവിദ്യരായ യുവതലമുറയുടെ പ്രതീക്ഷകൾക്കനുസരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ സാമ്പത്തിക വളർച്ചയുമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. പരിസ്ഥിതി സൗഹൃദവും പ്രകൃതി വിഭവങ്ങളുടെ സന്തുലിതവുമായ ഉപഭോഗത്തിലൂടെ പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഗ്രാമീണ മേഖലയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തര സംരംഭങ്ങൾ ആരംഭിക്കുന്ന നടപടികൾ തുടങ്ങി.

വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, നൈപുണ്യ വികസന പദ്ധതി (Skill Development Programme) തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു.

വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഭൂമി ദൗർലഭ്യം കണക്കിലെടുത്ത് വ്യവസായവകുപ്പ് ബഹുനില വ്യവസായ സമുച്ചയങ്ങൾ (GALA) നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതി, ജലം എന്നിവ സർക്കാർ ലഭ്യമാക്കും. കൊച്ചിൻ റിഫൈനറിയുടെ വികസന പദ്ധതിയിലൂടെ ലഭ്യമാകുന്ന ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

(ബി&സി) നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിച്ചും പൊതു-സ്വകാര്യ മേഖലകളിൽ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിച്ചും കേരളത്തെ സമ്പൂർണ്ണ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കാനുള്ള ഫലപ്രദവും ക്രിയാത്മകവുമായ നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. നടപടിക്രമങ്ങൾ ലഘൂകരിച്ചും വിവിധ വകുപ്പുകളിലായി നിലനിൽക്കുന്ന പല ചട്ടങ്ങളും നിയമങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതുവഴി കേരളത്തിൽ വ്യവസായം അനായാസം നടത്താൻ പറ്റുന്ന പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ഇതുസംബന്ധിച്ച് പഠനം നടത്തുകയും അപ്രകാരം ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉന്നതതല ചർച്ചകൾക്കുശേഷം സർക്കാർ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും അതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതി പ്രകാരം കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് 2018 വിജ്ഞാപനം ചെയ്യുകയുണ്ടായി. ഇത് നിയമസഭയിൽ ബില്ലായി അവതരിപ്പിച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭനഷ്ട കണക്കുകൾ**

103 (433) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളെയും അവ ഓരോന്നിന്റെ ലാഭത്തെയും സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ;

(ബി) മേൽ കാലയളവിൽ, എത്ര സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചു; ഓരോന്നിന്റെയും നഷ്ടം സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കഴിഞ്ഞ സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിച്ച 13 പൊതുമേഖലാ സ്ഥാപനങ്ങളെയും നഷ്ടത്തിൽ പ്രവർത്തിച്ച 27 പൊതുമേഖലാ സ്ഥാപനങ്ങളെയും സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതികവിദ്യകൾ നടപ്പിൽ വരുത്തുന്നതിനും ആധുനികവൽക്കരണ വിപുലീകരണ പദ്ധതികൾക്കുമാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബജറ്റിൽ 297.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ള മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ച് പ്രവർത്തന പുരോഗതി കൈവരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടെക്സ്റ്റൈൽ രംഗത്ത് പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾ 15 കോടി രൂപയുടെ അധിക ധനസഹായം 2016-17 -ൽ നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കാൻ പഠനം

104 (434) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയെയാണെന്ന് വ്യക്തമാക്കുമോ; പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി എത്രയാണ്;

(സി) പ്രസ്തുത ഏജൻസിക്ക് നൽകിയിട്ടുള്ള ടേംസ് ഓഫ് റഫറൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം

105 (435) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം സംബന്ധിച്ച് റിയാബ് തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ഈ സർക്കാർ വന്നശേഷം നാളിതുവരെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര എം.ഡി. -മാരെ നിയമിച്ചു; ഇവരുടെ പേരും, നിയമിച്ച സ്ഥാപനങ്ങൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എത്ര നാളായിരുന്നു; ഈ ലിസ്റ്റ് നിലനിൽക്കെ പുറത്ത് നിന്ന് എം.ഡി.-മാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയൊക്കെ; ഏതൊക്കെ സ്ഥാപനങ്ങളിൽ ഇപ്രകാരം നിയമിച്ചു ;ഇങ്ങനെ നിയമിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിന് 2016-ൽ റിയാബ് മുഖേന നടത്തിയ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി 16 സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിരുന്നു. ഇതിൽ 13 പേരെ ഇതുവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) റിയാബ് മുഖേന തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റിന് കാലാവധി നിശ്ചയിച്ചിട്ടില്ല. 3-11-2017-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നമ്പർ 1525/2017/വ്യവ. പ്രകാരം പ്രസ്തുത ലിസ്റ്റ് റദ്ദാക്കിയിട്ടുണ്ട്. മാനേജ്മെന്റ് രംഗത്തും സാങ്കേതിക രംഗത്തും വൈദഗ്ദ്ധ്യമുള്ളവരെ സർക്കാർ നേരിട്ടും പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കാറുണ്ട്. ഇങ്ങനെ നിയമിച്ചതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ**

106 (436) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(സി) നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(ഡി) ലാഭത്തിലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ 2016-17 -ൽ മുൻവർഷത്തെ അപേക്ഷിച്ച് എന്ത് സഞ്ചിത ലാഭം നേടിയിട്ടുണ്ട്;

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ 2016-17 -ൽ മുൻവർഷത്തെ അപേക്ഷിച്ച് എന്ത് തുക സഞ്ചിത നഷ്ടം വരുത്തിയിട്ടുണ്ട്;

(എഫ്) അക്കൗണ്ടന്റ് ജനറലുമായി യോജിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ പെർഫോമൻസ് ആഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് സാധിച്ചു.

(ബി) ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, വൈദഗ്ധ്യമുള്ള മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം, സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ, സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകൽ, റിയാബ് മുഖേന മാസംതോറുമുള്ള പ്രവർത്തന അവലോകനം എന്നീ നടപടികൾ സ്വീകരിച്ചു.

(സി) 2016-17 വർഷത്തെ കണക്ക്പ്രകാരം 27 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചു.

(ഡി&ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) പൊതുമേഖലാ സ്ഥാപനങ്ങളുടെ പെർഫോമൻസ് ആഡിറ്റുകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ് മുഖേന നടത്തുന്ന സംവിധാനം നിലവിലുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ

107 (437) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വ്യവസായ വകുപ്പിനുകീഴിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ നിന്നും ലാഭത്തിലേക്കായിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാം എന്നറിയിക്കാമോ;

(സി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിലുള്ള ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ടെൽക്ക്, ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് നഷ്ടത്തിൽനിന്നും 2016-17 വർഷം ലാഭത്തിൽ പ്രവർത്തിച്ചത്.

(സി) 2016-17 വർഷത്തെ കണക്ക് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന 27 പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷമേ ലഭ്യമാകുകയുള്ളൂ.

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതിക വിദ്യകൾ നടപ്പിൽ വരുത്തുന്നതിനും ആധുനികവൽക്കരണ വിപുലീകരണ പദ്ധതികൾക്കുമാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബജറ്റിൽ 297.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് പ്രവർത്തനപുരോഗതി കൈവരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടെക്സ്റ്റൈൽ രംഗത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾക്കായി 15 കോടി രൂപയുടെ അധിക ധനസഹായം 2016-17 -ൽ നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

108 (438) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പൊതു മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള നയം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ വിറ്റഴിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്വയംപര്യാപ്തത കൈവരിച്ച് ദീർഘകാല നിലനിൽപ്പ് ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്കായി പ്രത്യേക നവികരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ വിറ്റഴിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളെയും അവയുടെ ആസ്തികളെയും സംരക്ഷിച്ച് പൊതുമേഖലയിൽതന്നെ നിലനിർത്തുകയെന്നതാണ് സർക്കാർ നയം.

**ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്**

109 (439) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മികച്ച പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ ഏലൂർ ഉദ്യോഗമണ്ഡലിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ കാസ്റ്റിക് സോഡ ഉദ്പാദിപ്പിക്കുന്ന എ.ജി. സി. പ്ലാന്റിന്റെ കപ്പാസിറ്റി 175 ടണ്ണിൽ നിന്നും 250 ടണ്ണായി വർദ്ധിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ വായ്പയെടുത്ത് നടപ്പാക്കുന്ന പ്രോജക്ടിന് അനുമതി നല്കുന്നത് സംബന്ധിച്ച ഫയലിൽ (25/H/2017/Industries) തീരുമാനം എടുക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന് എന്നത്തേയ്ക്ക് അനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ കാസ്റ്റിക് സോഡ ഉൽപ്പാദിപ്പിക്കുന്ന എ.ജി.സി. പ്ലാന്റിന്റെ കപ്പാസിറ്റി 175 ടണ്ണിൽനിന്നും 250 ടണ്ണായി വർദ്ധിപ്പിക്കുന്നതിനായുള്ള പ്രോജക്ട് പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ (PEB) പരിഗണനയ്ക്ക് സമർപ്പിച്ച് ഉടൻ തീരുമാനമെടുക്കുന്നതാണ്.

**ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ പ്ലാന്റിന്റെ ഉത്പാദനക്ഷമത**

110 (440) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മികച്ച പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ ഏലൂർ ഉദ്യോഗമണ്ഡലിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ HCL പ്ലാന്റിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള 10 കോടി രൂപയുടെ പദ്ധതിയുടെ കാലാവധി അവസാനിക്കുന്നത് കണക്കിലെടുത്ത് പൂർത്തീകരിച്ചിട്ടുള്ള ടെണ്ടർ നടപടികൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ടെണ്ടർ നടപടികളിലെ സാങ്കേതികത പരിഹരിച്ച് ഇതുസംബന്ധിച്ച് ഫയലിൽ (347/H2/2017/IND) തീരുമാനമെടുക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ കാലാവധി അവസാനിക്കുന്നത് കണക്കിലെടുത്ത് ടെണ്ടറിന് എന്നത്തേയ്ക്ക് അംഗീകാരം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ HCL പ്ലാന്റിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള 10 കോടി രൂപയുടെ പദ്ധതി സംബന്ധിച്ച വിഷയം H2/347/2017/ID നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്.

(ബി&സി) ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പരിശോധനയിലാണ്. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.-മാരുടെ നിയമനം**

111 (441) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ എം.ഡി -മാരുടെ നിയമനം നടത്തിയിട്ടുള്ളത് എന്ത് മാനദണ്ഡം അടിസ്ഥാനമാക്കിയാണ് എന്നത് വിശദീകരിക്കുമോ;

(സി) ഓരോ സ്ഥാപനങ്ങളിലേയും എം.ഡി -മാർ ആരെല്ലാമാണെന്നും ഇവരുടെ യോഗ്യതയും പ്രവൃത്തിപരിചയവും സംബന്ധിച്ചുള്ള വിശദവിവരങ്ങളും നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. അവയുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡമനുസരിച്ച് പത്രപരസ്യം നൽകി തെരഞ്ഞെടുപ്പ് നടപടികൾ നടത്തിവന്നിരുന്നു. തെരഞ്ഞെടുപ്പ് പ്രക്രിയകൾക്ക് ആവശ്യമായ യോഗ്യതയുൾപ്പെടെയുള്ള മാനദണ്ഡങ്ങൾക്ക് അതാത് സമയങ്ങളിൽ പ്രത്യേകം അനുമതി നൽകുകയാണ് ചെയ്തുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-ൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനായി അംഗീകരിച്ച യോഗ്യത, പ്രവൃത്തിപരിചയം, പ്രായം മുതലായ മാനദണ്ഡങ്ങളുടെ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

മേൽപ്പറഞ്ഞ തെരഞ്ഞെടുപ്പ് പ്രക്രിയ കൂടാതെ മാനേജ്മെന്റ് രംഗത്തും സാങ്കേതിക രംഗത്തും വൈദഗ്ദ്ധ്യം ഉള്ളവരെ സർക്കാർ നേരിട്ടും മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കാറുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലെയും എം.ഡി.-മാരുടെ പേരുവിവരം അനുബന്ധം 3 ആയി ചേർക്കുന്നു.*

2016-ൽ നടത്തിയ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി നിർമ്മിച്ച താഴെ പറയുന്ന 13 സ്ഥാപനങ്ങളിലുള്ള മാനേജിംഗ് ഡയറക്ടർമാരുടെ യോഗ്യതയും പ്രവൃത്തി പരിചയവും സംബന്ധിച്ച വിവരം അനുബന്ധം-4 ആയി ചേർക്കുന്നു.*

| Sl. No. | Name of the Company | Name |
|---|---|---|
| (1) | (2) | (3) |
| 1 | Keltron Component Complex Ltd (KCCL) | Krishnakumar K.G. |
| 2 | Kerala Artisan's Development Corporation Ltd (KADCO) | Vinod T.V. |
| 3 | Kerala Electrical & Allied Engineering Company Ltd. | Col. Shaji Varghese M. |
| 4 | Kerala State Electronics Development Corporation Ltd (KSEDC) | Hemalatha T.R |
| 5 | Malabar Cements Ltd (MCL) | Ramachandran Nair V.B |
| 6 | Steel Industrials Kerala Ltd (SILK) | Chandrabose J. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) |
|---|---|---|
| 7 | The Kerala Ceramics Ltd (TKCL) | Satheeshkumar P. |
| 8 | The Kerala Minerals and Metals Ltd (KMML) | Roy Kurien K.K. |
| 9 | Traco Cable Company Ltd (TRACO) | Santhosh Koshy Thomas |
| 10 | Travancore Titanium Products Ltd (TTP) | Georgee Ninan |
| 11 | Travancore-Cochin Chemicals Ltd (TCC) | Harikumar K. |
| 12 | Kerala Industrial Infrastructure Development Corporation Ltd (KINFRA) | Santhoshkumar K.A. |
| 13 | Kerala State Bamboo Corporation Ltd | A.M.Abdul Rasheed |

ബാക്കിയുള്ള സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ യോഗ്യതയും പ്രവൃത്തി പരിചയവും സംബന്ധിച്ച വിവരം അതാത് സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം**

112 (442) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിരുന്നുവെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) വ്യവസായവകുപ്പിന് കീഴിൽ കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതികവിദ്യകൾ നടപ്പിൽ വരുത്തുന്നതിനും ആധുനികവൽക്കരണ വിപുലീകരണ പദ്ധതികൾക്കുമാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കുള്ള ധനസഹായമായി ബജറ്റിൽ 297.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് പ്രവർത്തന പുരോഗതി കൈവരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടെക്സ്റ്റൈൽ രംഗത്ത് പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾക്ക് 15 കോടി രൂപയുടെ അധിക ധനസഹായം 2016-17 -ൽ നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു.

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള താഴെപ്പറയുന്ന പതിമൂന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ 2016-17-ൽ ലാഭത്തിൽ പ്രവർത്തിച്ചു. 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷമേ ലഭ്യമാകുകയുള്ളൂ.

| Sl.No | Company |
|---|---|
| 1 | The Kerala Minerals and Metals Ltd |
| 2 | Kerala State Industrial Development Corporation Ltd |
| 3 | Travancore Titanium Products Ltd |
| 4 | Travancore-Cochin Chemicals Ltd |
| 5 | Malabar Cements Ltd |
| 6 | Kerala State Electronics Development Corporation Ltd |
| 7 | Steel and Industrial Forgings Ltd |
| 8 | Traco Cable Company Ltd |
| 9 | Transformers and Electricals Kerala Ltd |
| 10 | Kerala Artisan's Development Corporation Ltd |
| 11 | Forest Industries (Travancore) Ltd |
| 12 | Keltron Electro Ceramics Ltd |
| 13 | Steel Industrials Kerala Ltd |

(സി) മുൻ സർക്കാരിന്റെ കാലത്ത് 2015-16-ലെ കണക്ക് പ്രകാരം താഴെപ്പറയുന്ന എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.

| Sl.No | Company |
|---|---|
| 1 | Kerala State Industrial Development Corporation Ltd |
| 2 | Malabar Cements Ltd |
| 3 | The Kerala Minerals and Metals Ltd |
| 4 | Kerala State Electronics Development Corporation Ltd |
| 5 | Forest Industries (Travancore) Ltd |
| 6 | Kerala Artisan's Development Corporation Ltd |
| 7 | Steel Industrials Kerala Ltd |
| 8 | Keltron Electro Ceramics Ltd |

(ഡി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വ്യാവസായിക നിക്ഷേപം

113 (443) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടു വരുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ കൊണ്ടുവരുന്നതിന് ആവിഷ്കരിച്ചിട്ടുള്ള കാര്യങ്ങൾ ഫലപ്രദമാണോയെന്നും ഈ സർക്കാർ ചുമതലയേറ്റശേഷം ഇപ്രകാരം എത്ര വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചെന്നും വിശദമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ പുതിയ ഏതെങ്കിലും വ്യവസായ സംരംഭം സംസ്ഥാനത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഒരു വ്യാവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടതിലേയ്ക്കുമായി നിലവിലുള്ള വിവിധ വകുപ്പുകളുടെ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്താൻ പഠനം നടത്തുകയുണ്ടായി. വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2018 എന്ന പേരിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇത് നിയമസഭയിൽ ബില്ലായി അവതരിപ്പിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ E.S.S., നാനോ ഗാർഹിക ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി, ASHA പദ്ധതി, ഇ. ഡി .ക്ലബ്ബ്, ഇൻക്യുബേഷൻ സെന്ററുകൾ, ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം, ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതി തുടങ്ങിയവയിലൂടെ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാദ്ധ്യമാണ്.

സർക്കാർ ഇപ്പോൾ നടപ്പിലാക്കിയ പ്രസ്തുത പദ്ധതികൾമൂലം കേരളത്തെ ഒരു മികച്ച വ്യവസായ മേഖലയാക്കുവാനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുമാകുമെന്നും പ്രതീക്ഷിക്കുന്നു. കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നൂതനമായ ആശയങ്ങളുമായി വന്ന ഇരുപത്തിയേഴോളം യുവ സംരംഭങ്ങൾക്ക് ആറ് കോടിയോളം രൂപ പ്രാരംഭ മൂലധന സഹായമായി നൽകിയിട്ടുണ്ട്. ഇതുകൂടാതെ 30-ഓളം യുവസംരംഭങ്ങൾ അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ ഇൻക്യൂബേഷൻ സെന്ററുകളിൽ ഇൻക്യുബേറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ കെ.എസ്.ഐ.ഡി.സി.-യുടെ മൂലധനസഹായം സ്വീകരിച്ചിരിക്കുന്ന സംരംഭങ്ങളും ഇൻക്യുബേറ്റ് ചെയ്തിട്ടുള്ള യുവസംരംഭങ്ങളുംകൂടി അറുന്നൂറിൽപ്പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും മൂലധന നിക്ഷേപമായി മുപ്പതുകോടിയിലധികം തുക സംസ്ഥാനത്ത് നിക്ഷേപിക്കുകയുമുണ്ടായി.

സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഈ സർക്കാർ കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ പാർക്കുകളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് ആവശ്യമായ റോഡ്, വൈദ്യുതി, വെള്ളം, എസ്.ഡി.എഫ്. കെട്ടിടം എന്നിവയുടെ നിർമ്മാണത്തിന് സർക്കാർ നടപടി എടുത്തിട്ടുണ്ട്.

കൂടാതെ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ 114 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ എല്ലാംതന്നെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

(സി) എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കും ആലപ്പുഴ, പാലക്കാട് ജില്ലകളിലായി സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കും തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കും പാലക്കാട് ജില്ലയിലെ ഡിഫെൻസ് പാർക്കും എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്ന ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്ററും ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്ററും സ്പൈസസ് പാർക്ക്, ഇടുക്കി തുടങ്ങിയവ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന പദ്ധതികളാണ്.

തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (എസ്.സി.റ്റി.ഐ.എസ്.റ്റി) യുമായി ചേർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 'മെഡിക്കൽ ഡിവൈസസ് പാർക്ക് ' സ്ഥാപിക്കുവാൻ ധാരണയായിട്ടുണ്ട്. ഇതുകൂടാതെ കേരള സർക്കാർ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.) ലൈഫ് സയൻസ് പാർക്കിൽ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

## ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് പുനരാരംഭിക്കുന്നതിന് നടപടി

114 (444) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് പുനരാരംഭിക്കുന്നതിന് സ്വീകരിച്ച പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പുനഃപ്രവർത്തനത്തിന് നിലവിൽ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ:

(സി) എത്ര തുകയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ ഏറ്റുമാനൂരിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ കീഴിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി മാത്രമേ സംസ്ഥാന തലത്തിലുള്ള എന്തെങ്കിലും പ്രവർത്തനം നടത്താൻ കഴിയൂ. 1 ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള റ്റൂൾ റൂം, കോ-ഓർഡിനേഷൻ ഓഫീസ് (വികസന ഇൻസ്റ്റിറ്റ്യൂട്ട്) എന്നീ രണ്ടു പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാൽ ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

## വ്യവസായ വകുപ്പിന് കീഴിലെ പദ്ധതികൾ

115 (445) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ വ്യവസായ വകുപ്പിന് കീഴിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെൽട്രോണിന്റെ വികസനവുമായി ബന്ധപ്പെട്ട് ഉൽപ്പാദന രംഗത്ത് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കെൽട്രോൺ മൂടാടി യൂണിറ്റിന്റെ വികസനം ആവശ്യപ്പെട്ട് സമർപ്പിച്ച വിശദമായ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കെൽട്രോണിന്റെ വികസനത്തിനായി 2017-18-ൽ 6 പദ്ധതികൾക്കായി 10 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

പ്ലാന്റുകളുടെയും പരിശോധനാ സംവിധാനങ്ങളുടെയും നവീകരണത്തിന് 270 ലക്ഷം രൂപയും, സ്പേസ് ഇലക്ട്രോണിക് സൗകര്യങ്ങളുടെ പ്രവർത്തനത്തിനും നവീകരണത്തിനുമായി 465 ലക്ഷം രൂപയും സോഫ്റ്റ്‌വെയർ സേവനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി 70 ലക്ഷം രൂപയും ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിംഗ് എയ്ഡുകളുടെ നിർമ്മാണത്തിനുള്ള നൂതന യന്ത്ര സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി 109 ലക്ഷം രൂപയും ഗ്രിഡ് ടൈ സോളാർ ഇൻവെർട്ടറുകളുടെ സാങ്കേതികവിദ്യാ വികസനത്തിനായി 86 ലക്ഷം രൂപയുമാണ് പദ്ധതികൾക്കായി അനുവദിച്ചിരിക്കുന്നത്.

2018-19 -ൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സൗരോർജ്ജ പദ്ധതികൾക്കായുള്ള സോളാർ പാനലുകളുടെ നിർമ്മാണം.
2. സ്മാർട്ട് മീറ്റർ നിർമ്മാണം.
3. ലാപ് ടോപ്പ് കമ്പ്യൂട്ടറുകളുടെ നിർമ്മാണം.
4. പ്രതിരോധ ഇലക്ട്രോണിക്സ് മേഖലയിൽ കൂടുതൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പ്ലാന്റ് നവീകരണം.
5. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായുള്ള 'നാവിക്' ഉപകരണത്തിന്റെ നിർമ്മാണം.
6. സ്മാർട്ട് സിറ്റി പദ്ധതികളിലേയ്ക്കുള്ള ഓട്ടോമാറ്റിക് ട്രാഫിക് മാനേജ്മെന്റ്, സ്മാർട്ട് ലൈറ്റിംഗ്, ഇന്റഗ്രേറ്റഡ് സെക്യൂരിറ്റി സർവൈലൻസ് തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ നടപ്പിലാക്കൽ.

(സി) കെൽട്രോൺ മൂടാടി യൂണിറ്റിന്റെ വികസനം ആവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ, കെൽട്രോൺ മൂടാടി യൂണിറ്റിന്റെ വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ 1.09 കോടി രൂപ വകയിരുത്തുകയുണ്ടായി. യൂണിറ്റിലെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2018 ജൂൺ മാസത്തോടുകൂടി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിഫ്ലോ സംവിധാനം (Reflow Setup) സജ്ജീകരിക്കാൻ സാധിക്കുന്നതാണ്. ഡിജിറ്റൽ ഹിയറിംഗ് എയ്ഡ്, എൽ.ഇ.ഡി. ലൈറ്റുകൾ എന്നിവയുടെ പൂർണ്ണമായ നിർമ്മാണനിര ഇതിലൂടെ രൂപീകരിക്കാനാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ**

116 (446) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ ഭൂമി വ്യവസായ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇപ്രകാരം ലഭ്യമാകുന്ന ഭൂമിയിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ ഉണ്ടാകുമോ: വിശദമാക്കാമോ?

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചു വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വ്യവസായ വികസനവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ സംരംഭകർക്കായി നൽകുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതിയ്ക്കായി നടപ്പുസാമ്പത്തിക വർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

**ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പദ്ധതി**

117 (447) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് 'ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ, പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുമോ?

ഉത്തരം

(എ-ഡി) വ്യവസായ വകുപ്പ് 'ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പദ്ധതി' എന്ന പേരിലുള്ള ഒരു പദ്ധതി നടപ്പാക്കുന്നില്ല. എന്നാൽ വിവര സാങ്കേതികവിദ്യയുടെ ചുവട് പിടിച്ച് വ്യവസായ വകുപ്പിലെ വിവിധങ്ങളായ പദ്ധതികൾ ഓൺലൈൻ അധിഷ്ഠിതമാക്കി വരുന്നതും നിരവധി പദ്ധതികൾ ഇതിനകം തന്നെ ഓൺലൈൻ അധിഷ്ഠിതമാക്കിയിട്ടുള്ളതുമാണ്. അതുപോലെ വ്യവസായ ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും ഇ - റെഡി ഓഫീസ് ആക്കി മാറ്റുവാനുള്ള പദ്ധതിയും നടന്നു വരുന്നു. ഇപ്രകാരം അനുബന്ധ ഓഫീസുകളുമായുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി, പൊതുജനങ്ങൾക്ക് സുതാര്യവും സത്വരവുമായ സേവനം നൽകാൻ സാധിക്കുന്നതാണ്.

**ദിനേശ് ബീഡിയുടെ പേരിൽ വ്യാജ ബീഡി**

118 (448) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ദിനേശ് ബീഡിയുടെ പേരിൽ വ്യാജ ബീഡി സംസ്ഥാനത്ത് പലയിടത്തും വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയോ എന്നും അന്വേഷണത്തിൽ വെളിവായ വസ്തുതകൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(ബി) വ്യാജ ബീഡിയുടെ നിർമ്മാണംമൂലം എത്ര നികുതി നഷ്ടം സംഭവിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ വ്യാപകമായി കേരള ദിനേശ് ബീഡിയുടെ പേരിൽ വ്യാജ ബീഡി വിൽക്കുന്നതായും, 6-2-2018 -ൽ നെടുമങ്ങാട് നിന്നും പോലീസ് സഹായത്തോടെ വ്യാജബീഡി പിടികൂടിയിട്ടുള്ളതും ഇത് തമിഴ്നാട്ടിലെ തിരുനെൽവേലി തുടങ്ങിയ സ്ഥലങ്ങളിൽനിന്നാണ് ഉണ്ടാക്കിവരുന്നതെന്നും അറിയുന്നു. നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ പെറ്റീഷൻ നമ്പർ 18526/2018 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) നികുതി നഷ്ടം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

## ചെറുകിട വ്യവസായ മേഖല

119 (449) ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. എൻ. വിജയൻ പിള്ള :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലവസരങ്ങൾ കൂടുതൽ നൽകുന്നതും പരിസ്ഥിതി നാശവും മലിനീകരണവും ഏറെ കുറഞ്ഞതുമായ സൂക്ഷ്മ, ചെറുകിട വ്യവസായ മേഖല പ്രോത്സാഹിപ്പിക്കാനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ഇത്തരം മേഖലയിൽ ഉൽപ്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കാനായുള്ള എന്റർപ്രണർ സപ്പോർട്ട് സ്കീമിന്റെ വിശദാംശം അറിയിക്കാമോ;

(സി) അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ് ആർട്ടിസാൻസ് (ആഷ) ഫലപ്രദമായി നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ തരംതിരിക്കൽ പ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗങ്ങളിൽപ്പെട്ട അതിസൂക്ഷ്മ ഗാർഹിക സംരംഭങ്ങൾക്ക് അവർ എടുക്കുന്ന ബാങ്ക് വായ്പയിൽ 6% വാർഷിക പലിശ സബ്സിഡിയായി 3 വർഷത്തേയ്ക്ക് പലിശ ഇളവ് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ചെറുകിട വ്യവസായ സംരംഭകർക്ക് സംരംഭകത്വ സഹായ പദ്ധതിയിലൂടെ സബ്സിഡി അനുവദിക്കുമ്പോൾ പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് 10% അധിക സബ്സിഡിയും നൽകി വരുന്നു. ശുചിത്വ മിഷനുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇത്തരം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അടിസ്ഥാന സൗകര്യ വികസനം നൽകുന്നതിനായി സംസ്ഥാനത്ത് ഉടനീളം സ്ഥാപിച്ചിട്ടുള്ള 38 ഡി.എ./ഡി.പി.-കളിൽ പരിസ്ഥിതി സൗഹാർദ്ദ സംരംഭങ്ങൾക്ക് 5% ഏരിയ പ്രത്യേകമായി മാറ്റി വച്ചിട്ടുണ്ട്. സംസ്ഥാന ചെറുകിട വ്യവസായ വികസനത്തിനായി വകുപ്പ് നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഇ.ഡി.ക്ലബ്ബ്

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു.

2. ഇൻകുബേഷൻ സെന്ററുകൾ

പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

3. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായകമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ. -സി.ഡി.പി. പദ്ധതി നടപ്പിലാക്കി വരുന്നു.

4. മറ്റു പദ്ധതികൾ

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.

സംസ്ഥാനതലത്തിൽ കേരളത്തിന്റെ തനത് ഉല്പന്നങ്ങളുടെ പ്രദർശന-വില്പന മേള 'മാമാങ്കം' എന്ന പേരിൽ നടത്താൻ ഉദ്ദേശിക്കുന്നു. അതിന് പുറമേ സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും ഗവേഷണം നടത്തുവാൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്ന ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് എന്ന ഒരു പദ്ധതി സർക്കാർ പരിഗണനയിലാണ്.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ വകുപ്പിൽ നിലവിൽ ഉണ്ടായിരുന്ന പദ്ധതികൾ ഏകോപിപ്പിച്ച് 1-4-2012 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 15% മുതൽ

30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഇത് മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നൽകുന്നത്. 1. സ്റ്റാർട്ടപ് സപ്പോർട്ട് 2. ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് 3. ടെക്നോളജി സപ്പോർട്ട്. ഇതുപ്രകാരം താലൂക്ക് വ്യവസായ ഓഫീസുകൾ മുഖേന ജില്ലാ വ്യവസായ കേന്ദ്രങ്ങൾ അപേക്ഷ സ്വീകരിക്കുകയും ജില്ലാതല കമ്മിറ്റികളിൽ സമർപ്പിച്ച് യൂണിറ്റുകൾക്ക് സബ്സിഡി പാസ്സാക്കി വിതരണം ചെയ്യുന്നു. രണ്ട് കോടിക്ക് മേൽ സ്ഥിരം മൂലധനമുള്ള സംരംഭങ്ങൾക്ക് സംസ്ഥാന തല കമ്മിറ്റിയാണ് സബ്സിഡി പാസ്സാക്കുന്നത്.

(സി) ഉണ്ട്. കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) സ്കീം 20-8-2016 മുതൽ നടപ്പിലാക്കി വരുന്നു. ആഷാ സ്കീമിൽ 2016-17-ൽ 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൽ 16.33 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 2017-18 -ൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം നാളിതുവരെ 23,51,736 രൂപ ആഷാ പദ്ധതി പ്രകാരം ജില്ലകളിലേക്ക് അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. ബാക്കി തുക പൂർണ്ണമായും ഈ വർഷം തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## ചെറുകിട വ്യവസായ മേഖലയുടെ വികസനം

120 (450) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി നടപ്പുബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(സി) ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, ചെറുകിട വ്യവസായികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിനായി നടപ്പിലാക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഇ.ഡി. ക്ലബ്ബ്

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു.

2. ഇൻകുബേഷൻ സെന്ററുകൾ

പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

3. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായകമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ.-സി.ഡി.പി. പദ്ധതി നടപ്പിലാക്കിവരുന്നു.

4. ആഷ സ്കീം

കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി പ്രകാരം ധനസഹായം നൽകുന്നു.

5. ഹാന്റിക്രാഫ്റ്റ്സ് അവാർഡ്

കരകൗശല മേഖലയിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ മികച്ച സംരംഭങ്ങളുടെ ഉടമകളായ കരകൗശല വിദഗ്ധർക്ക് ഹാന്റി ക്രാഫ്റ്റ്സ് അവാർഡ് 2016 മുതൽ നൽകിവരുന്നു.

6. വാർദ്ധക്യകാല പെൻഷൻ

കരകൗശല മേഖലയിൽ പ്രവർത്തിച്ചു വരുന്ന 60 വയസ്സിന് മുകളിൽ പ്രായമുള്ള സംരംഭകർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ Old age Pension to the Handicrafts Master Craftsman എന്ന പദ്ധതി പ്രകാരം ആനുകൂല്യം നൽകി വരുന്നു.

7. <u>പശ്ചാത്തല വികസന പദ്ധതികൾ</u>

വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിച്ചു വരുന്നു.

8. <u>മറ്റു പദ്ധതികൾ</u>

ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. കൂടാതെ സംരംഭക സഹായ പദ്ധതി മുഖേനയായി സാമ്പത്തിക സഹായങ്ങളും നൽകുന്നുണ്ട്.

(ബി) ചെറുകിട വ്യവസായ മേഖലയുടെ സമഗ്രമായ വളർച്ചയ്ക്കായി 2017-18 വർഷത്തെ ബജറ്റിൽ 13,801 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(സി) 26/12/2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ.1716/2017/ഐ.ഡി. നമ്പർ പ്രകാരം ചെറുകിട വ്യവസായികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആരംഭിക്കാൻ ഉത്തരവായിട്ടുണ്ട്.

(ഡി) ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിലവിൽ ചുവടെ ചേർത്തിരിക്കുന്ന ധനസഹായങ്ങളാണ് നൽകി വരുന്നത്.

1. <u>സംരംഭകത്വ സഹായ പദ്ധതി</u>

ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 15% മുതൽ 30% വരെ, പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഇത് മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നൽകുന്നത്.

1) സ്റ്റാർട്ടപ് സപ്പോർട്ട് 2) ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് 3) ടെക്നോളജി സപ്പോർട്ട്

2. <u>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി</u>

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം 'വൈറ്റ്' വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക്

വിഭാഗങ്ങളിൽപ്പെട്ടതും, വീട്ടിലുള്ളതോ, വീടിനോടു ചേർന്നോ നടത്തുന്ന നാനോസംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

3. <u>പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി.)</u>

കേന്ദ്രസർക്കാരിന്റെ പി.എം.ഇ.ജി.പി. എന്ന പദ്ധതി പ്രകാരം സംരംഭകർക്ക് ധനസഹായം നൽകിവരുന്നു.

4. <u>ആഷ സ്കീം</u>

കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) സ്കീം പ്രകാരം സ്ഥിരം ആസ്തിയിന്മേലുള്ള ആകെ മുതൽ മുടക്കിന്റെ 40% തുക പരമാവധി 2 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർ, വനിതാ സംരംഭകർ., 18-നും 25-നും ഇടയ്ക്ക് പ്രായമുള്ള യുവ സംരംഭകർ എന്നിവർ ആരംഭിച്ച കരകൗശല സംരംഭങ്ങൾക്ക് ഇത് 50% എന്ന തോതിൽ പരമാവധി 3 ലക്ഷം രൂപയാണ്.

**ചെറുകിട വ്യവസായങ്ങളുടെ വികസനത്തിന് നടപടികൾ**

121( 451) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീമതി സി. കെ. ആശ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും വളർച്ചാ സാധ്യതയുള്ള ചെറുകിട വ്യവസായങ്ങളുടെ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ചെറുകിട വ്യവസായങ്ങളുടെ വികസനത്തിന് 2018-19-ലെ ബജറ്റിൽ പുതിയ സ്കീമുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ചെറുകിട വ്യവസായികൾക്ക് മൂലധനസഹായം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. <u>ഇ.ഡി. ക്ലബ്ബ്</u>

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ച് വരുന്നു.

2. <u>ഇൻകുബേഷൻ സെന്ററുകൾ</u>

പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

*3.* <u>ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം</u>

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായകമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ.-സി.ഡി.പി. പദ്ധതി നടപ്പിലാക്കിവരുന്നു.

4. <u>ആഷ സ്കീം</u>

കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി പ്രകാരം ധനസഹായം നൽകുന്നു.

5. <u>ഹാന്റിക്രാഫ്റ്റ്സ് അവാർഡ്</u>

കരകൗശല മേഖലയിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ മികച്ച സംരംഭങ്ങളുടെ ഉടമകളായ കരകൗശല വിദഗ്ദ്ധർക്ക് ഹാന്റി ക്രാഫ്റ്റ്സ് അവാർഡ് 2016 മുതൽ നൽകിവരുന്നു.

6. <u>വാർദ്ധക്യകാല പെൻഷൻ</u>

കരകൗശല മേഖലയിൽ പ്രവർത്തിച്ചുവരുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ള സംരംഭകർക്ക് പ്രതിമാസം 1000/- രൂപ തോതിൽ Old age Pension to the Handicrafts Master Craftsman എന്ന പദ്ധതി പ്രകാരം ആനുകൂല്യം നൽകി വരുന്നു.

7. <u>പശ്ചാത്തല വികസന പദ്ധതികൾ</u>

വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിച്ചു വരുന്നു.

8. <u>മറ്റു പദ്ധതികൾ</u>

ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. കൂടാതെ സംരംഭക സഹായ പദ്ധതി മുഖേന സാമ്പത്തിക സഹായങ്ങളും നൽകുന്നുണ്ട്.

(ബി) നിലവിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി വിവിധ ജില്ലകളിലെ 15 വ്യവസായ ഏരിയ/പ്ലോട്ട് എന്നിവിടങ്ങളിലെ ആഭ്യന്തര റോഡിന്റെ റിപ്പയറിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് ഭരണാനുമതിയും ആവശ്യമായ ഫണ്ടും അനുവദിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിന്റെ ഭരണാനുമതി ലഭിച്ച നാലെണ്ണമുൾപ്പെടെ എട്ട് ബഹുനില വ്യവസായ സമുച്ചയങ്ങളാണ് നിർമ്മിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽ എറണാകുളത്തെ എടയാറിൽ ബഹുനില സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വ്യവസായ പ്ലോട്ടിനായി പുതുതായി ഏറ്റെടുത്ത കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലെ 20.43 ഏക്കർ ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ

ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പുതിയ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള 38 ഡെവലപ്മെന്റ് ഏരിയ/ഡെവലപ്മെന്റ് പ്ലോട്ടുകളിൽ സർവ്വേ നടത്തി വികസനം കൈവരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയായ എം.എസ്.ഇ.-സി.ഡി.പി. മുഖേന ഡി.എ. പൂവൻതുരുത്തിലും ഡി.എ. എടയാറിലും യഥാക്രമം 1000 ലക്ഷവും 967.69 ലക്ഷവും രൂപയുടെ പ്രോജക്ടിന് അനുമതി ലഭിച്ചിട്ടുണ്ട്. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതികൾക്ക് യഥാക്രമം സംസ്ഥാന വിഹിതമായ 400 ലക്ഷം രൂപയും 387.076 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) ചെറുകിട വ്യവസായങ്ങളുടെ വികസനത്തിന് 2018-19 -ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പുതിയ സ്കീമുകൾ ചുവടെ ചേർക്കുന്നു.

1. <u>എം.എസ്.എം.ഇ.-കൾക്ക് ഇൻഷ്വറൻസ് പദ്ധതി</u>

എം.എസ്.എം.ഇ. ഡെവലപ്മെന്റ് ആക്ട് അനുസരിച്ച് ഇ.എം.ഭാഗം2/ ഉദ്യോഗ് ആധാറിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള സൂക്ഷ-ചെറുകിട-ഇടത്തരം സംരംഭ മേഖലയിലെ ഉടമസ്ഥർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കാൻ സംസ്ഥാനത്തിന്റെ വിഹിതമായി 2018-19 ബജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. <u>സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (എസ്.എസ്.സി.ഡി.പി.)</u>

പി.എം.ഇ.ജി.പി. പദ്ധതിയിലെയും, നാനോ ഹൗസ്ഹോൾഡ് മേഖലയിലെയും ചെറുകിട യൂണിറ്റുകളുടെയും സംരക്ഷണത്തിനായിട്ടാണ് സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം ആരംഭിച്ചത്. ഇതനുസരിച്ച് പി.എം.ഇ.ജി.പി. നാനോ ഹൗസ്ഹോൾഡ് മേഖയിൽ പൊതു സൗകര്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാനത്തിന്റെ വിഹിതമായി 2018-19 ബജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. <u>തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണം</u>

കേരളത്തിലെ തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാനത്തിന്റെ വിഹിതമായി 2018-19 ബജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ഡി) ചെറുകിട വ്യവസായികൾക്ക് മൂലധന സഹായം നൽകുന്നതിന് നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>സംരംഭകത്വ സഹായ പദ്ധതി</u>

ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 15% മുതൽ 30% വരെ, പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഇത് മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നൽകുന്നത്.

1) സ്റ്റാർട്ടപ് സപ്പോർട്ട് 2) ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് 3) ടെക്നോളജി സപ്പോർട്ട്

2. <u>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി</u>

5 ലക്ഷം രൂപവരെ സ്ഥിരം മൂലധനനിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും, വീട്ടിലുള്ളതോ, വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

3. <u>പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി.)</u>

കേന്ദ്രസർക്കാരിന്റെ പി.എം.ഇ.ജി.പി. എന്ന പദ്ധതി പ്രകാരം സംരംഭകർക്ക് ധനസഹായം നൽകിവരുന്നു.

4. <u>ആഷ സ്കീം</u>

കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) സ്കീം പ്രകാരം സ്ഥിരം ആസ്തിയിന്മേലുള്ള ആകെ മുതൽ മുടക്കിന്റെ 40% തുക പരമാവധി 2 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർ, വനിതാ സംരംഭകർ., 18-നും 25-നും ഇടയ്ക്ക് പ്രായമുള്ള യുവ സംരംഭകർ എന്നിവർ ആരംഭിച്ച കരകൗശല സംരംഭങ്ങൾക്ക് ഇത് 50% എന്ന തോതിൽ പരമാവധി 3 ലക്ഷം രൂപയാണ്.

**ചെറുകിടവ്യവസായ പദ്ധതികൾ**

122 (452) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉദ്യോഗ് ആധാർ മുഖേന പാറശ്ശാല മണ്ഡലത്തിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ചെറുകിട വ്യവസായ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ചെറുകിട വ്യവസായ പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ മുഖേന പാറശ്ശാല മണ്ഡലത്തിൽ രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. പാറശ്ശാല പഞ്ചായത്ത് | - | 101 |
| 2. വെള്ളറട | - | 25 |
| 3. കൊല്ലയിൽ | - | 17 |
| 4. പെരുങ്കടവിള | - | 13 |
| 5. അമ്പൂരി | - | 21 |
| 6. കുന്നത്തുകാൽ | - | 22 |
| 7. ഒറ്റശേഖരമംഗലം | - | 15 |
| 8. കള്ളിക്കാട് | - | 10 |
| 9. ആര്യങ്കോട് | - | 12 |
| ആകെ | - | 236 എണ്ണം |

(ബി) മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് (എം.എസ്.എം.ഇ.ഡി. ആക്ട്) 2006 പ്രകാരം ഇ.എം. പാർട്ട് 1-ഉം പാർട്ട് 2-ഉം ആണ് വ്യവസായ സംരംഭങ്ങളുടെ രജിസ്ട്രേഷനായി 2016 സെപ്റ്റംബർ വരെ നിലവിലുണ്ടായിരുന്ന സംവിധാനം. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ചെറുകിട വ്യവസായ സംരംഭങ്ങളുടെ രജിസ്ട്രേഷന് ഉദ്യോഗ് ആധാർ സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നു. പ്രവർത്തനമാരംഭിച്ച യൂണിറ്റുകളുടെ സംരംഭകർ സ്വന്തം നിലയിൽ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഫയൽ ചെയ്യുന്നതും അക്നോളഡ്ജ്മെന്റ് ലഭിക്കുന്നതും. ഇത് നിയമപരമായി നിർബന്ധമാക്കിയിട്ടില്ല.

(സി) ചെറുകിട വ്യവസായ പദ്ധതികളുടെ പ്രോത്സാഹനത്തിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

1. <u>ഇ.ഡി. ക്ലബ്ബ്</u>

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു.

2. <u>ഇൻകുബേഷൻ സെന്ററുകൾ</u>

പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു.

3. <u>ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം</u>

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായകമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ.-സി.ഡി.പി. പദ്ധതി നടപ്പിലാക്കിവരുന്നു.

4. <u>ഗാർഹിക സംരംഭകർക്ക് പലിശ സബ്സിഡി പദ്ധതി</u>

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം 'വൈറ്റ്' വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും, വീട്ടിലുള്ളതോ, വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

5. ആഷ സ്കീം

കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് സ്കീം (ആഷ) 20-8-2016 മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സ്ഥിരം ആസ്തിയിന്മേലുള്ള ആകെ മുതൽ മുടക്കിന്റെ 40% തുക പരമാവധി 2 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർ, വനിതാ സംരംഭകർ, 18 -നും 25 -നും ഇടയ്ക്ക് പ്രായമുള്ള യുവ സംരംഭകർ എന്നിവർ ആരംഭിച്ച കരകൗശല സംരംഭങ്ങൾക്ക് ഇത് 50% എന്ന തോതിൽ പരമാവധി 3 ലക്ഷം രൂപയാണ്.

6. മറ്റ് പദ്ധതികൾ

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തി, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു. സംരംഭകത്വ സഹായ പദ്ധതി പ്രകാരം പരിസ്ഥിതി സൗഹാർദ്ദ സംരംഭങ്ങൾക്ക് 10% സബ്സിഡിയും ഡി.എ./ഡി.പി.കളിൽ പരിസ്ഥിതി സൗഹാർദ്ദ സംരംഭങ്ങൾക്ക് 5% ഏരിയയും പ്രത്യേകമായി അനുവദിക്കുന്നു.

**പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനം**

123 (453) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതൽമുടക്ക് താരതമ്യേന കുറഞ്ഞതും, അധ്വാന ശക്ത്യാധിഷ്ഠിതവും, വൻതോതിൽ പാവപ്പെട്ടവർ ഉപജീവനത്തിന് ആശ്രയിക്കുന്നതുമായ പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മറ്റുരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്നതിനേക്കാൾ വളരെ കുറഞ്ഞ വേതനം മാത്രം ലഭിക്കുന്ന സ്ഥിതി മെച്ചപ്പെടുത്തുവാനായി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഇത്തരം വ്യവസായങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനും, ഉല്പന്നങ്ങൾ ന്യായവില ഉറപ്പുവരുത്തിക്കൊണ്ട് സംഭരിച്ച് വിപണനം നടത്തുവാനും സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ തറികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതികവിദ്യ ലഭ്യമാക്കൽ, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, പുതിയ ഡിസൈൻ/പുതിയ സാമഗ്രികൾ ഉപയോഗിച്ച് മൂല്യവർദ്ധിത കൈത്തറി ഉല്പന്നങ്ങളുടെ വികസനം, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പണിശാല നവീകരണത്തിന് ധനസഹായം പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി, കരകൗശല മേഖലയിലെ വിദഗ്ദ്ധർക്കായുള്ള വാർദ്ധക്യകാല പെൻഷൻ പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. കരകൗശല മേഖലയിലെ തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ഇവയിലൂടെ ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/പ്രീ-പ്രോസസ്സിഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉല്പാദന ഇൻസെന്റീവ് മുതലായവ ഏർപ്പെടുത്തൽ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്നതരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുകൂടി വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, സ്ലീറ്റ് വീവിംഗ്, ഖാദിഗ്രാമം പദ്ധതി, സംസ്ഥാന സർക്കാർ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, എന്റെ ഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

കയർ മേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം, അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം, വിപണി വികസന സഹായം, കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ, ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, ചകിരി ഉല്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

(ബി) പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് വർഷം 300 ദിവസം ജോലി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഇതിനാവശ്യമായ തുണി വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നെയ്ത് തയ്യാറാക്കുകയും ചെയ്തു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുകയെന്നതിന് പുറമെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലവസരം നൽകുവാനും സാധിച്ചു. ഹാന്റക്സ്, ഹാന്റ്‌വീവ് എന്നിവിടങ്ങളിൽ

ഡിസൈനർ സെന്ററുകൾ ആരംഭിച്ച് ഡിസൈനർമാരുടെ സഹായത്തോടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ വിപണന സാധ്യത വർദ്ധിപ്പിച്ച് കൈത്തറി മേഖലയ്ക്ക് പ്രോത്സാഹനം നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈറ്റ -പനമ്പ് നെയ്ത്ത് മേഖലയിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന ഈറ്റ വെട്ടുകാർ, പനമ്പു നെയ്ത്തുകാർ എന്നിവർക്ക് മിനിമം കൂലി ഇനത്തിൽ പ്രതിദിനം 136 രൂപ ആശ്വാസ പദ്ധതിയായി അനുവദിച്ചുവരുന്നു. ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പാ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു. പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കൈത്തറി ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിന്റെ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ഹാന്റക്സ്, ഹാന്റ്‍വീവ് എന്നിവിടങ്ങളിൽ ഓരോ ഡിസൈൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഡിസൈൻ സെന്ററുകൾ വഴി നെയ്ത്തുകാർക്കും നെയ്ത്ത് സഹകരണ സംഘങ്ങൾക്കും സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് ഡിസൈനർമാരെ നിയോഗിക്കുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‍ലൂം ടെക്നോളജിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൈത്തറി ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന സഹകരണ സംഘങ്ങൾക്ക് പ്രത്യേക ധനസഹായം നൽകിവരുന്നു. കരകൗശല വികസന കോർപ്പറേഷൻ, സുരഭി, കാഡ്കോ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ സർക്കാർ ധനസഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് ഉല്പന്നങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ക്ലസ്റ്റർ വികസന പദ്ധതികൾ വഴി നൈപുണ്യ വികസന പരിശീലനം നടത്തിവരുന്നു. ഖാദി മേഖലയിലെ ഉല്പന്നങ്ങൾക്ക് ന്യായ വില ഉറപ്പുവരുത്തുന്നതിന് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് നടപടികൾ സ്വികരിച്ചിട്ടുണ്ട്. കയർ വ്യവസായത്തെ ആധുനികവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള വിവിധ പ്രവർത്തനങ്ങൾ സർക്കാർ സ്വീകരിച്ചു വരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ ഫാർമേഴ്സ് സൊസൈറ്റികൾ, നാളികേര ഉല്പാദക കമ്പനികൾ, അഗ്രോസർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുനഃസംഘടന വഴി ലക്ഷ്യമിടുന്നു.

## കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

124 (454) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതെല്ലാമെന്നും വിശദീകരിക്കുമോ;

(ബി) ഉത്പാദനമില്ലാത്ത യൂണിറ്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ ഇവിടെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ നവീകരണത്തിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 33 ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് ഭൂമി/ഷെഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) നടപടി സ്വികരിച്ചു വരുന്നു. ഉത്പാദനമില്ലാത്ത യൂണിറ്റുകൾ തിരികെ എടുക്കുന്നതിനായി താഴെപ്പറയുന്ന യൂണിറ്റുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്:

1. മെ. ബ്രോസ്കോ പെയിന്റ് & കെമിക്കൽസ്
2. മെ. എ. ആർ. ചെയ്ൻ
3. മെ. ശിവ ആയൂർവേദിക് ഫാർമസ്യൂട്ടിക്കൽസ്
4. സുബീന എന്റർപ്രൈസസ്
5. മെ. സാരഥി സർവീസസ്
6. ഈസി ഫുഡ് & പ്രോഡക്ട്സ്
7. മെ. കെ. കെ. സിമന്റ്
8. മെ. ശിവ കാൻഡിൽസ്
9. മെ. ബാല ഹെർബൽസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളുടെ സമഗ്രമായ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുകയും യൂണിറ്റുകൾക്കൊപ്പമോ സമീപത്തോ അധിക ഭൂമിയുണ്ടെങ്കിൽ അവ കണ്ടെത്തി അതത് സ്ഥലത്തെ യൂണിറ്റുകൾക്ക് നൽകി അതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ അമ്പത് ശതമാനം എസ്റ്റേറ്റുകളുടെ നവീകരണത്തിന് ഉപയോഗിക്കുന്ന ഒരു പദ്ധതി നടപ്പാക്കിവരുന്നു.

## ഗെയ്ൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

125 (455) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയ്ൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയ്ക്കായി നാളിതുവരെ എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും എത്ര കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുവെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടപ്പെടുന്നവർക്ക് നൽകുവാൻ തീരുമാനിച്ചിട്ടുള്ള സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യമാക്കുന്നതിനും ആശങ്കകൾ പരിഹരിക്കുന്നതിനും അതാത് ജില്ലാ ഭരണകൂടവുമായി ചേർന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഏഴ് ജില്ലകളിലായി ഗെയ്ൽ സ്ഥാപിക്കുന്ന കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കിലോമീറ്ററാണ്. ഇതിൽ 503 കിലോമീറ്ററിലും 6 (1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയ്ൽ (ഇന്ത്യ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്.

കേരളത്തിലൊട്ടുക്കും ഇതുവരെയായി 123 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയിലെ ചമയങ്ങൾക്കും വിളകൾക്കും ഭൂമിയുടെ വിലയായും 65,42,47,749 രൂപ നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞു.

(ബി) മലപ്പുറം ജില്ലയിലെ പൈപ്പ് ലൈനിന്റെ മൊത്തം നീളം 58 കിലോമീറ്ററാണ്. മൊത്തം കിലോമീറ്ററിലും 3(1), 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ഭൂമിയുടെ ഉപയോഗാവകാശം ഗെയ്ൽ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചനാമ തയ്യാറാക്കുന്ന നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഭൂമിയിലെ വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരമായി 6,11,34,165 രൂപ കോംപീറ്റന്റ് അതോറിറ്റി പാസാക്കിക്കഴിഞ്ഞു. ഇതിൽ 2,40,25,134 രൂപ ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞു. കൈവശാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി വരുന്ന നഷ്ടപരിഹാരത്തുക പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും.

(സി) കാർഷിക വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേക്കായി പി. &എം.പി. ആക്ട് & റൂൾ 4 പ്രകാരം കോംപീറ്റന്റ് അതോറിറ്റി വിവിധ സർക്കാർ ഏജൻസികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വില വിവരപ്പട്ടിക സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ നെൽവയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3761 രൂപ നിരക്കിൽ നൽകിവരുന്നു.

ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമിയുടെ വിലയായി പി. & എം.പി. ആക്ട്, 1962 സെക്ഷൻ 10(4) പ്രകാരം ഭൂമിയുടെ 3(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതിക്ക് ഉണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10% നൽകേണ്ടതാണ്. എന്നാൽ ഈ നഷ്ടപരിഹാരം വളരെ കുറഞ്ഞുപോയി എന്ന പരാതി ഉയർന്നതിനാൽ കേരള സർക്കാർ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാരമായി പൈപ്പ് ലൈൻ സ്ഥാപിച്ച 10 മീറ്റർ ഭൂമിയുടെ നിലവിലുള്ള 100% ന്യായവിലയും നൽകിവരുന്നു. കൂടാതെ 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ, പൈപ്പ് ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസ ധനമായി നഷ്ടപരിഹാരം നൽകുന്നതാണ്.

(ഡി) ജനവാസമേഖലയെ കഴിവതും ഒഴിവാക്കിയാണ് പൈപ്പ് ലൈൻ കടന്നു പോകുന്നത്. എന്നാൽ കേരളത്തിന്റെ സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത് പൂർണ്ണമായും പാലിക്കാൻ കഴിയില്ല. ജനവാസ മേഖലയിലൂടെ പൈപ്പ് ലൈൻ കടന്നുപോകുന്നതുകൊണ്ട് ജനങ്ങൾക്ക് യാതൊരു രീതിയിലുള്ള ആശങ്കയും ആവശ്യമില്ല. ജനസാന്ദ്രത കൂടിയ മേഖലയിൽ വിന്യസിക്കുന്ന പൈപ്പ് ലൈനുകൾക്ക് ക്ലാസിഫിക്കേഷൻ അനുസരിച്ചുള്ള കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകല്പന ചെയ്തിരിക്കുന്ന പൈപ്പ് ലൈനുകളാണ് വിന്യസിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് തെറ്റിദ്ധാരണകളും, വ്യാജ പ്രചരണങ്ങളും ദൂരീകരിക്കുന്നതിനായി പഞ്ചായത്തുതോറും ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതാധികാര സമിതി പദ്ധതി നിരീക്ഷണത്തിനായി രൂപീകരിച്ചിട്ടുണ്ട്. ഈ ഉന്നതാധികാര സമിതി പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലകളിലും സബ് കളക്ടർമാർ നോഡൽ ഓഫീസർ ആയിട്ടുള്ള ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഗെയ്‌ലും 7 ജില്ലകളിലായി നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഗെയ്‌ലും സംസ്ഥാന റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് എല്ലാ ജില്ലകളിലും പദ്ധതി പൂർത്തീകരണത്തിനായി പ്രവർത്തിച്ചുവരുന്നു.

ദൃശ്യ/പത്ര മാധ്യമങ്ങളിലൂടെയും ലഘുലേഖനങ്ങൾ മുഖേനയും എഫ്.എം. റേഡിയോ വഴിയും ഈ പദ്ധതിയുടെ സുരക്ഷയും പ്രയോജനവും പ്രചരിപ്പിച്ചു വരുന്നു. ഇതിലുപരിയായി മലപ്പുറം കോഴിക്കോട് ജില്ലകളിൽ പൊലീസ് സേനാംഗങ്ങളുടെ ഒരു കർമ്മസേന രൂപീകരിച്ച് പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണവും നടത്തിക്കൊണ്ടിരിക്കുന്നു. ആയത് ജനങ്ങൾക്കിടയിൽ വിശ്വാസ്യത വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്.

## എരഞ്ഞോളി പഞ്ചായത്തിലെ കിൻഫ്ര പാർക്ക്

126 (456) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ എരഞ്ഞോളി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കിൻഫ്ര ചെറുകിട വ്യവസായ പാർക്കിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിനായി പുതിയ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി കിൻഫ്ര പാർക്കിൽ നിർമ്മാണം പൂർത്തിയായ പുതിയ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം നടത്തി അലോട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ സുഗന്ധ വ്യഞ്ജനങ്ങളുടെ മൂല്യവർദ്ധന ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലുള്ള ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് ഏറെ പ്രയോജനം ലഭിക്കുന്ന പൊതു അടിസ്ഥാന കേന്ദ്രം സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. കൂടാതെ അമ്മയും കുഞ്ഞും പദ്ധതിക്കായി ഒരു ആശുപത്രി സ്ഥാപിക്കുന്നതിന് 3.71 ഏക്കർ ഭൂമി കിൻഫ്ര അലോട്ട് ചെയ്തിട്ടുണ്ട്.

## കിൻഫ്ര പാർക്കിന്റെ ഭൂമി ഫയർ സ്റ്റേഷന് അനുവദിക്കുന്നതിനുള്ള നടപടി

127 (457) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിലെ ലക്കിടിയിലുള്ള കിൻഫ്ര പാർക്ക് കോമ്പൗണ്ടിലെ ഭൂമി ഒറ്റപ്പാലം ഫയർസ്റ്റേഷന് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാണോ; ലഭ്യമാണെങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ബി) എത്ര ഏക്കർ സ്ഥലം ലഭ്യമാക്കണമെന്നാണ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) അടിയന്തരമായി സ്ഥലം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലത്ത് കിൻഫ്ര പാർക്കിന്റെ ഭൂമിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭിച്ചതായി കാണുന്നില്ല.

(ബി&സി) ബാധകമല്ല.

## ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർ സമർപ്പിച്ച നിവേദനം

128 (458) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണയിലെ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നത്; ഏതൊക്കെ ട്രേഡിലാണ് ട്രെയിനിംഗ് നൽകുന്നത്;

(ബി) ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർ സമർപ്പിച്ച നിവേദനത്തിൽ (ഫയൽ നമ്പർ വ്യവസായം 597/എഫ്2/2016 തീയതി 23-8-2016) സിഡ്കോ മാനേജിംഗ് ഡയറക്ടർ ആവശ്യമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ട് സമർപ്പിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ;

(സി) സിഡ്കോയിലെ ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്കും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചെറുകിട വ്യവസായങ്ങൾക്കാവശ്യമായി വരുന്ന ഉത്പന്നങ്ങളുടെ ഡിസൈനിംഗും വിവിധ ഉത്പന്നങ്ങളുടെ യഥാർത്ഥ മാതൃകകളുടെ വികസനവും കൂടാതെ ചെറുകിട യൂണിറ്റുകൾക്ക് ആവശ്യമുള്ള മോൾഡുകൾ, ഡൈകൾ, ടൂളുകൾ എന്നിവയുടെ രൂപകൽപ്പന നിർമ്മാണം എന്നിവയാണ് ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ നടക്കുന്ന പ്രവർത്തനങ്ങൾ.

ഐ.എസ്.ആർ.ഒ., വി.എസ്.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഉത്പന്നങ്ങൾ റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഇവിടെ നിർമ്മിച്ചു നൽകുന്നുണ്ട്.

പത്താംക്ലാസ്സും ഐ.ടി.ഐ.-യും യോഗ്യതയുള്ളവർക്കായി 6 മാസം ദൈർഘ്യമുള്ള പ്രെസിഷൻ മെഷീനിംഗ് സർട്ടിഫിക്കറ്റ് കോഴ്സും കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജിയുമായി ചേർന്ന് 4 മാസം ദൈർഘ്യമുള്ള കാഡ്/കാം ഉൾപ്പെടെ സി.എൻ.സി. പ്രോഗ്രാമിൽ സർട്ടിഫിക്കറ്റ് കോഴ്സും നടത്തുന്നുണ്ട്.

(ബി) റിപ്പോർട്ട് ലഭ്യമായിട്ടില്ല.

23-8-2016 തീയതിയായുള്ള കത്ത് മുഖേന ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായതായി കാണുന്നു.

(സി) പ്രസ്തുത വിഷയം സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനമാക്കി സർക്കാരിലേയ്ക്ക് അപേക്ഷിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**സിഡ്കോയുടെ പ്രൊഡക്ഷൻ യൂണിറ്റുകൾ**

129 (459) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിഡ്കോയുടെ കീഴിൽ എത്ര പ്രൊഡക്ഷൻ യൂണിറ്റുകൾ ഉണ്ട്; അവ ഏതൊക്കെയാണ്;

(ബി) കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ സിഡ്കോയുടെ സ്വന്തം പ്രൊഡക്ഷൻ യൂണിറ്റ് ആക്കി മാറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സിഡ്കോയിലെ സ്റ്റാഫ് പാറ്റേൺ 2015-ൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് ലഭ്യമാക്കാമോ;

(ഡി) ഒളവണ്ണ ടൂൾ റൂം കം ട്രെയിനിങ് സെന്ററിൽ എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സിഡ്കോയുടെ കീഴിൽ 8 പ്രൊഡക്ഷൻ യൂണിറ്റുകൾ ഉണ്ട്. അവ താഴെപ്പറയുന്നു.

1. പ്രഷർ ഡൈകാസ്റ്റിംഗ് യൂണിറ്റ്, പാപ്പനംകോട്
2. ഗവ. ഇൻസ്ട്രുമെന്റ് വർക്ക്ഷോപ്പ്, പാപ്പനംകോട്
3. വുഡ് വർക്ക്ഷോപ്പ്, പാപ്പനംകോട്
4. സിഡ്കോ ടൂൾസ്, ഉമയനല്ലൂർ
5. സ്റ്റോബോർഡ് ഫാക്ടറി, പരുമല
6. വുഡ് വർക്കിംഗ് യൂണിറ്റ്, കൊല്ലകടവ്
7. സർവ്വീസ് വർക്ക്ഷോപ്പ്, ഒല്ലൂർ
8. ഗവ. വുഡ് വർക്ക്ഷോപ്പ്, കോഴിക്കോട്

(ബി) കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ സിഡ്കോയുടെ പ്രൊഡക്ഷൻ യൂണിറ്റാക്കാൻ മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്, പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ 68 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്.

**വ്യവസായ സമുച്ചയത്തിന്റെ രണ്ടാം ഘട്ടം**

130 (460) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വ്യവസായ സമുച്ചയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതിനായി എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നമാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) നിർമ്മാണം പൂർത്തിയാകുമ്പോൾ എത്ര വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തിക്കാനുള്ള ഭൗതിക സാഹചര്യം ഉണ്ടാകുമെന്നും ഇതുവഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നമാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ വേളി 1, വേളി 2 എന്നീ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

(ബി) വേളി-1 ബഹുനില വ്യവസായ സമുച്ചയത്തിന് 12.5 കോടി രൂപയും വേളി-2 ബഹുനില വ്യവസായ സമുച്ചയത്തിന് 23.5 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. രണ്ട് സമുച്ചയങ്ങളുടെയും നിർമ്മാണം 2019 ജൂൺ മാസം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) നിർമ്മാണം പൂർത്തിയാകുമ്പോൾ വേളി-1 സമുച്ചയത്തിൽ 20 സംരംഭങ്ങളും വേളി-2 സമുച്ചയത്തിൽ 62 സംരംഭങ്ങളും ചേർത്ത് ആകെ 82 സംരംഭങ്ങൾ പ്രവർത്തിക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുവാൻ കഴിയും. ഇതുവഴി 450 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ആലത്തൂർ താലൂക്കിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

131 (461) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവയ്ക്ക് വകുപ്പ് നൽകിവരുന്ന സഹായങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ താലൂക്കിൽ 462 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ വികസനത്തിന് വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്ന താഴെപ്പറയുന്ന വിവിധ പദ്ധതികൾ മുഖേന സഹായങ്ങൾ നൽകി വരുന്നു:

1. ഇ.ഡി. ക്ലബ്ബ്
2. ഇൻകുബേഷൻ സെന്ററുകൾ
3. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം
4. ആഷ സ്കീം
5. ഹാന്റിക്രാഫ്റ്റ്സ് അവാർഡ്
6. വാർദ്ധക്യകാല പെൻഷൻ
7. പശ്ചാത്തല വികസന പദ്ധതികൾ
8. ഇൻവെസ്റ്റേഴ്സ് മീറ്റ്
9. സംരംഭകത്വ പരിശീലന പദ്ധതി
10. ടെക്നോളജി ക്ലിനിക്
11. സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം
12. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി
13. ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം
14. എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ
15. സംരംഭക സഹായ പദ്ധതി മുഖേനയായി സാമ്പത്തിക സഹായങ്ങളും നൽകുന്നുണ്ട്.

**നിലമ്പൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വികസന പദ്ധതികൾ**

132 (462) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ള വികസന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 വർഷത്തിൽ വ്യവസായ വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികളാണ് നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ, ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ നിയോജക മണ്ഡലത്തിൽ സംരംഭകത്വ സഹായ പദ്ധതി പ്രകാരം 1,00,49,050 രൂപ സംരംഭകർക്ക് ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടായി നൽകിയിട്ടുണ്ട്. പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി പ്രകാരം 50 സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനുള്ള വായ്പയ്ക്ക് വിവിധ ബാങ്കുകളിലേക്ക് ശിപാർശ ചെയ്ത് അയച്ചിട്ടുണ്ട്. ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം 586.70 ലക്ഷം രൂപയുടെ വായ്പ വിവിധ ബാങ്കുകളിൽ നിന്നായി സംരംഭകർക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) 2017-18 വർഷത്തിൽ വ്യവസായ വകുപ്പ് നിലമ്പൂർ നിയോജക മണ്ഡലത്തിൽ 4 കോളേജുകളിൽ യുവ സംരംഭകത്വ ശിൽപ്പശാല/ ബോധവത്കരണ പരിപാടിയും നിലമ്പൂർ താലൂക്കുതല നിക്ഷേപക സംഗമവും നടത്തി. ഫാഷൻ ഡിസൈനിൽ 25 സംരംഭകർക്കുള്ള ടെക്നോളജി മാനേജ്മെന്റ് & ഡെവലപ്മെന്റ് പരിപാടി നടന്നുവരുന്നു. ഐ.പി.ആർ. ബോധവത്കരണ പരിപാടി ഈ മാർച്ചിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി, സംരംഭകത്വ സഹായ പദ്ധതി, നിക്ഷേപ സബ്സിഡി, നാനോ ഹൗസ് ഹോൾഡ് സംരംഭകർക്കുള്ള പലിശയിളവ് സബ്സിഡി, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനമായി സംരംഭകന്റെ ഇ.എസ്.ഐ./പി.എഫ്. വിഹിതം നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു.

## കൊരട്ടിയിൽ വ്യവസായ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നടപടി

133 (463) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തിരിച്ചെടുത്ത കൊരട്ടി മധുര കോട്സ് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലം, കൊരട്ടി ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സ് വക സ്ഥലം, കൊരട്ടി കിൻഫ്ര പാർക്ക് തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമായ വ്യവസായ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 11 ബഹുനില വ്യവസായ ഷെഡ് കൊരട്ടിയിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊരട്ടിയിലെ കിൻഫ്ര പാർക്കിൽ നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം കിൻഫ്ര ലഭ്യമാക്കിയിട്ടുണ്ട്. കൊരട്ടിയിലെ ഗവൺമെന്റ് പ്രസ്സിന്റെ ഭൂമി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല തീരുമാനം ലഭിക്കുന്ന മുറക്ക് പാർക്കിന്റെ വിപുലീകരണവും വികസനവും നടപ്പിലാക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്.

(സി) കൊരട്ടി വ്യവസായ പാർക്കിൽ കിൻഫ്ര സ്ഥാപിക്കുന്ന ബഹുനില വ്യവസായ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 70000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിട സമുച്ചയമാണ് കിൻഫ്ര നിർമ്മിക്കാനുദ്ദേശിക്കുന്നത്.

**കാസർഗോഡ് ആസ്ടൽ വാച്ചസ് കമ്പനി**

134 (464) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ആസ്ടൽ വാച്ച് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലവും കെട്ടിടങ്ങളും സി. എച്ച്. മുഹമ്മദ് കോയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിന് പതിച്ച് നൽകാൻ മുൻ സർക്കാർ തീരുമാനം എടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ പ്രസ്തുത വിഷയത്തിൽ കൈക്കൊണ്ടതും കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ആസ്ടൽ വാച്ച് കമ്പനി കെട്ടിടം സ്ഥിതിചെയ്തിരുന്ന 1.99 ഏക്കർ സ്ഥലം വെറുതെ കിടക്കുന്നതിന് പകരം മറ്റെന്തെങ്കിലും സംരംഭങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ-സി) കാസർഗോഡ് ആസ്ട്രൽ വാച്ചസിന്റെ സ്ഥലവും കെട്ടിടവും സി.എച്ച്. മുഹമ്മദ് കോയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് (SIMC) എന്ന സ്ഥാപനത്തിന്റെ റീജിയണൽ സെന്റർ തുടങ്ങാൻ സൗജന്യമായി പതിച്ചുനൽകുന്നത് സംബന്ധിച്ച് 25-2-2016-ൽ മന്ത്രിസഭായോഗത്തിന് മുൻപാകെ സമർപ്പിച്ച കുറിപ്പിലെ നിർദ്ദേശം മന്ത്രിസഭായോഗം (ഇനം.8523) മന്ത്രിസഭ അംഗീകരിച്ചിരുന്നു. (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)*

1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ യോഗതീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിരുന്നു. ഫയലിനാസ്പദമായ വിഷയം പ്രസ്തുത മന്ത്രിസഭാ ഉപസമിതിയുടെ പരിശോധനയ്ക്കായി സമർപ്പിക്കുകയുണ്ടായി. 29-3-2017-ലെ 63/എസ്.സി.1/2017/പൊ.ഭ.വ. (എസ്.സി.) നമ്പർ കുറിപ്പുപ്രകാരം മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് വ്യക്തമായ ശിപാർശ സമർപ്പിച്ചിട്ടുള്ള തീരുമാനങ്ങളൊഴികെയുള്ള തീരുമാനങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുൻപ് നിലവിലുള്ള മന്ത്രിസഭാ തീരുമാനങ്ങളിൽ നിയമപരമായോ മറ്റോ അപാകതകൾ ഉണ്ടോയെന്ന് സെക്രട്ടറിമാർ ഒരിക്കൽക്കൂടി പരിശോധിക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ടായിരുന്നു. ഇതിന് മന്ത്രിസഭാ ഉപസമിതി കൺവീനറുടെയും ബഹു. മുഖ്യമന്ത്രിയുടെയും അനുമതി ഉണ്ടായിരുന്നു.

2005ൽ പ്രവർത്തനം നിലച്ച ആസ്ട്രൽ വാച്ച് കമ്പനി സെക്യൂവേർഡ്, അൺസെക്യൂവേർഡ്, കറന്റ് അക്കൗണ്ട്സ് ഡ്യൂസ് എന്നീ ഇനങ്ങളിലായി 360.96 ലക്ഷം രൂപ കെ.എസ്.ഐ.ഡി.സി.യ്ക്ക് നൽകാനുണ്ടായിരുന്നു. കെ.എസ്.ഐ.ഡി.സി.-യുടെ നഷ്ടം കമ്പനിയുടെ ആസ്തി ഏറ്റെടുത്ത് സെറ്റ് ഓഫ് ചെയ്യാൻ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കമ്പനിയുടെ 1.9 ഏക്കർ ഭൂമിയും അതിൽപ്പെട്ട കെട്ടിടവും യന്ത്രസാമഗ്രികളും കെ.എസ്.ഐ.ഡി.സി. ഏറ്റെടുക്കുകയുണ്ടായത്. ഏറ്റെടുത്ത ആസ്തികൾ 2010 -ലെ ഫെയർ വാല്യൂ അനുസരിച്ച് 400 ലക്ഷത്തോളം രൂപ വിലമതിക്കുന്നതാണ്.

ആസ്ട്രൽ വാച്ച് കമ്പനി ഏറ്റെടുക്കുന്നതിലൂടെ എത്ര രൂപയുടെ നഷ്ടം കെ.എസ്.ഐ.ഡി.സി.-ക്ക് ഉണ്ടായിയെന്ന വ്യക്തമായ കണക്ക് അവതരിപ്പിക്കാൻ കെ.എസ്.ഐ.ഡി.സി.-യോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്. പി.പി.പി. വ്യവസ്ഥയിൽ ഒരു എക്സിബിഷൻ/കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക്

135 (465) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിനായുള്ള സ്ഥലമേറ്റെടുപ്പ് ഏതു ഘട്ടത്തിലാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നുള്ള അഭിപ്രായമെന്തായിരുന്നുവെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ഈ പദ്ധതിയ്ക്കുവേണ്ടി 100 ഏക്കർ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഏറ്റെടുക്കുവാൻ ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഭൂമി ഏറ്റെടുക്കുവാൻ ജില്ലാകളക്ടർ ഡി.എൽ.പി.സി. യോഗങ്ങൾ നടത്തുകയും ഭൂമിയുടെ നഷ്ടപരിഹാര വില നിശ്ചയിക്കുകയും ചെയ്തു. അന്തിമവിലയുടെ അടിസ്ഥാനത്തിൽ 15 ഭൂവുടമകളിൽ നിന്നും 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കരാറുണ്ടാക്കുകയും, ഭൂമി വിലയുടെ 50% തുകയായ 8.26 കോടി രൂപ ഭൂവുടമകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഡി.എൽ.പി.സി. മുന്നോട്ട് വച്ച ഭൂമി നിരക്കിനെ എസ്.എൽ.ഇ.സി. അംഗീകരിച്ചു. ഇവ കൂടാതെ മൂന്ന് വിഭാഗങ്ങളിലുള്ള ഭൂമിയുടെ നിരക്കുകൾ ഡി.എൽ.പി.സി. അന്തിമമായി തീരുമാനിക്കുകയും, എസ്.എൽ.ഇ.സി.-യിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) സ്വകാര്യ വ്യക്തികൾക്ക് സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ചാർജ്ജും സ്റ്റാമ്പ് ഡ്യൂട്ടിയും ഇളവ് ചെയ്യണമെന്ന് കെ.എസ്.ഐ.ഡി.സി. സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ ഇങ്ങനെ ഇളവ് അനുവദിക്കേണ്ടി വരുകയാണെങ്കിൽ സർക്കാരിന് 9.54 കോടി രൂപ റവന്യൂ നഷ്ടമുണ്ടാകുമെന്ന് നികുതി വകുപ്പ് അഭിപ്രായപ്പെട്ടതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജ്ജിലും ഇളവ് അനുവദിക്കുകയുണ്ടായില്ല.

**പാറഖനനം**

136 (466) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പാറഖനനം നടത്തുന്ന കാര്യം പരിശോധിക്കുമോ;

(ബി) പാറഖനനം നടത്തുന്ന സ്ഥലങ്ങളിൽ പ്രദേശവാസികളുടെ ജീവനും സ്വത്തിനും ആവശ്യമായ സുരക്ഷ നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) പാറഖനനത്തിന്റെ ഫലമായുണ്ടാകുന്ന കുഴികളിൽ വീണ് നിരവധിപേർ മരണമടയുന്ന കാര്യം പരിശോധിക്കുമോ; ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ മരണമടഞ്ഞവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത്തരം മരണങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് മൈനിങ് & ജിയോളജി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനധികൃത ഖനനത്തിനെതിരെ സ്ഥല പരിശോധന നടത്തി 2015 -ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) പാറഖനനം നടത്തുന്ന സ്ഥലങ്ങളിൽ പ്രദേശവാസികളുടെ ജീവനും സ്വത്തിനും മതിയായ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നിയമപ്രകാരമുള്ള അനുമതികൾ ലഭ്യമാക്കിയതിനുശേഷമാണ് കെ.എം.എം.സി. ചട്ടപ്രകാരം ഖനനാനുമതി നൽകുന്നത്.

(സി&ഡി) പാറഖനനത്തിന്റെ ഫലമായുണ്ടാകുന്ന കുഴികളിൽ വീണ് ആളുകൾ മരണമടയുന്നത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് മുമ്പ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ഉപയോഗശൂന്യവുമായ ക്വാറികളുടെ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി ജില്ലാ കളക്ടർമാരുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ള ക്വാറി സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ക്വാറികൾക്ക് ചുറ്റും സംരക്ഷണ ഭിത്തി/ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, അപകട സാദ്ധ്യതയുള്ള ക്വാറികളുടെ സമീപം അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ക്വാറി ഉടമകൾക്ക് ജില്ലാ ജിയോളജിസ്റ്റ് മുഖാന്തരം നിർദ്ദേശം നൽകിയിട്ടുമുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് പാറ ഖനനത്തിന്റെ ഫലമായുണ്ടാകുന്ന കുഴികളിൽ വീണ് മരണമടഞ്ഞവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കോട്ടയം | - | 4 |
| എറണാകുളം | - | 2 |
| മലപ്പുറം | - | 1 |
| കണ്ണൂർ | - | 2 |

**പാറമടകൾ ഉപയോഗപ്രദമാക്കാൻ പദ്ധതി**

137 (467) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകദേശം എത്ര പാറമടകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ബി) പാറമടകളിലെ വെള്ളം ഉപയോഗിക്കുന്നതിനും ജലസംഭരണികളായി സംരക്ഷിക്കുന്നതിനും ജലവിഭവവകുപ്പുമായി ചേർന്ന് ഏതെങ്കിലും തരത്തിലുള്ള പദ്ധതി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ആലോചിക്കുന്നുണ്ടോ;

(സി) പാറമടകളെ പ്രയോജനപ്പെടുത്തി മത്സ്യകൃഷിയ്ക്കും ജലവിതരണത്തിനും ഉപകാരപ്രദമായ മറ്റ് കാര്യങ്ങൾക്കും ഉപയോഗിക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഏകദേശം 600 പാറമടകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) പാറമടകളിലെ ജലം സംരക്ഷിച്ച് മത്സ്യകൃഷിയ്ക്കും ജലവിതരണത്തിനും ഉപയോഗപ്പെടുത്തുന്നതിന്റെ സാദ്ധ്യതയെപ്പറ്റി സർക്കാർ പരിശോധന നടത്തുന്നതാണ്.

**ഉദുമ സ്പിന്നിംഗ് മിൽ**

138 (468) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ അനുവദിച്ചതും നിർമ്മാണം പൂർത്തീകരിച്ചതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനമായ ഉദുമ സ്പിന്നിംഗ് മിൽ എപ്പോൾ പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കാമോ; കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി ഈ സ്ഥാപനത്തിന് എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ഉദുമ ടെക്സ്റ്റൈൽ മില്ലിന് ആകെ 942.92 ലക്ഷം രൂപയുടെ ധനസഹായമാണ് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യ ഗഡുവായ 160 ലക്ഷം രൂപ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ബാക്കി തുകയായ 782.92 ലക്ഷം രൂപ ടെക്സ്റ്റൈൽ കോർപ്പറേഷന് ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. പ്രസ്തുത തുക ലഭ്യമായി മൂന്നുമാസത്തിനകം മില്ലിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ തുടങ്ങുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സൗജന്യ കൈത്തറി യൂണിഫോം**

139 (469) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്രാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഈ അദ്ധ്യയനവർഷത്തിൽ സൗജന്യമായി കൈത്തറി യൂണിഫോം വിതരണം ചെയ്തത് എന്ന് അറിയിക്കുമോ;

(ബി) ഇതുവഴി കൈത്തറി വ്യവസായ മേഖലയ്ക്ക് എത്രകോടി രൂപയുടെ നേട്ടമാണുണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(സി) കൈത്തറി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഇത് സഹായകമായിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെയുള്ള 2718 സർക്കാർ സ്കൂളുകളിലെ ഏകദേശം 2,20,148 കുട്ടികൾക്കാണ് 2 ജോടി വീതം സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം 2017-18 അദ്ധ്യയന വർഷം വിതരണം ചെയ്തത്.

(ബി) കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ സർക്കാർ നടപ്പിലാക്കിയ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതു മുതൽ ഇതുവരെ ഏകദേശം 63 കോടി രൂപയോളം ചെലവഴിച്ചു. ഇതിൽ ഏകദേശം 35 കോടിയിൽപ്പരം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്.

(സി) കൈത്തറി മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്തു തൊഴിലാളികൾക്ക് ഒരു സ്ഥിര വരുമാനം ലഭ്യമാക്കുകയും, കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുകയും ചെയ്തു. കൂടുതൽ തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിനും പുതിയതായി കൊണ്ടുവരുന്നതിനും സാധിച്ചു. ഏകദേശം 3600-ഓളം നെയ്ത്തുകാരും അതിന്റെ ഇരട്ടിയോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമാകുകയും ചെയ്തു. പൂട്ടിക്കിടന്നിരുന്ന പല നെയ്ത്തുശാലകളിലെ തറികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും, തറികൾക്കുള്ള അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം നൽകുകയും ചെയ്തു. കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് ഈ പദ്ധതിമൂലം ഉണ്ടാക്കുകയും ചെയ്തു. തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിലും കൂടുതൽ കൂലിയും ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കൂടാതെ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നും യൂണിഫോമിനാവശ്യമായ നൂലുകൾ വാങ്ങുന്നതിനും അതുവഴി സ്പിന്നിംഗ് മില്ലുകളേയും മിൽ തൊഴിലാളികളേയും സജീവമാക്കാനും കഴിഞ്ഞു. കൂടാതെ കൈത്തറി മേഖലയ്ക്ക് ആകെ സഹായകരമായ വിധത്തിൽ കൈത്തറി തുണികൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

## കോമൺ ഫെസിലിറ്റി സെന്റർ ഫോർ ഹാൻവീവ് ആന്റ് ഡെക്കൊറേറ്റീവ് ഓർണമെന്റ്

140 (470) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിൽ ഖാദിബോർഡിന് കീഴിലുള്ള സ്ഥലത്ത് കോമൺ ഫെസിലിറ്റി സെന്റർ ഫോർ ഹാൻവീവ് ആന്റ് ഡെക്കോറേറ്റീവ് ഓർണമെന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിൽ ഖാദി ബോർഡിന് കീഴിലുള്ള സ്ഥലത്ത് കോമൺ ഫെസിലിറ്റി സെന്റർ ഫോർ ഹാൻവീവ് ആന്റ് ഡെക്കോറേറ്റീവ് ഓർണമെന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കാട്ടാക്കട നിയോജകമണ്ഡലം എം.എൽ.എ. സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പ്രായോഗികത വിലയിരുത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

## ഖാദി ബോർഡ് മലപ്പുറം ജില്ലാ ആസ്ഥാനം

141 (471) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ ഖാദി ബോർഡിന്റെ കേന്ദ്ര ആസ്ഥാനമായി പ്രവർത്തിക്കുന്നതിന് ബോർഡിന് ജില്ലയിൽ സ്വന്തമായി കെട്ടിടം ഉണ്ടോ, ഇല്ലെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

ഉത്തരം

മലപ്പുറം ജില്ലയിലെ ഖാദിബോർഡിന്റെ കേന്ദ്ര ആസ്ഥാനമായി പ്രവർത്തിക്കുന്നതിന് ബോർഡിന് ജില്ലയിൽ സ്വന്തമായി കെട്ടിടം ഇല്ല. എന്നാൽ മലപ്പുറം ജില്ലയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി മലപ്പുറത്ത് (മിഡിൽ ഹിൽ) ഖാദി ബോർഡ് 6.87 ആർ ഭൂമി വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി മലപ്പുറം മുനിസിപ്പാലിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ തുക ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കാട്ടാക്കടയിലെ ഖാദി ഉത്പാദന കേന്ദ്രം

142 (472) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ അമ്പലത്തിൻകാല ഖാദി ഉത്പാദന കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണത്തിനും സിൽക്ക് നെയ്ത്ത് ആരംഭിക്കുന്നതിനുമുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടി വേഗത്തിലാക്കാമോ?

ഉത്തരം

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ അമ്പലത്തിൻകാല ഖാദി ഉത്പാദന കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണത്തിനും സിൽക്ക് നെയ്ത്ത് ആരംഭിക്കുന്നതിനുമുള്ള നിർദ്ദേശം ഖാദി ബോർഡ് പരിശോധിച്ച് വരികയാണ്. പ്രായോഗികമെങ്കിൽ 2018-19 വർഷത്തെ ബജറ്റിൽ നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി മേൽ പദ്ധതി പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## സ്കൂൾ വിദ്യാർത്ഥികൾക്ക് മികച്ച കായിക പരിശീലനം

143 (473) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാലയങ്ങളിൽ വലിയൊരു പങ്കും മികച്ച കളി സ്ഥലങ്ങൾ ഇല്ലാതെ ബുദ്ധിമുട്ടുന്നത് കായിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലെങ്കിലും കായിക വകുപ്പിന്റെ നേതൃത്വത്തിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) മേൽസൂചിപ്പിച്ച പ്രകാരം സർക്കാർ വിദ്യാലയങ്ങളിൽ വിവിധ കായിക പരിശീലനത്തിന് ഉതകുന്നവിധം സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്ക് കൂടുതൽ മികച്ച കായിക പരിശീലനം കായിക വകുപ്പിന്റെ കീഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. പറളി, മേപ്പയൂർ, ഫറോക്ക് ഗണപത് സ്കൂളുകളിൽ പ്രത്യേക നിക്ഷേപ പദ്ധതി (കിഫ്ബി) യിൽ ഉൾപ്പെടുത്തി മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ വിവിധ സ്കീമുകൾ മുഖേന കൗൺസിൽ പരിശീലകരുടെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശീലനം നൽകിവരുന്നുണ്ട്.

## കായിക വകുപ്പിന്റെ പദ്ധതികൾ

144 (474) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കായിക വകുപ്പ് എന്തൊക്കെ പദ്ധതികൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിയും ഏതാണെന്നും ഓരോ പദ്ധതിക്കും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ കായിക മേഖലയുടെ പുരോഗതിക്കായി വകുപ്പ് എന്തൊക്കെ ഫണ്ടുകൾ ആണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കായിക വകുപ്പ് മുഖേന വിവിധ പദ്ധതികൾക്കായി അനുവദിച്ച ഫണ്ടുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) 2018-19 വർഷത്തേക്ക് വകുപ്പ് തിരിച്ച് വകയിരുത്താൻ ഉദ്ദേശിക്കുന്ന വിഹിതം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതംരൂപ (ലക്ഷത്തിൽ) |
|---|---|---|
| 1 | 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ചുള്ള വാർഷികാടിസ്ഥാന (ആന്യൂറ്റി) പദ്ധതി | 1 |
| 2 | കായിക യുവജനകാര്യ ഡയറക്ടറേറ്റ് | 6999 |
| 3 | കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം | 4210 |

<u>കായിക യുവജനകാര്യ ഡയറക്ടറേറ്റ്</u>

- വീക്ഷണ രേഖ, സഹായം, പ്രചരണം, സാങ്കേതിക വിദ്യയുടെ ഏകീകരണം - 100 ലക്ഷം
- സ്പോർട്സ് മെഡിസിൻ സെന്റർ - 40 ലക്ഷം
- പ്രത്യേക പ്രോജക്ടുകൾ - 370 ലക്ഷം
- കായിക വിനോദങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ - 1500 ലക്ഷം
- വിവിധോദ്ദേശ വിനോദങ്ങൾക്കായുള്ള കളിസ്ഥലം - 315 ലക്ഷം
- സാമൂഹ്യ കായിക വിനോദങ്ങളും ഹെൽത്ത് പാർക്കുകളും - 200 ലക്ഷം
- കായിക വികസന ഫണ്ട് - 1550 ലക്ഷം
- മികവിന്റെ കേന്ദ്രം (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ്) - 130 ലക്ഷം
- കായിക ഭവൻ - 372 ലക്ഷം
- സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗ് - 60 ലക്ഷം
- മൂന്നാറിലെ ഹൈ ആൾട്ടിട്യൂട് ട്രെയിനിംഗ് സെന്റർ - 200 ലക്ഷം
- തിരുവനന്തപുരത്തെ ജി.വി.രാജാ സ്പോർട്സ് സ്കൂളും കണ്ണൂരിലെ സ്പോർട്സ് ഡിവിഷനും - 2162 ലക്ഷം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ**

- കേന്ദ്രീകൃത സ്കൂൾ-കോളേജ് സ്പോർട്സ് ഹോസ്റ്റൽ -1800 ലക്ഷം
- സംസ്ഥാന കായിക സംഘടനകൾക്കുള്ള ധനസഹായം -330 ലക്ഷം
- സ്പോർട്സ് യൂണിഫോം, ട്രാക് സ്യൂട്ട്, സ്പോർട്സ് ഉപകരണങ്ങൾ, സ്പോർട്സ് സാമഗ്രികൾ - 220 ലക്ഷം
- ഖേലോ ഇന്ത്യ മത്സരങ്ങൾ, ദേശീയ മത്സരാർത്ഥികൾ, ദേശീയ മത്സര കിറ്റ്- 30 ലക്ഷം
- മികവിന്റെ കേന്ദ്രം, (മിടുക്കൻമാർക്കുള്ള പരിശീലന കേന്ദ്രം) - 158.80 ലക്ഷം
- മാതൃക കായിക വിദ്യാലയം - 100 ലക്ഷം
- കായികക്ഷമതാ പദ്ധതി - 200 ലക്ഷം
- മികച്ച കായിക താരങ്ങൾക്ക് സ്കോളർഷിപ്പ് - 25 ലക്ഷം
- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ/ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസുകളുടെയും നിലവിലുള്ള ഹോസ്റ്റലുകളുടെയും നിലവാരമുയർത്തുക -150 ലക്ഷം
- ഓപ്പറേഷൻ ഒളിമ്പ്യ 2020-2024 – 500 ലക്ഷം
- ജല കായിക മന്ദിരം & ജല കായിക പരിശീലനം -11 ലക്ഷം
- സ്പോർട്സ് കൗൺസിൽ അവാർഡ് -30 ലക്ഷം
- സ്പോർട്സ് ഇൻഫർമേഷൻ സംവിധാനം - 50 ലക്ഷം
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, കായിക അസോസിയേഷനുകൾ, പഞ്ചായത്ത് ഗ്രാമീണ കായിക കേന്ദ്രം, കേരള മാരത്തോൺ, ജില്ലാതല സ്പോർട്സ് കൗൺസിൽ മത്സരങ്ങൾ, ടൂർണമെന്റുകൾ തുടങ്ങി ഇതര പരിപാടികൾക്കുള്ള ധനസഹായം -455.20 ലക്ഷം
- എല്ലാവർക്കും "യോഗ" -150 ലക്ഷം

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

145 (475) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക താരങ്ങളുടെ മികവ് വർദ്ധിപ്പിക്കുന്നതിനായി കേരള സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം കായികയിനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പരിശീലനത്തിന് കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിന് സ്പോർട്സ് കൗൺസിൽ എന്തെല്ലാം നിബന്ധനകളാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ഡി) ഓപ്പറേഷൻ ഒളിമ്പ്യയുടെ പരിശീലകരെയും, വെന്യൂ അസിസ്റ്റന്റുമാരെയും നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതി.

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. 11 കായിക ഇനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

2018 ഏപ്രിൽ 1-ന് പരിശീലന പരിപാടികൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി.

(സി) അന്തർദ്ദേശീയ, ദേശീയ, സംസ്ഥാന മത്സരങ്ങളിലെ പ്രകടനങ്ങളുടെ അടിസ്ഥാനത്തിലും കായികക്ഷമതയുടെ അടിസ്ഥാനത്തിലും അതാത് കായിക അസോസിയേഷനുകൾ മുഖേനയാണ് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത്.

(ഡി) മുൻ അന്തർദ്ദേശീയ താരങ്ങളെയും, അന്തർദ്ദേശീയ, ദേശീയ, സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന പരിശീലകരെയുമാണ് ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൻ കീഴിൽ പരിശീലകരായി പരിഗണിക്കുന്നത്.

കായിക രംഗത്ത് കുറഞ്ഞത് 2 വർഷം പ്രവൃത്തി പരിചയമുള്ള ബിരുധാരികളെയാണ് റെവന്യൂ അസിസ്റ്റന്റായി പരിഗണിക്കുന്നത്.

**സ്പോർട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

146 (476) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്പോർട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയും ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് സ്പോർട്സുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കായിക യുവജനകാര്യ ഡയറക്ടറേറ്റും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും മുഖേനയാണ് സംസ്ഥാനത്ത് സ്പോർട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കായിക യുവജനകാര്യ ഡയറക്ടറേറ്റ് മുഖേന ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തുമായി നടത്തിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക (ജില്ലാതലത്തിൽ) സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -1 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വഴി പ്രധാനമായും, സംസ്ഥാനത്തെ കായികാടിസ്ഥാനത്തിൽ കളിസ്ഥല വികസനത്തിനായി വിവിധ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും ധനസഹായവും, സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകൾ, ഡെ ബോർഡിംഗ് സെന്ററുകൾ, മികച്ച കായിക താരങ്ങൾക്കുള്ള ധനസഹായം, അംഗീകൃത കായിക അസോസിയേഷനുകൾ നടത്തുന്ന സംസ്ഥാന-ദേശീയ/അന്തർദ്ദേശീയ ചാമ്പ്യൻഷിപ്പുകൾക്കുള്ള ഗ്രാന്റ്/ സ്പെഷ്യൽ ഗ്രാന്റ്, കായിക ഉപകരണങ്ങളും, സ്പോർട്സ് കിറ്റും വാങ്ങൽ, അവശ കായിക പെൻഷൻ, പഞ്ചായത്ത്/ജില്ലാ/സംസ്ഥാനതല കായിക മത്സരങ്ങൾ സംഘടിപ്പിക്കൽ, സ്പോർട്സുമായി ബന്ധപ്പെട്ട വിവിധ അവാർഡുകളുടെ വിതരണം, അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്ന വിവിധ പദ്ധതികളായ എലൈറ്റ് സ്കീം, ഹൈ ആൾട്ടിട്യൂഡ് ട്രെയിനിംഗ് സെന്റർ എന്നിവയ്ക്കുള്ള ധനസഹായം എന്നിവയ്ക്കാണ് പ്രധാനമായും തുക ചെലവഴിക്കുന്നത്. ആയതിനാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ചെലവഴിച്ച തുക സംബന്ധിച്ച വിവരം ജില്ലതിരിച്ച് ക്രോഡീകരിക്കുന്നത് പ്രായോഗികമല്ല. മുൻ സർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലയളവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആകെ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**കായിക നയം**

147 (477) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ കായിക നയം രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്. കേരളത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനവും നേട്ടങ്ങളും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ കായിക നയം രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച ഒളിമ്പ്യന്മാർ, അർജ്ജുന അവാർഡ് ജേതാക്കൾ, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ എന്നിവർ പങ്കെടുത്ത ആദ്യ ശിൽപശാല 15-2-2018 ന് സംഘടിപ്പിച്ചിരുന്നു. കായിക മേഖലയിലെ വിദഗ്ദ്ധരേയും വിവിധ കായിക അസോസിയേഷനുകളുടെ പ്രതിനിധികളെയും മറ്റും ഉൾപ്പെടുത്തി വീണ്ടും ശിൽപ്പശാല സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ശില്പശാലകളിൽ ഉടലെടുക്കുന്ന ആശയങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ചതിനുശേഷം കായിക നയത്തിന് അന്തിമരൂപം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ

148 (478) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രഖ്യാപിച്ച,14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലെയും പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ പദ്ധതിക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ഇല്ലയോ എന്നും, ഏതെല്ലാം പദ്ധതികൾ ടെണ്ടർ ചെയ്തുവെന്നും, എതെല്ലാം പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചുവെന്നതും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 2016-17 സാമ്പത്തിക വർഷം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 8 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 3 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 3 സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കായിക വകുപ്പിന്റെ എസ്.പി.വി. ആയ കിറ്റ്കോ സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ സ്റ്റേഡിയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണം

149 (479) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇ.എം.എസ്. സ്റ്റേഡിയത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണം 2018 ഏപ്രിൽ മാസത്തോടെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 400 മീറ്റർ 6 ലൈൻ സിന്തറ്റിക് ട്രാക്ക്, നാച്ചുറൽ ഫുട്ബോൾ ടർഫ്, ഔട്ട്ഡോർ സിന്തറ്റിക് ബാസ്കറ്റ് ബോൾ ആന്റ് വോളിബോൾ കോർട്ട്, പവലിയൻ ബിൽഡിംഗ്, സ്വിമ്മിംഗ് പൂൾ എന്നീ സൗകര്യങ്ങളാണ് ഇ.എം.എസ്. സ്റ്റേഡിയത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.

### മാവേലിക്കര നിയോജകമണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് സ്റ്റേഡിയം

150 (480) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് സ്റ്റേഡിയം നിരവധി ഫുട്ബോൾ പ്രതിഭകളെ സൃഷ്ടിക്കുന്ന ഗ്രൗണ്ടാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗ്രൗണ്ട് നവീകരിക്കുന്നതിനായി തുക അനുവദിക്കുമോ; നിയോജകമണ്ഡലത്തിലെ പ്രധാന സ്റ്റേഡിയത്തിലൊന്നായി ഇതിനെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. നടപ്പുസാമ്പത്തിക വർഷം പരിഗണനയിലില്ല.

### അരീക്കോട് ഫുട്ബോൾ സ്റ്റേഡിയം

151 (481) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ഒന്നാം ഘട്ടം പണി പൂർത്തിയാക്കിയ അരീക്കോട് ഫുട്ബോൾ സ്റ്റേഡിയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 25-1-2016-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ.5/2016/കാ.യു.വ പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) ടെണ്ടർ നടപടികൾ പൂർത്തികരിച്ചിട്ടില്ല.

(സി) ടെണ്ടർ നടപടികൾ ചോദ്യം ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതിയിൽ WP(C)No.41362/(1) നമ്പർ കേസ് നിലവിലുണ്ട്. കേസ്സിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നവീകരണം**

152 (482) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ കാട്ടാക്കട, മാറനല്ലൂർ, പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്ത് സ്റ്റേഡിയങ്ങൾ നവീകരിക്കുന്നത് സംബന്ധിച്ച അപേക്ഷയിന്മേൽ (24-4-17-ലെ No.266/VIP/M/Inds,S&YA) എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**പഞ്ചായത്തുകളിലെ കളിക്കളം പദ്ധതി**

153 (483) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രഖ്യാപിച്ച 'പഞ്ചായത്തുകളിലെ കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഏതെല്ലാം മിനിസ്റ്റേഡിയം/ ഇൻഡോർ സ്റ്റേഡിയങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചുവെന്നും ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച ഏതെല്ലാം പദ്ധതികൾ പ്രവൃത്തി ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടും ഭരണാനുമതി ലഭിക്കാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 19 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 15 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ സ്റ്റേഡിയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകിയിട്ടുണ്ട്.

**കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം**

154 (484) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്ത് മികവ് തെളിയിച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിലും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി നൽകുന്നതിന് ഈ സർക്കാർ തീരുമാനിക്കുകയുണ്ടായോ;

(ബി) ഇതു സംബന്ധിച്ച് മന്ത്രിസഭാ യോഗം തീരുമാനമെടുക്കുകയുണ്ടായോ;

(സി) എങ്കിൽ ഏതു ദിവസത്തെ മന്ത്രിസഭാ യോഗമാണ് പ്രസ്തുത തീരുമാനമെടുത്തത്;

(ഡി) പ്രസ്തുത തീരുമാനമനുസരിച്ച് എത്ര കായിക താരങ്ങളുടെ നിയമനത്തിനാണ് അനുമതി നൽകിയത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഇവർ ആരെല്ലാമാണെന്നും ഏതൊക്കെ കായിക വിഭാഗത്തിലുൾപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ;

(എഫ്) ഇവരിൽ ആർക്കെല്ലാം നിയമന ഉത്തരവ് നൽകിയെന്നും ആരെല്ലാം ജോലിയിൽ പ്രവേശിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) മുൻ സർക്കാരിന്റെ കാലയളവിലുള്ള മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) സർക്കാർ സർവ്വീസിൽ നിയമനം നൽകിയ 72 കായിക താരങ്ങളിൽ ആരെല്ലാം ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നുള്ള വിവരങ്ങൾ വകുപ്പ് അദ്ധ്യക്ഷന്മാരിൽ നിന്നും ശേഖരിച്ചുവരുന്നു.

**സ്പോർട്സിൽ മികവ് പുലർത്തുന്നവർക്ക് തൊഴിലവസരങ്ങൾ**

155 (485) <u>ശ്രീ. എ. എം. ആരിഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സിൽ മികവ് പുലർത്തുന്നവർക്ക് സർക്കാർ മേഖലയിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിലവസരങ്ങൾ നൽകുന്നതിന്റെ ഭാഗമായി ഈ സർക്കാർ വന്നതിനുശേഷം എത്ര പേർക്ക് തൊഴിലവസരങ്ങൾ നൽകിയെന്ന് വ്യക്തമാക്കാമോ; നിലവിൽ മികച്ച വിജയം കൈവരിച്ചവരെ മാത്രമാണോ തെരഞ്ഞെടുക്കുന്നതെന്നും, മുൻകാലങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയതലത്തിൽ പങ്കെടുത്തിട്ടുള്ള കായിക താരങ്ങൾക്കും പ്രസ്തുത പരിഗണന നൽകുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രായപരിധി കവിയാത്ത കായിക താരങ്ങൾക്ക് മുൻകാല മികവുകൾ പരിഗണിച്ച് തൊഴിലവസരങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിലും കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിലായി എൽ.ഡി.ക്ലാർക്ക് തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനായി പ്രതിവർഷം 50 ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഓരോ കലണ്ടർ വർഷത്തെയും ഒഴിവുകളിലേയ്ക്ക് കായിക താരങ്ങൾ അതിന് തൊട്ടുമുൻപുള്ള രണ്ട് സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളാണ് നിയമനത്തിനായി പരിഗണിക്കുന്നത്. നിശ്ചിത കായിക നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കായിക താരങ്ങളെയാണ് നിയമനത്തിനായി തെരഞ്ഞെടുക്കുന്നത്.

(ബി) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം ഓരോ കലണ്ടർ വർഷത്തെയും ഒഴിവുകളിലേയ്ക്ക് അവർ അതിനുതൊട്ടുമുൻപുള്ള 2 സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നിലവിൽ നിയമനം നടത്തിവരുന്നത്.

## ദേവികുളം നിയോജകമണ്ഡലത്തിൽ യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ

156 (486) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ദേവികുളം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ;

<u>ഉത്തരം</u>

(എ&ബി) ദേവികുളം നിയോജകമണ്ഡലത്തിൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## കെ.എസ്.ഇ.ബി.-യുടെ ആധുനികവത്കരണം

157(487) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തന രീതിയിൽ എന്തെല്ലാം ആധുനികവത്കരണങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) പ്രസരണ നഷ്ടം തടയാനും വൈദ്യുതി മോഷണം തടയാനും ഈ സർക്കാർ വന്ന ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്തിന് പുറത്തുനിന്നു വൈദ്യുതി വാങ്ങുന്നതിന്റെയും വിൽക്കുന്നതിന്റെയും നിരക്കുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ ; വിലകൊടുത്തും, മുല്ലപ്പെരിയാറിൽ നിന്നും നൽകുന്ന ജലത്തിന് പകരമായും, തമിഴ്നാട്ടിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രസരണ മേഖലയിൽ കെ.എസ്.ഇ.ബി. നടത്തിയിട്ടുള്ള ആധുനികവൽക്കരണത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

1. പ്രസരണ ശൃംഖലയിലുള്ള ആസ്തികൾ (സബ് സ്റ്റേഷനുകൾ, ലൈനുകൾ തുടങ്ങിയവ) മുഴുവനും ജി.ഐ.എസ്. അധിഷ്ഠിത മാപ്പിംഗ് നടത്തുകയുണ്ടായി.

2. വെബ് അടിസ്ഥാനമാക്കിയുള്ള അസ്സെറ്റ് മാനേജ്മെന്റ് സിസ്റ്റം പ്രസരണ മേഖലയിൽ കൊണ്ടുവന്നു. സബ്സ്റ്റേഷനുകളിലെ ദിനം പ്രതിയുള്ള ഡേറ്റാ വെബ് അടിസ്ഥാനപ്പെടുത്തിയുള്ള പ്ലാറ്റ് ഫോമിൽ ലഭ്യമാക്കി.

3. നിലവിലുള്ള പ്രസരണ ലൈനുകളുടെ കണ്ടക്ടറുകൾക്ക് പകരം ആധുനികമായ HTLS കണ്ടക്ടറുകൾ സ്ഥാപിച്ച് കൂടുതൽ പവർ പ്രസരണം നടത്തുന്നതിനുള്ള ശേഷി ഉണ്ടാക്കിയെടുക്കുവാൻ തുടക്കമിട്ടു.

4. വ്യത്യസ്ത വോൾട്ടതയുള്ള പ്രസരണ ലൈനുകൾ ആധുനിക ടവർ സംവിധാനം വഴി (മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ്, MCMV) നിലവിലുള്ള RoW(റൈറ്റ് ഓഫ് വേ) വഴി സ്ഥാപിക്കുന്നതിന് തുടങ്ങി.

5. 220 കെ.വി. ലൈനുകളുടെ നിലവിലുള്ള RoW ഉപയോഗിച്ച് 400/200 കെ.വി. ലൈനുകൾ MCMV ടവർ വഴി വലിക്കുക.

6. 110 കെ.വി.-യുടെ RoW ഉപയോഗിച്ച് P10KV/220KV ലൈനുകൾ MCMV ടവറുകൾ വഴി വലിക്കുക.

7. മോണോ പോളുകൾ, ഇൻസുലേറ്റഡ് ക്രോസ് ആമുകൾ എന്നിവ 66 കെ.വി. ലൈനുകളെ 110 കെ.വി. ആക്കുന്നതിനായി പ്രയോജനപ്പെടുത്തുക.

8. ആധുനികവത്കരണത്തിന്റെ ഭാഗമായി പ്രസരണ മേഖലയിൽ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ, ഹൈബ്രിഡ് ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിച്ചുവരുന്നു.

9. ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതിനായി മോണോ പോളുകൾ, വീതികുറഞ്ഞ നാരോ ബെയ്സ്ഡ് ടവറുകൾ എന്നിവയും, കപ്പാസിറ്റി കൂടിയ ന്യൂ ജനറേഷൻ കണ്ടക്ടറുകളും, പോളിമർ ഇൻസുലേറ്ററുകളും ഉപയോഗിക്കുന്നുണ്ട്.

10. തെർമൽ ഇമേജറും, LIDAR -ഉം ഘടിപ്പിച്ചിട്ടുള്ള ഡ്രോണുകൾ ഉപയോഗിച്ച് ട്രാൻസ്മിഷൻ ലൈൻ കോറിഡോറുകളുടെ പരിശോധനകൾ നടത്തുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ഇത്തരമൊരു സംവിധാനം ആദ്യമായി നടപ്പിലാക്കുന്ന സംസ്ഥാനം കേരളമാണ്.

വിതരണ മേഖലയിൽ, ശൃംഖലാ വികസനത്തിന് മുന്നോടിയായി ജി.ഐ.എസ്. അധിഷ്ഠിത രേഖാചിത്രം മൊബൈൽ ഫോണിലെ ജി.ഐ.എസ്. സംവിധാനം ഉപയോഗിച്ച് 11 കെ.വി. ലൈനുകളുടെയും വിതരണ ട്രാൻസ്ഫോർമറുകളുടെയും തയ്യാറാക്കി വരുന്നു.

വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലെയും എൽ.റ്റി. ഉപഭോക്താക്കളുടെ ബില്ലിംഗ്, കളക്ഷൻ, അക്കൗണ്ടിംഗ് എന്നിവ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെ ബില്ലിംഗ്, കളക്ഷൻ, അക്കൗണ്ടിംഗ് എന്നിവയും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു.

2. എല്ലാ എൽ.റ്റി. വൈദ്യുതി ഉപഭോക്താക്കൾക്കും ഏതൊരു സെക്ഷൻ ഓഫീസിൽ നിന്നും ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം, ഇന്റർനെറ്റ് വഴി വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിനുള്ള സൗകര്യം മുതലായവ ലഭ്യമാക്കി.

3. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിംഗിലൂടെയും വിസ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

4. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

5. കെ.എസ്.ഇ.ബി.എൽ.-ന്റെ മുഴുവൻ അക്കൗണ്ടിംഗ് സംവിധാനവും SARAS സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസ് മുതൽ കോർപ്പറേറ്റ് ഓഫീസ് വരെ എല്ലാ അക്കൗണ്ടിംഗും ഇതുവഴിയാണ് ചെയ്യുന്നത്.

6. മാനവ ശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന നടപ്പിലാക്കി.

7. മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.

8. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജിത ഊർജ്ജ വികസന നവീകരണ പദ്ധതിയുടെ (ആർ.എ.പി.ഡി.ആർ.പി.)പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ്

ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കി.

9. ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. ടോൾ ഫ്രീ നമ്പരായ 1912 അല്ലെങ്കിൽ 0471-2555544 എന്ന ടെലഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും.

10. ഇ -ടെണ്ടർ സംവിധാനം മുഖേന 5 ലക്ഷം വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.

11. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇപ്പോൾ 28-ഓളം ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്.

12. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി നടപ്പിലാക്കി.

13. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത്' പദ്ധതി നടപ്പിലാക്കി.

14. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

15. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്നും ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം നടപ്പിലാക്കി.

16. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തി.

17. പേ.റ്റി.എം.(പേ ത്രൂ മൊബൈൽ) എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

18. അപ്ന സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

19. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

20. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പ്പോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമാനെറ്റ് ബില്ലിംഗ് സോഫ്റ്റ് വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

21. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി. -യിലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

22. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിച്ചു.

(ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ബോർഡ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ നവീകരണം, വോൾട്ടത വർദ്ധിപ്പിക്കൽ, ശേഷി വർദ്ധിപ്പിക്കൽ, പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ/വോൾട്ടത വർദ്ധിപ്പിക്കൽ, വാഹകശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി ശേഷി കൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പ്രസരണ നഷ്ടം കുറച്ച്, പ്രസരണ മേഖല മെച്ചപ്പെടുത്തുന്നതിനും, പ്രസരണശേഷി ഉയർത്തുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി വഴി നിലവിലുള്ള 110 കെ. വി. സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുകയും, പുതിയ 400 കെ.വി, 220 കെ.വി. സബ്സ്റ്റേഷനുകളും 400/220/110 കെ.വി. ലൈനുകളും നിർമ്മിക്കുകയും ചെയ്യുന്നു.

വിതരണ മേഖലയിലെ സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു. കൂടുതൽ എച്ച്.റ്റി. ലൈനുകളുടെ നിർമ്മാണം, സിംഗിൾ ഫേസ് ലൈനുകളെ ത്രീ ഫേസ് ലൈനുകളാക്കുക.

പ്രതിരോധം കൂടിയ കണ്ടക്ടറുകൾ മാറ്റി പ്രതിരോധം കുറഞ്ഞ കണ്ടക്ടറുകൾ എച്ച്.റ്റി.ലൈനിലും എൽ.റ്റി. ലൈനിലും സ്ഥാപിക്കുക.

കേടായ മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുക. HVDS സംവിധാനം വ്യാപിപ്പിക്കുക തുടങ്ങിയവ. ഇപ്പോഴുള്ള വൈദ്യുത നഷ്ടം ഡിവിഷൻ തലത്തിൽ കണക്കാക്കുന്നതിനും അതനുസരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനും ബോർഡർ മീറ്ററുകൾ സ്ഥാപിച്ച് ഡിവിഷനുകളെ റിംഗ് ഫെൻസിംഗ് ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഓരോ ട്രാൻസ്ഫോർമറുകളുടെയും പരിധിയിൽ വരുന്ന വിതരണനഷ്ടം കണക്കാക്കുന്നതിനായി ട്രാൻസ്ഫോർമറുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു.

സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയാൻ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ അവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പതിവ് ഇൻസ്പെക്ഷനുപുറമെ എല്ലാമാസവും 3 മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും നടത്തുന്നു. സംസ്ഥാനത്ത് വൈദ്യുതി മോഷണം നടക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ നടപടികൾ എടുക്കാറുണ്ട്. കേരളത്തിലെ 14 ജില്ലകളിലും എ.പി.റ്റി.എസ്.-ന്റെ പ്രത്യേകം സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. വൈദ്യുതി മോഷണം നടക്കുന്നതായി പരാതി ലഭിക്കുമ്പോൾ അതാത് ജില്ലയിലെ യൂണിറ്റുകൾ ആ പരാതികളിന്മേൽ ബന്ധപ്പെട്ട ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും പരിശോധിക്കുകയും വൈദ്യുതി മോഷണമോ മറ്റ് ക്രമക്കേടുകളോ കണ്ടെത്തിയാൽ ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം പിഴയും ക്രിമിനൽ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് കോമ്പൗണ്ടിംഗ് ഫീസും ഈടാക്കുന്നു. ഇതുകൂടാതെ ചീഫ് വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിലും, എ.പി.റ്റി.എസ്. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലും നേരിട്ട് പരാതികൾ ലഭിക്കാറുണ്ട്. ഈ പരാതികളും അതത് ജില്ലകളിലെ എ.പി.റ്റി.എസ്. യൂണിറ്റുകൾ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. എ.റ്റി.പി.എസ്. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് ആവശ്യമായ ആധുനിക സംവിധാനങ്ങളുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

(സി) ഡിസംബർ 2017 -ൽ ലഭ്യമായ കണക്കുകൾ പ്രകാരം

(a) കേന്ദ്ര പൂളിൽ നിന്ന് വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി നിരക്ക് - Rs.3.66/Unit (KSEB Periphery) ശരാശരി ഫിക്സഡ് ചാർജ് Rs. 1.06/Unit, ശരാശരി ഇന്ധന ചാർജ് Rs.2.60/Unit.

(b) ദീർഘകാല കരാറുകളുടെ അടിസ്ഥാനത്തിൽ പുറമേ നിന്ന് വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി നിരക്ക് - Rs.4.22/Unit.

(ശരാശരി ഫിക്സഡ് ചാർജ് 2.71/unit ശരാശരി ഇന്ധന ചാർജ് 1.51/Unit)

(c) പവർ എക്സ്ചേഞ്ച് മുഖേന വാങ്ങിയ വൈദ്യുതിയുടെ ശരാശരി നിരക്ക് Rs.4.11/Unit.

(d) പവർ എക്സ്ചേഞ്ചുകൾ മുഖേന വൈദ്യുതി വിൽപ്പന നടത്തിയതിന്റെ ശരാശരി നിരക്ക് Rs.3.84/Unit.

**വൈദ്യുതി പ്രതിസന്ധി**

158 (488) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം വൈദ്യുതി പ്രതിസന്ധി നേരിടുന്നുണ്ടോ;

(ബി) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി എപ്രകാരം ഉൽപ്പാദിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) സൗരോർജ്ജ പ്ലാന്റുകൾ വഴി സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ വൈദ്യുതി ആവശ്യകതക്കനുസരിച്ച് ഉൽപ്പാദനശേഷി നിലവിലില്ല എന്നത് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങി വൈദ്യുതി ലഭ്യത ഉറപ്പാക്കി പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2018 ഫെബ്രുവരി 19-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 67.76 ദശലക്ഷം യൂണിറ്റാണ്. ഇതിൽ ആഭ്യന്തര ഉൽപ്പാദനം 11.57 ദശലക്ഷം യൂണിറ്റാണ്. (ജല വൈദ്യുത നിലയങ്ങളിൽ നിന്നും 10.87 ദശലക്ഷം യൂണിറ്റും, കാറ്റാടിപ്പാടങ്ങളിൽ നിന്നും 0.1959 ദശലക്ഷം യൂണിറ്റും, സൗരോർജ്ജത്തിൽ നിന്നും 0.3063 ദശലക്ഷം

യൂണിറ്റും, കോ ജനറേഷൻ നിലയങ്ങളിൽ നിന്നും 0.1188 ദശലക്ഷം യൂണിറ്റുമാണ് ഉൽപ്പാദിപ്പിക്കുന്നത്.) ഇതിനുപുറമെ കേന്ദ്രവിഹിതമായും, ദീർഘകാല കരാറുകൾ അനുസരിച്ചും, ഡീവിയേഷൻ അക്കൗണ്ട് വഴിയും ഉപഭോക്താക്കൾ നേരിട്ട് പവർ എക്സ്ചേഞ്ചിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുമുൾപ്പെടെ ഏകദേശം 56.2 ദശലക്ഷം യൂണിറ്റ് വൈദ്യുതി കൂടി ലഭ്യമാക്കിയാണ് കേരളത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്.

സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകതയുടെ പരാമാവധി 30% വരെ മാത്രമേ ആഭ്യന്തര ഉത്പാദനത്തിലൂടെ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ. അന്യസംസ്ഥാന നിലയങ്ങളിലുള്ള നമ്മുടെ ആശ്രിതത്വം സമീപ ഭാവിയിൽ മാറുമെന്ന് കരുതാനാവില്ല. എങ്കിൽ തന്നെയും ആഭ്യന്തര സ്രോതസ്സുകളെ പരമാവധി ഉപയോഗപ്പെടുത്തുവാൻ പോന്ന പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. മുടങ്ങിക്കിടക്കുന്നതോ, മന്ദഗതിയിലുള്ളതോ ആയ പദ്ധതികളെ ത്വരിതപ്പെടുത്തുവാൻ വേണ്ട ഇടപെടലുകൾ നടത്തുന്നുണ്ട്. സോളാർ പദ്ധതികൾ ഉൾപ്പെടെയുള്ള പാരമ്പര്യേതര പദ്ധതികൾക്ക് പ്രാമുഖ്യം നൽകുന്നു.

കേരളത്തിലെ ചെറുകിട ജലവൈദ്യുത പദ്ധതി സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദനം കൂട്ടുന്നതിന് ലക്ഷ്യമിടുന്നുണ്ട്. അതിൻപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

കൂടുതൽ പദ്ധതികൾ അനുവദിക്കുന്നതിനുള്ള സാദ്ധ്യതാ പഠനങ്ങൾ എനർജി മാനേജ്മെന്റ് സെന്ററും, കെ.എസ്.ഇ.ബി.-യും ഉടൻ തന്നെ ആരംഭിക്കുന്നുണ്ട്.

(സി) വൈദ്യുതോത്പാദനത്തിന് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പദ്ധതികൾ അനെർട്ട് നടപ്പിലാക്കി വരുന്നു. കെ.എസ്.ഇ.ബി.എൽ. വഴി സർക്കാർ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതോത്പാദനം നടത്തുന്നതിന് 3 പദ്ധതികളാണ് അനെർട്ട് നടത്തിവരുന്നത്.

1. സോളാർ കണക്ട് (വൈദ്യുത ശൃംഖലാബന്ധിതം)

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗം കഴിഞ്ഞ് അധികം വരുന്നത് വൈദ്യുത വിതരണ കമ്പനികളുടെ ലൈനിലേക്ക് നൽകുന്ന പദ്ധതിയാണിത്. ഇത് ഗാർഹികവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡിയോടുകൂടിയും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് സബ്സിഡിയില്ലാതെയും നടത്തിവരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 8 മെഗാവാട്ടിൽ അധികം സ്ഥാപിതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 10 മെഗാവാട്ടിനുള്ള അനുമതി ലഭിച്ചതനുസരിച്ച് നാളിതുവരെ ഏകദേശം 2 മെഗാവാട്ട് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുവാനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടന്നുവരികയാണ്.

2. സോളാർ ഓഫ്ഗ്രിഡ് പ്രോഗ്രാം (ബാറ്ററി ബാക്ക് അപ് -ഓടുകൂടിയത്)

വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്ത പദ്ധതിയാണിത്. മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ബാറ്ററി ശേഷിയോടുകൂടി ഉപയോഗിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി 13 മെഗാവാട്ട് സ്ഥാപിതശേഷി ഇതുവരെ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 6.4 മെഗാവാട്ടാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ ഏകദേശം 4 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടപടികൾ നടന്നുവരികയാണ്.

3. RESCO (Renewable Energy Service Company) Model

വൈദ്യുത പവർ പ്ലാന്റ് മേൽക്കൂരയിൽ സ്ഥാപിച്ച് കുറഞ്ഞ നിരക്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കുവാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

ജ്യോതിസ് എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര/സംസ്ഥാന സർക്കാർ കെട്ടിടങ്ങൾക്ക് മുതൽമുടക്കില്ലാതെ SECI എംപാനൽ ചെയ്തിരിക്കുന്ന ഏജൻസികൾ മുഖേന 50 കിലോവാട്ട് മുതൽ സോളാർ പാനലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

വൈദ്യുത ഉത്പാദനത്തിന് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പദ്ധതികൾ അനെർട്ട് നടപ്പിലാക്കി വരുന്നു. കെ.എസ്.ഇ.ബി.എൽ. വഴി സർക്കാർ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള ഒരു പദ്ധതിക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്.

## ട്രാൻസ്ഫോർമറുകളുടെ ഇൻഷ്വറൻസ് പരിരക്ഷ

159 (489) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ജനവരി 2018 വരെ (6/2011 - 1/2018) കെ. എസ്. ഇ. ബി. ലിമിറ്റഡ് എത്ര കോടി രൂപയുടെ വിവിധ തരത്തിലുള്ള ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുണ്ട്; ഇതിൽ കെ.വി.എ. ട്രാൻസ്ഫോർമറുകൾ എത്ര; എം.വി.എ. ട്രാൻസ്ഫോർമറുകൾ എത്ര; ഇനംതിരിച്ച് അറിയിക്കാമോ;

(ബി) ഏത് കമ്പനികളുടെ ട്രാൻസ്ഫോർമറുകളാണ് കെ. എസ്. ഇ. ബി. ലിമിറ്റഡ് വാങ്ങുന്നത്; ടെണ്ടർ മുഖേനയാണോ വാങ്ങുന്നത്; വിശദമാക്കാമോ

(സി) ഇതിന്റെ ഗുണനിലവാരം ആരാണ് പരിശോധിക്കുന്നത് ;

(ഡി) പ്രസ്തുത കാലഘട്ടത്തിൽ വിവിധ ഇനത്തിൽപ്പെട്ട ട്രാൻസ്ഫോർമറുകൾ കത്തിപ്പോയും, മറ്റും ബോർഡിന് എത്ര കോടി രൂപ നഷ്ടം വന്നിട്ടുണ്ടെന്നതിന്റെ കണക്ക് ജില്ല, സെക്ഷൻ, മേജർ സെക്ഷൻ, സർക്കിൾ ഓഫീസ് തിരിച്ച് ട്രാൻസ്ഫോർമറിന്റെ വില സഹിതം വിശദമാക്കാമോ;

(ഇ) ഉപയോഗത്തിലിരിക്കെ കത്തിപ്പോകുന്ന ട്രാൻസ്ഫോർമറുകൾക്ക് കെ. എസ്. ഇ. ബി -യ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് കമ്പനി മുഖാന്തരമാണ് ട്രാൻസ്ഫോർമറുകൾ ഇൻഷ്വർ ചെയ്തിരിയ്ക്കുന്നതെന്നും, നാളിതുവരെ (6/2011-1/2018) എത്ര കോടി ഇൻഷ്വറൻസ് തുക കിട്ടിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

### ഉത്തരം

(എ) 6/2011 മുതൽ 1/2018 വരെ 207.16 കോടി രൂപയുടെ 15327 എണ്ണം ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും (കെ.വി.എ.), 124.16 കോടി രൂപയുടെ 145 എണ്ണം പവർ ട്രാൻസ്ഫോർമറുകളും (എം.വി.എ.) വാങ്ങിയിട്ടുണ്ട്.

(ബി) കെ.ഇ.എൽ.-കൊച്ചി, യൂണിപവർ സിസ്റ്റംസ്-കോട്ടയം, ട്രാൻസ്കോൺ ഇൻഡസ്ട്രീസ്-ഹൈദരാബാദ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്. കെ.ഇ.എൽ.-കൊച്ചി, ഇ.സി.ഇ. ഇൻഡസ്ട്രീസ് ലിമിറ്റഡ്- ഹൈദരാബാദ്, അറ്റ്ലാന്റാ ഇലക്ട്രിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്-ഗുജറാത്ത്, ടെൽക്-അങ്കമാലി, ബി.എച്ച്.ഇ.എൽ. - ഝാൻസി, വോൾട്ടാമ്പ് ട്രാൻസ്ഫോർമേഴ്സ് ലിമിറ്റഡ്-ബറോഡ,

റിമാ ട്രാൻസ്ഫോർമേഴ്സ് &കൺട്രക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്-ബാംഗ്ലൂർ, ഇൻഡോടെക് ട്രാൻസ്ഫോർമേഴ്സ് ലിമിറ്റഡ്-ചെന്നൈ എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് പവർ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്. മത്സരസ്വഭാവമുള്ള ദർഘാസുകൾ മുഖേനയാണ് മേൽപ്പറഞ്ഞ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്.

(സി) സി.പി.ആർ.ഐ. -യോ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച എൻ.എ.ബി.എൽ. അക്രെഡിറ്റേഷനോടുകൂടിയ മറ്റു ലാബുകളിലോ ട്രാൻസ്ഫോർമറുകൾ ഗുണനിലവാര പരിശോധന നടത്തിയതിന്റെ തൃപ്തികരമായ റിപ്പോർട്ടുകൾ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ ടെണ്ടറുകൾ മാത്രമാണ് പരിഗണിക്കുന്നത്. കൂടാതെ നിർമ്മാണത്തിനിടെയും നിർമ്മാണം പൂർത്തിയാക്കിയതിനുശേഷവും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ സ്ഥാപനത്തിൽ നേരിട്ട് പോയി ഇന്ത്യൻ സ്റ്റാൻഡേർഡ് അനുസരിച്ചുള്ള പരിശോധനകളും ടെസ്റ്റുകളും നടത്തിയതിനുശേഷം മാത്രമാണ് ട്രാൻസ്ഫോർമറുകൾ സ്വീകരിക്കുന്നത്. സപ്ലൈ കഴിഞ്ഞതിനുശേഷം ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെ നിലവാരം ബന്ധപ്പെട്ട ടി.എം.ആർ. ഡിവിഷനുകൾ വിലയിരുത്തുന്നുണ്ട്. പവർ ട്രാൻസ്ഫോർമറുകളുടെ സൈറ്റിലുള്ള പരിശോധനകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ടെസ്റ്റിംഗ് വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർ നടത്തുന്നു.

(ഡി) ജൂൺ 2011 മുതൽ ജനുവരി 2018 വരെയുള്ള കാലഘട്ടത്തിൽ ബോർഡിന്റെ പ്രസരണ വിഭാഗത്തിൽ ട്രാൻസ്ഫോർമറുകൾ കത്തിപ്പോയും മറ്റും വന്നിട്ടുള്ള നഷ്ടത്തിന്റെ കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | വിശദാംശങ്ങൾ | ജില്ല/സർക്കിൾ | നഷ്ടം (രൂപ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പള്ളം 220 കെ.വി. സബ്സ്റ്റേഷനിലെ 220/110 കെ.വി. 66.67 എം.വി.എ. ട്രാൻസ്ഫോർമർ 2016 ഒക്ടോബർ 27-ാം തീയതി കത്തി നശിച്ചു. പ്രസ്തുത ട്രാൻസ്ഫോർമർ അതിന്റെ പ്രവർത്തന കാലയളവായ 35 വർഷത്തിനുശേഷമാണ് കത്തിയത്. | കോട്ടയം /പൂവൻതുരുത്ത് | 7.92 ലക്ഷം |
| 2 | മലപ്പുറം 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു 12.5 എം.വി.എ. 110/33 കെ.വി. ട്രാൻസ്ഫോർമർ 2012-ൽ കത്തിപ്പോയി | മലപ്പുറം/ മലപ്പുറം | 25 ലക്ഷം |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | പാലക്കാട് 220 കെ.വി. സബ്സ്റ്റേഷനിൽ ഒരു 220/110/11 കെ.വി. 53.33 എം.വി.എ. സിംഗിൾ ഫേസ് ഓട്ടോ ട്രാൻസ്ഫോർമർ കത്തി നശിച്ചു. അത് പ്രവർത്തന കാലാവധി പൂർത്തിയാക്കിയിട്ടുള്ളതാണ്. | പാലക്കാട് /പാലക്കാട് | 44.31 ലക്ഷം |
| 4 | മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷനിൽ ഒരു 400/220 കെ.വി. 105 എം.വി.എ. ട്രാൻസ്ഫോർമർ കത്തിപ്പോയി | തൃശ്ശൂർ/തൃശ്ശൂർ | 2.25 കോടി |
| 5 | കൊടകര 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു 110/11 കെ.വി. 12.5 എം.വി.എ. ട്രാൻസ്ഫോർമർ 21-12-2017-ൽ കത്തിപ്പോയി | തൃശ്ശൂർ/തൃശ്ശൂർ | 1.75 കോടി |

(ഇ) ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ നയപ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ട്രാൻസ്ഫോർമറുകൾ ഉൾപ്പെടെയുള്ള ചില ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ട്.

6/2011 മുതൽ 12/2017 വരെ 0.65 കോടി രൂപ ഇൻഷ്വറൻസ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

## വൈദ്യുതി നിരക്ക് കുടിശ്ശിക

160(490) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് കുടിശ്ശിക ഇനത്തിൽ വൈദ്യുതി ബോർഡിന് ഇതിനകം എത്ര തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിൽ നിന്ന് എത്ര രൂപവീതമാണ് പിരിഞ്ഞു കിട്ടാനുള്ളത്; ഇത് പിരിച്ചെടുക്കുന്നതിന് ബോർഡ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) നിരക്ക് വർദ്ധിപ്പിക്കാനുള്ള ബോർഡിന്റെ ശ്രമം വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിരാകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി നിരക്ക് കുടിശ്ശിക ഇനത്തിൽ 31-12-2017 വരെ വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടുവാനുള്ള കുടിശ്ശിക 2441.22 കോടി രൂപയാണ്.

(ബി) കുടിശ്ശികയുള്ള വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. സംസ്ഥാന സർക്കാർ വകുപ്പുകൾ | 109.09 കോടി രൂപ |
| 2. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1424.91 കോടി രൂപ |
| 3. മറ്റ് പൊതു സ്ഥാപനങ്ങൾ | 16.91 കോടി രൂപ |
| 4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 1.02 കോടി രൂപ |
| 5. കേന്ദ്ര സർക്കാർ വകുപ്പുകൾ | 2.65 കോടി രൂപ |
| 6. കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 15.740 കോടി രൂപ |
| 7. സ്വകാര്യ വ്യക്തികൾ | 320.62 കോടി രൂപ |
| 8. സ്വകാര്യ വൻകിട/ചെറുകിട സ്ഥാപനങ്ങൾ, ലൈസൻസികൾ | 550.28 കോടി രൂപ |
| ആകെ | 2441.22 കോടി രൂപ |

സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചു മാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു.

കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് കുടിശ്ശിക നോട്ടീസുകൾ കൊടുക്കുകയും കൂടാതെ വലിയ തുക കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപന മേധാവികൾക്കും കത്ത് നൽകി കുടിശ്ശിക വിവരം അറിയിക്കുന്നുണ്ട്.

റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കുന്നതിലേക്കായി സ്റ്റേറ്റ് നോഡൽ ഓഫീസറുടെ കാര്യക്ഷമമായ നടപടികളും ഇടപെടലുകളും ഉണ്ടാകുന്നുണ്ട്.

(സി) ഇല്ല. 2018-19 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള നാല് വർഷത്തേക്ക് ഒന്നിച്ച് താരിഫ് നിർണ്ണയിക്കുന്നതിനുള്ള 'ഡ്രാഫ്റ്റ് റെഗുലേഷൻ'- കമ്മീഷൻ പ്രസിദ്ധീകരിക്കുകയും പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്മീഷൻ അന്തിമ റെഗുലേഷൻ പുറപ്പെടുവിച്ചിട്ടില്ല.

## വൈദ്യുതോർജ്ജ സർവ്വേ റിപ്പോർട്ട്

161 (491) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ പത്തൊമ്പതാമത് വൈദ്യുതോർജ്ജ സർവ്വേ റിപ്പോർട്ട് സർക്കാരിന് ലഭിച്ചുവോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാനം നേരിടുവാൻ പോകുന്ന അധിക വൈദ്യുതി ഉപഭോഗം തുടങ്ങി മറ്റു പ്രശ്നങ്ങൾ എന്ത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള വൈദ്യുതി ഉപയോഗം 2017-18 മുതൽ 2026-27 വരെ എത്ര എന്നും വ്യക്തമാക്കുമോ ;

(ഡി) ഇവ നേരിടാൻ വൈദ്യുതി സ്ഥാപിതശേഷി വർദ്ധിപ്പിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതിനായി എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 19-ാം ഇലക്ട്രിക് പവർ സർവ്വേ റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

പ്രസ്തുത റിപ്പോർട്ട് പ്രകാരം (2018-19) സമ്പത്തിക വർഷം കേരളത്തിന് ആവശ്യമായ വൈദ്യുതിയുടെ അളവ് 26770 ദശലക്ഷം യൂണിറ്റും, വൈദ്യുതിയുടെ ഉപഭോഗം 23049 ദശലക്ഷം യൂണിറ്റുമാണ് കണക്കാക്കിയിട്ടുള്ളത്. ഇതുപ്രകാരം മദ്ധ്യകാല ആവശ്യകത നിറവേറ്റുന്നതിന് പര്യാപ്തമായ വൈദ്യുതി ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള വൈദ്യുതിയുടെ ഉപയോഗം 2017-18 മുതൽ 2026-27 വരെയുള്ളത് ഇലക്ട്രിക്ക് പവർ സർവ്വേ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ച് ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. നിലവിൽ ആഭ്യന്തര ഉൽപ്പാദനത്തിലൂടെ ഏകദേശം 30% വരെ മാത്രമേ ആവശ്യകത നിറവേറ്റാനാകൂ എന്നതിനാലും, സമീപ ഭാവിയിലൊന്നും തന്നെ ആവശ്യകത ആഭ്യന്തര ഉത്പാദനം വഴി സാധ്യമാക്കാനാവില്ല എന്നതിനാലും, കേന്ദ്ര വൈദ്യുതി നിലയങ്ങൾ, ദീർഘകാല-മദ്ധ്യകാല-ഹ്രസ്വകാല കരാറുകൾ മുഖേന ലഭ്യത ഉറപ്പാക്കി വരുന്നു. ഇതോടൊപ്പം ആഭ്യന്തര ഉത്പാദനം പരമാവധി വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കി അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക പ്രതിസന്ധി

162 (492) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ശമ്പളം നൽകുന്നതിനുപോലും സാമ്പത്തിക ബുദ്ധിമുട്ടാണെന്നും കറന്റ് ചാർജ്ജ് കുടിശ്ശിക വൻതോതിൽ വർദ്ധിച്ചു വരികയാണെന്നും മറ്റുമുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) കെ. എസ്. ഇ. ബി. -ക്ക് ടി പ്രതിസന്ധിയുണ്ടോ; വിശദവിവരം നൽകുമോ?

### ഉത്തരം

(എ&ബി) വൈദ്യുതി ബോർഡിൽ ശമ്പളം നൽകുന്നതിന് യാതൊരു പ്രതിസന്ധിയും നിലവിലില്ല. ബോർഡിൽ നിന്നും റിട്ടയർ ചെയ്തവർക്ക് മുടക്കം കൂടാതെ പെൻഷൻ നൽകി വരുന്നു. വൈദ്യുതി ബോർഡിന് 2016-17 -ലെ ഓഡിറ്റ് ചെയ്തുവരുന്ന കണക്കുകൾ പ്രകാരം 7407.88 കോടി രൂപയുടെ സഞ്ചിത നഷ്ടമുണ്ട്. ഇത് സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി വിതരണം

163 (493) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കല്ലമ്പലം ഇലക്ട്രിസിറ്റി സെക്ഷനിൽ ഉൾപ്പെട്ട നാവായിക്കുളത്ത് (K/TM/12/8 നമ്പർ പോസ്റ്റ്) സ്ഥാപിച്ചിട്ടുള്ള ട്രാൻഫോർമറിൽ നിന്നുള്ള വൈദ്യുതി വിതരണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നാവായിക്കുളം വില്ലേജ് ആഫീസ് കോമ്പൗണ്ടിൽ സ്ഥാപിച്ചിരുന്ന ട്രാൻസ്ഫോർമർ കേടായതിനെത്തുടർന്ന് പ്രസ്തുത സ്ഥലത്ത് 20-3-2017-ൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ പരിഹരിച്ചിട്ടുണ്ട്.

## മീറ്റർ റീഡർമാരെ ഒഴിവാക്കുന്ന നടപടി

164 (494) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റർ റീഡർമാരെ ഒഴിവാക്കുന്നതിന് സംസ്ഥാന വൈദ്യുതി വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന മീറ്ററുകൾ ഉപഭോക്താക്കൾക്ക് സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത മീറ്ററുകളുടെ പ്രത്യേകതകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മീറ്റർ റീഡർ തസ്തിക പൂർണ്ണമായും ഒഴിവാക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനിച്ചിട്ടില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെയും നൂതന സാങ്കേതികവിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും, അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർ വിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.എം., കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം., കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലെയും അവശ്യംവേണ്ട ജീവനക്കാരെ കണ്ടെത്തുകയും ഏതെങ്കിലും തസ്തികകളിൽ അധികമായി ജീവനക്കാരെ കണ്ടെത്തിയാൽ അവരെ മറ്റു തസ്തികകളിലേയ്ക്ക് പുനർവിന്യസിക്കേണ്ടിയും വരും.

സ്പോട്ട് ബില്ലിംഗ് മെഷീൻ ഏർപ്പെടുത്തിയതിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലികൾ ലഘൂകരിക്കപ്പെട്ടിട്ടുണ്ട്. പുറമെ സ്മാർട്ട് മീറ്റർ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് എടുത്തുവരികയാണ്. ഇതിന്റെയെല്ലാം ഭാഗമായി ബില്ലിംഗ്, മീറ്റർ റീഡിംഗ് എന്നീ മേഖലകളിൽ ജോലി ചെയ്യുന്നവരെ പുനർ വിന്യസിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്തു കൊണ്ട് നിലവിലുള്ള മീറ്റർ റീഡർമാരുടെ എണ്ണം പുനർ നിർണ്ണയിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ഐ.പി.ഡി.എസ്. പദ്ധതി പ്രകാരം 63 നഗരങ്ങളിൽ 200 യൂണിറ്റിനുമുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗം ഉള്ള 5 ലക്ഷത്തോളം ഉപഭോക്താക്കൾക്ക് നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന സ്മാർട്ട് മീറ്ററുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാൻ വേണ്ടി 241.41 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് 25-11-2017-ന് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചു. 5-12-2017-ൽ നടന്ന ഐ.പി.ഡി.എസ്. മോണിറ്ററിംഗ് കമ്മിറ്റിയുടെ മിനിട്സ് പ്രകാരം പദ്ധതിയ്ക്ക് അംഗീകാരം നല്കിയതായി അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 59.41 കോടി രൂപ ഫണ്ട് പ്രതീക്ഷിക്കുന്നു. ഐ.പി.ഡി.എസ്. പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നുള്ള നിർദ്ദേശപ്രകാരം തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടാതെ 500 യൂണിറ്റിലധികം മാസ ഉപഭോഗമുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ 25 ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്റർ സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിലേയ്ക്കായി വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. റ്റി.ഒ.ഡി. താരിഫ് ഉള്ള ഉപഭോക്താക്കൾക്ക്, പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച്, വൈദ്യുതി ബില്ലിൽ കുറവ് വരുത്താവുന്നതാണ്. കൂടാതെ മീറ്റർ റീഡിംഗ് റിമോട്ട് ആയി എടുക്കാം. ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യ പ്രകാരം മാറ്റാം എന്ന പ്രത്യേകതകളുമുണ്ട്. വൈദ്യുതി തടസ്സങ്ങൾ തത്സമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്കുകഴിയും. ഇപ്രകാരം, സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടു വരുന്നതിനും കഴിയുന്നു.

## കെ.എസ്.ഇ.ബി. പുതിയ സെക്ഷൻ ഓഫീസ്

165 (495) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ദേലമ്പാടി പഞ്ചായത്ത് നിവാസികൾ നിലവിൽ കെ.എസ്.ഇ.ബി. -യുടെ ഏത് സെക്ഷൻ ഓഫീസിന്റെ കീഴിലാണ് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ദേലമ്പാടി പഞ്ചായത്തിലെ ദേലമ്പാടി, അഡൂർ വില്ലേജുകളിലുള്ളവർക്ക് പ്രസ്തുത സെക്ഷൻ ഓഫീസിലെത്താൻ എത്ര കിലോമീറ്റർ സഞ്ചരിക്കണം; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കർണാടക സംസ്ഥാനത്തോട് ചേർന്ന് റിസർവ് വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ദേലമ്പാടി പഞ്ചായത്ത് നിവാസികളുടെ ബുദ്ധിമുട്ടും കെ.എസ്.ഇ.ബി. ജീവനക്കാർക്ക് പഞ്ചായത്തിന്റെ പിന്നോക്ക പ്രദേശത്ത് എത്തിച്ചേരാനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് പഞ്ചായത്തിന്റെ ആസ്ഥാനമായ അഡൂരിൽ കെ.എസ്.ഇ.ബി. -യുടെ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ദേലമ്പാടി പഞ്ചായത്ത് നിവാസികൾ കെ.എസ്.ഇ.ബി. -യുടെ മുള്ളേരിയ ഇലക്ട്രിക് സെക്ഷൻ പരിധിയിൽപ്പെടുന്നു.

(ബി) പ്രസ്തുത സെക്ഷൻ ഓഫീസിലെത്താൻ ദേലമ്പാടിയിലുള്ളവർ 25 കിലോമീറ്ററും അഡൂരുള്ളവർ 17 കിലോമീറ്ററും സഞ്ചരിക്കണം.

(സി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. എന്നാൽ ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണമേഖലയിൽ നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുതുതായി അനുവദിക്കുന്നത് പുനഃപരിശോധിക്കുകയാണ്. കസ്റ്റമർ കെയർ സംവിധാനങ്ങൾ ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് ഫലപ്രദമായ സേവനം

ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽ തന്നെ അഡൂരിൽ കെ.എസ്.ഇ.ബി.-യുടെ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി.- മാസ്റ്റർ പെൻഷൻ & ഗ്രാറ്റുവിറ്റി ട്രസ്റ്റ്

166 (496) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. -യിൽ ജീവനക്കാർക്കായി മാസ്റ്റർ പെൻഷൻ & ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(ബി) ഈ ട്രസ്റ്റിലേക്ക് ധനസമാഹരണം നടത്താൻ നിലവിൽ അവലംബിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(സി) ട്രസ്റ്റിലേക്ക് കെ.എസ്.ഇ.ബി. വിഹിതം ലഭ്യമാക്കാത്തതിനാൽ പെൻഷൻ ഫണ്ട് പ്രതിസന്ധിയിലാണെന്ന വാദത്തിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യുടെ ആസ്തി ബാധ്യതകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഇറക്കിയ ഗസറ്റ് വിജ്ഞാപന പ്രകാരം ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി ഇന്ത്യൻ ട്രസ്റ്റ് ആക്ട് 1882 പ്രകാരം 12-2-2015-ൽ ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുകയും അതുമുഖേന 1-1-2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുമുണ്ടായി.

(ബി) ബോർഡ് കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട 31-10-2013 വരെയുള്ള പെൻഷൻ ബാധ്യത 12419 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് താഴെപ്പറയുന്ന വിധം സ്വരൂപിക്കുന്നതാണ്.

(1) 524 കോടി രൂപ സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി 10 വാർഷിക ഗഡുക്കളായി നൽകുന്നതാണ്.

i. 8144 കോടി രൂപയുടെ 20 വർഷത്തേയ്ക്കുള്ള 10% നിരക്കുള്ള ബോണ്ടുമുഖേന കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്നും സ്വരൂപിക്കുന്നതാണ്.

ii. 3751 കോടി രൂപയുടെ 10 വർഷത്തേയ്ക്കുള്ള 9% നിരക്കുള്ള ബോണ്ട് മുഖേന സർക്കാരിൽ നിന്നും സ്വരൂപിക്കുന്നതാണ്.

മേൽപ്പറഞ്ഞതിൽ 3751 കോടി രൂപയും ഇതിന്റെ പലിശയും ചേർത്ത് 5861 കോടി രൂപ 10 വാർഷിക ഗഡുക്കളായി 586.10 കോടി രൂപ വീതം കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിന് നൽകുന്ന ഡ്യൂട്ടിയിൽ നിന്നും തട്ടിക്കിഴിക്കുന്നതാണ്.

തുടർന്ന് ആക്ച്വറിയൽ വാല്യുവേഷനിലൂടെ 31-3-2017 വരെയുള്ള പെൻഷൻ ബാധ്യത 16147.70 രൂപയായി കണക്കാക്കിയിട്ടുണ്ട്.

(സി) നിലവിൽ ബോണ്ടിന്റെ മുതലും പലിശയും ഉൾപ്പെടെയുള്ള വാർഷിക വിഹിതം മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് നൽകുന്നില്ല. എന്നാൽ മുഴുവൻ പെൻഷൻകാർക്കും മുടക്കം കൂടാതെ പെൻഷൻ നൽകിവരുന്നുണ്ട്. ഇതിനാവശ്യമായ തുക KSEBL മാസ്റ്റർ ട്രസ്റ്റിന് നൽകുന്നുണ്ട്. ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി ട്രസ്റ്റിന് നൽകാനുള്ള കുടിശ്ശിക പരിഹരിക്കും.

**കെ.എസ്.ഇ.ബി. പെൻഷൻ**

167 (497) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ഒരു വർഷത്തെ ശരാശരി പെൻഷൻ ബാധ്യത എത്ര രൂപയാണ്; കെ.എസ്.ഇ.ബി. ഈ തുക ഇപ്പോൾ ഏത് മാർഗ്ഗത്തിലൂടെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കെ. എസ്. ഇ. ബി.-യിൽ പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച മാസ്റ്റേഴ്സ് ട്രസ്റ്റിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) ഏതു വർഷമാണ് ഈ ട്രസ്റ്റ് രൂപീകരിച്ചതെന്നും ട്രസ്റ്റിലേക്ക് സർക്കാരും കെ.എസ്.ഇ.ബി.-യും ഇതിനകം അടച്ച തുകകൾ എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഈ നില തുടർന്നാൽ ഭാവിയിൽ പെൻഷൻ മുടങ്ങുന്ന സാഹചര്യം സർക്കാരും കെ.എസ്.ഇ.ബി.-യും മുന്നിൽ കാണുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ താല്ക്കാലിക കണക്കുപ്രകാരം 1207.21 കോടി രൂപ പെൻഷൻ, ഗ്രാറ്റുവിറ്റി മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി നൽകിയിട്ടുണ്ട്. ഈ തുക കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്ന് അനുവദിച്ച് പെൻഷൻ നല്കാനായി രൂപീകരിച്ച മാസ്റ്റർ ട്രസ്റ്റ് വഴിയാണ് നൽകുന്നത്. ഈ തുക കെ.എസ്.ഇ.ബി.-യുടെ റവന്യൂ വരുമാനം, സർക്കാരിന്റെ പെൻഷൻ വിഹിതം എന്നിവയിൽ നിന്നാണ് നൽകുന്നത്.

(ബി) ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി 12-2-2015-ൽ രൂപീകരിച്ച മാസ്റ്റർ ട്രസ്റ്റിൽ നിന്നും 1-1-2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുണ്ടായി.

(സി) 12-2-2015-ൽ മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുകയും, 1-1-2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുമുണ്ടായി. ഇക്കഴിഞ്ഞ മാസം വരെയുള്ള പെൻഷൻ തുക മാസ്റ്റർ ട്രസ്റ്റിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകിയിട്ടുണ്ട്.

(ഡി) വൈദ്യുതി ബോർഡിൽ നിന്നും റിട്ടയർ ചെയ്ത മുഴുവൻ പെൻഷൻകാർക്കും മുടക്കം കൂടാതെ പെൻഷൻ നൽകിവരുന്നുണ്ട്. പെൻഷൻ മാസ്റ്റർ ട്രസ്റ്റിന് നൽകേണ്ട തുകയിലെ കുടിശ്ശിക വൈദ്യുതി ബോർഡിന്റെ അക്കൗണ്ടിൽ രേഖപ്പെടുത്തുന്നതും ബോർഡിന്റെ സാമ്പത്തിക കാര്യക്ഷമത വർദ്ധിപ്പിച്ച് കുടിശ്ശിക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. പെൻഷൻ സംബന്ധിച്ച് ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവും നിലവിലില്ല.

## കെ.എസ്.ഇ.ബി.യിലെ പെൻഷൻ

168 (498) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും, കെ.എസ്.ആർ.ടി.സി.-യെ പോലെ ജീവനക്കാർക്ക് പെൻഷൻ നൽകാൻ കഴിയാത്ത സ്ഥിതിയിലേക്ക് നീങ്ങുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ പ്രസ്തുത പ്രതിസന്ധിക്ക് കാരണമെന്താണ്;

(ബി) കെ.എസ്.ഇ.ബി.-യും, ജീവനക്കാരുടെ പ്രതിനിധികളും, സർക്കാരും തമ്മിൽ ഒപ്പുവച്ച കരാർ പ്രകാരം രൂപീകൃതമായ മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിലേക്ക് പ്രതിവർഷം എത്ര രൂപയാണ് കെ.എസ്.ഇ.ബി. ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി അടയ്ക്കേണ്ടിയിരുന്നത്;

(സി) ഈ തുക പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്നുണ്ടോ. ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്;

(ഡി) കെ.എസ്.ഇ.ബി.-ക്ക് ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നും പെൻഷൻ നൽകരുതെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ബോർഡിനോട് നിർദ്ദേശിച്ചിരുന്നോ; ഈ നിർദ്ദേശത്തിന് വിരുദ്ധമായി ദിവസ വരുമാനത്തിൽ നിന്നും കെ.എസ്.ഇ.ബി. ജീവനക്കാർക്ക് പെൻഷൻ നൽകുന്നുണ്ടോ;

(ഇ) കെ.എസ്.ഇ.ബി.-യിൽ പെൻഷൻ നൽകുന്നതിന് ഗുരുതരമായ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ചെയർമാൻ ജീവനക്കാരുടെ പ്രതിനിധികൾക്ക് കത്ത് അയച്ചിരുന്നുവോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബോർഡ് കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന കമ്പനിയിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട കൈമാറ്റ പദ്ധതി പ്രകാരം ജീവനക്കാരുടെ പെൻഷൻ ബാധ്യതകൾ നിറവേറ്റാനായി പെൻഷൻ ഫണ്ട് രൂപീകരിക്കാനും അതിനുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിഹിതവും സർക്കാരിന്റെ വിഹിതവും വാർഷിക അടിസ്ഥാനത്തിൽ നൽകാനും തീരുമാനിച്ചിരുന്നു. ഇപ്രകാരം 12-2-2015-ൽ മാസ്റ്റർ പെൻഷൻ ആക്ട് ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിക്കുകയും 1-1-2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുമുണ്ടായി. വൈദ്യുതി ബോർഡിൽ നിന്നും റിട്ടയർ ചെയ്ത മുഴുവൻ പെൻഷൻകാർക്കും മുടക്കം കൂടാതെ പെൻഷൻ നൽകുന്നുണ്ട്. ആശങ്കപ്പെടേണ്ട നിലയിലുള്ള പ്രതിസന്ധി നിലവിലില്ല.

(ബി) പ്രതിവർഷം ഏകദേശം 2000 കോടി രൂപയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് മാസ്റ്റർ ട്രസ്റ്റിലേക്ക് അടയ്ക്കുവാനുള്ളത്.

(സി) പ്രസ്തുത തുക അടയ്ക്കുന്നില്ലെങ്കിലും പെൻഷൻ നൽകുവാനാവശ്യമായ തുക കെ.എസ്.ഇ.ബി. ലിമിറ്റഡ് മുടക്കമില്ലാതെ ട്രസ്റ്റിന് നൽകുന്നുണ്ട്. കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് കുറവുള്ള തുക ട്രസ്റ്റിന് നൽകുന്നതാണ്. കൂടാതെ ട്രസ്റ്റിന് നൽകുവാനുള്ള തുക കെ.എസ്.ഇ.ബി.-യുടെ കണക്കുകളിൽ രേഖപ്പെടുത്തുന്നതുമാണ്. വൈദ്യുതി ബോർഡ് അതിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കേണ്ടി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് അടയ്ക്കുന്നതിന് വായ്പ എടുക്കുന്നത് ഒഴിവാക്കി കണക്കുകളിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

(ഡി) ദിവസ വരുമാനത്തിൽ നിന്ന് പെൻഷൻ നൽകരുതെന്ന നിർദ്ദേശം കമ്മീഷൻ നൽകിയിട്ടില്ല. 17-4-2017-ലെ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ഓർഡറിൽ പെൻഷൻ എന്നത് വിരമിച്ച ജീവനക്കാരുടെ അവകാശമാണെന്നും അത് നിരാകരിക്കാൻ കഴിയില്ലെന്നും അതിനായി മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ച് അതിൽനിന്നും പെൻഷൻ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിരമിച്ച ജീവനക്കാർക്ക് നൽകുന്ന പെൻഷന് കമ്മീഷൻ അംഗീകാരം നൽകിയിട്ടുമുണ്ട്.

(ഇ) കെ.എസ്.ഇ.ബി.-യിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ആയി ചുമതലയേറ്റതിനുശേഷം ജീവനക്കാരുടെ പ്രതിനിധികൾക്ക് നൽകിയ കത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിലേക്ക് ബോർഡിന്റെ വിഹിതം നിക്ഷേപിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. എല്ലാ തൊഴിലാളി യൂണിയനുകളുടെയും സഹായ സഹകരണങ്ങളോടെ വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് സ്ഥാപനത്തെ മുന്നോട്ട് കൊണ്ടുപോകണമെന്ന ഉദ്ദേശ്യത്തോടെയാണ് ഇത്തരത്തിൽ ഒരു കത്ത് നൽകിയത്. അല്ലാതെ പെൻഷൻ നൽകുന്നതിന് ബുദ്ധിമുട്ടുള്ളതായി ചെയർമാൻ കത്ത് നൽകിയിട്ടില്ല. നിലവിൽ അത്തരത്തിലുള്ള ഒരു സാഹചര്യവും വൈദ്യുതി ബോർഡിൽ ഇല്ല.

## വൈദ്യുതി വാങ്ങിയ വകയിലെ ചെലവ്

169 (499) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരിയിൽ സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി വാങ്ങിയ വകയിൽ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിനുണ്ടായ ചെലവ് എത്ര; ഇപ്രകാരം എത്ര യൂണിറ്റ് വൈദ്യുതിയാണ് അധികമായി വാങ്ങേണ്ടി വന്നത്; വിശദമാക്കുമോ ;

(ബി) കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ ജലവൈദ്യുതി ഉല്പാദിപ്പിച്ചതും ഏറ്റവും കുറവ് ജലവൈദ്യുതി ഉല്പാദിപ്പിച്ചതും ഏതൊക്കെ മാസങ്ങളിലായിരുന്നുവെന്നും ഈ മാസങ്ങളിൽ ജലസംഭരണികളിലെ ജല ലഭ്യത എത്രയായിരുന്നുവെന്നും അറിയിക്കുമോ ?

ഉത്തരം

(എ) 2018 ജനുവരിയിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങിയ വകയിൽ സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടായ ചെലവ് 616 (താത്കാലികം) കോടി രൂപയാണ്.

2018 ജനുവരിയിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കേന്ദ്ര വിഹിതമായി 879.78 ദശലക്ഷം യൂണിറ്റും ദീർഘകാല കരാറുകൾ വഴി 721.82 ദശലക്ഷം യൂണിറ്റും സ്വാപ് വഴി 27.27 ദശലക്ഷം യൂണിറ്റും ഡീവിയേഷൻ അക്കൗണ്ട് വഴി 19.83 ദശലക്ഷം യൂണിറ്റും വാങ്ങിയിട്ടുണ്ട്. ഇവയെല്ലാം ഉൾപ്പെടെ പുറത്തുനിന്നും മൊത്തം വാങ്ങിയ വൈദ്യുതി 1648.70 ദശലക്ഷം യൂണിറ്റാണ്.

(ബി) 2016-17 സാമ്പത്തികവർഷത്തിൽ ഏറ്റവും കൂടുതൽ ജലവൈദ്യുതി ഉൽപ്പാദിപ്പിച്ചത് ഏപ്രിൽ 2016-ലും കുറവ് ജലവൈദ്യുതി ഉൽപ്പാദിപ്പിച്ചത് ജനുവരി 2017-ലുമാണ്. ഈ മാസങ്ങളിലെ പ്രധാന ജലസംഭരണികളിലെ ജലലഭ്യത അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി ബോർഡ് ജീവനക്കാരുടെ പെൻഷൻ ട്രസ്റ്റ്

170 (500) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ ജീവനക്കാർക്കായി രൂപീകരിച്ച പെൻഷൻ ട്രസ്റ്റിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന വിഹിതവും തൊഴിലുടമ നിക്ഷേപിക്കുന്ന വിഹിതവും എത്ര വീതമാണ്; ഈ തുക കൈകാര്യം ചെയ്യുന്നത് ആരാണ്; ബോർഡ് നിക്ഷേപിക്കേണ്ട വിഹിതം അടയ്ക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഈടാക്കുന്ന തുക പൊതുമേഖലാ ബാങ്കിലോ എൻ.പി.എസ്സിലോ നിക്ഷേപിക്കാത്തതിനാൽ ആദായനികുതി ഒഴിവ് നൽകാനാവില്ല എന്ന് ആദായനികുതി വകുപ്പ് ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യുടെ ആസ്തി ബാധ്യതകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഇറക്കിയ ഗസറ്റ് വിജ്ഞാപനപ്രകാരം ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി ഇന്ത്യൻ ട്രസ്റ്റ് ആക്ട് 1882 പ്രകാരം 12-2-2015-ൽ ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുകയും അതുമുഖേന 1-1-2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുമുണ്ടായി.

ബോർഡ് കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട 31-10-2013 വരെയുള്ള പെൻഷൻ ബാധ്യത 12419 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് താഴെപ്പറയുന്ന വിധം സ്വരൂപിക്കുന്നതാണ്.

(i)524 കോടി രൂപ സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി 10 വാർഷിക ഗഡുക്കളായി നൽകുന്നതാണ്.

(ii) a. 8144 കോടി രൂപയുടെ 20 വർഷത്തേയ്ക്കുള്ള 10% നിരക്കിലുള്ള ബോണ്ട് മുഖേന കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും സ്വരൂപിക്കുന്നതാണ്.

b. 3751 കോടി രൂപയുടെ 10 വർഷത്തേയ്ക്കുള്ള 9% നിരക്കിലുള്ള ബോണ്ട് മുഖേന സർക്കാരിൽ നിന്നും സ്വരൂപിക്കുന്നതാണ്.

മേൽപ്പറഞ്ഞ 3751 കോടി രൂപയും ഇതിന്റെ പലിശയും ചേർത്ത് 5861 കോടി രൂപ 10 വാർഷിക ഗഡുക്കളായി 586.10 കോടി രൂപ വീതം

കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിന് നൽകാനുള്ള ഡ്യൂട്ടിയിൽ നിന്നും തട്ടിക്കിഴിക്കുന്നതാണ്. തുടർന്ന് ആക്ച്യൂറിയൻ വാല്യുവേഷനിലൂടെ 31-3-2017 വരെയുള്ള പെൻഷൻ ബാധ്യത 16147.70 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്.

നിലവിൽ ബോണ്ടിന്റെ മുതലും പലിശയും ഉൾപ്പെടെയുള്ള വാർഷിക വിഹിതം മുഴുവനായി മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് നൽകുന്നില്ല. എന്നാൽ മുഴുവൻ പെൻഷൻകാർക്കും മുടക്കം കൂടാതെ പെൻഷൻ നൽകിവരുന്നുണ്ട്. ഇതിനാവശ്യമായ തുക കെ.എസ്.ഇ.ബി.എൽ. കൃത്യമായി പെൻഷൻ ട്രസ്റ്റിന് നൽകുന്നുണ്ട്. ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തി മാസ്റ്റർ ട്രസ്റ്റിന് നൽകാനുള്ള കുടിശ്ശിക പരിഹരിക്കും.

(ബി) 1-4-2013-നുശേഷം ബോർഡ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരെ നാഷണൽ പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നാഷണൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 10%-ത്തിനു തുല്യമായ തുക കുറവ് ചെയ്ത് തത്തുല്യമായ ബോർഡ് വിഹിതവും ചേർത്ത് ട്രസ്റ്റി ബാങ്കിലേയ്ക്ക് നിക്ഷേപിക്കുന്നു. തുടർന്ന് ട്രസ്റ്റി ബാങ്ക് പ്രസ്തുത തുക ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള പെൻഷൻ ഫണ്ടുകളായ LIC പെൻഷൻ ഫണ്ട്, SBI പെൻഷൻ ഫണ്ട്, UTI പെൻഷൻ ഫണ്ട് എന്നിവയിലേയ്ക്ക് നിക്ഷേപിക്കുന്നു. 10-6-2015-ലെ ബോർഡ് സർക്കുലർ പ്രകാരം 7/2015 മുതൽ നാളിതുവരെ ജീവനക്കാരിൽ നിന്നും കുറവ് ചെയ്ത തുകയും തത്തുല്യമായ ബോർഡ് വിഹിതവും കൃത്യമായി തന്നെ അടച്ചിട്ടുള്ളതാണ്.

(സി) മാസ്റ്റർ ട്രസ്റ്റിന്റെ അധിക തുക ബാങ്കിലോ എൽ.പി.എസ്സിലോ നിക്ഷേപിക്കാത്തതിനാൽ ആദായ നികുതി ഒഴിവ് നൽകാനാവില്ലെന്ന് ആദായ നികുതി വകുപ്പ് അറിയിച്ചിട്ടില്ല.

## വൈദ്യുതി ബോർഡിന്റെ സഞ്ചിത നഷ്ടം

171 (501) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ പ്രകാരം വൈദ്യുതി ബോർഡിന്റെ സഞ്ചിത നഷ്ടം എത്രയാണെന്ന് അറിയിക്കുമോ;

(ബി) ബോർഡിന്റെ വരവ്-ചെലവ് കണക്കുകൾ നൽകാമോ;

(സി) ബോർഡിന്റെ സഞ്ചിത നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2016-2017- ലെ ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്ന താൽക്കാലിക കണക്കുപ്രകാരം പ്രസ്തുത കാലയളവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സഞ്ചിത നഷ്ടം 7407.88 കോടി രൂപയാണ്.

(ബി) 2015-16-ലെ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വരവുചെലവു കണക്കുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2016-17-ലെ വാർഷിക കണക്കുകൾ ആഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

(സി) ബോർഡിന്റെ സഞ്ചിത നഷ്ടം പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(i) ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ii) കെ.എസ്.ഇ.ബി.-യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്ത് വരുമാനം കൂട്ടിയും നഷ്ടം കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(iii) കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച് 'ഉദയ് ' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C-Loss -ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(iv) മിതമായ വിലയിൽ ഹ്രസ്വ- ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

വൈദ്യുതി ബോർഡിന്റെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും പ്രസരണ-വിതരണ മേഖലയിലെ സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്:

1. കേടായ മീറ്ററുകൾ മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിക്കുക .

2. ആധുനിക സംവിധാനമുള്ള മീറ്ററുകൾ സ്ഥാപിക്കുക.

3. ക്ഷമത കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

4. ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും പുനർ വിന്യാസം

5. സിംഗിൾ ഫേസ് ലൈനുകളെ ത്രീ ഫേസ് ലൈനുകളാക്കുക.

6. എച്ച്.ടി. ലൈനുകളുടെയും, എൽ.റ്റി. ലൈനുകളുടെയും കണ്ടക്ടറുകൾ മാറ്റി പ്രതിരോധം കുറഞ്ഞ കണ്ടക്ടറുകൾ സ്ഥാപിക്കുക.

7. HVDS സംവിധാനം വ്യാപിപ്പിക്കുക.

8. വിതരണ സംവിധാനത്തിന്റെ ക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള പുനഃസംഘടന.

9. പ്രസരണ ശൃംഖലയുടെ നവീകരണം തുടങ്ങിയവ.

കൂടാതെ ബോർഡിന്റെ സഞ്ചിത നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനായി വൈദ്യുതി ലഭ്യമാക്കുന്നത് ഏറ്റവും കുറഞ്ഞ നിരക്കിലാണെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

## ഇലക്ട്രിസിറ്റി ഡ്യൂട്ടി

172 (502) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരം കെ.എസ്.ഇ.ബി. 2016-17- ൽ എത്ര രൂപയാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുത്തതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര രൂപ സർക്കാരിലേയ്ക്ക് അടയ്ക്കുകയുണ്ടായെന്ന് അറിയിക്കുമോ; തുക അടച്ചിട്ടില്ലെങ്കിൽ സർക്കാരിന്റെ പെൻഷൻ ലയബിലിറ്റി എന്ന രൂപത്തിൽ അത് ക്രമീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അപ്രകാരം ക്രമീകരിച്ചിട്ടുണ്ടെങ്കിൽ 2016-17-ൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുത്ത തുക ജീവനക്കാരുടെ പെൻഷൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് 2016-2017-ൽ 796 കോടി രൂപയാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത്.

(ബി&സി) സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിക്കേണ്ട തുകയുമായി ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് നൽകേണ്ട തുക തട്ടിക്കിഴിക്കുകയാണ് (Netting off) ചെയ്യുന്നത്. 28-1-2015-ലെ ജി.ഒ.(പി)നമ്പർ 3/15 പി.ഡി. പ്രകാരം പ്രതിവർഷം ഡ്യൂട്ടിയിനത്തിൽ ലഭിക്കുന്ന തുകയിൽ 586.10 കോടി രൂപ വിരമിക്കൽ ആനുകൂല്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ആയതിനാൽ ഡ്യൂട്ടിയിനത്തിൽ സർക്കാരിന് നൽകേണ്ട തുകയുമായി പെൻഷൻ ഫണ്ടിലേയ്ക്ക് ലഭിക്കേണ്ട തുകയും തട്ടിക്കിഴിച്ചിട്ടുണ്ട്.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. പ്രവൃത്തികൾ

173 (503) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാം; ഓരോന്നിന്റെയും നിലവിലത്തെ സ്ഥിതി വിശദമാക്കുമോ ;

(ബി) ഈ മണ്ഡലത്തിൽ ഇനി അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ വിശദമാക്കുമോ ;

(സി) 2017-18-ൽ നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) പ്രസരണ വിഭാഗത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മിച്ച് 40 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് പെരിന്തൽമണ്ണ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തിയിട്ടുണ്ട്.

2. മേലാറ്റൂർ 110 കെ.വി. സബ്സ്റ്റേഷനിൽ പുതിയ 12.5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.

3. മലാപ്പറമ്പ് 220 കെ.വി. സബ്സ്റ്റേഷനിൽ നിന്നും മേലാറ്റൂർ വരെ നിലവിലുള്ള 110 കെ.വി. ലൈൻ മൾട്ടി സർക്യൂട്ട് ലൈനാക്കി മാറ്റുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.

4. മലാപ്പറമ്പ് 220 കെ.വി. സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി 2x200 MVA ആയി ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രാൻസ്ഫോർമർ നൽകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതാണ്.

മേലാറ്റൂർ 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു 16 MVA 110/33 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടന്നുവരുന്നു.

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. മേലാറ്റൂർ 110 കെ.വി. സബ്സ്റ്റേഷനിൽ പുതിയ 12.5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി.

2. മലാപ്പറമ്പ് 220 കെ.വി. സബ്സ്റ്റേഷനിൽ നിന്നും മേലാറ്റൂർ വരെ നിലവിലുള്ള 110 കെ.വി. ലൈൻ മൾട്ടി സർക്യൂട്ട് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തി.

3. വിതരണ വിഭാഗത്തിൽ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാൻ അവശേഷിക്കുന്നതുമായ പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I&II ആയി ചേർത്തിരിക്കുന്നു*. 40 kwp സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതി മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ (പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ) പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

## സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത

174 (504) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ.വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) നിലവിൽ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഉല്പാദനം എത്രയാണ്; സംസ്ഥാനം പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതി എത്രയാണ്;

(സി) സംസ്ഥാനത്തിന്റെ വരുംകാല ആവശ്യകത നിറവേറ്റുന്നതിനായി പുതുതായി ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) ഊർജ്ജ സംരക്ഷണത്തിനായി എനർജി സേവിംഗ് കോ-ഓർഡിനേഷൻ ടീം (എസ്കോർട്ട് ) നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പത്തൊൻപതാം ഇലക്ട്രിക് പവർ സർവ്വേ റിപ്പോർട്ട് അനുസരിച്ച് 2018-2019 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത 27,184 ദശലക്ഷം യൂണിറ്റ് എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ മുൻവർഷങ്ങളിലെ യഥാർത്ഥ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ 2018-2019-ലെ ഊർജ്ജ ഉപഭോഗം ഏകദേശം 26240 ദശലക്ഷം യൂണിറ്റാകുമെന്നാണ് കണക്കാക്കുന്നത്.

(ബി) 2018 ഫെബ്രുവരി മാസത്തെ (20-2-2018 വരെ) കേരളത്തിലെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഉത്പാദനം താഴെ പറയുന്ന പ്രകാരമാണ്:

| | |
|---|---|
| ജലവൈദ്യുത പദ്ധതികൾ | 224.65 ദശലക്ഷം യൂണിറ്റ് |
| താപനിലയങ്ങൾ | 0 |
| കാറ്റാടി പദ്ധതികൾ | 0.0766 ദശലക്ഷം യൂണിറ്റ് |
| സൗരോർജ്ജ പദ്ധതികൾ (കെ.എസ്.ഇ.ബി.എൽ.) | 0.5304 ദശലക്ഷം യൂണിറ്റ് |
| സ്വകാര്യ സൗരോർജ്ജ പദ്ധതികൾ | 5.6276 ദശലക്ഷം യൂണിറ്റ് |
| ഐ.പി.പി (സ്വകാര്യ സംരംഭകർ) | 7.8882 ദശലക്ഷം യൂണിറ്റ് |
| ആകെ | 238.7728 ദശലക്ഷം യൂണിറ്റ് |

ഫെബ്രുവരി മാസം (20-2-2018 വരെ) സംസ്ഥാനം പുറമേ നിന്ന് 1119.69 ദശലക്ഷം യൂണിറ്റ് വാങ്ങിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ വരുംകാല ആവശ്യകത നിറവേറ്റുന്നതിനായി, നിലവിൽ നിർമ്മാണം നടന്നുവരുന്ന '9' ജലവൈദ്യുത പദ്ധതികൾ; ആകെ 166.5 MW സമയബന്ധിതമായി പൂർത്തിയാക്കുവാനും; കൂടാതെ പുതിയ '15' ജലവൈദ്യുത പദ്ധതികൾ (149 MW) നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മേൽപ്പറഞ്ഞ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധം (1) (2) ആയി ചേർത്തിരിക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാനത്തിന്റെ വരുംകാല ആവശ്യം നിറവേറ്റുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിഭാവനം ചെയ്യുന്ന സൗരോർജ്ജ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു*. സ്വകാര്യ മേഖലയുടെ സഹായത്തോടെ 'BOOT' അടിസ്ഥാനത്തിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ 30 വർഷത്തേയ്ക്ക് അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ സ്വകാര്യ മേഖലയിൽ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സോളാർ വൈദ്യുതോത്പാദനം വർദ്ധിപ്പിക്കാൻ അനെർട്ട് പല പദ്ധതികളും ആവിഷ്കരിച്ച് വരുന്നുണ്ട്. അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ അസ്ഥിരമായ വൈദ്യുതോത്പാദനം സംബന്ധിച്ച ആശങ്കകൾക്ക് പരിഹാരമാകുമെന്ന രീതിയിൽ ഒരു റിസർച്ച് - ഡമോൺസ്ട്രേഷൻ പ്രോജക്ടായി ഒരു ഹൈബ്രിഡ് സോളാർ പ്രോജക്ട് അനെർട്ട് രാമക്കൽമേട്ടിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. 3 മെഗാവാട്ട് സൗരവൈദ്യുതോത്പാദന സംവിധാനമാണ് ഈ പദ്ധതിയിലൂടെ 2017-2018 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ വർഷം ഇതിനായി 16.65 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരു മെഗാവാട്ട് സൗര വൈദ്യുതോത്പാദന സംവിധാനം 2018 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കാനും 2 മെഗാവാട്ട് 2018 സെപ്റ്റംബർ 30-ന് മുമ്പ് പൂർത്തികരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഇതിനുപുറമേ 2017-2018 സാമ്പത്തിക വർഷം അനെർട്ട് മുഖേന 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 11.87 കോടി രൂപയുടെ പദ്ധതി പ്രവർത്തനവും തുടങ്ങിക്കഴിഞ്ഞു. സൗരോർജ്ജമുപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് താഴെപ്പറയുന്ന വിവിധതരം റൂഫ് ടോപ്പ് സോളാർ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നു:

1. സോളാർ ശൃംഖലാ ബന്ധിത പദ്ധതി (സോളാർ കണക്ട്)

2. സോളാർ സ്മാർട്ട് വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്ത പദ്ധതി. കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NHPC-ക്ക് പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് 8 MW Wind Farm സ്ഥാപിക്കുവാനായി അനുമതി നൽകിയിട്ടുണ്ട്. ഇത് സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഊർജ്ജ സംരക്ഷണത്തിനും വൈദ്യുതി ദുർവ്യയം കുറയ്ക്കുന്നതിനും നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികൾ ആയ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്ത് വരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.264 കോടി ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജസംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സ്വകാര്യ സ്ഥാപനങ്ങളിലും അവരുടെ അപേക്ഷ അനുസരിച്ച് എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

3. വൈദ്യുതി ബോർഡിന്റെ കെട്ടിടത്തിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ 1000 ഫാനുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി സർക്കാർ സ്ഥാപനങ്ങളിലും നടപ്പിലാക്കാവുന്നതാണ്.

4. സംസ്ഥാനത്ത് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ജലം ചൂടാക്കുന്നതിന് വൈദ്യുതി, ഫോസിൽ ഇന്ധനങ്ങൾ മുതലായവ ഒഴിവാക്കി പരിസ്ഥിതി സൗഹൃദപരമായ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക് ഗീസറുകൾ മാറ്റി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി 24 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിനുവേണ്ടി 15.2 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ദർഘാസ് മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

5. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് തുടങ്ങിയ കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. ജില്ലാ പഞ്ചായത്ത്

കെട്ടിടങ്ങളിൽ 10 കോടിയോളം രൂപ ജില്ലാ പഞ്ചായത്തുകൾ അടച്ചു കഴിഞ്ഞു. ഏകദേശം 1.29 മെഗാ വാട്ട് ഉത്പാദന ശേഷിയാണ് ഇതിൽ നിന്നും പ്രതീക്ഷിക്കുന്നത്. കളക്ടറേറ്റ് കെട്ടിടങ്ങളിൽ 1.9 മെഗാവാട്ട് സ്ഥാപിത ശേഷിയാണ് പ്രതീക്ഷിക്കുന്നത്.

6. സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ/സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.

7. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി, വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുന്നതിലേക്കായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ബോർഡിൽ ലഭിച്ചിട്ടുണ്ട്.

8. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സബ്ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശം നൽകുകയും ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളന്റിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

9. വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി അടിമാലി ഡിവിഷന്റെ കീഴിൽ രാജാക്കാട്, അടിമാലി എന്നീ സെക്ഷനുകളുടെ പരിധിയിലുള്ള ട്രാൻസ്ഫോർമറുകൾ നവീകരിക്കുകയും ഇതുകൂടാതെ ഒല്ലൂർ സെക്ഷന്റെ പരിധിയിലുള്ള ട്രാൻസ്ഫോർമറുകളുടെ നവീകരണവും നടത്തിവരുന്നു.

10. സബ്സ്റ്റേഷന്റെ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 220 കെ.വി. സബ്സ്റ്റേഷൻ വർക്കുകൾ പൂർത്തീകരിച്ചു.

11. പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് (എച്ച്.വി.ഡി.എസ്) പദ്ധതി മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തി. ഈ പദ്ധതിയുടെ ഭാഗമായി പാലക്കാട് ഡിവിഷനിൽ സുൽത്താൻപട്ട് സെക്ഷനുകളുടെ പരിധിയിലുള്ള വർക്കുകൾ പുരോഗമിക്കുന്നു.

## സംസ്ഥാനത്തിന്റെ വൈദ്യുതി ഉത്പാദനവും ഉപഭോഗവും

175 (505) ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്നതിന് അനുസൃതമായി വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2018 ജനുവരി മാസത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉല്പാദനവും, ഉപഭോഗവും എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഊർജ്ജ ഉല്പാദനത്തിനായി സമർപ്പിച്ച എത്ര പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട്, അവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) കേന്ദ്രാനുമതി ലഭിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും, അനുമതി നൽകാതിരിക്കുവാനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) വൈദ്യുതി ഉപഭോഗത്തിന് അനുസൃതമായി ഉത്പാദനം സംസ്ഥാനത്തിനകത്ത് സാധ്യമാക്കാൻ കഴിയുന്നില്ല. എങ്കിലും സാദ്ധ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. 166.5 MW-ന്റെ 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ 149 MW-ന്റെ 15 പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ശേഷി കൂടിയ ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതി സംബന്ധമായ ആശങ്കകൾ കാരണം സംസ്ഥാനത്തിനകത്ത് നടപ്പാക്കാനാകുന്നില്ല. ഖനിജ ഇന്ധനങ്ങളുടെ അഭാവം, ഇറക്കുമതി പ്രകൃതി വാതകത്തിന്റെ വിലയിലെ അസ്ഥിരത ഇവ കാരണം താപനിലയങ്ങളോ, വാതകാധിഷ്ഠിത പദ്ധതികളോ സംസ്ഥാനത്തിനകത്ത് സ്ഥാപിക്കാൻ കഴിയുന്നില്ല. സംസ്ഥാനത്തിന് പുറത്ത് മറ്റു സംസ്ഥാനങ്ങളിൽ സംസ്ഥാനത്തിന്റെ ഉടമസ്ഥതയിൽ പദ്ധതികൾ ആരംഭിക്കുന്നതിന് പരിശ്രമിച്ചിരുന്നുവെങ്കിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഉപഭോഗ വർദ്ധനവിനനുസരിച്ച് ആഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ സംസ്ഥാനത്തിന് കഴിയുന്നില്ല.

എങ്കിൽ തന്നെയും സംസ്ഥാനത്തിനകത്ത് നവീകരിക്കാവുന്ന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി ഉത്പാദനം സാദ്ധ്യമാക്കുന്നതിനുവേണ്ട എല്ലാ ശ്രമങ്ങളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടത്തിവരുന്നു. ഉപഭോഗവും ഉത്പാദനവും തമ്മിലുള്ള വിടവ് നികത്താൻ പര്യാപ്തമായ തോതിൽ വിവിധ അന്തർ സംസ്ഥാന വൈദ്യുതി ഉത്പാദകരുമായി സുതാര്യമായ താരിഫ് അധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെടുന്നുണ്ട്.

വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള സോളാർ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കേരളത്തിലെ ചെറുകിട ജല വൈദ്യുത പദ്ധതി സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി വൈദ്യുതി ഉത്പാദനം കൂട്ടുന്നതിന് ലക്ഷ്യമിടുന്നുണ്ട്. അതിൻ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

കൂടുതൽ പദ്ധതികൾ അനുവദിക്കുന്നതിനുള്ള സാധ്യതാ പഠനങ്ങൾ എനർജി മാനേജ്മെന്റ് സെന്ററും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും ഉടൻതന്നെ ആരംഭിക്കുന്നുണ്ട്.

വൈദ്യുതോത്പാദനത്തിന് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പദ്ധതികൾ അനെർട്ട് നടപ്പിലാക്കിവരുന്നു. കെ.എസ്.ഇ.ബി.എൽ. വഴി സർക്കാർ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി. -യുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതോത്പാദനം നടത്തുന്നതിന് 3 പദ്ധതികളാണ് അനെർട്ട് നടത്തിവരുന്നത്.

1. സോളാർ കണക്ട് (വൈദ്യുത ശൃംഖലാ ബന്ധിതം)

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗം കഴിഞ്ഞ് അധികം വരുന്നത് വൈദ്യുത വിതരണ കമ്പനികളുടെ ലൈനിലേയ്ക്ക് നൽകുന്ന പദ്ധതിയാണിത്. ഇത് ഗാർഹികവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡിയോടുകൂടിയും, മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് സബ്സിഡിയില്ലാതെയും നടത്തിവരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 8 മെഗാവാട്ടിൽ അധികം സ്ഥാപിത ശേഷി കൈവരിക്കാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാധിച്ചിട്ടുണ്ട്. 2017-2018 വർഷം 10 മെഗാവാട്ടിനുള്ള അനുമതി ലഭിച്ചതനുസരിച്ച് നാളിതുവരെ ഏകദേശം 2 മെഗാവാട്ട് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുവാനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടന്നുവരികയാണ്.

2. സോളാർ ഓഫ്ഗ്രിഡ് പ്രോഗ്രാം (ബാറ്ററി ബാക്ക്അപ്പോടുകൂടിയത്)

വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്ത പദ്ധതിയാണിത്. മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ബാറ്ററി ശേഷിയോടുകൂടി ഉപയോഗിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി 13 മെഗാവാട്ട് സ്ഥാപിതശേഷി ഇതുവരെ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2017-2018 വർഷം 6.4 മെഗാവാട്ടാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ ഏകദേശം 4 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടപടികൾ നടന്നുവരികയാണ്.

3. RESCO (Renewable Energy Service Company) Model

വൈദ്യുത പവർ പ്ലാന്റ് മേൽക്കൂരയിൽ സ്ഥാപിച്ച് കുറഞ്ഞ നിരക്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കുവാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

ജ്യോതിസ് എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര/സംസ്ഥാന സർക്കാർ കെട്ടിടങ്ങൾക്ക് മുതൽമുടക്കില്ലാതെ SECI എംപാനൽ ചെയ്തിരിക്കുന്ന ഏജൻസികൾ മുഖേന 50 കിലോവാട്ട് മുതൽ സോളാർ പാനലുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

വൈദ്യുത ഉത്പാദനത്തിന് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പദ്ധതികൾ അനെർട്ട് നടപ്പിലാക്കിവരുന്നു. കെ.എസ്.ഇ.ബി.എൽ. വഴി സർക്കാർ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ഒരു പദ്ധതിയ്ക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്.

(ബി) 2018 ജനുവരി മാസത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉത്പാദനം 12.81 ദശലക്ഷം യൂണിറ്റും വൈദ്യുത ഉപഭോഗം 65.469 ദശലക്ഷം യൂണിറ്റും ആയിരുന്നു.

(സി&ഡി) കേന്ദ്ര അനുമതിക്കായി സമർപ്പിച്ച് അനുമതി ലഭിക്കാത്ത വൈദ്യുതി പദ്ധതികൾ നിലവിലില്ല. തൃശ്ശൂർ ജില്ലയിലെ ആനക്കയം പദ്ധതിയുടെ പരിസ്ഥിതി അനുമതിയിൽ നിർദ്ദേശിച്ചിട്ടുള്ള ചില നിബന്ധനകൾ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കേന്ദ്രസർക്കാർ പരിശോധനയിലാണ്.

**വനമേഖലയിലൂടെയുള്ള വൈദ്യുത ലൈനുകൾക്കുള്ള അനുമതി**

176 (506) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വനമേഖലയിലൂടെ വൈദ്യുത ലൈനുകൾ വലിക്കുന്നതിന് വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കാത്തതു കാരണം വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) ഇത്തരത്തിലുള്ള പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് വനം വകുപ്പും വൈദ്യുതി വകുപ്പും ഒത്തുചേർന്നുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ഉത്തരം

(എ-സി) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട്, പെരിങ്ങമല, കല്ലറ കെ.എസ്.ഇ.ബി. സെക്ഷനുകളിലെ 12 വീടുകൾക്ക് വനം അനുമതി ലഭിക്കാത്തതിനാൽ കണക്ഷൻ ലഭിക്കാനുണ്ട്. വനം അനുമതിക്കായി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കണക്ഷനുകൾ നൽകുന്നതാണ്. വനം അനുമതി വനസംരക്ഷണ നിയമം അനുശാസിക്കുന്ന നടപടിക്രമമനുസരിച്ചു മാത്രമേ ലഭ്യമാവുകയുള്ളൂ. ഇക്കാര്യത്തിൽ വനം വകുപ്പും വൈദ്യുതി വകുപ്പും പരമാവധി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.

**ആരാധനാലയങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ**

177 (507) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിലെ കൊന്നമണ്ണ മസ്ജിദ് കമ്മിറ്റി സെക്രട്ടറി പൂന്തുരുത്തി അലവിഹാജി മുതൽ പേർ നൽകിയ നിവേദനം (Ref No. 6589/ Vip/Min (Ele)/2017 dated, 6-11-2017 പരിശോധിച്ച് നടപടി സ്വീകരിക്കുമോ; പൊതുസമൂഹത്തിന്റെ ആരാധനാലയങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിന് ദ്രുതഗതിയിൽ നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ;

<u>ഉത്തരം</u>

കൊന്നമണ്ണ മസ്ജിദ് കമ്മിറ്റി സെക്രട്ടറി പൂന്തുരുത്തി അലവി ഹാജിയും ചുങ്കത്തറ ഗ്രാമപഞ്ചായത്ത് എട്ടാം വാർഡ് നിവാസികളും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ (6589/vip/Min (ELE)/2017 നമ്പർ) സൂചിപ്പിച്ചിട്ടുള്ള കെട്ടിടം നിലവിലുള്ള മഞ്ചേരി -നിലമ്പൂർ- എടക്കര 66 കെ.വി. ലൈനിന്റെ നേരെ കീഴിലായാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത 66 കെ.വി. ലൈൻ 110 കെ.വി. ആയി ഉയർത്തുന്നതിന്റെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. CEA റെഗുലേഷൻസ് 2010 61(1) പ്രകാരം കെട്ടിടങ്ങൾ നിലവിലുള്ള 650 V-നുമുകളിലുള്ള, ഓവർഹെഡ് ലൈനുകളുടെ ചുവടെ നിർമ്മിക്കാൻ പാടുള്ളതല്ല. കെട്ടിട നിർമ്മാണത്തിന് ബന്ധപ്പെട്ട ലോക്കൽ ബോഡിയിൽ നിന്നും അനുമതി ലഭിക്കുന്നതിനായി അപേക്ഷ നൽകുമ്പോൾ ബന്ധപ്പെട്ട ലോക്കൽ ബോഡി, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ NOC വേണമെന്ന് നിഷ്കർഷിക്കാറുണ്ട്. കെ.എസ്.ഇ.ബോർഡിൽ നിന്നും ലഭിക്കുന്ന ശിപാർശകളുടെ മേലെയാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിൽ നിന്ന് NOC നൽകുന്നത്. പരാതി പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തിന് നമ്പർ ലഭിച്ചതായി മനസ്സിലാക്കുന്നു. എന്നാൽ കെ.എസ്.ഇ.ബോർഡിൽ നിന്നും രേഖാമൂലം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലേയ്ക്ക് NOC -ക്കായി ശിപാർശകൾ നൽകിയതായി കാണുന്നില്ല. ആരാധനാലയങ്ങൾക്ക് പുതുതായി വൈദ്യുതി കണക്ഷനുള്ള അപേക്ഷ നൽകുമ്പോൾ അപേക്ഷയോടൊപ്പം മതിയായ രേഖകൾ ഹാജരാക്കുകയും കണക്ഷൻ നൽകുന്നതിനാവശ്യമായ നിശ്ചിത തുക ഒടുക്കുന്ന പക്ഷം സമയപരിധിക്കുള്ളിൽ തന്നെ കണക്ഷൻ നൽകിവരുന്നുണ്ട്.

**പുതിയ വൈദ്യുതോത്പാദന പദ്ധതികൾ**

178 (508) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വൈദ്യുതോത്പാദന പദ്ധതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ചെറുകിട വൈദ്യുത പദ്ധതികളുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇത്തരം സാധ്യതകൾ പരിശോധിക്കുമോ;

(സി) പരിസ്ഥിതിക്ക് ദോഷം വരാത്തവിധം, വെള്ളച്ചാട്ടങ്ങളെ വൈദ്യുതോല്പാദനത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് കേരള സംസ്ഥാന വൈദ്യുതി ബോർഡ് പുതുതായി ആരംഭിക്കുന്ന ജലവൈദ്യുതോത്പാദന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയും* സൗരോർജ്ജമുപയോഗിച്ചുള്ള വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയും ചേർത്തിരിക്കുന്നു.*

സംസ്ഥാനത്ത് കാറ്റിൽ നിന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പൂവാർ കടൽത്തീരത്ത് 1 മെഗാവാട്ട് ശേഷിയുള്ള ചെറുകാറ്റാടി യന്ത്രങ്ങൾ (25 KW വരെയുള്ള) ഉപയോഗിച്ചുള്ള കാറ്റാടിപ്പാടം.

2. കഞ്ചിക്കോട് 220 കെ.വി. സബ് സ്റ്റേഷന് സമീപം 2.5 MW ശേഷിയുള്ള കാറ്റാടി യന്ത്രം സ്ഥാപിക്കൽ.

3. കഞ്ചിക്കോട്ടെ നിലവിലുള്ള 9x225 KW കാറ്റാടി പാടത്തിലെ 5 കാറ്റാടി യന്ത്രങ്ങൾ മാറ്റി പകരം 850 KW ശേഷിയുള്ള മൂന്നും 600 KW ശേഷിയുള്ള രണ്ടും യന്ത്രങ്ങൾ സ്ഥാപിച്ച് സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

ഇതിനുപുറമേ കേരള സർക്കാരും NHPC-യും തമ്മിലുള്ള ഉടമ്പടി പ്രകാരം അഗളിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന 8 MW കാറ്റാടി പാടം. ഇതുകൂടാതെ സ്വകാര്യ സംരംഭകർ വഴി 3 പദ്ധതികളിൽ നിന്നായി 27 MW- ഉം ടെണ്ടർ വഴി 200 MW-ഉം സ്ഥാപിതശേഷി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

സ്വകാര്യ മേഖലയുടെ സഹായത്തോടെ 'BOOT' അടിസ്ഥാനത്തിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ 30 വർഷത്തേയ്ക്ക് അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലാ പഞ്ചായത്ത് മൂന്ന് പദ്ധതികളും തൃശ്ശൂർ കോർപ്പറേഷൻ നാല് പദ്ധതികളും ഇത്തരത്തിൽ നടപ്പിലാക്കാൻ ഏറ്റെടുത്തുകഴിഞ്ഞു.

അനെർട്ട് സൗരോർജ്ജ ശൃംഖലാബന്ധിത വൈദ്യുത പദ്ധതി വഴി 200 മെഗാവാട്ട് സൗര വൈദ്യുതോത്പാദനമാണ് അടുത്ത 10 വർഷം കൊണ്ട് ലക്ഷ്യമിടുന്നത്. ഇതിൽ 10 മെഗാവാട്ട് സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം അനെർട്ട് ആരംഭിച്ചു കഴിഞ്ഞു.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പരിസ്ഥിതിക്ക് ദോഷം വരാത്തവിധം വെള്ളച്ചാട്ടങ്ങളെ വൈദ്യുതോത്പാദനത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള നൂതന സംവിധാനം -കൃത്രിമമായി ചുഴി സൃഷ്ടിച്ച് -വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ കാഞ്ഞിരംപാറ വാർഡിൽ കാട്ടുവെട്ടിയിൽ 20 KW പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

179 (509) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) കേരളത്തിൽ തീരെ ചെറിയ നീരൊഴുക്കിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യത കൂടുതലുള്ളതിനാൽ ഇത്തരത്തിലുള്ള മാതൃകാ പദ്ധതികൾ വികസിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(സി) ഓരോ നദികളിലുമുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ കണ്ടെത്തുന്നതിനും മുൻഗണന നൽകുന്നതിനുമായി ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ അധീനതയിൽ 66.5 മെഗാവാട്ടിന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ 109 മെഗാവാട്ടിന്റെ 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധം (1)&(2) ആയി ചേർത്തിരിക്കുന്നു*. ഇതിനു പുറമേ 2018-ൽ DPR തയ്യാറാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1. ചാത്തൻ കോട്ടുനട Stage I | - | 5 മെഗാവാട്ട് |
| 2. പശുക്കടവ് | - | 4 മെഗാവാട്ട് |
| 3. കീരിത്തോട് | - | 21 മെഗാവാട്ട് |
| 4. മൂരിക്കടവ് | - | 1.5 മെഗാവാട്ട് |
| 5. പാംബ്ല | - | 10 മെഗാവാട്ട് |
| ആകെ | - | 41.5 മെഗാവാട്ട് |

സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിക്ഷേപക സൗഹൃദമായി ചെറുകിട ജലവൈദ്യുത പദ്ധതി നയം പുറത്തിറക്കിയിട്ടുണ്ട്.

2. സ്വകാര്യ മേഖലയുടെ സഹായത്തോടെ 'BOOT' അടിസ്ഥാനത്തിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ 30 വർഷത്തേയ്ക്ക് അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഈ 20 പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

3. പാലക്കാട് ജില്ലാ പഞ്ചായത്ത് മൂന്ന് പദ്ധതികളും തൃശ്ശൂർ കോർപ്പറേഷൻ നാല് പദ്ധതികളും ഇത്തരത്തിൽ നടപ്പിലാക്കാൻ ഏറ്റെടുത്തു കഴിഞ്ഞു.

4. കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി സാദ്ധ്യതയുള്ള പദ്ധതികൾ കണ്ടെത്തുന്നതിനും ഇ.എം.സി. -യും കെ.എസ്.ഇ.ബി. -യും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. വടക്കൻ കേരളത്തിലെ നദികളിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാദ്ധ്യത കണ്ടെത്തുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിലെ ഒരു ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കരമന നദികളിൽ ഇത്തരത്തിലുള്ള പദ്ധതികൾ കണ്ടെത്തുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററിനുവേണ്ടി ബോർഡിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിലെ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്റർ ഉയര വ്യത്യാസം കുറഞ്ഞ സ്ഥലങ്ങളിൽ നിന്ന് വലിയ തടയണകളുടെ ആവശ്യമില്ലാത്ത പദ്ധതികൾ കണ്ടെത്തുന്നതിനുള്ള നദീതട സർവ്വേ തിരുവനന്തപുരം ജില്ലയിൽ 2 നദികളിൽ നടത്തിക്കഴിഞ്ഞു. അടുത്തതായി കൊല്ലം ജില്ലയിലും ഇതേ സർവ്വേ നടത്തുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആഭ്യന്തര ഊർജ്ജ ഉത്പാദനശേഷി

180 (510) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര ഊർജ്ജ ഉൽപ്പാദനശേഷി വികസിപ്പിക്കുന്നതിനായി ഈ സർക്കാർ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ ;

(ബി) സംസ്ഥാനത്തെ ഉപഭോഗത്തിനാവശ്യമായ വൈദ്യുതി എങ്ങനെ യെല്ലാമാണ് ഉൽപ്പാദിപ്പിക്കുന്നത്; ഓരോ മേഖലയിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) താങ്ങാവുന്ന വിലയ്ക്ക് ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന പ്രധാനപ്പെട്ട ഊർജ്ജ ഉൽപ്പാദന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഓരോന്നും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും എന്നാണ് സർക്കാർ ലക്ഷ്യമിടുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ആഭ്യന്തര ഊർജ്ജ ഉത്പാദനശേഷി വികസിപ്പിക്കുന്നതിന്; നിർമ്മാണം നടന്നുവരുന്ന '9' ജലവൈദ്യുത പദ്ധതികൾ; ആകെ 166.5 MW, സമയബന്ധിതമായി പൂർത്തിയാക്കുവാനും, കൂടാതെ പുതിയ '15' ജലവൈദ്യുത പദ്ധതികൾ (149 MW) നടപ്പിലാക്കുവാനുമാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിട്ടിട്ടുള്ളത്.

കൂടാതെ 163 മെഗാവാട്ടിന്റെ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പിലാക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

ഇതിനുപുറമേ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് തുടങ്ങിയവയിൽനിന്നും വിവിധ ഉത്പാദന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സ്വകാര്യ സംരംഭകർ വഴിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിച്ച് നടപ്പിലാക്കിവരുന്നു.

സ്വകാര്യ മേഖലയുടെ സഹായത്തോടെ 'BOOT' അടിസ്ഥാനത്തിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ 30 വർഷത്തേയ്ക്ക് അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

20-ഓളം പീക്കൊ വൈദ്യുത പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ [Central Financial Assistance(CFA)] നടപ്പിലാക്കി.

ഉയരവ്യത്യാസം കുറഞ്ഞ നീരൊഴുക്കുകളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പുതിയ സാങ്കേതിക വിദ്യ – കൃത്രിമമായി ചുഴി സൃഷ്ടിച്ച് ടർബൈൻ കറക്കുക-പ്രകാരമുള്ള പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ -കാഞ്ഞിരംപാറ വാർഡിൽ 20 KW വരുന്ന പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി വരുന്നു. 2018 മേയ് മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഉയരവ്യത്യാസം തീരെ ആവശ്യമില്ലാത്ത തരത്തിലുള്ള കൈനറ്റിക് ടർബൈനുകൾ - വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തി ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്നവ, ഇവ വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന തരത്തിലുള്ളതാണ്. കെ.എസ്.ഇ.ബി.-യുടെ കക്കാട് വൈദ്യുത പദ്ധതിയുടെ ടെയിൽ റേസിൽ പരീക്ഷണാർത്ഥം സ്ഥാപിക്കുവാൻ എനർജി മാനേജ്മെന്റ് സെന്റർ നടപടികൾ എടുത്തു വരുന്നു.

ആഭ്യന്തര ഊർജ്ജ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് അനെർട്ട് വഴി സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതോത്പാദനത്തിന്റെ തോത് വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. വരുന്ന ഒരു വർഷം കൊണ്ട് 200 മെഗാ വാട്ട് എങ്കിലും സ്ഥാപിത ശേഷി ഉയർത്താൻ ലക്ഷ്യമിടുന്നു.

(ബി) 2018 ഫെബ്രുവരി 19-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 67.76 ദശലക്ഷം യൂണിറ്റാണ്. ഇതിൽ ആഭ്യന്തര ഉത്പാദനം 11.57 ദശലക്ഷം യൂണിറ്റാണ്. (ജലവൈദ്യുത നിലയങ്ങളിൽ നിന്നും 10.87 ദശലക്ഷം യൂണിറ്റും കാറ്റാടിപ്പാടങ്ങളിൽ നിന്നും 0.1959 ദശ ലക്ഷം യൂണിറ്റും, സൗരോർജ്ജത്തിൽ നിന്നും 0.3063 ദശലക്ഷം യൂണിറ്റും, കോജനറേഷൻ നിലയങ്ങളിൽ നിന്നും 0.1188 ദശലക്ഷം യൂണിറ്റുമാണ് ഉത്പാദിപ്പിക്കുന്നത്). ഇതിനുപുറമേ കേന്ദ്രവിഹിതമായും, ദീർഘകാല കരാറുകൾ അനുസരിച്ചും, ഡീവിയേഷൻ അക്കൗണ്ട് വഴിയും, ഉപഭോക്താക്കൾ നേരിട്ട് പവർ എക്സ്ചേഞ്ചിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുമുൾപ്പെടെ ഏകദേശം 56.2 ദശലക്ഷം യൂണിറ്റ് വൈദ്യുതി കൂടി ലഭ്യമാക്കിയാണ് കേരളത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്.

(സി) BDFOO പ്രകാരം 1150 മെഗാവാട്ട് വൈദ്യുതി പുറത്തുനിന്നു വാങ്ങുന്നതിനുള്ള ഉടമ്പടിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ പവർ എക്സ്ചേഞ്ചിൽ നിന്നും ആവശ്യാനുസരണം വൈദ്യുതി ക്രയവിക്രയം നടത്തിയാണ് താങ്ങാവുന്ന വിലയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നത്.

വൈദ്യുതിയുടെ ഉത്പാദനച്ചെലവ് പരമാവധി കുറയ്ക്കുന്നതിനായി വിലകൂടിയ ദ്രവീകൃത ഇന്ധനം ഉപയോഗിക്കുന്ന താപനിലയങ്ങളിൽ നിന്നുള്ള ഉത്പാദനം അവശ്യ സന്ദർഭങ്ങളിൽ മാത്രം നടത്തിയും കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്ന ദീർഘകാല കരാറുകളിൽ ഏർപ്പെട്ടും, മാർക്കറ്റിൽ കുറഞ്ഞ വിലയിൽ വൈദ്യുതി ലഭ്യമാക്കുന്ന അവസരങ്ങളിൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉത്പാദനം മറ്റു സമയങ്ങളിലേയ്ക്ക് ക്രമീകരിച്ചും താങ്ങാവുന്ന വിലയ്ക്ക് ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനായി ശ്രമിക്കുന്നു.

(ഡി) നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

കാറ്റിൽ നിന്നും സംസ്ഥാനത്ത്, കെ.എസ്.ഇ.ബി.എൽ-ന്റെ 6.125 MW-ന്റെ 3 പദ്ധതികളും, കാറ്റാടിപ്പാടങ്ങളിൽ നിന്നും, ടെൻഡർവഴി 200 MW-ഉം NHPC വഴി ആകെ 8MW-ഉം, 3 സ്വകാര്യ സംരംഭകർ വഴി 27MW-ഉം നടപ്പിൽ വരുത്തുവാൻ ലക്ഷ്യമിടുന്നു. വിശദാംശങ്ങൾ അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു. *

## ഓളിക്കൽ-പൂവാറൻതോട് പദ്ധതിയുടെ നഷ്ടപരിഹാരം

181 (511) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഓളിക്കൽ-പൂവാറൻതോട് ചെറുകിട ജലവൈദ്യുത പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുത്തവരുടെ നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) നഷ്ട പരിഹാരം അടിയന്തരമായി വിതരണം ചെയ്യുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ഓളിക്കൽ-പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുവേണ്ടി ഇതുവരെ ഏറ്റെടുത്തിട്ടുള്ള മുഴുവൻ സ്വകാര്യ ഭൂമിയുടെ നഷ്ടപരിഹാരം എല്ലാ ഉടമകൾക്കും നൽകിയിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിക്ക് ഇനി നഷ്ടപരിഹാരം ഒന്നും തന്നെ നൽകാനില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതിക്കാവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി പദ്ധതി ഉടനെ ടെണ്ടർ ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കാസർഗോഡ് ജില്ലയിലെ സൗരോർജ്ജ പദ്ധതി**

182 (512) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ടി പദ്ധതികളുടെ ആകെ എസ്റ്റിമേറ്റ് തുക എത്രയെന്നും ഇതിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇതുവരെയായി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ സൗരോർജ്ജ പദ്ധതികൾ വഴി 200 MW വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ 24-10-2017-ലെ സ.ഉ.(കൈ)353/2017/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 836 ഏക്കർ ഭൂമി തിരിച്ചെടുത്തതിനാൽ അമ്പലത്തറയിൽ 50 MW സോളാർ പ്ലാന്റുകൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിനായി 307.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 200 MW സൗരോർജ്ജ പദ്ധതികൾക്ക് ആകെ 1000 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 119.7512 കോടി രൂപ അടിസ്ഥാന വികസന സൗകര്യത്തിനാണ്.

കാസർഗോഡ് ജില്ലയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മൂന്ന് സ്കൂളുകളിൽ 195 KWP (ആകെ) സ്ഥാപിതശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ജോലിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിലേയ്ക്കുവേണ്ടി പഞ്ചായത്ത് 1.5 കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.

(ബി) 20-2-2018 വരെ 48.749 മില്യൻ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

## കൂടംകുളത്തുനിന്നുള്ള 400 കെ. വി. ലൈനിന്റെ നിർമ്മാണം

183 (513) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം വൈദ്യുതി നിലയത്തിൽ നിന്നും തൃശ്ശൂരിൽ വൈദ്യുതി എത്തിക്കുന്നതിനായി നിർമ്മിക്കുന്ന 400 കെ. വി. ലൈനിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി എത്ര ഏക്കർ ഭൂമിയാണ് അടയാളപ്പെടുത്തി നൽകിയിട്ടുള്ളത്; വീടും, ഭൂമിയും നഷ്ടപ്പെടുന്നവർക്ക് നൽകുന്ന പാക്കേജിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അലൈൻമെന്റിന് പകരം ലൈൻ തോട്ടങ്ങളിലൂടെയാക്കിയാൽ നഷ്ടപരിഹാരം നൽകേണ്ട തുകയിൽ ഗണ്യമായ കുറവുണ്ടാവുകയും ജനങ്ങൾക്ക് താരതമ്യേന കുറവ് ഭൂമി മാത്രം നഷ്ടമാവുകയും ചെയ്യുമെന്നിരിക്കേ, ഇതിന്റെ സാധ്യതപോലും പരിശോധിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പുതിയ ലൈനുകളുടെയും ടവറുകളുടെയും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് പവർഗ്രിഡ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്; ഇതിനു മുൻപായി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) കൂടംകുളം മുതൽ ഇടമൺ വരെയും, കൊച്ചി മുതൽ മാടക്കത്തറ വരെയുമുള്ള പവ്വർ ഹൈവേ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. ഇടമൺ മുതൽ കൊച്ചി വരെയുള്ള ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 148 കി.മീ. ദൈർഘ്യമുള്ള ടി ലൈൻ കടന്നു പോകുന്ന കൊല്ലം, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി ആകെ 447 ടവറുകൾ നിർമ്മിക്കാനുള്ളതിൽ 296 ടവറുകളുടെ ഫൗണ്ടേഷനുകളുടെ പണികളും 240 ലൊക്കേഷനുകളിൽ ഇറക്ഷൻ ജോലികളും 32 കി.മീ. ലൈൻ വലിക്കലും ഇതിനകം പൂർത്തിയായിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന ഇടമൺ-കൊച്ചി ലൈനിന്റെ 148 കി.മീ നീളത്തിൽ 16 മീ. ലൈൻ ഇടനാഴി ആണ് അടയാളപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 300-ഓളം ടവർ ലൊക്കേഷനിലെ ഏകദേശം 15 സെന്റ് വീതം ഭൂമിയും അടയാളപ്പെടുത്തിയിട്ടുണ്ട്. ലൈൻ കടന്നുപോകുന്ന ഇടങ്ങളിലെ ഭൂമിക്കും വിളകൾക്കും, വീടിനും നൽകുന്ന നഷ്ടപരിഹാര പാക്കേജ് ഗവൺമെന്റ് ഉത്തരവുകൾ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

1) ടവർ നിൽക്കുന്ന സ്ഥലത്ത് ഭൂമി വിലയുടെ 100 ശതമാനം (മൊത്തത്തിൽ ന്യായവിലയുടെ അഞ്ചിരട്ടിയിൽ കവിയാത്ത വിധം).

2) ലൈൻ കമ്പികൾ കടന്നുപോകുന്നതിന് നേരെ താഴെ 16 മീറ്റർ വീതിയിൽ വരുന്ന ഇടനാഴിയിൽ ന്യായവിലയുടെ 40 ശതമാനം എക്സ്ഗ്രേഷ്യയും കൂടാതെ അതാതിടങ്ങളിലെ ലൈനിന് ഭൂമിയിൽ നിന്നുള്ള ഉയരത്തിന് ആനുപാതികമായി ഡിസ്പ്ലേസ്മെന്റ് അലവൻസും നൽകുന്നതാണ്. (മൊത്തത്തിൽ ന്യായവിലയുടെ അഞ്ചിരട്ടിയിൽ കവിയാത്ത വിധം).

3) മുറിച്ച് മാറ്റേണ്ടിവരുന്ന വൃക്ഷങ്ങൾക്കും വിളകൾക്കും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം നൽകുന്നതാണ്.

4) ലൈനിന് താഴെവരുന്ന ഒഴിവാക്കാനാവാത്ത വീടുകൾക്ക് പ്രത്യേക പാക്കേജ് ആയി ഒരു ലക്ഷം രൂപ വീതം നൽകുന്നതാണ്. കൂടാതെ കേടുപാടുകൾ വരുന്ന വീടുകൾക്ക് പി.ഡബ്ല്യു.ഡി. മൂല്യ നിർണ്ണയപ്രകാരം നഷ്ടപരിഹാരം നൽകുന്നതാണ്.

(ബി) ഇടമൺ-കൊച്ചി പാതയ്ക്ക് വിശദമായ സാങ്കേതിക-സാമ്പത്തിക പഠനങ്ങൾ നടത്തിയതിന് ശേഷമാണ് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ ബദൽ മാർഗ്ഗങ്ങൾ പരിഗണനയിലില്ല.

(സി) നിർമ്മാണത്തിലിരിക്കുന്ന ഇടമൺ-കൊച്ചി ലൈൻ 2018 ഡിസംബറിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഈ ലൈനിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നില്ല. ടവർ നിൽക്കുന്ന സ്ഥലത്തിന്റെയും ഭൂവുടമകൾക്കും ലൈൻ കടന്നുപോകുന്നതിന്റെ തൊട്ടുതാഴെയുള്ള ഭൂമിയുടെ ഉടമകൾക്കും സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന രീതിയിൽ കോമ്പൻസേഷൻ കൊടുക്കുകയാണ് ചെയ്യുന്നത്.

**അൺ അലോക്കേറ്റഡ് വിഹിതം**

184 (514) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുത പദ്ധതികളിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചിരുന്ന അൺ അലോക്കേറ്റഡ് വിഹിതം പൂർണ്ണമായും പുനഃസ്ഥാപിച്ച് കിട്ടിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) 2014-15 മുതൽ കേരളത്തിന് അനുവദിച്ച അൺ അലോക്കേറ്റഡ് വിഹിതത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾ അനുസരിച്ച് അൺ അലോക്കേറ്റഡ് വിഹിതം ലഭിക്കുന്നുണ്ട്. 2014 മുതൽ കേരളത്തിന് അനുവദിച്ച അൺ അലോക്കേറ്റഡ് വിഹിതത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പ്രസരണ നഷ്ടം**

185 (515) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ബി) ഇതുവഴി പ്രസരണ നഷ്ടം ഏത്ര ശതമാനമായി കുറയ്ക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ (2011-2016) കാലത്ത് പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന്റെ ഭാഗമായി 48 സബ്സ്റ്റേഷനുകളും 647.88 കി.മീ. ലൈനുകളും നിർമ്മിച്ചു. 9 സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിച്ചു. വിവിധ ട്രാൻസ്ഫോർമറുകളുടെയും ലൈനുകളുടെയും ശേഷിയും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസരണ നഷ്ടത്തിന്റ പട്ടിക ചുവടെ ചേർത്തിരിക്കുന്നു:

| വർഷം | %പ്രസരണ നഷ്ടം |
|---|---|
| 2011-12 | 4.54 |
| 2012-13 | 4.44 |
| 2013-14 | 5.03 |
| 2014-15 | 4.49 |
| 2015-16 | 4.52 |

2011-12-ലെ 4.54% -ത്തിൽ നിന്ന് 2015-16- ലെ 4.52% -ത്തിലേക്ക് പ്രസരണ നഷ്ടം കുറച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി

186 (516) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കേന്ദ്രസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിൽ എത്ര പട്ടണങ്ങളിലാണ് പ്രസ്തുത പ്രവർത്തനം നടക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പുതിയ കേന്ദ്ര പദ്ധതിയായ ഐ.പി.ഡി.എസ്. മുഖേന ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ബോർഡ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ നവീകരണം, വോൾട്ടത വർദ്ധിപ്പിക്കൽ, ശേഷി വർദ്ധിപ്പിക്കൽ, പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, വോൾട്ടത വർദ്ധിപ്പിക്കൽ, വാഹകശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി ശേഷി കൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പ്രസരണ നഷ്ടം കുറച്ച് പ്രസരണ മേഖല മെച്ചപ്പെടുത്തുന്നതിനും, പ്രസരണ ശേഷി ഉയർത്തുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി വഴി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുകയും പുതിയ 400 കെ.വി. 220 കെ.വി. സബ്സ്റ്റേഷനുകളും 400/220/110 കെ.വി. ലൈനുകളും നിർമ്മിക്കുകയും ചെയ്യുന്നു.

വിതരണശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും, വിതരണ നഷ്ടം കുറയ്ക്കുന്നതിനുമായി പുതിയ 11 കെ.വി. ലൈനുകൾ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുക, നിലവിലുള്ള കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള കമ്പികൾ പകരമായി സ്ഥാപിക്കുക, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിലുൾപ്പെടുത്തി ചെയ്തു വരുന്നു. വൈദ്യുതി തടസങ്ങൾ കുറയ്ക്കാനായി മരച്ചില്ലകൾക്കിടയിലൂടെ കടന്നു പോകുന്ന വൈദ്യുതി കമ്പികൾ ABC(Aerial Bunched Cable) ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, പ്രതിഷ്ഠാപനങ്ങൾ (installation) നിശ്ചിത നിലവാരം (Standards) പാലിച്ചു കൊണ്ടാണ് സ്ഥാപിക്കുന്നതെന്ന് ഉറപ്പു വരുത്തുക എന്നീ നടപടികളും സ്വീകരിച്ചു വരുന്നു. ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ 3039 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും 3964 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3169 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ആക്കി മാറ്റുകയും 15.52 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും 1399 കി.മീ. എച്ച്.റ്റി ലൈൻ റീ കണ്ടക്ടറിംഗ്, 20726 കി.മീ. എൽ.റ്റി. ലൈൻ റീകണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്.

2021 ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപികരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS എന്നിവ പ്രസരണ, വിതരണ മേഖല ശക്തിപ്പെടുത്തി വിതരണ നഷ്ടം കുറച്ച് ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഇതിൽ പുതിയ സബ്സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള പ്രസരണ മേഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി പുതിയ 11 കെ.വി. ലൈനുകൾ, ഭൂഗർഭ കേബിളുകൾ, ABC കേബിളുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്നു. DDUGJY പദ്ധതിയിൽ ഗ്രാമപ്രദേശങ്ങളിലെ ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS എന്നിവയ്ക്ക് 60% തുക കേന്ദ്രഗ്രാന്റായി 4 തവണകളിലായി ലഭിക്കും. ഇതിൽ 2 ഗഡുക്കളായി ,

DDUGJY - 86.94 കോടി രൂപ

IPDS - 107.41 കോടി രൂപ എന്നിവ ലഭിച്ചിട്ടുണ്ട്.

(സി) DDUGJY പദ്ധതി കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലാണ് നടപ്പിലാക്കുന്നത്. 14 ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ മുഴുവനായി നടപ്പിലാക്കുന്നു.

IPDS പട്ടണ പ്രദേശങ്ങളിൽ മാത്രമാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ 63 ടൗണുകളിലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ഐ.പി.ഡി.എസ്. മുഖേന തിരുവനന്തപുരത്ത് 110 കെ.വി. മെഡിക്കൽ കോളേജ് സബ്സ്റ്റേഷനിൽ നിന്ന് വൈദ്യുതി ഭവനിലേയ്ക്കുള്ള 33 കെ.വി. ഭൂഗർഭ കേബിളിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 192 കി.മീ. സ്ഥാപിക്കുവാൻ പദ്ധതി ഇട്ടിരുന്നതിൽ ഇതുവരെ 11 കി.മീ സ്ഥാപിച്ചു കഴിഞ്ഞു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി

187 (517) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ ശൃംഖല ആധുനികവത്കരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി എത്തിക്കുമ്പോൾ ഉണ്ടാകുന്ന പ്രസരണ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഏത് രീതിയിലാണ് നികത്തുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി പ്രസരണ ശൃംഖല ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസരണ മേഖലയിൽ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ, കണ്ടെയനറൈസ്ഡ് സബ്സ്റ്റേഷനുകൾ, ഹൈബ്രിഡ് ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിച്ചുവരുന്നു.

ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതിനായി മോണോപോളുകൾ, വീതികുറഞ്ഞ നാരോബയ്സ് ടവറുകൾ, എന്നിവയും കപ്പാസിറ്റി കൂടിയ ന്യൂജനറേഷൻ കണ്ടക്ടറുകളും, പോളിമർ ഇൻസുലേറ്ററുകളും, ഉപയോഗിക്കുന്നുണ്ട്. ഇതുവഴി ലൈൻ വലിക്കുന്നതിന് ഇന്ന് നിലനിൽക്കുന്ന തടസ്സവും കാലതാമസവും ഒഴിവാക്കാവുന്നതാണ്. പരിസ്ഥിതിക്കുള്ള ആഘാതവും ഏറ്റവും കുറവാണ്. തെർമൽ ഇമേജറും LIDAR -ഉം, ഘടിപ്പിച്ചിട്ടുള്ള ഡ്രോണുകൾ ഉപയോഗിച്ച് ട്രാൻസ്മിഷൻ ലൈൻ കോറിഡോറുകളുടെ പരിശോധനകൾ നടത്തുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ബോർഡ് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം
2. നിലവിലുള്ള സബ്സ്റ്റേഷനുകളുടെ നവീകരണം
3. വോൾട്ടത വർദ്ധിപ്പിക്കൽ
4. ശേഷി വർദ്ധിപ്പിക്കൽ
5. പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ/വോൾട്ടത വർദ്ധിപ്പിക്കൽ
6. വാഹകശേഷി കൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുക

കൂടാതെ പ്രസരണ നഷ്ടം കുറച്ച്, പ്രസരണ മേഖല മെച്ചപ്പെടുത്തുന്നതിനും, പ്രസരണ ശേഷി ഉയർത്തുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി വഴി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുകയും, പുതിയ 400 കെ.വി., 220 കെ.വി. സബ്സ്റ്റേഷനുകളും 400/220/110 കെ.വി. ലൈനുകളും നിർമ്മിക്കുകയും ചെയ്യുന്നു.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി എത്തിക്കുമ്പോൾ ഉണ്ടാകുന്ന പ്രസരണ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനുള്ള ബദൽ മാർഗ്ഗം ആഭ്യന്തര വൈദ്യുതിയുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും ആഭ്യന്തര പ്രസരണ ശൃംഖല വികസിപ്പിക്കലുമാണ്. ആഭ്യന്തര താപവൈദ്യുത നിലയങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി കൊണ്ടു വരുമ്പോൾ ഉണ്ടാകുന്ന, പ്രസരണ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം തുലോം കുറവാണ്. ചെലവു കുറഞ്ഞ നിലയിൽ ആഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ജലവൈദ്യുതി പദ്ധതികൾ അടക്കം വിവിധ മേഖലകളിൽ ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ആഭ്യന്തര പ്രസരണ ശൃംഖല വികസിപ്പിക്കുന്നതിനായി ബൃഹത് പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ മറ്റു സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി കൊണ്ടുവരുന്നതിനായി 2000 MW -ന്റെ HVDC ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. HVAC -യിൽ നിന്നും HVDC യിലേയ്ക്ക് മാറുമ്പോൾതന്നെ പ്രസരണ നഷ്ടം ഗണ്യമായി കുറയുന്നതാണ്.

## തമ്പലമണ്ണ സബ്സ്റ്റേഷന്റെ ശേഷി ഉയർത്തൽ

188 (518) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമ്പലമണ്ണ 33 KV സബ്സ്റ്റേഷൻ 110KV ആയി ഉയർത്തുന്നതിന് ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 33 കെ.വി. തമ്പലമണ്ണ സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിന് 10-11-2017-ൽ ബോർഡ് ഉത്തരവ് നമ്പർ B.O(FTD) No.2813/2017(DT&SO)/T3/33 KV Thambalamanna Upgrdn to 110 KV/17-18 പ്രകാരം 33.25 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി 2019 മാർച്ച് - ഓടെ കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

## ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ഭരണാനുമതി

189 (519) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച തുകയിൽ അവശേഷിക്കുന്ന സംഖ്യ ഉപയോഗിച്ച് മണ്ഡലത്തിലെ നാല് സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഒരു പദ്ധതിയിൽ ചെലവഴിക്കപ്പെടാത്ത തുകയ്ക്ക് മറ്റു പദ്ധതികൾ നിർദ്ദേശിക്കാൻ നിയമാനുസൃതമായി കഴിയുമോ എന്നത് പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വൈദ്യുതിക്ക് അധിക ഉപയോഗ ചാർജ്ജ്

190(520) ശ്രീ. ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ, പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക മേഖലയിൽപ്പെട്ട പാവപ്പെട്ട ജനങ്ങളുടെ ജലനിധി കുടിവെള്ള പദ്ധതികളായ നർമ്മദ, പാലരുവി, ചിക്ലായി കുടിവെള്ള പദ്ധതികളിലെ വൈദ്യുതി അധിക ഉപയോഗ ചാർജ്ജായി വലിയസംഖ്യ ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യമായി മാസ വൈദ്യുതി ചാർജ്ജ് അടച്ചുവരുന്ന പ്രസ്തുത കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കുടിശ്ശിക ഒഴിവാക്കുന്നതിനും, വൈദ്യുതി തുടർന്നും ലഭിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതികളിൽ ഗാർഹികേതരാവശ്യങ്ങൾക്കായി കുടിവെള്ളമുപ യോഗിക്കുന്നതായി കണ്ടെത്തിയതിനാൽ തേനരുവി-നർമ്മദ പദ്ധതിക്ക് 4,97,950 രൂപയുടെയും ചിക്ലായി പദ്ധതിക്ക് 6,92,125 രൂപയുടെയും അധിക ബിൽ നൽകിയിരുന്നു. ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രസ്തുത ബില്ലുകൾ രണ്ട് വർഷത്തേയ്ക്കായി നിജപ്പെടുത്തി തേനരുവി-നർമ്മദ പദ്ധതിക്ക് 1,98,710 രൂപയായും ചിക്ലായി പദ്ധതിക്ക് 2,43,272 രൂപയായും കുറവ് ചെയ്ത് നൽകിയിട്ടുണ്ട്.

തേനരുവി -നർമ്മദ ജലനിധി അതിരപ്പിള്ളി, ചിക്ലായി ജലനിധി അതിരപ്പിള്ളി സെക്രട്ടറിയുടെ അധിക ബിൽ ഒഴിവാക്കുന്നതിനായുള്ള അപേക്ഷ ലഭിച്ചതിനെത്തുടർന്ന് ബോർഡിന്റെ നിർദ്ദേശപ്രകാരം ഇരിങ്ങാലക്കുട ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഹിയറിംഗ് നടത്തി റിപ്പോർട്ട് നൽകിയിരുന്നു. ഗാർഹികാവശ്യത്തിന് മാത്രം വെള്ളം ഉപയോഗിക്കുന്ന കുടിവെള്ള പദ്ധതികളെ ഗാർഹിക താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു മാസത്തെ മൊത്തം ഉപഭോഗത്തെ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളുടെ സംഖ്യകൊണ്ട് ഹരിച്ച് കിട്ടുന്ന ശരാശരി ഉപഭോഗത്തിന്റെ സ്ലാബിൽ വൈദ്യുതി ചാർജ്ജ് നിർണ്ണയിച്ച് അതിനെ ഉപഭോക്താക്കളുടെ സംഖ്യകൊണ്ട് ഗുണിച്ചാണ് പ്രസ്തുത പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നത്. പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിക്കുകയുണ്ടായി. ഗാർഹി കേതരാവശ്യങ്ങൾക്കായി കുടിവെള്ളമുപയോഗിച്ചതിനാലാണ് പ്രസ്തുത ബില്ലുകൾ നൽകിയത്.

പ്രസ്തുത കുടിവെള്ള പദ്ധതികളുടെ സർവ്വീസ് കണക്ഷനുകൾ വിച്ഛേദിച്ചിട്ടില്ല.

## വൈദ്യുതി ഉപഭോഗം

191 (521) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഇപ്പോൾ ഈടാക്കുന്ന വൈദ്യുതി നിരക്കിന്റെ ഇനം തിരിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്ന വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ലാഭത്തിലാക്കുന്നതിന് നിരക്ക് പരിഷ്കരണം എന്ന ഉപാധിയല്ലാതെ ചെലവ് കുറയ്ക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്ന് ഇപ്പോൾ ഈടാക്കുന്ന വൈദ്യുതി നിരക്കിന്റെ ഇനം തിരിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. 2018-2019 സാമ്പത്തിക വർഷം മുതൽ 2021-2022 സാമ്പത്തിക വർഷം വരെയുള്ള നാല് വർഷത്തേയ്ക്ക് ഒന്നിച്ച് താരിഫ് നിർണ്ണയിക്കുന്നതിനുള്ള 'ഡ്രാഫ്റ്റ് ' റെഗുലേഷൻ കമ്മീഷൻ പ്രസിദ്ധീകരിക്കുകയും അതിനുമേൽ പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തുകഴിഞ്ഞു. എന്നാൽ അന്തിമമായ റെഗുലേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ലാഭത്തിലാക്കുന്നതിന് നിരക്ക് പരിഷ്കരണം എന്ന ഉപാധിയല്ലാതെ ചെലവ് കുറയ്ക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(i) മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നതാണ്.

(ii) കെ.എസ്.ഇ.ബി. യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്ത് വരുമാനം കൂട്ടിയും ഉപഭോക്താവിന് ഗുണകരമായ രീതിയിൽ പ്രവർത്തിക്കുന്നതാണ്.

(iii) കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച് 'ഉദയ' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C-Loss -ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.

(iv) മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുവാനാണ് ശ്രമിക്കുന്നത്.

കൂടാതെ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട ഏകദേശം 1400 കോടി രൂപ സമയബന്ധിതമായി ലഭ്യമായാൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി ഗണ്യമായി മെച്ചപ്പെടുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

192 (522) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ;

(ബി) വീണ്ടും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു തവണ വൈദ്യുതി ചാർജജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 2014-ലെ താരിഫ് വർദ്ധനയ്ക്ക് ശേഷം 18-4-2017 മുതലാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 17-4-2017-ൽ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് ഓർഡർ പ്രകാരമാണ് കെ.എസ്.ഇ.ബി.എൽ. നിരക്ക് വർദ്ധന നടത്തിയത്.

(ബി) വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനോ കുറയ്ക്കുന്നതിനോ കെ.എസ്.ഇ.ബി. ലിമിറ്റഡിനോ സംസ്ഥാന സർക്കാരിനോ അധികാരമില്ല. വൈദ്യുതി ബോർഡിന്റെയും മറ്റു വൈദ്യുതി യൂട്ടിലിറ്റികളുടെയും വാർഷിക വരവുചെലവു കണക്കുകൾ പരിശോധിച്ചാണ് റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. ഇക്കാര്യത്തിൽ നിലവിൽ എന്തെങ്കിലും തീരുമാനമുണ്ടയിട്ടില്ല.

## ദേവികുളം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

193 (523) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എത്ര കുടുംബങ്ങൾക്ക് ആണ് വൈദ്യുതി കണക്ഷൻ ലഭ്യമായതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ദേവികുളം നിയോജക മണ്ഡലത്തിൽ 4085 കുടുംബങ്ങൾക്കാണ് വൈദ്യുതി കണക്ഷൻ നൽകിയത്.

(ബി) ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | കണക്ഷൻ |
|---|---|---|
| 1 | അടിമാലി | 548 |
| 2 | ബൈസൺവാലി | 231 |
| 3 | ചിന്നക്കനാൽ | 351 |
| 4 | ഇടമലക്കുടി | 553 |
| 5 | കാന്തല്ലൂർ | 498 |
| 6 | കുമളി | 1 |
| 7 | മാങ്കുളം | 619 |
| 8 | മറയൂർ | 506 |
| 9 | മൂന്നാർ | 138 |
| 10 | പള്ളിവാസൽ | 109 |
| 11 | രാജാക്കാട് | 2 |
| 12 | രാജകുമാരി | 2 |
| 13 | ശാന്തൻപാറ | 7 |
| 14 | വട്ടവട | 316 |
| 15 | വെള്ളത്തൂവൽ | 204 |
| | ആകെ | 4085 |

## സമ്പൂർണ്ണ വൈദ്യുതിവൽക്കരണം

194 (524) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമ്പൂർണ്ണ വൈദ്യുതിവൽക്കരണത്തിനായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് തുക അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ 2011 മുതൽ ഓരോ വർഷവും അനുവദിച്ച തുകയും, ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ?

### ഉത്തരം

ഉണ്ട്. ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.)-യിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ വൈദ്യുതീകരണത്തോടനുബന്ധിച്ചുള്ള പ്രവൃത്തികൾ പൂർത്തിയാക്കാനായി 46.002 കോടി രൂപ ചെലവഴിച്ചു. 2016-17- ൽ ഡി.ഡി.യു.ജെ.ജി.വൈ. പദ്ധതിക്ക് മൊത്തമായി ലഭിച്ച 86.9328 കോടി രൂപയിൽ നിന്നാണ് പ്രസ്തുത 46.002 കോടി സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾക്ക് ചെലവഴിച്ചത്.

2005-ൽ കേന്ദ്രസർക്കാർ ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിപ്രകാരം 2011 മുതൽ ലഭിച്ച തുകയും ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | ലഭിച്ച തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | 2011-12 | - | 2167.156 |
| 2 | 2012-13 | 5589.589 | 2444.664 |
| 3 | 2013-14 | 2327.038 | 5814.118 |
| 4 | 2014-15 | 1714.567 | 4719.188 |
| 5 | 2015-16 | - | 6571.203 |
| 6 | 2016-17 | 5078.45 | - |
| | ആകെ | 14709.64 | 21716.391 |

2005-2011 കാലയളവ് വരെ ആകെ 4844.124 ലക്ഷം രൂപ RGGVY പദ്ധതിക്കുവേണ്ടി ലഭിക്കുകയും 2043.83 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

2016-17 വർഷത്തിലെ സമ്പൂർണ്ണ വൈദ്യുതിവൽക്കരണത്തിനായി MP ഫണ്ടിൽ നിന്നും 15 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്.

## സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം

195 (525) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുത ഉപഭോഗം എത്ര എന്നും ഉല്പാദനം എത്ര എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കർഷകർ ഉൾപ്പെടെ ആർക്കെല്ലാം വൈദ്യുതി ഉപഭോഗത്തിന് ആനുകൂല്യങ്ങൾ നൽകുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ വൈദ്യുത ഉപഭോക്താക്കൾക്കായി വൈദ്യുതി നൽകുന്നതിനായി കാറ്റിലൂടെ ഉല്പാദനം/ സൗരോർജ്ജ പദ്ധതി തുടങ്ങി മറ്റു സ്രോതസ്സുകളെ ആശ്രയിക്കേണ്ട ആവശ്യകത സർക്കാർ പരിശോധിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ജലവൈദ്യുത പദ്ധതിയുൾപ്പെടെ മറ്റു സമാന പദ്ധതികളും വിലയിരുത്തി ലാഭകരമായ മറ്റു പദ്ധതികൾ നടപ്പിലാക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2018 ഫെബ്രുവരി 19-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 67.76 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉത്പാദനം 11.57 ദശലക്ഷം യൂണിറ്റാണ്. ജലവൈദ്യുത നിലയങ്ങളിൽ നിന്നും 10.87 ദശലക്ഷം യൂണിറ്റും, കാറ്റാടിപ്പാടങ്ങളിൽ നിന്നും 0.1959 ദശലക്ഷം യൂണിറ്റും സൗരോർജ്ജത്തിൽ നിന്നും 0.3063 ദശലക്ഷം യൂണിറ്റും, ചെറുകിട വൈദ്യുതി നിലയങ്ങളിൽ നിന്നും 0.0818 ദശലക്ഷം യൂണിറ്റും കോ-ജനറേഷൻ നിലയങ്ങളിൽ നിന്നും 0.1188 ദശലക്ഷം യൂണിറ്റുമാണ് ഉത്പാദിപ്പിക്കുന്നത്.

(ബി) കാർഷിക ഗാർഹിക ഉപഭോക്താക്കളിലെ ചുവടെ ചേർത്തിരിക്കുന്ന ദുർബല വിഭാഗങ്ങൾക്കാണ് സർക്കാർ സബ്സിഡി അനുവദിക്കുന്നത്:

1. ഗാർഹിക ഉപഭോക്താക്കളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 1000 വാട്സിന് താഴെ കണക്റ്റഡ് ലോഡും പ്രതിമാസം 40 യൂണിറ്റിൽ താഴെ ഉപഭോഗം ഉള്ളവർക്ക് പ്രതിമാസം ഫിക്സഡ് ചാർജ്ജ് (20 രൂപ) ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ യൂണിറ്റിന് 35 പൈസ സബ്സിഡിയായി നൽകുന്നുണ്ട്.

2. പ്രതിമാസം 120 യൂണിറ്റുവരെ ഉപയോഗിക്കുന്നവർക്ക് യൂണിറ്റിന് 50 പൈസ സബ്സിഡി നൽകുന്നുണ്ട്.

3. ജീവൻ രക്ഷാ ഉപകരണങ്ങൾ (ലൈഫ് സപ്പോർട്ട് ) ഉപയോഗിക്കേണ്ടി വരുന്ന രോഗികൾക്ക് ഉപകരണങ്ങൾക്കുവേണ്ട വൈദ്യുതി 100 യൂണിറ്റ് വരെ വൈദ്യുതി ബോർഡും ബാക്കി സർക്കാരും സൗജന്യമായി നൽകിവരുന്നു.

4. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ്, കാസർഗോഡ് താലൂക്കിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 250 യൂണിറ്റ് വരെ ഉപഭോഗമുള്ളവർക്ക് ആദ്യത്തെ 150 യൂണിറ്റ് വരെയുള്ള ഉപഭോഗത്തിന് 150 പൈസയാണ് വൈദ്യുതി നിരക്ക് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്.

5. കാർഷിക മേഖലയിൽ ഭക്ഷ്യവിളകളും പഴങ്ങളും പച്ചക്കറിയും കൃഷി ചെയ്യുന്നതിനും ഏലം, കാപ്പി, നാളികേരം, അടയ്ക്ക, കുരുമുളക്, ജാതിയ്ക്ക, ഗ്രാമ്പൂ, കൊക്കോ, വെറ്റില തുടങ്ങിയവ കൃഷി ചെയ്യുന്നതിനും വേണ്ട ജലസേചന പമ്പിംഗിന് യൂണിറ്റിന് 85 പൈസ നിരക്കിലും സബ്സിഡി നൽകുന്നുണ്ട്.

ഇത് കൂടാതെ ചിലയിനം വിളകളുടെ കൃഷിക്ക് കൃഷി വകുപ്പ് വൈദ്യുതി ചാർജ്ജ് നേരിട്ട് അടയ്ക്കുന്നുണ്ട്.

(സി) കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദനം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിൽ വൈദ്യുതി ബോർഡിന്റെ 2.025 മെഗാവാട്ട് ശേഷിയുള്ള പാലക്കാട് കഞ്ചിക്കോട്ടുള്ള കാറ്റാടിപ്പാടം ഉത്പാദനം നടത്തി വരുന്നു. ഇവയ്ക്ക് പുറമേ ആകെ 58.25 മെഗാവാട്ട് ശേഷിയുള്ള സ്വകാര്യ സംരംഭകരുടെ കാറ്റാടിപ്പാടങ്ങളും നിലവിലുണ്ട്.

6.125 മെഗാവാട്ട്-ന്റെ 3 പദ്ധതികൾ വൈദ്യുതി ബോർഡും, സംസ്ഥാനത്തു തന്നെയുള്ള കാറ്റാടിപ്പാടങ്ങളിൽ നിന്നും 200 മെഗാവാട്ട് ടെണ്ടർ വഴിയും 27 മെഗാവാട്ട് 3 സ്വകാര്യ സംരംഭകർ വഴിയും കൂടാതെ എൻ.എച്ച്. പി.സി. വഴി ആകെ 8 മെഗാവാട്ടും നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സൗരോർജ്ജ പദ്ധതി വഴി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കിയതിന്റെ ഭാഗമായി അനെർട്ട് വഴി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. സോളാർ കണക്ടഡ് (വൈദ്യുത ശൃംഖലാ ബന്ധിതം)

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗം കഴിഞ്ഞ് അധികം വരുന്നത് വൈദ്യുത വിതരണ കമ്പനികളുടെ ലൈനിലേക്ക് നൽകുന്ന പദ്ധതിയാണിത്. ഇത് ഗാർഹികവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡിയോടുകൂടിയും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് സബ്സിഡിയില്ലാതെയും നടത്തി വരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 8 മെഗാവാട്ടിൽ അധികം സ്ഥാപിതശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2017-2018 വർഷം 10 മെഗാവാട്ടിനുള്ള അനുമതി ലഭിച്ചതനുസരിച്ച് നാളിതുവരെ ഏകദേശം 2 മെഗാവാട്ട് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുവാനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടന്നുവരികയാണ്.

2. സോളാർ ഓഫ്ഗ്രിഡ് പ്രോഗ്രാം(ബാറ്ററി ബാക്ക് അപ്പ് ഓടുകൂടിയത്)

വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്ത പദ്ധതിയാണിത്. മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ബാറ്ററി ശേഷിയോടുകൂടി ഉപയോഗിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി 13 മെഗാവാട്ട് സ്ഥാപിതശേഷി ഇതുവരെ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 6.4 മെഗാവാട്ടാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ ഏകദേശം 4 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടപടികൾ നടന്നുവരികയാണ്.

3. RESCO (Renewabe Energy Service Company) Model

വൈദ്യുത പവർ പ്ലാന്റ് മേൽക്കൂരയിൽ സ്ഥാപിച്ച് കുറഞ്ഞ നിരക്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കുവാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു. 'ജ്യോതിസ്' എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര/സംസ്ഥാന സർക്കാർ കെട്ടിടങ്ങൾക്ക് മുതൽമുടക്കില്ലാതെ SECI എംപാനൽ ചെയ്തിരിക്കുന്ന ഏജൻസികൾ മുഖേന 50 കിലോവാട്ട് മുതൽ സോളാർ പാനലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വൈദ്യുത ഉത്പാദനത്തിന് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പദ്ധതികൾ അനെർട്ട് നടപ്പിലാക്കി വരുന്നു. കെ.എസ്.ഇ.ബി.എൽ. വഴി സർക്കാർ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള ഒരു പദ്ധതിക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് സൗരോർജ്ജ പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി. മായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

(ഡി) താങ്ങാവുന്ന നിരക്കിൽ എല്ലാവർക്കും വൈദ്യുതി എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ പശ്ചാത്തലത്തിൽ വൈദ്യുതിയുടെ ഉത്പാദന വില പരമപ്രധാനമാണ്. സംഭരണ ശേഷി കൂടിയ ജല വൈദ്യുത പദ്ധതികളിൽ നിന്നാണ് സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ വിലയിൽ വൈദ്യുതി ഉത്പാദിപ്പിക്കാനാവുക. എന്നാൽ വനം പരിസ്ഥിതി കാരണങ്ങളാൽ വലിയ പദ്ധതികൾ നടപ്പിലാക്കാനാകാത്ത സാഹചര്യമുണ്ട്. ഇവയ്ക്ക് പുറമേ ആഭ്യന്തര ഉത്പാദനത്തിന് സംസ്ഥാനത്തിന് ആശ്രയിക്കാവുന്നത് കാറ്റ്, സൗരോർജ്ജം, ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങിയ നവീകരിക്കാവുന്ന സ്രോതസ്സുകളെയാണ്. ഇവയിൽ നിന്നുള്ള ഉത്പാദന വില താരതമ്യേന ഉയർന്ന താണെന്നറിയുമ്പോഴും ഇത്തരം വൈദ്യുതിയുടെ ലഭ്യത പരമാവധിയാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സാമ്പത്തിക സാധ്യതയുള്ള മറ്റു പദ്ധതികൾ വിലയിരുത്തി ലാഭകരമെന്ന് കണ്ടാൽ താപവൈദ്യുത പദ്ധതികൾ ഉൾപ്പെടെ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗ വർദ്ധനവ്

196 (526) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലം ആരംഭിച്ചതോടുകൂടി വൈദ്യുതി ഉപഭോഗം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉപഭോഗത്തിലെ വർദ്ധനയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ഉപഭോഗത്തിലെ വർദ്ധനവുമൂലം സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) ഉണ്ട്. വരുന്ന വേനൽക്കാലത്ത് സംസ്ഥാനത്തെ ഊർജ്ജ ഉപഭോഗം ഏകദേശം 4200-4300 മെഗാവാട്ട് ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. പ്രതിദിന പരമാവധി ഉപഭോഗം ഏകദേശം 82 ദശലക്ഷം യൂണിറ്റാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർദ്ധിച്ച ഉപഭോഗം നിറവേറ്റുന്നതിനായി കേന്ദ്രവിഹിതമായി 1679 മെഗാവാട്ടിന്റെയും, ദീർഘകാല കരാറിലൂടെ 1215 മെഗാവാട്ടിന്റെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇവയിൽ നിന്നും അന്തർ സംസ്ഥാന പ്രസരണ നഷ്ടവും അറ്റകുറ്റപ്പണിക്ക് നീക്കിവയ്ക്കുന്ന കപ്പാസിറ്റിയും കഴിച്ച് ശരാശരി ഏകദേശം 2500 മെഗാവാട്ടാണ് വേനൽക്കാലത്ത് ലഭ്യമാകുന്നത്. ഇവയിൽ നിന്നും പ്രതിദിനം ഏകദേശം 60 ദശലക്ഷം യൂണിറ്റ് ലഭ്യമാകും. കൂടാതെ ജലസംഭരണികളിൽ

20-2-2018-ലെ കണക്കുകൾ പ്രകാരം 2567.33 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള വെള്ളം സംഭരിച്ചിട്ടുണ്ട്. കരുതൽ ശേഖരം കഴിച്ച് പ്രതിദിനം 22 ദശലക്ഷം യൂണിറ്റ് വൈദ്യുതി ആഭ്യന്തരമായി ഉത്പാദിപ്പിക്കാൻ ഇതുവഴി കഴിയും. കെ.എസ്.ഇ.ബി. നിലയങ്ങളുടെ ആകെ ഉത്പാദന ശേഷിയിൽ ഉപയുക്തമാകുന്ന വൈദ്യുതിയുടെ ശേഷി 1600-1700 മെഗാവാട്ടാണ്.

ഇത് കൂടാതെ ഓരോ സമയത്തും ഉണ്ടാകുന്ന ആവശ്യം കൂടി കണക്കിലെടുത്ത് പവർ എക്സ്ചേഞ്ചിലൂടെ വൈദ്യുതി വാങ്ങുന്നതിനുള്ള സാധ്യതയും ഉപയോഗപ്പെടുത്തുന്നതാണ്. 2018 മാർച്ച് വരെ മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് ഹരിയാനയിൽ നിന്നും 100 മെഗാവാട്ട് വൈദ്യുതി രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെ ബാങ്കിംഗ് അടിസ്ഥാനത്തിൽ എത്തിക്കുന്നുണ്ട്. ബാങ്കിംഗ് അടിസ്ഥാനത്തിൽ 11/2017 മുതൽ 3/2018 വരെ വാങ്ങിയ വൈദ്യുതി 16-6-2018 മുതൽ 30-9-2018 വരെയുള്ള കാലയളവിൽ തിരിച്ചു നൽകേണ്ടതാണ്.

(ബി) ഇല്ല.

## വൈദ്യുതി മോഷണം

197 (527) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മോഷണത്തിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം നൽകുമോ;

(സി) 25-1-2016 മുതൽ 31-1-2018 വരെ വൈദ്യുതി മോഷണത്തിന് എത്ര രൂപ പിഴ ഈടാക്കിയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ അവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതിൽ എല്ലാ ജില്ലകളിലും പോലീസുകാർ കൂടി ഉൾപ്പെട്ട 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുവാനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ നിലവിലുണ്ട്. വൈദ്യുതി മോഷണം കൂടാതെ വൈദ്യുതി ഉപയോഗത്തിലെ ക്രമക്കേടുകൾ കൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ രാത്രികാല പരിശോധനകളും അവധിദിന പരിശോധനകളും ഫലപ്രദമായി നടത്തി കുറ്റക്കാരിൽ നിന്നും പിഴ ഈടാക്കി വരുന്നു.

വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് കണ്ടുപിടിക്കാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി മീറ്ററുകൾ സീൽ ചെയ്യുന്നുണ്ട്.

എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് ആവശ്യമായ ആധുനിക സംവിധാനങ്ങളുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

(ബി) വൈദ്യുതി മോഷണം പിടിക്കപ്പെട്ടാൽ മേൽ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിലേയ്ക്കായി കോമ്പൗണ്ടിംഗ്ഫീസ് ഈടാക്കുന്നുണ്ട്. കോമ്പൗണ്ടിംഗ് ഫീസ് അടയ്ക്കാൻ വിസമ്മതിക്കുന്ന ഉപഭോക്താക്കളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു (1) ഉപഭോക്താവിനെതിരെ വൈദ്യുതി മോഷണത്തിന് കേസ് രജിസ്റ്റർ ചെയ്യുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ശ്രീ. അനിൽ കുമാർ (കൺസ്യൂമർ നമ്പർ 4544), ഇടതുണ്ടിൽ വീട്, ചെമ്മക്കാട് എന്ന ഉപഭോക്താവിനെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിലേയ്ക്കായി കുണ്ടറ പോലീസ് സ്റ്റേഷനിൽ അപേക്ഷ നൽകിയിട്ടുണ്ട്. നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു.

(സി) 25-1-2016 മുതൽ 31-1-2018 വരെ വൈദ്യുതി മോഷണത്തിന് 3,11,95,051 രൂപ (മൂന്ന് കോടി പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അൻപത്തൊന്ന്) പിഴയായി ഈടാക്കിയിട്ടുണ്ട്.

## വൈദ്യുതി അപകടങ്ങൾ

198 (528) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾമൂലമുള്ള മരണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചുവരുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്;

(സി) പഴക്കംചെന്ന വൈദ്യുതിലൈനുകളും, ഉപകരണങ്ങളും മാറ്റുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ലൈനുകളുടെ അറ്റകുറ്റപ്പണിക്കായി വൈദ്യുതി ബോർഡിൽ പ്രത്യേക സംവിധാനം പ്രവർത്തിക്കുന്നുണ്ടോ;

(ഇ) ഈ മേഖലയിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുജനങ്ങളുടെ അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, എന്നിവ മൂലം വൈദ്യുതി പ്രവഹിക്കുന്ന ലൈനുകളിൽ വൈദ്യുതാഘാതമേറ്റ് അപകടങ്ങൾ സംഭവിക്കാറുണ്ട്. കൂടാതെ പ്രകൃതിക്ഷോഭത്തിൽ പൊട്ടി വീണ് കിടക്കുന്ന കമ്പിയിൽ നിന്നും വൈദ്യുതാഘാതമേറ്റും അപകടങ്ങൾ സംഭവിക്കാറുണ്ട്.

കൃത്യമായ സുരക്ഷാ മുൻകരുതലുകൾ കൂടാതെ ലൈനുകളിൽ പണിയെടുക്കുന്ന സ്ഥിരം ജീവനക്കാർക്കും, കരാർ തൊഴിലാളികൾക്കും, ഉയരത്തിൽ നിന്നും വീണതുമൂലവും, വൈദ്യുതാഘാതമേറ്റും അപകടങ്ങൾ സംഭവിക്കാറുണ്ട്.

(സി) വൈദ്യുതി അപകടങ്ങൾ ഇല്ലാതാക്കുന്നതിന് പൊട്ടി വീഴാൻ സാധ്യത കൂടിയ അലൂമിനിയം കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള അലൂമിനിയം സ്റ്റീലറീ ഇൻഫോഴ്സ്ഡ് കമ്പികൾ സ്ഥാപിക്കുക, ലൈനുകളും ട്രാൻസ്ഫോർമർ സ്റ്റേഷനുകളും നിശ്ചിത നിലവാരം പുലർത്തുന്നു എന്ന് ഉറപ്പു വരുത്തുക, കാലപ്പഴക്കം ചെന്നതും ജീർണ്ണിച്ചതുമായ തടി പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കുക, ശരിയായ രീതിയിൽ എർത്തിംഗ് നടത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക തുടങ്ങിയ പ്രവൃത്തികൾ വാർഷിക പദ്ധതികളിലുൾപ്പെടുത്തി ചെയ്തു വരുന്നു.

(ഡി) അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും മറ്റുമായി എല്ലാ സെക്ഷനുകളിലും ഒരു സബ് എഞ്ചിനീയർ, 2 ഓവർസിയർ, 2 ലൈൻമാൻ, 4 ഇലക്ട്രിസിറ്റി വർക്കർ എന്നിവർ ഉൾപ്പെടുന്ന ഒരു പ്രത്യേക വിഭാഗം (മെയിന്റനൻസ് & ക്യാപിറ്റൽ വർക്ക് വിഭാഗം) പ്രവർത്തിക്കുന്നുണ്ട്.

(ഇ) അടിയന്തര സാഹചര്യങ്ങളിൽ വൈദ്യുത തകരാറുകൾ പരിഹരിക്കുന്നതിലേക്കായും സമയബന്ധിതമായി അപകട സാഹചര്യങ്ങൾ ഒഴിവാക്കി വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുന്നതിലേയ്ക്കും വൃക്ഷ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതടക്കമുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതിലേയ്ക്കും ചില സാഹചര്യങ്ങളിൽ വർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന കരാറുകാരന് കരാർ പത്രം നൽകി ടിയാൻ ആയതിലേയ്ക്കായി നിയോഗിക്കുന്ന ജോലിക്കാർ മുഖാന്തരം കരാർ ജോലികൾ നൽകാറുണ്ട്.

## വഴിവിളക്ക് പദ്ധതി

199 (529) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ച് കോതമംഗലം മണ്ഡലത്തിൽ ഭൂതത്താൻകെട്ട് മുതൽ വടാട്ടുപാറ മീരാൻ സിറ്റിവരെ ലൈൻ വലിച്ച് വഴിവിളക്കിടുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തതിന്റെ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(സി) കാട്ടാനയടക്കമുള്ള വന്യ മൃഗശല്യം രൂക്ഷമായ പ്രസ്തുത പ്രദേശത്ത് എത്രയും വേഗത്തിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഭൂതത്താൻ കെട്ട് മുതൽ വടാട്ടുപാറ മീരാൻ സിറ്റി വരെ വൈദ്യുതി ലൈൻ വലിച്ച് വഴിവിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തി ലെജിസ്ലേറ്റീവ് അസംബ്ലി കോൺസ്റ്റിറ്റ്യൂൻസി അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മൊബിലൈസേഷൻ അഡ്വാൻസായി എസ്റ്റിമേറ്റ് തുകയുടെ 20% ആയ 5 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് 22-2-2018-ലെ ജി.ഒ (ആർ.റ്റി.)നമ്പർ 36/18/ഊ.വ പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്

200 (530) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി നോർത്ത്, വള്ളുവമ്പ്രം, കിഴിശ്ശേരി, എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി.-യുടെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(സി) പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. എന്നാൽ ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണ മേഖലയിൽ നിലവിലുള്ള നിലയിലുള്ള സെക്ഷൻ ഓഫീസുകൾ പുതുതായി അനുവദിക്കുന്നത് പുനഃപരിശോധിക്കുകയാണ്. കസ്റ്റമർ കെയർ സംവിധാനങ്ങൾ ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് ഫലപ്രദമായ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല.

**പോട്ടയിലും, കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ**

201 (531) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. എന്നാൽ ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണ മേഖലയിൽ നിലവിലുള്ള നിലയിലുള്ള സെക്ഷൻ

ഓഫീസുകൾ പുതുതായി അനുവദിക്കുന്നത് പുനഃപരിശോധിക്കുകയാണ്. കസ്റ്റമർ കെയർ സംവിധാനങ്ങൾ ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് ഫലപ്രദമായ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ആയതിനാൽ ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാട്ടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് നിർവ്വാഹമില്ല.

## തഴക്കരയിൽ വൈദ്യുത സെക്ഷൻ ഓഫീസ്

202 (532) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ തഴക്കരയിൽ വൈദ്യുത സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) തഴക്കര വൈദ്യുത സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. എന്നാൽ ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണ മേഖലയിൽ നിലവിലുള്ള നിലയിലുള്ള സെക്ഷൻ ഓഫീസുകൾ പുതുതായി അനുവദിക്കുന്നത് പുനഃപരിശോധിക്കുകയാണ്. കസ്റ്റമർ കെയർ സംവിധാനങ്ങൾ ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് ഫലപ്രദമായ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ആയതിനാൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ തഴക്കരയിൽ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്നത് പരിഗണിക്കാൻ നിർവ്വാഹമില്ല.

## സബ്സ്റ്റേഷൻ നിർമ്മാണം

203 (533) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കുളനട, മെഴുവേലി പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഈ പ്രദേശങ്ങളിൽ ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ ;

(ബി) സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പരിഗണിച്ച രാമൻചിറയിലെ സ്ഥലം ഈ പദ്ധതിക്ക് ഉചിതമായതാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പത്തനംതിട്ട ജില്ലയിലെ കുളനട, മെഴുവേലി പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കോട്ടയിൽ പ്രഭുറാം മിൽസിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതുതായി ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ആലംകോട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

204 (534) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ആലംകോട് കേന്ദ്രീകരിച്ച് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിലെ തടസ്സമെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്റർ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. എന്നാൽ ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണ മേഖലയിൽ നിലവിലുള്ള സെക്ഷൻ ഓഫീസ് പുതുതായി അനുവദിക്കുന്നത് പുനഃപരിശോധിക്കുകയാണ്. കസ്റ്റമർ കെയർ സംവിധാനങ്ങൾ ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് ഫലപ്രദമായ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽത്തന്നെ ആറ്റിങ്ങൽ മണ്ഡലത്തിലെ ആലംകോട് കേന്ദ്രീകരിച്ച് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല.

## മീളൂർ കേന്ദ്രമാക്കി 33 കെ.വി. സബ്സ്റ്റേഷൻ

205 (535) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, മീളൂർ കേന്ദ്രമാക്കി 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ നിലവിലുണ്ടോ; നടപടികൾ ഏതുവരെയായിയെന്ന് വിശദമാക്കാമോ;

(ബി) സബ്സ്റ്റേഷനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കെ.എസ്.ഇ.ബി.-ക്ക് കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽ മീളൂർ (കല്ലറ) കേന്ദ്രമാക്കി 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്.

പ്രസ്തുത സബ്സ്റ്റേഷനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള സ്ഥലം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിലാണ്. ആയത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പേരിൽ കൈമാറ്റം ചെയ്തു കിട്ടുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## മറയൂർ 33 കെ.വി. സബ്സ്റ്റേഷൻ

206 (536) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മറയൂർ 33 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്ന് പ്രസരണം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മറയൂരിൽ 33 കെ. വി. സബ്സ്റ്റേഷനുവേണ്ടി കണ്ടെത്തിയ സ്ഥലത്തുണ്ടായിരുന്ന മരങ്ങൾ വെട്ടിമാറ്റി സ്ഥലം നിരപ്പാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. മറ്റ് നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) 2019 ഡിസംബറോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## കെ.എസ്.ഇ.ബി.-യിലെ സബ് എഞ്ചീനിയർ നിയമനം

207 (537) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഐ.ടി.ഐ. ക്വാളിഫിക്കേഷൻ ഇല്ലാത്തതും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമയുള്ളതുമായ ഓവർസീയർമാർക്ക് സബ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമയില്ലാത്തതും എന്നാൽ എഞ്ചിനീയറിംഗ് ഡിഗ്രിയുള്ളവരുമായ എത്ര പേർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) മീറ്റർ റീഡർ തസ്തികയിൽ നിന്നും ഐ.ടി.ഐ. ക്വാളിഫിക്കേഷൻ ഇല്ലാത്തതും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമയുമുള്ള എത്ര പേർക്ക് സബ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;.

ഉത്തരം

(എ) നൽകിയിട്ടുണ്ട്. 28-12-1967-ലെ ബോർഡ് ഉത്തരവ് അനുസരിച്ചും (B.O.No.M.IV3600/67 Thiruvananthapuam dated, 28-12-1967) അതിനെ തുടർന്നുവന്ന 12-1-1971 (B.O.EB11-13667/70 dated 12-1-1971)-ലെ ബോർഡുത്തരവ് അനുസരിച്ചും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ യോഗ്യതയുള്ള ഓവർസീയർമാർ സബ് എഞ്ചിനീയർമാരായിട്ടുണ്ട്. എന്നാൽ 23-1-1981-ൽ (B.O.No.ARIII-36591/78 Trivandrum dated, 23-1-1981) പരിഷ്കരിച്ച് ബോർഡുത്തരവിൽ പ്രൊമോഷന് മാനദണ്ഡമായിപ്പറയുന്ന യോഗ്യതയിൽ ഡിപ്ലോമ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും, ബഹുമാനപ്പെട്ട ഹൈക്കോടതിയിലും, നിരവധി വ്യവഹാരങ്ങൾ ഉണ്ടായതിനെ തുടർന്ന് 30-7-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ (WA Nos.1004, 1094, 1100/2014 & 572/2015) അടിസ്ഥാനത്തിൽ പിന്നീട് നാളിതുവരെയുള്ള സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുകൾ എല്ലാതന്നെ ITI-യിൽ രണ്ടു വർഷത്തെ കോഴ്സ് പഠിച്ച (റെഗുലർ) ഓവർസിയർ (ഇലക്ട്രിക്കൽ) മാർക്ക് മാത്രമേ നൽകിയിട്ടുള്ളൂ. തുടർന്ന് 31-3-2017-ലെ

ബോർഡുത്തരവു പ്രകാരം ഓവർസിയറിൽ നിന്നും സബ് എഞ്ചിനീയർ പ്രൊമോഷനിലേയ്ക്ക് ഡിപ്ലോമക്കാരേയും ഉൾപ്പെടുത്തുകയുണ്ടായി. (എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C)No.16916/2007 dated 28-7-2009-ലെ ഉത്തരവ് അനുസരിച്ചും അതിനെത്തുടർന്ന് 16-6-2017-ലെ ബോർഡുത്തരവ് അനുസരിച്ചും ബോർഡിലെ ഓവർസിയറായിജോലി ചെയ്തിരുന്ന ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ യോഗ്യതയുള്ള ശ്രീ. സി. ജി. അജിക്ക് 04.07.2017-ലെ ഉത്തരവ് പ്രകാരം സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി പ്രൊമോഷൻ നൽകിയിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയനുസരിച്ച് ഈ ഉത്തരവ് ഇതിലെ ഹർജിക്കാരനായ ശ്രീ. സി. ജി. അജിയ്ക്കു മാത്രമാണ് ബാധകം)

(ബി) സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ ഇല്ലാത്തതും, എന്നാൽ എഞ്ചിനീയറിംഗ് ഡിഗ്രി ഉള്ളവരുമായ 24 പേർക്ക് 3/2004 മുതൽ 1/2018 വരെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകിയിട്ടുണ്ട്.

(സി) മീറ്റർ റീഡർ തസ്തികയിൽ നിന്നും ഐ.ടി.ഐ. ക്വാളിഫിക്കേഷൻ ഇല്ലാത്തതും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ ഉള്ളതുമായ 12 പേർക്ക് 07/2010-നും 02/2011-നും ഇടയ്ക്ക് സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ നിയമനം

208 (538) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്തിരുന്ന മസ്ദൂർ ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുന്നതിലേക്കായി പി.എസ്.സി. വഴി നടത്തിയ എഴുത്ത് പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകുവാനാകും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കാറ്റഗറി നമ്പർ 63/2017 ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ച "അർഹതാ നിർണ്ണയ " പരീക്ഷയുടെ യോഗ്യതകൾ താഴെപ്പറയുന്ന പ്രകാരമാണ്:

(1) നാലാം സ്റ്റാൻഡേർഡ് പാസ്സായിരിക്കേണ്ടതാണ്. പത്താം സ്റ്റാൻഡേർഡ് പാസ്സായവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ അവരുടെ അപേക്ഷയുടെ സ്വീകാര്യത ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) No.28758/2016(T)-യിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായിരിക്കും.

(2) ശാരീരിക ക്ഷമത:

(a) 5'2"(157.48 സെ.മീ.) ഉയരം ഉണ്ടായിരിക്കണം.

(b) കണ്ണടയില്ലാതെ സാധാരണ കാഴ്ച. വർണ്ണാന്ധത (colour blindness) ഉണ്ടായിരിക്കരുത്.

c) പുറം ജോലികൾ ചെയ്യാനുള്ള ശാരീരിക ക്ഷമത ഉണ്ടായിരിക്കണം

(ബി) നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡം B.O.No.1509/98 (Est.II/19027/87) dated 13-7-1998 പ്രകാരമാണ്. അവയിൽ പ്രതിപാദിച്ചിരിക്കുന്ന യോഗ്യതകൾ താഴെ പറയും പ്രകാരമാണ്:

ഉദ്യോഗാർത്ഥി നാലാം സ്റ്റാൻഡേർഡ് പാസ്സായിരിക്കുകയും പത്താം സ്റ്റാൻഡേർഡ് പാസ്സാകാതെയിരിക്കുകയും വേണം.

(1) സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

(2) ശാരീരിക ക്ഷമത

(i) പുരുഷന്മാർക്ക് 5'2" (157.48 സെ.മീ.) പൊക്കം ഉണ്ടായിരിക്കണം.

(ii) സ്ത്രീകൾക്ക് 4'9" പൊക്കം ഉണ്ടായിരിക്കണം.

(3) വർണ്ണാന്ധത (colour blindness) ഉണ്ടായിരിക്കരുത്.

(4) പുറം ജോലികൾ ചെയ്യാനുള്ള ശാരീരിക ക്ഷമത ഉണ്ടായിരിക്കണം

<u>കുറിപ്പ്</u>

(1) സ്ത്രീകളും ശാരീരിക വൈകല്യമുള്ളവരും (താഴെ പറയുന്നതിനും)(2) ആശ്രിത നിയമന വ്യവസ്ഥകൾ ഒഴിച്ച് ഈ തസ്തികയ്ക്ക് യോഗ്യരല്ല.

5% ഒഴിവുകൾ 3 വർഷത്തിൽ കുറയാത്ത കെ.എസ്.ഇ.ബി. ലിമിറ്റഡ് സർവ്വീസ് ഉള്ള പി.റ്റി.സി. വർക്കർമാർക്കായി മാറ്റി വയ്ക്കും.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി പെറ്റികോൺട്രാക്ട് വർക്കേഴ്സ് ആയി ജോലി ചെയ്ത/ജോലി ചെയ്തുവരുന്നവരെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ബഹുമാനപ്പെട്ട സുപ്രീംകോടതി എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിച്ച് മസ്ദൂർ തസ്തികയിൽ സ്ഥിരം നിയമനം നൽകുന്നതിലേയ്ക്കായി 1486 തസ്തികകളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ജില്ലാതലത്തിൽ ഇവർക്കായി നൽകേണ്ട നിയമനം, എണ്ണം എന്നിവ താഴെ പറയുന്ന പ്രകാരമാണ്:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 133 |
| 2 | കൊല്ലം | 111 |
| 3 | പത്തനംതിട്ട | 74 |
| 4 | ആലപ്പുഴ | 77 |
| 5 | കോട്ടയം | 109 |
| 6 | ഇടുക്കി | 42 |
| 7 | എറണാകുളം | 158 |
| 8 | തൃശ്ശൂർ | 188 |
| 9 | പാലക്കാട് | 130 |
| 10 | മലപ്പുറം | 135 |
| 11 | കോഴിക്കോട് | 112 |
| 12 | വയനാട് | 23 |
| 13 | കണ്ണൂർ | 142 |
| 14 | കാസർഗോഡ് | 52 |
| | ആകെ | 1486 |

## തൂക്കുപാലം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി

209 (539) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഹൈഡൽ ഇക്കോ ടൂറിസത്തിന്റെ ഭാഗമായി ഉരക്കുഴി ഭാഗത്ത് സ്ഥാപിച്ച തൂക്കുപാലം തുരുമ്പെടുത്ത് ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലബാറിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ കക്കയം ഉരക്കുഴി ഭാഗത്തെ ഉപയോഗശൂന്യമായ തൂക്കുപാലം മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കക്കയം ഉരക്കുഴി ഭാഗത്തെ തൂക്കുപാലം നിർമ്മിച്ചതും പരിപാലിക്കുന്നതും വനം-വന്യജീവി വകുപ്പായതിനാൽ ഇക്കാര്യം പ്രസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിലെ സാമ്പത്തിക പ്രതിസന്ധി

210 (540) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ പോലെ, കെ.എസ്.ഇ.ബി. ലിമിറ്റഡിലും സാമ്പത്തിക പ്രതിസന്ധിമൂലം പെൻഷനും മറ്റും മുടങ്ങുമെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഗാർഹിക, വ്യവസായ ഇനങ്ങളിൽ നിന്നും 31-1-2018 വരെ എത്ര കോടി രൂപ കറണ്ട് ചാർജ്ജ് കുടിശ്ശികയായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിക്കുവാനുണ്ടെന്ന കണക്ക് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) ഇതിൽ നാളുകളായി ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങളുടെയും, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും, മറ്റു സ്ഥാപനങ്ങളുടെയും പേര്, കുടിശ്ശിക തുക എന്നിവ സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കുടിശ്ശിക പിരിക്കുവാൻ നാളിതുവരെ കെ. എസ്. ഇ. ബി. ലിമിറ്റഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(ഇ) കുടിശ്ശിക വരുത്തിയ ഏതെങ്കിലും സ്ഥാപനങ്ങളുടെ വൈദ്യുതി കെ.എസ്.ഇ.ബി. ലിമിറ്റഡ് വിച്ഛേദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ പേര്, തീയതി എന്നിവ സഹിതം വിശദമാക്കാമോ?

ഉത്തരം

(എ) മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബോർഡ് കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട കൈമാറ്റ പദ്ധതി പ്രകാരം ജീവനക്കാരുടെ പെൻഷൻ ബാധ്യതകൾ നിറവേറ്റാനായി പെൻഷൻ ഫണ്ട് രൂപീകരിക്കാനും അതിനുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിഹിതവും സർക്കാരിന്റെ വിഹിതവും വാർഷിക അടിസ്ഥാനത്തിൽ നൽകാനും തീരുമാനിച്ചിരുന്നു. ഇപ്രകാരം 12-2-2015-ൽ മാസ്റ്റർ പെൻഷൻ ആക്ട് ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിക്കുകയും 1-1-2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുമുണ്ടായി. വൈദ്യുതി ബോർഡിൽ നിന്നും റിട്ടയർ ചെയ്ത മുഴുവൻ പെൻഷൻകാർക്കും മുടക്കം കൂടാതെ പെൻഷൻ നൽകിവരുന്നുണ്ട്. ഇതിനാവശ്യമായ തുക കെ.എസ്.ഇ.ബി.എൽ. മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് കൃത്യമായി നൽകുന്നുണ്ട്. മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് നൽകേണ്ട തുകയിൽ നിലനിൽക്കുന്ന കുടിശ്ശിക പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 31-1-2018-ലെ കുടിശ്ശിക സംബന്ധിച്ച വിവരം ക്രോഡീകരിക്കപ്പെട്ടിട്ടില്ല. 31-12-2017 വരെയുള്ള വൈദ്യുതി കുടിശ്ശിക 2441.22 കോടി രൂപയാണ്. കുടിശ്ശികയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| a) | സംസ്ഥാന സർക്കാർ വകുപ്പുകൾ | : | 109.09 കോടി രൂപ |
| b) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | : | 1424.91 കോടി രൂപ |
| c) | മറ്റു പൊതു സ്ഥാപനങ്ങൾ | : | 10.91 കോടി രൂപ |
| d) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | : | 1.02 കോടി രൂപ |
| e) | കേന്ദ്ര സർക്കാർ വകുപ്പുകൾ | : | 2.65 കോടി രൂപ |
| f) | കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | : | 15.74 കോടി രൂപ |
| g) | സ്വകാര്യ വ്യക്തികൾ | : | 320.62 കോടി രൂപ |
| h) | സ്വകാര്യ വൻകിട/ചെറുകിട സ്ഥാപനങ്ങൾ ഫ്ലാറ്റുകൾ, കെട്ടിട സമുച്ചയങ്ങൾ എന്നിവ | : | 550.28 കോടി രൂപ |
| | ആകെ | : | 2441.22 കോടി രൂപ |

(സി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| a. | പോലീസ് | - | 48.24 കോടി രൂപ |
| b. | കൃഷി | - | 9.02 കോടി രൂപ |
| c. | ആരോഗ്യം | - | 5.70 കോടി രൂപ |
| d. | കേരള വാട്ടർ അതോറിറ്റി (സംസ്ഥാന പൊതുമേഖലാസ്ഥാപനം) | - | 1219.33 കോടി രൂപ |
| e. | സ്വകാര്യ സ്ഥാപനങ്ങൾ (ചെറുകിട വൻകിട സ്ഥാപനങ്ങൾ) | - | 550.28 കോടി രൂപ |

മേൽ സൂചിപ്പിച്ചതിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിയാണ്.

(ഡി) കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം നോട്ടീസ് നൽകി അടവ് വരുത്തിയില്ലെങ്കിൽ വിച്ഛേദിക്കുകയും തുടർന്ന് ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുകൊണ്ട് പ്രസ്തുത തുക പിരിച്ചെടുക്കുവാനായി ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ /അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും ഇത് സംബന്ധിച്ചുള്ള നോട്ടീസ് നൽകി കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള ശ്രമം നടത്തി വരുന്നു.

റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിലൂടെയും കുടിശ്ശിക പിരിച്ചെടുക്കുവാൻ ശ്രമിക്കുന്നു. ഇതിനായി റവന്യൂ അധികാരികളുമായി ചേർന്നുകൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 'സ്റ്റേറ്റ് നോഡൽ ഓഫീസർ' വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

ഇതിനൊക്കെപ്പുറമേ 2017 മാർച്ച് മാസം അവസാനിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടിയും കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യങ്ങൾ ഫലപ്രദമായി നടത്തുന്നതിന് സാധിച്ചിട്ടുണ്ട്.

(ഇ) കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വൈദ്യുതി വിച്ഛേദിച്ചിട്ടുണ്ട്. പ്രധാന സ്ഥാപനങ്ങളുടെ കുടിശ്ശിക സംബന്ധിച്ചും കണക്ഷൻ വിച്ഛേദിച്ചോ ഇല്ലയോ എന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* നൽകിയിരിക്കുന്നു .

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ് ഇ.ബി. വാങ്ങുന്ന ട്രാൻസ്ഫോർമറുകൾ

211 (541) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ 2018 ജനുവരി 31 വരെയുള്ള കാലഘട്ടത്തിൽ ട്രാൻസ്ഫോർമർ പൊട്ടിത്തെറിച്ചുമൂലവും മറ്റും എത്ര ആൾക്കാർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; ഇതിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർ എത്ര; മറ്റുള്ള ആൾക്കാർ എത്ര; ഇതുമൂലം കെ.എസ്.ഇ.ബി.-ക്ക് ഉണ്ടായ നഷ്ടം ഇനം തിരിച്ച് വ്യക്തമാക്കുമോ; ഏതു സ്ഥലത്താണ് അപകടമെന്നും ആളുകളുടെ പേരും മറ്റും വിശദമായി വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ ട്രാൻസ്ഫോർമറുകൾ വാങ്ങുന്നത് പൊതുമേഖലാസ്ഥാപനമായ കെ.ഇ.എൽ. -ൽ നിന്നുമാണോ; വ്യക്തമാക്കുമോ; വേറെ എതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ട്രാൻസ്ഫോർമർ വാങ്ങുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം സ്വന്തമായി ട്രാൻസ്ഫോർമർ നിർമ്മിക്കാതെ മറ്റു പല കമ്പനികളിൽ നിന്നും വാങ്ങിയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ട്രാൻസ്ഫോർമറുകൾ നൽകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ഗുണനിലവാരമില്ലാത്ത വിവിധതരം ട്രാൻസ്ഫോർമറുകൾ വാങ്ങിക്കൂട്ടുകയാണെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(ഇ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിവിധ സ്റ്റോറുകളിൽ കെട്ടികിടക്കുന്ന പുതിയ ട്രാൻസ്ഫോർമറുകളുടെ എണ്ണവും അവയുടെ വിലയും ജില്ലാ അടിസ്ഥാനത്തിൽ ഇനംതിരിച്ച് സ്റ്റോറുകളുടെ പേരു സഹിതം വിശദമാക്കുമോ?

### ഉത്തരം

(എ) 2011 ജൂൺ മാസം മുതൽ 2018 ജനുവരി 31 വരെയുള്ള കാലഘട്ടത്തിൽ ട്രാൻസ്ഫോർമറുകൾ പൊട്ടിത്തെറിച്ചുമൂലം മറ്റും ആർക്കും തന്നെ ജീവഹാനി സംഭവിച്ചിട്ടില്ല. ആയതുകൊണ്ട് ഇതുമൂലം നഷ്ടപരിഹാര ഇനത്തിൽ യാതൊരു തുകയും ചെലവായിട്ടില്ല.

(ബി) കെ.ഇ.എൽ, കൊച്ചി, യൂണിപവർ സിസ്റ്റംസ്, കോട്ടയം, ട്രാൻസ്കോൺ ഇൻഡസ്ട്രീസ്, ഹൈദരാബാദ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്. കെ.ഇ.എൽ., കൊച്ചി, ഇ.സിഇ.

ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഹൈദരാബാദ്, അറ്റ്ലാന്റാ ഇലക്ട്രിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്, ഗുജറാത്ത്, ടെൽക്, അങ്കമാലി, ബി.എച്ച്.ഇ.എൽ, ഝാൻസി, വോൾട്ടാസ് ട്രാൻസ്ഫോർമേഴ്സ് ലിമിറ്റഡ്, ബറോഡ, റിമാ ട്രാൻസ്ഫോർമേഴ്സ് & കണ്ടക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ലൂർ, ഇൻഡോടെക് ട്രാൻസ്ഫോർമേഴ്സ് ലിമിറ്റഡ്, ചെന്നൈ എന്നീ സ്ഥാപപനങ്ങളിൽ നിന്നുമാണ് പവർ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്.

മത്സരസ്വഭാവമുള്ള ദർഘാസുകൾ മുഖേനയാണ് മേല്പറഞ്ഞ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്.

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ ടെണ്ടർ വ്യവസ്ഥകൾ അനുസരിച്ചേ ട്രാൻസ്ഫോർമറുകൾ വാങ്ങാറുള്ളൂ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ കമ്പനിയിൽ നിന്നും നേരിട്ട് ടി.എം.ആർ. സ്റ്റോറുകളിൽ എത്തിക്കുന്നു. പ്രസ്തുത ട്രാൻസ്ഫോർമറുകൾ ആവശ്യാനുസരണം വിവിധ ഓഫീസികളിൽ വിതരണം ചെയ്തു വരുന്നു. പവർ ട്രാൻസ്ഫോർമറുകൾ ആവശ്യാനുസരണം സബ്സ്റ്റേഷനുകളിൽ കമ്പനികൾ നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. പ്രസ്തുത രീതിയിൽ ട്രാൻസ്ഫോർമറുകൾ വാങ്ങുന്നതിനാൽ ഇവ കെട്ടികിടക്കാറില്ല.

**കെ.എസ്.ഇ.ബി. അക്കൗണ്ട്സ് ഓഫിസറുടെ സ്വയം വിരമിക്കൽ**

212 (542) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ പി.എ. ആയി കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ ഡെപ്യൂട്ടേഷനിൽ ജോലിനോക്കി വരുന്ന കെ.എസ്.ഇ.ബി. അക്കൗണ്ട്സ് ഓഫീസർ ശ്രീ. തോമസ് ജോർജ്ജ് എന്ന വ്യക്തി ശ്വാസകോശ ശസ്ത്രക്രിയയ്ക്ക് വിധേയനായതിനെ തുടർന്ന് ഡോക്ടർമാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റോടെയും എം.എൽ.എ.-യുടെ ശിപാർശകത്ത് സഹിതവും വോളന്ററിയായി വിരമിക്കാൻ 22-11-2017-ൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷയിൽ ബഹു. മന്ത്രി, കെ.എസ്.ഇ.ബി.ലിമിറ്റഡ് സി.എം.ഡി.-ക്ക് നൽകിയ ഉത്തരവ് എന്താണെന്ന് വ്യക്തമാക്കുമോ; ഈ ഉത്തരവിന്റെയും അപേക്ഷയുടെയും പകർപ്പ് (ബോർഡ് സെക്രട്ടേറിയറ്റ് ഫയൽ നമ്പർ Estt.IV/3172/2016) ലഭ്യമാക്കുമോ;

(ബി) വോളന്ററി റിട്ടയർമെന്റിന് അനുകൂലമായ ബഹു. വകുപ്പ് മന്ത്രിയുടെ ഉത്തരവ് ഉണ്ടായിട്ടും ബോർഡ് അധികൃതർ ടിയാൻ നിലവിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും കത്ത് മുഖാന്തരം എൻ.എൽ.സി. ആവശ്യപ്പെട്ടതിന്റെ മാനദണ്ഡം എന്തെന്നും, ഇങ്ങനെ എൻ.എൽ.സി. ആവശ്യപ്പെടുവാൻ കെ.എസ്.ഇ.ബി.-യുടെ ഏതെങ്കിലും ഉത്തരവുണ്ടോ എന്നും വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) സ്വയം വിരമിക്കലിന് നിലവിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും എൻ.എൽ.സി. ആവശ്യപ്പെട്ടത് ഏത് ഉദ്യോഗസ്ഥന്റെ തീരുമാനപ്രകാരമാണെന്ന് പേരു സഹിതം വ്യക്തമാക്കുമോ; ടി കാരണത്താൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ വോളന്ററി വിരമിക്കൽ മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബഹു. വകുപ്പ് മന്ത്രി നൽകിയ അനുകൂല ഉത്തരവ് പ്രകാരം ടി ഉദ്യോഗസ്ഥനെ വോളന്ററിയായി വിരമിക്കാൻ അനുവദിക്കാതെ, നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും എൻ.എൽ.സി. ആവശ്യപ്പെട്ടതിലൂടെ സ്വയം വിരമിക്കൽ നടപ്പിലാക്കാനാവാത്ത കാര്യം കെ.എസ്.ഇ.ബി.ലിമിറ്റഡ്, സി.എം.ഡി.-യുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലേയ്ക്കായി നടത്തിയ കത്ത് ഇടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

<u>ഉത്തരം</u>

(എ-ഡി) ശ്രീ. പി. സി ജോർജ്, എം. എൽ. എ.-യുടെ പി. എ. ആയി ജോലി നോക്കിവരുന്ന ശ്രീ. തോമസ് ജോർജ്ജ് (അക്കൗണ്ട്സ് ഓഫീസർ കെ.എസ്.ഇ.ബി.എൽ.) ശ്വാസകോശ സംബന്ധമായ അസുഖത്തെത്തുടർന്ന് സർജറിക്ക് വിധേയനായതിനാൽ 31-12-2017 തീയതി വച്ച് സ്വയം വിരമിക്കലിനുള്ള അപേക്ഷ ശ്രീ. പി. സി. ജോർജ്, എം. എൽ. എ.-യുടെ ശിപാർശ കത്തിനൊപ്പം വൈദ്യുതി വകുപ്പ് മന്ത്രിയുടെ വി.ആർ.എസ്. പരിഗണിക്കാവുന്നതാണെന്ന കുറിപ്പോടെ വൈദ്യുതി ബോർഡ് ചെയർമാന് നൽകുകയുണ്ടായി. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)*

ടി അപേക്ഷ പരിഗണിച്ച് ശ്രീ. തോമസ് ജോർജ്ജിന് 31-12-2017 തീയതി വച്ച് സ്വയം വിരമിക്കൽ നടത്തുന്നതിന് വേണ്ട ഉത്തരവ് ഇറക്കുന്നതിനുള്ള നടപടികൾ കേരള സർവ്വീസ് റൂൾസിന്റെ (ഭാഗം മൂന്ന്) റൂൾ 56 പ്രകാരം എടുത്തിട്ടുള്ളതാണ്. ശ്രീ. തോമസ് ജോർജ്ജിന്റെ സ്വയം വിരമിക്കൽ അപേക്ഷ പരിഗണനയിലുള്ളപ്പോൾ ടി യാൻ സ്വയം വിരമിക്കൽ 31-12-2017 തീയതിക്ക് പകരം 31-1-2018 തീയതിയിലേയ്ക്ക് മാറ്റി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. ജോർജ് എം. എൽ.എ.-യുടെ ശിപാർശ കത്ത് പ്രകാരം വീണ്ടും 29-12-2017-ൽ അപേക്ഷ നൽകിയിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വയം വിരമിക്കലായാലും റിട്ടയർമെന്റായാലും NLC നിർബന്ധമാണ്. ശ്രീ. മണിലാൽ, ലാൽ ബിൽഡിംഗ്, കുളത്തൂർ എന്നയാൾ ശ്രീ. തോമസ് ജോർജ്ജിനെതിരെ നൽകിയ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച കേസ് ഡയറക്ടർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് അയച്ചു കൊടുത്തതായും ആയതിന് അന്വേഷണം നടക്കുകയാണെന്നും നാളിതുവരെ തീർപ്പ് കല്പിച്ചിട്ടില്ലെന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ചീഫ് വിജിലൻസ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

എന്നാൽ 22-1-2018-ൽ ശ്രീ. തോമസ് ജോർജ്ജ് ടിയാന് സ്വയം വിരമിക്കൽ ആവശ്യമില്ലെന്നും യഥാർത്ഥത്തിൽ സർവ്വീസിൽ നിന്നും പിരിയേണ്ട തീയതിയായ 28-2-2018-ൽ പിരിഞ്ഞു പോകാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. ജോർജ്, എം. എൽ. എ.-യുടെ ശിപാർശ കത്തോടുകൂടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ആയതിനാൽ ടിയാന്റെ സർവ്വീസ് ബുക്കും അനുബന്ധ രേഖകളും സൂപ്പർ ആനുവേഷൻ പെൻഷൻ ഉത്തരവിറക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി.എൽ-ലെ പെൻഷൻ അനുവദിക്കുന്ന സെക്ഷന് കൈമാറിയിട്ടുണ്ട്.

## ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണം

213 (543) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി പണം മുടക്കികൊണ്ടിരുന്നിട്ടും പണി തീരാത്ത ജലവൈദ്യുത പദ്ധതികളുടെ വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) വർഷങ്ങളായി പണം മുടക്കിക്കൊണ്ടിരുന്നിട്ടും പണി തീരാത്ത ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 157 മെഗാവാട്ട് വൈദ്യുതി ലഭിക്കും.

(സി) നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി, തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. ഈ കമ്മിറ്റി ചുരുങ്ങിയത് രണ്ടുമാസം കൂടുമ്പോൾ കൂടുന്നുണ്ട്. പദ്ധതിയുടെ നിർമ്മാണ പുരോഗതി ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ, പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി 11-12-2017-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പദ്ധതി പ്രവർത്തനത്തിന് നേരിടുന്ന തടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ഉന്നതതല യോഗങ്ങൾ നടത്തി വരുന്നുണ്ട്. ഇതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും മറ്റ് വകുപ്പ് തലവന്മാർ അംഗങ്ങളുമായുള്ള ഒരു ഹൈലെവൽ കമ്മിറ്റി നിലവിലുണ്ട്.

## വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചാർജ്ജ്

214 (544) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റൊരു വ്യക്തിക്ക് വൈദ്യുതി ലഭിക്കുന്നതിനായി മതിയായ റോഡുകൾ ഇല്ലാത്ത സാഹചര്യത്തിൽ സ്വന്തം സ്ഥലത്തിലൂടെ വൈദ്യുതി ലൈൻ കടന്നു പോവാൻ വർഷങ്ങൾക്കുമുമ്പ് അനുമതി കൊടുത്തതാണെങ്കിലും പുതിയതായി നിർമ്മിച്ച റോഡുകളിലൂടെ ബുദ്ധിമുട്ടുകൾ ഒന്നുമില്ലാതെ ലൈൻ കൊണ്ടുപോകാം എന്നിരിക്കെ ഇത്തരം സ്ഥലങ്ങളിൽ വീടുകളും മറ്റും നിർമ്മിക്കേണ്ട ആവശ്യം വരുമ്പോൾ സ്ഥലമുടമ തന്നെ ഭീമമായ സംഖ്യ ബോർഡിന് അടയ്ക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ലൈൻ മാറ്റി സ്ഥാപിക്കുന്നത് സർക്കാരിന്റെ ഉത്തരവാദിത്തമായിക്കണ്ട് വീടിന് പെർമിഷൻ ലഭിച്ച കഴിഞ്ഞാൽ അത്തരം സ്ഥലങ്ങളിൽ നിന്ന് സർക്കാർ ചെലവിൽ ലൈൻ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള നിയമ പ്രകാരം ഇലക്ട്രിക് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ചെലവ് അപേക്ഷകർ വഹിക്കേണ്ടതാണ്. പ്രസ്തുത ചെലവ് വഹിക്കാൻ ബോർഡിന് നിർവ്വാഹമില്ല.

**വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലെ ജീവനക്കാർ**

215 (545) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിലവിൽ ചെയർമാൻ ഉൾപ്പെടെ എത്ര അംഗങ്ങളുണ്ട് ;

(ബി) പ്രസ്തുത കമ്മീഷനിൽ എത്ര ജീവനക്കാരുണ്ട്; ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര പേരെ നിയമിച്ചു ;

(സി) പ്രസ്തുത സ്ഥാപനത്തിൽ കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയൊക്കെയെന്നും എന്നാണ് അവരെ നിയമിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ ചെയർമാൻ ഉൾപ്പെടെ മൂന്ന് അംഗങ്ങളുണ്ട്.

(ബി) കമ്മീഷനിൽ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഓഫീസിലെ 4 ജീവനക്കാർ ഉൾപ്പെടെ 28 ജീവനക്കാർ ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ 4 പേരെ നിയമിച്ചിട്ടുണ്ട്.

(സി) വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ കരാർ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്ന ജീവനക്കാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ടി സ്ഥാപനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ആരേയും നിയമിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കരട് സഹകരണനയം

216 (546) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കരട് സഹകരണനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കാർഷിക വായ്പാ നിരക്ക് ഉയർത്തുന്നത് സംബന്ധിച്ച് കരട് നയത്തിൽ സൂചനയുണ്ടോ ;

(സി) ഇത് സംബന്ധിച്ച് സഹകരണ കോൺഗ്രസ്സിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നിർദ്ദേശങ്ങൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തി കരട് നയം എന്നത്തേക്ക് പ്രഖ്യാപിക്കുവാൻ കഴിയുമെന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) കരട് സഹകരണനയം അന്തിമമായി തീരുമാനിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

## സഹകരണ കോൺഗ്രസ്

217 (547) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ സഹകരണ കോൺഗ്രസ്സിൽ എടുത്ത തീരുമാനങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2018 -ലെ സഹകരണ കോൺഗ്രസ്സിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

1. സഹകരണ നിയമത്തിന്റെ കരട് അംഗീകരിച്ചു.

2. സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ട് ആയതിന് സഹകാരികൾ പ്രതിജ്ഞ എടുത്തു.

3. നിലവിൽ 5 വർഷം കൂടുമ്പോൾ നടത്തിവരുന്ന സഹകരണ കോൺഗ്രസ് 3 വർഷം കൂടുമ്പോൾ നടത്തുന്നതിന് തീരുമാനിച്ചു.

4. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് വിവിധ തലങ്ങളിലുള്ള സെമിനാറുകൾ നടത്തി. വനിതാ സഹകരണ സംഘങ്ങളുടെ വൈവിധ്യവൽക്കരണവും തൊഴിൽ വികസനവും, ക്ഷീരസംഘങ്ങളുടെ ശാക്തീകരണം, കാർഷിക മേഖലയിലെ പുരോഗതി, സഹകരണ മേഖലയിലുള്ള ടൂറിസം വികസനം, പട്ടികജാതി/പട്ടികവർഗ്ഗങ്ങളുടെ ശാക്തീകരണവും തൊഴിൽ വികസനവും, മത്സ്യ സഹകരണ സംഘങ്ങളുടെ വികസന സാദ്ധ്യതകൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനും യുവജന പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി കോളേജുകളിൽ സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള തീരുമാനങ്ങളും കൈക്കൊണ്ടു.

5. ഭിന്നലിംഗ വിഭാഗത്തിന് പ്രത്യേക പരിഗണനയ്ക്കായി സഹകരണ സ്ഥാപനം രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

(ബി) ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് അന്തിമമായി തീരുമാനിക്കപ്പെട്ടിട്ടില്ല.

**സഹകരണ ബാങ്കുകളുടെ കിട്ടാക്കടം**

218 (548) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം എത്ര ശതമാനമാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സഹകരണബാങ്കുകളുടെ കിട്ടാക്കടം തിരിച്ചുപിടിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം 18.25% ആണ്.

(ബി) ഉണ്ട്. സഹകരണ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കിട്ടാക്കടം തിരിച്ചു പിടിക്കുന്നതിനുമായി 'നവകേരളീയം കുടിശ്ശിക നിവാരണം 2018' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി ഫെബ്രുവരി 15 മുതൽ മാർച്ച് 25 വരെ ആണ്. കിട്ടാക്കടവും കുടിശ്ശികയായതുമായ വായ്പകൾ വിവിധ ഇളവുകളോടെ സഹകാരികൾക്ക് തീർപ്പാക്കാവുന്നതാണ്. കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനും, കുടിശ്ശിക കുറയ്ക്കുന്നതിനുമായി ജില്ലാ സഹകരണ ബാങ്കുകളും, സംസ്ഥാന സഹകരണ ബാങ്കുകളും കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**സഹകരണ റിസ്ക് ഫണ്ട് പദ്ധതി**

219 (549) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഇപ്പോൾ കാലതാമസം നേരിടുന്നുണ്ടോ;

(ബി) തീർപ്പാക്കുന്നതിനായി ഇനി ബാക്കി നിൽക്കുന്ന അപേക്ഷകൾ എത്രയാണ്;

(സി) അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) വായ്പക്കാരൻ മരണപ്പെട്ടാൽ ആ വിവരം ആശ്രിതർ ബാങ്കിൽ അറിയിച്ച് രണ്ട് മാസത്തിനുള്ളിൽ ആനുകൂല്യം നൽകാനാണ് തീരുമാനിച്ചതെങ്കിലും ഇപ്രകാരം കാലതാമസം വരുന്നതിനാൽ പലിശയിനത്തിൽ വരുന്ന വർദ്ധനവ് ആശ്രിതർക്ക് താങ്ങാനാകാതെ വരുമെന്നുള്ളതിനാൽ സഹകരണ റിസ്ക് ഫണ്ട് സമയബന്ധിതമായി വിതരണം ചെയ്യാൻ വേണ്ട ഉത്തരവ് നൽകുമോ?

<u>ഉത്തരം</u>

(എ-സി) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഇപ്പോഴത്തെ ഭരണ സമിതി വരുന്നതിന് മുമ്പുണ്ടായിരുന്ന 13000 അപേക്ഷകളും ഓരോ മാസവും ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളുമടക്കം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുത്തശേഷം മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ധനസഹായം നൽകിവരുന്നു. 2016 സെപ്റ്റംബർ 6 മുതൽ 2018 ജനവരി വരെ 9525 ഗുണഭോക്താക്കൾക്കായി 75,44,50,188 രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ ഇനി തീർപ്പാക്കാൻ 10319 അപേക്ഷകൾ ബാക്കി നിൽപ്പുണ്ട്. ലഭിക്കുന്ന അപേക്ഷകൾ പലതും മാനദണ്ഡങ്ങൾ പ്രകാരം അംഗീകരിക്കാവുന്നതല്ല. തന്മൂലം വിശദമായി പരിശോധിക്കേണ്ടി വരുന്നതിനാലാണ് കാലതാമസമുണ്ടാകുന്നത്.

(ഡി) റിസ്ക് ഫണ്ട് ആനുകൂല്യം കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള അർഹതയുള്ള അപേക്ഷകൾ മാത്രം ബോർഡിലേയ്ക്ക് ലഭ്യമാക്കിയാൽ മതിയെന്ന് എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് രജിസ്ട്രാർ (ജനറൽ) -മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ മേഖലയ്ക്ക് ഉത്തേജനം പകരുന്നതിനായി പദ്ധതികൾ**

220 (550) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയ്ക്ക് ഉത്തേജനം പകരുന്നതിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽനിന്നും പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിന് കുടുംബശ്രീ മിഷനും സഹകരണ വകുപ്പും യോജിച്ച് തീരുമാനിച്ച വിശാല വിതരണ ശേഖരണ ശൃംഖല പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) വിലക്കയറ്റംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിനായി കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ പുനഃക്രമീകരിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് വിപണിയിൽ ഇടപെടുന്നതിൽ കൺസ്യൂമർഫെഡിന്റെ പരാജയംമൂലമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ മേഖലയ്ക്ക് ഉത്തേജനം പകരുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നു. സാമൂഹിക സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുകയും, 6

ഘട്ടങ്ങളിലായി പെൻഷൻ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതിക്ക് പിന്തുണ നൽകി ഹരിതം സഹകരണം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിൽ ഇടപെടുന്നതിനും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുവിപണിയിൽ വിൽപ്പന നടത്തി. നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി -2017 ന് നടപ്പാക്കി. ഓഹരി മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും കൺസ്യൂമർഫെഡിനെയും നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും, വനിതാ ഫെഡറേഷനും ആധുനിക വൽക്കരണത്തിനും, കമ്പ്യൂട്ടർവൽക്കരണത്തിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കി വരുന്നു. കേരള എസ്.സി/എസ്.ടി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റ് ലഭിച്ച ആയുർവ്വേദ മരുന്നുകളുടെ ഉത്പാദനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി/ എസ്.ടി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായം അനുവദിച്ച് പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്ക് വേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേപ്പിന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണപ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായം നൽകി ആയതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും, സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. സഹകരണ സംഘങ്ങൾ മുഖേന സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം കമ്മ്യൂണിറ്റി കിച്ചൻ എന്നിവ നിർമ്മിച്ച് കൊടുക്കുന്ന പദ്ധതികളും പ്രാരംഭഘട്ടത്തിലാണ്. കേരളത്തിലെ സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ആശുപത്രി സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. സഹകരണ ആശുപത്രികളിൽ പാവപ്പെട്ടവർക്ക്

സൗജന്യമായി മരുന്നും, രോഗനിർണ്ണയത്തിനുള്ള ടെസ്റ്റുകളും നടത്തിവരുന്നു. വിവിധ സഹകരണ ആശുപത്രികളിൽ പാരാമെഡിക്കൽ കോഴ്സുകളും, നഴ്സിംഗ് കോളേജുകളും നടത്തിവരുന്നു. നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രികളിൽ എല്ലാവിധ ആധുനിക ചികിത്സാ സംവിധാനങ്ങളുമുള്ള ഡിപ്പാർട്ട്മെന്റുകൾക്കുപുറമേ രോഗനിർണ്ണയത്തിനാവശ്യമായ സി.ടി.സ്കാൻ, എം.ആർ.ഐ.സ്കാൻ, എൻഡോസ്കോപ്പി, കളർ ഡോപ്ലർ, ട്രോമാ കെയർ യൂണിറ്റ്, ബ്ലഡ് ബാങ്ക്, ഫാർമസി എന്നിവ ഒരുക്കിയിട്ടുണ്ട്.

24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, തീവ്ര പരിചരണവിഭാഗം, മൊബൈൽ ഐ.സി.യു., ആംബുലൻസ്, കാൻസർ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ പ്രദാനം ചെയ്യുന്ന കോബാൾട്ട് തെറാപ്പി, കീമോ തെറാപ്പി സൗകര്യവും, യൂറോളജി വിഭാഗത്തിൽ ഡയാലിസിസ് ചെയ്യുന്നതിന് സുസജ്ജമായ ഡയാലിസിസ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇതെല്ലാമാണ് സഹകരണ വകുപ്പുവഴി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ.

(ബി) ഇല്ല.

(സി) പുനഃക്രമീകരിച്ചിട്ടുണ്ട്. വിലക്കയറ്റംമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുൻകയ്യെടുത്ത് 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതുവഴി ശക്തമായ മാർക്കറ്റ് ഇടപെടൽ നടത്തുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും സാധിക്കും. കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിലെത്തിക്കുന്നതിനും അതുവഴി വിലക്കയറ്റം തടയുന്നതിനും സാധിച്ചു. പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന ആദിവാസി മേഖല, തീരദേശ മേഖല, എന്നിവിടങ്ങളിൽ കൺസ്യൂമർഫെഡിന്റെ മൊബൈൽ ത്രിവേണികളുടെ സേവനം കൃത്യമായി എത്തിക്കുന്നത് വഴി വിലക്കയറ്റം തടയുന്നതിന് സാധിക്കുന്നു. നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭിക്കുന്നതിന് ഇ- ടെണ്ടർ സംവിധാനം ഫലപ്രദമാകുന്നത് വഴി വിലക്കയറ്റം തടയുന്നതിന് സാധിക്കും. നീതി മെഡിക്കൽ സ്റ്റോറുകൾ വഴിയുള്ള മരുന്ന് വിൽപ്പന വിലക്കയറ്റം നിയന്ത്രിക്കുവാൻ സാധിക്കും. സ്കൂൾ തുറക്കുന്ന കാലയളവിൽ ത്രിവേണി നോട്ട് ബുക്കുകളും, പഠന സാമഗ്രികളും വിദ്യാർത്ഥികൾക്ക് സ്കൂൾ മാർക്കറ്റ് വഴി ലഭ്യമാക്കുന്നതുമൂലവും വിലനിലവാരം പിടിച്ചുനിർത്തുവാൻ സാധിക്കും.

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് വിപണിയിൽ ഇടപെടുന്നതിൽ കൺസ്യൂമർ ഫെഡിന്റെ പരാജയം മൂലമല്ല.

**കേരള ബാങ്ക്**

221 (551) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ നിലവിലുള്ള ജില്ലാ ബാങ്ക് ശാഖകളുടെ 15-20 ശതമാനം അടച്ചുപൂട്ടേണ്ടി വരുമോ;

(സി) നഷ്ടത്തിലുള്ള സഹകരണ ബാങ്കുമായി ജില്ലാ ബാങ്കുകളെ ലയിപ്പിക്കുന്നത് ഓഹരി ഉടമകൾക്കും ഇടപാടുകാർക്കും ഒരുപോലെ നഷ്ടമുണ്ടാക്കും എന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു.

(ബി) നിർദ്ദിഷ്ട ബാങ്ക് നിലവിൽ വന്നശേഷം മാത്രമേ ശാഖകളുടെ എണ്ണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(സി) നിർദ്ദിഷ്ട ബാങ്ക് രൂപീകരിക്കുന്നതിന് മുൻപായി ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികളും മൂലധന പര്യാപ്തത (CRAR) ഉയർത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നതിനാൽ ഓഹരി ഉടമകളെയും ഇടപാടുകാരെയും ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നില്ല.

## കേരള ബാങ്ക്

222 (552) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ.ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് എന്ന ആശയം സഹകരണ രംഗത്ത് പുത്തൻ ഉണർവ്വും ഉത്തേജനവും നൽകുന്നത് ഏതൊക്കെ തലങ്ങളിലാണെന്ന് വിശദമാക്കുമോ;

(ബി) മത്സരാധിഷ്ഠിത ബാങ്കിംഗ് രംഗത്ത് നിലനിൽക്കണമെങ്കിൽ സാങ്കേതികവിദ്യയും ആധുനിക സമ്പ്രദായങ്ങളും മികച്ച സേവന സൗകര്യങ്ങളും നൽകേണ്ട ഈ കാലഘട്ടത്തിൽ ബാങ്കിന്റെ ഗുണഫലങ്ങൾ സമൂഹത്തിന്റെ താഴേത്തട്ടിലുളളവരിലേയ്ക്ക് എത്തിക്കുന്നതിൽ കേരള ബാങ്കിന് എത്രത്തോളം പങ്ക് വഹിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) കേരള ബാങ്ക് സംബന്ധിച്ച ശ്രീറാം കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള ബാങ്ക് എന്ന ആശയം വായ്പാ മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലും കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിലും പുത്തനുണർവ് സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ ഈ ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിയുന്നതോടൊപ്പം പ്രാഥമിക സംഘങ്ങൾക്ക് നൽകാൻ കഴിയാത്ത സേവനം നിർദ്ദിഷ്ട ഏകീകൃത ബാങ്ക് മുഖേന നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയ്ക്ക് നിയമപ്രകാരം ചെയ്യാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നിർവ്വഹിക്കുമ്പോൾ ടി പ്രാഥമിക സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവൃത്തികൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനമേർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രൊഫ. എം. എസ്. ശ്രീറാം കമ്മിറ്റി റിപ്പോർട്ടിലെ പ്രധാനപ്പെട്ട വസ്തുതകൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു:

- പ്രാഥമിക സഹകരണ കാർഷിക വായ്പാ സഹകരണ സംഘങ്ങളും മറ്റു പ്രൈമറി സഹകരണ സംഘങ്ങളും ഗണ്യമായ തോതിൽ നിക്ഷേപം സ്വരൂപിക്കുന്നുണ്ട്. ഈ നിക്ഷേപം മുകൾത്തട്ടിലുള്ള സഹകരണ സ്ഥാപനങ്ങളിലാണ് നിക്ഷേപിക്കുന്നത്. മുകൾത്തട്ടിലുള്ള സ്ഥാപനങ്ങളുടെ വായ്പാ നിക്ഷേപ അനുപാതം ഇപ്പോൾ 54% ആണ്. കേരളത്തിലെ സഹകരണ മേഖലയിലുള്ള മിച്ച ഫണ്ട് ഫലപ്രദമായി വിനിയോഗിക്കേണ്ടതുണ്ട്. മിച്ച ഫണ്ട് അവരുടെ പ്രവർത്തനപരിധിയിൽ മാത്രം വിനിയോഗിക്കാൻ അനുമതിയുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ പരിമിതി ഏകീകൃത ബാങ്ക് വരുന്നതോടെ പരിഹരിക്കാൻ കഴിയുമെന്നും വായ്പാ പലിശ നിരക്ക് കുറയ്ക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.
- വ്യത്യസ്തമായ ജില്ലാ സഹകരണ ബാങ്കുകൾ അവരുടേതായ CRAR, SLR, CRR മാനദണ്ഡങ്ങൾ പാലിക്കാൻ നിർബന്ധിതമാകുന്നു.
- വാണിജ്യ ബാങ്കുകളും റീജിയണൽ റൂറൽ ബാങ്കുകളും നൽകുന്ന ആധുനിക ബാങ്കിംഗ് സൗകര്യം നൽകാനായില്ലെങ്കിൽ സഹകരണ ബാങ്കുകളുടെ പ്രാധാന്യം ഭാവിയിൽ നഷ്ടപ്പെടാനുള്ള സാദ്ധ്യതയുണ്ട്. ന്യൂജനറേഷൻ ബാങ്കുകളുടെയും സ്മാൾ ഫിനാൻഷ്യൽ ബാങ്കുകളുടെയും പ്രവർത്തനം കാര്യങ്ങൾ സുഗമമല്ലാതാക്കി മാറ്റും
- എസ്.ബി.റ്റി.-യുടെയും എസ്.ബി.ഐ. -യുടെയും ലയനം മുഖേന നഷ്ടമായ തദ്ദേശ ബാങ്കിന്റെ സ്ഥാനം സഹകരണ മേഖലയിലെ ഏകീകൃത ബാങ്കിന്റെ രൂപീകരണത്തോടെ നേടാനാകും.
- സംയോജിത ബാങ്കിന്റെ ഭരണ സംവിധാനത്തിൽ പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും സഹകരണ ഭരണ സംവിധാനം നഷ്ടപ്പെടാതെയും സൂക്ഷിക്കണം.
- പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് അവയ്ക്ക് നിയമപ്രകാരം ചെയ്യാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് നേരിട്ട്

ചെയ്യാൻ കഴിയാത്ത പ്രവൃത്തികൾ കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാകണം.

- പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സേവിംഗ്സ്, സ്ഥിര നിക്ഷേപം ഉൾപ്പെടെ എല്ലാത്തരം നിക്ഷേപങ്ങളും അംഗങ്ങളിൽ നിന്നും സ്വീകരിക്കാവുന്നതും അംഗങ്ങൾക്ക് എല്ലാത്തരം വായ്പകളും നൽകാവുന്നതുമാണ്. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് സ്വന്തമായി നടത്താൻ കഴിയാത്ത ബിസിനസ്സുകൾ കേരള സഹകരണ ബാങ്കിന്റെ സഹായത്തോടെ നിർവ്വഹിക്കാവുന്നതാണ്.

- സംയോജിത ബാങ്ക് എന്ന പ്രത്യേകതയും, വർദ്ധിച്ച മൂലധനശേഷിയും ആധുനിക ബാങ്കിംഗ് സൗകര്യം നൽകാൻ പര്യാപ്തമാക്കും.

- സഹകരണ സ്ഥാപനങ്ങളുടെ സ്വയംഭരണം ഉറപ്പു വരുത്തുന്നതിനായി നിർദ്ദിഷ്ട ബാങ്കിന് സർക്കാർ ഒറ്റത്തവണ ഗ്രാന്റ് നൽകേണ്ടതാണ്.

- ശക്തമായ സാമ്പത്തിക അടിത്തറയുള്ള കേരള സഹകരണ ബാങ്ക് രൂപീകരിക്കുക എന്ന ലക്ഷ്യമുള്ളതിനാൽ ബാങ്കിംഗ് ഇതര വരുമാനം ലഭിക്കുന്ന ആസ്തികളെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ(എസ്.പി.വി.)ആയി മാറ്റേണ്ടതോ അല്ലെങ്കിൽ ഘട്ടം ഘട്ടമായി വിൽപ്പന നടത്തുകയോ ചെയ്യണം.

- കേരള സഹകരണ ബാങ്കിന്റെ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കത്തക്കവിധം പ്രാഥമിക സഹകരണ കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സോഫ്റ്റ്‌വെയർ പരിഷ്ക്കരിക്കണം.

- നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിൽ സർക്കാർ ഓഹരി ഉൾപ്പെടുന്നതുപോലെ എല്ലാവിധ സഹകരണ സംഘങ്ങളും ഓഹരി നൽകേണ്ടതാണ്.

- നിർദ്ദിഷ്ട സംയോജിത ബാങ്കിന് ശക്തമായ ട്രഷറി ഇടപാടുകൾ ഉണ്ടായിരിക്കേണ്ടതാണ്. പ്രാഥമിക സംഘങ്ങളുടെ മിച്ചധനം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഇത് ആവശ്യമാണ്.

- എല്ലാ ബാങ്കുകൾക്കുമായി ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം, പ്രോഡക്ട് കോഡ്, എൻ.പി.എ. കണക്കാക്കാവുന്ന സംവിധാനം എന്നിവ ഏർപ്പെടുത്തണം.
- ഐ.റ്റി. സംയോജനത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.
- ബാങ്കിംഗ് റെഗുലേഷൻ ആക്ട് പ്രകാരം പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾ 'ബാങ്ക്' അല്ലാത്തതിനാൽ നിയന്ത്രണാധി കാരികൾക്ക് സ്വീകാര്യമായ വിധത്തിൽ ആധുനിക ബാങ്കിംഗ് ഇടപാടുകൾ നൽകാൻ കഴിയത്തക്കവിധം കേരള സഹകരണ ബാങ്കുമായി ബന്ധിപ്പിക്കണം.
- ഐ.റ്റി. രംഗത്ത് സുരക്ഷിതത്വവും, സ്റ്റെബിലിറ്റി, ഡിസാസ്റ്റർ റിക്കവറി സിസ്റ്റം എന്നിവ ഉറപ്പുവരുത്തുന്നതിനായി പൊതുവായ സംവിധാനം (കോമൺ പ്ലാറ്റ്ഫോം) ഏർപ്പെടുത്തണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.
- ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പൊതുമേഖലാ ബാങ്കുകളിലേതിനു സമാനമായിരിക്കണം.
- വ്യക്തമായ ബിസിനസ്സ് ടാർജറ്റിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മികവ് പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ഓരോ ജീവനക്കാരനും 2 വർഷത്തിൽ ഒരിക്കൽ ഒരാഴ്ച കാലയളവിലുള്ള ട്രെയിനിംഗ് നേടിയിരിക്കണം.

**കേരള ബാങ്ക്**

223 (553) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനേയും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി സംയോജിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കും നബാർഡും അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അനുമതി ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്. ശ്രീറാം ചെയർമാനായി സർക്കാർ അഞ്ചംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽനിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു.

(ബി) ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ചാണ് കേരള സഹകരണ ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി&ഡി) റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള അനുമതിക്കായി ചീഫ് സെക്രട്ടറിയുടെ കത്ത് മുഖേന അപേക്ഷിച്ചിട്ടുണ്ട്.

**കേരള ബാങ്ക് രൂപീകരണം**

224 (554) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദിഷ്ട കേരളാബാങ്കിന്റെ രൂപീകരണ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

<u>ഉത്തരം</u>

കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്. ശ്രീറാം ചെയർമാനായി സർക്കാർ അഞ്ച് അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു.

## സഹകരണ മേഖലയിൽ കേരള ബാങ്ക്

225 (555) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ സംസ്ഥാന സഹകരണ കോൺഗ്രസ്സിൽ എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി കേരളാബാങ്ക് പുതിയ ബാങ്ക് ആയിരിക്കുകയില്ലെന്നും, സംസ്ഥാന സഹകരണ ബാങ്കിനെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിക്കുന്നതാകുമെന്നും പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റിസർവ് ബാങ്കിന്റെ പൂർണ്ണ ലൈസൻസുള്ള ജില്ലാ ബാങ്കുകളെ ഇല്ലാതാക്കി കേരളാബാങ്ക് രൂപീകരിക്കുന്നത് സഹകരണ മേഖലയുടെ തകർച്ചയ്ക്ക് വഴിയൊരുക്കുമെന്ന ആശങ്ക സംജാതമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശങ്ക ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേരളാബാങ്കിന്റെ ഘടന എന്തായിരിക്കുമെന്നും, ഇതുസംബന്ധിച്ച് ശ്രീറാം കമ്മിറ്റി നൽകിയ ശിപാർശകൾ പരിഗണിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ കേരള സഹകരണ നയത്തിന്റെ കരട് അംഗീകരിക്കുകയും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ട് ആയതിനായി സഹകാരികൾ പ്രതിജ്ഞയെടുത്തു. നിലവിൽ അഞ്ച് വർഷം കൂടുമ്പോൾ നടത്തിവരുന്ന സഹകരണ കോൺഗ്രസ് 3 വർഷം കൂടുമ്പോൾ നടത്തുന്നതിന് തീരുമാനിച്ചു. ഭിന്നലിംഗ വിഭാഗത്തിൽപ്പെടുന്നവർക്ക് പ്രത്യേകം സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചു. വനിതാ സഹകരണ സംഘങ്ങളുടെ വൈവിദ്ധ്യവൽക്കരണവും തൊഴിൽ വികസനവും, ക്ഷീരസംഘങ്ങളുടെ ശാക്തീകരണവും കാർഷിക മേഖലയിലെ പുരോഗതിയും, സഹകരണ മേഖലയിലെ ടൂറിസം വികസനവും, പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളുടെ ശാക്തീകരണവും, തൊഴിൽ വികസനവും, മത്സ്യ സഹകരണ

സംഘങ്ങളുടെ വികസനവും, കൺസ്യൂമർ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനവും സഹകരണ കോൺഗ്രസ് കൈക്കൊണ്ടു.

(ബി&സി) ഇല്ല.

(ഡി) നിലവിലുള്ള ത്രിതല ഘടനയ്ക്ക് പകരം ദ്വിതല ഘടനയിൽ കേരള സഹകരണബാങ്ക് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ഘടന സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ഓഖി ദുരിതാശ്വാസനിധിയിലേയ്ക്ക് സഹകരണ ബാങ്ക് ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത തുക

226 (556) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരിൽ നിന്നും സമ്മതപത്രം മുഖേന 2017 ഡിസംബർ മാസത്തിലെ ശമ്പളത്തിൽ നിന്നും ഓഖി ദുരിതാശ്വാസനിധിയിലേക്ക് എത്ര തുക പിരിച്ചെടുത്തെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ തുക മുഴുവനും ഓഖി ദുരിതാശ്വാസനിധിയിലേക്ക് കൈമാറിയിട്ടുണ്ടോയെന്നും തുക എത്രയെന്നും വിശദമാക്കുമോ;

(സി) സംസ്ഥാന സഹകരണ ബാങ്കിലെ ഒരു വിഭാഗം ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത തുക ഓഖി ദുരിതാശ്വാസനിധിയിലേക്ക് കൈമാറാതെ തിരികെ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണമെന്താണെന്നും തിരികെ നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) ഓഖി ദുരിതാശ്വാസനിധിയിലേക്ക് നൽകിയ തുക തിരിച്ചു നൽകാൻ ബാങ്ക് മാനേജ്മെന്റ് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഓഖി ദുരിതാശ്വാസനിധിയിലേക്ക് പിരിച്ചെടുത്ത തുക തിരിച്ചു നൽകുക വഴി സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമായി സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടർ/അഡ്മിനിസ്ട്രേറ്റർ എന്നിവർ പ്രവർത്തിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരിൽ നിന്നും സമ്മതപത്രം മുഖേന 2017 ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും 9,43,979.94 രൂപ ഓഖി ദുരിതാശ്വാസനിധിയിലേയ്ക്ക് പിരിച്ചെടുത്തിട്ടുണ്ട്.

(ബി) ഓഖി ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച 9,43,979.94 രൂപയിൽ 8,42,011.94 രൂപ മാത്രമേ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈമാറിയിട്ടുള്ളൂ.

(സി&ഡി) ഓഖി ദുരിതാശ്വാസനിധിയിലേയ്ക്ക് ജീവനക്കാരിൽ നിന്നും സമാഹരിച്ച തുകയിൽ 8,42,011.94 രൂപ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് നല്കിയത് കഴിച്ച് ബാക്കി 1,01,968 രൂപ ജീവനക്കാർക്ക് തിരികെ നൽകിയിട്ടുണ്ട്.

ഓഖി ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കുലറിൽ എല്ലാ ജീവനക്കാരും രണ്ടു ദിവസത്തെ വേതനം ഡിസംബർ മാസത്തിലെ ശമ്പളത്തിൽ നിന്നും ജീവനക്കാരുടെ സമ്മതത്തിനു വിധേയമായി ഈടാക്കുവാൻ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ചില ജീവനക്കാർ 2 ദിവസത്തെ ശമ്പളം നൽകാൻ വിസമ്മതിക്കുകയും അവർ സമ്മതപത്രം മുഖേന ചെറിയ തുകകൾ സംഭാവന നൽകുകയും ചെയ്തു. ഇപ്രകാരം നൽകിയ ചെറിയ തുകകൾ തിരിച്ചു നൽകാൻ ബാങ്ക് തീരുമാനിച്ചു.

(ഇ) സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമായി പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സാമ്പത്തിക ക്രമക്കേടുകൾ**

227 (557) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; നടപടികളുടെ നിലവിലെ സ്ഥിതിയും ഈടാക്കാനുള്ള തുകയുടെ വിശദാംശങ്ങളും നൽകുമോ;

(ബി) ബാങ്കിൽ ക്രമക്കേടുകൾക്കെതിരെ നടത്തിവന്ന ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണ്;

(സി) ബാങ്കിലെ നിക്ഷേപകർക്ക് എത്ര രൂപ നിക്ഷേപ ഇനത്തിൽ തിരികെ നൽകാനുണ്ട്; മുതൽ, പലിശ തിരിച്ച് വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയവർക്കെതിരെ കേരള സഹകരണ വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ചുമത്തിയിട്ടുണ്ട്. ടി ബാങ്കിലെ മുൻ സെക്രട്ടറി വിജയകുമാറിൽ നിന്നും 90,87,154.82 രൂപയും മുൻ ഭരണ സമിതി അംഗങ്ങളിൽ നിന്നും ബാങ്ക് ജീവനക്കാരിൽ നിന്നുമായി 3,44,47,695.54 രൂപയുമാണ് സർചാർജ്ജ് ഉത്തരവ് പ്രകാരം ഈടാക്കേണ്ടതായിട്ടുള്ളത്. എന്നാൽ മുൻ സെക്രട്ടറി വിജയകുമാറിനെതിരെയുള്ള സർചാർജ്ജ് ഉത്തരവ് നടപ്പാക്കുന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതും മുൻ ഭരണസമിതി അംഗങ്ങൾക്കും ബാങ്ക് ജീവനക്കാർക്കും മേലുള്ള സർചാർജ്ജ് നടപടികൾക്കെതിരെ ഗവൺമെന്റ് സെക്രട്ടറി മുൻപാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്.

(ബി) കേസ് ഇപ്പോൾ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം ക്രൈം നമ്പർ 51/CR/EOW-1/KLM/2015 ആയി അന്വേഷിച്ചു വരുന്നു.

(സി) ബാങ്കിലെ നിക്ഷേപകർക്ക് ആകെ മുതൽ ഇനത്തിൽ 9,80,00,808 രൂപയും പലിശ ഇനത്തിൽ 4,56,12,896 രൂപയും തിരികെ നൽകുവാനായി ബാക്കിനിൽപ്പുണ്ട്.

**സഹകരണ ബാങ്കുകൾ വഴി കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക**

228 (558) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ധാരണയായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയിൽ എത്ര സഹകരണ ബാങ്കുകളാണ് പങ്കാളികളായിട്ടുള്ളത്; വിശദമാക്കാമോ;

(സി) എത്ര കോടി രൂപയാണ് സഹകരണ ബാങ്കുകളിൽ നിന്നും പെൻഷൻ കുടിശ്ശികയായി കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് വിതരണം ചെയ്യുന്നത്;

(ഡി) കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം ഏറ്റെടുക്കുന്ന പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് എത്ര ശതമാനം പലിശയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പെൻഷൻ തുകയ്ക്ക് ഗ്യാരന്റി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണം നടത്തുന്നതിനാണ് ധാരണയായിട്ടുള്ളത്. കൺസോർഷ്യം ലീഡറായ കേരള സംസ്ഥാന സഹകരണ ബാങ്ക് പെൻഷൻ വിതരണത്തിനാവശ്യമായ തുക കെ.എസ്.ആർ.ടി.സി. നൽകുന്ന ലിസ്റ്റ് പ്രകാരം കൺസോർഷ്യത്തിൽ നിന്നും കെ.എസ്.ആർ.ടി.സി. പെൻഷൻ ഉപഭോക്താക്കൾ അക്കൗണ്ട് ആരംഭിച്ച പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ജില്ലാ സഹകരണ ബാങ്കുകൾ മുഖേന നൽകുന്നതാണ്.

(ബി) ഈ പദ്ധതിയിൽ 25 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളാണ് പങ്കാളിയായിട്ടുള്ളത്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2018 ഫെബ്രുവരി വരെയുള്ള കുടിശ്ശിക തുകയായ 219.70 കോടി രൂപയാണ് ആദ്യഘട്ടമായി വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) പെൻഷൻ വിതരണത്തിനായി കൺസോർഷ്യം വഴി നൽകുന്ന തുകയുടെ പലിശ 10% നിരക്കാണ് നിശ്ചയിച്ചിരിക്കുന്നത്.

(ഇ) കൺസോർഷ്യം മുഖേന നൽകുന്ന തുകയുടെ തിരിച്ചടവിന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്.

## സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ

229 (559) <u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ പണയ ഉരുപ്പടികൾ പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നു വരുന്നതായി ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സഹകരണ രജിസ്ട്രാറിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ ബാങ്കുകളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര ജീവനക്കാരെ സാമ്പത്തിക ക്രമക്കേടിന് സസ്പെന്റ് ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(ഡി) ഇത്തരത്തിൽ സസ്പെൻഷനിലായ മാനേജർമാർ, ഹെഡ് ക്ലാർക്ക്, അപ്രൈസർ എന്നിവരുടെ വിശദാംശം നൽകുമോ;

(ഇ) ഇവരെ വീണ്ടും സർവ്വീസിൽ പ്രവേശിപ്പിച്ചതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സഹകരണ ബാങ്കുകളിൽ സ്വർണ്ണ ഉരുപ്പടികൾ പരിശോധിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ 22/2016, 13/2018 എന്നീ സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ 22/2016 സർക്കുലർ പ്രകാരം കർശനനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിനുപുറമെ സഹകരണസംഘം രജിസ്ട്രാറുടെ പ്രത്യേക നിർദ്ദേശപ്രകാരം വായ്പേതര സഹകരണസംഘങ്ങളിലെ സ്വർണ്ണപ്പണയ പരിശോധന നടത്തുകയും വായ്പാ സംഘങ്ങളുടെ സ്വർണ്ണപ്പണയ പരിശോധന നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. എന്നാൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നുവരുന്നതായി ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് തടയാൻ സഹകരണസംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദേശങ്ങളെ കുറച്ചുകൂടി സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘംതലത്തിൽ ഒരു കമ്മിറ്റിയെ രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്തം ടി കമ്മിറ്റിക്കും സംഘത്തിലെ ഭരണസമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) സഹകരണ രജിസ്ട്രാറിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ ബാങ്കുകളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 164 ജീവനക്കാരെ സാമ്പത്തിക ക്രമക്കേടിന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഡി) <u>മാനേജർമാർ</u>

1. ശ്രീമതി ശശികല, ബ്രാഞ്ച് മാനേജർ (അയിരൂർപ്പാറ എസ്.സി.ബി.)
2. ശ്രീ. ഷാജി, ബ്രാഞ്ച് മാനേജർ (മാധവ വിലാസം എസ്.സി.ബി.)
3. ശ്രീ. പ്രശീലൻ, മാനേജർ (ചിറയിൻകീഴ് എസ്.സി.ബി.)
4. ശ്രീമതി ഷീജ. എസ്., മാനേജർ (നരുവാമൂട് എസ്.സി.ബി.)
5. ശ്രീമതി ജ്യോതി മധു, ബ്രാഞ്ച് മാനേജർ (മാവേലിക്കര താലൂക്ക് എസ്.സി.ബി.)
6. ശ്രീ. ഷിജു പോൾ, ബ്രാഞ്ച് മാനേജർ ഇൻ ചാർജ് (കവളങ്ങാട് എസ്.സി.ബി., നേര്യമംഗലം ബ്രാഞ്ച്)
7. ശ്രീമതി കെ. എ. സീന, ബ്രാഞ്ച് മാനേജർ (ഏറിയാട് എസ്.സി.ബി.)
8. ശ്രീ. ശശികുമാർ എ.ജി., ബ്രാഞ്ച് മാനേജർ (കോട്ടപ്പടി എസ്.സി.ബി.)
9. ശ്രീമതി സ്മിത, ബ്രാഞ്ച് മാനേജർ (വെള്ളാനിക്കര എസ്.സി.ബി.)
10. ശ്രീ. ജോഷി, ജനറൽ മാനേജർ (കോടഞ്ചേരി എസ്.സി.ബി.)
11. ശ്രീ. ശ്രീജിത്ത്, മാനേജർ (കാലിക്കറ്റ് സിറ്റി സഹകരണ ബാങ്ക്)
12. ശ്രീ. ദേവൻ, ശാഖ മാനേജർ (പല്ലശ്ശന എസ്.സി.ബി.) പല്ലാവൂർ ശാഖ
13. ശ്രീ. സന്തോഷ് കുമാർ, ശാഖ മാനേജർ (മുട്ടത്തൊടി എസ്.സി.ബി.)
14. ശ്രീമതി വി. റ്റി. ലക്കിമോൾ, ബ്രാഞ്ച് മാനേജർ (കോടിമത എസ്.സി.ബി.)
15. ശ്രീ. സജീവ് പി. എസ്., ബ്രാഞ്ച് മാനേജർ (കോടിമത എസ്.സി.ബി.)
16. ശ്രീമതി ഗീത കുമാരി കെ. ആർ., ബ്രാഞ്ച് മാനേജർ (ഏറ്റുമാനൂർ എസ്.സി.ബി.)
17. ശ്രീ. സാബു കെ. കെ., ബ്രാഞ്ച് മാനേജർ (മുളക്കുളം എസ്.സി.ബി.)

<u>ഹെഡ് ക്ലാർക്ക്/അക്കൗണ്ടന്റ്, അപ്രൈസർ</u>

1. ശ്രീമതി ജയകുമാരി, അക്കൗണ്ടന്റ് (ഡീസന്റ് ജംഗ്ഷൻ എസ്.സി.ബി.)
2. ശ്രീ. നവാസ്, അക്കൗണ്ടന്റ് (മയ്യനാട് എസ്.സി.ബി.)
3. ശ്രീ. ഷിഹാദ്, അക്കൗണ്ടന്റ് (വലിയകുഴി എസ്.സി.ബി.)
4. ശ്രീമതി മഞ്ജുളാ ദേവി, ചീഫ് അക്കൗണ്ടന്റ് (കണിച്ചുകുളങ്ങര എസ്.സി.ബി.)

5. ശ്രീമതി കുഞ്ഞ് ഖദീജ, ചീഫ് അക്കൗണ്ടന്റ് (പട്ടണക്കാട് എസ്.സി.ബി.)

6. ശ്രീ. വിപുൻ കെ. ദാസ്, അപ്രൈസർ (കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്ക്)

7. ശ്രീമതി സനിത കുമാരി കെ.വി., ചീഫ് അക്കൗണ്ടന്റ് (വളപ്പട്ടണം എസ്.സി.ബി.)

8. ശ്രീ. രാംദാസ്. കെ., അക്കൗണ്ടന്റ് (മജ്ബയിൽ എസ്.സി.ബി.)

9. ശ്രീ. ചക്രേഷ, അപ്രൈസർ (മജ്ബയിൽ എസ്.സി.ബി.)

10. ശ്രീ. രവീന്ദ്രൻ. സി., അപ്രൈസർ (പെരുമ്പള എസ്.സി.ബി.)

11. ശ്രീ. സതീഷ്, അപ്രൈസർ (മുട്ടത്തൊടി എസ്.സി.ബി.)

12. ശ്രീ. സത്യപാലൻ, അപ്രൈസർ (മുട്ടത്തൊടി എസ്.സി.ബി.)

13. ശ്രീ. കുഞ്ഞിരാമൻ പി.വി., അപ്രൈസർ, (പീലിക്കോട് എസ്.സി.ബി.)

(ഇ) സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചവരെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീമതി ജയകുമാരി, അക്കൗണ്ടന്റ് (ഡീസന്റ് ജംഗ്ഷൻ എസ്.സി.ബി.)- സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരംതാഴ്ത്തി ജോലിയിൽ പ്രവേശിപ്പിച്ചു.

2. ശ്രീമതി സ്മിത, ശാഖ മാനേജർ (വെള്ളാനിക്കര എസ്.സി.ബി.) - അന്വേഷണ റിപ്പോർട്ട് ലഭിക്കാത്ത സാഹചര്യത്തിൽ ഒരു വർഷത്തിനുശേഷം താൽക്കാലികമായി ജോലിയിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

3. ശ്രീ. ദേവൻ, ശാഖാ മാനേജർ (പല്ലശ്ശന എസ്.സി.ബി.)പല്ലാവൂർ ശാഖ - ടിയാനെ 1-6-2015 മുതൽ നൽകിയിരുന്ന വേതനത്തിൽ 2 ഇൻക്രിമെന്റുകൾ കുറവ് ചെയ്തും, സംഘത്തിന്റെ സാമ്പത്തിക ചുമതലകളിൽ നിന്ന് മാറ്റിനിർത്തിക്കൊണ്ടുള്ള ശിക്ഷാനടപടികൾ കൈക്കൊണ്ടും, ടിയാന്റെ മാപ്പപേക്ഷ പരിഗണിച്ചും ഭരണസമിതി സർവ്വീസിൽ തിരിച്ചെടുത്തു.

4. ശ്രീ. രാംദാസ്. കെ., അക്കൗണ്ടന്റ് (മജ്ബയിൽ എസ്.സി.ബി.) - ടിയാനെ അച്ചടക്കനടപടികളുടെ ഭാഗമായി ക്യുമിലേറ്റീവ് എഫക്ടോടുകൂടി 2 ഇൻക്രിമെന്റ് തടഞ്ഞുവച്ചതിനുശേഷം 1-11-2016 -ൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചു.

5. ശ്രീ. സാബു. കെ. കെ., ബ്രാഞ്ച് മാനേജർ (മുളക്കുളം എസ്.സി.ബി.) - ടിയാനെ ശിക്ഷണനടപടികളുടെ ഭാഗമായി ഒരു ഇൻക്രിമെന്റ് സഞ്ചിതമായി തടഞ്ഞതിനുശേഷം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

## അപ്പെക്സ് സഹകരണ സംഘങ്ങൾ

230 (560) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പെക്സ് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധികൾ ഏതെല്ലാമാണ്; അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) വായ്പാമേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണബാങ്ക്, കേരള സംസ്ഥാന കാർഷിക ഗ്രാമവികസനബാങ്ക്, ഹൗസ് ഫെഡ് എന്നിവ നേരിടുന്ന വായ്പാകുടിശ്ശിക പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അപ്പെക്സ് സഹകരണ സംഘങ്ങൾ സർക്കാരിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അടയ്ക്കേണ്ട ഫീസുകളിലും, നികുതിയിലും കുറവുവരുത്തണമെന്ന ആവശ്യം മുന്നോട്ട് വച്ചിട്ടുണ്ടോ;

(ഡി അപ്പെക്സ് സഹകരണ സംഘങ്ങളുടെ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും, ഫണ്ട് വിനിയോഗം കുറ്റമറ്റതാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഇ) വിവിധ അപ്പെക്സ് സംഘങ്ങളുടെ കീഴിലുള്ള അംഗസംഘങ്ങൾ നിലവിൽ എത്ര ശതമാനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സംഘങ്ങളുടെ പ്രശ്നങ്ങൾ വിഭിന്നമാണ്. വായ്പാമേഖലയിലെ സംഘങ്ങൾക്ക് വർദ്ധിച്ചുവരുന്ന വായ്പാകുടിശ്ശികയും, കുറഞ്ഞുവരുന്ന സി.ഡി റേഷ്യോയും മുഖ്യ വെല്ലുവിളികളാണ്. വായ്പ ഇതരമേഖലയിൽ മൂലധന അപര്യാപ്തത, പ്രവർത്തന മൂലധനത്തിലെ അപര്യാപ്തത, പ്രവർത്തനവൈകല്യങ്ങൾ, മെച്ചപ്പെട്ട മാനേജ്മെന്റ് വൈദഗ്ധ്യത്തിന്റെ അഭാവം, കമ്പോളത്തിൽ നിന്നുള്ള വെല്ലുവിളി, വർദ്ധിച്ച സഞ്ചിത നഷ്ടം എന്നിവ പ്രധാന പ്രശ്നങ്ങളാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയാത്തതും ഉല്പന്നങ്ങളുടെ ഗുണമേന്മ ഉപയോഗപ്പെടുത്താൻ കഴിയാത്തതും പ്രധാന പ്രതിസന്ധികളാണ്. ഓരോ സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾ പ്രത്യേകം പഠിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന സഹകരണ ബാങ്ക്

"കോ-ബാങ്ക് സാന്ത്വനം" എന്ന പേരിൽ ഒരു പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. "നവകേരളീയം കുടിശ്ശിക നിവാരണം 2018" നടപ്പിലാക്കിയിട്ടുണ്ട്. ആർബിട്രേഷൻ കേസ്സുകൾ സമയബന്ധിതമായി ഫയൽ ചെയ്യുന്നു. Sarfaesi Act പ്രകാരം റിക്കവറി നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുന്നു.

കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്

"നവകേരളീയം കുടിശ്ശിക നിവാരണം 2018" നടപ്പിലാക്കിയിട്ടുണ്ട്. വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനായി "Good Pay Master Scheme" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിക്ക് 30-6-2018 വരെ കാലാവധിയുള്ളതാണ്. പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളുടെ ജൂൺ മാസത്തെ റിക്കവറി നിലവാരത്തിന്റെ അടിസ്ഥാനത്തിൽ കളക്ഷൻ ഇൻസെന്റീവ് (പരമാവധി 128500) നൽകുന്നു.

പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ സേവനം നടത്തുന്ന സെയിൽ ഓഫീസർമാരുടെ ആകെ കോസ്റ്റിന്റെ 50% കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് വഹിക്കുന്നു.

ഹൗസ് ഫെഡ്

ആർബിട്രേഷൻ/എക്സിക്യൂഷൻ കേസ്സുകൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിന് മേഖല അടിസ്ഥാനത്തിൽ 4 സെയിൽ ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക വായ്പാ തിരിച്ചടവിന് റിക്കവറി വിഭാഗം വേണ്ടത്ര ശ്രദ്ധ പുലർത്തുന്നുണ്ട്. പിഴപ്പലിശ ഇളവ് നൽകിക്കൊണ്ട് കുടിശ്ശിക തുക അടയ്ക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) നികുതി ഒഴിവാക്കുക, രജിസ്ട്രേഷൻ ഫീ ഒഴിവാക്കുക, ഗ്യാരന്റി കമ്മീഷൻ ഇളവ് ചെയ്യുക എന്നീ ആവശ്യം ഉന്നയിച്ചുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഭരണസമിതി അംഗങ്ങൾക്കും കാര്യക്ഷമമായ തീവ്രപരിശീലന പരിപാടികൾ (ഐ.സി.എം. -ന്റെ കീഴിൽ ഉൾപ്പെടെ) യഥാസമയം സംഘടിപ്പിച്ചും, കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയും ഉൽപ്പാദനരംഗത്ത് കഴിവും യോഗ്യതയുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയും ഇന്റേണൽ ഇൻസ്പെക്ഷൻ സംവിധാനം ഏർപ്പെടുത്തിയും ഇൻവെസ്റ്റ്മെന്റ് കമ്മിറ്റികൾ

രൂപീകരിച്ച് ഫണ്ട് വിനിയോഗം സംബന്ധിച്ച് നിരന്തര അവലോകനങ്ങൾ നടത്തിയും, അംഗസംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന മോണിറ്ററിംഗ് സെൽ രൂപീകരിച്ചും, ഫണ്ട് വിനിയോഗം ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്തുക വഴിയും മാനേജ്മെന്റ് കാര്യക്ഷമമായി നടത്തുന്നതിനും കുറ്റമറ്റ ഫണ്ട് വിനിയോഗം സാധ്യമാക്കുന്നതിനും കഴിയുന്നു.

(ഇ) സംസ്ഥാന സഹകരണ ബാങ്ക്

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 1%

കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 52%

ഹൗസ് ഫെഡ്

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 90%

കൺസ്യൂമർഫെഡ്

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 100%

റബ്ബർ മാർക്ക്

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 92.59%

മാർക്കറ്റ് ഫെഡ്

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 98.3%

ഹോസ്പിറ്റൽ ഫെഡറേഷൻ

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 21%

എസ്.സി./എസ്.ടി. ഫെഡറേഷൻ

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 95%

ടൂർ ഫെഡ്

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 45%

വനിതാഫെഡ്

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 30%

ലേബർ ഫെഡ്

നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 80%

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്

231 (561) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചുമതലയിലുണ്ടോ;

(ബി) ബാങ്കിന്റെ ഭരണം തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിക്കോ സഹകാരികളുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കോ കൈമാറുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ബാങ്കിനെ പുനരുദ്ധരിക്കുന്നതിനും നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനും ആവശ്യമായി സമർപ്പിച്ച പുനഃരുദ്ധാരണ പദ്ധതി സഹകരണ വകുപ്പ്/സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചിട്ടുണ്ടോ, വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളെ തുടർന്ന് ബാങ്കിന്റെ ധനസ്ഥിതി മോശമായതിനാൽ തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതിക്ക് ചുമതല നൽകുന്നതിന് സാധിച്ചിട്ടില്ല. എന്നാൽ സഹകാരികളുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് ഭരണം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിനെ പുനരുദ്ധരിക്കുന്നതിനും നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനുമായി ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സമർപ്പിച്ച പുനരുദ്ധാരണ പദ്ധതി സഹകരണസംഘം രജിസ്ട്രാർ അംഗീകരിച്ചിട്ടില്ല. എന്നാൽ ജില്ലയിലെ പ്രാഥമിക സഹകരണസംഘം പ്രതിനിധികളുടെ യോഗത്തിന്റെയും 6-2-2018-ൽ സഹകരണ വകുപ്പ് സെക്രട്ടറിയുടെ ചേംബറിൽ കൂടിയ യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ടി ബാങ്കിലെ നിക്ഷേപകരുടെ ഒരു യോഗം 17-2-2018-ൽ കൂടുകയും ബാങ്ക് പുനരുദ്ധാരണത്തിനായി ജില്ലയിലെ പ്രാഥമിക സഹകരണസംഘങ്ങളിൽ നിന്നും 5 കോടി രൂപ അഡ്വാൻസ് ഇനത്തിൽ സമാഹരിച്ച് ബാങ്ക് പ്രവർത്തനം പുനരാരംഭിക്കുന്നതിനും ഫണ്ട് വിനിയോഗം കാര്യക്ഷമമായി മേൽനോട്ടം വഹിക്കുന്നതിനായി ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടീവ് തസ്തികയിൽ നിയമിക്കുന്നതിനുമായുള്ള ഒരു പുനരുദ്ധാരണ പദ്ധതി സമർപ്പിക്കുന്നതിനുള്ള നടപടികൾ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സ്വീകരിച്ചുവരുന്നുണ്ട്.

## പണയാധാരം തിരിച്ചുനൽകാൻ നടപടി

232 (562) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-വടക്കാഞ്ചേരി ഹൗസിംഗ് സഹകരണസംഘം ലിമിറ്റഡ് നമ്പർ R 690, വടക്കാഞ്ചേരി എന്ന ലിക്വിഡേഷനിലുള്ള സംഘത്തിൽ വായ്പാ തുക മുഴുവൻ അടച്ചു തീർത്തിട്ടും ഈടുവച്ച ആധാരം തിരിച്ചു ലഭ്യമായിട്ടില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര പേർക്കാണ് വായ്പാ തുക തിരിച്ചടച്ച് കഴിഞ്ഞിട്ടും ഇനിയും വസ്തു ആധാരം തിരിച്ച് നൽകാനുള്ളത്. അവരുടെ പേരു വിവരം വ്യക്തമാക്കാമോ;

(സി) ഇത്രയും പേരുടെ ആധാരം തിരിച്ചു നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 14 പേർക്ക് വായ്പാ തുക തിരിച്ചടച്ച് കഴിഞ്ഞിട്ടും ഈട് വസ്തുവിന്റെ ആധാരം തിരിച്ചു നൽകിയിട്ടില്ല. അവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കെ. പാറുക്കുട്ടി, കിഴക്കേ പറമ്പിൽ വീട്, നെടുമ്പുര പി.ഒ., ചെറുതുരുത്തി.
2. ടി. കെ. കൃഷ്ണൻകുട്ടി, താന്നിക്കൽ വീട്, ദേശമംഗലം പി.ഒ.
3. കെ.വി. സ്വാമിനാഥൻ, കുണ്ടുപറമ്പിൽ വീട്, കിഴക്കേമുറി, എളനാട്.
4. പി. ജെ. അവറാച്ചൻ, പുള്ളുവൻ പറമ്പിൽ വീട്, തോണിക്കര
5. കെ. കെ. ഫ്രാൻസിസ്, കണ്ണനായ്ക്കൽ വീട്, മുണ്ടത്തിക്കോട്
6. പി. വി. ഔസേഫ്, പാറക്കാട്ട് ഹൗസ്, അലവിക്കുളമ്പിൽ, മേപ്പാടം, ചേലക്കര.
7. വി. പി. വർഗ്ഗീസ്, വള്ളിക്കടത്ത്, വെങ്ങാനെല്ലൂർ, ചേലക്കര.
8. സി. കെ. പ്രേംകുമാർ, ചെപ്പായിൽ വീട്, വെണ്ണൂർ പി.ഒ., പഴയന്നൂർ.
9. സി. തങ്കമ്മ, വെള്ളാർക്കുളം, പഴയന്നൂർ.
10. എ. അമ്മിണിയമ്മ, അമ്പഴത്തിൽ വീട്, എളനാട്

11. പി. എ. മേരി, ചാലക്കൽ വീട്, വേലൂർ

12. ടി. കുപ്പേലൻ, എടവൻപറമ്പിൽ, വെണ്ണൂർ പി.ഒ., പഴയന്നൂർ

13. പി. എ. കൃഷ്ണൻ, പാറയിൽ വീട്, വടക്കാഞ്ചേരി

14. എം. കല്യാണിയമ്മ, മുളക്കൽ വടക്കുട്ട് വീട്, വരവൂർ

(സി) വടക്കാഞ്ചേരി ഹൗസിംഗ് സഹകരണസംഘം ഇപ്പോൾ ലിക്വിഡേഷനിലാണ്. 20-10-2000-ൽ ആണ് ലിക്വിഡേറ്റർ ചാർജ്ജ് എടുത്തിട്ടുള്ളത്. സംഘത്തിന് സ്വന്തമായി ഭൂമിയോ മറ്റു വസ്തുവകകളോ ഇല്ല. ടി സംഘത്തിന് സംസ്ഥാന ഹൗസിംഗ് ഫെഡറേഷനിൽ നിലവിലുള്ള വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർ 29-4-2016 തീയതിയിൽ എച്ച്.വി.(1) 22346/14 നമ്പർ ഉത്തരവ് പ്രകാരം ഹൗസിംഗ് ഫെഡറേഷന് പലിശരഹിത വായ്പ ഇനത്തിൽ 4,94,521 രൂപ അനുവദിച്ചിരുന്നു. വടക്കാഞ്ചേരി ഹൗസിംഗ് സഹകരണസംഘത്തിന്റെ വായ്പ എഴുതിത്തള്ളുന്നതിനായി സർക്കാർ അനുവദിച്ചിട്ടുള്ള പലിശരഹിത വായ്പ 10 വാർഷിക ഗഡുക്കളായി ഫെഡറേഷനിലേയ്ക്ക് അടയ്ക്കണമെന്നും ഫെഡറേഷൻ 10 തുല്യഗഡുക്കളായി സർക്കാരിലേയ്ക്ക് തിരിച്ചടക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ലിക്വിഡേഷനിൽ ഇരിക്കുന്ന സംഘങ്ങളിലെ വായ്പക്കാരുടെ ആധാരം ഹൗസിംഗ് ഫെഡറേഷനിൽ നിന്നും തിരിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് സംഘം ലിക്വിഡേറ്റർമാരുടെയും ഹൗസിംഗ് ഫെഡറേഷന്റെയും ഒരു യോഗം വിളിച്ചുചേർക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ തീരുമാനിച്ചിട്ടുണ്ട്.

## സഹകരണസംഘങ്ങളിലെ അഡ്മിസ്ട്രേറ്റർ ഭരണം

233 (563) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :

<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ സേവനം കൂടുതൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) രാഷ്ട്രീയ താല്പര്യങ്ങളുടെ പേരിൽ സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്നത് സഹകാരികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇന്ത്യൻ കോഫി ഹൗസിന്റെ നടത്തിപ്പുകാരായ സഹകരണ സംഘം ഭരണസമിതിയെ രാഷ്ട്രീയ താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയത് പോലുള്ള നടപടികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം സിറ്റി പോലീസ് സഹകരണ സംഘം ഭരണസമിതിയെ പിരിച്ച് വിട്ടത് എന്ത് കാരണത്താലാണെന്ന് അറിയിക്കുമോ; പ്രസ്തുത നടപടി ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നു. സാമൂഹിക സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ ഗുണഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന പദ്ധതി നടപ്പിലാക്കുകയും, 6 ഘട്ടങ്ങളിലായി പെൻഷൻ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതിക്ക് പിന്തുണ നൽകി 'ഹരിതം സഹകരണം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിൽ ഇടപെടുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുവിപണിയിൽ വിൽപ്പന നടത്തി.

സഹകരണസംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. ഓഹരി, മൂലധനം, വായ്പ സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണസംഘങ്ങളെയും, കൺസ്യൂമർ ഫെഡിനെയും നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനികവൽക്കരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കി വരുന്നു. കേരള എസ്.സി./എസ്.ടി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റ് ലഭിച്ച ആയുർവ്വേദ മരുന്നുകളുടെ ഉല്പാദനം

വിപുലപ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.ടി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായം അനുവദിച്ച് പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നു. വിപണനം, കാർഷികസംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്ക് വേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണസ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും, സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. സഹകരണ സംഘങ്ങൾ മുഖേന സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, കമ്മ്യൂണിറ്റി കിച്ചൻ എന്നിവ നിർമ്മിച്ച് കൊടുക്കുന്ന പദ്ധതികളും പ്രാരംഭഘട്ടത്തിലാണ്.

കാർഷിക വിപണന മേഖലയിലെ സഹകരണസംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അതിനെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സംയോജിത സഹകരണ വികസനം (ഐ.സി.ഡി.പി.) ലക്ഷ്യമാക്കിയുള്ള എൻ.സി.ഡി.സി. ധന സഹായം ലഭ്യമാക്കി തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ രണ്ടാംഘട്ട പ്രവർത്തനം നടപ്പിലാക്കിവരുന്നു.

റെയ്ഡ്കോയുടെ വികസനത്തിനുവേണ്ടി എൻ.സി.ഡി.സി.-യുടെ ധനസഹായത്തോടെ 2016-17 വർഷത്തിൽ 15 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിവരുന്നു.

കക്ക വ്യവസായ സഹകരണസംഘങ്ങളുടെ പുനഃരുദ്ധാരണത്തിനായി പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തി 3.00 കോടി രൂപ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് വിവിധ ജില്ലകളിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

സഹകരണസംഘങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണസംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സബ്സിഡി ഇനത്തിൽ നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുകയിൽ 50 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2016 റംസാൻ വിപണിക്ക് 5 കോടി രൂപയും 2017 ഓണം വിപണിക്ക് 40 കോടി രൂപയും അനുവദിച്ചു നൽകി.

സഹകരണസംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പ്രാഥമിക സഹകരണസംഘങ്ങൾ മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കി സഹകരണമേഖല മുഖേന ജനങ്ങൾക്ക് സേവനം ലഭ്യമാക്കുകയും സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) രാഷ്ട്രീയ താല്പര്യങ്ങളുടെ പേരിൽ സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസ് വർക്കേഴ്സ് സഹകരണസംഘം ക്ലിപ്തം നമ്പർ 4317 -ന്റെ ഭരണസമിതിയെ പിരിച്ചുവിട്ടിട്ടില്ല.

ഇന്ത്യൻ കോഫി ഹൗസിന്റെ നടത്തിപ്പുകാരായ സഹകരണസംഘം വ്യവസായ വകുപ്പിന്റെ കീഴിലാണ്. ആയതിനാൽ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) തിരുവനന്തപുരം സിറ്റി പോലീസ് സഹകരണ സംഘത്തിന്റെ ഭരണസ്തംഭനം ഉണ്ടായതിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ടി നടപടി ബഹു. ഹൈക്കോടതി തടഞ്ഞിട്ടില്ല.

**സംസ്ഥാനത്തെ സഹകരണസംഘങ്ങൾ**

234 (564) ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തരത്തിലുള്ള സഹകരണസംഘങ്ങളാണ് നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പുതുതായി സഹകരണ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) നാടിന്റെ വികസനത്തിന് സഹകരണ മേഖല നൽകുന്ന സേവനങ്ങൾ പരിഗണിച്ച് എല്ലാ മേഖലകളിലും പുതിയ സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സഹകരണമേഖലയിൽ നടക്കുന്ന തട്ടിപ്പ് തടയുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ആയത് ഫലപ്രദമാണോയെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അവ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ചേങ്കോട്ടുകോണം അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘത്തിൽ മുക്കുപണ്ടം പണയം വച്ച് കോടികൾ തട്ടിപ്പ് നടത്തിയ സാഹചര്യം എന്തെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത സൊസൈറ്റിയിൽ സഹകരണ ആഡിറ്റ് നടത്തിയിരുന്നോ യെന്നും, എങ്കിൽ ടി ക്രമക്കേട് കണ്ടുപിടിക്കാതിരുന്നത് എന്തുകൊണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണസംഘം രജിസ്ട്രാറുടെ കീഴിൽ കേരള സഹകരണസംഘം നിയമം 1969 ചട്ടം 15 പ്രകാരം സംഘങ്ങളെ താഴെപ്പറയും പ്രകാരം തരം തിരിച്ചിരിക്കുന്നു:

I. വായ്പാ സംഘങ്ങൾ

എ. ഹ്രസ്വകാല/മധ്യകാലം

ബി. ദീർഘകാലം

സി. ഭവനസംഘങ്ങൾ

II. എ. വിപണന സംഘങ്ങൾ

ബി. സംസ്കരണസംഘങ്ങൾ

III. ഉപഭോക്തൃസംഘങ്ങൾ

IV. കൃഷിസംഘങ്ങൾ

V. ഉൽപ്പാദകസംഘം

VI. ആശുപത്രിസംഘങ്ങൾ

VII. പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ

VIII. വിദ്യാഭ്യാസപരമായ സഹകരണസംഘങ്ങൾ

IX. തൊഴിൽ കരാർ സഹകരണസംഘങ്ങൾ

X. വനിതാ സഹകരണസംഘങ്ങൾ

XI. ടൂറിസം സഹകരണസംഘങ്ങൾ

XII. പലവകസംഘങ്ങൾ

XIII. മൾട്ടിപർപ്പസ് സഹകരണസംഘങ്ങൾ

(ബി) 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 4, 5, 6, 7 ചട്ടം 3, 4 എന്നിവ പ്രകാരമാണ് സഹകരണസംഘം രജിസ്ട്രേഷൻ നൽകി വരുന്നത്.

<u>വകുപ്പ് 4</u> – സഹകരണതത്വങ്ങൾ പ്രകാരം പൊതുതാല്പര്യത്തോടെയോ അംഗങ്ങളുടെ സാമ്പത്തിക താല്പര്യങ്ങളോ ലക്ഷ്യമാക്കിയുള്ള ഒരു സംഘമോ, അപ്രകാരം സ്ഥാപിച്ചിട്ടുള്ള ഒരു സംഘത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ള സംഘവും ഈ നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടാം. എന്നാൽ സാമ്പത്തിക നിലനിൽപ്പ് ഇല്ലാത്തതോ, സഹകരണ പ്രസ്ഥാനത്തിന്റെ പുരോഗതിക്ക് തടസ്സം വരുത്തുന്ന സംഘങ്ങളോ രജിസ്റ്റർ ചെയ്യപ്പെടാവുന്നതല്ല.

<u>വകുപ്പ് 5(1)</u> – ക്ലിപ്ത ബാദ്ധ്യതയോടുകൂടിയ സംഘം മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.

(2) ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിപ്ത ബാദ്ധ്യത സംഘങ്ങളുടെ പേരിന്റെ അവസാനഭാഗത്ത് ക്ലിപ്തം അല്ലെങ്കിൽ അതേ അർത്ഥമുള്ള മറ്റു ഭാരതീയ ഭാഷകളിലെ വാക്കോ ആയിരിക്കണം.

<u>വകുപ്പ് 6(1)</u>- ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഒരു നിശ്ചിത ഫോറത്തിൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും സംഘത്തെ സംബന്ധിച്ച് രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റു വിവരങ്ങൾ അപേക്ഷകൻ നൽകേണ്ടതുമാണ്.

(2) ഓരോ അപേക്ഷയിലും താഴെ പറയുന്നവ ഉള്ളടക്കം ചെയ്തിരിക്കണം.

(എ) നിർദ്ദിഷ്ട സംഘത്തിന്റെ ഉപനിബന്ധനകളുടെ 3 പകർപ്പുകൾ

(ബി) വ്യക്തികളാണ് അപേക്ഷകരെങ്കിൽ അവരിൽ വ്യത്യസ്ത കുടുംബത്തിൽപ്പെട്ടവരും 25 പേരിൽ കുറയാൻ പാടില്ലാത്തതുമാണ്.

(സി) അപേക്ഷയിൽ വ്യക്തികളാണെങ്കിൽ എല്ലാപേരും സാക്ഷ്യപ്പെടുത്തിയിരിക്കണം.

വകുപ്പ് 7(1) – താഴെപ്പറയുന്ന നിബന്ധനകൾ രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസങ്ങൾക്കകം രജിസ്റ്റർ ചെയ്യാവുന്നതാണ്.

(എ) അപേക്ഷ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കണം.

(ബി) നിർദ്ദിഷ്ട സംഘത്തിന്റെ ഉദ്ദേശ്യങ്ങൾ വകുപ്പ് 4 -ന് വിധേയമായിരിക്കണം.

(സി) നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തനപരിധി അതേ തരത്തിലുള്ള മറ്റൊരു സംഘത്തിന്റെ പ്രവർത്തനപരിധിയിലേയ്ക്ക് അതിലംഘിച്ച് കടക്കുന്നില്ലായെങ്കിൽ

(ഡി) നിർദ്ദിഷ്ട ഉപനിബന്ധന നിയമത്തിനും ചട്ടത്തിനും വിരുദ്ധമല്ലെങ്കിൽ;

(ഇ) നിർദ്ദിഷ്ട സംഘം ഒരു നല്ല വ്യാപാര പ്രവർത്തനങ്ങൾക്ക് ആവശ്യമായ കാര്യങ്ങൾ നിറവേറ്റപ്പെട്ടുമെങ്കിൽ രജിസ്ട്രാർക്ക് സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്റ്റർ ചെയ്യണം.

(2) രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ നിരസിക്കുന്ന പക്ഷം അതിന്റെ കാരണങ്ങൾ കാണിച്ച് ബന്ധപ്പെട്ട കക്ഷികളെ 7 ദിവസത്തിനകം അറിയിക്കണം.

(3) സംഘം രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ചാൽ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്ട്രാർ അപേക്ഷ തീർപ്പാക്കിയിരിക്കണം.

(4) ഉപവകുപ്പ് (3)-ൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഒരു സംഘത്തിന്റെ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷ തീർപ്പാക്കിയില്ലായെങ്കിൽ അപേക്ഷകന്;

(എ) വകുപ്പ് 3 ഉപവകുപ്പ് (2) പ്രകാരം രജിസ്ട്രാറുടെ അധികാരം നൽകപ്പെട്ട വ്യക്തിക്കാണ് രജിസ്ട്രേഷനുള്ള അപേക്ഷ നൽകിയതെങ്കിൽ രജിസ്ട്രാർ മുമ്പാകെയും;

(ബി) രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്ട്രാർ മുമ്പാകെയാണ് നൽകിയിട്ടുള്ളതെങ്കിൽ സർക്കാർ മുമ്പാകെയും, നിവേദനം സമർപ്പിക്കാവുന്നതും രജിസ്ട്രാറോ സർക്കാരോ അതാത് സംഗതിപോലെ അത്തരം നിവേദനം ലഭിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരിക്ക് രജിസ്ട്രേഷനുള്ള അപേക്ഷയിൽ യുക്തമായ തീരുമാനം എടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതും ബന്ധപ്പെട്ട അധികാരി ആ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

ചട്ടം 3(1) - വകുപ്പ് 6(1) പ്രകാരമുള്ള ഒരു സംഘത്തിന്റെ രജിസ്ട്രേഷനു വേണ്ടിയുള്ള ഏതൊരു അപേക്ഷയും ഒന്നാം നമ്പർ ഫാറത്തിൽ രണ്ട് പകർപ്പോടെ തയ്യാറാക്കി താഴെപ്പറയുന്നവ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

(എ) സംഘത്തിന്റെ നിർദ്ദിഷ്ട ഉപനിബന്ധനയുടെ 3 പ്രതികൾ

(ബി) നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ വരവ് വച്ചിട്ടുള്ള തുക വിശദമാക്കുന്ന ബാങ്കിൽ നിന്നുള്ള നിക്ഷേപ ബാക്കി കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ്.

(സി) ഓഹരി മൂലധനത്തിലേയ്ക്ക് സംഭാവന ചെയ്തിട്ടുള്ള വ്യക്തികളുടെയും അവർ ഓരോരുത്തരും നൽകിയ തുകയും നൽകിയ പ്രവേശന ഫീസും ഉൾപ്പെടെയുള്ള പട്ടികയുടെ രണ്ട് പകർപ്പ് സഹിതം.

(ഡി) നിർദ്ദിഷ്ട സംഘത്തിന്റെ സാമ്പത്തിക ഭദ്രത സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെട്ട ഉദ്ദേശിക്കുന്ന സംഘത്തിന്റെ വ്യാപാര പദ്ധതി.

(ഇ) രജിസ്ട്രാർ ആവശ്യപ്പെടുന്ന തരത്തിലുള്ള വിവരങ്ങളും ഇതരരേഖകളും.

(2) അപേക്ഷകർ വ്യക്തികളാണെങ്കിൽ 25 -ൽ കുറയാതെ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ടവർ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം.

(3) രജിസ്റ്റർ ചെയ്യപ്പെടേണ്ടതായ സംഘത്തിലെ ഏതെങ്കിലും അംഗം ഒരു രജിസ്റ്റർ ചെയ്ത സംഘമാണെങ്കിൽ, അപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിലെ, കമ്മിറ്റിയിലെ ഒരംഗത്തെ, ആ സംഘത്തിന്റെ കമ്മിറ്റി ഒരു തീരുമാനംമൂലം അതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷയും ഉപനിബന്ധനകളും, സാക്ഷ്യപ്പെടുത്തുന്നതിന് അധികാരപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഒരു തീരുമാനത്തിന്റെ ഒരു പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

(4) രജിസ്റ്റർ ചെയ്യപ്പെടേണ്ട ഒരു സംഘത്തിലെ ഏതെങ്കിലും അംഗം നിയമാധിഷ്ഠിതമോ അല്ലാത്തതോ ആയ ഒരു സമിതിയോ, കോർപ്പറേഷനോ ആണെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലും ഉപനിബന്ധനകളിലും സാക്ഷ്യപ്പെടുത്തുന്നതിന് ആ സ്ഥാപനം ഏതെങ്കിലും വ്യക്തിയെ അധികാരപ്പെടുത്തേണ്ടതും അധികാരപ്പെടുത്തിക്കൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

(5) അപേക്ഷ രജിസ്റ്റർ ചെയ്ത തപാലായി രജിസ്ട്രാർക്ക് അയച്ചുകൊടുക്കാവുന്നതോ അല്ലെങ്കിൽ ഓഫീസിൽ നേരിട്ട് കൊടുക്കുകയോ ചെയ്യാവുന്നതാണ്.

(6) ഓരോ അപേക്ഷയോടൊപ്പം നിശ്ചിത നിരക്കിലുള്ള തുക രജിസ്ട്രേഷൻ ഫീസായി അടച്ച് ചെലാൻ രസീത് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

<u>ചട്ടം 4 – </u> ചട്ടം 3 -ന് വിധേയമായി ഒരു അപേക്ഷ ലഭിച്ചാൽ

1. രജിസ്ട്രാർ ഫാറം നമ്പർ 2-ൽ സൂക്ഷിക്കപ്പെടേണ്ട അപേക്ഷ രജിസ്റ്ററിൽ അപേക്ഷയുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും, അപേക്ഷയ്ക്ക് ക്രമനമ്പർ നൽകുകയും, അപേക്ഷ ലഭിച്ചുയെന്നതിന് തെളിവായി രസീത് നൽകുകയും ചെയ്യണം.

2. ചട്ടം 3 -ലും വകുപ്പിൽ 7-ൽ (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡികകളിലും വ്യക്തമാക്കുന്ന വ്യവസ്ഥകൾ ബോധ്യപ്പെടുന്നതിനോ രജിസ്ട്രാർ അപേക്ഷയും ഉപനിബന്ധനകളും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

3. രജിസ്ട്രാർക്ക് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുകയോ അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്നപക്ഷം അന്വേഷണം നടത്തുകയോ, നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് പ്രധാന സംഘാടകനോട് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. രജിസ്ട്രാർ അനുവദിച്ച കാലയളവിനുള്ളിൽ നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹം നിർദ്ദേശിച്ച മാറ്റങ്ങൾ അപേക്ഷകരുടെ സമ്മതത്തോടെ ഭേദഗതി വരുത്തുകയോ ആവശ്യപ്പെട്ട വിവരങ്ങൾ പ്രധാന സംഘാടകൻ നൽകുകയോ ചെയ്യണം.

4. നിർദ്ദിഷ്ട സംഘം മേൽ വിവരിച്ച ആവശ്യങ്ങൾ നിറവേറ്റിയിട്ടുണ്ടെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെടുന്ന പക്ഷം സംഘവും അതിന്റെ ഉപനിബന്ധനകളും രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത് അംഗീകരിച്ച ഉപനിബന്ധനകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോടുകൂടി ഫാറം നമ്പർ 3-ൽ രജിസ്ട്രാർ ഒപ്പ് രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘത്തിന് സൗജന്യമായി കൊടുക്കേണ്ടതാണ്. ഒരു സംഘം രജിസ്റ്റർ ചെയ്യുമ്പോൾ ആ സംഘത്തിന്റെ നിലവിലുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഉപനിബന്ധനയെന്ന് പറയുന്നത് രജിസ്റ്റർ ചെയ്ത രജിസ്ട്രാർ അംഗീകരിച്ച ഉപനിബന്ധനകളാണ്.

5. രജിസ്ട്രാർക്ക് നിർദ്ദേശിക്കപ്പെട്ട സംഘം നിയമത്തിലെ പട്ടിക 2 -ൽ സൂചിപ്പിച്ചിട്ടുള്ള സഹകരണതത്വങ്ങൾ പാലിക്കപ്പെട്ടുകൊണ്ട് പൊതുവായിട്ടുള്ള സാമ്പത്തിക താല്പര്യം നിറവേറ്റപ്പെടുകയില്ലെന്ന് ബോധ്യപ്പെട്ടാലോ അല്ലെങ്കിൽ സംഘത്തിന്റെ രജിസ്ട്രേഷൻമൂലം സഹകരണ പ്രസ്ഥാനത്തിന് കോട്ടം സംഭവിക്കാമെന്നോ, അല്ലെങ്കിൽ നിയമത്തിന്റെ പീഠികയിലെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് എതിരാണെന്ന് ബോധ്യപ്പെട്ടാലോ രജിസ്ട്രാർ കാരണം കാണിച്ച് നിരസിച്ചുകൊണ്ടുള്ള ഉത്തരവ് ആകേണ്ടതും, അത് രജിസ്റ്റർ ചെയ്ത തപാലിലോ അല്ലെങ്കിൽ ഹൈക്കോടതിയോ, കേരള സർക്കാരോ അംഗീകരിച്ച അപ്രകാരമുള്ള കൊറിയർ സർവ്വീസ് മുഖാന്തരമോ മുഖ്യസംഘാടകന് ഉത്തരവായതിന്റെ പതിനഞ്ച് ദിവസത്തിനകം അറിയിക്കേണ്ടതാണ്.

6. ഉപചട്ടം (iv) -ന് വിധേയമായി സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതെങ്കിലും തീരുമാനമോ ഉപചട്ടം (v) ന് വിധേയമായി ഒരു സംഘത്തിന്റെ അപേക്ഷയുടെ തിരസ്കരണമോ, അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.

7. ഉപനിബന്ധനയോടെ പകർപ്പോടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ധനസഹായ ബാങ്കിനും ബന്ധപ്പെട്ട സഹകരണ യൂണിയനും നൽകേണ്ടതാണ്.

(സി) കേരളത്തിന്റെ സമസ്ത മേഖലകളിലും സഹകരണസംഘങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) സഹകരണസംഘങ്ങളിലെ അഴിമതിയും ക്രമക്കേടും തടയുന്നതിനായി യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ, ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ എന്നിവർ മാസംപ്രതി സംഘങ്ങളിൽ മിന്നൽ പരിശോധനയും വിശദ പരിശോധനയും നടത്തിവരുന്നു. യൂണിറ്റ്/കൺകറന്റ് ഓഡിറ്റർമാർ കാര്യക്ഷമമായ രീതിയിൽ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് നിർവ്വഹിക്കുകയും ഓഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണവിഭാഗത്തിന് നടപടികൾക്കായി ശിപാർശ ചെയ്യുകയും ചെയ്യുന്നു. സഹകരണ ഓഡിറ്റ് വിഭാഗത്തിൽ നിന്ന് ഏതെങ്കിലും സഹകരണസംഘങ്ങളിലെ ക്രമക്കേടുകളിന്മേൽ സഹകരണ നിയമപ്രകാരമുള്ള നടപടികൾ ശിപാർശ ചെയ്യപ്പെടുകയോ യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ, ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ എന്നിവർ നടത്തുന്ന പരിശോധനകളിൽ

എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തുകയോ, സംഘങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെടുകയോ ചെയ്യുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65, 66, 68(1) പ്രകാരമുള്ള പരിശോധന/അന്വേഷണങ്ങൾ നടത്തുകയും ടി അന്വേഷണങ്ങളിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തുന്ന പക്ഷം, ടി സംഘത്തിനുണ്ടായ സാമ്പത്തിക നഷ്ടം ആയതിന് ഉത്തരവാദികളായവരിൽ നിന്ന് വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് നടപടികളിലൂടെ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്വർണ്ണപ്പണയ വായ്പകളിൽ ഈട് നൽകിയിട്ടുള്ള പണയവസ്തുക്കളുടെ പരിശോധനയും കാലാകാലങ്ങളിൽ നടത്തിവരുന്നു. കൂടാതെ സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംസ്ഥാനത്തെ വിവിധ സഹകരണസംഘങ്ങളിൽ നടക്കുന്ന ക്രമക്കേടുകളിന്മേൽ ഫലപ്രദമായ രീതിയിൽ അന്വേഷണം നടത്തുകയും സഹകരണ വിജിലൻസിൽ നിന്നും ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാർ ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സഹകരണസംഘം രജിസ്ട്രാർ ഓഫീസിൽ ഒരു ഇൻസ്പെക്ഷൻ സെല്ലും വിജിലൻസ് സെക്ഷനും നിലവിൽ പ്രവർത്തിച്ചുവരുന്നു. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ സഹകരണസംഘം രജിസ്ട്രാറുടെ 11/79 സർക്കുലർ നടപടിക്രമപ്രകാരം പോലീസ് വിഭാഗത്തിന് അന്വേഷണത്തിനായി നൽകുന്നു.

(ഇ) അയിരൂർപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ ചേങ്കോട്ടുകോണം ശാഖയിൽ സഹകരണ വകുപ്പ് നടത്തിയ പരിശോധനയിലാണ് മുക്കുപണ്ടം ഈടായി വച്ച് സ്വർണ്ണപ്പണയ വായ്പ എടുത്തതായി ശ്രദ്ധയിൽപ്പെട്ടത്. തുടർന്ന് കേരള സഹകരണസംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ജോയിന്റ് രജിസ്ട്രാർ ഉത്തരവിടുകയും ആയത് പുരോഗമിച്ചുവരികയുമാണ്. ടി അന്വേഷണം പൂർത്തിയായാൽ മാത്രമേ ക്രമക്കേട് നടന്ന സാഹചര്യം വ്യക്തമാവുകയുള്ളൂ.

(എഫ്) പ്രസ്തുത സംഘത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുന്നു. സഹകരണസംഘം രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം നടത്തിയ വകുപ്പുതല പരിശോധനയിലാണ് ക്രമക്കേട് കണ്ടെത്തിയത്.

## ത്രിവേണി സ്റ്റോറുകൾ

235 (565) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ത്രിവേണി സ്റ്റോറുകൾ നിലവിലുണ്ടെന്നും, ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്റ്റോറുകളിൽ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ 195 ത്രിവേണി സൂപ്പർ മാർക്കറ്റുകളും 12 ഇ-ത്രിവേണി സ്റ്റോറുകളും 59 മൊബൈൽ ത്രിവേണികളും പ്രവർത്തിക്കുന്നുണ്ട്. ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സാധ്യതാപഠനം നടത്തി അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്.

(ബി) പ്രസ്തുത സ്റ്റോറുകളിൽ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പ്രാഥമിക സംഘങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന പർച്ചേസ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഫെഡറേഷന്റെ വാങ്ങൽ നടപടികൾ ക്രമപ്പെടുത്തുന്നത്. ഇ-ടെണ്ടർ മുഖേന ടെണ്ടർ സമർപ്പിക്കുന്ന പാർട്ടികൾ നൽകുന്ന സാമ്പിളുകൾ ടി കമ്മിറ്റി പരിശോധിച്ച്, ഗുണമേന്മ ഉറപ്പുവരുത്തി കമ്മിറ്റി അംഗീകരിക്കുന്നവ മാത്രമാണ് ഫെഡറേഷൻ പർച്ചേസ് ചെയ്തുവരുന്നത്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി അരിപോലുള്ള ഇനങ്ങൾ വേവിച്ചുനോക്കുന്നുണ്ട്. ഇത്തരത്തിൽ അപ്രൂവ് ചെയ്യുന്ന സാമ്പിളുകളുടെ ഒരു വിഹിതം ബന്ധപ്പെട്ട കൺസ്യൂമർഫെഡ് ഗോഡൗണുകളിൽ പർച്ചേസ് ഓർഡറിനോടൊപ്പം അയയ്ക്കുകയും ചെയ്യുന്നുണ്ട്. ഹെഡ്ഓഫീസിൽനിന്നും അംഗീകാരം നൽകിയിട്ടുള്ള സാമ്പിളിലെ ഗുണമേന്മ പരിശോധിക്കണമെന്നും സാമ്പിളിൽ എന്തെങ്കിലും വ്യത്യാസമുണ്ടാകുന്ന പക്ഷം അത് സ്വീകരിക്കരുതെന്നുമുള്ള കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്സവകാലങ്ങളിൽ കൺസ്യൂമർഫെഡ് വാങ്ങുന്ന എല്ലാ സാധനങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ലബോറട്ടറികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ പരിശോധന നടത്തി ലഭ്യമാക്കുന്ന ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗുണമേന്മ ഉറപ്പുവരുത്തിയാണ് സാധനങ്ങൾ വാങ്ങുന്നത്.

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

236 (566) ശ്രീ. വി. ടി.ബൽറാം :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്നും പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ കൺസ്യൂമർഫെഡ് വിജയമാണോയെന്നും വ്യക്തമാക്കുമോ;

(ബി) കൺസ്യൂമർഫെഡിനെ ജനോപകാരപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനും വിവിധ സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഡി) 13 അവശ്യ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സംഘടനാപരമായ പുനഃസംഘാടനം, ധനമാനേജ്മെന്റ്, ക്യാപ്പിറ്റൽ റീസ്ട്രക്ചറിംഗ്, കൺസോർഷ്യം രൂപീകരണം, പ്രൊഫഷണലിസം എന്നീ നടപടികളിലൂടെ വിലയിരുത്തിയിട്ടുണ്ട്.

ഓണം, ക്രിസ്തുമസ് സമയങ്ങളിൽ വിപണിയിൽ ഇടപെട്ട് കൺസ്യൂമർഫെഡ് നടത്തിയ പ്രവർത്തനങ്ങളിലൂടെ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കൺസ്യൂമർഫെഡിന്റെ പിന്തുണയോടെ സംസ്ഥാനത്ത് പ്രാഥമിക സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നുണ്ട്. പാവപ്പെട്ടവരും സാധാരണക്കാരും

കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ മൊബൈൽ ത്രിവേണികളുടെ സേവനം കൃത്യമായി എത്തിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങൾ വിലക്കുറച്ച് ലഭിക്കുന്നതിന് ഇ-ടെണ്ടർ സംവിധാനം ഫലപ്രദമായി നടപ്പിലാക്കി. മരുന്ന് കമ്പനികളിൽ നിന്നും നേരിട്ട് മരുന്ന് വാങ്ങുന്നതിലൂടെ കൂടുതൽ വിലക്കുറവിൽ മരുന്നുകൾ വിപണിയിൽ എത്തിക്കുവാൻ കഴിയുന്നുണ്ട്. സ്കൂൾ തുറക്കുന്ന കാലയളവിൽ വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാവിധ പഠന സാമഗ്രികളും സ്കൂൾ മാർക്കറ്റുകൾ വഴി ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ത്രിവേണി വിഭാഗത്തിലെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി എല്ലാ മാസവും റീജിയണൽ മാനേജരുടെ റിവ്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. യൂണിറ്റുകൾക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള ടാർജറ്റ് നേടണമെന്ന കർശനനിർദ്ദേശം നൽകുന്നുണ്ട്. ഇതിലൂടെ വിറ്റുവരവ് ക്രമാതീതമായി വർദ്ധിച്ചുവരികയാണ്.

ത്രിവേണി സ്റ്റോറുകളിൽ പഴകിയ സാധനങ്ങൾ സൂക്ഷിച്ചിരുന്ന സംവിധാനം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. പഴയ സാധനങ്ങൾ ഡിസ്കൗണ്ട് നൽകി വിൽപ്പന നടത്തി ഡാമേജുരഹിത യൂണിറ്റുകളാക്കി മാറ്റുന്നുണ്ട്. റീജിയൻ അടിസ്ഥാനത്തിൽ സ്ക്വാഡ് രൂപീകരിച്ച് ഗൃഹസന്ദർശനം നടത്തി ത്രിവേണി യൂണിറ്റുകൾ ജനകീയമാക്കുന്നതിനും ശൃംഖല മെച്ചപ്പെടുത്തുന്നതിനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിൽപ്പനകുറവുള്ള യൂണിറ്റുകൾ വിൽപ്പന സാദ്ധ്യതയുള്ള അനുയോജ്യമായ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിൽപ്പനയിൽ വർദ്ധനവ് ഉണ്ടാകാത്തതും, ലാഭത്തിലെത്താൻ സാധ്യതയില്ലാത്തതുമായ യൂണിറ്റുകൾ നിർത്തലാക്കുന്നുണ്ട്. ഇ-ടെണ്ടർ മുഖേന ടെണ്ടർ സമർപ്പിക്കുന്ന പാർട്ടികൾ നൽകുന്ന സാമ്പിളുകൾ പർച്ചേസ് കമ്മിറ്റി പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്. അരി പോലുള്ള ഇനങ്ങളുടെ ഗുണമേന്മ അരി വേവിച്ചുനോക്കി ഉറപ്പുവരുത്താറുണ്ട്. ഉത്സവകാലങ്ങളിൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ലബോറട്ടറികളെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ഇവർ പരിശോധന നടത്തി ലഭ്യമാക്കുന്ന ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗുണമേന്മ ഉറപ്പുവരുത്തിയാണ് സാധനങ്ങൾ വാങ്ങുന്നത്. വിപണനശൃംഖല മെച്ചപ്പെടുത്തുന്നതിന് വിവിധ സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പന നടത്തിവരുന്നു.

**കേപ് എഞ്ചിനീയറിംഗ് കോളേജിന്റെ വികസനം**

237 (567) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ബജറ്റിൽ തലശ്ശേരി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കേപ് എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര വികസനത്തിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേപ്പിനു കീഴിലുള്ള തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിന് മാത്രമായി 2018-19-ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ സമഗ്രവികസനത്തിനായി 2018-19 സംസ്ഥാന ബജറ്റിൽ 10 കോടി രൂപ പ്ലാൻ ശീർഷകത്തിലും 4.2365 കോടി രൂപ നോൺ പ്ലാൻ ശീർഷകത്തിലും വകയിരുത്തിയിട്ടുണ്ട്.

**കാർഷിക വായ്പ**

238 (568) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ ലഭ്യമാകുന്നതിനുവേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാർഷിക വായ്പയിൽ പലിശ നിരക്ക് ഇളവ് ലഭിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കാർഷിക വായ്പ പലിശ ഇളവിനായി എത്ര രൂപ അനുവദിക്കുകയുണ്ടായി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സഹകരണമേഖലയിൽ കാർഷിക വായ്പ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. സഹകരണസംഘത്തിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കാണ് വായ്പ നൽകുന്നത്. വായ്പക്കാരന് കൃഷിഭൂമി (സ്വന്തമായോ പാട്ടവ്യവസ്ഥയിലോ) ഉണ്ടായിരിക്കണം.

2. വായ്പ ലഭിക്കുന്നതിനായി കൈവശാവകാശ സർട്ടിഫിക്കറ്റും ഭൂനികുതി അടച്ച രേഖകളും സഹകരണസംഘത്തിന് നൽകണം.

3. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായ വായ്പ തുകയാണ് ഓരോ വിളയ്ക്കും അനുവദിക്കുന്നത്.

4. ഒരു ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല വിള വായ്പകൾ പരസ്പര ജാമ്യത്തിന്മേൽ നൽകാനാണ് സഹകരണസംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

5. ഒരു ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള വായ്പകൾ വസ്തു ഈടിൻമേലോ രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ നൽകാവുന്നതാണ്. ശമ്പളജാമ്യം സ്വീകരിക്കുമ്പോൾ മതിയായ ശമ്പളം, സർട്ടിഫിക്കറ്റിന്റെ കൃത്യത എന്നിവ ഉറപ്പുവരുത്തേണ്ടതുണ്ട്.

3 ലക്ഷം രൂപയിൽ അധികരിച്ച വായ്പ ലഭിക്കാൻ വസ്തു ഈടോ മതിയായ മറ്റ് ജാമ്യമോ നൽകേണ്ടതാണ്.

2016-2017 സാമ്പത്തിക വർഷം കാർഷിക സഹകരണ ബാങ്കുകളിൽ കർഷകർക്ക് 1877.4386 കോടി രൂപയുടെ വായ്പ കുടിശ്ശികയാണ്.

(ബി) ഹ്രസ്വകാല വിളവായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2010-11 സാമ്പത്തിക വർഷം മുതൽ നെൽകർഷകർക്ക് ഇപ്രകാരം പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം 7% പലിശ നിരക്കിലാണ് ഹ്രസ്വകാല വായ്പകൾ (കാർഷിക വായ്പകൾ) നൽകുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്സിഡിയോടൊപ്പം 4% സംസ്ഥാന സർക്കാരും പലിശ സബ്സിഡി നൽകിവരുന്നു. പലിശ ഇളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ/കിസാൻ ക്രെഡിറ്റ്/കാർഷിക ആവശ്യത്തിനുള്ള ക്യാഷ് ക്രെഡിറ്റ് എന്നിവയായിരിക്കണം.

(ബി) സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷകരായിരിക്കണം.

(സി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായിരിക്കണം വായ്പാ തുക.

(ഡി) മുതൽ തുക കുടിശ്ശിക ഇല്ലാതെ കാലാവധിക്കുള്ളിൽ (തവണ തീയതിയിലോ അതിനുമുമ്പോ) തിരിച്ചടച്ചിരിക്കണം.

(ഇ) ഒരു കർഷകന് 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് മാത്രമേ ടി പദ്ധതി പ്രകാരം പലിശയിളവിന് അർഹതയുള്ളൂ. ടി പരിധിയിൽ അധികരിച്ചുവരുന്ന വായ്പകൾക്ക് പലിശ ഇളവ് ലഭിക്കുന്നതല്ല.

(സി) ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2017-18 -ലെ ബജറ്റ് വിഹിതമായ ഒരു കോടി രൂപ ഉൾപ്പെടെ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള ഇളവിനായി സംസ്ഥാനത്തെ 14 ജില്ലകളിലെയും സംഘങ്ങളിൽ നിന്ന് ക്വാർട്ടർ തിരിച്ച് ലഭിച്ചുവരുന്ന ക്ലെയിം സ്റ്റേറ്റ്മെന്റ് അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ) -മാർ പരിശോധിച്ച് ശിപാർശ ചെയ്ത് സഹകരണസംഘം രജിസ്ട്രാർക്ക് അയച്ചുതരുന്നതിൽ നിന്നും മുൻഗണനാ ക്രമമനുസരിച്ച് ലഭ്യമായ തുക വിഭജിച്ച് അതാത് സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് ജോയിന്റ് രജിസ്ട്രാർ വഴി നൽകുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പലിശരഹിത നെൽകൃഷി വായ്പകൾക്ക് പലിശ സബ്സിഡിയായി 2,07,62,936 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ പാലക്കാട് ജില്ലയിലെ 35 സർവ്വീസ് സഹകരണ ബാങ്കുകൾക്ക് അനുവദിച്ച 79,58,950 രൂപ വെയ്സ് ആന്റ് മീൻസ് ക്ലീയറൻസ് ലഭിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട സംഘങ്ങൾക്ക് ലഭ്യമാക്കിയിട്ടില്ല.

## സഹകരണ ബാങ്ക് വഴി കുടിശ്ശിക നിവാരണ പദ്ധതികൾ

239 (569) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള സഹകരണ ബാങ്ക് ലോൺ കുടിശ്ശിക നിവാരണ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

നിലവിൽ സഹകരണ ബാങ്കുകളിലെ ലോൺ കുടിശ്ശിക നിവാരണത്തിനായി "നവകേരളീയം കുടിശ്ശിക നിവാരണം - 2018" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 25 വരെയാണ്.

**ഇൻസ്പെക്ടർമാരുടെ തസ്തിക**

240 (570) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിൽ ജൂനിയർ, സീനിയർ, സ്പെഷൽ ഗ്രേഡ് ഇൻസ്പെക്ടർ, ഓഡിറ്റർ എന്നീ തസ്തികകളിൽ റെഗുലർ വിഭാഗത്തിലും കെ.എസ്.ആർ വിഭാഗത്തിലും അനുവദിച്ചിരിക്കുന്ന തസ്തികകൾ എത്രയെന്നും പ്രസ്തുത തസ്തികകളിൽ എത്ര എണ്ണം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ജില്ലതിരിച്ച് വിശദാംശം നൽകാമോ?

<u>ഉത്തരം</u>

സഹകരണ വകുപ്പിൽ ജൂനിയർ, സീനിയർ, സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ, ഓഡിറ്റർ തസ്തികകളിൽ ആകെയുള്ള 2411 തസ്തികകളിൽ 81 എണ്ണം ഒഴിഞ്ഞുകിടക്കുന്നു. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ**

241 (571) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദാംശം ലഭ്യമാക്കാമോ;

(ബി) സഹകരണ വകുപ്പിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നിലവിൽ സഹകരണ വകുപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) എന്നീ വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ; ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്വീകരിച്ച നടപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സഹകരണ വകുപ്പിലെ ജീവനക്കാരുടെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് യഥാസമയം റിപ്പോർട്ട് ചെയ്യുകയും നിയമനം നൽകുകയും ചെയ്തുവരുന്നു.

(സി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ നിലവിൽ 59 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നിയമാനുസൃതമുള്ള റേഷ്യോ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ സഹകരണ വകുപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) എന്നീ വിഭാഗത്തിൽ 6 ഒഴിവുകൾ നിലവിലുണ്ട്. സെലക്ട് ലിസ്റ്റ് നിലവിലില്ല. സെലക്ട് ലിസ്റ്റ് തയ്യാറാവുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ നടപടി

242 (572) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ച നിർത്താൻ കഴിയുംവിധം, സംസ്ഥാനത്തെ സഹകരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ വഴി നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പച്ചക്കറി ഉൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം ഇടപെടലുകൾ നടത്തിയിട്ടും വില നിയന്ത്രണം ഫലപ്രദമാകാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇതെന്ന് വിശദമാക്കാമോ; ഇതിന് പരിഹാരമായി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണി ഇടപെടലിന്റെയും ഭാഗമായി കൺസ്യൂമർഫെഡ് നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കി വിതരണരംഗത്ത് ശക്തമായി ഇടപെടാൻ കഴിയുന്നുണ്ട്. ഉത്സവകാല വിപണിയിൽ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ചുനിർത്തുന്നതിന് ഇത്തരം ഇടപെടലുകൾ സഹായകരമായിട്ടുണ്ട്.

സംസ്ഥാനത്ത് കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, ഇ-ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ എന്നിവയിൽ കൂടി നിത്യോപയോഗ സാധനങ്ങൾ എം.ആർ.പി./പൊതുവിപണിയിൽ നിന്നും വിലക്കുറവിൽ വില്പന നടത്തിവരുന്നു.

(ബി) ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണസംഘങ്ങൾ വഴി 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 168 നീതി സ്റ്റോറുകളും 178 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. ടി നീതി സ്റ്റോറുകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ ഉത്സവകാലങ്ങളിൽ പ്രാഥമിക സഹകരണസംഘങ്ങൾ വഴി സംസ്ഥാനമൊട്ടാകെ വില്പന നടത്തി വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേകിച്ച് ഓണവിപണിയിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പഴം, പച്ചക്കറി ഉല്പന്നങ്ങൾ സംസ്ഥാനമൊട്ടാകെ വില്പന നടത്തി കമ്പോള വില പിടിച്ചു നിർത്തുവാനും അതുവഴി സാധാരണക്കാർക്ക് ഗുണമേന്മയുള്ള അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) ഇത്തരം ഇടപെടലുകൾ നടത്തിയതിലൂടെ സാധാരണക്കാർക്ക് ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങളും പഴം, പച്ചക്കറികളും ലഭ്യമാക്കുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

**ആഭ്യന്തര-വിദേശ ടൂറിസ്റ്റുകൾ**

243 (573) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ എത്ര വിദേശ ടൂറിസ്റ്റുകളാണ് കേരളം സന്ദർശിച്ചിട്ടുള്ളത്;

(ബി) 2017-ൽ എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2016, 2017 വർഷങ്ങളിൽ കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം യഥാക്രമം 1038419 ഉം 1091870 ഉം ആണ്.

(സി) ആഭ്യന്തര വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ അന്തർദ്ദേശീയ നഗരങ്ങളിൽ ബിസിനസ്സ് മീറ്റുകൾ നടത്തുകയും വിവിധ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വിവിധ തലത്തിലുള്ള പ്രചരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ആയുർവ്വേദ സെന്റർ, ഹോംസ്റ്റേ മുതലായവയുടെ ഉചിതമായ പരിശോധനയും ക്ലാസിഫിക്കേഷനുമുൾപ്പെടെ വിനോദസഞ്ചാരികൾക്ക് സുഗമവും സുരക്ഷിതവുമായി കേരളം സഞ്ചരിച്ച് മടങ്ങുന്നതിനായി വിവിധ മേഖലയിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്ന രീതിയിലുള്ള പദ്ധതികൾ നടത്തിവരുന്നു.

**ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ**

244 (574) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം ഉറപ്പ് വരുത്തുവാൻ രൂപീകരിച്ച ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കൗൺസിലുകൾ രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) നിലവിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ പ്രവർത്തിക്കുന്നത്;

(ഡി) വിനോദസഞ്ചാര മേഖലകളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രസ്തുത കൗൺസിലുകൾക്ക് കഴിയുന്നുണ്ടോ; അതിനുള്ള ഫണ്ട് അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ ജനറൽ ബോഡി യോഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും ചേർന്ന് പദ്ധതികൾ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

(ബി) വിനോദസഞ്ചാര സാധ്യതയുള്ള ഒരു പ്രദേശത്തിന്റെ സമഗ്ര ടൂറിസം വികസനത്തിനും ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനും നിലവിലെ പദ്ധതികളുടെ വികസനത്തിനും പുരോഗതിക്കുമായാണ് ഓരോ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളും രൂപീകരിച്ചിട്ടുള്ളത്.

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഉണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനടക്കം പദ്ധതികൾക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നുണ്ട്.

**വിനോദസഞ്ചാര വ്യവസായം വികസിപ്പിക്കാനുള്ള നടപടികൾ**

245 (575) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്ഘടനയിൽ സുപ്രധാന പങ്ക് വഹിക്കുന്ന വിനോദസഞ്ചാര വ്യവസായം കൂടുതൽ ആഭ്യന്തര - വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാവുന്ന വിധത്തിൽ വികസിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന വ്യവസായവികസന തന്ത്രം അറിയിക്കാമോ ;

(ബി) വിനോദസഞ്ചാരം ഏതാനും കേന്ദ്രങ്ങളിലേക്ക് മാത്രമായി പരിമിതപ്പെടുത്താതെ സാധ്യതക്കനുസരിച്ച് അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങളെ സുരക്ഷിത സ്ഥാനങ്ങളാക്കി മാറ്റുന്നതിനും ഉള്ള പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിനും വിവിധ കേന്ദ്രങ്ങൾ തമ്മിലുള്ള കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വ്യവസായം ഏറെ ആവശ്യപ്പെടുന്ന അടിസ്ഥാന സൗകര്യവികസനത്തിനും നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനും വേണ്ട പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ചുവരുന്നു. ഇതിനനുസൃതമായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി, ഗ്രീൻ കാർപ്പെറ്റ് പദ്ധതി, ആർ.റ്റി. മിഷൻ, അഡ്വഞ്ചർ ടൂറിസം പദ്ധതികൾ, ഇക്കോ ടൂറിസം പദ്ധതികൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധ ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുന്നതോടൊപ്പം ജനകീയ പങ്കാളിത്തത്തോടെയുള്ള വള്ളംകളികൾ, സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. കൂടുതൽ ആധുനിക രീതിയിലുള്ള വിപണന തന്ത്രവും സോഷ്യൽ മീഡിയ, ഇലക്ട്രോണിക്സ് മീഡിയ, അച്ചടി-ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യപ്രചരണം, ഇന്ത്യയ്ക്കകത്തും വിദേശ രാജ്യങ്ങളിലുമുള്ള റോഡ് ഷോ, ടൂറിസം മേളകൾ സംഘടിപ്പിക്കുക, രാജ്യത്തിനകത്തും പുറത്തും സംഘടിപ്പിക്കപ്പെടുന്ന മേളകളിലെ പങ്കാളിത്തം എന്നിവ വഴി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള തന്ത്രങ്ങൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നുണ്ട്.

കൂടാതെ ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, ആയുർവ്വേദ കേന്ദ്രങ്ങൾ, റെസ്റ്റോറന്റുകൾ എന്നീ ടൂറിസം മേഖലയിലെ സ്വകാര്യ സേവനദാതാക്കൾക്ക് ക്ലാസിഫിക്കേഷൻ നൽകുകയും അവയുടെ വിപണന സാധ്യതകൾക്കുവേണ്ട സഹായങ്ങൾ ചെയ്യുക വഴിയും കൂടുതൽ ജനകീയ പങ്കാളിത്തം ടൂറിസം മേഖലയിൽ ഉറപ്പാക്കാൻ ശ്രമിച്ചുവരുന്നു.

(ബി) വകുപ്പ് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതി ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനുപുറമെ ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതിയും ഇതിന് അനുസരിച്ചുള്ളതാണ്. സുരക്ഷിതത്വത്തിന്റെ ഭാഗമായി ബോധവത്കരണം, പോലീസ് എയ്ഡ് പോസ്റ്റ്, ലൈഫ് ഗാർഡുകളുടെ സേവനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, ബോധവത്കരണം എന്നിവയും ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യസംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദസഞ്ചാര വകുപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, ബോധവത്കരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹാർദ്ദ മാലിന്യസംസ്കരണ

പ്ലാന്റുകളുടെ നിർമ്മാണം എന്നിവയും ഇതിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കി വരുന്നു. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ ഇതിന്റെ ഭാഗമായിട്ടുള്ളതാണ്.

മാലിന്യ നിയന്ത്രണ ലക്ഷ്യത്തിലേയ്ക്കായി ടൂറിസം വകുപ്പ് അത്യാവശ്യമെന്ന് കണ്ടെത്തിയ ചില ടൂറിസം കേന്ദ്രങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിനോദസഞ്ചാരമേഖലയുടെ പ്രാധാന്യവും, വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകളുടെ വിപുലീകരണവും, ഗതാഗത സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതികളും വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള സ്വദേശ് ദർശൻ, പ്രസാദ് പദ്ധതികൾ ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള കണക്റ്റിവിറ്റി കൂടി ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

കേരളത്തിലെ തെരഞ്ഞെടുത്ത 79 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വകുപ്പ് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ മാലിന്യസംസ്കരണവും ശുചീകരണവും ഒരു മുഖ്യലക്ഷ്യമാണ്.

## വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

246 (576) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാ മാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനു വേണ്ടി ടൂറിസം വകുപ്പ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2016-17 -ൽ 136 കോടി രൂപയും 2017-18-ൽ 78.33 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ

247 (577) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദ സഞ്ചാരമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) കേന്ദ്ര സഹായത്തോടെ ആവിഷ്കരിച്ച സ്വദേശ് ദർശൻ, പ്രസാദ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ;

(സി) മലബാർ ക്രൂയിസ് ടൂറിസം പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്വദേശ് ദർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾക്കാണ് കേന്ദ്ര ടൂറിസം മന്ത്രാലയം അനുമതി നൽകിയിരിക്കുന്നത്.

| 1. സ്വദേശ് ദർശൻ | നിലവിലെ സ്ഥിതി |
|---|---|
| ഇക്കോ ടൂറിസം സർക്യൂട്ടായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനം | പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പദ്ധതി പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ<br>a. ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) | പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പദ്ധതി പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | |
|---|---|
| b. സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം | പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പദ്ധതി പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2. പ്രസാദ്<br>ഗുരുവായൂർ ക്ഷേത്ര വികസനം | പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. പദ്ധതിയുടെ നിർവ്വഹണ ചുമതല സർക്കാർ അംഗീകൃത ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ്. |

(സി) " മലനാട്-മലബാർ-റിവർ ക്രൂയിസ് ടൂറിസം പദ്ധതി" ക്ക് നിലവിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല. എന്നാൽ ടി പദ്ധതിക്കായി 120 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രതിനിധികൾ പ്രസ്തുത പ്രദേശങ്ങളിൽ പ്രാഥമിക സന്ദർശനം നടത്തിയിരുന്നു. ഇതിനെ തുടർന്ന് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആർക്കിടെക്റ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് എത്രയും വേഗം കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

## ബീച്ച് ടൂറിസം പദ്ധതി

248 (578) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീച്ച് ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എത്ര കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ബീച്ച് ടൂറിസം പദ്ധതി നടപ്പിലാക്കിയ കേന്ദ്രങ്ങളിൽ വിനോദ സഞ്ചാരികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ പല ബീച്ചുകളിലും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാലാകാലങ്ങളിൽ പ്രസ്തുത സ്ഥലങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇവിടെ എത്തുന്ന ടൂറിസ്റ്റുകളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് പ്രത്യേക പരിശീലനം സിദ്ധിച്ച ഗൈഡുകളുടെ സേവനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ&ബി) പ്രത്യേക പദ്ധതിയായി ഇത് നടപ്പിലാക്കിയിട്ടില്ല. എന്നാൽ ബീച്ചുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും സൗന്ദര്യവത്കരണവും ടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനും പ്രാധാന്യം നൽകിയുള്ള പദ്ധതികൾ പ്രധാന ബീച്ചുകളിൽ ഏർപ്പെടുത്തിവരുന്നുണ്ട്. ബീച്ചുകളിൽ ടൂറിസ്റ്റുകൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഇരിപ്പിടങ്ങൾ, നടപ്പാതകൾ, മുന്നറിയിപ്പ് ബോർഡുകൾ, ലൈഫ് ഗാർഡ് സേവനം, പോലീസ് എയ്ഡ് പോസ്റ്റ്, പോലീസ് പട്രോളിംഗ്, മറ്റ് സൗകര്യങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിന് വിവിധ ഏജൻസികളുമായി എഎംസി. ഏർപ്പെടുത്തിവരുന്നു.

(ഡി) ലൈഫ് ഗാർഡുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

## അഡ്വഞ്ചർ ടൂറിസം

249 (579) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന് അനുയോജ്യമായ സ്ഥലങ്ങൾ ഏതെല്ലാം ജില്ലകളിൽ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ അഡ്വഞ്ചർ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുക വഴി സംസ്ഥാനത്തേക്ക് വിദേശസഞ്ചാരികളെ കൂടുതലായി ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിന് അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റികളുടെ പ്രവർത്തനം എപ്രകാരം സഹായകമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വയനാട്, ഇടുക്കി, പാലക്കാട്, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ചില കേന്ദ്രങ്ങൾ അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 44 കേന്ദ്രങ്ങൾ ഇക്കോ-അഡ്വഞ്ചർ ടൂറിസം വികസനത്തിന് അനുയോജ്യമാണെന്ന് ടൂറിസം വകുപ്പ് കണ്ടെത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവയിൽ വയനാട്, വാഗമൺ, തെന്മല, കൊല്ലം, ജടായുപ്പാറ എന്നിവിടങ്ങളിൽ അഡ്വഞ്ചർ ടൂറിസം പദ്ധതി നടന്നുവരുന്നു. കൂടാതെ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ വനം വകുപ്പിന്റെ നേതൃത്വത്തിൽ മുത്തങ്ങ, സൈലന്റ്‌വാലി, പറമ്പിക്കുളം, പെരിയാർ, മൂന്നാർ, ഗവി, ശെന്തുരുണി, അഗസ്ത്യമല എന്നിവിടങ്ങളിൽ സാഹസിക ട്രെക്കിംഗ്, സഫാരി തുടങ്ങിയവ നടന്നുവരുന്നു.

(സി) അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുക വഴി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ഡി) നിലവിൽ ടൂറിസം വകുപ്പിന്റെ കീഴിൽ ഒരു അഡ്വഞ്ചർ ടൂറിസം സൊസൈറ്റി പ്രവർത്തിച്ചുവരുന്നു. വകുപ്പ് പ്രധാനപ്പെട്ട പല സാഹസിക വിനോദസഞ്ചാര പദ്ധതികളും അഡ്വഞ്ചർ ടൂറിസം സൊസൈറ്റി വഴിയാണ് നടപ്പാക്കിവരുന്നത്. സൊസൈറ്റിക്ക് ഒരു മുഴുവൻ സമയ സി.ഇ.ഒ. -യെ നിയമിച്ച് പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതി**

250 (580) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനങ്ങൾ വിശദമാക്കുമോ ;

(ബി) യോഗത്തിനുശേഷം പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 1. പദ്ധതിപ്രദേശത്തെ വഴിയുടെ ശോചനീയാവസ്ഥ എം.എൽ.എ. യുമായി കൂടിയാലോചിച്ച് പരിഹരിക്കുന്നതിനുവേണ്ട നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2. റിപ്പയർ ചെയ്യാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്ത് ഈ പദ്ധതിപ്രദേശം ലീസ് ഔട്ട് ചെയ്ത് ലാഭം എടുക്കേണ്ടതാണ്.

4. ലീസ് ഡ്യൂസ് പഞ്ചായത്ത് അടക്കേണ്ടതാണ്.

5. പദ്ധതിയിൽ മുൻപ് നിർമ്മിച്ചിട്ടുള്ളതും നിലവിൽ ഉപയോഗ പ്രദമല്ലാത്തതുമായ എല്ലാ ഘടകങ്ങളും പുതുക്കി പണിത് ഉപയോഗ പ്രദമാക്കുന്ന രീതിയിൽ പദ്ധതി തയ്യാറാക്കേണ്ടതാണ്.

(ബി) പദ്ധതിയുടെ നവീകരണത്തിനായി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

**വള്ളംകളി മത്സരങ്ങൾക്ക് ധനസഹായം**

251 (581) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ നടത്തുന്ന വള്ളംകളി മത്സരങ്ങളിൽ പങ്കെടുക്കുന്ന വള്ളങ്ങളുടെയും ഇവയുടെ വള്ളപ്പുരകളുടെയും അറ്റകുറ്റപ്പണികൾക്കായി നീക്കിവച്ച ബജറ്റ് വിഹിതം എത്രയെന്ന് വിശദമാക്കുമോ;

(ബി) എത്ര വള്ളങ്ങളുടെയും വള്ളപ്പുരകളുടെയും അറ്റകുറ്റപ്പണിക്കായാണ് ഈ വിഹിതമനുവദിച്ചത്; ഇവയുടെ വിശദമായ പട്ടിക ലഭ്യമാക്കാമോ; ബജറ്റിൽ തുക വകയിരുത്തിയിട്ടും ഇത്തരത്തിലൊരു പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് വള്ളംകളി പ്രോത്സാഹിപ്പിക്കുന്നതിനും മെയിന്റനൻസ് സഹായം ഇതുവരെ ലഭിക്കാത്ത ചുണ്ടൻവള്ളങ്ങൾക്ക് ധനസഹായത്തിനുമായി അഞ്ചുകോടി രൂപ '3452-80-800-24 Encouraging Boat Race and Giving Assistance to Snake Boats' എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു.

(ബി) ടൂറിസം ഡയറക്ടർ സർക്കാരിന്റെ പരിഗണനയ്ക്കായി ശിപാർശ ചെയ്ത് മെയിന്റനൻസ് സഹായം ലഭിക്കാത്ത 52 ആറന്മുള പള്ളിയോടങ്ങൾക്ക് ഓരോന്നിനും 25,000 രൂപ വീതം '3452-80-800-24 Encouraging Boat Race and Giving Assistance to Snake Boats' എന്ന ശീർഷകത്തിൽ നിന്നും 11-9-2017-ലെ സ.ഉ.(സാധാ)നമ്പർ 425/2017/ടൂറിസം ഉത്തരവ് പ്രകാരം ആകെ 13 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതി നടപ്പിലാക്കിവരുന്നു.

## കെ.ടി.ഡി.സി. ടൂർ പാക്കേജ്

252 (582) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :

<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളെ എത്തിക്കുന്നതിന് കെ.ടി.ഡി.സി. ആഡംബര ബസ്സുകൾ നിരത്തിലിറക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനായി പുതുതായി ജീവനക്കാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിയമനരീതി വിശദീകരിക്കാമോ;

(സി) കെ.ടി.ഡി.സി. മുമ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ ടൂർ പാക്കേജുകൾ നഷ്ടത്തിലാകുവാനുള്ള കാരണം എന്തായിരുന്നെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.ടി.ഡി.സി.-ക്ക് ഭീമമായ നഷ്ടം വരുത്തിയ പ്രസ്തുത ബസ് ടൂർ പാക്കേജുകളിൽ സംഭവിച്ച പിഴവ് ആവർത്തിക്കാതിരിക്കുവാൻ വേണ്ട കരുതൽ എടുക്കുമോയെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്. മൂന്ന് ബസുകൾ മാത്രമാണ് ഇപ്പോൾ ഇറക്കിയിട്ടുള്ളത്. ഇതിൽ രണ്ടെണ്ണം തിരുവനന്തപുരം കേന്ദ്രമാക്കിയും ഒരെണ്ണം കൊച്ചി കേന്ദ്രമാക്കിയുമാണ് ഓപ്പറേറ്റ് ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നത്.

(ബി) സ്ഥിരമായി നിയമിക്കുവാൻ തീരുമാനിച്ചിട്ടില്ല. ആവശ്യാനുസരണം ഡെയ്‌ലി വേജസ് സമ്പ്രദായത്തിൽ എടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) കെ.ടി.ഡി.സി. നേരത്തെ ബസ് വാടകയ്ക്കെടുത്താണ് ഓടിച്ചു കൊണ്ടിരുന്നത്. അതിനാലാണ് നഷ്ടത്തിലായത്.

(ഡി) പുതിയ ബസ്സുകൾ എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയാണ് ഇറക്കിയിട്ടുള്ളത്. ഓൺലൈൻ ബുക്കിംഗ് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ടൂർ പാക്കേജിംഗ് രീതി ഉപയോഗിക്കുന്നതിനാൽ നഷ്ടത്തിലാകാനുള്ള സാദ്ധ്യത കുറവാണ്.

## ബി.ആർ.ഡി.സി.-യുടെ പ്രോജക്ട് ഏരിയ

253 (583) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ) -യുടെ പ്രോജക്ട് ഏരിയയിൽ ഏതൊക്കെ പ്രദേശങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ഏരിയയ്ക്ക് പുറത്ത് ബി.ആർ.ഡി.സി-യുടെ ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും ടൂറിസം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ? വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നോർത്ത് മലബാർ ഏരിയ കൂടി ബി.ആർ.ഡി.സി.-യുടെ പ്രോജക്ട് ഏരിയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് 1995-ൽ രൂപീകരിച്ച ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ)-യുടെ റിസോർട്ട് പ്രോജക്ടിനുവേണ്ടിയുള്ള സ്ഥലമെടുപ്പും നിർമ്മാണവും മറ്റും ചെമ്മനാട്, ഉദുമ, പള്ളിക്കര, അജാനൂർ എന്നീ നാല് പഞ്ചായത്തുകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. 2017-18 കാലയളവിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക് ഉൾപ്പെടുത്തി വിവിധ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

(ബി&സി) നീലേശ്വരം മുനിസിപ്പാലിറ്റിയിലെ കോട്ടപ്പുറത്ത് ഹൗസ് ബോട്ട് അമിനിറ്റി സെന്റർ നിർമ്മിച്ച് 2000-ാം ആണ്ട് തൊട്ട് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂർ, വയനാട്, എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ വിവിധ പദ്ധതികൾ 2000 മുതൽ 2014 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയിട്ടുണ്ട്. 'സൈമൽ' പദ്ധതിയുടെ ഭാഗമായി ഉത്തര മലബാറിലെ ടൂറിസം സംരംഭകർക്ക് പരിശീലനവും തുടർസേവനങ്ങളും ഇപ്പോൾ നൽകിവരുന്നുണ്ട്. നോർത്ത് മലബാർ ഏരിയ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ടീ-ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നുണ്ട്. നോർത്ത് മലബാറിലെ ടൂറിസം സ്പോട്ടുകളെക്കുറിച്ച് വെർച്വൽ ടൂർ ഗൈഡ്, വീഡിയോ ബ്രോഷർ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം

254 (584) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിന് കെ.റ്റി.ഡി.സി. ആഡംബര ബസ് ടൂർ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) കെ.റ്റി.ഡി.സി.-യുടെ കീഴിൽ കന്യാകുമാരിയിൽ നക്ഷത്ര ഹോട്ടൽ തുടങ്ങുവാൻ പദ്ധതിയുണ്ടോ; എങ്കിൽ, ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കെ.റ്റി.ഡി.സി.-യുടെ മിക്കവാറും എല്ലാ ഹോട്ടലുകളുടെയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പണി നടന്നുകൊണ്ടിരിക്കുന്ന മസ്കറ്റ് ഹോട്ടലിന്റെ 36 റൂമുകൾ പൂർത്തീകരിച്ച് ഗസ്റ്റ് ഹൗസിന് തുറന്നുകൊടുത്തു. പൊന്മുടിയിൽ പതിനാല് പുതിയ കോട്ടേജുകൾ പണി നടന്നുകൊണ്ടിരിക്കുന്നു. തേക്കടി തടാകത്തിൽ 120 പേരെ കയറ്റാവുന്ന ഒരു ബോട്ട് സർവ്വീസാരംഭിച്ചു. കെ.റ്റി.ഡി.സി.-യുടെ നിലവിലുള്ള ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെ.റ്റി.ഡി.സി. തിരുവനന്തപുരം ആസ്ഥാനമാക്കി രണ്ട് ആഡംബര ബസുകളുടെയും കൊച്ചി ആസ്ഥാനമാക്കി ഒരു ആഡംബര ബസിന്റെയും സർവ്വീസ് ആരംഭിച്ചു.

(സി) കെ.റ്റി.ഡി.സി.-യുടെ കീഴിൽ കന്യാകുമാരിയിൽ നക്ഷത്രഹോട്ടൽ തുടങ്ങുവാൻ പദ്ധതിയുണ്ട്. ഇതിനായി 17.60 കോടിയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ദേവികുളം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

255 (585) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയതും, നടപ്പിലാക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോന്നിന്റെയും വിശദ വിവരം നൽകാമോ?

### ഉത്തരം

(എ&ബി) വിശദമായ വിവരം അനുബന്ധമായി ചേർക്കുന്നു.*

## നിലമ്പൂരിലെ കെ.റ്റി.ഡി.സി. റെസ്റ്റോറന്റ്

256 (586) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.സി.-ക്ക് കീഴിൽ നിലമ്പൂരിൽ ഉള്ള ടാമറിൻഡ് റെസ്റ്റോറന്റിൽ എത്ര ജീവനക്കാരാണ് താൽക്കാലികമായി ജോലി ചെയ്യുന്നത്;

(ബി) താൽക്കാലിക ജീവനക്കാരുടെ കരാർ ഏത് മാസം വരെയാണ്; താൽക്കാലിക ജീവനക്കാരുടെ യോഗ്യത എന്താണ്; നിലവിലുള്ളവരെ ജോലിക്ക് എടുത്തതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

### ഉത്തരം

(എ) കെ.റ്റി.ഡി.സി.-യുടെ കീഴിലുള്ള യൂണിറ്റുകളിൽ ക്ലീനിംഗ് വർക്കുകൾ ചെയ്യുന്നതിനുവേണ്ടി പുറം കരാർ നൽകിയിരിക്കുന്ന എലഗന്റ് അസോസിയേറ്റ്സ്, കൊച്ചി എന്ന ഏജൻസി വഴി നിലമ്പൂരിലുള്ള ടാമറിന്റ് റെസ്റ്റോറന്റിൽ ഏഴ് പേർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട്.

(ബി) പുറം കരാർ നൽകിയിരിക്കുന്ന ഏജൻസി വഴി നിയമിക്കുന്ന തൊഴിലാളികളുടെ യോഗ്യത, നിലവിലുള്ളവരെ ജോലിക്ക് എടുത്തതിനുള്ള മാനദണ്ഡം എന്നിവ ഏജൻസിയാണ് തീരുമാനിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജീവനക്കാരുടെ വേതനം

257 (587) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജില്ലാ കളക്ടർ ചെയർമാനും ജനപ്രതിനിധികളും മറ്റും അംഗങ്ങളായുള്ള സമിതിക്കാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നിയന്ത്രണ ചുമതല. ഡി.റ്റി.പി.സി.-കളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ജീവനക്കാർക്ക് വേതനം നിശ്ചയിക്കുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽനിന്നുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ വേതനം അതാത് ഡി.റ്റി.പി.സി. -കൾ നിശ്ചയിച്ചുവരുന്നത്.

## ചെറായി ബീച്ച്

258 (588) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2018 കാലയളവിൽ എറണാകുളം ഡി.ടി.പി.സി. ചെറായി ബീച്ചിൽ നടത്തിയ നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ചെറായി ബീച്ചിൽ നിന്നും വിവിധ ഇനങ്ങളിലായി ഡി.ടി.പി.സി.-ക്ക് ലഭിച്ച വരുമാനം എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-18 കാലയളവിൽ ഇലക്ട്രിക്കൽ വർക്കുകളല്ലാതെ മറ്റ് നിർമ്മാണ പ്രവൃത്തികളൊന്നും ഡി.റ്റി.പി.സി. ചെറായി ബീച്ചിൽ നടത്തിയിട്ടില്ല.

(ബി) 2016-18 കാലയളവിൽ ചെറായി ബീച്ചിൽനിന്നും വിവിധ ഇനങ്ങളിലായി ജി.എസ്.ടി. ഉൾപ്പെടെ ഡി.റ്റി.പി.സി. -ക്ക് ലഭിച്ച വരുമാനം താഴെപ്പറയുന്നു:

| | | |
|---|---|---|
| കിയോസ്ക് (എ) | - | 4,50,096 |
| കിയോസ്ക് (ബി) | - | 3,80,192 |
| പേ & പാർക്ക് | - | 11,86,240 |
| ബ്രാന്റ് ഫ്രീ (ചെറായി വാട്ടർ സ്പോർട്ട് സേവനങ്ങൾ) | - | 25,000 |

## ടൂറിസം വികസനം

259 (589) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽപ്പെട്ട വെള്ളാണിക്കൽ പാറയിൽ ടൂറിസം വികസനത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ ;

(ബി) ആവിഷ്കരിച്ച പദ്ധതികളിൽ ഏതൊക്കെ പൂർത്തിയാകാനുണ്ട്; വിശദവിവരങ്ങൾ നൽകാമോ ;

(സി) ഈ സ്ഥലത്ത് പണി കഴിച്ച അമിനിറ്റി സെന്റർ പ്രവർത്തിച്ച് തുടങ്ങിയോ; ഇല്ലെങ്കിൽ എന്നുമുതൽ പ്രവർത്തനക്ഷമമാക്കാൻ കഴിയും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്പെട്ട വെള്ളാണിക്കൽ പാറ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഡി.റ്റി.പി.സി. മുഖേന കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര ഡെവലപ്മെന്റ് ഓഫ് വെള്ളാണിക്കൽ റൂറൽ ടൂറിസം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഘടകങ്ങളിൽ പാർക്കിംഗ് ഏരിയ, ഒരു ഷോപ് സ്റ്റെപ്, ചുറ്റുമതിൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതിയിൽപ്പെട്ട മറ്റ് ഘടകങ്ങളായ വ്യൂ ടവർ, ഗാർഡൻ ഫർണിച്ചർ, ഗ്രാനൈറ്റ് സ്റ്റോൺ, ബൊള്ളാർഡ് എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല. അമിനിറ്റി സെന്ററിന്റെ നിർമ്മാണം നിലവിലെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

## വയനാട് വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ വികസനം

260 (590) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ വികസനത്തിന് വിനോദസഞ്ചാര വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ജില്ലയിൽ "എൻ -ഊര്" ടൂറിസം പ്രോജക്ടിനായി അനുവദിച്ച തുക വകുപ്പിൽ നിന്നും റിലീസ് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതിക്കായി അനുവദിച്ചതും ചെലവഴിക്കാനുള്ളതുമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജില്ലയിലെ മേപ്പാടി, കാരാപ്പുഴ, അമ്പലവയൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് നവീകരണത്തിന് വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ വികസനത്തിന് വിനോദസഞ്ചാര വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് 2.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 'എൻ-ഊര്' പദ്ധതിക്കായി സർക്കാർ 4.53 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ എക്സിക്യൂട്ടിംഗ് ഏജൻസിയായി വയനാട് ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ട തുക അനുവദിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

## ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതി

261 (591) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതി ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഗവേണിംഗ് ബോഡിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലെ ജന പ്രതിനിധികളെയും സ്ഥലം എം.എൽ.എ.-യേയും മറ്റും അംഗങ്ങൾ ആക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങളുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് കത്ത് നമ്പർ-MLA-PNJR/GP/220/17-18/dt. 19-7-2017 പ്രകാരം വിനോദസഞ്ചാര വകുപ്പുമന്ത്രിയ്ക്ക്, പൂഞ്ഞാർ എം.എൽ.എ. കത്ത് നൽകിയതിൻ പ്രകാരം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിച്ച്, ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഗവേണിംഗ് ബോഡിയിൽ പ്രദേശത്തെ എം.എൽ.എ-യെയും, ജനപ്രതിനിധികളെയും കൂടി ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളായ രാമപുരം, നാലമ്പലം, ഭരണങ്ങാനം ശ്രീകൃഷ്ണസ്വാമിക്ഷേത്രം, ഏഴാച്ചേരി ഉമാമഹേശ്വരക്ഷേത്രം എന്നിവിടങ്ങളിൽ തീർത്ഥാടകർക്കായി അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രീൻ ടൂറിസം സർക്യൂട്ടിന്റെ പ്രവർത്തന കവാടമായ പാലായിൽ മീനച്ചിൽ ആറിന്റെ തീരത്ത് നഗരഹൃദയത്തിൽ ടൂറിസ്റ്റ് കോംപ്ലക്സും സൗന്ദര്യവൽക്കരണ പ്രവൃത്തികളും അന്തിമഘട്ടത്തിലാണ്. പദ്ധതി വികസിപ്പിക്കേണ്ട പ്രദേശങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽക്കല്ല്, അയ്യംപാറ എന്നിവിടങ്ങളിൽ സ്ഥലത്തിന്റെ പെർമിസീവ് സാംങ്ഷൻ, റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ പങ്കാളിത്തം ഒഴിവാക്കി പൂർണ്ണമായും സർക്കാർതലത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കുരിശുമല, തങ്ങൾപാറ, മുരുകൻമല എന്നീ പ്രദേശങ്ങൾ

(സി) 25-5-2017 -ലെ സ.ഉ.(സാധാ) നമ്പർ 251/2017/ടൂറിസം പ്രകാരം തീക്കോയി പഞ്ചായത്ത് പ്രസിഡന്റിനെ ഗ്രീൻ ടൂറിസം സർക്യൂട്ട് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയിൽ അംഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കത്ത് ലഭിച്ചിട്ടുണ്ട്. പരിശോധിച്ചുവരുന്നു.

(ഇ) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തലശ്ശേരി ടൂറിസം പൈതൃക പദ്ധതി

262 (592) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ടൂറിസം പൈതൃക പദ്ധതിയിൽ ഏതെല്ലാം നിയോജകമണ്ഡലങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് എത്ര കോടി രൂപയുടെ മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തലശ്ശേരി ടൂറിസം പൈതൃക പദ്ധതിയിൽ ആദ്യഘട്ടത്തിൽ ഭരണാനുമതി നൽകിയ പദ്ധതി പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് തലശ്ശേരി നിയോജകമണ്ഡലത്തിൽ മാത്രമാണ്. മറ്റ് നിയോജകമണ്ഡലങ്ങളിലെ പദ്ധതികൾ അന്തിമമായി തയ്യാറാക്കിയിട്ടില്ല.

(ബി) ഇപ്പോഴുള്ള പദ്ധതി പ്രദേശങ്ങൾ ഗുണ്ടർട്ട് ബംഗ്ലാവ്, പിയർ റോഡ് മുതൽ കടൽപ്പാലം വരെ, പഴയ ഫയർ ടാങ്ക്, പഴയ മൊയ്തുപാലം എന്നിവിടങ്ങളിലാണ്.

(സി) കണ്ണൂർ ഡി.റ്റി.പി.സി. സെക്രട്ടറിയെ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. തലശ്ശേരി പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കണ്ടെത്തി ക്രോഡീകരിച്ച് വിശദമായ രൂപരേഖ തയ്യാറാക്കാൻ ആർക്കിടെക്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല വടകര ആസ്ഥാനമാക്കിയുള്ള സർക്കാർ അംഗീകൃത ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ചുള്ള പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

## കടലുകാണി പാറയിൽ ടൂറിസം പദ്ധതി

263 (593) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിലെ കടലുകാണി പാറയിൽ ടൂറിസം പദ്ധതി ആരംഭിക്കണമെന്ന നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ&ബി) ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ സാദ്ധ്യത പരിശോധിച്ചുവരുന്നു.

## അഴീക്കൽ ബീച്ചിന്റെ ശോചനീയാവസ്ഥ

264 (594) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം ആയിരക്കണക്കിന് വിനോദസഞ്ചാരികളെത്തുന്ന കരുനാഗപ്പള്ളി താലൂക്കിലെ അഴീക്കൽ ബീച്ചിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ശൗചാലയങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ഈ ബീച്ചിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇവിടെ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ആവശ്യമായ ടൂറിസം ഇൻഫർമേഷൻ സെന്ററുകളോ ഫെസിലിറ്റേഷൻ സെന്ററോ ലഭ്യമല്ല എന്നത് ബോദ്ധ്യപ്പെട്ട് അഴീക്കൽ ബീച്ച് വികസനത്തിന് ഒരു കോടി രൂപ അനുവദിക്കുകയും, അഴീക്കൽ ബീച്ച് പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററും ടോയ്‌ലെറ്റും കെട്ടുന്നതിന് തുക അനുവദിക്കുകയും ചെയ്തിരുന്നു. പഞ്ചായത്തിന്റെ അധീനതയിൽ സ്ഥലം അനുവദിക്കാതിരുന്നതിനാലും ഹാർബറിന്റെ ഉടമസ്ഥതയിലുള്ള പ്രദേശത്ത് നടത്തിയ നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തടഞ്ഞതിനാലുമാണ് ടോയ്‌ലെറ്റ് സൗകര്യം പൂർത്തീകരിക്കാതെ പദ്ധതി നിർത്തിവച്ചിട്ടുള്ളത്. നിർദ്ദിഷ്ട സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ അനുമതി നൽകുന്നതിനായി ആലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കത്ത് നൽകിയിട്ടുണ്ട്.

(സി) അഴീക്കൽ ബീച്ചിൽ താൽക്കാലിക അടിസ്ഥാനത്തിൽ രണ്ട് ലൈഫ് ഗാർഡുകളെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം നിയമിച്ചിട്ടുണ്ട്.

## വൈപ്പിനിലെ ബീച്ചുകളുടെ വികസനം

265 (595) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി ബീച്ചിനെ മദർ ബീച്ചായി വികസിപ്പിച്ചുകൊണ്ട്, വൈപ്പിനിലെ ബീച്ചുകളുടെ സൗന്ദര്യവൽക്കരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള പ്രവൃത്തി നടപ്പാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ തുക എത്രയാണെന്നും ഭരണാനുമതി നൽകിയത് എന്നാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; എങ്കിൽ, വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള 9 ബീച്ചുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് 25-3-2017-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 160/2017/റ്റി.എസ്.എം. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ ചെറായി ബീച്ചും ഉൾപ്പെടുന്നു.

(ബി) ഈ പദ്ധതിയിൽപ്പെടുന്ന 9 ബീച്ചുകളിൽ മേൽപ്രവൃത്തികൾ ഏർപ്പാടാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളിൽനിന്നും കൊച്ചിൻ പോർട്ട് ട്രസ്റ്റിൽനിന്നും അനുമതിയും സി.ആർ.ഇസഡ്. ക്ലിയറൻസും ലഭ്യമാക്കേണ്ടതുണ്ട്. ഇവയിൽ പഞ്ചായത്തുകളിൽ നിന്നുള്ള അനുമതിപത്രങ്ങൾ ലഭ്യമായിട്ടുണ്ട്. പുതുവൈപ്പ്, ചാത്തങ്ങാട്, കുഴുപ്പിള്ളി, അംബേദ്കർ എന്നീ ബീച്ചുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് മുഖേന ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തികൾക്ക് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അനുമതിയും സി.ആർ.ഇസഡ്. ക്ലിയറൻസും പഞ്ചായത്തുകൾ മുഖേന ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭിച്ചാലുടൻ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## അരുവിപ്പുറം തീർത്ഥാടനകേന്ദ്രത്തെ ടൂറിസം ഡെസ്റ്റിനേഷൻ സെന്ററായി ഉയർത്തൽ

266 (596) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ കേരളത്തിലെ പ്രസിദ്ധമായ അരുവിപ്പുറം ക്ഷേത്രത്തിന്റെ നവീകരണത്തിനും, ആയത് ഒരു ടൂറിസം ഡെസ്റ്റിനേഷൻ സെന്ററായി വികസിപ്പിക്കുന്നതിനും വേണ്ടി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് ആയത് നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) പരിശോധിച്ചുവരുന്നു.

## ഏനാത്തിലുള്ള ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമകേന്ദ്രം

267 (597) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏനാത്തിൽ ടൂറിസം വകുപ്പ് നിർമ്മിച്ച ടേക്ക് എ ബ്രേക്ക് എന്ന വഴിയോര വിശ്രമകേന്ദ്രം ഫലപ്രദമായി പ്രവർത്തിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേന്ദ്രം യാത്രക്കാർക്ക് പ്രയോജനപ്രദമാംവിധം പ്രവർത്തന സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര താലൂക്കിൽ കലയപുരം വില്ലേജിൽ എം.സി. റോഡിന് സമീപം ഏറത്തുകുളക്കടയിൽ ടൂറിസം വകുപ്പിന്റെ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ളതും കോഫിഷോപ്പ്, എ.ടി.എം. കൗണ്ടർ, പണം കൊടുത്ത് ഉപയോഗിക്കാവുന്ന തരത്തിലുള്ള ടോയ്‌ലെറ്റുകൾ തുടങ്ങിയ സംവിധാനങ്ങൾ ഉള്ളതുമായ കെട്ടിടം യാത്രക്കാർക്കും മറ്റും പ്രയോജനപ്രദമാം വിധം പ്രവർത്തനസജ്ജമാക്കുന്നതിനായി പ്രതിമാസം 12,000 രൂപ വാടക നിശ്ചയിച്ച് സ്വകാര്യവ്യക്തിയായ ശ്രീ. സന്തോഷ്. എൻ., മൂത്തേടത്ത് വീട്, കുളക്കട പി.ഒ., കൊട്ടാരക്കര എന്ന വ്യക്തിക്ക് മൂന്ന് വർഷക്കാലത്തേയ്ക്ക് 6-2-2017 തീയതി മുതൽ എഗ്രിമെന്റ് പ്രകാരം നൽകിയിട്ടുള്ളതാണ്. ഏനാത്ത് പാലം തകർന്നതുമായി ബന്ധപ്പെട്ട് ടി ഭാഗത്ത് ഗതാഗത നിയന്ത്രണമേർപ്പെടുത്തിയ സമയത്ത് പ്രസ്തുത കേന്ദ്രം അടച്ചിട്ടിരുന്നു. 1-9-2017 തീയതി മുതൽ ടി കേന്ദ്രം യാത്രക്കാർക്ക് പ്രയോജനപ്രദമായ രീതിയിൽ തുറന്നുപ്രവർത്തിക്കുന്നുണ്ട്.

## തുമ്പൂർമൂഴി ടൂറിസം ഡെസ്റ്റിനേഷൻ

268 (598) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ചാലക്കുടി മണ്ഡലത്തിലെ തുമ്പൂർമൂഴി ടൂറിസം ഡെസ്റ്റിനേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും സൗന്ദര്യവൽക്കരണത്തിനുമായി ടൂറിസം വകുപ്പ് ഫണ്ട് അനുവദിച്ച് നിർമ്മാണ ഉദ്ഘാടനം നടത്തിയ പ്രവൃത്തികൾ ഇനിയും ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ നീക്കി അനുവദിച്ച പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പദ്ധതി പ്രദേശത്തിന്റെ ഉടമസ്ഥാവകാശമുള്ള ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## വെട്ടിക്കോട്ട് ചാൽ - വയ്യാങ്കര ചിറ ടൂറിസം പദ്ധതികൾ

269 (599) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെട്ടിക്കോട്ട് ചാൽ ടൂറിസം പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) വയ്യാങ്കര ചിറ ടൂറിസം പദ്ധതി പൂർത്തീകരിക്കുന്നതിലേക്കായി നടപ്പിലാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ആകെ എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സാധ്യത പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തേയ്ക്കുള്ള വഴിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചില തർക്കങ്ങൾ മുഖേന തടസ്സപ്പെട്ടിരിക്കുന്നു. തർക്ക പരിഹാരമുണ്ടാകുന്ന മുറയ്ക്ക് വഴിയുടെ പുനരുദ്ധാരണം പൂർത്തീകരിക്കുന്നതാണ്.

(ഡി) ഭരണാനുമതി ലഭിച്ച 2.59 കോടി രൂപയിൽനിന്നും നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിന് 1.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ഫോർട്ട് കൊച്ചി ബീച്ച് നവീകരണം**

270 (600) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ടുകൊച്ചി ബീച്ചിൽ 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച നവീകരണപ്രവർത്തനങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കുമോ;.

(സി) വിദേശ ടൂറിസ്റ്റുകൾ ധാരാളം വരുന്ന ഫോർട്ടുകൊച്ചി പ്രദേശത്തെ വികസനപ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഫോർട്ട്കൊച്ചി ഉൾപ്പെടെയുള്ള 24 ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 80 കോടി രൂപ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിൻപ്രകാരം ഫോർട്ട് കൊച്ചിയിൽ ഏഴ് പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പദ്ധതി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

(സി) സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചെറായി ബീച്ചിലെ പാർക്കിംഗ് ഫീ പിരിവ്

271 (601) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചെറായി ബീച്ചിലെ പാർക്കിംഗ് ഫീ പിരിച്ചെടുക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയെന്നും ഇവരുടെ കരാർ കാലാവധി എന്നുവരെയെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കരാറുകാരന്റെ ഭാഗത്തുനിന്നും ഡി.ടി.പി.സി.-ക്ക് ലഭിക്കേണ്ട തുക യഥാസമയം അടച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ. എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കരാറുകാരൻ കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീ. റോബിൻ പീറ്റർ, തെയ്ക്കാനത്ത് ഹൗസ്, ഊറക്കാട്, പൂക്കാട്ടുപടി. കരാർ കാലാവധി 1-7-2016 മുതൽ 30-6-2019 വരെയാണ്.

(ബി) ഇല്ല. പ്രസ്തുത കരാറുകാരൻ 2017 ഒക്ടോബർ മാസം മുതൽ 2018 ജനുവരി മാസം വരെയുള്ള നാലുമാസക്കാലത്തെ ലൈസൻസ് ഫീസും കുടിശ്ശികയും ഉൾപ്പെടെ ആകെ 3,32,360 രൂപ ഡി.റ്റി.പി.സി. -യിൽ അടയ്ക്കുവാനുണ്ട്.

(സി) ലൈസൻസ് ഫീസ് അടവ് കൃത്യമായി നടത്താതിരുന്നത് കരാർ വ്യവസ്ഥ രണ്ട് പ്രകാരം കരാർ ലംഘനമാണ്.

## ശബരിമല റോപ് വേ

272 (602) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിനായി റോപ് വേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിന് ശബരിമല മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ അനുവാദമുണ്ടോ ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അനുദിനം വർദ്ധിച്ചുവരുന്ന ഭക്തജനത്തിരക്ക് പരിഗണിച്ച്, തീർത്ഥാടകർക്ക് ബുദ്ധിമുട്ടുണ്ടാകാതെ റോപ് വേ നിർമ്മിക്കുന്നതിൽ എത്ര

വനഭൂമിയാണ് സംസ്ഥാന സർക്കാരിന് ആവശ്യമായി വരിക; ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) കേന്ദ്രാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അടുത്ത ഉത്സവ സീസണിന് മുൻപായി ഇത് പ്രാവർത്തികമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൽക്കട്ടയിലെ ദാമോദർ റോപ്പ് വേയ്സ് & ഇൻഫ്രാ ലിമിറ്റഡ്, അഹമ്മദാബാദിലെ എയിറ്റീന്ത് സ്റ്റെപ്പ് പ്രോജക്ട്സ് ലിമിറ്റഡ് എന്നീ കമ്പനികൾ സംയുക്തമായി ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി മെമ്പർ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ ഈ പദ്ധതിക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി&സി) അനുദിനം വർദ്ധിച്ചുവരുന്ന ഭക്തജന തിരക്ക് പരിഗണിച്ച് തീർത്ഥാടകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ റോപ് വേ നിർമ്മിക്കുന്നതിന് 12 മീറ്റർ വീതിയിൽ കോറിഡോറിൽ മൊത്തം 2.9 കിലോമീറ്റർ നീളത്തിൽ സ്ഥലം ആവശ്യമാണ്. കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. എൻവയോൺമെന്റ് ഇംപാക്ട് അസെസ്സ്മെന്റ് (EIA) സ്റ്റഡി നടന്നുകൊണ്ടിരിക്കുകയാണ്. ടേംസ് ഓഫ് റഫറൻസ് ലഭിച്ചുകഴിഞ്ഞു.

(ഡി) അടുത്ത ഉത്സവ സീസണിന് മുമ്പ് പ്രസ്തുത പണി പൂർത്തീകരിക്കുവാൻ കഴിയുകയില്ല. കേന്ദ്ര അനുമതി ലഭിച്ചുകഴിഞ്ഞതിനുശേഷം പ്രസ്തുത സംവിധാനം പ്രവർത്തനക്ഷമമാകുവാൻ ഏറ്റവും കുറഞ്ഞത് രണ്ടുവർഷമെങ്കിലും വേണ്ടിവരും.

## ദേവസ്വം ബോർഡ് ഉദ്യോഗസ്ഥനെ കയ്യേറ്റം ചെയ്യുവാൻ ശ്രമിച്ചുവെന്ന പരാതി

273 (603) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ ആർ.ജി. രാധാകൃഷ്ണനെ ബോർഡ് അംഗം കെ. രാഘവൻ കയ്യേറ്റം ചെയ്യുവാൻ ശ്രമിച്ചുവെന്ന പരാതി ബോർഡിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ആരാണ് അന്വേഷണം നടത്തിയത്; അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇത്തരം പരാതികൾ ദേവസ്വം കമ്മീഷണറോ ദേവസ്വം വിജിലൻസ് എസ്.പി.-യോ അന്വേഷിക്കുന്നതിന് പകരം പരാതിക്കാരനെക്കാൾ ജൂനിയറായ ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ തീരുമാനിച്ചത് എന്തു കൊണ്ടാണെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ (ഫിനാൻസ് & ഇൻസ്പെക്ഷൻ) ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) പരാതികൾ അന്വേഷിക്കുന്നതിന് ദേവസ്വം ബോർഡ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെയും (ഫിനാൻസ് & ഇൻസ്പെക്ഷൻ) നിയോഗിക്കാറുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രവർത്തനങ്ങൾ**

274 (604) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ജീവനക്കാരുടെ ശമ്പളവും പെൻഷനും കൃത്യമായി വിതരണം ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിത നിയമനം നടക്കുന്നുണ്ടോ; ആശ്രിതനിയമനത്തിനായി ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട്; വിശദമാക്കുമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മരാമത്ത് ജോലികൾക്ക് ഇ-ടെണ്ടർ നടപ്പിലാക്കുമോ; കരാറുകാർക്ക് നൽകുന്നതിന് എത്ര രൂപ കുടിശ്ശികയുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ജീവനക്കാരുടെ ശമ്പളവും പെൻഷനും കൃത്യമായി വിതരണം ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. വർഷാവർഷമുണ്ടാകുന്ന ഒഴിവിന്റെ 10 ശതമാനം കണക്കാക്കി ആശ്രിതനിയമനം നൽകുന്നുണ്ട്. ആശ്രിത നിയമത്തിനുള്ള നിലവിലെ ലിസ്റ്റിൽ നിന്നും ക്ലറിക്കൽ തസ്തികയിൽ 21 പേർക്ക് സ്ഥിരനിയമനവും 31 പേർക്ക് താൽക്കാലിക നിയമനവും നൽകിയിട്ടുണ്ട്. പ്യൂൺ തസ്തികയിൽ 7 പേർക്ക് താൽക്കാലിക നിയമനം നൽകുന്നതിനുള്ള നടപടി നടന്നുവരുന്നു. പുതിയ അപേക്ഷകൾ പരിശോധിച്ചുവരികയാണ്.

(സി) ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 27,49,17,528 രൂപ (ഇരുപത്തിയേഴ് കോടി നാൽപ്പത്തിയൊമ്പത് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) കുടിശ്ശികയുണ്ട്.

## കൊച്ചിൻ ദേവസ്വം ബോർഡിൽ വിജിലൻസ് വിംഗ്

275 (605) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ അഴിമതികളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നിലവിലുള്ള വിജിലൻസ് സംവിധാനം അപര്യാപ്തമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലുള്ള വിജിലൻസ് വിംഗിന് സമാനമായ രീതിയിൽ കൊച്ചിൻ ദേവസ്വം ബോർഡിൽ വിജിലൻസ് വിംഗ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല. കൊച്ചിൻ ദേവസ്വം ബോർഡിൽ കേരള ആഭ്യന്തര വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിജിലൻസ് സെൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) നിലവിൽ നിർദ്ദേശം പരിഗണനയിലില്ല.

**ഭക്തർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

276 (606) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര ദർശനത്തിന് എത്തുന്ന ഭക്തർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുവാൻ കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏത് ഇൻഷ്വറൻസ് കമ്പനിയുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(സി) പ്രസ്തുത പദ്ധതി തിരുവിതാംകൂർ ദേവസ്വം ബോർഡിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി വഴി ഒട്ടാകെ 5 കോടി കവറേജിൽ 1-3-2018 മുതൽ ഒരു വർഷത്തേയ്ക്ക് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ദർശനത്തിന് എത്തുന്ന ഭക്തർക്ക് ക്ഷേത്രമതിലകത്തും പരിസരങ്ങളിലും വച്ച് അപകടം സംഭവിച്ചാൽ ചികിത്സാ ചെലവിലേയ്ക്ക് പരമാവധി 50,000 രൂപയും അപകടമരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും ലഭിക്കുന്ന വിധത്തിലുമാണ് പോളിസി വിഭാവനം ചെയ്തിട്ടുള്ളത്.

(സി) നിലവിൽ പരിഗണനയിലില്ല.

**ക്ഷേത്ര വളപ്പിലെ മുറിച്ചു മാറ്റിയ മരങ്ങൾ**

277 (607) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ തോട്ടയ്ക്കാട് വിലക്കിനി മംഗലം ശ്രീകൃഷ്ണസ്വാമി ക്ഷേത്ര വളപ്പിൽനിന്നും മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്തിട്ടുണ്ടോ;

(ബി) ഇവ റോഡിൽ കൂട്ടിയിട്ടിരിക്കുന്നതുമൂലം ഗതാഗതതടസ്സം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ലേലനടപടികൾ നടന്നുവരുന്നു.

(ബി) ഇതുസംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എറണാകുളം ജില്ലയിലെ ക്ഷേത്രക്കുളങ്ങൾ, കാവുകൾ എന്നിവയുടെ സംരക്ഷണം

278 (608) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ, കാവുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള പദ്ധതി പ്രകാരം കഴിഞ്ഞ ഒരുവർഷക്കാലയളവിൽ എറണാകുളം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്രയെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി നിലവിൽ എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്നും ഇക്കാര്യത്തിൽ അനുമതി നൽകുന്നത് ആരെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2016-17 സാമ്പത്തികവർഷത്തിൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എറണാകുളം ജില്ലയിൽപ്പെട്ട ചോറ്റാനിക്കര ക്ഷേത്രം യക്ഷിക്കുളത്തിന് 10,00,000 രൂപയും മാരാപറമ്പ് ക്ഷേത്രക്കുളത്തിന് 9,00,000 രൂപയും അഴകിയകാവ് ക്ഷേത്രക്കുളത്തിന് 9,16,153 രൂപയും അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടന്നുവരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള അറൂർ കാർത്ത്യായനി ക്ഷേത്രക്കുളത്തിന് 14,96,436 രൂപ 2016-17-ൽ ചെലവഴിച്ചിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡിൽനിന്നും ക്രോഡീകരിച്ച് ലഭിക്കുന്ന അപേക്ഷകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർക്കാർ തുക അനുവദിക്കുകയാണ് ചെയ്യുന്നത്.

## പെരിങ്ങാട് ശ്രീ ഭദ്രകാളി എസ്.സി. കാവ് സംരക്ഷണത്തിനായുള്ള നിവേദനം

279 (609) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് ശ്രീ ഭദ്രകാളി എസ്.സി. കാവ് സംരക്ഷണത്തിനായി, ദേവസ്വം വകുപ്പുമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം 6-11-2017-ലെ ഡി. 535/വി.ഐ.പി./2017/എം. (കോ-ഓപ്പ്) നമ്പരായി ദേവസ്വം സെക്രട്ടറിക്ക് കൈമാറിയതിന്മേൽ സ്വീകരിച്ച തുടർനടപടി അറിയിക്കാമോ?

ഉത്തരം

20-5-2017-ലെ 107/ദേവ 2/2017/റവ. നമ്പർ സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് അപേക്ഷ പരിശോധിച്ച് വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി നിവേദനം കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 387-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് വിഭാഗത്തിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

# II തിരുത്തിയ ഉത്തരം

## നക്ഷത്രചിഹ്നമിടാത്ത 2301, 694, 2469 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പതിനാലാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ 5-2-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2301-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പതിനാലാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ 24-1-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 694, 5-2-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2469 എന്നിവയ്ക്ക് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

മി. സ്പീക്കർ: അടിയന്തരപ്രമേയം റദ്ദ് ചെയ്യുന്നു. .... (ബഹളം) .....

# III ശ്രദ്ധ ക്ഷണിക്കൽ

## മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പാക്കേജ്

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിന്റെ തീരപ്രദേശം സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേരളത്തിലെ 560 കി.മീ. ദൂരമുള്ള കടലോരപ്രദേശം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും ഇതിനാവശ്യമായ ഫണ്ട് കേന്ദ്രസർക്കാർ നൽകുകയും വേണം. ഈ ആവശ്യമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഇതിനാവശ്യമായ സത്വരനടപടികൾ കേരള ഗവൺമെന്റ് സ്വീകരിക്കണം. ... (ബഹളം)......

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്..

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, കഴിഞ്ഞ 50 വർഷംകൊണ്ട് കേരളത്തിലെ കടലോര മേഖലയിൽ ഏതാണ്ട് അരകിലോമീറ്ററോളം കടൽക്ഷോഭത്തിന്റെ ഫലമായി നഷ്ടപ്പെട്ടിട്ടുണ്ട്. തീരപ്രദേശത്ത് താമസിക്കുന്നത് മത്സ്യത്തൊഴിലാളികളടക്കമുള്ള നിരവധി ജനവിഭാഗങ്ങളാണ്. എന്നാൽ തീരം സംരക്ഷിക്കുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ളത്. ഇപ്പോൾ ത്തന്നെ ഓഖി ദുരന്തം സൃഷ്ടിച്ച ആഘാതം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പണംപോലും അനുവദിക്കാതെ 169.6 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. .... (ബഹളം)..... കേന്ദ്രം പലപ്പോഴും ഈ മേഖലയോടുള്ള താല്പര്യങ്ങൾ ആ നിലയ്ക്ക് സംരക്ഷിക്കാറില്ല. ഇന്ത്യയുടെ അതിർത്തി സംരക്ഷിക്കുന്ന കാര്യത്തിൽ കേന്ദ്രസർക്കാർ ധാരാളം പണം ചെലവഴിക്കുന്നുണ്ട്. എന്നാൽ അതുപോലെതന്നെ കേരളത്തിന്റെ അതിർത്തി പ്രത്യേകമായി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഫണ്ട് കേന്ദ്ര സർക്കാർ നൽകുകയും കേരളത്തിന്റെ അതിർത്തി സംരക്ഷിച്ചുകൊണ്ട് തീരപ്രദേശം നഷ്ടപ്പെടാതിരിക്കാനുള്ള ജാഗ്രതയുണ്ടാകുകയും വേണം. കേരളത്തിലെ തീര പ്രദേശത്ത് വ്യത്യസ്ത തരത്തിലുള്ള മണ്ണാണുള്ളത്. എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് അരകിലോമീറ്ററിലധികം തീരപ്രദേശം നഷ്ടപ്പെട്ടിട്ടുണ്ട്. അതുപോലെ വർക്കല പ്രദേശത്തും നഷ്ടപ്പെടുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ കടൽഭിത്തി കെട്ടിയും പുലിമുട്ട് നിർമ്മിച്ചുമൊക്കെ കേരളത്തിലെ തീരപ്രദേശം സംരക്ഷിക്കുന്നതിനാവശ്യമായ കേന്ദ്രഫണ്ട് അടിയന്തരമായി അനുവദിപ്പിക്കുന്നതിനുള്ള ശ്രദ്ധ കേരള സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ... (ബഹളം)...

<u>മി. സ്പീക്കർ</u> : ഉത്തരം മേശപ്പുറത്ത് വച്ചാൽ മതി*

(ശ്രദ്ധ ക്ഷണിക്കലിന്റെയും സബ്മിഷനുകളുടെയും മറുപടി അനുബന്ധമായി ചേർക്കുന്നു.)

---

* ഉത്തരം അനുബന്ധമായി ചേർക്കുന്നു.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

ലിസ്റ്റ് 1 പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 90/2016 | ജി.ഒ.(പി.)നമ്പർ 3/2016/ വിജ്. | 25-1-2016 | അതെ |
| 2 | 337/2017 | ജി.ഒ.(ആർ.റ്റി.) നമ്പർ 1573/2017/ഹോം | 12-6-2017 | അതെ |
| 3 | 53/2018 | ജി.ഒ.(എം.എസ്.) നമ്പർ 22/2018/ജിഎഡി. | 25-1-2018 | അല്ല |
| 4 | 58/2018 | നമ്പർ 32725/ എസ്എസ്എ 2/ 2016/ഹോം | 30-1-2018 | അല്ല |
| 5 | 59/2018 | ജി.ഒ.(എം.എസ്.) നമ്പർ 10/2018/ഹോം | 24-1-2018 | അല്ല |
| 6 | 65/2018 | ജി.ഒ.(എം.എസ്.) നമ്പർ 6/2017/വിജ്. | 14-3-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ടെക്നോപാർക്ക് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്-കേരള | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 779/2017 | ജി.ഒ.(ആർ.റ്റി.) നമ്പർ 3078/2017/ ഹോം. | 20-11-2017 |
| 2 | 803/2017 | ജി.ഒ.(ആർ.റ്റി.) നമ്പർ 3370/2017/ ഹോം. | 16-12-2017 |
| 3 | 861/2017 | ജി.ഒ.(പി.) നമ്പർ 12/2017/പി&എ.ആർ.ഡി | 29-12-2017 |
| 4 | 12/2018 | ജി.ഒ.(ആർ.റ്റി) നമ്പർ 3385/2017/ഹോം. | 19-12-2017 |
| 5 | 20/2018 | നമ്പർ 3945/സി3/2017-I/വിജ്. | 16-1-2018 |
| 6 | 21/2018 | നമ്പർ 3945/സി3/2017-II/വിജ്. | 16-1-2018 |
| 7 | 22/2018 | നമ്പർ 3945/സി3/2017-III/വിജ്. | 16-1-2018 |
| 8 | 23/2018 | നമ്പർ 3945/സി3/2017-IV/വിജ്. | 16-1-2018 |
| 9 | 28/2018 | ജി.ഒ.(ആർറ്റി)നമ്പർ 3423/2017/ഹോം | 22-12-2017 |
| 10 | 39/2018 | ജി.ഒ.(ആർറ്റി.) നമ്പർ 139/2018/ഹോം | 11-1-2018 |

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 5/2018 | ജി.ഒ.(പി) നമ്പർ 1/2018/പി.എ.ഡി. | 3-1-2018 |
| 2 | 29/2018 | ജി.ഒ.(എം.എസ്.) നമ്പർ 14/2018/ നിയമം. | 18-1-2018 |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 38/2016 | ജി.ഒ.(പി) നമ്പർ 24/2016/ആർ.ഡി. | 13-1-2016 |
| 2 | 238/2016 | ജി.ഒ.(പി) നമ്പർ 183/2016/ആർ.ഡി. | 27-2-2016 |
| 3 | 812/2017 | ജി.ഒ.(പി) നമ്പർ 72/2017/ആർ.ഡി. | 11-12-2017 |
| 4 | 813/2017 | ജി.ഒ.(പി) നമ്പർ 75/2017/ആർ.ഡി. | 11-12-2017 |
| 5 | 25/2018 | ജി.ഒ.(പി) നമ്പർ 1/2018/ആർ.ഡി. | 5-1-2018 |

IV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 490/2017 | ജി.ഒ.(പി) നമ്പർ 19/2017/ട്രാൻസ്. | 19-7-2017 |
| 2 | 807/2017 | ജി.ഒ.(പി) നമ്പർ 28/2017/ട്രാൻ. | 13-12-2017 |
| 3 | 857/2017 | ജി.ഒ.(പി) നമ്പർ 30/2017/ട്രാൻ. | 20-12-2017 |
| 4 | 6/2018 | ജി.ഒ.(പി) നമ്പർ 29/2017/ട്രാൻസ്. | 19-12-2017 |
| 5 | 18/2018 | ജി.ഒ.(പി) നമ്പർ 31/2017/ട്രാൻ. | 27-12-2017 |
| 6 | 32/2018 | ജി.ഒ.(പി) നമ്പർ 1/2018/ട്രാൻ. | 12-1-2018 |

V. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 855/2017 | ജി.ഒ.(പി) നമ്പർ 5/2017/സി.എൽ.എ.ഡി. | 26-12-2017 |

VI. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ..ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 42/2018 | ജി.ഒ.(പി.) നമ്പർ 2/2018/റ്റി.ഡി. | 22-1-2018 | അല്ല |
| 2 | 43/2018 | ജി.ഒ.(പി.) നമ്പർ 3/2018/റ്റി.ഡി. | 22-1-2018 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2014-15 | തിരുത്തൽ സ്റ്റേറ്റ്മെന്റ്- കേരള, ആരോഗ്യ സർവ്വകലാശാല | ബാധകമല്ല |
| 2 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 764/2017 | ജി.ഒ. (പി) നമ്പർ 175/2017/ ടാക്സസ്. | 24-11-2017 |
| 2 | 782/2017 | ജി.ഒ. (പി) നമ്പർ 181/2017/ ടാക്സസ്. | 6-12-2017 |
| 3 | 783/2017 | ജി.ഒ. (പി) നമ്പർ 182/2017/ ടാക്സസ്. | 6-12-2017 |
| 4 | 784/2017 | ജി.ഒ. (പി) നമ്പർ 183/2017/ ടാക്സസ്. | 6-12-2017 |
| 5 | 785/2017 | ജി.ഒ. (പി) നമ്പർ 184/2017/ ടാക്സസ്. | 6-12-2017 |
| 6 | 806/2017 | ജി.ഒ. (പി) നമ്പർ 73/2017/ഐ.ഡി. | 14-12-2017 |

VII. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2011-12 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള കാർഷിക സർവ്വകലാശാല | 2012-13<br>2013-14<br>2014-15 | ആഡിറ്റ് റിപ്പോർട്ട് | അതെ |

VIII. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 577/2017 | ജി.ഒ. (പി) നമ്പർ 53/2017/ എച്ച് & എഫ്. ഡബ്ല്യൂ.ഡി. | 12-9-2017 | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 804/2017 | ജി.ഒ. (പി) നമ്പർ 75/2017/എച്ച് & എഫ്.ഡബ്ല്യൂ.ഡി. | 12-12-2017 |
| 2 | 805/2017 | ജി.ഒ. (പി) നമ്പർ 76/2017/എച്ച്& എഫ്.ഡബ്ല്യൂ.ഡി. | 12-12-2017 |

IX. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 40/2018 | ജി.ഒ.(പി) നമ്പർ 5/2018/ റ്റി.ഡി. | 23-1-2018 | അല്ല |
| 2 | 41/2018 | ജി.ഒ.(പി) നമ്പർ 6/2018/ റ്റി.ഡി. | 23-1-2018 | അല്ല |

X. തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 55/2018 | ജി.ഒ.(പി) നമ്പർ 8/2018/ റ്റി.ഡി. | 29-1-2018 | അല്ല |
| 2 | 62/2018 | ജി.ഒ.(പി) നമ്പർ 10/2018/ റ്റി.ഡി. | 30-1-2018 | അല്ല |
| 3 | 67/2018 | ജി.ഒ.(പി) നമ്പർ 8/2018/ എൽ.ബി.ആർ. | 20-1-2018 | അല്ല |
| 4 | 68/2018 | ജി.ഒ.(പി) നമ്പർ 9/2018/ എൽ.ബി.ആർ. | 20-1-2018 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 2009-10<br>2010-11<br>2011-12<br>2014-15<br>2015-16 | ആഡിറ്റ് റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും | അതെ |
| 2 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 2012-13<br>2013-14 | പ്രവർത്തന റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 868/2017 | സ.ഉ.(അച്ചടി)നമ്പർ 109/2017/തൊഴിൽ | 23-12-2017 |
| 2 | 1/2018 | സ.ഉ.(അച്ചടി)നമ്പർ 110/2017/എൽബിആർ | 31-12-2017 |
| 3 | 2/2018 | സ.ഉ.(അച്ചടി)നമ്പർ 111/2017/തൊഴിൽ | 31-12-2017 |
| 4 | 3/2018 | സ.ഉ.(അച്ചടി)നമ്പർ 112/2017/തൊഴിൽ | 31-12-2017 |
| 5 | 7/2018 | സ.ഉ.(എം.എസ്)നമ്പർ 109/2017/എൽ.ബി.ആർ | 31-12-2017 |
| 6 | 8/2018 | സ.ഉ.(എം.എസ്)നമ്പർ 110/2017/എൽ.ബി.ആർ | 31-12-2017 |
| 7 | 13/2018 | സ.ഉ.(പി)നമ്പർ 1/2018/എൽ.ബി.ആർ | 8-1-2018 |
| 8 | 14/2018 | സ.ഉ.(അച്ചടി)നമ്പർ 3/2018/തൊഴിൽ | 8-1-2018 |
| 9 | 35/2018 | ജി.ഒ.(പി)നമ്പർ 10/2018/എൽ.ബി.ആർ | 20-1-2018 |

XI. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ.ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 9/2018 | ജി.ഒ. (പി.) നമ്പർ 1/2018/സി.എ.ഡി. | 8-1-2018 |
| 2 | 24/2018 | ജി.ഒ. (പി.) നമ്പർ 2/2018/എഫ്.&സി.എസ്.ഡി | 8-1-2018 |

XII. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 814/2017 | ജി.ഒ.(പി.) നമ്പർ 74/2017/ കോ-ഓപ്. | 5-12-2017 | അല്ല |
| 2 | 863/2017 | ജി.ഒ.(പി.) നമ്പർ 83/2017/ കോ-ഓപ്. | 30-12-2017 | അല്ല |
| 3 | 10/2018 | ജി.ഒ.(പി.) നമ്പർ 80/2017/ കോ-ഓപ്. | 19-12-2017 | അല്ല |
| 4 | 31/2018 | ജി.ഒ.(പി.) നമ്പർ 81/2017/ കോ-ഓപ്. | 23-12-2017 | അല്ല |
| 5 | 44/2018 | ജി.ഒ.(പി.) നമ്പർ 04/2018/ കോ-ഓപ്. | 19-1-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 387/2017 | ജി.ഒ.(പി) നമ്പർ. 33/2017/കോ-ഓപ്. | 24-6-2017 |
| 2 | 484/2017 | ജി.ഒ.(പി) നമ്പർ 38/2017/കോ-ഓപ്. | 18-7-2017 |
| 3 | 789/2017 | ജി.ഒ.(പി) നമ്പർ 71/2017/കോ-ഓപ്. | 20-11-2017 |
| 4 | 808/2017 | ജി.ഒ.(പി) നമ്പർ 67/2017/കോ-ഓപ്. | 8-11-2017 |
| 5 | 809/2017 | ജി.ഒ.(പി) നമ്പർ. 77/2017/കോ-ഓപ്. | 11-12-2017 |
| 6 | 810/2017 | ജി.ഒ.(പി) നമ്പർ 78/2017/കോ-ഓപ്. | 11-12-2017 |
| 7 | 864/2017 | ജി.ഒ.(പി) നമ്പർ. 82/2017/കോ-ഓപ്. | 27-12-2017 |
| 8 | 867/2017 | ജി.ഒ.(പി) നമ്പർ. 72/2017/കോ-ഓപ്. | 25-11-2017 |
| 9 | 4/2018 | ജി.ഒ.(പി) നമ്പർ. 79/2017/കോ-ഓപ്. | 15-12-2017 |
| 10 | 16/2018 | ജി.ഒ.(പി) നമ്പർ. 1/2018/കോ-ഓപ്. | 4-1-2018 |
| 11 | 27/2018 | ജി.ഒ.(ആർ.റ്റി.) നമ്പർ. 205/2018/ആർഡി. | 17-1-2018 |
| 12 | 30/2018 | ജി.ഒ.(പി) നമ്പർ. 4/2018/ആർഡി. | 15-1-2018 |

XIII. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ക്ലേയ്സ് & സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 766/2017 | ജി.ഒ. (പി) നമ്പർ 33/2017/ഐ.ഡി. | 21-11-2017 |

XIV. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 72/2018 | ജി.ഒ.(എം.എസ്.) നമ്പർ 1/2018/ എഫ്&പിഡി. | 2-2-2018 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല | 2011-12 | ആഡിറ്റ് റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | - | ജി.ഒ. (പി.) നമ്പർ 5/2016/എഫ് & പി.ഡി. | 17-2-2016 |
| 2 | 793/2016 | ജി.ഒ. (പി.) നമ്പർ 21/2016/എഫ് & പി.ഡി. | 28-12-2016 |

XV. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 792/2017 | ജി.ഒ. (പി.) നമ്പർ 93/2017/ എൽ.എസ്.ജി..ഡി. | 1-12-2017 |
| 2 | 11/2018 | ജി.ഒ. (പി.) നമ്പർ 97/2017/ എൽ.എസ്.ജി..ഡി. | 8-12-2017 |

XVI. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 45/2018 | ജി.ഒ.(പി.) നമ്പർ 9/2017/ പിഡി. | 28-12-2017 | അല്ല |
| 2 | 46/2018 | ജി.ഒ.(പി.) നമ്പർ 10/2017/ പിഡി. | 28-12-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 154/2016 | ജി.ഒ.(പി.) നമ്പർ 1/2016/പിഡി. | 5-2-2016 |

## V. നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(I) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

..........(ബഹളം).............

മി. സ്പീക്കർ: ഇത് ശരിയല്ല. സഭ നടത്തിക്കൊണ്ടുപോകാൻ ചെയറിനെ അനുവദിക്കാത്ത ഈ രീതി തുടരുന്നിടത്തോളംകാലം സഭ മാന്യമായി നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. സഭ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കാത്ത സാഹചര്യം നിങ്ങൾ തുടരുന്നിടത്തോളം ചെയറിന് വേറെ നിർവ്വാഹമില്ല. ...... (ബഹളം)....... എല്ലാം ന്യായമാണ്. പക്ഷെ ഈ അന്യായം ചെയ്യുന്നിടത്തോളം വേറെ നിവൃത്തിയില്ല.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI - ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ, 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ .കെ. ശശീന്ദ്രൻ) :സർ, 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V - ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

2018-ലെ കേരള റോഡ് സുരക്ഷാ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

2. 2018-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ: 2018-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു

2-ാം വകുപ്പ്

(ഭേദഗതിയില്ല)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, 2018-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ....ഓർഡർ. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഫെബ്രുവരി മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.37-ന് പിരിഞ്ഞു.)

## അനുബന്ധം I

പതിനാലാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ

നക്ഷത്രചിഹ്നമിടാത്ത 2301, 694, 2469 എന്നീ

ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരങ്ങൾ

**ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന**

(2301) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം ഏതെല്ലാം ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയാണ് നടന്നത്;

(ബി) ഓരോ ബമ്പർ ടിക്കറ്റിന്റെയും മുഖവില എത്രയായിരുന്നു; മുഖവിലയുടെ അടിസ്ഥാനത്തിൽ ലഭിച്ച തുക എത്രയാണ്;

(സി) ഓരോ ബമ്പറിനും ജി.എസ്.ടി. ഇനത്തിൽ ലഭിച്ച തുക എത്രയാണ്:

(ഡി) ബമ്പർ ടിക്കറ്റുകളുടെ പരസ്യത്തിനായി ചെലവഴിച്ച തുക എത്രയാണ്? അത് മുഖവിലയുടെ അടിസ്ഥാനത്തിലുള്ള വിറ്റുവരവിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തികവർഷത്തിൽ വിഷു ബമ്പർ 2017, മൺസൂൺ ബമ്പർ 2017, സുവർണ്ണ ജൂബിലി തിരുവോണം ബമ്പർ 2017, പൂജ ബമ്പർ 2017, സുവർണ്ണ ജൂബിലി ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ 2017-18 എന്നീ ഭാഗ്യക്കുറികളുടെ നറുക്കെടുപ്പ് നടന്നിട്ടുണ്ട്. സമ്മർ ബമ്പർ 2017-18 ഭാഗ്യക്കുറിയുടെ വിൽപ്പന 24-1-2018-ന് ആരംഭിച്ചിട്ടുണ്ടെങ്കിലും നറുക്കെടുപ്പ് 21-3-2018-ന് മാത്രമേ നടത്തുകയുള്ളൂ.

(ബി)

| ബമ്പർ ഭാഗ്യക്കുറി | മുഖവില | വിൽക്കപ്പെട്ട ടിക്കറ്റുകളുടെ എണ്ണം | മുഖവിലയുടെ അടിസ്ഥാനത്തിൽ ലഭിച്ച തുക |
|---|---|---|---|
| വിഷു ബമ്പർ 2017 (BR 55) | 100 | 46,50,000 | 46,50,000 |
| മൺസൂൺ ബമ്പർ 2017 (BR 56) | 100 | 23,49,980 | 23,49,98,000 |
| സുവർണ്ണ ജൂബിലി തിരുവോണം ബമ്പർ 2017 (BR 57) | 223.21 | 65,00,000 | 145,08,65,000 |
| പൂജ ബമ്പർ 2017 (BR 58) | 133.93 | 32,33,799 | 43.31.02,700.07 |
| സുവർണ്ണ ജൂബിലി ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ 2017-2018 (BR 59) | 178.58 | 33,99,979 | 60,71,68,249.82 |
| സമ്മർ ബമ്പർ 2018 (BR 60) | 133.93 | ടിക്കറ്റ് വില്പന നടന്നുവരുന്നു. | |

(സി)

| ബമ്പർ ഭാഗ്യക്കുറി | തുക |
|---|---|
| തിരുവോണം ബമ്പർ (BR 57) | 17,41,03,801 |
| പൂജ ബമ്പർ (BR 58) | 5,19,72,325 |
| ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ (BR 59) | 7,28,60,190 |
| ആകെ | 29,89,36,316 |

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകളുടെ പ്രചാരണത്തിനായി പ്രമുഖ പത്രങ്ങൾ, ടെലിവിഷൻ ചാനലുകൾ, എഫ്.എം. ചാനലുകൾ എന്നീ മാധ്യമങ്ങളിലൂടെ ആകെ 6,57,81,578 രൂപ ചെലവഴിച്ചിട്ടുണ്ട്. ടിക്കറ്റിന്റെ മുഖവിലയുടെ അടിസ്ഥാനത്തിൽ മൊത്തം വിറ്റുവരവിന്റെ 1% തുകയാണ് പരസ്യം നൽകുന്നതിനായി വിനിയോഗിച്ചിട്ടുള്ളത്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 694-ന്റെ തിരുത്തിയ ഉത്തരം

### കേരള ബാങ്ക് രൂപീകരണം

2 (694) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് 'കേരള ബാങ്ക്' രൂപീകരിക്കുന്നതിനുള്ള തീരുമാനം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ബാങ്കിന് റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) റിസർവ് ബാങ്ക് ഇതുസംബന്ധിച്ച് എന്തെങ്കിലും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അനുമതിയ്ക്കായി റിസർവ് ബാങ്കിനും നബാർഡിനും അപേക്ഷ നൽകിയിട്ടുണ്ട്. 31-8-2017 തീയതിയിലെ ചീഫ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് മുഖേനയാണ് അപേക്ഷ നൽകിയത്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് പാലിക്കേണ്ട നടപടികൾ റിസർവ് ബാങ്ക് അറിയിച്ചിട്ടില്ല. നബാർഡിന്റെ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2469

### കേരള ബാങ്കിന് ഉപാധികളോടെ പ്രവർത്തന അനുമതി നൽകാൻ റിസർവ് ബാങ്ക് തീരുമാനം

3 (2469) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് ഉപാധികളോടെ പ്രവർത്തന അനുമതി നൽകാൻ റിസർവ് ബാങ്ക് തീരുമാനമുണ്ടോ; എങ്കിൽ ഉപാധികൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും യഥാക്രമം എത്ര ശാഖകൾ വീതം ലയിപ്പിച്ചാണ് കേരള ബാങ്ക് ആരംഭിക്കുക; വിശദാംശം ലഭ്യമാക്കുമോ;

(സി) ലയിപ്പിക്കുന്ന സഹകരണ ബാങ്കുകൾ ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ എത്ര രൂപയുടെ നഷ്ടം എന്നും പ്രസ്തുത നഷ്ടം സർക്കാർ വഹിക്കുമോയെന്നും അറിയിക്കുമോ;

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അനുമതിക്കായി റിസർവ് ബാങ്കിനും നബാർഡിനും അപേക്ഷ നൽകിയിട്ടുണ്ട്. ഇതിനായി നബാർഡിന്റെ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് പാലിക്കേണ്ട നടപടികൾ റിസർവ് ബാങ്ക് അറിയിച്ചിട്ടില്ല.

(ബി) 14 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ലയിപ്പിച്ചാണ് കേരള സഹകരണ ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 31-3-2017-ലെ കണക്കനുസരിച്ച് ലയിപ്പിക്കുന്ന സഹകരണ ബാങ്കുകളിൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും അറ്റനഷ്ടത്തിലാണ്. എന്നാൽ സംസ്ഥാന സഹകരണ ബാങ്ക് കഴിഞ്ഞ 3 വർഷമായി ലാഭത്തിലാണ്. സംസ്ഥാന സഹകരണ ബാങ്ക് തൻവർഷം 89.46 കോടി രൂപ പ്രവർത്തനലാഭം ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് പുതിയ കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള നിയമപ്രശ്നങ്ങൾ പ്രത്യേകം പരിശോധിക്കുന്നതാണ്. ഇതിനായി ഒരു ലീഗൽ സെൽ രൂപീകരിച്ചിട്ടുണ്ട്.

## അനുബന്ധം II

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ മേശപ്പുറത്തുവച്ച മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പാക്കേജ് എന്ന വിഷയത്തിന്മേൽ ശ്രീ. ജോൺ ഫെർണാണ്ടസ് ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിനുള്ള മറുപടി

### മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പാക്കേജ്

കേരളത്തിന്റെയും രാജ്യത്തിന്റെയും സമ്പദ്ഘടനയിൽ ഏറ്റവും സുപ്രധാന പങ്കു വഹിക്കുന്ന മേഖലയാണ് മത്സ്യമേഖല. ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവനോപാധി എന്നതിനുപുറമെ രാജ്യത്തിന് കയറ്റുമതിയിലൂടെ വിദേശ നാണ്യം നേടിത്തരുന്നതിലും മത്സ്യമേഖലയുടെ പങ്ക് നിർണ്ണായകമാണ്. ലോകത്തിലെതന്നെ ഏറ്റവും ഫലഭൂയിഷ്ഠമായതും ഉത്പാദനക്ഷമത ഏറിയതുമാണ് കേരളത്തിന്റെ കടൽത്തീരം. മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലും അമിത ചൂഷണവും പാരിസ്ഥിതിക പ്രശ്നങ്ങളും സമുദ്ര മത്സ്യബന്ധന മേഖലയെ ഇന്ന് പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്. കടൽ മത്സ്യം എന്ന ഒറ്റ വിഭവത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളെ സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും ഉയർത്തിക്കൊണ്ടു വരേണ്ടത് ഒരു ആവശ്യകത തന്നെയാണ്. ലോകത്തിലെതന്നെ ഏറ്റവും കഠിനമായ തൊഴിലായി കണക്കാക്കപ്പെടുന്ന മത്സ്യബന്ധനം നടത്തുന്നതോടൊപ്പം രാജ്യസുരക്ഷയ്ക്ക് മത്സ്യത്തൊഴിലാളികൾ നൽകുന്ന സംഭാവനകൾ വളരെ വലുതാണ്.

കേരളത്തിലെ ആദിവാസി സമൂഹം കഴിഞ്ഞാൽ ഭൂമിയില്ലായ്മ, പാർപ്പിടമില്ലായ്മ, അവശ്യ ശുചികരണത്തിന്റെയും കുടിവെള്ള ലഭ്യതയുടെയും കുറവ്, സുരക്ഷിതത്വമില്ലായ്മ എന്നിവയും വളരെ തീവ്രമായി അനുഭവിക്കുന്ന മേഖലയാണ് മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ. മത്സ്യത്തൊഴിലാളികൾക്കിടയിൽ ശിശുമരണ നിരക്ക് ഇരട്ടിയും സ്ത്രീപുരുഷ അനുപാതം പൊതുസ്ഥിതിയേക്കാൾ താഴെയുമാണ്. കാടിന്റെ അവകാശം കാടിന്റെ മക്കൾക്ക് എന്ന പോലെ കടലും കടൽത്തീരവും കടലിന്റെ മക്കൾക്ക് ഉറപ്പാക്കുന്ന നിയമനിർമ്മാണവും ഈ മേഖലയുടെ ഉന്നമനത്തിന് അത്യന്താപേക്ഷിതമാണ്. 590 കി.മീ. ദൈർഘ്യമുള്ള നമ്മുടെ തീരത്തെ 222 മത്സ്യഗ്രാമങ്ങളിലായി 186832 കർമ്മോന്മുഖ മത്സ്യ തൊഴിലാളികളും 788324 മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളും അധിവസിക്കുന്നു. 2016-2017 വർഷത്തിൽ മത്സ്യമേഖലയിലെ ആഭ്യന്തര ഉത്പാദനം 973132 ലക്ഷം

രൂപയാണ്. മത്സ്യത്തൊഴിലാളികളുടെ ശരാശരി പ്രതിശീർഷ വരുമാനം 73802 രൂപയുമാണ്. ഇത് പൊതുവിഭാഗത്തിന്റെ പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽത്താഴെ (179778 രൂപ) മാത്രമാണ്. മത്സ്യത്തൊഴിലാളികളെ സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഉയർത്തിക്കൊണ്ടുവരുന്നത് ലക്ഷ്യമിട്ട് 2000 കോടി രൂപയുടെ പ്രത്യേക പാക്കേജ് 2018-2019 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി അനുയോജ്യമായ സ്ഥാപനങ്ങളെ കണ്ടെത്തി അവരുടെ സഹകരണത്തോടെ സമഗ്ര പാക്കേജ് (DPR) തയ്യാറാക്കുന്നതിന് 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിലെ ഭൂരാഹിത്യവും സുരക്ഷിതമായ വാസസ്ഥലത്തിന്റെ അഭാവവും പരിഹരിക്കുന്നതോടൊപ്പം വിദ്യാഭ്യാസത്തിലൂടെ പുതിയ തൊഴിൽമേഖലകൾ കണ്ടെത്തുന്നതിനും മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കാൻ കഴിയുന്ന പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിൽനിന്നും ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ഓഖിയുടെ പശ്ചാത്തലത്തിൽ തീരദേശ വികസനത്തിനും ഓഖി പുനരധിവാസത്തിനുമായി 7340.45 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

സമഗ്ര തീരസുരക്ഷ നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ തീരദേശ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളെയുംകൂടി പങ്കാളികളാക്കിക്കൊണ്ട് എല്ലാ മത്സ്യ ഗ്രാമങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനും നടപടിയെടുത്തുവരുന്നു. കാര്യക്ഷമമായ ഒരു തീരദേശ പോലീസ് സംവിധാനം 24 തീരദേശ പോലീസ് സ്റ്റേഷനുകളിലൂടെ തീരപ്രദേശത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. അവർക്ക് കൂടുതൽ കാര്യക്ഷമതയുള്ള പട്രോൾ ബോട്ടുകളും, തീരനിരീക്ഷണ സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്. പങ്കാളിത്ത വിഭവ മാനേജ്മെന്റ് എന്നതുപോലെ മത്സ്യത്തൊഴിലാളി സമൂഹത്തെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഒരു തീര സുരക്ഷാ മാതൃകയാണ് പരിഗണിച്ചുവരുന്നത്. മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും കർശനമായി നടപ്പാക്കുകയും എല്ലാ മത്സ്യബന്ധന യാനങ്ങളിലും ജീവൻരക്ഷാ ഉപകരണങ്ങൾ നിർബന്ധമാക്കുകയും ചെയ്തുവരുന്നു. നിലവിൽ 25-2-2018 വരെ 38415 മത്സ്യബന്ധന യാനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉപഗ്രഹ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയും മറ്റും കാലാവസ്ഥാ മുന്നറിയിപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് കൈമാറാൻ ഉതകുന്ന നാവിക് എന്ന ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം

ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. റേഡിയോ ബീക്കൺ (EPIRB) പോലുള്ള ഉപകരണങ്ങൾ എല്ലാ മത്സ്യബന്ധന യാനങ്ങളിലും ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു. തീരസുരക്ഷയുടെയും മറ്റും ഭാഗമായി മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുതകുന്ന 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി. തയ്യാറാക്കിയിട്ടുണ്ട്. അത് മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കടലിലും തീരത്തും ഉണ്ടാകുന്ന താപവ്യതിയാനങ്ങളെക്കുറിച്ചും സമുദ്രോപരിതലത്തിന്റെ അവസ്ഥയെക്കുറിച്ചും മത്സ്യലഭ്യതയെക്കുറിച്ചുമുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലെത്തിക്കുന്നതിന് ഇൻകോയിസ്-മായി ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ട്. ഇതിനായി 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസ്-ന് കൈമാറിയിട്ടുണ്ട്. കടലിൽ വച്ച് അപകടത്തിൽപ്പെടുന്നവരെ സുരക്ഷിതമായി കരക്കെത്തിച്ച് ചികിത്സ നല്കുന്നതിന് മൂന്ന് മറൈൻ ആംബുലൻസ് ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൊച്ചി കപ്പൽശാലയാണ് മറൈൻ ആംബുലൻസുകൾ നിർമ്മിച്ചുതരുന്നത്. കടൽത്തീര സംരക്ഷണത്തിന് പാക്കേജിൽ ഉൾപ്പെടുത്തിയ കൂടുതൽ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## അനുബന്ധം III

## മേശപ്പുറത്തുവച്ച സബ്മിഷനുകളുടെ മറുപടികൾ

1. <u>പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി</u>

ഷുഹൈബ് വധക്കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് 26-2-2018 ഉച്ചയ്ക്ക് 12 മണിയോടെ 500 ഓളം യൂത്ത് കോൺഗ്രസ്/കോൺഗ്രസ് പ്രവർത്തകർ സെക്രട്ടേറിയറ്റിലേയ്ക്ക് പ്രകടനം നടത്തി. തുടർന്ന് സ്റ്റാച്യൂ ജംഗ്ഷനിൽ വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും സഞ്ചാരതടസ്സം സൃഷ്ടിച്ചു.

പോലീസ് ഇവർ പിരിഞ്ഞ് പോകണമെന്ന് പല തവണ ആവശ്യപ്പെട്ടിട്ടും അത് വകവയ്ക്കാതെ സമരക്കാർ അക്രമാസക്തരാവുകയും കയ്യിൽ കരുതിയിരുന്ന ബിയർ കുപ്പികൾ, സോഡ കുപ്പികൾ, ഗോലികൾ, പട്ടികക്കഷ്ണങ്ങൾ, ട്യൂബ് ലൈറ്റുകൾ, കരിങ്കല്ല് എന്നിവ കൊണ്ടെറിഞ്ഞ് പോലീസുകാരെ പരിക്കേൽപ്പിക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംഘർഷത്തിൽ കന്റോൺമെന്റ് ASI സതീഷ്കുമാറിന് വലതു കാൽമുട്ടിന് താഴെയും PC 12334 രതീഷിന് മൂക്കിന്റെ പാലത്തിനും ഡ്രൈവർ CPO 3602 ജയസിംഗ് രാജിന്റെ വലതു കൈപ്പത്തിക്കും പരിക്കേറ്റു.

പോലീസ് വാഹനമായ KL 1 AU 6738-ാം നമ്പർ ജലപീരങ്കിയുടെ വിന്റ് ഗ്ലാസും ബീക്കൺ ലൈറ്റും എറിഞ്ഞ് തകർത്തതിൽ 50,000 രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു.

എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിർദ്ദേശപ്രകാരം നിയമപരമായ മുന്നറിയിപ്പ് നൽകിയിട്ടും പിരിഞ്ഞു പോകാത്തതിനാൽ ടിയർഗ്യാസ് ഷെല്ലുകൾ പൊട്ടിച്ച് സമരത്തിൽ ഏർപ്പെട്ടിരുന്ന അക്രമാസക്തരായ പ്രവർത്തകരെ പിരിച്ച് വിട്ടിട്ടുള്ളതും സമരക്കാർ പിന്തിരിഞ്ഞോടി തമ്മിലിടിച്ചും തറയിൽ വീണും പലർക്കും പരിക്കുപറ്റിയിട്ടുള്ളതുമാണ്.

പരിക്കുപറ്റിയ രണ്ടുപേർ ചികിത്സ തേടിയിട്ടുള്ളതാണ്. സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തിവന്ന രണ്ടുപേരെയും അവർ ആവശ്യപ്പെട്ട പ്രകാരം പോലീസ് ആംബുലൻസിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ച് ചികിത്സ തേടിയിട്ടുള്ളതാണ്.

നേതാക്കൾ ഉൾപ്പെടെ 500 പേരെ പ്രതിയാക്കി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം. 274/18 U/s 143, 147, 148, 149, 283, 353, 332 IPC സെക്ഷൻ 3(ii)(e) of PDPP Act & Sec. 39 r/w 121 of KP Act എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

വഴിയാത്രക്കാർ, സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തിയ മറ്റ് സംഘടനക്കാർ എന്നിവർക്കെതിരെ അസഭ്യവർഷം സമരക്കാരുടെ ഭാഗത്തുനിന്നുണ്ടായി. ന്യായമായ ആവശ്യങ്ങളുന്നയിച്ച് സമരം നടത്തുന്നത് ജനാധിപത്യസമൂഹം പൊതുവിൽ അംഗീകരിക്കും. എന്നാൽ മദ്യക്കുപ്പികളും ആയുധങ്ങളുമായി അഴിഞ്ഞാടുന്നത് ശരിയാണെന്ന് ആരും കരുതുന്നില്ല.

മാധ്യമവാർത്തകളിൽ പോലീസ് അതിക്രമങ്ങളെക്കുറിച്ചല്ല, സമരക്കാരുടെ അഴിഞ്ഞാട്ടങ്ങളെക്കുറിച്ചാണ് ചിത്രങ്ങൾ സഹിതം വിവരിക്കുന്നത്. മദ്യക്കുപ്പികളും ആയുധങ്ങളുമായി പോലീസിനെ ആക്രമിക്കുവാൻ കാത്തുനിന്നവരുടെ ദൃശ്യങ്ങൾ ഇന്ന് എല്ലാ പത്രങ്ങളിലും ഇന്നലെ ദൃശ്യമാധ്യമങ്ങളിലും വന്നിട്ടുണ്ട്. സമരത്തിന്റെ പേരിൽ നിയമം കയ്യാളുവാൻ ഒരു കൂട്ടരേയും സർക്കാർ അനുവദിക്കുന്നതല്ല. പോലീസ് ഇക്കാര്യത്തിൽ നീതി നടപ്പാക്കുകയാണുണ്ടായിട്ടുള്ളത്.

2. ശ്രീ. എം. ഉമ്മർ, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

ബഹുമാനപ്പെട്ട മലപ്പുറം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി ചുമതലപ്പെടുത്തിയ അഭിഭാഷക കമ്മീഷനെ കൃത്യനിർവ്വഹണത്തിനിടെ കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽവച്ച് മർദ്ദിച്ചുവെന്ന് പറയപ്പെടുന്ന സംഭവത്തിൽ കോട്ടയ്ക്കൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറായിരുന്ന ശ്രീ. വിനോദിനും കണ്ടാലറിയാവുന്ന മറ്റ് ഏഴ് പേർക്കെതിരെയും ക്രൈം നമ്പർ 82/2018 ആയി കേസ് എടുത്ത് മലപ്പുറം നർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു. പ്രസ്തുത സംഭവത്തെത്തുടർന്ന് സബ് ഇൻസ്പെക്ടറായ ശ്രീ. വിനോദിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

3. ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ നൽകിയ മറുപടി

തിരുവനന്തപുരം ജില്ലയിൽ വിതുര പഞ്ചായത്തിൽ തലത്തുതക്കാവിൽ പാലം നിർമ്മാണത്തിനായി 2015-16-ൽ കിറ്റ്കോ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പാലം നിർമ്മാണത്തിനുള്ള 3.13 കോടി രൂപയുടെ ഡി.പി.ആർ. നബാർഡ് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നബാർഡ് അംഗീകാരം ലഭിക്കുകയുണ്ടായില്ല.

2017-18 വർഷത്തെ നബാർഡ് ആർ.ഐ.ഡി.എഫ്.-23 പദ്ധതിയിൽ തലത്തുതക്കാവ് പാലം നിർമ്മാണത്തിനുള്ള 3.13 കോടി രൂപയുടെ പ്രൊപ്പോസൽ ഉൾപ്പെടെ 25.71 കോടി രൂപയുടെ 14 പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

4. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് നൽകിയ മറുപടി

കാവേരി നദീജല ട്രിബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിനനുവദിച്ച 30 TMC ജലത്തിൽ പാമ്പാർ ബേസിനുവേണ്ടി അനുവദിക്കപ്പെട്ട 3 TMC ജലം സംഭരിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള പാമ്പാർ ബേസിൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി ചെയ്യുന്ന ഡാമുകളിൽ ദേവികുളം മണ്ഡലത്തിൽ വരുന്ന പട്ടിശ്ശേരി ഡാമിന്റെ (0.078 TMC) പണികൾ ആരംഭിച്ചിരുന്നു. എന്നാൽ ഫൗണ്ടേഷനു വേണ്ടി എർത്ത് വർക്ക് എസ്കവേഷൻ നടത്തിയപ്പോൾ ഹാർഡ് റോക്ക് ലെവൽ എത്തുന്നതിന് ഡിസൈൻ പ്രകാരമുള്ള ലെവലിൽനിന്നും ഏതാണ്ട് 10 മീറ്ററോളം

അധികം താഴ്ത്തേണ്ടിവന്നതിനാൽ ഡാമിന്റെ ഡിസൈൻ മാറുകയുണ്ടായി. ഈ അവസരത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ബാക്കി പണികൾ എഗ്രിമെന്റ് പ്രകാരമുള്ള നിരക്കിൽ ചെയ്യുവാൻ വിസമ്മതിച്ചതിനാൽ, കോൺട്രാക്ട് അവസാനിപ്പിച്ച് പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കരാറുകാരന്റെ കരാർ അവസാനിപ്പിക്കുകയുണ്ടായി. ഇതിനെതിരെ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. കോൺട്രാക്ടറെ നേരിൽ കേട്ട് ഒരു മാസത്തിനകം തീരുമാനമെടുക്കുവാൻ സർക്കാരിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ടെർമിനേഷൻ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്യുകയുമുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം കരാറുകാരനെ 21-2-2018-ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ഇതിന്മേൽ അടിയന്തരമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ തീരുമാനം കൈക്കൊണ്ടശേഷം പട്ടിശ്ശേരി ഡാമിന്റെ ബാക്കി പണികൾക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്മിഷനിൽ പറഞ്ഞിട്ടുള്ള എസ്റ്റിമേറ്റ് 2016/15/പി2 എന്ന ഫയൽ പാമ്പാർ പ്രോജക്ടിന്റെ തലയാർ സ്കീമിൽപ്പെട്ട അപ്പർച്ചട്ട മൂന്നാർ ഡാമിന്റെ മണ്ണ് പര്യവേഷണ ജോലികൾക്കുള്ള എസ്റ്റിമേറ്റ് സംബന്ധിച്ചുള്ളതും എസ്റ്റിമേറ്റ് 2016/16/പി2 എന്ന ഫയൽ പാമ്പാർ പ്രോജക്ടിന്റെ വട്ടവട സ്കീമിൽപ്പെട്ട ഒറ്റമരം ഡാമിന്റെ മണ്ണ് പര്യവേക്ഷണ ജോലികൾക്കുള്ള എസ്റ്റിമേറ്റ് സംബന്ധിച്ചുള്ളതുമാണ്.

പ്രസ്തുത പദ്ധതികൾ അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

5. <u>ശ്രീ. രാജു എബ്രഹാം, എം.എൽ.എ-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് നൽകിയ മറുപടി</u>

"The Travancore-Cochin Literary, Scientific and Charitable Societies Registration Act 1955" പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (AKWAO) എന്ന സംഘടന. നിയമാനുസൃതമുള്ള അംഗീകാരം നൽകുന്നത് Conduct Rules 1960-ലെ ചട്ടം 77-നെ അടിസ്ഥാനമാക്കിയാണ്. അംഗീകാരം നൽകാൻ പാടില്ല എന്ന നിവേദനവും ലഭിച്ചിട്ടുണ്ട്. ആ സാഹചര്യത്തിൽ Conduct Rules 1960-ലെ ചട്ടം 77-ലെ ചില വ്യവസ്ഥകൾക്ക് സംഘടന സമർപ്പിച്ച ബൈലോയിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം ലഭ്യമാകേണ്ടതുണ്ട്. ആയത് ലഭിച്ചുകഴിഞ്ഞാൽ നിയമാനുസൃതമായ തീരുമാനം എടുക്കുന്നതാണ്.

6. ശ്രീ. സി. ദിവാകരൻ, എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നൽകിയ മറുപടി.

ഹെൽത്ത് ഇൻസ്പെക്ടർ വിഭാഗം ജീവനക്കാർക്ക് യൂണിഫോം അലവൻസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ഭരണവകുപ്പിന് ലഭ്യമാക്കിയ പ്രൊപ്പോസലിൽ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് യൂണിഫോം ഏർപ്പെടുത്തേണ്ട സാഹചര്യം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്ന യൂണിഫോം വാങ്ങുന്നതിന് 1600 രൂപ തീർത്തും അപര്യാപ്തമാണെന്നും ടി യൂണിഫോം അനുവദിച്ച് നൽകുന്ന പക്ഷം അധിക തുക അനുവദിക്കേണ്ടതായി വരികയും സർക്കാരിന്റെ സാമ്പത്തിക ബാധ്യത പല മടങ്ങ് വർദ്ധിക്കാൻ ഇടയാകുകയും ചെയ്യുമെന്ന് ഭരണ വകുപ്പുതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാത്രമല്ല ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഇപ്പോൾ ഭക്ഷണ പരിശോധന ഇല്ല. ഈ ജോലി ചെയ്യുന്നത് നിലവിൽ ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥരാണ്. അവർക്ക് യൂണിഫോം അനുവദിച്ചാൽ ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള മറ്റ് പല വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥരും പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് സർക്കാരിനെ സമീപിക്കാൻ സാദ്ധ്യതയുണ്ട്.

പത്താം ശമ്പള കമ്മീഷൻ ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ വിഭാഗത്തിന് യൂണിഫോം ഏർപ്പെടുത്തണമെന്ന പ്രൊപ്പോസൽ പരിഗണിക്കാതെ തന്നെ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് GO (P) 7/16/Fin. Dated 20-1-2016) നടപ്പിലാക്കിക്കഴിഞ്ഞതിനാലും ടി വിഷയത്തിൽ അനുകൂല നിലപാടെടുക്കാൻ പാകത്തിൽ പുതുതായി ഒരു കാരണവും അറിയിച്ചിട്ടില്ലാത്ത സാഹചര്യത്തിലും സാമ്പത്തിക അച്ചടക്കം പാലിച്ച് പദ്ധതിയേതര ചെലവ് നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ശമ്പള സ്കെയിലും അലവൻസുകളും വർദ്ധിപ്പിക്കുന്നതിനും ഉയർന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനും നൽകിയിട്ടുള്ള പരാതികളും ഭരണ വകുപ്പ് നിർദ്ദേശങ്ങളും അടുത്ത ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുമ്പോൾ ടി കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് പ്രസ്താവിച്ചുകൊണ്ട് 19-1-2018-ൽ ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ് 07/2018/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ വിഭാഗം ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി യൂണിഫോം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനാർഹമല്ല. ഈ സാഹചര്യത്തിൽ അടുത്ത ശമ്പള കമ്മീഷൻ മുമ്പാകെ ഇതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

7. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.-യുടെ സബ്മിഷന് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ നൽകിയ മറുപടി.

മലപ്പുറം ജില്ലയിലെ തിരൂർ, തിരൂരങ്ങാടി താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന പാടശേഖരത്തിന്റെ 360 ഹെക്ടറോളം നന്നമ്പ്ര ഗ്രാമ പഞ്ചായത്തിലും ബാക്കി 80 ഹെക്ടർ താനൂർ നഗരസഭയിലുമാണ്. ഇതിന്റെ മധ്യത്തിലായി സ്ഥിതിചെയ്യുന്ന ചെറു ജലാശയമായ കാപ്പിനെ ആശ്രയിച്ചാണ് ഇവിടെ കൃഷി നടത്തിയിരുന്നത്. ഏതാണ്ട് 25-30 വർഷം മുമ്പുവരെ ഇവിടെ കൃഷി നടന്നിരുന്നു. കാലക്രമേണ 'കാപ്പ്' നികന്നുപോവുകയും തോടുകളും കൈവഴികളും സംരക്ഷിക്കപ്പെടാതെ പോവുകയും ചെയ്തത് കൃഷി ഇല്ലാതാകുന്നതിന് കാരണമായി. ഇപ്പോൾ വെള്ളം ലഭ്യമാകുന്ന പൂരപ്പുഴ സമുദ്രനിരപ്പിൽ നിന്ന് ഉയർന്നും കാപ്പ് സമുദ്രനിരപ്പിലുമാണ് സ്ഥിതി ചെയ്യുന്നത്. കാപ്പ് നികന്നുകിടക്കുന്നതിനാലും സമുദ്രനിരപ്പിലായതിനാലും ഉയർന്നുനിൽക്കുന്ന പുഴയിൽനിന്നും കാപ്പിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നതാണ് പ്രധാന പ്രശ്നം. നിലവിൽ മൈനർ ഇറിഗേഷൻ വകുപ്പ് പാറയിൽ ഭാഗത്ത് നിർമ്മിക്കുന്ന തടയണയും താനൂർ നഗരസഭ പെരുതോടിന് കുറുകെ നിർമ്മിക്കുന്ന താത്കാലിക തടയണയുമാണ് ഇവിടെയുള്ള കൃഷിക്കാർക്ക് ആശ്രയം.

കൃഷി തുടങ്ങുന്ന സമയം പാടശേഖരത്തിലെ വെള്ളം തോടുകളിലൂടെ ഒഴുക്കിക്കളയാൻ സാധിക്കാതെ വരികയും പാടശേഖരത്തിൽ വെള്ളക്കെട്ട് ഉണ്ടാവുകയും ചെയ്യുന്നു. തോട് നവീകരിക്കുന്നതിനും മറ്റുമായി കെട്ടിയ കരിങ്കല്ലുകൾ ഇളകി തോടിന്റെ സ്വാഭാവിക ഒഴുക്കിനെ സാരമായി ബാധിക്കുന്ന സ്ഥിതിയുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കാപ്പ് ആഴവും വീതിയും കൂട്ടി അതിന്റെ പഴയ വിസ്തൃതിയിലേയ്ക്ക് നവീകരിച്ച് തിരികെ കൊണ്ടുവരികയും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം പൂരപ്പുഴ മുതൽ മോര്യാകാപ്പ് വരെയുള്ള കനാൽ നവീകരിക്കുകയും തടയണകൾ, ട്രാക്ടർ റാംപുകൾ എന്നിവ നിർമ്മിക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ പൂരപ്പുഴയിൽ പാറയിൽ ഭാഗത്ത് ഷട്ടറോടുകൂടിയ തടയണ നിർമ്മിക്കുകയും മോര്യാകാപ്പിലേക്കുള്ള പ്രധാന തോടായ പെരുംതോട്-പുതുതോട്ടിൽ പമ്പ്ഹൗസ് സ്ഥാപിച്ച് അധികമുള്ള വെള്ളം പമ്പുചെയ്ത് കളയുന്നതിന് സൗകര്യം ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

പാറയിൽ മുതൽ കാപ്പുവരെയുള്ള പ്രധാന തോട് ആഴവും വീതിയും കൂട്ടി ട്രാക്ടർ പാലത്തോടുകൂടിയ വി.സി.ബി.-കൾ നിർമ്മിക്കുകയും മോര്യാകാപ്പിലേക്ക് ജലമെത്തിക്കുന്ന വട്ടച്ചിറയിൽ സ്ഥിരം ഷട്ടർ സംവിധാനം ഏർപ്പെടുത്തുകയും ചെയ്താൽ നിലവിൽ പാടശേഖരത്തിന്റെ 10 ശതമാനം വിസ്തൃതിയിൽ മാത്രമുള്ള കൃഷി 100 ശതമാനത്തിലേയ്ക്ക് എത്തിക്കുന്നതിനും ഒരുപ്പൂ കൃഷി ചെയ്യുന്ന

സ്ഥലങ്ങളിൽ ഇരുപ്പൂ ആക്കാനും കഴിയും. ഇതിനു പുറമേ നന്നമ്പ്ര പഞ്ചായത്തിലെ വെള്ളിയാമ്പുറം തിരുത്തി ഭാഗങ്ങളിൽ വേനലിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിനും ശാശ്വതപരിഹാരം കാണാനാകും. അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ വരുംവർഷങ്ങളിലെ ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. പദ്ധതികളിലോ സമഗ്ര നെൽക്കൃഷി വികസന പദ്ധതിയിലോ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം ഈ സർക്കാർ സജീവമായി പരിഗണിക്കുന്നതാണ്. ഇറിഗേഷൻ-കൃഷി വകുപ്പുമന്ത്രിമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട ജനപ്രതിനിധികൾ എന്നിവരുടെ ഒരു യോഗം ഉടനെ വിളിച്ചുചേർക്കുന്നതാണ്.

8. ശ്രീ. പി. വി. അൻവർ, എം.എൽ.എ. -യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചർ നൽകിയ മറുപടി.

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് ആശുപത്രിയെ 4-3-2014-ലെ സ.ഉ. (കൈ) നമ്പർ 89/2014/ആ.കു.വ. പ്രകാരം ജില്ലാ ആശുപത്രിയായി ഉയർത്തുകയും ഇവിടെ 17 അധിക തസ്തികകൾ 13-8-2015-ലെ സ.ഉ.(കൈ) നം. 174/2015/ആ.കു.വ. പ്രകാരം സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. 142 കിടക്കകളുള്ള ഈ ആശുപത്രിയിൽ ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്, ഗൈനക്കോളജി, ഒഫ്ത്താൽമോളജി, ഡെർമറ്റോളജി, റെസ്പിറേറ്ററി മെഡിസിൻ, മാനസികാരോഗ്യ വിഭാഗം കൂടാതെ സർജറി ആവശ്യമുള്ള വിഭാഗങ്ങൾക്കായി അനസ്തേഷ്യ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ കാഷ്വാലിറ്റി, ലബോറട്ടറി, എക്സ്റേ യൂണിറ്റ്, ഫാർമസി എന്നിവയും ഇതോടൊപ്പം പ്രവർത്തനസജ്ജമാണ്.

നിലവിൽ നവകേരള വിഷന്റെ ഭാഗമായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ നിലമ്പൂർ ജില്ലാ ആശുപത്രിയെ ഉൾപ്പെടുത്തുകയും ഇവിടെ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ഡയാലിസിസ് ടെക്നീഷ്യന്റെ 2 തസ്തികകളും ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ്-II-ന്റെ ഒരു തസ്തികയും ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്. ഔട്ട് പേഷ്യന്റ് വിഭാഗം ആവശ്യമായ മാനദണ്ഡപ്രകാരം രോഗീസൗഹൃദമാക്കുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അധിക തസ്തിക ആവശ്യമനുസരിച്ച് സൃഷ്ടിച്ചു നൽകുക വഴി മെച്ചപ്പെട്ട ചികിത്സ രോഗികൾക്ക് ലഭ്യമാക്കുക എന്നതാണ് ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആർദ്രം പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതോടെ നിലമ്പൂർ താലൂക്ക് ആശുപത്രിയിൽ എല്ലാ സൗകര്യങ്ങളും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ബെഡ് സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നതിനുള്ള കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

9. ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ. -യുടെ സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ നൽകിയ മറുപടി.

കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം സംസ്ഥാനത്തെ നെല്ല് സംഭരണത്തിന്റെ നോഡൽ ഏജൻസിയാണ് സപ്ലൈകോ. കേരളത്തിലെ കർഷകരിൽനിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില, പി.ആർ.എസ്. ലോൺ വഴി നെല്ല് സംഭരിച്ച ഉടൻതന്നെ കർഷകർക്ക് നൽകുന്നതിനായി സപ്ലൈകോയും ബാങ്കുകളും തമ്മിൽ കരാറിൽ ഒപ്പുവയ്ക്കുന്നതിന് 13-7-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 16/2017 ഭക്ഷ്യവും സിവിൽ സപ്ലൈസും പ്രകാരം സപ്ലൈകോയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളതും കേരളത്തിൽ പ്രവർത്തിക്കുന്ന 15 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പിട്ടിട്ടുള്ളതുമാകുന്നു. ഇപ്രകാരം സംഭരിച്ച നെല്ലിന്റെ വില PRS ലോൺ സംവിധാനത്തിലൂടെ 3 ദിവസത്തിനുള്ളിൽ കർഷകന് നൽകുന്നതാണ്. 2016-17 സീസണിൽ നെല്ല് സംഭരണത്തിന്റെ താങ്ങുവില കിലോഗ്രാമിന് 22.50 രൂപയായിരുന്നു. ആയത് 2017-18 സീസണിൽ കിലോഗ്രാമിന് 80 പൈസ വർദ്ധിപ്പിച്ച് 23.30 രൂപയായി ഉയർത്തിയിട്ടുണ്ട്.

സപ്ലൈകോയ്ക്ക് നെല്ല് നൽകുവാൻ തയ്യാറായിട്ടുള്ള കർഷകർക്ക് കൃഷി തുടങ്ങുമ്പോൾത്തന്നെ നെല്ല് സംഭരണ പദ്ധതിയിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുള്ളതും ഇന്റർനെറ്റ് സൗകര്യമുള്ള എവിടെനിന്നും രജിസ്റ്റർ ചെയ്യുവാൻ സാധിക്കുന്നതുമാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്തതനുസരിച്ച് നെല്ല് ഏറ്റെടുക്കുവാൻ അനുമതി നൽകിയിട്ടുള്ള മില്ലുകൾക്ക് നെല്ല് ഏറ്റെടുക്കേണ്ട പാടങ്ങൾ മുൻകൂട്ടി അനുവദിച്ച് നൽകുകയും അതനുസരിച്ച് മില്ലുകൾ കൊയ്ത്ത് കഴിഞ്ഞ ഉടൻതന്നെ നെല്ല് ഏറ്റെടുക്കുകയും ചെയ്യുന്നു.

നെല്ല് ഉൾപ്പെടെയുള്ള വിളകൾക്കുണ്ടാകുന്ന കീടരോഗ ബാധ നിയന്ത്രിക്കുന്നതിനും രോഗവ്യാപനം തടഞ്ഞ് വിളകളെ സംരക്ഷിക്കുന്നതിനുമായി 2017-18-ൽ കണ്ടിജൻസി പ്രോഗ്രാമിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന വിദഗ്ദ്ധ സംഘം രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് മരുന്ന് നിർദ്ദേശിക്കുകയും തളിക്കുന്ന മരുന്നിന്റെ വിലയും കൂലിയും ടി പദ്ധതി പ്രകാരം നൽകുകയും ചെയ്യുന്നു. പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് വിളനാശം സംഭവിക്കുന്ന കർഷകർക്ക് ആശ്വാസമേകുന്നതിന് പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര നടപടി എന്ന പദ്ധതി പ്രകാരം നഷ്ടപ്പെട്ട നെൽവിത്തുകൾക്ക് പകരം വിത്ത് വിതരണം ചെയ്തുവരുന്നു. കൂടാതെ പ്രകൃതി ക്ഷോഭത്താൽ ഉണ്ടാകുന്ന

കെടുതികളിൽ നിന്ന് കർഷകനെ രക്ഷിക്കുന്നതിന് വിളയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി വരുന്നുണ്ട്. സംസ്ഥാനത്തെ നെൽ കൃഷിക്ക് കീടരോഗ ബാധ ഉണ്ടാവുകയാണെങ്കിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും പെട്ടെന്നുണ്ടാകുന്ന കീടരോഗ ബാധകളെ യുദ്ധകാലാടിസ്ഥാനത്തിൽ നിയന്ത്രിക്കുന്നതിനുമായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് 3 മേഖലകളിലായാണ് പുഞ്ചക്കൃഷി ചെയ്യുന്നത്. പുഞ്ചക്കൃഷിക്കുള്ള പമ്പിംഗിന് ആലപ്പുഴ മേഖലയിൽ 31-3-2017 വരെയുള്ള പമ്പിംഗ് സബ്സിഡി വിതരണം ചെയ്തുകഴിഞ്ഞു. കോട്ടയം മേഖലയിൽ 1,42,99,957 രൂപ (ഒരു കോടി നാല്പത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊള്ളായിരത്തി അൻപത്തിയേഴ് രൂപ മാത്രം) അനുവദിച്ചു കഴിഞ്ഞു. തൃശ്ശൂർ മേഖലയിൽ മുൻ വർഷങ്ങളിലെ സബ്സിഡിക്കുള്ള അക്വിറ്റൻസ് പടവു ഭാരവാഹികളിൽനിന്നും ലഭിക്കാത്തതുകൊണ്ടും 2015-16 വർഷത്തെ കരാർ തയ്യാറാകാത്തതുകൊണ്ടും പമ്പിംഗ് സബ്സിഡി വിതരണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

----------------------